# ശാങ്കരസ്മൃതി

## (ലഘുധർമ്മപ്രകാശികാ)

**6/20/2016**

**പാഞ്ചവേദീയം**

# ശാങ്കരസ്മൃതിഃ

## (ലഘുധർമ്മപ്രകാശികാ)

### പൂർവ്വഭാഗം

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ

അവതാരികയോടും

പുന്നശ്ശേരി നീലകണ്ഠശർമ്മാവവർകളുടെ

ശിഷ്യനും ഭാരതവിലാസപ്രസാധകനുമായ

ടി. സി. പരമേശ്വരൻ മൂസ്സതവർകളുടെ

ഭാഷാവ്യാഖ്യാനത്തോടുംകൂടി

തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽ അച്ചടിച്ചത്

1081

# അവതാരിക

സകലജനസമുദായങ്ങൾക്കും യോഗക്ഷേമത്തിന്നവലംബമായിട്ടുള്ളതു ധർമ്മമാണല്ലൊ. ഈ വിധമുള്ള ധർമ്മത്തിന്നു കാലദേശങ്ങളെ അനുസരിച്ചും അധികാരിഭേദത്തെ അപേക്ഷിച്ചും പല മാറ്റവും വന്നുകൊണ്ടിരിക്കുമെന്നാണ് ലോകതന്ത്രജ്ഞന്മാരുടെ അഭിപ്രായം. അതുകൊണ്ടുതന്നെയാണ് നമ്മുടെ പൂർവ്വാചാര്യന്മാർ ഓരോ കാലത്ത് ഓരോ ദിക്കിൽവെച്ചു പല ധർമ്മശാസ്ത്രങ്ങളേയും ഉണ്ടാക്കീട്ടുള്ളതും. മലയാളികളുടെ ഇടയിൽ ഇതരരാജ്യക്കാരുടെ ഇടയിൽനിന്നു ഭേദിച്ചിട്ടുള്ള പല ധർമ്മാചാരങ്ങളുമുണ്ടെന്നു സമ്മതിയ്ക്കാത്തവരാരുമുണ്ടെന്നു തോന്നുന്നില്ലാ. ഇവർക്കു പ്രത്യേകമായി വിധിച്ചിട്ടുള്ള ധർമ്മശാസ്ത്രം ഭാർഗ്ഗവസ്മൃതിയാണെന്നും പ്രസിദ്ധിയുണ്ട്. എന്നാൽ അത്യാവശ്യകമായ ആ ഭാർഗ്ഗവസ്മൃതിഗ്രന്ഥം മലയാളികളുടെ ഇടയിൽതന്നെയില്ലെന്നോ, അല്ലെങ്കിൽ ഇതുവരെ അന്വെഷിച്ചിട്ടും ഒരേടത്തുപോലും ഉണ്ടെന്നറിവാൻ കഴിഞ്ഞിട്ടില്ലെന്നോ പറയുവാൻ സംഗതിയായതോർത്ത് ഏറ്റവും വ്യസനിയ്ക്കുകമാത്രമല്ലാതെ മറ്റൊരു നിർവ്വാഹവും കാണുന്നില്ലാ.

ഭാർഗ്ഗവസ്മൃതിയുടെ സംക്ഷേപമായി ലഘുധർമ്മപ്രകാശിക എന്നു പേരായ ശാങ്കരസ്മൃതി മുപ്പത്താറദ്ധ്യായമുള്ളതിൽ പന്ത്രണ്ടദ്ധ്യായംമാത്രം ചിലേടങ്ങളിൽ ദുർല്ലഭമായി നടപ്പുണ്ടെന്നുള്ളത് ഒട്ടൊരാശ്വാസത്തിനിടയാക്കുന്നില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും അതും അപൂർണ്ണനിലയിലാണ് കാണുന്നതെന്നുള്ളതിന്നും പുറമെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ലെന്നുള്ള വലിയ ന്യൂനതയും ഇന്നേവരെ തീർന്നു കാണുന്നില്ല. ഈ ശാങ്കരസ്മൃതിയുടെ കർത്താവ് ഒരു ശങ്കരനാണെന്നുള്ളതിന്ന് ആർക്കും വാദമുണ്ടാവാനിടയില്ലാ. ഏന്നാൽ ആശ്ശങ്കരൻ കാലടി കാപ്പിള്ളി ശങ്കരൻ നമ്പൂരിയായ സാക്ഷാൽ ശ്രീശങ്കരാചാര്യസ്വാമികൾതന്നെയാണെന്നാണ് എന്നാകുന്നു പരക്കേ മലയാളികളുടെ ഇടയിൽ പ്രസിദ്ധിയുള്ളത്. മലയാളബ്രാഹ്മണരായ നമ്പൂരിമാർ പലപ്രകാരത്തിലും നാട്ടിലിരിയ്ക്കപ്പൊറുതി കൊടുക്കായ്കയാൽ നാടുവിട്ടു പരദേശങ്ങളിൽ പല ദിക്കിലും സഞ്ചരിച്ചിരുന്ന ശങ്കരാചാര്യർ മലയാളികൾക്കു പ്രത്യേകമുപയോഗമുള്ള ഈ ഗ്രന്ഥം നിർമ്മിച്ചു എന്നുപറയുന്നത് ഒരുമാതിരി അസംബന്ധമാണെന്നു ചിലർ വാദിക്കുമായിരിയ്ക്കാം. പക്ഷേ പരമകാരുണികനായ ആചാര്യസ്വാമികൾ താൽക്കാലികങ്ങളായ അന്തഃച്ഛിദ്രങ്ങളേ മാത്രം വിചാരിച്ചു കേവലം സ്വദേശസ്നേഹം വെടിഞ്ഞ് ആ നാട്ടുകാർക്കുണ്ടാക്കാവുന്ന ശാശ്വതമായ ഗുണത്തിന്ന് വിമുഖനായിപ്പോയീ എന്നു വിചാരിപ്പാനും ധൈര്യം വരുന്നില്ല. എന്നുമാത്രമല്ലാ, ആ മഹായോഗീശ്വരൻ സർവ്വജ്ഞപീഠം കേറീട്ടുണ്ടെന്നും അതിന്നുമുമ്പായിട്ടു സകലശാസ്ത്രങ്ങളിലും ഗ്രന്ഥങ്ങളുണ്ടാക്കീട്ടുണ്ടെന്നും പ്രസിദ്ധമാണല്ലൊ. അക്കാലത്ത് ഈ ഒരു ധർമ്മശാസ്ത്രഗ്രന്ഥമുണ്ടാക്കിയെന്നുവരാൻതന്നെയാണ് അധികം യുക്തി കാണുന്നതും. അതുകൊണ്ട് അല്ലെന്നു തീർച്ചപ്പെടുന്നതുവരെ ഇതിന്റെ നിർമ്മാണകർത്തൃത്വം ശാരീരകഭാഷ്യകാരനായ അപ്പരമഹംസശ്രേഷ്ഠനിൽതന്നെ സങ്കല്പിച്ചുകൊള്ളുകയാണ് യുക്തമായമാർഗ്ഗം.

ഈ സ്മൃതിഗ്രന്ഥം കൊണ്ടുള്ള ഉപയോഗത്തേപ്പറ്റി പ്രത്യേകിച്ചൊന്നും പറയേണ്ടകാര്യമില്ല. മലയാളികളിൽ വിശേഷവിധിയായ വല്ല നടവടിയും ഉണ്ടെങ്കിൽ അതിന്നു പ്രമാണം ഈ സ്മൃതിയാണെന്നുമാത്രം പറഞ്ഞാൽ കഴിഞ്ഞു. മലയാള ഹിന്തുക്കളുടെ നടവടികൾക്കു പ്രമാണമായ ഈ സ്മൃതിഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിവിടുന്നതിന്നു കേരളധമ്മപ്രതിഷ്ഠാപകന്മാരായ പലപല കേരളരാജാക്കന്മാർക്കോ, പ്രഭുക്കന്മാർക്കോ, ധനികബ്രാഹ്മണാഢ്യന്മാർക്കോ, മറ്റുള്ള ഉദാരബുദ്ധികൾക്കോ ഇതേവരെ ഒരു കരുണ തോന്നാഞ്ഞതിൽ ആശ്ചര്യപ്പെടുന്നവരായി വല്ലവരുമുണ്ടെങ്കിൽ അവർ 'ഭാരതവിലാസം' മാനേജർ കുഞ്ഞുവറിയത് എന്ന ക്രിസ്ത്യാനിയാണ് ഈക്കേരളാചാരമൂലധനം പരക്കേജ്ജനങ്ങൾക്കുപയോഗിയ്ക്കുമാറാക്കിത്തരുന്നത് എന്നുംകൂടി വിചാരിച്ച് ആ മഹാത്മാവിന്റെ പേരിൽ അധികം നന്ദിയോടുകൂടി മറ്റൊരു വഴിയ്ക്കും ആശ്ചര്യപ്പെടാതിരിയ്ക്കയില്ലാ നിശ്ചയം തന്നെ.

ഈ സ്മൃതിപുസ്തകത്തിന്നു മലയാളഭാഷയിൽത്തന്നെ ഒരു ചെറിയ വ്യാഖ്യാനവുംകൂടി ചേർത്തിട്ടുള്ളതിനെപ്പറ്റിയാണിനിപ്പറയുവാനുള്ളത്. ഈ വ്യാഖ്യാനം, സംസ്കൃതഭാഷാപരിജ്ഞാനമില്ലാത്ത മലയാളികളേക്കൊണ്ടുകൂടി ഈ ഗ്രന്ഥം വായിച്ചറിവുസമ്പാദിപ്പിപ്പാനിടയാക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ.

വിശേഷിച്ച 'ദോഷവിചാരം' മുതലായ ചില പ്രധാനഭാഗങ്ങളിൽ വ്യാഖ്യാതാവ് മൂലത്തേ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കാലദേശാവസ്ഥയ്ക്കതക്കവണ്ണം ഉറന്നുപറഞ്ഞിട്ടുള്ളതും യുക്തം തന്നെ. അഗ്നിദൂഷണപ്രായശ്ചിത്തം സാപിണ്ഡ്യം ഈ വക വിഷയങ്ങളിൽ വ്യാഖ്യാതാവിന്റെ പരിശ്രമം ഫലവത്തരമായിട്ടില്ല എന്നു വ്യാഖ്യാനിച്ച ചോലക്കരെ പരമേശ്വരൻ മൂസ്സതു തന്നെ സമ്മതിയ്ക്കാതിരയ്ക്കയില്ല. ഇദ്ദേഹത്തിനെ ഈ വിഷയത്തിൽ ശ്രൌതികളായ വല്ല നമ്പൂരിമാരും സഹായിക്കേണ്ടിയിരുന്നു. താണജാതിക്കാരുടെ തീണ്ടലിനേപ്പറ്റി പറയുന്നദിക്കിലും അതുപോലെ അപൂർവ്വമായി വേറിട്ടു ചില ദിക്കിലും വ്യാഖ്യാതാവിന്നു തന്നെ കുറച്ചുകൂടി മനസ്സിരുത്താമായിരുന്നു.

ഈ ലഘുധമ്മപ്രകാശികയുടെ ശേഷമുള്ളഭാഗം കിട്ടായ്ക കൊണ്ടുമാത്രമാണ് അച്ചടിച്ച പ്രസിദ്ധപ്പെടുത്താത്തതെന്നു ഭാരതവിലാസം മാനേജരുടെ വാക്കായിട്ടും ആ അത്യുത്സാഹിയുടെ ഉദ്യമം സഫലമാവേണ്ടതിന്നുവേണ്ടി ഞാൻ നേരിട്ടും മഹാജനങ്ങളേ അറിയിയ്ക്കയും മലയാളികളിൽ പഴയ ഗ്രന്ഥങ്ങളുള്ളവർ അവരവരുടെ പക്കലുള്ള ഗ്രന്ഥങ്ങളെന്തെല്ലാമാണെന്നു പരിശോധിച്ചാൽ കൊള്ളാമെന്നപേക്ഷിയ്ക്കയും ചെയ്തുകൊള്ളുന്നു.

എന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

## വിഷയവിവരം


| വിഷയങ്ങൾ | ഭാഗം |
|---|---|
| ബ്രാഹ്മണാദിവർണ്ണങ്ങളുടെ ഉൽപത്തിയും സാധാരണധർമ്മവും | 7 |
| ബ്രാഹ്മണരുടെ പ്രത്യേകധർമ്മങ്ങൾ | 10 |
| ക്ഷത്രിയാദികളുടെ ധർമ്മങ്ങൾ | 12 |
| സ്വധർമ്മമാഹാത്മ്യം | 13 |
| ബ്രഹ്മചര്യാശ്രമത്തിലെ നിഷ്ഠകൾ | 14 |
| അധ്യയനവും ഗുരുശുശ്രൂഷാദിയും | 17 |
| അദ്ധ്യയനം | 22 |
| ഗൃഹസ്ഥാശ്രമസ്വീകാരം | 24 |
| സപിണ്ഡവിഭാഗം | 24 |
| സപിണ്ഡവിഭാഗത്തിൽ പക്ഷാന്തരം | 26 |
| ബ്രാഹ്മാദ്യഷ്ടവിവാഹപ്രകരണം | 27 |
| വരപരീക്ഷാ | 29 |
| കന്യാപരീക്ഷാ | 30 |
| മൃൽപിണ്ഡപരീക്ഷാ | 31 |
| വിവാഹവിധിഃ | 32 |
| സംഭാരംകൂട്ടി തിയ്യിടുന്ന ക്രമം | 36 |
| അഗ്നിദോഷപ്രായശ്ചിത്തം | 38 |
| അഗ്നിരക്ഷാമാഹാത്മ്യം | 39 |
| നിത്യസ്നാനവിധി | 41 |
| സന്ധ്യാവന്ദനവിധി | 44 |
| ഭസ്മധാരണവിധി | 45 |
| ഭസ്മനിർമ്മാണവിധി | 47 |
| ഭസ്മാഹരണവിധി | 49 |
| നിത്യകർത്തവ്യകർമ്മങ്ങൾ | 50 |
| ദമ്പതീധർമ്മം | 52 |
| ഷോഡശക്രിയകൾ | 54 |
| ഷോഡശക്രിയാ കാലം | 55 |
| സ്നാതകന്മാരുടെ (അഫന്മാരുടെ) സ്ഥിതി | 57 |
| ഗൃഹസ്ഥന്റെ ധർമ്മങ്ങൾ | 58 |

പ്രതിഗ്രഹപ്രായശ്ചിത്തങ്ങൾ....60
പഞ്ചസൂനകളും പഞ്ചയജ്ഞങ്ങളും....62
ഗൃഹസ്ഥന്റെ ദാനവും പ്രതിഗ്രഹവും....62
പുത്രമാഹാത്മ്യം....65
മരുമക്കത്തായക്കാരുടെ ദത്ത് ....68
മക്കത്തായക്കാരുടെ ദത്തസ്വീകാരം....71
ഒരു കുട്ടിയെ വളർത്തേണ്ടുന്ന ക്രമം....75
ഗൃഹകർത്തവ്യവിധി....77
ഗൃഹ്യാഗ്നിരക്ഷ....80
അഗ്ന്യുശുദ്ധി....82
ഭാര്യാഭരണം....83
സ്മാർത്തവിചാരം....86
ബാലകാശുദ്ധിവിചാരം....90
ഗൃഹസ്ഥന്റെ സാമാന്യധർമ്മങ്ങൾ 1....93
ഗൃഹസ്ഥന്റെ സാമാന്യധർമ്മങ്ങൾ 2....94
വാനപ്രസ്ഥാശ്രമവിധി....96
യോഗഭ്യാസവിധി....98
യോഗസിദ്ധി....102
യോഗപരിശിഷ്ടം....106
സന്യാസാശ്രമവിധി....107
രാജധർമ്മങ്ങൾ....110
രാജനീതികൾ....113
രാജാവിന്റെ ആത്മരക്ഷ....116
വൈശ്യധർമ്മം....118
ശൂദ്രധർമ്മം....121
അഹിംസാദിധർമ്മങ്ങൾ....123
ഭോജനവിധി....126
സദാചാരങ്ങൾ....128
സ്ത്രീധർമ്മങ്ങൾ....131
രജസ്വലാ ധർമ്മങ്ങൾ....134
64 അനാചാരങ്ങൾ....136

# ശാങ്കരസ്മൃതിഃ

## (ലഘുധർമ്മപ്രകാശികാ)

ശ്രീമദാചാര്യശങ്കരഗുരുഃ ശരണം

### ബ്രാഹ്മണാദിവർണ്ണങ്ങളുടെ ഉൽപത്തിയും സാധാരണധർമ്മവും

നത്വാ ധർമ്മവിദോ ദേവാനൃഷീംശ്ച പരമം മഹഃ
സാംബം ശിവമനുസ്മൃത്യ ശങ്കരേണ യതാത്മനാ 1

ആലോക്യ ഭാർഗ്ഗവാൽ പ്രാപ്തം ധർമ്മശാസ്ത്രമിതസ്തതഃ
വിസ്തരേണ വിഷീദത്സു കൃപയാ മന്ദബുദ്ധിഷു 2

പ്രായസ്തദേവ സംക്ഷിപ്യ ക്രിയതേ മൃദുഭിഃ പദൈഃ
അല്പാക്ഷരൈരനല്പാർത്ഥൈഃ പൃഥഗേതന്നിബന്ധനാ 3

വർണ്ണാനാമാശ്രമാണാഞ്ച ധർമ്മേ ദീപ ഇവാപരഃ
അനവദ്യം സതാം നാമ്നാ ലഘുധർമ്മപ്രകാശികാ 4

ഭാഷാവ്യാഖ്യാനം
ശ്രീമച്ഛങ്കരഗുരുവരപാദാംഭോജാതമാത്രമവലംബ്യ
തൽസ്മൃതിടീകാമേകാം കരോതി പരമേശ്വരഃ സ്വഭാഷായാം

1 മുതൽ 4 വരെ ശ്ലോകങ്ങളുടെ വ്യാഖ്യാനം – ശ്രീപരശുനാമനാൽ ഉണ്ടാക്കപ്പെട്ട 'ഭാർഗ്ഗവസ്മൃതി' എന്നു പേരായ ധർമ്മശാസ്ത്രം വളരെ വിസ്തൃതമായിപ്പോയതിനാൽ (മുഴുവൻ നോക്കി അറിവാനുള്ള പ്രയാസം കൊണ്ടു) മന്ദബുദ്ധികളായ ജനങ്ങൾ കഷ്ടപ്പെടുന്നുണ്ടെന്നറിഞ്ഞ, ശങ്കരാചാര്യസ്വാമികൾ ധർമ്മജ്ഞന്മാരായ ഋഷികളേയും ദേവകളേയും നമസ്കരിക്കുകയും സാംബസദാശിവനെ സ്മരിക്കുകയും ചെയ്തിട്ടു മേല്പറഞ്ഞ ഭാർഗ്ഗവസ്മൃതിതന്നെ ചുരുക്കി അർത്ഥഗൌരവത്തെ വിട്ടുകളയാതെയും ഗ്രന്ഥവിസ്താരം കുറച്ചും വളരെ ലളിതമായ വിധത്തിൽ ഈ ഗ്രന്ഥം ഉണ്ടാക്കി. ബ്രാഹ്മണാദിവർണ്ണങ്ങളുടേയും ബ്രഹ്മചര്യം മുതലായ ആശ്രമങ്ങളുടേയും ധർമ്മങ്ങളെ വിശദമാകുംവണ്ണം ഒരു വിളക്കുപോലെ സജ്ജനങ്ങൾക്കു കാണിച്ചുകൊടുക്കുന്ന ഈ ഗ്രന്ഥത്തിന്റെ പേർ 'ലഘുധർമ്മപ്രകാശിക' എന്നാകുന്നു

ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യഃ ശൂദ്രശ്ചേതി സ്വയംഭുവഃ
ചത്വാരോ മുഖബാഹൂരുപത്ഭ്യോ വർണ്ണാഃ പുരാഭവൻ 5

പണ്ടു (സൃഷ്ടിയുടെ ആദികാലത്തിൽ) വിരാൾപുരുഷന്റെ മുഖത്തുനിന്നു ബ്രാഹ്മണനും, കൈകളിൽ നിന്നു ക്ഷത്രിയനും, തുടകളിൽനിന്നു വൈശ്യനും, പാദങ്ങളിൽനിന്നു ശൂദ്രനുമുണ്ടായി

അതസ്തേ പ്രാകൃതാ നാമ പ്രകൃതിഃ കാരണം യതഃ
വൈകൃതാ അപി വക്ഷ്യന്തേ സങ്കീർണ്ണാ നാമ സങ്കരാൽ 6

ഇങ്ങനെ സ്വഭാവേന ഉണ്ടായിട്ടുള്ള മേൽപറഞ്ഞ നാലു വർണ്ണങ്ങളെ പ്രാകൃതങ്ങൾ എന്നു പറയുന്നു. ഇനി ഇവരിൽതന്നെ അന്യോന്യം അനുലോമമായും പ്രതിലോമമായും ഉണ്ടായിട്ടുള്ള മിശ്രജാതിക്കാരെ വൈകൃതന്മാർ എന്നും സങ്കീർണ്ണന്മാർ എന്നും പറയുന്നു.

സർവ്വേ തേ നികൃതാ ധർമ്മേ സ ധർമ്മോ യത്ര വൈദികീ
പ്രവർത്തനാ സ്യാൽ ക്ഷേമായ സോപ്രതിദ്വന്ദ്വിതാം ഗതഃ 7

മേൽപറഞ്ഞ വൈകൃതന്മാർ (അല്ലെങ്കിൽ സങ്കീർണ്ണന്മാർ) ധർമ്മമാർഗ്ഗത്തിൽ നിന്നു തെറ്റിയവരാകുന്നു. ധർമ്മം എന്നു പറയുന്നതു, വേദത്തിൽ വിധിച്ചപ്രകാരമുള്ള നടവടികൾ എതിരില്ലാത്തവിധം ലോകത്തിന്നു ഗുണം ചെയ്യുവാൻവേണ്ടി അനുഷ്ഠിക്കപ്പെടുന്നതു തന്നെയാകുന്നു.

അധർമ്മോസ്യ പ്രതിദ്വന്ദ്വീ യസ്മാച്ഛ്രൌതനിവർത്തനം
ധർമ്മാധർമ്മാവിതി ജ്ഞാത്വാ ധർമ്മവാൻ ഭവതി ധ്രുവം 8

ധർമ്മത്തിന്റെ എതിരാളി അധർമ്മമാകുന്നു. അധർമ്മം വേദോക്തമായ ആചാരത്തെ തടസ്ഥപ്പെടുത്തുന്നു. ഇങ്ങിനെ ധർമ്മത്തേയും അധർമ്മത്തേയും തിരിച്ചറിയുന്നവൻ തീർച്ചയായും ധർമ്മിഷ്ഠനായിത്തീരും.

ആശ്രമോ ബ്രഹ്മചര്യാദിര്യേന തു ബ്രഹ്മചാരിണഃ
ഗൃഹസ്ഥാശ്ച വനസ്ഥാശ്ച ഭിക്ഷവശ്ചേത്യസൌ ഭിദാ 9

ആശ്രമമെന്നാൽ ബ്രഹ്മചര്യം മുതലായതാകുന്നു. ബ്രഹ്മചര്യാശ്രമത്തിലിരിക്കുന്നവൻ ബ്രഹ്മചാരി, ഗൃഹസ്ഥാശ്രമത്തിൽ ഗൃഹസ്ഥൻ, വാനപ്രസ്ഥാശ്രമത്തിൽ വനസ്ഥൻ (വാനപ്രസ്ഥൻ), സന്യാസാശ്രമത്തിൽ ഭിക്ഷു (സന്യാസി) എന്നിങ്ങിനെ വേർതിരിച്ചു പേർപറയപ്പെടുന്നു

പൃഥഗ്വേഷാഃ പൃഥഗ്ധർമ്മാഃ പൃഥഗന്നാശ്ച തേ സ്മൃതാഃ
വർണ്ണസാധാരണാൻ ധർമ്മാനത ഊർദ്ധ്വം നിബോധത 10

മേൽപറഞ്ഞ നാലാശ്രമത്തിലിരിക്കുന്നവരുടേയും വേഷവും ആചാരവും ഭക്ഷണസമ്പ്രദായവും വെവ്വേറെയാകുന്നു. ഇനി എല്ലാ ജാതിക്കാരും (എല്ലാ ആശ്രമക്കാരും) ഒരുപോലെ ആചരിക്കേണ്ടതായ ചില ധർമ്മങ്ങളെ പറയുന്നു.

അവിശേഷേണ ചോദ്യന്തേ മനുഷ്യാ യത്ര യത്ര സഃ
സാധാരണത്വാദ്വർണ്ണാനാം ധർമ്മസ്സാധാരണോ മതഃ 11

യാതൊരു ജാതിഭേദവും കൂടാതെ എല്ലാ മനുഷ്യർക്കും ഒരുപോലെ ആചരിക്കേണ്ടതായിട്ടുള്ളതേതോ അതു സാധാരണധർമ്മം എന്നു പറയപ്പെടുന്നു.

ക്ഷമാ സത്യം തപഃ ശൌചമഹിംസാ സ്തേയവർജ്ജനം
അപാരുഷ്യമപൈശുന്യമലോഭിത്വമദംഭതാ 12

അനഭിധ്യാനഹംകാരഃസ്ഥമ്യമാദ്രാന്തരംഗതാ
വിഭവേ സതി ദാനഞ്ചേതായേവം തസ്യ തു സംഗ്രഹഃ 13

സാധാരണധർമ്മം ചുരുക്കത്തിൽ താഴെപ്പറയുന്നവയാകുന്നു. 1. സഹനശീലം 2. പൊളിപറയായ്ക 3. ഇന്ദ്രിയങ്ങളെ ദുർവ്വിഷയങ്ങളിൽ പ്രേരിപ്പിക്കാതിരിക്കുക 4. അകവും പുറവും (മനസ്സും ശരീരവും) ശുദ്ധമായിരിക്കുക 5. ഹിംസിക്കാതിരിക്കുക 6. കക്കാതിരിക്കുക 7. ചീത്തവാക്കു പറയായ്ക 8. ഏഷണിക്കു പുറപ്പെടാതിരിക്കുക 9. പരദ്രവ്യത്തിൽ ദുരാശയില്ലായ്ക 10. ഡംഭ നടിക്കാതിരിക്കുക 11. അസൂയയില്ലായ്ക 12. അഹംകാരമില്ലായ്ക 13. എല്ലാവരിലും (ബന്ധുക്കളിലും ശത്രുക്കളിലും) സമഭാവന 14. മനസ്സിന്നു കാഠിന്യമില്ലാതിരിക്കുക 15. തന്റെ സ്വത്തിന്റെ അവസ്ഥക്കനുസരിച്ച് ദാനം ചെയ്ക. ഇവകൊണ്ടു ബാക്കി ഇതുപോലെയുള്ള മറ്റു ധർമ്മങ്ങളേയും സൂക്ഷിച്ചറിഞ്ഞുകൊള്ളണം

യഥാ ഹി പരമോ ധർമ്മോ ദേവാനാം ദമ ഉച്യതേ
യഥാ ദയാസുരാണാഞ്ച തഥാ ദാനം നൃണാമിഹ 14

ദേവന്മാർക്ക് ദമവും, അസുരന്മാർക്കു ദയയും എപ്രകാരമോ അപ്രകാരം ദാനം മനുഷ്യർക്കു ഉൽകൃഷ്ടമായ ധർമ്മമാകുന്നു.

അദ്ധ്യൂഷുർബ്രഹ്മചര്യേണ ദേവാസുരനരാസ്തപഃ
സൃഷ്ടമാത്രാ വിധാതാരം പ്രഷ്ടുകാമാഃ പുരാ കില 15

പണ്ടു സൃഷ്ടിയുടെ ആദികാലത്തു ബ്രഹ്മാവിനെ കണ്ടൊരു കാര്യം ചോദിപ്പാനായി ദേവകളും അസുരന്മാരും മനുഷ്യരും കൂടി ബ്രഹ്മചര്യനിഷ്ഠയോടെ തപസ്സു ചെയ്തുവത്രെ

പ്രാദുർഭൂതസ്സ തൈഃ പൃഷ്ടഃ കിന്നഃ കൃത്യമിതി ക്ഷണം
ധ്യാത്വാ താനാത്മജാനാഹ സ്പർശേഷ്ടാദശമക്ഷരം 16

ത്രിവാരമഥ യൂയം മേ സമാനാ ഹി സ്ഥ പുത്രകാഃ
സമാനമുപദിഷ്ടം തദിദമിത്യവദച്ച താൻ 17

അപ്പോൾ പ്രത്യക്ഷമായ ബ്രഹ്മാവിനോട്, അവർ 'ഞങ്ങൾ എന്താണ് ചെയ്യേണ്ടത്' എന്നു ചോദിച്ചു. അദ്ദേഹം കുറച്ചുനേരം ആലോചിച്ചു, പുത്രതുല്യന്മാരായ അവർക്കു സ്പർശത്തിൽ 18-)മത്തെ അക്ഷരം (ക മുതൽക്കുള്ള 25 അക്ഷരം സ്പർശം – അതിൽ 18-)മത്തെത് ദ എന്നക്ഷരം) മൂന്നു പ്രാവശ്യം ഉപദേശിച്ചു, പിന്നെ ഇങ്ങിനെ പറഞ്ഞു:- 'നിങ്ങൾ എല്ലാവരും എനിക്കു തുല്യമാകുന്നു (ആരും ഭേദമില്ല). ഈ ഉപദേശം എല്ലാവർക്കും പൊതുവേ ആകുന്നു'.

ദമ്യതാമിതി തദ്ദേവാ ദയദ്ധ്വമിതി ദാനവാഃ
ദീയതാമിതി മർത്ത്യാശ്ച വ്യാചക്ഷതയഥാരുചി 18

മേൽപറഞ്ഞ 'ദ' കാരത്തെ ദേവന്മാർ 'ദമിക്കുക' (ഇന്ദ്രിയങ്ങളെ അടക്കുക) എന്നും, അസുരന്മാർ 'ദയചെയ്യുക' എന്നും മനുഷ്യർ 'ദാനം ചെയ്യുക' എന്നും തന്നിഷ്ടം പോലെ വ്യാഖ്യാനിച്ചു.

അഥ താനാഹ ഹേ ദേവാ ദമോ ധർമ്മോസ്തു വഃ പരഃ
ഹേ സുരാ വോ ദയാ ദാനം ഹേ മർത്ത്യാ വ ഇതി പ്രഭുഃ 19

അപ്പോൾ ബ്രഹ്മാവ് അവരോട് പറഞ്ഞു 'അല്ലയോ ദേവന്മാർ! നിങ്ങളുടെ പരമമായിരിക്കുന്ന ധർമ്മം ദമവും, അല്ലയോ അസുരന്മാർ! നിങ്ങളുടേത് ദയയും, അല്ലയോ മർത്ത്യന്മാർ! നിങ്ങളുടേതു ദാനവുമായി ഭവിക്കട്ടെ'

തസ്മാദ്ദാനം മനുഷ്യാണാം സർവ്വേഷാം ധർമ്മ ഉത്തമഃ
യഥാശക്ത്യനുതിഷ്ഠംസ്തച്ഛോകാംസ്തരതി ദുസ്തരാൻ 20

പ്രേത്യ ലോകാനവാപ്നോതി രത്നപുഷ്ടിമനോഹരാൻ
ദുർല്ലഭാന്മർത്ത്യലോകേഷു കാമാനപി ച വിന്ദതേ 21

അതിനാൽ എല്ലാ മനുഷ്യർക്കും ദാനം ഉത്തമധർമ്മമാകുന്നു. ശക്തിക്കുതക്കവണ്ണം ദാനം ചെയ്യുന്നവൻ ഭയങ്കരങ്ങളായ ദുഃഖങ്ങളിൽ നിന്നു നിവൃത്തിക്കുമെന്നുമാത്രമല്ല ഭൂമിയിൽ ദുർല്ലഭങ്ങളായ സുഖങ്ങളെ അനുഭവിക്കുകയും മരിച്ചതിന്നു ശേഷം സമ്പൽസമൃദ്ധങ്ങളായ സ്വർഗ്ഗാദിലോകങ്ങളെ പ്രാപിക്കുകയും ചെയ്യും.

ബ്രഹ്മക്ഷത്രവിശാം ധർമ്മസ്തപോ വേദാനുപാലനം
സാധാരണഃ സഹാതിത്ഥ്യവൈശ്വദേവാഗ്നിഹോത്രകം 22

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർ എന്ന ത്രൈവർണ്ണികന്മാരുടെ സാധാരണ ധർമ്മം തപസ്സ ചെയ്യുക, വേദത്തെ രക്ഷിക്കുക, അതിഥിസൽക്കാരം ചെയ്യുക, വൈശ്വദേവബലി അഗ്നിഹോത്രം മുതലായതിനെ ചെയ്യുക ഇവയാകുന്നു.

സമന്ത്ര സംസ്കൃയാദ്യേ സ്യാദപി ചാന്യത്ര ദൃശ്യതേ
രാമക്ഷേത്രേ തു നാസ്ത്യന്യേ ഭാഗിനേയാ ഹി ദായിനഃ 23

അബ്രാഹ്മണാനാം പ്രായേണ തസ്മാദ്ധർമ്മോ വിഭിദ്യതേ
വക്ഷ്യന്തേ ചോപരിഷ്ടാൽ സ സർവ്വശ്ചേഹ ഖല്വ ക്വചിൽ 24

ഇവരിൽ ആദ്യനായ ബ്രാഹ്മണന്നും രണ്ടാമനായ ക്ഷത്രിയന്നും ഉപനയനാദിസംസ്കാരങ്ങളെല്ലാം മന്ത്രപൂർവ്വകമായിട്ടുതന്നെയാകുന്നു. എന്നാൽ മലയാളികളായ വൈശ്യന്മാർക്കു മന്ത്രപൂർവ്വകമായ യാതോരു സംസ്കാരവുമില്ല. (അപ്പോൾ ത്രൈവർണ്ണികന്മാർക്കു സാധാരണമായി വിധിച്ച ധർമ്മം ഇവിടുത്തെ വൈശ്യന്നു ബാധകമാവില്ലെന്നു വരുന്നു). മലയാളത്തിൽ ബ്രാഹ്മണേതരന്മാരായ ജാതിക്കാർ മിക്കപേർക്കും മുതലവകാശം മരുമക്കൾ വഴിയാകുന്നു. അതിനാൽ അവരുടെ ആചാരത്തിന്നും ഭേദഗതിയുണ്ട്. അവയെല്ലാം മേൽ അവിടവിടെ പറയപ്പെടും.

സരഹസ്യം ധനുർവ്വേദഗ്രഹണം വിപ്രഭൂഭുജോഃ
സ്മൃതസ്സാധാരണോ ധർമ്മോ ഗോപഥാദ്ധ്യായനം തഥാ 25

ബ്രാഹ്മണർക്കും ക്ഷത്രിയർക്കും കൂടിയുള്ള സാധാരണധർമ്മം സാരാംശത്തോടുകൂടിയ ധനുർവ്വേദത്തെ ഗ്രഹിക്കുകയാകുന്നു. ഗോപഥബ്രാഹ്മണത്തെ അദ്ധ്യയനം ചെയ്കയും വേണം.

ബ്രാഹ്മണോരുജയോഃ പാഠോ ഭൂസൂക്തസ്യോഭയോസ്സമഃ
ഗോഷ്ഠശയ്യാവ്രതം തദ്വൽ കുസീദേന ച വർത്തനം 26

ബ്രാഹ്മണർക്കും ക്ഷത്രിയർക്കും കൂടിയുള്ള സാധാരണധർമ്മം ഭൂസൂക്തത്തെ പഠിക്കുകയാകുന്നു. (ഇവിടെ വൈശ്യപക്ഷത്തിൽ ഭൂസൂക്തം – കൃഷിശാസ്ത്രം. ഉത്തരാർദ്ധത്തിന്നും ഈ വിധംതന്നെ അർത്ഥം കണ്ടുകൊള്ളണം)

വാസനീവാരകപ്രേഷ്യവാക്യസ്യോച്ചാരണം മിഥഃ
പൌർവ്വാപര്യേണ തുല്യോയം ധർമ്മോ ഭൂദേവശൂദ്രയോഃ 27

ശൂദ്രൻ തന്റെ ഭൃത്യനാണെന്നു ബ്രാഹ്മണനും, താൻ ബ്രാഹ്മണന്റെ പരിചാരകനാണെന്നു ശൂദ്രനും വിചാരിക്കേണ്ടതാകുന്നു.

ബാഹുജോരുജവർണ്ണാനാം ഭൂദേവേപി കനീയസി
ആഗതേ സദൃശോ ധർമ്മഃ പ്രത്യുത്ഥാനാഭിവാദനേ 28

വയസ്സുകൊണ്ടു തന്നേക്കാൾ ചെറുപ്പമുള്ളവനാണെങ്കിലും ബ്രാഹ്മണൻ വന്നാൽ ക്ഷത്രിയനും വൈശ്യനും എഴുനീൽക്കുകയും അഭിവാദ്യം ചെയ്കയും വേണം.

രാമക്ഷേത്രേ തു ശൂദ്രസ്യ നാഭിവാദ ഇതി സ്ഥിതിഃ
സ തൽസ്ഥാനേഞ്ജലിം കുര്യാദിതി ഭാർഗ്ഗവശാസനം 29

മലയാളത്തിൽ ശൂദ്രൻ അഭിവാദ്യംചെയ്യുന്ന പതിവില്ല. ശൂദ്രൻ ആ സ്ഥാനത്തു കൈകൂപ്പിത്തൊഴുതുനിന്നാൽ മതി.

ബാഹുജോരുജയോർദ്ധർമ്മസ്ത്രികർമ്മപരിനിഷ്ഠിതിഃ
അന്യത്ര ഭാർഗ്ഗവക്ഷേത്രാൽ സാധാരണ ഇതി സ്മൃതഃ 30

മലയാളം ഒഴിച്ചു മറ്റുള്ള രാജ്യങ്ങളിൽ ക്ഷത്രിയന്റേയും വൈശ്യന്റേയും ധർമ്മം, അധ്യയനവും ദാനവും യജനവും ആകുന്നു.

ബാഹുജാംഘ്രിജയോർദ്ധർമ്മസ്ത്യാഗോ വൈക്ലബ്യതോ വിനാ
പ്രാണാനാം ബ്രാഹ്മണസ്യാർത്ഥേ സാധാരണ ഉദാഹൃതഃ 31

എന്നാൽ ഇവിടെ ക്ഷത്രിയന്നും ശൂദ്രന്നും സാധാരണമായ ഒരു ധർമ്മം, ബ്രാഹ്മണന്നുവേണ്ടി തന്റെ പ്രാണനെക്കൂടി നിർദ്ദാക്ഷിണ്യമായി കളയുന്നതാകുന്നു.

ഊരുജാംഘ്രിജയോർദ്ദൂർവ്വാലവനം ക്ഷിതിവർദ്ധനം
പ്രാണത്യാഗോ ഗവാർത്ഥേ ച ധർമ്മസ്സാധാരണസ്ത്രികം 32

അതുപോലെതന്നെ വൈശ്യന്നും ശൂദ്രന്നും സാധാരണമായ ധർമ്മം, പശുക്കളെ തീറ്റുവാൻ പുല്ലരിഞ്ഞുകൊണ്ടു വരികയും തരിശുഭൂമി കിളച്ചു നിരത്തി കൃഷിക്കുപയോഗമാക്കിത്തീർക്കുകയും പശുക്കൾക്കും ബ്രാഹ്മണർക്കും വേണ്ടി പ്രാണനെക്കൂടി ഉപേക്ഷിക്കുകയും ഇങ്ങിനെ മൂന്നാകുന്നു.

മുഖജോരുജവർണ്ണാനാം സഹനം ബാഹുജാഗസാം
സാധാരണം വിദുർദ്ധർമ്മം ദീർഘവൈരാനവസ്ഥയാ 33

ബ്രാഹ്മണവൈശ്യന്മാർക്കു സാധാരണമായ ധർമ്മം, ക്ഷത്രിയന്റെ അപരാധം ക്ഷമിക്കുകയും ദീർഘവൈരത്തെ ഉപേക്ഷിക്കുകയുമാകുന്നു

ഇതി സാധാരണാഃ കേചിദ്വർണ്ണധർമ്മാ നിരൂപിതാഃ
ശേഷാന്നിരൂപയിഷ്യാമസ്തത്ര യത്ര യഥാന്തരം 34

ഇങ്ങിനെ എല്ലാ വർണ്ണങ്ങളുടേയും സാധാരണമായുള്ള ചില ധർമ്മങ്ങൾ ഈ പാദത്തിൽ പറയപ്പെട്ടു. ബാക്കി അതാതു ഘട്ടങ്ങളിൽ വിവരിക്കുന്നതുമാകുന്നു.

ഇതി പ്രഥമസ്യാദ്ധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

## ബ്രാഹ്മണരുടെ പ്രത്യേകധർമ്മങ്ങൾ

അധീത്യധ്യാപനേ ദാനാദാനേ യജനയാജനേ
ത്രീണി ദ്വികാനി വിപ്രേഷു നിയതാനി സ്വയംഭുവാ 1

ബ്രാഹ്മണന്റെ പ്രത്യേകധർമ്മങ്ങൾ:- വേദം പഠിക്കുക - പഠിപ്പിക്കുക, ദാനം ചെയ്യുക – വാങ്ങുക, യാഗംചെയ്ക – ചെയ്യിക്കുക ഇവയാകുന്നു

ക്ഷത്രേഷ്വദ്ധ്യയനം ദാനം യജനഞ്ച പ്രജാപതിഃ
സപ്രജാപാലനം ത്രീണി ധർമ്മാണി നിദധൌ പുരാ 2

ക്ഷത്രിയന്നാകട്ടെ – അധ്യയനം ദാനം യജനം ഇവ മൂന്നോട്ടുകൂടി പ്രജകളെ വേണ്ടതുപോലെ രക്ഷിക്കുന്നതും ധർമ്മമാകുന്നു

ഗോരക്ഷയാ ച വൈശ്യേഷു താനി ത്രീണീതി ചിക്ഷിപേ
ശൂദ്രേഷു ദ്വിജശുശ്രൂഷാം ദാനം ശക്ത്യൌ മുദന്വിതം 3

വൈശ്യന്മാർക്കു മേൽപറഞ്ഞ മൂന്നോട്ടുകൂടി പശു സംരക്ഷണമാകുന്നു വിധിക്കപ്പെട്ടിട്ടുള്ളത്. ശൂദ്രൻ, ബ്രാഹ്മണനെ (ത്രൈവർണ്ണികന്മാരെ) ശുശ്രൂഷിക്കുകയും, ശക്തിക്കു തക്കവണ്ണം സന്തോഷത്തോടുകൂടി ദാനം ചെയ്കയുമാകുന്നു ചെയ്യേണ്ടത്

ദ്വൌ ധർമ്മൌ പ്രഥമം ധാത്രാ നിയതൌ സംപ്രചക്ഷതേ
ഋതാമൃതാഭ്യാം ഭൂദേവോ ജീവേദഥ സത്യാനൃതേന വാ 4

ഇങ്ങിനെ ശൂദ്രന്നു രണ്ടു ധർമ്മമാണ് വിധിക്കപ്പെട്ടിരിക്കുന്നത്. ബ്രാഹ്മണൻ ഋതം അമൃതം ഇവ കൊണ്ടാകുന്നു ജീവിക്കേണ്ടത്.

പ്രമൃതേനാഥവാ ജീവേദഥ സത്യാനൃതേന വാ
ഋതമുഞ്ഛം സിലഞ്ചാഹുരമൃതം യദയാചിതം 5

യാച്ഞാചര്യം മൃതം തത്ര പ്രമൃതം കർഷണം മതം
സത്യാനൃതന്തു വാണിജ്യം തേഷാമുഞ്ഛസിലം മഹൽ 6

അഥവാ പ്രമൃതം കൊണ്ടോ അല്ലെങ്കിൽ സത്യാനൃതം കൊണ്ടോ ജീവിക്കാം. ഉഞ്ഛവും സിലവുമാകുന്നു ഋതം. അങ്ങാടിയിൽ കൊഴിഞ്ഞു കിടക്കുന്ന അരി മുതലായതു പെറുക്കി സമ്പാദിച്ചു ഭക്ഷിക്കുന്നത് ഉഞ്ഛം. കണ്ടത്തിൽ കൊയ്ത്തു കഴിഞ്ഞു കൃഷിഉടമസ്ഥൻ ഇട്ടേച്ചുപോയ കതിരും നെല്ലും പെറുക്കി എടുക്കുന്നത് സിലം. ഇപ്പോൾ പിടിത്താൾപെറുക്കുക എന്നു പറയുന്നത് ഇതിൽ ഉൾപ്പെടും. യാചിക്കാതെ കിട്ടുന്നതാകുന്നു അമൃതം എന്നു പറയുന്നത്. 'ദൈവോപനതമായി വല്ലതും കിട്ടിയാൽ ഭക്ഷിക്കാം; ഇല്ലെങ്കിൽ ഒന്നും വേണ്ട' എന്നുള്ള അജഗരവ്രതം ഇതാകുന്നു. നിത്യം യാചിച്ചു തന്നെ കഴിക്കുന്നതു മൃതം. 'മൃതം തു നിത്യയാച്ഞാ സ്യാൽ' എന്നു പ്രമാണമുണ്ട്. കൃഷിയാകുന്നു പ്രമൃതം. പ്രനൃതമെന്നും അനൃതമെന്നും പാഠം കാണുന്നു. 'പ്രനൃതം കർഷണം സ്മൃതം' എന്നാണ് മനു പറയുന്നത്. മഹേശ്വരന്റെ പക്ഷം – ഹിംസാദോഷപ്രധാനമാകയാൽ കൃഷി അനൃതമെന്നാകുന്നു. കച്ചവടമാകുന്നു സത്യാനൃതം. സത്യവും അസത്യവും കൂടിക്കലർന്നല്ലാതെ കച്ചവടം നടക്കുന്നതല്ലായ്കയാലാകുന്നു ഈ പേർ സിദ്ധിച്ചത്. ഇവയിൽ വെച്ച് ഉഞ്ഛവും സിലവും അമൃതവും പ്രധാനമാകുന്നു. മറ്റുരണ്ടും ക്രമേണ നിന്ദ്യങ്ങളാകുന്നു. (യാതൊരു ഉപജീവനമാർഗ്ഗവുമില്ലാഞ്ഞാൽ ബ്രാഹ്മണന്നു കൃഷിയും കച്ചവടവും ചെയ്തുപജീവനം കഴിക്കാം. ഇവയിൽ പ്രധാനം കൃഷിയാകുന്നു. 'ഋതാമൃതാഭ്യാം ജീവേതമൃതേനപ്രമൃതേന വാ ! സത്യാനൃതാഭ്യാമപി വാ ന ശ്വവൃത്യാകഥഞ്ചന !!' എന്ന് സ്മൃത്യന്തരത്തിലും കാണുന്നു. ശ്വവൃത്തി – നീചസേവനം – ശ്വാവിന്റെ വൃത്തി. 'ശുനോ വൃത്തിഃ സ്മൃതാ സേവാ ഗർഹിതം തദ്വിജന്മനാം' എന്നുള്ളേടത്ത് സേവാസാമാന്യം തന്നെ ശ്വവൃത്തിയാക്കി കല്പിക്കപ്പെട്ടിരിക്കുന്നു. ഹാ! കഷ്ടം! ഉപജീവനത്തിന്നു മാർഗ്ഗം ഇല്ലാത്തവരും ഉള്ളവരും കൂടി ഇത്ര നിന്ദ്യമായ സേവാകർമ്മത്തിൽ പ്രവർത്തിച്ചു കാണുന്നുവല്ലൊ. കൃഷിയും കച്ചവടവും ചെയ്യാമെന്നനുവാദമുള്ള സ്ഥിതിക്ക് അവയിൽ അശേഷം ശ്രദ്ധിച്ചുകാണാത്തതല്ലെ കഠിനം. കൃഷിക്കു ഹിംസ വേണ്ടി വന്നേക്കാമെന്നും, കച്ചവടത്തിന്നു വ്യാജം പ്രവർത്തിക്കേണ്ടിവരുമെന്നുമാണല്ലൊ ഉണ്ടെങ്കിൽതന്നെ ദോഷം പറയുന്നത്. എന്നാൽ ഈ രണ്ടു ദോഷങ്ങളുമില്ലാത്തതാകുന്നു കൈത്തൊഴിൽ എന്നു പറയുന്നത്. ഋതാമൃതാദികൾക്കുള്ള ശ്രേഷ്ഠത്വം തന്നെ മറ്റൊരാൾക്കു ദ്രോഹംകൂടാതെ ഉപജീവനം കഴിക്കാമെന്നാകുന്നു. എന്നാൽ അവകൊണ്ടു മറ്റൊരാൾക്ക് ഒരു ഗുണവും (ഉപകാരവും) സിദ്ധിപ്പാനുണ്ടെന്നു പറയുവാനും വഴിയില്ല. കൈവേലയുടെ സ്ഥിതി അങ്ങിനെയല്ല. ആർക്കും ഒരു ദ്രോഹവുമില്ല; പലർക്കും ഉപകാരമുണ്ടു താനും. അതിനാൽ വാദിപ്പാൻ പുറപ്പെട്ടാൽ സകലധർമ്മങ്ങളിൽവെച്ചും ഉത്തമം കൈവേലയാണെന്നു തന്നെ വന്നു പോകുമോ എന്നു ശങ്കയുണ്ട്. ഇപ്പോൾ ജീവിവർഗ്ഗത്തിൽവച്ചു പ്രാധാന്യം വഹിച്ചിരിക്കുന്ന സകലപരിഷ്കൃതരാജ്യക്കാരുടെയും ഉൽകർഷം പ്രധാനമായി കൈവേലയെ ആശ്രയിച്ചാകുന്നു നിൽക്കുന്നത്. അതിനാൽ മലയാളബ്രാഹ്മണർ കൈത്തൊഴിൽ, കൃഷി, കച്ചവടം ഇവയെ ഇത്രയും നിന്ദ്യമായി വിചാരിക്കേണ്ടെന്നാണ് തോന്നുന്നത്.)

അമൃതഞ്ച ക്രമാദന്യദ്വയം നിന്ദ്യം പ്രചക്ഷതേ
ജന്മിനോ യദി ഭൂദേവാ ജന്മോപഗ്രഹണാൽ ക്വചിൽ 7

ആഗതേന ച ജീവേയുർജ്ജന്മഭോഗേന കർഷകാൽ
സർവ്വേ ജന്മിന ഏതേന വ്യാഖ്യാതാ ഇതി ഭാർഗ്ഗവഃ 8

ബ്രാഹ്മണൻ ജന്മിയാണെങ്കിൽ (ജന്മവസ്തുഉള്ളവനാണെങ്കിൽ) കൃഷിക്കാർ കൊടുക്കുന്ന ജന്മഭോഗം (പാട്ടം) കൊണ്ടും ഉപജീവിക്കാം. ജന്മിയാവാനുള്ള കാരണം ജന്മം വാങ്ങുക തന്നെ. എല്ലാ ജന്മികളുടേയും കാര്യം ഇതുകൊണ്ടു പറയപ്പെട്ടു. (കുടിയാനവന്മാരോടു പാട്ടം വാങ്ങി ഉപജീവിക്കുകയും, അതു കിട്ടാത്ത പക്ഷം കിട്ടുവാനുള്ള മാർഗ്ഗം ശ്രമിക്കുകയുമല്ലാതെ, ക്ഷുദ്രപാപികളെപ്പോലെ കുടികളെ ഇട്ടു കളിപ്പിക്കുന്നതും ദ്രോഹിക്കുന്നതും അന്യായമാകുന്നു)

സ്വക്ഷേത്രേ സംഗ്രഹം ചക്രേ വിഷ്ണുർദ്ധർമ്മപതിർഭൃഗുഃ
ലജ്ജതേ ഭർത്സ്യതേ തേന വിപ്രഃ കാമീ ശമോചിതഃ 9

പ്രശമപ്രതിപന്നൈരിത്യുച്യതേ ഭൂപ്രതിഗ്രഹാൽ
ജല്മേതി വർണ്ണവ്യത്യാസാത്തത്സംബന്ധേന സാ ച ഭൂഃ 10

ധർമ്മപ്രതിഷ്ഠാപകനായ വിഷ്ണുവിന്റെ അവതാരമൂർത്തിയായ ഭാർഗ്ഗവൻ തന്റെ സ്വന്തമായ മലയാളത്തിൽ ഭൂമിയെ ദാനം വാങ്ങുന്നത് ഉത്തമമല്ലെന്നുവെച്ച് അതിനെ ബ്രാഹ്മണധർമ്മത്തിൽ ചുരുക്കിയിരിക്കുന്നു. ശമോചിതനും കാമിയും ഭൂമിദാനം വാങ്ങുന്നവനുമായ ബ്രാഹ്മണൻ ശമശീലന്മാരാൽ നിന്ദിക്കപ്പെടുന്നു. അവൻ ലജ്ജിക്കുന്നു. 'ലജ്' ധാതുവിന്നു പൃഷോദരാദിത്വാൽ വർണ്ണവ്യത്യാസം വന്നിട്ടാകുന്നു ജല്മി (അതു ദുഷിച്ചു ജന്മി) എന്നുള്ള പേർ ഉണ്ടായത്. തത്സംബന്ധം കൊണ്ട് ഭൂമിക്കു 'ജല്മം' (ജന്മം) എന്നും വ്യവഹാരമുണ്ടായി.

ജന്മേത്യാഖ്യായതേ തസ്യ സ്വാമിത്വഞ്ച തദാശ്രയം
അഗ്നിഗുർവ്വതിഥിപ്രേഷ്ഠഭിക്ഷുശിഷ്ടേന ഭൂസുരാഃ 11

എന്നാൽ ന്യായമായി കിട്ടുന്ന ജന്മഭോഗത്തിൽനിന്നും അഗ്നി, ഗുരു, അതിഥി, ഇഷ്ടന്മാർ (ബന്ധുക്കൾ), ഭിക്ഷുക്കൾ ഇവർക്കു വേണ്ടുന്നതിനെ കൊടുത്തു ബാക്കികൊണ്ടുപജീവനം കഴിക്കുന്ന ബ്രാഹ്മണന്നു ദോഷം സംഭവിക്കുന്നതല്ല.

ജീവിത്വാ ജന്മഭോഗേന ന സീദേയുഃ ക്വചിദ്ധ്രുവം
തണ്ഡുലാന്മുഷ്ടിഭിഃ ഷൾഭിഃ പചേജ്ജ്യേഷ്ഠോഗൃഹീഗൃഹേ 12

അഗ്നിഗുർവ്വതിഥിപ്രേഷ്ഠഭിക്ഷുഭ്യോ മുഷ്ടിപഞ്ചകം
വിഭജ്യൈകേന ബിഭൃയാദാത്മാനം ഗൃഹിണം സുതാൻ 13

ഗൃഹസ്ഥനായ ജ്യേഷ്ഠൻ (ഇല്ലത്തു മൂസ്സ്) ചിലവിന്നു വകയുള്ളതിനെ ആറാക്കി ഭാഗിക്കണം. അതിൽനിന്നു മുൻപറഞ്ഞ അഗ്നി, ഗുരു, അതിഥി, ബന്ധു, ഭിക്ഷു ഇവർക്ക് ഓരോഭാഗം കൊടുത്തു ബാക്കിയുള്ള ആറാമത്തെ ഭാഗം കൊണ്ടു തന്നേയും, കുട്ടികളേയും, ദാസന്മാരേയും, ദാസികളേയും, പശുക്കളേയും, പശുക്കുട്ടികളേയും, അനുജന്മാരേയും, അനുജന്മാർക്കിഷ്ടപ്പെട്ടവരേയും ഭരിക്കണം.

ദാസാന്ദാസീംശ്ച ഗോവത്സാൻ ഭ്രാതൄൻ ഭ്രാതൃപ്രിയാനപി
ഇതി ജന്മവതാം വൃത്തിർഭാർഗ്ഗവേണ നിരൂപിതാ 14

ഭാർഗ്ഗവൻ ഇങ്ങിനെയാകുന്നു ജന്മികളുടെ വൃത്തിയെക്കുറിച്ചു വിധിച്ചിട്ടുള്ളത്. ഇപ്രകാരം വർത്തിക്കുന്നവന്ന് ഇഹലോകത്തിലും പരലോകത്തിലും സുഖം സിദ്ധിക്കുന്നതാകുന്നു.

ഏവംവർത്തന ആപ്നോതി സ ശർമ്മേഹ പരത്ര ച

## ക്ഷത്രിയാദികളുടെ ധർമ്മങ്ങൾ

ക്ഷത്രിയോ ബലിനാ ജീവേദ്രക്ഷന്നവഹിതഃ പ്രജാഃ 15

ആരണ്യൈകെശ്ച രാജ്യസ്സൈഥരഥവാ വിക്രമേണ ച
ഗോഭിഃ കൃഷ്യാ ച വർത്തേത വാണിജ്യേനാഥവോരുജഃ 16

ക്ഷത്രിയൻ പ്രജകളെ വേണ്ടപോലെ പരിപാലിച്ചു നാട്ടിൽനിന്നും കിട്ടുന്ന രാജഭോഗം കൊണ്ടുപജീവിക്കണം. അല്ലെങ്കിൽ പരാക്രമം കൊണ്ടും ഉപജീവിക്കാം. വൈശ്യൻ പശുസംരക്ഷണം കൊണ്ടോ കൃഷികൊണ്ടോ കച്ചവടം കൊണ്ടോ ഉപജീവിക്കണം.

ശൂദ്രോ ദാസ്യേന സർവ്വേഷാം ശില്പൈർവ്വാ സകലൈരപി
ജന്മിദേയാവശിഷ്ടേന വൃഷലോ ഹലകർഷണഃ 17

ശൂദ്രൻ, ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ പരിചരണംകൊണ്ടോ സകലവിധത്തിലുമുള്ള ശില്പം കൊണ്ടോ ഉപജീവിക്കണം. ശൂദ്രൻ കൃഷി ചെയ്യുന്നതാണെങ്കിൽ ജന്മികൾക്കു കൊടുപ്പാനുള്ള പാട്ടം കൊടുത്തു തീർത്തു ബാക്കി കൊണ്ടുപജീവിക്കണം. ഇവിടെ (മലയാളത്തിൽ) ശൂദ്രനു കൃഷി സ്വധർമ്മമാകുന്നു. മറ്റുള്ളവർക്ക് ആപദ്ധർമ്മമാകുന്നു.

നേതരോ ഭാർഗ്ഗവക്ഷേത്രേ കൃഷ്യാ ജീവേദനാപദി
ജഘന്യോ നോത്തമാം വൃത്തിമാതിഷ്ഠേദിഹ കശ്ചന 18

താണവൻ മേലേ ഉള്ളവന്റെ വൃത്തിയെ ഒരിക്കലും സ്വീകരിക്കരുത്. എന്നാൽ ശ്രേഷ്ഠന്ന് ആപത്തിങ്കൽ താണവന്റെ വൃത്തി സ്വീകരിക്കാം. (ബ്രാഹ്മണന്നു കൃഷി ചെയ്യാം. ശൂദ്രന്നു വേദാദ്ധ്യായനം പാടില്ല ഇത്യാദി)

ആപദ്യപി തു സേവേത ശ്രേഷ്ഠോ വൃത്തിമനന്തരാം

### സ്വധർമ്മമാഹാത്മ്യം

വിപ്രോ വേദാന്യഥാധീതേ തഥൈവാദ്ധ്യാപയേച്ച താൻ 19

അദ്ധ്യാപനാന്ന ലിപ്സേത വൃത്തിമാപൽഗതോപി സൻ
ബഹൂന്ന പ്രതിഗൃഹ്ണീയാൽ കാമ്യമാപദി തു ക്വചിൽ 20

നാത്യാപദ്യപി കുർവ്വീത നിഷിദ്ധസ്യ പ്രതിഗ്രഹം
സുസ്വാദ്ധ്യായരതോ നിത്യമകുർവ്വൻ വേദവിക്രയം 21

ബ്രാഹ്മണൻ വേദത്തെ അധ്യയനം ചെയ്തതിന്നു ശേഷം അധ്യാപനം ചെയ്യണം. എത്രതന്നെ ദരിദ്രനായാലും വേദം പഠിപ്പിക്കുന്നതിന്നു പ്രതിഫലം ഇച്ഛിക്കരുത്. അഥവാ ആപത്തിങ്കൽ ശിഷ്യരോടു ധനം വാങ്ങുന്നതാണെങ്കിൽത്തന്നെ അധികമായി വാങ്ങരുത്. അത്യാപത്തിങ്കൽപോലും നിഷിദ്ധപ്രതിഗ്രഹം ചെയ്തുകൂട. നിത്യം സ്വാധ്യായം ചെയ്യണം. വേദത്തെ വില്ക്കരുത്. നിഷിദ്ധപ്രതിഗ്രഹത്തെ ഉപേക്ഷിക്കണം. ഇങ്ങിനെയുള്ള ബ്രാഹ്മണൻ അഗ്നിയെപ്പോലെ ജ്വലിക്കുന്നു. (ശാപാനുഗ്രഹശക്തിയുള്ളവനായിരിക്കും)

നിഷിദ്ധന്ന ച ഗൃഹ്ണാനോ വിപ്രോ ജ്വലതി വഹ്നിവൽ
കുർവ്വൻ ക്ഷത്രഃ ക്ഷതത്രാണം നാത്യതീക്ഷ്ണോ ന വാ മൃദുഃ 22

കർമ്മസാക്ഷീ നൃണാം ശശ്വദ്ധർമ്മേ സംസ്ഥാപയേൽ പ്രജാഃ
ഏവം വ്രതഃ സദാ രാജാ ഗോബ്രാഹ്മണഹിതേ രതഃ 23

ശരണാഗതമത്യക്ത്വാ ലോകേഷു ന വിഗീയതേ
കീർത്തിഞ്ച സമ്യഗാപ്നോതി സർവ്വാൻ കാമാംശ്ച വിന്ദതേ 24

ക്ഷത്രിയൻ പ്രജകളെ ആപത്തിൽ നിന്നു രക്ഷിക്കണം. അധികം തീക്ഷ്ണനും അധികം മൃദുവുമാകരുത്. സകല ജനങ്ങളുടേയും ശുഭാശുഭങ്ങളുടെ പരമാർത്ഥത്തെ അറിയണം. പ്രജകളെ സ്വധർമ്മത്തിൽ തന്നെ നിർത്തണം. പശുക്കളെയും ബ്രാഹ്മണരെയും രക്ഷിച്ചും, തന്നെ ശരണം പ്രാപിച്ചവനെ ഉപേക്ഷിക്കാതെയും ഇരിക്കുന്ന രാജാവ് ഒരുവനാലും നിന്ദിക്കപ്പെടുന്നതല്ല; എന്നല്ല കീർത്തിമാനും സകലൈശ്വര്യസമ്പന്നനുമായിത്തീരും; പരലോകത്തിൽ ശോകവർജ്ജിതമായ ഗതിയേയും പ്രാപിക്കും.

പ്രേത്യ ദിവ്യാനവാപ്നോതി ലോകാൻ ശോകവിവർജ്ജിതാൻ
ദ്വാവപ്യന്യൌ യഥാശാസ്ത്രം സ്വധർമ്മപരിനിഷ്ഠയാ 25

ഇതുപോലെതന്നെ വൈശ്യശൂദ്രന്മാരും അവരവർക്കു വിധിച്ച വിധി പോലെ നടന്നാൽ ഇഹലോകപരലോകങ്ങളിൽ പൂർണ്ണമായ സുഖത്തെ പ്രാപിക്കുന്നതാകുന്നു.

ദുസ്തരാംസ്തരതഃ ശോകാൻ ലോകയോരുഭയോരപി
ഉച്ഛൃംഖലസ്യ മർത്ത്യസ്യ ധർമ്മശാസ്ത്രവ്യതിക്രമാൽ 26

നിരയേഷു ഭവേദ്വാസോ ദുര്യശശ്ചാതിദുസ്സഹം
തസ്മാദ്ധർമ്മാൻ സമന്വിച്ഛേൽ ക്ഷേമാർത്ഥീ സതതം ജനഃ 27

ഒരു തടസ്ഥം കൂടാതെ ധർമ്മശാസ്ത്രത്തെ തെറ്റി നടക്കുന്നവന്നു നരകത്തിൽ തന്നെ പാർക്കേണ്ടി വരും. അതിഭയങ്കരമായ അപകീർത്തിയും വന്നുകൂടും. ഈ സംസാരഭയത്തിൽ നമുക്കു ബന്ധു ധർമ്മം മാത്രമാകുന്നു. അതിനാൽ ക്ഷേമത്തെ ഇച്ഛിക്കുന്ന ഏവനും ധർമ്മത്തെ കൈവിട്ടു കളയരുത്.

ധർമ്മ ഏവ മഹാൻ ബന്ധുഃ സംസാരേത്രാതിദാരുണേ
പ്രതിവർണ്ണം സ സംക്ഷേപാന്നിയതഃ കഥിതോ മയാ
വിസ്തരേണോപരിഷ്ടാച്ച വക്ഷ്യതേ പ്രായശഃ ഖിലം 28

ബ്രാഹ്മണാദിവർണ്ണങ്ങൾക്കുള്ള ധർമ്മം ഇവിടെ ചുരുക്കി പറയപ്പെട്ടു. അവയിൽ തന്നെ ചിലതെല്ലാം മേലിലും വിസ്തരിച്ചു പറയപ്പെടുന്നതാകുന്നു.

ഇതി പ്രഥമസ്യാദ്ധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ

## ബ്രഹ്മചര്യാശ്രമത്തിലെ നിഷ്ഠകൾ

ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യ ഇതി തത്ര ദ്വിജാതയഃ
ത്രയോ ജ്ഞേയാ യദേതേഷാം ദ്വേ ജാതീ ജന്മനീ വിദുഃ 1

അദ്ധ്യായം 1 പാദം 3

ദ്വിജാതികൾ എന്നാൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ ഇവരാകുന്നു. എന്തെന്നാൽ ഇവർക്കു രണ്ടു പ്രകാരത്തിലുള്ള ജനനമുണ്ട് അതു തന്നെ.

ഉഭയോർജ്ജന്മനോരേകം ലൌകികം യന്നൃണാം മതം
അന്യത്തൂപനയം പ്രാഹുരിതി തേമീ ദ്വിജാ ഇതി 2

മേൽപറഞ്ഞ രണ്ടു ജനനങ്ങളിൽ ഒന്ന് സാധാരണ എല്ലാവർക്കുമുള്ള ജനനം തന്നെ. മറ്റെത് ഉപനയനമാകുന്നു. അതുകൊണ്ട് ഈ മൂന്നു വർണ്ണങ്ങളും ദ്വിജന്മാരാകുന്നു.

സംസ്കാരൈഃ കർണ്ണവേധാന്തൈസ്സമന്ത്രൈർവ്വിധിവൽ കൃതൈഃ
ഏനസോ ദ്വിവിധാൽ പുത്രമുദ്ധൃത്യോപനയേദ്ദ്വിജഃ 3

കർണ്ണവേധം വരേയുള്ള കർമ്മങ്ങളെ വിധിപോലെ സമന്ത്രമായി ചെയ്തിട്ടു, പുത്രനെ അനേകവിധമായ പാപങ്ങളിൽനിന്നു വീണ്ടെടുത്തതിന്നുശേഷം, ഉപനയിക്കണം

പിതാന്യ ഏവാചാര്യോ വാ വിദ്യാഭിജനസമ്മതഃ
സമാഹിതമനാഃ കാലേ സ്വ സ്വ ഗൃഹ്യോക്തവർത്മനാ 4

അച്ഛനോ അതുപോലെ ഗുരുത്വമുള്ള മറ്റാരെങ്കിലുമോ വിദ്യകൊണ്ടും ആഭിജാത്യംകൊണ്ടും യോഗ്യനായ ആചാര്യനോ അവനവന്റെ സൂത്രപ്രകാരം കാലത്തിൽ ഉപനയിക്കണം. (ഉപനയിക്കുന്നതിൽ ആചാര്യന്റെ ഗൃഹ്യത്തെയാകുന്നു പ്രമാണിക്കുക. ഒരു ആശ്വലായനശിശുവിനെ ബൌധായനൻ ഉപനയിച്ചാൽ ആ ഉണ്ണിയും ബൌധായനനായിത്തീരുന്നു)

ഗർഭാഷ്ടമാദിഷ്വബ്ദേഷു സുമുഹൂർത്തേ മുഖോത്ഭവം
ബ്രഹ്മവർച്ചസകാമശ്ചേത്തമബ്ദേ ഗർഭഷഷ്ഠകേ 5

ബ്രാഹ്മണന്റെ ഉപനയനകാലം വയറ്റോട്ടുകൂടി എട്ടാം വയസ്സാകുന്നു. കാലേകൂട്ടി ഓത്തു ചൊല്ലിക്കേണമെന്നുണ്ടെങ്കിൽ ആറാം വയസ്സിലുമാം.

ഗർഭാദേകാദശാദ്യേഷു വത്സരേഷു വിശാം പതിം
യദി വിക്രമകാമസ്തം വത്സരേ ഗർഭസപ്തമേ 6

ക്ഷത്രിയന്നു പതിനൊന്നാം വയസ്സുമുതൽ കാലമാകുന്നു. യുദ്ധം ശീലിക്കേണ്ടതിന്നു വേണ്ടി ഏഴാം വയസ്സിലും ഉപനയിക്കാം.

ഗർഭതോ ദ്വാദശാദ്യേഷു വത്സരേഷൂരുസംഭവം
നവമേ യദി പണ്യാർത്ഥീ താനാഹുർബ്രഹ്മചാരിണഃ 7

പന്ത്രണ്ടാംവയസ്സുമുതൽ വൈശ്യന്റെ ഉപനയനകാലമാകുന്നു. കച്ചവടത്തിൽ ഏർപ്പെടുത്തേണമെന്നിച്ഛയുണ്ടെങ്കിൽ ഒമ്പതാം വയസ്സിലും ഉപനയിക്കാം. ഇങ്ങിനെ ഉപനയിക്കപ്പെട്ടവർ ബ്രഹ്മചാരികളാകുന്നു.

ആഷോഡശാന്ന സാവിത്രീ ബ്രാഹ്മണാനതിവർത്തതേ
ആദ്വാവിംശാന്നൃപാനബ്ദാദാചതുർവ്വിംശകാദ്വിശഃ 8

ബ്രാഹ്മണനെ 16 വയസ്സിന്നു മുമ്പു തീർച്ചയായും ഉപനയിക്കണം. ക്ഷത്രിയന്ന് 22 –ഉം വൈശ്യന്ന് 24 –ഉം വയസ്സു പരമാവധിയാകുന്നു.

അകൃതോപനയാസ്സർവ്വേ തത്രാപ്യേതേ തദുത്തരം
സാവിത്രീപതിതാസ്സത്ഭിർഗ്ഗദിതാശ്ച ബഹിഷ്കൃതാഃ 9

മേൽപറഞ്ഞ കാലങ്ങൾക്കു മുമ്പ് ഉപനയിക്കാതിരുന്നുപോയാൽ അവർ സാവിത്രീപതിതന്മാരാകുന്നു; സജ്ജനങ്ങൾ അവരെ നിന്ദിക്കുന്നു; ജാതിയിൽനിന്നു നീക്കുകയും ചെയ്യുന്നു.

വ്രാത്യാ നാമ സ്യുരകൃതേ വ്രാത്യസ്തോമേ യഥാവിധി
ഇത്യർത്ഥമൃഷയഃ പ്രാഹുരിതോന്യത്ര സ ചേഷ്യതേ 10

കേരളേതരരാജ്യങ്ങളിൽ വ്രാത്യസ്തോമമെന്ന കർമ്മം ചെയ്ത് അവരെ ജാതിയിൽ ചേർക്കുമാറുണ്ട്. അതു ചെയ്യാത്ത പക്ഷം അവർ വ്രാത്യന്മാരാകുന്നു; ജാതിയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടവരുമാകുന്നു.

ഇയാൻ വിശേഷ ആഖ്യാതോ ഭാർഗ്ഗവേണാത്ര ഷോഡശാൽ
ഊർദ്ധ്വം ന സൂത്രലാഭോസ്തി സൂത്രിണാം തേ പതന്തി ച 11

ഇവിടെ ഒരു വിശേഷമുണ്ട്; പൂണുനൂലുള്ളവർക്കെല്ലാം 16 വയസ്സിന്നു മുമ്പ് ഉപനയനം കഴിയണം. അല്ലെങ്കിൽ പിന്നെ പാതിത്യം വരും തീർച്ചതന്നെ.

വ്രാത്യസ്തോമവിധാനേന സാവിത്ര്യാഃ പ്രത്യുപാഗമാം
നാശാസ്ത ഇത്യനാചാരോ രാമക്ഷേത്ര ഇതി സ്ഥിതിഃ 12

വ്രാത്യസ്തോമം ചെയ്ത് ഉപനയിക്കുന്ന സമ്പ്രദായം ഇവിടെ ഇല്ല. ഇതു കേരളത്തിലെ ഒരു വിശേഷാചാരമാകുന്നു.

ന ജടാം ഭാർഗ്ഗവക്ഷേത്രേ ബിഭൃയാൽ സംസ്കൃതോ വടുഃ
സ്യാദന്യത്ര തു മുണ്ഡോ വാ ജടിലോ വാ ശിഖാധരഃ 13

കേരളത്തിൽ ഉപനീതനായ വടുവിന്നു ജട ധരിപ്പാൻ പാടില്ല. മറ്റു രാജ്യങ്ങളിൽ ജട ധരിക്കുകയും മൊട്ടയടിക്കുകയും പതിവുണ്ട്.

കേശപ്രാരംഭതഃ ഫാലാദൂർദ്ധ്വം തു ചതുരംഗുലം
ത്യക്ത്വാ ദൈവീം ശിഖാമാഹുശ്ചതുരംഗുലവിസ്തൃതിം 14

നെറ്റിയിൽ രോമമുള്ളേടത്തുനിന്നു നാലംഗുലം മേല്പട്ടു ചെന്നാൽ അവിടെ നാലംഗുലം വിസ്താരത്തിൽ ദേവശിഖയുടെ സ്ഥാനമാകുന്നു.

താവതീമേവ പൈശാചീമാസുരീഞ്ച തതഃ ക്രമാൽ
മാനുഷ്യേ ദ്വേ ലലാടസ്യ പ്രാന്തയോരുഭയോഃ കൃതേ 15

അവിടുന്നു നാലംഗുലം ചെന്നാൽ പൈശാചിയും, അവിടുന്നു നാലംഗുലം ചെന്നാൽ ആസുരിയുമായ ശിഖയുടെ സ്ഥാനമാണ്.

ദക്ഷിണേഷു ശിഖാ ദൈവീ കേരളേഷു ന ചേതരാഃ
ഉത്തരേഷു തു പൈശാചീ നേതരാ ഇതി ഭാർഗ്ഗവഃ 16

മലയാളത്തിൽ 64 ഗ്രാമങ്ങളുള്ളതിൽ തെക്കെ 32 - ൽ ദേവശിഖയും, വടക്കെ 32 - ൽ (തുളുരാജ്യത്തിൽ) പൈശാചശിഖയുമാണ് ഭാർഗ്ഗവനാൽ വിധിക്കപ്പെട്ടിട്ടുള്ളത്. (കുടുമയെക്കുറിച്ചുള്ള ഈ നിയമത്തിന്ന് ഒരിക്കലും വ്യത്യാസം ചെയ്യുവാൻ പാടില്ല. 'ശിഖാപുണ്ഡ്രഞ്ച സൂത്രഞ്ച സ്വകുലാചാരമേവ ച ! പൂർവ്വൈരാചരിതം കുര്യാദന്യഥാ പതിതോ ഭവേൽ' എന്നു സ്മൃത്യന്തരം.)

അവിധാനാൽ പരിത്യജ്യ സംപ്രദായാഗതാം ശിഖാം
വഹന്നപൃഥഗാഭൃതാം ദ്വിജഃ പാതിത്യമൃച്ഛതി 17

പാരമ്പര്യപ്രകാരമുള്ള കുടുമ കളഞ്ഞ് അവനവന്റെ ഇഷ്ടം പോലെ കുടുമയും വച്ച് നടക്കുന്ന ദ്വിജൻ ഭ്രഷ്ടനാകുന്നു. ('ലാവണ്യേ കേശധാരണം' എന്നുള്ളതു കലിധർമ്മമാണ്. അതുപ്രകാരം ഇപ്പോൾ പലരും കുടുമയുടെ കാര്യത്തിൽ താന്തോന്നിവാസം പ്രവർത്തിച്ചുകാണുന്നതു ശോചനീയം തന്നെ. കുലീനന്മാരായ കേരളബ്രാഹ്മണരിൽപോലും ചിലർ ഈവക വിധികളെ കേവലം തള്ളിനടക്കുന്നതാണ് അത്യന്തം കഷ്ടമായിട്ടുള്ളത്. പുതിയ പരിഷ്കാരങ്ങളിൽ വേണ്ടതൊന്നും സ്വീകരിക്കാതെ വേണ്ടാത്തതിന്മേൽ കടന്നു പിടികൂടുന്നതു കാര്യാകാര്യവിവേചനശക്തിയില്ലായ്കയല്ലാതെ എന്തായിരിക്കും)

വിപ്രഃ പരിദധീതൈഷാം ചർമ്മ കാർഷ്ണമപവ്രണം
രൌരവം ക്ഷത്രിയോ ബാസ്തം വൈശ്യോ വാസാംസി വാ ത്രയഃ 18

വാസസ്തു വിപ്രഃ കാഷായം മാഞ്ജിഷ്ഠമവനീപതിഃ
ഹാരിദ്രമൂരുജോ നൈതദിഷ്യതേ രാമഭ്രമിഷു 19

ഇവരിൽ ബ്രാഹ്മണൻ കൃഷ്ണമൃഗത്തോലും, ക്ഷത്രിയൻ രുരചർമ്മവും, വൈശ്യൻ ബസ്തചർമ്മവും ധരിക്കണം. മൂന്നു പേർക്കും വെറും ശീലതന്നെയായാലും മതി. ഇതിൽ ബ്രാഹ്മണനു കാഷായവസ്ത്രവും, ക്ഷത്രിയനു മഞ്ചട്ടി നിറമുള്ള പട്ടും, വൈശ്യനു മഞ്ഞപ്പട്ടുമാണ് വേണ്ടത്. പക്ഷേ 18 - ഉം 19 - ഉം ശ്ലോകങ്ങളിൽ പറഞ്ഞ വിധിയൊന്നും മലയാളത്തിൽ നടപ്പില്ലാത്തതാകുന്നു

കടിസൂത്രഞ്ച കൌപീനമുപവീതഞ്ച സർവ്വദാ
ധാരയേയുസ്ത്രയോപ്യേതേ മേഖലാം കൃഷ്ണചർമ്മ ച 20

ഇവിടെയാകട്ടെ, സൂത്രികളെല്ലാവരും (ബ്രഹ്മചാരിയായിരിക്കുമ്പോൾ) അരഞ്ഞാച്ചരടും ശീലക്കോണകവും പൂണുനൂലും മേഖലയും കൃഷ്ണാജിനവും എല്ലായ്പ്പോഴും ധരിക്കേണ്ടതാകുന്നു. (ഇവിടെ ഒരു പൂർവ്വപക്ഷം വന്നേക്കാം:- 'സർവ്വദാ' എന്നു പറഞ്ഞതുകൊണ്ടു മുങ്ങുമ്പോഴും കൃഷ്ണാജിനം ധരിക്കേണമെന്നു വരുന്നു. അതു ശരിയാണോ? സമാധാനം:- ഇതു ശുഷ്കപൂർവ്വപക്ഷമാണ്. തോൽ മുക്കേണമെന്ന് ആരും പറകയില്ല. അങ്ങിനെ വിചാരിക്കുന്ന പക്ഷം മലമൂത്രവിസർജ്ജനത്തിന്നു പോലും കൌപീനം അഴിപ്പാൻ പാടില്ലെന്നുവന്നു കൂട്ടും. പ്രമാണങ്ങളെല്ലാം ഏകദേശത്തെ ബോധിപ്പിക്കുവാൻ മാത്രമാകുന്നു. മറ്റെല്ലാം ഔചിത്യംപോലെ പ്രവൃത്തിച്ചുകൊള്ളേണമെന്നു സിദ്ധം)

കാർപ്പാസതന്തുഭിഃ ക്ഌപ്തം കടിസൂത്രമരഞ്ജിതം
ഏകഗ്രന്ഥി ദ്വിജാതീനാം ചതുഷ്പാശം പ്രശസ്യതേ 21

പരുത്തിനൂലുകൊണ്ടുണ്ടാക്കിയതും നിറഭേദമില്ലാത്തതും ഒറ്റക്കെട്ടായതുമായ നാലുമടക്കിച്ചരടാണ് ദ്വിജന്മാർക്ക് ഉത്തമമായിട്ടുള്ളത്. (ഏഴുമടക്കിച്ചരടും നാടയും കറുപ്പചരടും മറ്റും കെട്ടുവാനുള്ള പ്രമാണം വേറെതന്നെ തിരഞ്ഞുതുടങ്ങാം)

കൌപീനഞ്ച തഥാതന്തു സർവ്വതഃപുച്ഛമിഷ്യതേ
അതിര്യദീർഘവൽ പൃഷ്ഠനിവിഷ്ടം ബ്രഹ്മചാരിണാം 22

കോണകവും പരുത്തിനൂൽകൊണ്ടുള്ളതായിരിക്കണം. സർവ്വതഃ പുച്ഛം എന്നു പറഞ്ഞതുകൊണ്ടും വക്കുതിരച്ചതും തോരക്കോണകവും പാടില്ലെന്നു വരുന്നു. അതു തന്നെ ആവശ്യത്തിലധികം നീളമുള്ളതാവാൻ പാടില്ല. വിലങ്ങത്തിൽ ചീന്തിയതും ഉപേക്ഷിക്കണം. ബ്രഹ്മചാരിയുടെ കോണകത്തിന്റെ വാൽ പിന്നിൽ ചുരുട്ടിത്തിരുകിവെക്കണം. ('അകച്ഛഃ പുച്ഛകച്ഛശ്ച തിര്യക്കച്ഛോർദ്ധ്വകച്ഛകഃ' ഇത്യാദിപ്രമാണങ്ങളാൽ ഇക്കാര്യത്തിൽ ബ്രഹ്മചാരിക്കുള്ള വിധിയെത്തന്നെ എല്ലാവരും അനുഷ്ഠിക്കേണ്ടതാണെന്നു കാണുന്നു. നിലത്തു കിടന്നിഴയത്തക്കവണ്ണം കോണകത്തിന്റെ വാലിനെ നീട്ടുന്നതു ശാസ്ത്രസമ്മതമല്ല)

ഉപവീതന്തു രക്തം വാ കാഷായാദി യഥാക്രമം
അഥവാ ധവളം തേഷാം കൃതം കാർപ്പാസതന്തുഭിഃ 23

കാഷായം ശസ്യതേ തന്തു വിപ്രസ്യ പ്രശമാർത്ഥിനഃ
രാജ്ഞസ്തൂത്സാഹകാമസ്യ ശസ്തം മാഞ്ജിഷ്ഠമേവ തൽ 24

ഹാരിദ്രമേവ തച്ഛസ്തം വൈശ്യസ്യ തു ഗവാർത്ഥിനഃ
യഥാചാരഞ്ച സർവ്വേഷാം സർവ്വതോ നാഭിസമ്മിതം 25

ഉപവീതമകാർപ്പാസകൃതം കസ്യാപി നേഷ്യതേ
ഋഷിണാ ഭാർഗ്ഗവേണാത്ര നിഷിദ്ധമിതി ഹേതുനാ 26

(പൂണൂനൂലിന്റെ നിറഭേദം ഇവിടെ സമ്മതമല്ല) പരുത്തികൊണ്ടു നൂറ്റ നൂലുകൊണ്ടുള്ള പൂണൂനൂലുമാത്രമേ ഇവിടെ ധരിപ്പാൻ പാടുള്ളു.

ഭാഗിനേയനിമിത്തേന വിപ്രാദന്യത്ര വസ്തുതഃ
ധർമ്മഭേദസ്യ സത്ത്വേപി വിപ്രസാമ്യം തു സൂത്രിണാം 27

ഇവിടെ ബ്രാഹ്മണേതരന്മാർ മിക്കതും മരുമക്കത്തായക്കാരായതുകൊണ്ട് അവർക്കു പലവിധവും ധർമ്മഭേദമുണ്ടെങ്കിലും സൂത്രികൾക്കെല്ലാം ഉപവീതാദികളുടെ ക്രമമൊക്കയും ബ്രാഹ്മണരെപ്പോലെതന്നെയാകുന്നു. ('സ്യാദ്വിപ്രവൽ സൂത്രിണാം' എന്നു മറ്റുചിലരും സ്മരിച്ചിട്ടുണ്ട്)

യഥാ പാലാശ ഏവാത്ര സർവ്വേഷാം ബ്രഹ്മചാരിണാം
ദണ്ഡസ്തഥോപവീതഞ്ച കാർപ്പാസമിതി ഭാർഗ്ഗവഃ 28

ഇവിടെ എല്ലാവിധബ്രഹ്മചാരികൾക്കും പ്ലാശിൻചമതതന്നെയാകുന്നു ദണ്ഡിന്നെടുത്തുവരുമാറുള്ളത്. അതുപോലെതന്നെ പരുത്തിനൂൽകൊണ്ടുമാത്രമേ ഉപവീതവുമുണ്ടാക്കുമാറുള്ളൂ

സംപ്രദായാഗതം ദണ്ഡമന്യൂനാനതിരേകിണം
സ്വസ്വപ്രമാണാൽ ഗൃഹ്ണീയുസ്സർവ്വേപി ബ്രഹ്മചാരിണഃ 29

കേശസമ്മിതമത്രാപി പാലാശം വിപ്ര ഉദ്വഹേൽ
നാതിദീർഘസ്തോന്യേഷാം നാതിഹ്രസ്വശ്ച ശസ്യതേ 30

പൂർവ്വാചാരത്തിന്നുതക്കവണ്ണം അധികം നീളമുള്ളതും നീളമില്ലാത്തതുമില്ലാത്ത ദണ്ഡിനെ സ്വീകരിക്കണം.

ന ചൈതേ ബിഭൃയുർദ്ദണ്ഡമഗ്നിദഗ്ദ്ധം ക്ഷതത്വചം
നിസ്ത്വചം വാ ഭൃശസ്ഥൂലമന്തഃകീടമമസ്തകം 31

അനേകാഗ്രഞ്ച വക്രഞ്ച തഥാസ്പൃശ്യജനാഹൃതം
രിക്താപർവ്വാഷ്ടമീഛിന്നം സ്പൃഷ്ടഞ്ചാമേധ്യവസ്തുഭിഃ 32

തീപ്പിടിച്ചു കരിഞ്ഞത്, തോലരഞ്ഞിയത്, തോലില്ലാത്തത്, അധികം വണ്ണമുള്ളത്, പുഴക്കുത്തുള്ളത്, അഗ്രമില്ലാത്തത് (തലയില്ലാത്തത്), ഒന്നിലധികം തലയുള്ളത്, വളഞ്ഞത്, തൊട്ടാൽ കുളിക്കാർ കൊണ്ടുവന്നത്, രിക്ത വാവ് അഷ്ടമി ഈ ദിവസങ്ങളിൽ മുറിച്ചത്, അശുദ്ധവസ്തുക്കളോടുകൂട്ടിത്തൊട്ടത് ഇങ്ങിനെയുള്ള ദണ്ഡിനെ ധരിക്കരുത്.

ധാരയേൽ സ്വർണ്ണരുദ്രാക്ഷേ സൂത്രേണൈകേന കർമ്മസു
സർവ്വേഷു കണ്ഠേ വിപ്രോത്ര നാതോന്യ ഇതി ഭാർഗ്ഗവഃ 33

ബ്രാഹ്മണകുമാരന്മാർ ഏതു കർമ്മം ചെയ്യുമ്പോഴും കഴുത്തിൽ വട്ടമോതിരവും രുദ്രാക്ഷവും നൂൽചരടിന്മേൽ ചേർത്തു ധരിക്കണം. ബ്രാഹ്മണരൊഴിച്ചു മറ്റുള്ളവർക്ക് ഈ വിധി ബാധകമല്ല.

സ്നാത്വാ സൂര്യമുപസ്ഥായ ഹവ്യവാഹം പരീത്യ ച
ആഹൃത്യ ഭൈക്ഷമശ്നീയാദാചാര്യസ്യാഭ്യനുജ്ഞയാ 34

ബ്രഹ്മചാരി പ്രാതഃസ്നാനം സന്ധ്യാവന്ദനം ചമതയിടുക ഇവയെല്ലാം കഴിഞ്ഞതിന്നുശേഷം ഭിക്ഷയെടുത്തു കൊണ്ടുവന്ന് ആചാര്യന്റെ സമ്മതത്തോടുകൂടെ ഭക്ഷിക്കണം.

ഇതി പ്രഥമസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ

### അധ്യയനവും ഗുരുശുശ്രൂഷാദിയും

ദ്വിജത്വമിത്ഥം സമ്പ്രാപ്യ സർവ്വേ തേന്യത്ര ധർമ്മതഃ
ശ്രുതിസ്മൃതിപുരാണാനാം ജായന്തേധ്യയനക്ഷമാഃ 1

അത്രോപനീതോ ഭൂദേവ ഏകോധ്യയനമർഹതി
വേദബാഹ്യാസ്തതോന്യേ തു വിപ്രോ ഗുരുകുലേവസേൽ 2

അദ്ധ്യായം 1 പാദം 4

പരദേശങ്ങളിലുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ കുട്ടികൾ മേൽപറഞ്ഞപ്രകാരമുള്ള ഉപനയനാദി കർമ്മങ്ങൾ ചെയ്തതിന്നു ശേഷം വേദം സ്മൃതി പുരാണം ഇവകൾ പഠിക്കുന്നതിന്നു യോഗ്യന്മാരായിത്തീരുന്നു. എന്നാൽ ഇവിടെ ബ്രാഹ്മണകുമാരന്നുമാത്രമേ അധ്യനത്തിന്നധികാരമുള്ളു. മറ്റു രണ്ടുകൂട്ടർക്കും വേദാധ്യയനത്തിന്നർഹതയില്ല. അതിനാൽ, ഉപനീതനായ ബ്രാഹ്മണകുമാരൻ മാത്രം വേദാഭ്യാസത്തിന്നുവേണ്ടി ഗുരുകുലത്തിൽ താമസിക്കണം.

പുണ്യേഹ്നി ഗുരുണാദിഷ്ടഃ സമന്ത്രാഹുതിപൂർവ്വകം
സ്മൃത്വാ പ്രണവഗായത്ര്യാവധീതിം പ്രാരഭതേ ച 3

സുമുഹൂർത്തദിവസത്തിൽ ഓതിക്കോന്റെ സമ്മതപ്രകാരം പ്രാരംഭഹോമം ചെയ്തതിന്നുശേഷം പ്രണവവും ഗായത്രിയും സ്മരിച്ചുകൊണ്ടു വേദാദ്ധ്യയനം ആരംഭിക്കണം

ശൌചാചാരാവബോധാർത്ഥം ധർമ്മശാസ്ത്രന്തു വേദതഃ
പ്രാഗേവ ചോപദേഷ്ടവ്യം ഗുരുണാ ബ്രഹ്മചാരിണേ 4

ശൌചാചമനാദ്യാചാരങ്ങളുടെ യഥാർത്ഥസ്വഭാവമറിയുന്നതിന്നായി ആചാര്യൻ തന്റെ ശിഷ്യനെ ഒന്നാമതായി ധർമ്മശാസ്ത്രമാണ് ഗ്രഹിപ്പിക്കേണ്ടത്.

അദ്ധ്യേതവ്യഞ്ച തേനൈതദവശ്യം പുനരന്യഥാ
ശൌചാചാരപരിഭ്രഷ്ടോ ഭവേദ്ധർമ്മപരാങ്മുഖഃ 5

ശിഷ്യൻ തീർച്ചയായും ആദ്യമേ ധർമ്മശാസ്ത്രം തന്നെ പഠിക്കുകയുംവേണം. അല്ലെങ്കിൽ ശൌചാദ്യാചാരങ്ങളുടെ സ്വഭാവമറിയായ്കനിമിത്തം അവ വേണ്ട വിധം ചെയ്യാതിരിക്കുകയും, ധർമ്മമാർഗ്ഗത്തിൽനിന്നു ഭ്രഷ്ടനായിത്തീരുകയും ചെയ്യും.

ഗുരോരധീത്യധർമ്മാർത്ഥം ശാസ്ത്രം സർവ്വമതന്ദ്രിതഃ
തത്രദൃഷ്ടാനി കർമ്മാണി കാലാനുഗുണമാചരേൽ 6

ശിഷ്യൻ ധർമ്മാചരണത്തിന്നുവേണ്ടി ധർമ്മശാസ്ത്രത്തെ മുഴുവനും മനസ്സിരുത്തി പഠിക്കണം. പിന്നെ അവയിൽ കാണുന്ന ധർമ്മങ്ങളെ അതാതുകാലത്തിന്നനുസരിച്ചു ചെയ്യണം.

കർമ്മഭ്യഃ പ്രതിഷിദ്ധേഭ്യോ നിവർത്തേത ച സർവ്വദാ
ഉഷിത്വൈവമധീയാനോ ജ്വലത്യാമ്നായമഗ്നിവൽ 7

ധർമ്മശാസ്ത്രങ്ങളിൽ നിഷേധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളെ ഒരിക്കലും ചെയ്യരുത്. ഇങ്ങിനെ ഗുരുകുലത്തിൽ പാർത്തു പഠിക്കുന്നവൻ അഗ്നിയെപ്പോലെ പ്രകാശിക്കുന്നതാകുന്നു.

ആചാര്യാ സ്ഥവിരാശ്ചാഭിവാദ്യാസ്തേന യഥാവിധി
നാന്യാഭിവാദനം കുര്യാദാചാര്യസ്യാജ്ഞയാ വിനാ 8

അവൻ ആചാര്യന്മാരെയും കുലവൃദ്ധന്മാരെയും അഭിവാദ്യം ചെയ്യണം. ഗുരുവിന്റെ സമ്മതംകൂടാതെ മറ്റാരെയും അഭിവാദ്യംചെയ്യുവാൻ പാടില്ല.

യഥാകാലം ഗുരോഃ പാദൌ ഗൃഹ്ണീയാദപ്രചോദിതഃ
വ്യത്യസ്തഹസ്തഃ സവ്യേന സവ്യമന്യേന ചാന്യകം 9

അധ്യയനപ്രാരംഭാദി കാലങ്ങളിൽ ആരും പറയാതെതന്നെ ഗുരുവിന്റെ കാല്ക്കൽ അഭിവാദ്യം ചെയ്യണം. ഉത്തരാർദ്ധം കൊണ്ട് അഭിവാദന പ്രകാരത്തെ പറയുന്നു: കൈ കവച്ചു വച്ചിട്ടാണ് കാൽ പിടിക്കേണ്ടത്. എടത്തെ കൈ കൊണ്ടു ഗുരുവിന്റെ ഇടത്തെ കാലും വലത്തെ കൈകൊണ്ട് വലത്തെ കാലും പിടിക്കണം. (അഭിമുഖമായി നിന്നു കൈ പകച്ചഭിവാദ്യംചെയ്യുമ്പോൾ ഈവിധമാണ് വന്നു കൂടുക. ഇങ്ങിനെ ചെയ്യുമ്പോൾ വലത്തെ കൈ മേലേയും ഇടത്തെ കൈ താഴേയും വരേണ്ടതാണെന്നു കൂടി സന്ദർഭോചിതമായി പറയേണ്ടി വന്നിരിക്കുന്നു).

അഭിവാദ്യ ഗുരോഃ പാദാവദ്ധ്യേതവ്യം തദാജ്ഞയാ
വിരമേച്ച തഥാ കുര്യാദ്വിരതശ്ചാഭിവന്ദനം 10

ആദ്യം അഭിവാദ്യം ചെയ്തു ഗുരുവിന്റെ സമ്മതപ്രകാരം അധ്യയനം തുടങ്ങുകയും, മതി എന്നു ഗുരു പറയുമ്പോൾ അധ്യയനം നിർത്തി പിന്നേയും അഭിവാദ്യം ചെയ്കയും വേണം.

യേന യേന സ സന്തുഷ്യേത്തത്തൽ കർമ്മ സമാചരേൽ
നാകാര്യമിതി മന്യേത കിഞ്ചിൽ കർമ്മ യദി പ്രിയം 11

എപ്രകാരം ചെയ്താൽ ആചാര്യൻ സന്തോഷിക്കുമോ ആവക കർമ്മങ്ങൾ എല്ലാം ചെയ്യണം. ഗുരുവിന്നിഷ്ടമുള്ളതാണെങ്കിൽ എന്തു കാര്യവും ചെയ്യുവാൻ കൊള്ളില്ലെന്നു വച്ചു, ചെയ്യാതിരിക്കരുത്.

അനിഷ്ടേഭ്യോ നിവർത്തേത സുതരാം ചാവധാനതഃ
പ്രത്യക്ഷഞ്ച പരോക്ഷഞ്ച തുല്യാം ബഹുമതിം വഹേൽ 12

ആചാര്യന്നനിഷ്ടമായ യാതൊന്നിലും ഏർപ്പെടരുത്. അവയിൽ പ്രത്യേകം മനസ്സിരുത്തണം. ഗുരുവിന്റെ പ്രത്യക്ഷത്തിലും അപ്രത്യക്ഷത്തിലും ഒരേ മാതിരിയിൽ അദ്ദേഹത്തെ ബഹുമാനിക്കണം.

ഏകാക്ഷരസ്യ ദാതാരമപി നിന്ദന്തി യേ ഗുരും
ന തേഷാം സമ്പ്രതിഷ്ഠാസ്തി കുംഭീപാകം വ്രജന്തി ച 13

ഒരൊറ്റ അക്ഷരമേ പഠിപ്പിച്ചിട്ടുള്ളു എങ്കിലും ആ ഗുരുവിനെ നിന്ദിക്കുന്നവന്ന് ഒരിക്കലും ഒരേടത്തും നില കിട്ടുന്നതല്ല. അവൻ കുംഭീപാകനരകത്തിൽ പെട്ടുപോകുന്നതാകുന്നു.

അവക്ഷിപ്തോപി വിബ്രൂയാന്ന ഗച്ഛേൽ പ്രഹൃതോപി സൻ
അദ്ധ്യാപനാർത്ഥേ തത്ര സ്വാൻ പ്രാണാനപി സമർപ്പയേൽ 14

ഒരു സമയം ശകാരിച്ചാൽ പോലും മറുത്തു പറയരുത്. തല്ലിയാൽ പുറപ്പെട്ടുപോകരുത്. അധ്യയനം ചെയ്യിക്കുന്നതിന്നു പകരമായി തന്റെ പ്രാണനെപ്പോലും ഗുരുവിന്നു സമർപ്പിക്കണം

ഉത്തിഷ്ഠേൽ ഗുരുമാലോക്യ പ്രവിശന്തമഭിവ്രജേൽ
അന്തികേ തമുപസ്ഥായ പുരസ്കൃർവ്വൻ പ്രവേശയേൽ 15

ഗുരുനാഥൻ വരുന്നതു കണ്ടാൽ എഴുനീൽക്കണം. അകത്തേക്കു കടന്നു വരുമ്പോൾ എതിരേൽക്കണം. പിന്നെ സമീപത്തു ചെന്നു വിനയത്തോടുകൂടി ഗുരുവിനെ മുൻനടത്തി അകത്തേക്കു കൂട്ടിക്കൊണ്ടുവരണം.

അഭ്യുപേത്യ ച തിഷ്ഠന്തം ഭാഷേത വിനയാന്വിതഃ
തമുപസ്ഥിത ആസീനം വ്യജനേനോപവീജയേൽ 16

അകത്തുവന്നാൽ വിനയത്തോടുകൂടെ കുശലപ്രശ്നം ചെയ്യണം. ഗുരു ഇരുന്നാൽ പിന്നെ ശിഷ്യൻ വിശറി എടുത്തു വീശി ക്ഷീണം തീർക്കണം.

ശയാനം പ്രണതോ ഗച്ഛൻ ഗച്ഛന്തമനു പൃഷ്ഠതഃ
ധാവൻ ധാവന്തമാസാദ്യ പ്രാങ്മുഖശ്ച പരാങ്മുഖം 17

ഗുരു കിടന്നാൽ സമീപത്തിൽ വന്ദിച്ചു നില്ക്കണം. എങ്ങോട്ടെങ്കിലും യാത്ര പുറപ്പെടുമ്പോൾ അനുയാത്ര ചെയ്യണം. വല്ല സംഗതിവശാലും ഗുരുനാഥൻ ഓടുന്നതായിക്കണ്ടാൽ പിന്നാലെ ഓടണം. തലകുമ്പിട്ടിരിക്കുമ്പോൾ താൻ അടുത്തുചെന്നു നില്ക്കണം.

അഭിക്രുധ്യന്തമാരാദ്ധ്യ പ്രാർത്ഥനാഭിഃപ്രസാദയേൽ
വദേൽ സ്വേനൈവ വക്തവ്യം ശനകൈർവ്വച ആശു വാ 18

തന്റേയോ അന്യന്റെയോ നേരെ ശുണ്ഠി എടുത്താൽ നല്ല വാക്കു പറഞ്ഞു സമാധാനിപ്പിക്കണം. ഗുരുവിനോടു വല്ലതും പറയേണ്ടതായിട്ടുണ്ടെങ്കിൽ അതു താൻ തന്നെ നേരിട്ടു പറയണം. കാര്യഗൌരവത്തിന്റെ താരതമ്യം പോലെ ആ പറയുന്നതു സാവധാനത്തിലും ബദ്ധപ്പെട്ടും ആവാം.

ദൂരാദായാന്തമാലോക്യ പ്രത്യുത്തിഷ്ഠേൽ സദാഗുരും
അവിധാനേന തസ്യാഗ്രേ നാസീത ച ബൃഹദ് വ്രതഃ 19

ബ്രഹ്മചാരി അധ്യയനം മുതലായതു ചെയ്യുമ്പോഴല്ലാതെ ഗുരുവിന്റെ സമീപത്തിൽ ഇരിക്കരുത്.

ന തസ്യ കേവലം നാമ ബ്രൂയാത്തം ഗമനാദിഭിഃ
ചേഷ്ടാഭിഥവാ വാചാ നാനുകുര്യാൽ കദാചന 20

ഗുരുവിന്റെ സാക്ഷാൽ പേരു പറയരുത്. ('ആത്മനാമ ഗുരോർന്നാമ നാമാതികൃപണസ്യ ച ! ശ്രേയസ്കാമോ ന ഗൃഹ്ണീയാജ്ജ്യേഷ്ഠാപത്യ കളത്രയോഃ' എന്നു പ്രമാണാന്തരവുമുണ്ട്.) ആചാര്യന്റെ നടത്തം മുതലായ ചേഷ്ടകളേയോ വാക്കിന്റെ സമ്പ്രദായത്തേയോ ഒരിക്കലും അനുകരിക്കരുത്. (ഇത് ഒരുമാതിരി പരിഹാസമാകയാൽ ചെയ്യരുതെന്നു താല്പര്യം.)

യത്രേതരസ്മാന്നിന്ദാസ്യ പരിവാദോപി വാ ഭവേൽ
ന തത്ര തിഷ്ഠേദേകത്ര വർജ്ജയേച്ച സഹാസനം 21

ഗുരുവിനെക്കുറിച്ച് ആരെങ്കിലും നിന്ദിക്കുകയോ, ഗുരുവിനെ ശകാരിക്കുകയോ ചെയ്യുന്നതു കേട്ടാൽ ആ സ്ഥലത്തു നിൽക്കരുത്. ഗുരു ഒരു ദിക്കിൽ ഇരിക്കുമ്പോൾ അവിടെ ചെന്ന് ഒപ്പത്തിനൊപ്പം ഇരിക്കരുത്.

അന്യത്ര നാവോന്യത്രാശ്മഫലകാച്ഛകടാദപി
ആസനേ നീച ആസീനഃ സ്വാസീനസ്യാജ്ഞയാ ഗുരോഃ 22

അധശ്ശായീ സദൈവ സ്യാൽ പ്രാങ്നിദ്രാം നഭജേൽ
ഉത്തിഷ്ഠേൽ പൂർവ്വമേവാസ്മാദപ്രമത്തഃ സ്മരൻ വിധിം 23

എന്നാൽ വണ്ടി തോണി കരിങ്കൽപടി എന്നിവിടങ്ങളിൽ ഗുരു ഇരുന്നതിന്നുശേഷം ഗുരുവിന്റെ സമ്മതപ്രകാരം അദ്ദേഹം ഇരിക്കുന്നതിൽനിന്നു താഴെയായി ഇരിക്കാം. എപ്പോഴും ഗുരു കിടക്കുന്നതിന്റെ താഴെയല്ലാതെ കിടക്കരുത്. അദ്ദേഹം ഉറങ്ങിയതിന്നുശേഷമേ ഉറങ്ങാവൂ. ശാസ്ത്രവിധികളെ മറന്നുകളയാതെ ഗുരു ഉണരുന്നതിന്നു മുമ്പെ ഉണർന്ന് എഴുനീൽക്കുകയും വേണം.

ഗുരുവദ് വൃത്തിമാദിഷ്ഠേദാസേദുഷി ഗുരോർഗ്ഗുരൌ
തഥൈവ ഗുരുപുത്രേ ച പ്രായോ വൃത്തിം സമാശ്രയേൽ 24

ന പാദാവുപഗൃഹ്ണീയാന്നോച്ഛിഷ്ടം ത്വസ്യ ഭക്ഷയേൽ
മാതൃവൽഗുരുദാരേഷു വർത്തേതാവഹിതസ്സദാ 25

ഗുരുവിന്റെ ഗുരു വന്നാൽ സ്വന്തം ഗുരുവിനെ ഉപചരിക്കുന്ന മട്ടിൽതന്നെ ഉപചരിക്കണം. ('ഗുരോർഗ്ഗുരൌ സന്നിഹിതേ ഗുരുവദ് വൃത്തിമാചരേൽ ! ദൈവതം ഹി ഗുരുസ്തസ്യ പൂജ്യഃ കസ്മാന്ന പൂജ്യതേ' എന്നു പ്രമാണാന്തരവുമുണ്ട്). ഗുരുവിനെ അനുവർത്തിക്കേണ്ടമാതിരിയിൽതന്നെ മിക്കതും ഗുരുപുത്രനേയും അനുവർത്തിക്കണം. എന്നാൽ ഇവനെ അഭിവാദ്യം ചെയ്യേണ്ട ആവശ്യമില്ല. ഗുരുപുത്രന്റെ ഉച്ഛിഷ്ടം ഭക്ഷിക്കയുമരുത്. ഗുരുപത്നിയെ തന്റെ അമ്മയെപ്പോലെ വിചാരിക്കണം. ('ഗുരുപത്നീ രാജപത്നീ ജ്യേഷ്ഠപത്നീ തഥൈവ നഃ ച ! പത്നിമാതാ സ്വമാതാ ച പഞ്ചൈതേ മാതരഃ സ്മൃതാഃ' എന്നുണ്ട്)

ഏവംവൃത്തോ യഥാകാലസ്നായീ സന്ധ്യാം സമാചരൻ
പ്രത്യഹം സാഗ്നികാര്യഃസ്യാദധീതീ ഭൈക്ഷഭോജനഃ 26

ബ്രഹ്മചാരി മേൽപറഞ്ഞ ആചാരങ്ങളെ യഥാവിധി അനുഷ്ഠിക്കണം. നിത്യസ്നാനം സന്ധ്യാവന്ദനം ചമത മുറിച്ചിടുക മുതലായതു കൃത്യമായി അതാതിന്നു വിധിച്ച കാലങ്ങളിൽ തന്നെ ചെയ്യണം. അദ്ധ്യയനം ചെയ്കയും ഭിക്ഷപുക്കു ഭക്ഷിക്കയും വേണം.

ആമദ്ധ്യാഹ്നാദധീത്യാർക്കമുപസ്ഥായ തതഃപരം
ദണ്ഡീ ഭിക്ഷഞ്ചരേന്നിത്യം ഗുരോരദ്യാദനുജ്ഞയാ 27

ഉച്ചവരെ അദ്ധ്യയനംചെയ്തതിന്നുശേഷം ഉപസ്ഥാനം കഴിച്ചു ദണ്ഡു കൈയിലെടുത്തു ഭിക്ഷക്കു പോകണം. ഭിക്ഷകിട്ടിയാൽ അതു ഗുരുവിന്റെ സമ്മതത്തോടുകൂടി ഭക്ഷിക്കുകയും ചെയ്യാം.

ഭുഞ്ജീത കദളീപത്രേ വാമേനാലഭ്യ പാണിനാ
കുണ്ഡികാസ്രാവീതം ചാംഭഃ പിബേദന്യേന നാത്മനാ 28

വാഴയിലയിൽ മാത്രമേ ഉണ്ണാൻ പാടുള്ളൂ. (അതുതന്നെ നടുനാക്കില പാടില്ല. നാക്കിലയോ ചീന്തോ ആവാം). ഊൺ തുടങ്ങി ഒടുവിലത്തെ കുടിക്കുനീർ സോവിക്കുന്നതു വരെ ഇടത്തെ കൈ കൊണ്ട് ഇല പിടിക്കണം. വെള്ളം കുടിക്കണമെങ്കിൽ അതു മറ്റൊരുത്തൻ പകർന്നു കൊടുക്കണം. (സ്വന്തം കൈകൊണ്ടെടുത്തു കുടിപ്പാൻ പാടില്ല എന്നു താല്പര്യം)

ന കുലത്ഥാൻ ന വാ മാഷാൻ ന രസോനം ന ഗൃഞ്ജനം
ന നിര്യാസാൻ ന ച ക്ഷാരാൻ ന ശാകം ശൈഗ്രവം തഥാ 29

ന നാളികേരജം തൈലം ന ച പക്വം ദ്രവോഷ്മണാ
ന പയോ ഗുളസമ്മിശ്രം ന ലാജാംസ്താമ്രഭാജനേ 30

ന വർണ്ണദുഷ്ടമശ്നീയാന്ന ച കാളാനുസാരികാം
ന ശബ്ദദുഷ്ടം ച തഥാ പ്രത്യക്ഷലവണം ത്യജേൽ 31

ന മാക്ഷികം പിബേന്നാംബു ഗുളനാഗരമിശ്രിതം
ന രസാളാം രസം നേക്ഷോരമേദ്ധ്യമഖിലം ത്യജേൽ 32

മുതിര, ഉഴുന്ന്, ഉള്ളി, (വെളുത്തതും ചുകന്നതും), പശയായ സാധനങ്ങൾ (കായം മുതലായവ), ക്ഷാരങ്ങൾ (ചവൽകാരം, തുവച്ചിലക്കാരം മുതലായവ), മുരിങ്ങയിലക്കറി, വെളിച്ചെണ്ണ, ശർക്കരയും പാലും കൂട്ടിച്ചേർത്തത്, ചെമ്പുപാത്രത്തിലാക്കിയ മലര്, ഉലുവ, കൈയുപ്പ്, തേൻ, ചുക്കുപൊടിയിട്ട പാനകം, രസാള, കരിമ്പുനീർ ഇവയും അശുചിയായിട്ടുള്ള മറ്റെല്ലാ സാധനങ്ങളും ബ്രഹ്മചാരി വർജ്ജിക്കണം.

മൌനീ ഭുഞ്ജീതചേൽ ബ്രൂയാൽ ബ്രൂയാത്തൽ സംസ്കൃതൈഃ പദൈഃ
നാന്തരാ വിസൃജേൽ പത്രമാലബ്യം വാമപാണിനാ 33

ഉണ്ണുന്ന സമയത്ത് സംസാരിക്കരുത്. അഥവാ സംസാരിക്കേണമെങ്കിൽതന്നെ സംസ്കൃതഭാഷയിൽമാത്രമേ പാടുള്ളൂ. ഇടത്തെ കൈകൊണ്ട് പിടിച്ചഇല ഇടയ്ക്കു വിട്ടുകളയരുത്.

ന കുര്യാൽ കിഞ്ചിദുച്ഛിഷ്ടമോർദ്ധമന്ത്യാംബുപാനതഃ
പത്രസ്യ സ്പർശനം കുര്യാൽ നാതിമാത്രാശനോ ഭവേൽ 34

ഉണ്ണുമ്പോൾ ഒന്നും ശേഷിച്ചിടരുത്. ഒടുവിലെ കുടിക്കുനീർ വരെ ഇല തൊട്ടുതൊണ്ടിരിക്കണം. മിതമായിട്ടേ ഭക്ഷിക്കാവൂ.

ന കുർവ്വീത ദിവാസ്വപ്നം കൃത്വാ തു സ്നാനമാചരേൽ
കൂപകാന്ന പ്ലവേദപ്സു നാരോഹേദ് വൃക്ഷഹസ്തിനൌ 35

പകൽ ഉറങ്ങരുത്; അങ്ങിനെ ഉറങ്ങിപ്പോയി എങ്കിൽ കുളിച്ചല്ലാതെ ഭക്ഷണം കഴിക്കുകയോ സന്ധ്യാവന്ദനം ചെയ്കയോ ചെയ്യുവാൻ പാടില്ല. കുളത്തിൽ കൂപ്പു ചായരുത്. ആനപ്പുറത്തും മരത്തിന്മേലും കയറരുത്. (നിലം വിടരുതെന്നു താല്പര്യം).

പ്രവിശേന്ന വിനാദണ്ഡം ദേശാദ്ദേശന്ന വാസസാ
പാശീകൃതശിഖീ സ്യാച്ച ത്രിപുണ്ഡ്രം ധാരയേത ച 36

ദണ്ഡും മുണ്ടും കൂടാതെ ദേശം മാറരുത്. (ഒരു ദേശസകേതത്തിൽനിന്നു മറ്റൊരു ദേശസങ്കേതത്തേക്കു കടക്കരുത്). കുടുമ പിരിച്ചു കെട്ടണം. ഭസ്മം കുറിയിടുകയും വേണം.

സ്രഗ്വിലേപനതാംബൂലധൂമാലങ്കാരദർപ്പണം
അഞ്ജനോദ്വർത്തനാശ്ലീലപരീവാദാംശ്ച വർജ്ജയേൽ 37

മാല, കുറിക്കൂട്ട് ഇവ ധരിക്കരുത്. മുറുക്കുകയും പുക വലിക്കുകയുമരുത്. അലങ്കാരങ്ങൾ ഒന്നുംതന്നെ പാടില്ല. കണ്ണാടി നോക്കരുത്. കണ്ണെഴുതരുത്. അശ്ലീലങ്ങളായ വാക്കുകൾ പറയുകയും മറ്റൊരുവനെ ചീത്തവാക്കു പറകയും അരുത്.

അകാലേ നാർക്കമീക്ഷേത ശയീതീന്യേന നോ സഹ
ന പശ്യേന്മിഥുനീഭൂതാൻ പ്രാണിനഃ സ്വാനരീനിവ 38

അകാലത്തിൽ ആദിത്യനെ നോക്കരുത്. (ഉപസ്ഥാനം മുതലായതു ചെയ്യുമ്പോൾ നോക്കുന്നതിന്നു വിരോധമില്ല).മറ്റൊരാളൊന്നിച്ചു കിടക്കരുത്. ഇണകൂടിയ ജന്തുക്കളെ കാണരുത്. അവരെ ശത്രുക്കളെപ്പോലെ വർജ്ജിക്കണം.

ന സ്ത്രിയാ സഹ സല്ലാപമപി കുര്യാന്ന നർത്തനം
ന ച ഗീതം ന വാ വാദ്യം ന ച വക്ത്രനഖാദിഭിഃ 39

സ്ത്രീകളുമായി സംസാരിച്ചിരിക്കരുത്. നൃത്തം വെക്കുകയും, പാട്ടു പാടുകയും, മുഖം കൊണ്ടും നഖംകൊണ്ടും ശബ്ദം പുറപ്പെടുവിക്കുകയും താളം പിടിക്കുകയുമരുത്.

ആലസ്യമനൃതം ഹിംസാം യച്ച വാ നാഭിനന്ദതി
സ്വോപാദ്ധ്യായസ്തദപ്യേഷ യത്നേന പരിവർജ്ജയേൽ 40

മടിച്ചിരിക്കുക, പൊളി പറയുക, ജന്തുക്കളെ ഹിംസിക്കുക ഇതൊന്നും ചെയ്യരുത്. ആചാര്യൻ എന്തെല്ലാം നന്നല്ലെന്നു പറയുന്നുവോ അതൊക്കെ ഉപേക്ഷിക്കണം.

ഹിത്വാ കാലമനദ്ധ്യായമദ്ധ്യേതവ്യഞ്ച സർവ്വദാ
ഋതേ ദേവോത്സവാൽ ബ്രഹ്മസാംഗം സന്നിഹിതസ്ഥലേ 41

അനദ്ധ്യായദിവസങ്ങളൊഴിച്ച് മറ്റെല്ലാദിവസങ്ങളിലും ഓതണം. എന്നാൽ അടുത്ത അമ്പലത്തിൽ ഉത്സവമുണ്ടെങ്കിൽ അന്നു പഠിക്കേണമെന്നില്ല. ('സാംഗം ബ്രഹ്മ' എന്നു പറഞ്ഞതുകൊണ്ടു കേവലം വേദപാഠം മാത്രം ചെയ്താൽ പോര, വേദംഗങ്ങൾകൂടി അതോടുകൂടെത്തന്നെ അഭ്യസിക്കേണമെന്നുവരുന്നു. ഇക്കാര്യം ഇക്കാലത്തു കുറെ മോശംതന്നെയായിത്തീർന്നിരിക്കുന്നു. ശിക്ഷാവ്യാകരണാദിവേദാംഗങ്ങളോടുകൂടി വേദത്തെ അദ്ധ്യയനം ചെയ്ത് അർത്ഥഗ്രഹണം ചെയ്തല്ലാതെ വേദപാഠത്തിന്റെ ശരിയായ ഉദ്ദേശ്യം സാധിക്കുന്നതല്ല. എങ്കിലും കേവലവേദത്തെ എങ്കിലും വിട്ടുകളയാതിരിക്കുന്നതിനെക്കുറിച്ച് സന്തോഷിച്ച് കൃതാർത്ഥത നടിപ്പാനേ നമുക്കു തരമുള്ളു)

ഏവം യശ്ചരതി ബ്രഹ്മചര്യവ്രതമതന്ദ്രിതഃ
സന്ധ്യാസു ചാഗ്നൌ ജാഗ്രൽ സ ദിവ്യാൻ ലോകാനവാപ്നുയാൽ 42

ഈ പറഞ്ഞപ്രകാരം യാതൊരു നീക്കുപോക്കും കൂടാതെ ഏതൊരുവനാണോ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്നത്, ഏതൊരു ബ്രഹ്മചാരിയാണോ സന്ധ്യാവന്ദനം ചമത മുതലായതിൽ ശ്രദ്ധയുള്ളവനായിരിക്കുന്നത്, അവൻ ദിവ്യങ്ങളായ ലോകങ്ങളെ പ്രാപിക്കും.

കാമതോ രേതസഃ സേകം വ്രതസ്ഥസ്യ ദ്വിജന്മനഃ
വ്രതസ്യാതിക്രമം പ്രാഹസ്തം പ്രയതേന വർജ്ജയേൽ 43

ബ്രഹ്മചാരി മനഃപൂർവ്വമായി രേതസ്സ്ഖലനം ചെയ്യുന്നതായാൽ അത് അവന്റെ ബ്രഹ്മചര്യപ്രതത്തെ ദൂഷിപ്പിക്കുന്നതാകുന്നു. അതിനാൽ ഈ കാര്യത്തിൽ അത്യധികം മനസ്സിരുത്തി ആവക വിഷയങ്ങളെ കേവലം വർജ്ജിക്കേണ്ടതാകുന്നു.

ന ലുംപേച്ച വ്രതം കിഞ്ചിദപി ചേത്യുദിതാ സ്ഥിതിഃ
പ്രായ ആദ്യാശ്രമസ്ഥസ്യ യത്ര ബ്രഹ്മാവതിഷ്ഠതേ 44

ഇതാണ് ആദ്യാശ്രമത്തിലെ നിഷ്കർഷകൾ. ബ്രാഹ്മണനു വരേണ്ടതായ നന്മകൾക്കെല്ലാം അധിഷ്ഠാനമായ വേദത്തെ ഗ്രഹിക്കുന്നത് ഈ ആശ്രമത്തിൽ വച്ചാകുന്നു. അതിനാൽ ഇതിലെ വ്രതങ്ങൾക്കൊന്നും വിഘാതം കൂടാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു.

ഒന്നാമദ്ധ്യായത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം പ്രഥമസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ

പ്രഥമാധ്യായഃ സമാപ്തഃ

ദ്വിതീയാദ്ധ്യായഃ

പ്രഥമഃ പാദഃ

## അദ്ധ്യയനം

സാകല്യേന സമാശ്രിത്യ ധർമ്മാൻ സ്വാനാഗമോദിതാൻ
ബ്രഹ്മചാരീ ചരേദ്വേദാംശ്ചതുരസ്ത്രീനുഭൌ തു വാ 1

ഏകം തു വാ യഥാശക്തി സഹാംഗൈർദ്ധർമ്മശാസ്ത്രവിൽ
വാകോ വാക്യാദികം ചാന്യദേഷ ധർമ്മോ മഹത്തമഃ 2

അദ്ധ്യായം 2, പാദം 1

അതാതു ഗൃഹ്യോക്തപ്രകാരം വേണ്ടുന്ന ബ്രഹ്മചര്യാശ്രമധർമ്മങ്ങളിൽ ഒന്നുപോലും വിട്ടുകളയാതെ ബ്രഹ്മചാരി നാലോ മൂന്നോ രണ്ടോ ഒന്നോ വേദത്തെ യഥാശക്തി അധ്യയനം ചെയ്യണം. ഇതാകുന്നു ബ്രഹ്മചാരിയുടെ ഉത്തമധർമ്മം

തപോയജ്ഞവ്രതാദീനാം സർവ്വേഷാഞ്ച സുകർമ്മണാം
പ്രാണദം വേദമേവാഹസ്തസ്മാത്തം ന പരിത്യജേൽ 3

തപസ്സ് യജ്ഞം വ്രതം മുതലായവ, വേദാധ്യയനമില്ലെങ്കിൽ പ്രാണനില്ലാത്തതുപോലെയാകുന്നു. അതിനാൽ ഒരിക്കലും വേദത്തെ അധ്യയനം ചെയ്യാതിരിക്കരുത്.

ദ്വിജന്മാ യ ഋചോധിതേ സ തർപ്പയതി ദേവതാഃ
പിതൃംശ്ച മധുദുഗ്ദ്ധാഭ്യാം മധ്വാജ്യാഭ്യാമപി ക്രമാൽ 4

ഋഗ്വേദാധ്യയനം ചെയ്താൽ, തേൻകൊണ്ടും പാൽകൊണ്ടും ദേവകളേയും, തേൻകൊണ്ടും നെയ്യുകൊണ്ടും പിതൃക്കളേയും തൃപ്തി വരുത്തുന്ന ഫലം സിദ്ധിക്കുന്നതാകുന്നു.

യോന്വഹം ശക്തിതോധീതേ യജൂംഷി സഘൃതാമൃതൈഃ
തർപ്പയത്യമരാൻ സർവ്വാൻ പിതൃംശ്ച മധുനാ തഥാ 5

യജുർവ്വേദം അധ്യയനം ചെയ്താൽ നെയ്യുകൊണ്ടും അമൃതുകൊണ്ടും ദേവന്മാരെയും, തേൻകൊണ്ടു പിതൃക്കളേയും തൃപ്തി വരുത്തിയ ഫലം സിദ്ധിക്കുന്നതാണ്.

യേന സാമാനി ഗീയന്തേ യഥാശക്തി ദിനേ ദിനേ
സോമരാൻ സോമസർപ്പിർഭ്യാം പിതൃംശ്ച മധുസർപ്പിഷാ 6

പ്രതിദിനം സാമവേദാധ്യയനം ചെയ്താൽ, സോമരസം കൊണ്ടും നെയ്യുകൊണ്ടും സുരന്മാരേയും, തേൻകൊണ്ടും നെയ്യുകൊണ്ടും പിതൃക്കളേയും തൃപ്തിവരുത്തിയ ഫലമുണ്ടാകുന്നു.

യഃ പ്രത്യഹമഥർവ്വാണമധീതേ ശക്തിതോ ദ്വിജഃ
മേദഃ സ ദത്തേ ദേവേഭ്യഃ പിതൃഭ്യോ മധുസർപ്പിഷീ 7

അഥർവ്വവേദാധ്യയനം ചെയ്യുന്നവൻ ദേവകൾക്കു മേദോവൃദ്ധിയുണ്ടാക്കുന്നു. പിതൃക്കൾക്കു മധുസർപ്പിസ്സുകളെ കൊടുക്കുന്നു.

വാകോ വാക്യം പുരാണാനി നാരാശംസീശ്ച ഗാഥികാഃ
ഇതിഹാസാംശ്ച യോധീതേ വൈദ്യകാദീനി ചാന്വഹം 8

ശക്തിതസ്സ മധുക്ഷീരമാംസൌദനഘൃതൈസ്സുരാൻ
പിതൃംശ്ച മധുസർപ്പിഭ്യാം സർവ്വാംസ്തർപ്പയതി ധ്രുവം 9

അനുവാകം, വാക്യം, പുരാണങ്ങൾ, ഭഗവന്മാഹാത്മ്യപ്രതിപാദികങ്ങളായ കഥകൾ, ഇതിഹാസങ്ങൾ, ആയുർവ്വേദം മുതലായത് ഇവയുടെ അധ്യയനത്തിനും പിതൃദേവപ്രീതിയാകുന്നു ഫലം.

സർവ്വകാമപ്രദാനേന തൃപ്താസ്തം തർപ്പയന്തി തേ
ഏവം വിദ്വാനധീതി സ്യാദാമ്നായാദിഷു ശക്തിതഃ 10

ഇങ്ങിനെ വേദാധ്യയനാദികളെക്കൊണ്ടു സന്തുഷ്ടന്മാരായ ദേവകളും പിതൃക്കളും ഇവന്നു സകലസമൃദ്ധിയേയും ഉണ്ടാക്കിക്കൊടുക്കുന്നു. അതിനാൽ മുൻപറഞ്ഞ വേദാദ്യധ്യയനം അവശ്യം ചെയ്യേണ്ടതാകുന്നു.

സർവ്വേഷാമദ്ധ്വരാണാം യത്തപസോ യൽ പരസ്യ ച
തൽഫലം സർവ്വമാപ്നോതി നിത്യം സ്വാധ്യായവാൻ ദ്വിജഃ 11

നിത്യം സ്വാധ്യായം ചെയ്താൽ എല്ലാവിധ യാഗങ്ങളുടേയും ഉൽകൃഷ്ടമായ തപസ്സിന്റേയും ഫലം സിദ്ധിക്കുന്നതാകുന്നു.

നൈഷ്ഠികസ്തു ഗുരോരേവ ബ്രഹ്മചാര്യന്തികേ വസേൽ
തദഭാവേ തു തത്സൂനോര്യാവദായുർധൃതവ്രതഃ 12

എന്നും ബ്രഹ്മചര്യാശ്രമത്തിൽതന്നെ ഇരിപ്പാൻ വിചാരിക്കുന്നവൻ (നൈഷ്ഠികബ്രഹ്മചാരി) തന്റെ ആയുഷ്കാലം മുഴുവനും ഗുരുശുശ്രൂഷ ചെയ്തുകൊണ്ടു ഗുരുകുലത്തിൽതന്നെ താമസിക്കണം. ഗുരുനാഥന്റെ മരണശേഷം ഗുരുപുത്രനെ ശുശ്രൂഷിച്ചുകൊള്ളണം.

ധർമ്മേണാനേന സംസാധ്യ ശരീരം സംയതേന്ദ്രിയഃ
ബ്രാഹ്മം ലോകമവാപ്നോതി സ പുനർന്നേഹ ജായതേ 13

ഇങ്ങിനെ ചെയ്യുന്നതായാൽ അവന്നു ബ്രഹ്മലോകപ്രാപ്തിയുണ്ടാകും. പിന്നെ ജനനമുണ്ടാകയുമില്ല.

വേദം വ്രതാൻ വാഥാന്യസതു പാരം നീത്വോഭയഞ്ച വാ
ഗുരവേ ദക്ഷിണാം ദത്വാ സ്നായാച്ച തദനുജ്ഞയാ 14

അഥ സ്നാതക ഏവ സ്യാദ്യാവജ്ജീവം ഗൃഹം വ്രജേൽ
വനം വാ ജാതനിർവ്വേദഃ പ്രവ്രജേദ്വാ ദ്വിജോത്തമഃ 15

അല്ലെങ്കിൽ ഗുരുദക്ഷിണചെയ്തു സ്നാതകവൃത്തിയായിരിക്കണം. ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതിന്നും വിരോധമില്ല. വാനപ്രസ്ഥനോ ഭിക്ഷുവോ ആകുന്നതിന്നും വിരോധമില്ല.

### ഗൃഹസ്ഥാശ്രമസ്വീകാരം

ഏക ഏവ ഗൃഹം ഗച്ഛേജ്ജ്യേഷ്ഠപുത്രോ ന ചേതരഃ
ഭ്രാതൃഷ്വേകസ്യ പുത്രേണ സർവ്വേ തേ സ്യുർഹി പുത്രിണഃ 16

ജ്യേഷ്ഠപുത്രൻമാത്രമേ വിവാഹം ചെയ്യാവൂ. ജ്യേഷ്ഠാനുജന്മാരിൽ ആർക്കെങ്കിലും ഒരാൾക്കു പുത്രനുണ്ടായാൽ ആ പുത്രനെക്കൊണ്ടുതന്നെ മറ്റുള്ളവരും പുത്രവാന്മാരായിത്തീരും. (അച്ഛന്റെ പിതൃകർമ്മംപോലെ വലിയച്ഛന്മാരുടേയും അഫന്മാരുടേയും പിതൃകർമ്മം ചെയ്യുവാൻ അവനധികാരമുണ്ടെന്നു താല്പര്യം).

സംഭാവ്യമാനേ ചാമുഷ്മിന്നപുത്ര ഇതരോപി തൽ
പ്രാപ്തുമർഹതി ധർമ്മേണ രാമക്ഷേത്ര ഇയം സ്ഥിതിഃ 17

ജ്യേഷ്ഠപുത്രൻ വിവാഹം ചെയ്തതിൽ സന്തതിയുണ്ടാവില്ലെന്നുകണ്ടാൽ അനുജൻ കൂടി വിവാഹം ചെയ്യണം. ഇങ്ങിനെയാകുന്നു ഇവിടുത്തെ നടപ്പ്.

ഗൃഹം ഗമിഷ്യൻ വിപ്രസ്തു മൃഗയേതാത്മനസ്സമാം
കന്യാം വാ രോഹിണീം ഗൌരീമഥവാ ന ച മധ്യമാം 18

വിവാഹം ചെയ്യുവാനാഗ്രഹിക്കുന്ന ബ്രാഹ്മണൻ തനിക്കനുരൂപയായ കന്യകയെ അന്വേഷിക്കണം. കന്യ, രോഹിണി, ഗൌരി ഇവരെ വിവാഹം ചെയ്യാം. മധ്യമയെ വിവാഹം ചെയ്യരുത്. ('യാവന്ന ലജ്ജിതാംഗാനി കന്യാ പുരുഷസന്നിധൌ ! യോന്യാദീനി നിഗൂഹേത താവൽ ഭവതി കന്യകാ' എന്നു പുരാണത്തിൽ കാണുന്നു. രോഹിണി = ഒമ്പതു വയസ്സായവൾ. ഗൌരി= എട്ടു വയസ്സായവൾ. കന്യാ=പത്തു വയസ്സായവൾ. 'അഷ്ടവർഷാ ഭവേൽ ഗൌരീ നവവർഷാതു രോഹിണീ ! ദശവർഷാ ഭവേൽ കന്യാ അത ഊർദ്ധ്വം രജസ്വലാ' എന്നു യമസ്മൃതിയിൽ കാണുന്നു. മധ്യമയെ (തിരണ്ടവളെ) വിവാഹം ചെയ്യരുത്. 'സ്യാന്മധ്യമാ ദൃഷ്ടരജാഃ' എന്നമരം.

സ്ത്രീ തു ദൃഷ്ടരജസ്കാപി രാമക്ഷേത്രേ ന ദുഷ്യതി
ഇതി വാ ഭാർഗ്ഗവാദേശാന്മധ്യമാം നാന്യപൂർവ്വികാം 19

എന്നാൽ മലയാളത്തിൽ സ്ത്രീ തിരണ്ടുപോയാലും വിവാഹം ചെയ്യാമെന്നു മഹർഷി സമ്മതിച്ചിട്ടുണ്ട്. അതിനാൽ ആപദ്ധർമ്മമായി രജസ്വലാവിവാഹവും ഇവിടെ ചെയ്തുവരുന്നുണ്ട്. എന്നാൽ അവളിൽ മറ്റൊരു പുരുഷന്റെ ഗമനമുണ്ടായിട്ടില്ലെങ്കിൽ മാത്രമേ അവളെ വേൾക്കാവൂ എന്നേതായാലും നിർബ്ബന്ധമുണ്ട്. (ഋതുവായതിന്നു ശേഷം ചെയ്യുന്ന വിവാഹത്തെ സകല സ്മൃതികാരന്മാരും നിന്ദിക്കുന്നു. അതിനാൽ കഴിയുന്നതും അതിന്നു മുമ്പു തന്നെ വിവാഹം ചെയ്യേണ്ടതാകുന്നു. ഇക്കാര്യത്തിൽ മലയാളികൾ ഭാർഗ്ഗവന്റെ അർദ്ധാനുവാദത്തെ പിടിച്ചുകയറി 30-ഉം 40-ഉം വയസ്സുവരെ കന്യകമാരെ മുക്കിൽ വെച്ചുകൊണ്ടിരിക്കുന്നു. അതുനിമിത്തംതന്നെ അനേകം തറവാടുകൾ തീരെ നശിപ്പാനിടയായിവരുന്നു. ലോകവേദവിരുദ്ധമായ ഈ ദുരാചാരത്തെ കഴിയുന്നതും വേഗത്തിൽ ഉന്മൂലനം ചെയ്യുവാനാണ് മലയാളികൾ ഒന്നാമതായി ശ്രമിക്കേണ്ടത്).

കല്യാം ശീലവതീം വൽഗുഭാഷിണീം സസഹോദരാം
അസപിണ്ഡാം ച സുശ്രോണീമസമാനാർഷഗോത്രജാം 20

എല്ലാ പ്രവൃത്തികൾക്കും സാമർത്ഥ്യമുള്ളവളും സുശീലയും ഭംഗിയായി സംസാരിക്കുന്നവളും ഉടൽപിറന്നവനുള്ളതും കന്യകയെയാണ് സപിണ്ഡയും സഗോത്രയുമല്ലാത്തവളും കണ്ടാൽകുറെ ഭേദമായവളുമായ കന്യകയെയാണ് വിവാഹം ചെയ്യേണ്ടത്. (ഇനി രണ്ടാംപാദത്തിന്റെ അവസാനംവരെ സപിണ്ഡവിഭാഗമാകുന്നു. അതു വിസ്തരിച്ചിട്ടു വലിയ ഉപയോഗം കാണാത്തതിനാൽ അതുവരെ വ്യാഖ്യാനക്ലേശം നിർത്തിവെക്കുന്നു).

### സപിണ്ഡവിഭാഗം

അഥാഭിധീയതേ കാചിൽ സാപിണ്ഡ്യപ്രക്രിയാ ലഘ്വീ
യദ്വിജ്ഞാനേന സാപിണ്ഡ്യം സ്യാൽ സർവ്വൈരപി സുഗ്രഹം 21

യസ്മാൽ പുംസ ഉഭേ ശാഖേ സന്താനസ്യാഗ്രജന്മനഃ
സ്യാതാം തദ്വയജാതാനാം സ തു കൂടസ്ഥ ഉച്യതേ 22

ജാതസ്യ പുരുഷസ്യാത്ര കൂടസ്ഥസ്യ തു സപ്തമാൽ
താവതാ വിപ്രകൃഷ്ടാ തു കന്യാ മുഖ്യതമാ സ്മൃതം 23

യദ്യസൌ ഭിന്നഗോത്രഃസ്യാൽ കൂടസ്ഥോ മാതൃബാന്ധവഃ
തസ്മാൽ ഷഷ്ഠസ്യ ഷഷ്ഠീ ച കന്യാ മുഖ്യതമാ സ്മൃതാ 24

കൂടസ്ഥസ്യ വരസ്യാപി ഗോത്രഭേദോന്തരാ ന ചേൽ
വരസ്യാസ്യ സ കൂടസ്ഥഃ പിതൃബന്ധുരിതി സ്മൃതഃ 25

പിതൃബന്ധോർവ്വരസ്യാപി സപ്തമസ്യ ച സപ്തമീ
മാതൃബന്ധോസ്തു മുഖ്യാസൌ പഞ്ചമസ്യ തു പഞ്ചമീ 26

പഞ്ചമസ്യ വരസ്യാഹുഃ പിതൃബന്ധോസ്തു പഞ്ചമീം
മദ്ധ്യമാമാപദി ഗ്രാഹ്യാമേകേ ധർമ്മവിചക്ഷണാഃ 27

സാമർത്ഥ്യാദർത്ഥവാദസ്യ ശ്രുതിവാക്യസ്യ സമ്മതം
മാതൃബന്ധോശ്ചതുർത്ഥീ ച വേദ്യാദ്യാദ്യാ ഇഹോത്തമാ 28

കൂടസ്ഥാൽ പഞ്ചമസ്യ സ്ത്രീം ചതുർത്ഥീമധമാം വിദുഃ
പഞ്ചമീ മദ്ധ്യമാ തസ്മാൽ ഷഷ്ഠാദ്യാഃ പുനരുത്തമാഃ 29

പുരുഷാപേക്ഷയാ ശ്രേഷ്ഠോ വിപ്രകർഷോധികഃ സ്ത്രീയാഃ
ഇതി കേചിദഥാന്യേ തം പുരുഷസ്യ വരം വിദുഃ 30

തേഷാം മതേ തു ഷഷ്ഠസ്യ മുഖ്യാ പ്രായേണ പഞ്ചമീ
സ്മര്യതേ ച പുമാൻ ഷഷ്ഠഃ പഞ്ചമീമുദ്വഹേദിതി 31

പിതുഃ പിതൃഷ്വസുഃ പിത്രോഃ പിതുർമ്മാതൃഷ്വസുഃ സുതാഃ
പിതുർമ്മാതുലപുത്രാശ്ച വിജ്ഞേയാഃ പിതൃബന്ധവഃ 32

ഏവം ഗോത്രസ്യ ഭേദേപി കൂടസ്ഥേ പിതൃപക്ഷതാ
യദി കല്പ്യേത തേനസ്യാദ്ഗുസ്സഹാനിഷ്ടസംഗതിഃ 33

തഥാപി സ്വപിതുർമ്മാതാമഹസ്യ പ്രപിതാമഹാൽ
കൂടസ്ഥാദന്യസന്താനജാതാ കന്യാ തു സപ്തമീ 34

പിതൃപക്ഷേപി താതസ്യ നോദ്വാഹ്യാത ഇതി സ്ഥിതിഃ
സാപിണ്ഡസ്യ ക്ഷതിസ്തൂർദ്ധ്വം പിതൃപക്ഷേ ഹി സപ്തമാൽ 35

അപി ചാസ്യ വരസ്യൈവ പിതുരേഷാ തു കന്യകാ
മാതൃപക്ഷഗതാ ഷഷ്ഠീ യോഗ്യേതി ച ഭവേദ്യതഃ 36

സാപിണ്ഡ്യസ്യ നിവൃത്തിസ്തു മാതൃപക്ഷേ ഹി പഞ്ചമാൽ
ഊർദ്ധ്വം തു മുഖ്യേ കല്പേപി തദേഷാ സ്യാദസംഗതിഃ 37

പുത്രസ്യ യേന മാർഗ്ഗേണ കന്യാ യാ സ്യാജ്ജുഗുപ്സിതാ
പിതുസ്തേനൈവ മാർഗ്ഗേണ സാ ച യോഗ്യേതി യൽ ഭവേൽ 38

തസ്മാൽ സഗോത്രഃ കൂടസ്ഥഃ പിതൃപക്ഷതയാ മതഃ
തസ്യൈവ മുഖ്യസാപിണ്ഡ്യമിതരസ്യ ന യുജ്യതേ 39

പിത്രാദയഃ സപിണ്ഡാഃ ഷൾ ത്രയോ മാതാമഹാദയഃ
മാതുർമ്മാതാമഹോ മാതുസ്സ ച യസ്തു പിതാമഹഃ 40

മാതുഃ പിതാമഹസ്തസ്യ സോപി സ്തു പിതാമഹഃ
മാതാമഹ്യാഃ പിതാമഹ്യാസ്തഥാ മാതാമഹസ്യ ച 41

പിതാമഹസ്യ ചൈതേഷാം ചതുർണ്ണാഞ്ച പിതാമഹാഃ
യദ്യന്യതമ ഏതേഷാം കൂടസ്ഥ ഉഭയോരപി 42

തയോസ്സപിണ്ഡ്യമന്യോന്യം സ്ത്രീയശ്ച പുരുഷസ്യ ച
തേഭ്യോന്യശ്ചേന്ന സാപിണ്ഡ്യമിതി സാപിണ്ഡ്യവേദിനഃ 43

ഗോത്രപ്രവരയോരൈക്യേ യോനിയോഗഃ പരസ്പരം
നിവൃത്തേപി ച സാപിണ്ഡ്യേ നഷ്ടോ ധർമ്മവിദാമിഹ 44

മാതൃവംശേപി തുല്യത്വേ നോദ്വാഹഃ കൈശ്ചിദിഷ്യതേ
മാതുർവ്വംശോ ദുഹിത്രാദിഃ പിതുഃ പുത്രാദികഃ സ്മൃതഃ 45

ഇതി ദ്വിതീയസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

### സപിണ്ഡവിഭാഗത്തിൽ പക്ഷാന്തരം

ശിഷ്ടാചാരാദർത്ഥവാദശ്രുതിസാമർത്ഥ്യതോപി വാ
കേചിദ്വിശേഷമിച്ഛന്തി സാപിണ്ഡ്യപരിചിന്തനേ 1

അഷ്ടമ്യാഃ പിതൃബന്ധോശ്ച ഷഷ്ഠ്യാ വാ മാതൃബന്ധുതഃ
സാപിണ്ഡ്യസ്യ നിവൃത്തത്വാദുദ്വാഹസ്സർവ്വസമ്മതഃ 2

തേഷാം മതേ തതോപ്യർവ്വൺ നിവൃത്തിഃസ്യാദിതി സ്ഥിതിഃ
വിവേകം ദർശയിഷ്യാമസ്തന്മതസ്യാത്ര പശ്യതഃ 3

ഉഭയോരേകകൂടസ്ഥാജ്ജാതയോഃ കുലശാഖയോഃ
ഏകസ്യ യാവതി സ്ഥാനേ പുമാൻ യാവതി കന്യകാ 4

താവതോരന്യശാഖായാമപി തൌ സ്ഥാനയോർയദി
തയോസ്സപിണ്ഡതാഭേദഃ ക്രമസ്യാസ്യ തു യാവതി 5

സ്ഥാനേ തദന്തം സാപിണ്ഡ്യം നാത ഊർദ്ധ്വമിതി സ്ഥിതിഃ
കൂടസ്ഥാൽ പഞ്ചമസ്യാതോ വരസ്യ തു നിയമ്യതേ 6

ഏതാദൃശീ സ്യന്മുഖ്യേതി പഞ്ചമീഷു വിശേഷതഃ
ചതുർത്ഥസ്യ തൃതീയസ്യ ചതുർത്ഥ്യാ ച തൃതീയയാ 7

യോഗ ഏഷാം മതോനേന സിദ്ധാന്തേനേതി ച ധ്രുവം
വിവാഹസ്യ വിധൌ നൈതദ്വരവധ്വോർവ്വിശേഷണം 8

അഗ്രാഹ്യത്വപ്രസംഗേന ഭിന്നസ്ഥാനഭുവഃ സ്ത്രീയാഃ
യുക്തായുക്തവിവേകാർത്ഥം ചതുർത്ഥീ പഞ്ചമീവൃതൌ 9

താസാം സുബോധഃ പ്രസ്താരഃ സംപ്രദായേന കഥ്യതേ
കന്യായാമപി കൂടസ്ഥാച്ചതുർത്ഥ്യാം ച വരസ്യ ച 10

പുരുഷക്രമഭേദേന ഭേദാഃ ഷോഡശ മധ്യതഃ
പുത്രൌ പുത്രീ ച പുത്രശ്ച പുത്രഃ പുത്രീ ച കന്യകേ
ഭേദാഃ സ്യുരിത്ഥം ചത്വാരോ വരകൂടസ്ഥമദ്ധ്യമൈഃ 11

കൂടസ്ഥാ അപി ചത്വാരോ ഭവേയുസ്തൈസ്തഥൈവ തൈഃ
കന്യാകൂടസ്ഥമധ്യോത്ഥൈശ്ചതസ്രോപി ച കന്യകാഃ 12

മാതുഃ പിതാമഹോ മാതാമഹോ മാതുശ്ച താവിതി
കൂടസ്ഥാസ്തത്ര ചത്വാരസ്തൽകന്യാശ്ച പൃഥക് പൃഥക് 13

വരകൂടസ്ഥപുത്രസ്യ ഭ്രാതുസ്സംബന്ധിനഃ സ്വസുഃ
പുത്രസ്യ വാ തയോഃ പുത്ര്യാശ്ചതസ്ര ഇഹ കന്യകാഃ 14

ചതസ്രഃ സ്യുസ്തഥാന്യേഷാമിതി ഭേദാസ്തു ഷോഡശ
പിതാമഹഃ സ്യാൽ കൂടസ്ഥപുത്രസ്തു പ്രപിതാമഹേ 15

കൂടസ്ഥേ സതി തദ്വാരശ്ചതസ്രഃ സ്യുർഹി കന്യകാഃ
മാതുഃ പിതാമഹേ തസ്മിൻ മാതാമഹവശാ ഇമേ 16

മാതുർമ്മാതാമഹേ തദ്വദേതാ മാതാമഹീവശാഃ
അഥോപയോഗ ഇയതാ പ്രപഞ്ചേനാഭിധീയതേ 17

വരകൂടസ്ഥയോസ്തത്ര സംബന്ധോ യാദൃശോ ഭവേൽ
കന്യാകൂടസ്ഥയോശ്ചാസൌ താദൃശശ്ചേദയം വിധിഃ 18

തത്തൽസംഖ്യാമിതാഃ കന്യാസ്തത്തദ്വർഗ്ഗേഷു വർജ്ജയേൽ
സർവ്വേഷാമപി വർജ്ജ്യാ സ്യാൽ സഗോത്രത്വാദിഹാദിമാ 19

മാതുസ്സമാനഗോത്രത്വാദ്വർജ്ജ്യതേ ചാഖിലാന്തിമാ
പഞ്ചമ്യാഃ പഞ്ചകസ്യാപി പ്രസ്താരഃസ്യാദതഃ പരം 20

തത്ര സ്യുരഷ്ടൌ കൂടസ്ഥാശ്ചതുഃഷഷ്ടിശ്ച യോഷിതഃ
അന്തഃസ്ഥേഷു ത്രിഷു സ്വസ്ഥേ ദ്വയോഃ പ്രാക് ച നിരൂപിതാഃ 21

കൂടസ്ഥാഷ്ടകതഃ കന്യാസ്താവത്സംഖ്യാഃ പൃഥക് പൃഥക്
പുമാംസഃ സ്ത്രീ ച പുരുഷൌ പുമാംസ്ത്രീ പുരുഷസ്തഥാ 22

സ്ത്രീ വധൂശ്ച നരശ്ചാപി നരോ നാ കന്യകാപി ച
കന്യകാ പുരുഷഃ കന്യാ പുമാൻ നാരീ ച കന്യകാ 23

സ്ത്രിയശ്ചേത്യഷ്ട ഭേദാഃസ്യുരിഹ പ്രസ്തുതിവർത്മനാ
കൂടസ്ഥാനപി വക്ഷ്യാമി താനഷ്ടൌ ച നിബോധത 24

പിതാമഹസ്യ പിത്രോർയ്യൌ പിതരൌ തസ്യ ച സ്ത്രിയഃ
മാതാമഹസ്യ തന്നാര്യാ ഇത്യഷ്ടൌ കൂടസംസ്ഥിതാഃ 25

പിതുഃ പിതാമഹസ്തസ്യ പത്നീ മാതാമഹഃ പിതുഃ
തസ്യ പത്നീ ച മാതുശ്ച പിതാമഹനിജസ്ത്രിയൌ 26

മാതുർമ്മാതാമഹസ്തസ്യ പത്നീ ചേതി ക്രമാദിഹ
കൂടസ്ഥാനാമപത്യാനി സ്യുരഷ്ടപരിസംഖ്യയാ 27

ഭ്രാതുഃസ്വസുശ്ച പുത്രസ്യ ദുഹിതുശ്ച തയോഃക്രമാൽ
പൌത്ര്യഃകന്യാശ്ചതസ്രഃസ്യുർദ്ദൌഹിത്ര്യശ്ചേതി കല്പയേൽ 28

ഉദ്വഹ്യന്തേ ദാക്ഷിണാത്യൈർമ്മാതുലസ്യ സുതാ ദ്വിജൈഃ
മധ്യദേശേ കർമ്മകരാഃ ശില്പിനശ്ച ഗവാശിനഃ 29

പ്രാച്യാ മത്സ്യാശിനസ്സർവ്വേ വ്യഭിചാരരതാഃ സ്ത്രിയഃ
ഉത്തമാ മദ്പാചാരാഃ സ്പൃശ്യാശ്ചൈവ രജസ്വലാഃ 30

വർഷജാതാഃ പ്രഗൃഹ്ണന്തി ഭ്രാതൃഭാര്യാമഭർത്തൃകാം
ഇത്ഥമാചരതഃപ്രാപ്തോ ധർമ്മ ഏകൈകദേശിനാം 32

ഇതി ദ്വിതീയസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ

### ബ്രാഹ്മാദ്യഷ്ടവിവാഹപ്രകരണം

വിപ്രോ വിപ്രകുലോൽപന്നാം ധർമ്മാൽ പരിണയേദ്വധൂം
കാമേന ക്ഷത്രിയാം വൈശ്യാം ന തു ശൂദ്രാം കഥഞ്ചന 1

ബ്രാഹ്മണൻ ധർമ്മാർത്ഥമായി വിവാഹം ചെയ്യുന്നതു ബ്രാഹ്മണകന്യകയെത്തന്നെയായിരിക്കണം. കാമാർത്ഥമായി ക്ഷത്രിയകന്യകയേയോ വൈശ്യകന്യകയേയോ സ്വീകരിക്കാം. ശൂദ്രകന്യകയെ ഏതായാലും പാടില്ല.

വിവാഹാ ബ്രാഹ്മദൈവാർഷപ്രാജാപത്യാസ്തഥാസുരഃ
ഗാന്ധർവ്വരാക്ഷസൌ ചൈവ സപ്ത ശസ്താഃ പ്രകീർത്തിതാഃ 2

പൈശാചികാഷ്ടമസ്തേഷാം തം വിദ്യാൽ കുലനാശനം
അശസ്തോതസ്സ വിജ്ഞേയഃ പാപിഷ്ഠഃ പാപിനാമപി 3

ബ്രാഹ്മം മുതലായ 8 വിവാഹങ്ങളുടെ പേർ പറയുന്നു. ഇതിൽ പൈശാചമെന്ന എട്ടാമത്തെ വിവാഹം കുലനാശത്തെ ചെയ്യുന്നതാകുന്നു. അതു പാപികൾ പോലും ചെയ്യരുത്

ആദ്യാശ്ചത്വാര ഏതേഷു വിപ്രാണാം വൃദ്ധിഹേതവഃ
ക്ഷത്രിയസ്യ തു ഗാന്ധർവ്വോ രാക്ഷസശ്ച തഥാ സ്മൃതഃ 4

ആസുരോപി ച വൈശ്യസ്യ സ നിന്ദ്യോ വിപ്രഭൂജോഃ
ആപന്നോപി ന കുർവ്വീത തത്ര വിപ്രസ്തദാശ്രയം 5

ഇവയിൽ ആദ്യത്തെ നാലുതരം വിവാഹങ്ങൾ (ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം) ബ്രാഹ്മണർക്ക് ഉത്തമമാകുന്നു. ക്ഷത്രിയന്നു ഗാന്ധർവ്വമാണ് ഉത്തമം. രാക്ഷസവും വിരോധമില്ല. വൈശ്യന്ന് ആസുരവിവാഹവുമാവാം. അതു ബ്രാഹ്മണക്ഷത്രിയന്മാർക്കു നിന്ദ്യമാകുന്നു. ബ്രാഹ്മണൻ എത്രതന്നെ കഷ്ടത്തിൽപ്പെട്ടാലും ആസുരവിവാഹത്തെ ചെയ്യരുത്.

പിത്രാ ദത്താം സമാഹൂയ സപ്രാവരണഭൂഷണാം
ഗൃഹ്ണാതി യത്സ തു പ്രോക്തോ ബ്രാഹ്മോ വൈവാഹികോ വിധിഃ 6

കന്യകയുടെ അച്ഛൻ വരനെ ക്ഷണിച്ചുവരുത്തി വസ്ത്രഭൂഷണാദ്യലംകൃതയായ കന്യയെ ദാനം ചെയ്യുന്നതു ബ്രാഹ്മവിവാഹമാകുന്നു.

വിതായമാനേ യജ്ഞേ തു ദത്താം കന്യാമലംകൃതാം
ഋത്വിഗ്ഗൃഹ്ണാതി യൽ കർമ്മ കുർവ്വൻ ദൈവസ്സ കഥ്യതേ 7

യാഗാവസാനത്തിൽ യജമാനൻ തന്റെ കന്യയെ ഋത്വിക്കിനായി കൊടുക്കുന്നതു ദൈവം.

ദത്വാ ഗോമിഥുനം കന്യാമാദത്തേ യദസൌവിധിഃ
ആർഷഃ സഹോഭൌ ചരതം സഹധർമ്മമിതി ബ്രുവൻ 8

യൽ പ്രയച്ഛതി യച്ചേമാം ഗൃഹ്ണാതി സ തതഃപരഃ
ജ്ഞാതിഭ്യോ ദ്രവിണം ദത്വാ കന്യാദാനം യദാസുരഃ 9

വരൻ കന്യകയുടെ അച്ഛന്ന് ഒരു കാളയും ഒരു പശുവും കൊടുത്തു കന്യയെ പകരം വാങ്ങുന്നത് ആർഷം. 'നിങ്ങൾ രണ്ടാളും കൂടി ഒരുമിച്ചു ധർമ്മം ചരിക്കുവിൻ' എന്നു പറഞ്ഞു (സഹധർമ്മം ചരതം – സഹധർമ്മശ്ചര്യതാം) കന്യെ കൊടുക്കുന്നതു പ്രാജാപത്യം. (ഈ പ്രാജാപത്യവിവാഹമാണ് ഇപ്പോൾ ഇവിടെ നടപ്പുള്ളത്). കന്യകയുടെ ഉടമസ്ഥന്മാർക്കു പണം കൊടുത്തു കന്യകയെ വാങ്ങുന്നതാകുന്നു ആസുരം.

സ വിധിർവ്വർജ്ജ്യ ഏവാസൌ വിപ്രാണാം ഭാർഗ്ഗവക്ഷിതൌ
ക്രീതാ ദ്രവ്യേണ യാ നാരീ സാ ന പത്നീത്വമർഹതി 10

ദാസീപദം സമാരോഢുമർഹത്യേഷേതി ഭാർഗ്ഗവഃ
നേഛാമസ്തദ്വിജാതീനാം ത്രയാണാമപ്യമും വിധിം 11

ഇവിടെ ബ്രാഹ്മണർക്ക് അതു കേവലം വർജ്ജ്യമാകുന്നു. വിലയ്ക്കുവാങ്ങിയവളെ പത്നി എന്നു പറഞ്ഞുകൂട; അവൾ കേവലം ദാസിയത്രെ. അതിനാൽ ത്രൈവർണ്ണികന്മാർക്കാർക്കും ഈ വിവാഹം പാടില്ലെന്നാകുന്നു ഭാർഗ്ഗവമതം.

ആസുരേണ വിധാനേന ദാതാ സ്യാന്മാംസവിക്രയീ
കന്യായാശ്ച വരസ്യാപി യോ ഭവേൽ സ്വേച്ഛയാ കൃതഃ 12

ആസുരമായിട്ടു കന്യകയെ കൊടുക്കുന്നവൻ മാംസവിക്രയം ചെയ്യുന്നവനോടു തുല്യനാകുന്നു. കന്യകയും വരനുംകൂടി തങ്ങളുടെ ഇച്ഛാനുസരണം അന്യോന്യം ചേരുന്നതാകുന്നു ഗാന്ധർവ്വം.

യോഗഃപരസ്പരേണായം ഗാന്ധർവ്വഃകാമസംഭവഃ
ഛിത്വാ ഭിത്വാ ച ഹത്വാ ച പ്രലപന്തീം സ്ത്രീയം ബലാൽ 13

പരിഗൃഹ്ണാതി യൽ സോയം രാക്ഷസോ വിധിരുച്യതേ
മത്താം യദ്വാ പ്രമത്താം വാ സുപ്താം വാ യദ്രഹോ വ്രജേൽ 14

രാക്ഷസമെന്നു പറയുന്നതാകട്ടെ, നിലവിളിച്ചു കുതറി ഓടുന്ന സ്ത്രീയെ ബലാൽകാരേണ പിടിക്കുന്നതുതന്നെ. മദ്യം മുതലായ ലഹരിപദാർത്ഥങ്ങളെക്കൊണ്ടോ മറ്റു വല്ല പ്രകാരേണയോ തന്റേടമില്ലാത്തവളോ തന്റേടം വിട്ടുറങ്ങുന്നവളോ ആയ സ്ത്രീയെ ആരുമറിയാതെ ഗമിക്കുന്നത് പൈശാചമാകുന്നു. ഇതാണ് എല്ലാത്തരം വിവാഹങ്ങളിലും വച്ചധമമായിട്ടുള്ളത്.

പാപിഷ്ഠോസൌ വിവാഹേഷു പൈശാചോഷ്ടമ ഉച്യതേ
ബ്രാഹ്മാദിഷു യഥാചാരം കേനാപി വിധിനാ പിതാ 15

കന്യാപിതാവ് സ്വകുലാചാരപ്രകാരം മേൽപറഞ്ഞ ബ്രാഹ്മാദിവിവാഹങ്ങളിൽ ഏതെങ്കിലും ഒന്നിനെ അനുസരിച്ചു തന്റെ കന്യകയെ കാലം അതിക്രമിച്ചുപോകാത്തവിധം വരനായിക്കൊണ്ട് ദാനം ചെയ്യണം. എന്നാൽ വരന്റെ ഗുണദോഷങ്ങളെ കന്യാപിതാവും, കന്യകയുടെ ഗുണദോഷങ്ങളെ വരനും പ്രത്യേകം പരീക്ഷിച്ചറിയുകയും വേണം. (ഈ കാര്യത്തിൽ മലയാളികൾ ശ്രദ്ധിക്കുന്നതു പോരാതെ വന്നിരിക്കുന്നു. വരനു തന്റെ വിവാഹകാര്യത്തിൽ യാതൊരു സ്വാതന്ത്ര്യവുമില്ല. അതെല്ലാം ആയാളുടെ കാരണവന്മാർക്കുള്ളതാകുന്നു. അവർ മിക്കതും പണത്തിന്മേൽ നിന്നു കാണുന്നു. പിന്നെ കന്യാപിതാവ് വരന്റെ ഗുണദോഷങ്ങളെപ്പറ്റിയാണ് ചിന്തിക്കേണ്ടത്. അത് അത്യന്തം കഷ്ടമട്ടിലായിത്തീർന്നിരിക്കുന്നു. തന്റെ മുക്കൊഴിഞ്ഞുകിട്ടിയാൽമതി എന്നുമാത്രമേ ആയാൾക്കു വിചാരമുള്ളു. ഈ വക സംഗതികളെക്കൊണ്ട് എത്ര ദമ്പതിമാരാണ് അന്യോന്യാനുരാഗമില്ലാതെ ആജീവനാന്തം സുഖഹീനന്മാരായിത്തീരുന്നത്. മറ്റു പരിഷ്കൃതജാതിക്കാരെല്ലാം ആചരിക്കുന്നതും നമ്മുടെ പ്രമാണവും ഒരേ നിലയിലായിക്കാണുന്നേടത്തെങ്കിലും അപമര്യാദകളെ കളയുവാൻ ശ്രമിക്കാത്തതാണ് അത്യന്തം കഷ്ടമായിട്ടുള്ളത്. ഇപ്പോൾ പറഞ്ഞത് ഒരു ഉദാഹരണം മാത്രമാകുന്നു. ഇതുപോലെ അനേകം ദുരാചാരങ്ങൾ തീരെ തള്ളിക്കളയേണ്ടതായിട്ടുണ്ട്. കഴിയുന്നേടത്തോളം അതാതവസരങ്ങളിൽ പറയുന്നതുമാണ്).

ദദ്യാൽ കന്യാം വരശ്ചൈനാം പരീക്ഷ്യൈവപരീക്ഷിതഃ

### വരപരീക്ഷാ

പുംസ്ത്വ ഏവ പരീക്ഷാ തു പ്രഥമം ശാസ്ത്രചോദിതാ 16

താം കുര്യാന്ന തു ഷണ്ഡായ കന്യാം ദദ്യാദ്വിപദ്യപി
സ്ത്രീപുംസലക്ഷ്മഹീനശ്ച പ്രസുപ്തവ്യഞ്ജനസ്തഥാ 17

വരദോഷത്തെ പരീക്ഷിക്കുന്നതിൽ ഒന്നാമതായി ചെയ്യേണ്ടത്, ഇവൻ ഒരു പുരുഷനു വേണ്ടതായ എല്ലാ അവയവങ്ങളും തികച്ചുള്ളവൻതന്നെയോ എന്നുള്ള പരീക്ഷയാകുന്നു. (ചിലർക്കു പുറമെ കാണുമ്പോൾ പുരുഷലക്ഷണങ്ങളെല്ലാം ശരിക്കുണ്ടെങ്കിലും പ്രധാനഭാഗം മോശമായി എന്നും വന്നേക്കാം. ഇക്കാര്യത്തിൽ പ്രത്യേകം പരീക്ഷിക്കാതിരുന്നാൽ ആ തപസ്വിനിയുടെ ജന്മം കേവലം നിഷ്ഫലമായ്പോകുമല്ലൊ). എത്രതന്നെ നിവൃത്തിയില്ലെങ്കിലും നപുംസകനു കന്യയെ കൊടുക്കരുത്. അതുപോലെതന്നെ, പുരുഷനോ സ്ത്രീയോ എന്നു തീർച്ചപ്പെടുത്തുവാനുള്ള പ്രത്യേകലക്ഷണങ്ങൾതന്നെ മിശ്രങ്ങളായിട്ടുള്ളവനും, സ്ത്രീകൾ അടുത്തെത്തിക്കൂടുന്നതുവരെ ഉത്സാഹമുണ്ടായിരുന്നാലും കാര്യകാലം സമീപിച്ചെത്തുമ്പോൾ ക്ഷീണാംഗനായിത്തീരുന്നവനും കന്യകയെ കൊടുപ്പാൻ പാടില്ല.

പക്ഷോപഹതരേതാശ്ച സ്രവദ്രേതാ മുഖേഭഗഃ
ഗുരുശപ്തശ്ച സേർഷ്യശ്ച ദുരാരാധോഫലേന്ദ്രിയഃ 18

സ്ത്രീയുടെ സുഖകാലത്തിന്നുമുമ്പോ അല്ലെങ്കിൽ ക്രീഡാരംഭത്തിങ്കൽതന്നെയോ ശുക്ലം ശ്രവിച്ചുപോകുന്നവനും, പ്രഭുസേവയ്ക്കായിട്ടും മറ്റും ബാല്യകാലം മുതൽക്കുതന്നെ മുഖസുരതം ചെയ്തു ശീലിച്ചവനും, ഗുരുനാഥനാൽ ശപിക്കപ്പെട്ടവനും, സഹനശീലമില്ലാത്തവനും, എത്രതന്നെ പരിചരിച്ചാലും തൃപ്തിയില്ലാത്തവനും, ഗർഭാധാനസാമർത്ഥ്യമില്ലാത്ത ഇന്ദ്രിയത്തോടുകൂടിയവനും,

ദീർഘതീവ്രാമയോ ദേവദ്വേഷീ ച പരതല്പഗഃ
ശാലീനബീജഃ ആക്ഷിപ്തബീജശ്ചാത്യന്തികാമുകഃ 19

സ്ഥവിരശ്ചേതി വിജ്ഞേയാഃ ഷണ്ഡാസ്തേമീ തു ഷോഡശ
നാർഹന്തി കന്യകാമേതേ കദാചിദപി ധർമ്മതഃ 20

അധികം ദീർഘിച്ചുനില്ക്കുന്നതോ ഭയങ്കരമോ ആയ വ്യാധിയുള്ളവൻ, ഈശ്വരനെ ദ്വേഷിക്കുന്നവൻ (നാസ്തികൻ), പരദാരരതൻ, ശുക്ലവിസർജ്ജനകാലത്തിൽ ലജ്ജിക്കുന്നവൻ - അല്ലെങ്കിൽ പകുതിക്കു നിർത്തുന്നവൻ ഇവരും, അത്യന്തം സ്ത്രീജിതനും, വൃദ്ധനും ഇങ്ങിനെ 16 പേർ ഷണ്ഡന്മാരെന്നു പറയപ്പെടുന്നു. ഇവർക്ക് ഒരിക്കലും കന്യകയെ കൊടുക്കരുത്.

താൻ പ്രയത്നേന വിജ്ഞായ ന തേഭ്യഃ പ്രദിശേൽ പിതാ
നോന്മത്തായ ന മൂകായ ബധിരായ പംഗവേ 21

ന ഖഞ്ജായ ന ചാന്ധായ നാപസ്മാരഹതായ ച
ന ചാഭിജനഹീനായ വിരുദ്ധസമയായ ച 22

ഭ്രാന്തൻ, മിണ്ടാൻ വയ്യാത്തവൻ, ചെകിടൻ, മുടന്തൻ, നൊണ്ടി, കണ്ണുപൊട്ടൻ, അപസ്മാരബാധയുള്ളവൻ, ആഭിജാത്യം കുറഞ്ഞവൻ, സമയം തെറ്റിച്ചവൻ, കുടുമ മുറിച്ചവൻ, കന്യക വെറുക്കുന്നവൻ ഇങ്ങിനെയുള്ളവർക്കും കന്യകയെ കൊടുക്കരുത്.

നൈവ ഭിന്നശിഖായാപി ന തസ്മൈ ദ്വേഷ്ടി യഞ്ച സാ
പുംസ്ത്വഞ്ച യൌവനം രൂപം വിത്തഞ്ച ശ്രുതിശാലിതാം 23

പ്രിയംവദത്വം ബഹ്വന്നദാതൃത്വമിതി സപ്തകം
വിചിന്ത്യ കന്യാ ദാതവ്യാ പിത്രാ ത്വഭിജനാന്വിതേ 24

വിവാഹത്തിങ്കൽ കന്യാപിതാവ് വരനെക്കുറിച്ച് നോക്കേണ്ടതു പ്രധാനമായി ഏഴു കാര്യമാകുന്നു: 1.പുരുഷലക്ഷണത്തിന്റെ പരിപൂർത്തി, 2.യൌവനം, 3.സൌന്ദര്യം, 4.ധനപുഷ്ടി 5.വിദ്വത്ത(അല്ലെങ്കിൽ പ്രസിദ്ധി), 6.പ്രിയംവദത്വം(ഇഷ്ടമായിട്ടുള്ള വാക്ക്), 7.അന്നദാനം. ഇവ ഏഴിന്നും പുറമെ ആഭിജാത്യവും പ്രത്യേകം നോക്കേണ്ടതാകുന്നു.

ആത്മനഃ കൃതകൃത്യത്വം ബന്ധൂനാമഭിനന്ദനം
യാവതാ സ്യാദനിന്ദേ ച സതാം താവൽ ഗവേഷയേൽ 25

ഒന്നാമത് കന്യാദാനം ചെയ്താൽ അതുകൊണ്ട് തന്റെ മനസ്സിന്നു തന്നെ കൃതകൃത്യത സിദ്ധിക്കണം; ബന്ധുക്കൾ അഭിനന്ദിക്കണം; സജ്ജനങ്ങൾ ദൂഷ്യം പറയരുത്. ഇതെല്ലാംകൂടി ഒത്തുകൂടുന്നതുവരെ വരനെ അന്വേഷിക്കണം.

ദത്തായാസ്സകൃദാലോച്യ കേചിദിച്ഛന്ത്യനന്തരം
പ്രത്യാഹരണമന്യസ്മൈ രാമക്ഷേത്രേ തു നേഷ്യതേ 26

ആദ്യം ഒരാൾക്കു കന്യകയെ കൊടുത്തതിന്നു ശേഷം അതു തരത്തിലായില്ലെന്നു കണ്ടാൽ വീണ്ടും മറ്റൊരാൾക്കു കന്യകയെ കൊടുക്കാമെന്നു ചിലർ പറയുന്നുണ്ട്. എന്നാൽ ഇത് (പുനർവ്വിവാഹം) മലയാളത്തിൽ കേവലം നിഷേധിക്കപ്പെട്ടിരിക്കുന്നു.

പാണിം ഗൃഹ്ണാതി യസ്തസ്യാ നാസ്യ പ്രതിനിധിര്യതഃ
ബഹുധാ സ്വപരീക്ഷ്യൈവ കന്യാം ദദ്യാദനാപദി 27

പാണിഗ്രഹണം ചെയ്യുന്നവന്നു പ്രതിനിധിയില്ല (പകരം വേറെ ഒരാളില്ല) എന്നാകുന്നു നിശ്ചയം. അതിനാൽ വരനെ കഴിയുന്നതും പരീക്ഷിച്ചതിന്നുശേഷമല്ലാതെ കന്യകയെ കൊടുക്കരുത്. അത്യാപത്തിങ്കൽ (നിവൃത്തിയില്ലാതായാൽ) സർവ്വഗുണങ്ങളും തികഞ്ഞില്ലെങ്കിലും കന്യകയെ കൊടുക്കാമെന്നും മഹർഷി സമ്മതിച്ചിട്ടുണ്ട്.

### കന്യാപരീക്ഷാ

അസതീമുദ്വഹൻ കന്യാമാത്മനാ സഹ പൂർവ്വജാൻ
പ്രസ്ഥാപയതി ഘോരേഭ്യോ നിരയേഭ്യോ നിജാൽ പതേൽ 28

ദുഷ്ടയായ കന്യകയെ വിവാഹം ചെയ്താൽ വരന്റെ പൂർവ്വന്മാരും വരനും ഘോരമായ നരകത്തെ പ്രാപിക്കും.

നാധികാംഗീം ന ഹീനാംഗീം നാലോമാമതിലോമശാം
നോദ്വഹേന്നൈവ വാചാലാം ന ഗവാക്ഷനിരീക്ഷിണീം 29

അധികാംഗി, ഹീനാംഗി, രോമമില്ലാത്തവൾ, അധികം രോമമുള്ളവൾ, വായാടി, ജനലയിൽകൂടി പുറത്തെക്കു നോക്കിക്കൊണ്ടിരിക്കുന്നവൾ ഇങ്ങിനെയുള്ളവളെ വിവാഹം ചെയ്യരുത്.

ഗന്ധരൂപവതീം ഹാസേ കകുദാവർത്തിനീം തഥാ
സമപീനോന്നതോരോജാം സുശീലാമുദ്വഹേൽ സ്ത്രിയം 30

സുഗന്ധവും സൌന്ദര്യവുമുള്ളവൾ, അല്പം പിൻതിരിഞ്ഞു ചിരിക്കുന്നവൾ, സമങ്ങളും തടിച്ചതും ഉയർന്നതുമായ സ്തനങ്ങളുള്ളവൾ, ശീലഗുണത്തോടു കൂടിയവൾ ഇങ്ങിനെയുള്ള സ്ത്രീയെയാണ് വിവാഹം ചെയ്യേണ്ടത്.

ഘടനാമപി ചേക്ഷേത മിഥസ്താരാദിഭിർദ്വയോഃ
ജ്യോതിർവ്വിദുഭയോഃ പിത്രോർവ്വിസ്രബ്ധോലോലുപഃ ശുചിഃ 31

വരന്റേയും കന്യയുടേയും ഭാഗക്കാർക്കു വിശ്വസ്തനും ശുദ്ധഹൃദയനും ദ്രവ്യത്തിങ്കൽ അത്യാഗ്രഹമില്ലാത്തവനുമായ ജ്യോത്സ്യൻ നക്ഷത്രാദികളെക്കൊണ്ടു കന്യാവരന്മാരുടെ പൊരുത്തം നോക്കണം. (ജാതകപരിശോധനയും ഇതിലന്തർഭവിച്ചിരിക്കുന്നു)

പുംസശ്ചിത്തപരീക്ഷായാം തദാചാരാദിസാധനം
സ്ത്രീയാസ്തു തത്ര വക്ഷ്യാമി വിശേഷാദപി കിഞ്ചന 32

വരപരീക്ഷയിൽ മുൻപറഞ്ഞവതന്നെയാകുന്നു പ്രധാനമായിട്ടുള്ളത്. എന്നാൽ കന്യാപരീക്ഷയിൽ ചില വിശേഷങ്ങൾ കൂടിയുള്ളത് വരുന്ന പാദത്തിൽ വിവരിക്കുന്നതാകുന്നു.

ഇതി ദ്വിതീയസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 2 പാദം 4

### മൃൽപിണ്ഡപരീക്ഷാ

അഥോത്തരായണേ കാലേ ശുഭവാരേ ശുഭേ തിഥൌ
യാവൽസോമസ്സമാശ്രിത്യ ചരത്യുത്തരഫൽഗുനിഃ 1

സ്നാത്വാ മുഹൂർത്തേ മൈത്രേ തു പ്രതിപൂജ്യ ഗണാധിപം
താവൽ സമുല്ലിഖേൽ ഭൂമൌ രേഖാഷോഡശകം ക്രമാൽ 2

അഷ്ടൌ പ്രാഗായതാസ്തത്ര തഥാഷ്ടാ ഉത്തരായതാഃ
ക്രമാദ്ധ്രസ്വാഃ ക്രമാദ്ദീർഘാഃ സംഹൃതൌ ചാപി വിസ്തൃതൌ 3

ചതസ്രശ്ച ചതസ്രശ്ച യഥാ സ്യുർവ്വിലിഖേത്തഥാ
ചത്വാരി ചതുരശ്രാണി സ്യുരല്പാല്പാന്തരാന്തരം 4

രേഖാഗ്രാഭ്യാമഥൈകൈകം ഖണ്ഡമഭ്യന്തരേ പുനഃ
പ്രകല്പ്യ രേഖാസ്ഥാനേഷു സൂച്യാ വ്യക്തിമുദീരയേൽ 5

ശുഭ്രൈഃ ഷഷ്ടികധാന്യാനാം തണ്ഡുലൈരഥവാ യവൈഃ
രേഖാന്തരാളേ സർവ്വത്ര വികിരേദ് വ്രീഹിതണ്ഡുലാൻ 6

ധൌതാൻ കുലത്ഥഗോധൂമായവദൂർവ്വാങ്കുരാന്വിതാൻ
തുളസീദളസിദ്ധാർത്ഥകുശകാശൈശ്ച മിശ്രിതാൻ 7

തതഃപ്രാങ്മുഖ ആസീനഃ സപവിത്രകരഃ ശുചിഃ
ദ്വൌ ദ്വൌ കോണഗതൌ ഹിത്വാ ഖണ്ഡേഷ്വന്യേഷു വിന്യസേൽ 8

ദർഭാസനാനി സർവ്വേഷു വീഥിഷു ദ്വാദശസ്വപി
തേഷ്വമീ ദേവതാഃ പൂജ്യാഃ സർവ്വേഷു ച യഥാവിധി 9

വീഥീഷു ദ്വാദശാദിത്യാൻ പ്രാദക്ഷിണ്യേന പൂജയേൽ
അന്തഃ പഞ്ചസു കോണേഷു മദ്ധ്യേ പൂജ്യഃ പ്രജാപതിഃ 10

ഐശേ ദ്യാവാപൃഥിവ്യൌ ച സന്ധ്യാമാഗ്നേയദിഗ്ഗതേ
ധർമ്മഞ്ച രാക്ഷസേ ഖണ്ഡേ മാരുതേ മരുതം യജേൽ 11

1 മുതൽ 11 വരെ ശ്ലോകങ്ങളിൽ പത്മം ഇടേണ്ടുന്ന ക്രമവും, അതിൽ ദേവന്മാരെ പൂജിക്കേണ്ട സ്വഭാവവുമാകുന്നു.

ഗോഷ്ഠവേദിനദീക്ഷേത്രമൃൽപിണ്ഡാംശ്ചതുരഃ പുരഃ
അവശിഷ്ടോർദ്ധ്വദിക്കോണഗതഖണ്ഡചതുഷ്ടയേ 12

ചതുഷ്പഥോഷരക്രോഡക്ഷിതിശാർക്കരഭൂമൃദാ
ക്ലൃപ്താൻ പിണ്ഡാനധഃഖണ്ഡേഷ്വപി വിന്യസ്യ താൻ പുനഃ 13

തൊഴുത്ത്, യാഗം ചെയ്ത സ്ഥലം, നദി, ക്ഷേത്രം ഇവയിൽ നിന്ന് ഓരോ മണ്ണുരുള എടുത്ത് ഉക്തഖണ്ഡങ്ങളിൽ വെക്കുക. താഴെയുള്ള നാലു ഖണ്ഡങ്ങളിൽ ക്രമേണ നാൽക്കൂട്ടപ്പെരുവഴി, ഓർപ്രദേശം, പന്നി കുത്തിക്കിളച്ചേടം, ചരൽപ്രദേശം ഈ സ്ഥലങ്ങളിൽനിന്നു നാലു മണ്ണുരുള ഉരുട്ടി വക്കണം.

ഋതമിത്യാദികം മന്ത്രം തഥാ യത്സത്യമിത്യപി
സ്പൃശൻ ജപ്ത്വാ പുനസ്തേഷു ഗൃഹാണൈകമിതീരയേൽ 14

പിന്നെ മന്ത്രം കൊണ്ടു തൊട്ടു ജപിച്ചതിന്നു ശേഷം ഇവയിൽനിന്ന് ഏതെങ്കിലും ഒരു ഉരുള എടുപ്പാൻ പറയണം.

പരിക്രമ്യ ത്രിവാരം തന്മണ്ഡലം പ്രയതാ തദാ
ഗൃഹ്ണീയാത്തേഷു പിണ്ഡേഷു കന്യാ ചൈകം യഥേപ്സിതം 15

കന്യക അതിന്നു ശേഷം ആ പത്മത്തിന്നു മൂന്നു പ്രദക്ഷിണം വെച്ചു തന്റെ ബോധ്യപ്രകാരം അതിൽനിന്ന് ഒരു ഉരുള എടുക്കണം. ഇങ്ങിനെ എടുത്ത ഉരുള ഏതാണെന്നു നോക്കീട്ടാകുന്നു ഭാവിയായ ശുഭാശുഭത്തെ തീർച്ചപ്പെടുത്തേണ്ടത്.

ഗൃഹീതേന ച പിണ്ഡേന വിദ്യാൽ ഭാവിശുഭാശുഭം
സാ ഗൃഹീതവതീ കന്യാ യദി ഗോഷ്ഠമൃദാ കൃതം 16

നൂനം സ്യാൽ പശുമത്യേഷേത്യന്തർവ്വിശ്വാസ്യതാം വ്രജേൽ
യദി വേദീമൃദാ ക്ലൃപ്തം ധർമ്മവത്യേവിസാ ഭവേൽ 17

നദീമൂൽപിണ്ഡഹരണേ വിജാനീയാന്മനസ്വിനീം
വിജ്ഞേയാന്നവതീ കന്യാ ക്ഷേത്രമൂൽപിണ്ഡധാരണാൽ 18

തൊഴുത്തിലെ മണ്ണെടുത്താൽ പശുമതിയായിത്തീരും. (അവളെ വിവാഹം ചെയ്താൽ പശുക്കൾ ധാരാളം വർദ്ധിക്കുമെന്നു താല്പര്യം). യാഗഭൂമിയിലെ മൂൽപിണ്ഡമാണ് എടുത്തതെങ്കിൽ അവൾ ധർമ്മവതിയാണെന്നു വിശ്വസിക്കണം. പുഴമണ്ണാണെങ്കിൽ മനസ്സു നന്നെന്നുറയ്ക്കാം. ക്ഷേത്രത്തിലെ മണ്ണാണ് എടുത്തതെങ്കിൽ ധനധാന്യസമൃദ്ധിയുണ്ടാകുമെന്നു വിശ്വസിക്കാം. ഇങ്ങിനെ ഈ നാലിൽ ഏതെങ്കിലും ഒരു മൂൽപിണ്ഡമാണ് എടുത്തതെങ്കിൽ അവൾ പതിവ്രതയാണെന്നു തീർച്ചപ്പെടുത്താം.

ഏതദന്യതമാദാനേ സാധ്വീമാഹുഃ കുമാരികാം
ജ്ഞേയാ പ്രവ്രാജികാ ദുഷ്ടാ കുടിലാ ഭർത്തൃനാശിനീ 19

നാൽക്കൂട്ടപ്പെരുവഴിയിലെ മണ്ണെടുത്താൽ തെണ്ടി നടക്കുന്നവളും, ഓർമണ്ണെടുത്താൽ ദുഷ്ടയും, പന്നി മാന്തിയ മണ്ണെടുത്താൽ കുടിലസ്വഭാവയും (നേരില്ലാത്തവളും), ചരൽമണ്ണെടുത്താൽ ഭർത്തൃനാശത്തെ ചെയ്യുന്നവളുമാണെന്ന് അറിഞ്ഞുകൊള്ളണം. (ഇതു നാലും അശുഭമാകുന്നു)

അനേന വിധിനാ സാധ്വീം വിജ്ഞായ വൃണയാത്തതഃ
കന്യാം പിതാ തു യോഗ്യായ തസ്മൈ ദദ്യാച്ച തുഷ്ടധീഃ 20

ഇങ്ങിനെ മേൽപറഞ്ഞ പ്രകാരം പരീക്ഷിച്ചു ഗുണം കാണുന്ന പക്ഷം ആ കന്യകയെ വരിക്കണം. ഇപ്രകാരം പരീക്ഷിച്ചു ഗുണദോഷനിരൂപണം ചെയ്തു വരന്റെ നേരെ സന്തോഷത്തോടുകൂടി കന്യാപിതാവ് കന്യകയെ അവന്നു കൊടുക്കണം.

രണ്ടാമധ്യായത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ദ്വിതീയസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ
ദ്വിതീയോദ്ധ്യായഃ സമാപ്തഃ

## തൃതീയാദ്ധ്യായഃ
### പ്രഥമഃ പാദഃ

### വിവാഹവിധിഃ

വിതരിഷ്യൻ പിതാ പുത്രീം വരായ പ്രർത്ഥനാവതേ
കുലതോ ലക്ഷണേനാപി പ്രശസ്തായേദമാചരേൽ 1

തറവാടുകൊണ്ടും ലക്ഷണങ്ങളെക്കൊണ്ടും യോഗ്യനും ഇങ്ങോട്ടുവന്നു കന്യകയെ ചോദിക്കുന്നവനുമായ വരന്നു കന്യാപിതാവ് കന്യകയെ കൊടുപ്പാൻ ഭാവിക്കുമ്പോൾ ചെയ്യേണ്ടതു താഴെ വിവരിക്കുന്നു.

പ്രകല്പ്യ ദിവസം പൂർവ്വം കന്യാദാനേ ത്വനിന്ദിതം
ആസന്നേ സുമുഹൂർത്തേ തു കുര്യാദുദ്വാഹകൌതുകം 2

ശിലാഭേദേ തരുച്ഛേദേ ഗൃഹാരംഭവിധാവപി
ഭുവശ്ച ഖനനേ യദ്വച്ചരേദ്വൈവാഹികേ തഥാ 3

കല്ലു പൊളിക്കുക, മരം മുറിക്കുക, പുരയ്ക്കു കല്ലിടുക, കിണറു കുഴിക്കുക ഈ വകയ്ക്കു നോക്കുന്നതു പോലെ വിവാഹത്തിന്നും മുഹൂർത്തം നോക്കേണ്ടതാകുന്നു. കർത്തൃദോഷങ്ങളില്ലാത്ത സുമുഹൂർത്തത്തെ മുൻകൂട്ടി നിശ്ചയിച്ച് ആ ദിവസത്തിന്നടുത്ത ഒരു ദിവസം ഉദ്വാഹകൌതുകം ചെയ്യണം. (ഇത് ഇപ്പോൾ നടപ്പുള്ള വേളിപ്പാട്ടാണെന്നു തോന്നുന്നു)

ചതുർഷ്വേതേഷു കാമേന പ്രവൃത്തോ ഗൃഹമേധ്യപി
അകൃത്വാ പവമാനേഷ്ടിമന്യഥാ പാതകീ ഭവേൽ 4

മുഹൂർത്തം വേണ്ടതായ ക്രിയകൾ മുഹൂർത്തമില്ലാത്ത ദിവസം ചെയ്താൽ ആവർത്തിക്കേണ്ടിവരുന്നതിന്നുപുറമെ പ്രായശ്ചിത്തമായി പവമാനേഷ്ടിയും ചെയ്യണം.

കാരയേദുപകാര്യാദി യാവദർത്ഥം സുശോഭനം
അലക്ഷ്മീം പരിനിർഹൃത്യ ഗൃഹാനുജ്ജ്വലയേൽ ഭൃശം 5

തന്റെ സ്വത്തിന്റെ അവസ്ഥയ്ക്കനുസരിച്ചു വിവാഹത്തിന്ന് ആഘോഷങ്ങൾ കൂട്ടണം. വരുന്നവർക്കിരിപ്പാനുള്ള കൂടാരങ്ങൾ (പന്തലുകൾ) ഉണ്ടാക്കണം. ഗൃഹത്തിന്നു പല വിധത്തിലും ശോഭയുണ്ടാക്കിത്തീർക്കുകയും വേണം.

ഭിത്തിസ്തംഭകവാടേഷു തഥാ സോപാനപംക്തിഷു
കാന്തിം കൌതുകരേഖാഭിഃ കാരയേത സുഗന്ധിഭിഃ 6

ഭിത്തികൾ, തൂണുകൾ, വാതിലുകൾ, ഒതുക്കുകൾ ഇവിടങ്ങളിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്ത അരിമാവുകൊണ്ട് അണിയണം.

അഭിദ്വാരഞ്ച സർവ്വത്ര വിതന്വീത സ്രുഗാവലിം
സ്ഥാപയേൽ കദളീകാണ്ഡാനാമപക്വഫലോജ്ജ്വലാൻ 7

പടിക്കലും ഉമ്മറത്തും മാലകൾ തൂക്കുകയും കുലവാഴ നാട്ടുകയും വേണം.

സ്തംഭേഷൂഭയതോദ്വാരം കേരപൂഗഫലാദിഭിഃ
സമേതാൻ ഹരിതാച്ഛിന്നപത്രാൻ ദൃഷ്ടിമനോഹരാൻ 8

കുമുദോല്പലകൽഹാരസരസീരുഹചമ്പകൈഃ
മല്ലികാകന്ദമന്ദാരകേതകാശോകജാതിഭിഃ 9

അന്യൈരപീദൃശൈഃ പുഷ്പൈർവ്വിഹിതാഭിര്യഥോചിതം
സംമൃഷ്ടസിക്തമാലാഭിർമ്മണ്ഡയിത്വാ ശ്രിയം നയേൽ 10

വാതിലിന്റെ രണ്ടുവശവുമുള്ള തൂണുകളിന്മേൽ ആൽ മാവു മുതലായതിന്റെ തളിരുകളും കുലനാളികേരവും അടയ്ക്കയും കെട്ടിത്തൂക്കണം. താമരപ്പൂവ് ആമ്പൽപ്പൂവു മുതലായതുകൊണ്ടു മാല കെട്ടിത്തൂക്കി ഭംഗി വരുത്തുകയും വേണം.

സമ്പാദ്യ പൂജ്യപൂജാസു യദ്യദാഖ്യാതം യദ്യദിഷ്ടം യഥാകുലം
സുതാർത്ഥേ യുദ്യദാഖ്യാതം തത്തന്നിർവ്വർത്ത്യ യത്നതഃ 11

പ്രതീക്ഷമാണോ ജാമാതുരാഗതിം സംപ്രതീതധീഃ
ജ്ഞാതിഭിസ്സഹവർത്തേത മംഗലാശംസമാനസഃ 12

തറവാട്ടുമര്യാദപ്രകാരം പൂജ്യന്മാരെ പൂജിപ്പാനുള്ള സകലവട്ടങ്ങളും കൂട്ടണം. കന്യകയ്ക്കു വേണ്ടുന്നതെല്ലാം ശരിയാക്കണം. (പെട്ടി മുതലായതു തയ്യാറാക്കണം). പിന്നെ ഈ മംഗലകർമ്മം നിർവ്വിഘ്നമായി നിർവ്വഹിച്ചുതരേണമേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചുംകൊണ്ട് തന്റെ ബന്ധുക്കളോടും കൂടി, ജാമാതാവിന്റെ (വേൾക്കാൻ വരുന്നവന്റെ) വരവു കാത്തുകൊണ്ടിരിക്കണം.

വിവാഹാർത്ഥീ ശുഭേ കൃത്വാ കാലേ വൈവാഹികാശനം
പ്രസ്ഥായ ബന്ധുഭിസ്സാകം ശ്വശുരസ്യ ഗൃഹാൻ വ്രജേൽ 13

വിവാഹം ചെയ്യുവാനിച്ഛിക്കുന്നവൻ അയനിയുണ്ടു തന്റെ ബന്ധുക്കളോടും ജ്ഞാതികളോടും കൂടെ ശ്വശുര (ഭാര്യയുടെ അച്ഛന്റെ) ഗൃഹത്തിലേക്കു പുറപ്പെടണം.

മംഗല്യസൂക്തപാഠേന പ്രസ്ഥിതഃ പഥി ഗാം വൃഷം
ദേവാലയഞ്ച പ്രക്രമ്യ ദക്ഷിണേന വനസ്പതീൻ 14

മംഗലസൂക്തം [1] ചൊല്ലി പശു, കാള, അമ്പലം, ഉത്തമവൃക്ഷങ്ങൾ ഇവയെ പ്രദക്ഷിണം വെച്ചു പുറപ്പെടണം.

(1) ബൌധായനഗൃഹ്യപ്രകാരം സ്വസ്തിസൂക്തമാണ് ചൊല്ലേണ്ടത്.

വാമേന ചാതകഞ്ചൈവ വീഡാലഞ്ച ശ്വഗർദ്ദഭൌ
ശിവാശാഖാമൃഗശ്യേനനകുലാദ്യവലോകനേ 15

കട്ടോടഞ്ചാത്തൻ, പൂച്ച, ശ്വാവ്, കഴുത ഇവയെ കണ്ടാൽ ഇടത്തിട്ടു പോരണം. കുറുക്കൻ, കുരങ്ങൻ, കഴു, കീരി മുതലായ അപ്രശസ്തജന്തുക്കളെ ശകുനം കണ്ടാൽ സ്വസ്ത്യയനമന്ത്രങ്ങളെ ജപിപ്പിക്കുകയും ശാന്തിദാനം ചെയ്യുകയും വേണം.

ശാന്തിദാനം സ്വസ്ത്യയനംമന്ത്രപാഠം ചകാരയേൽ
ആസന്നസ്സമഭിവ്രജ്യ തേന നീതോ യഥാവിധി 16

വാമേന വാസ്തുമാക്രമ്യ ദക്ഷിണേനാങ്കണം പുരഃ
അംഘ്രിണാഹത്യ വാമേന പ്രഘണഞ്ചേത്യനുക്രമാൽ 17

ഗൃഹാഭ്യന്തരമാക്രാമേദ്ദക്ഷിണേനൈവ ചാംഘ്രിണാ
പ്രഥമം ഭൂതികാമസ്യ പ്രവേശോയമുദാഹൃതഃ 18

മുഹൂർത്തം സമീപിക്കുമ്പോഴയ്ക്കു കന്യാഗൃഹത്തിൽചെന്നാൽ ശ്വശുരൻ വരനെ എതിരേറ്റ് അകത്തേക്കു കൊണ്ടുപോകണം. വളപ്പകത്തേക്കു കടക്കുമ്പോൾ ഇടത്തെ കാലും മിറ്റത്തു കടക്കുമ്പോൾ വലത്തെ കാലും വിന്യസിക്കുകയും, പുറത്തിണ്ണയിലേക്കു കയറുമ്പോൾ ഇടത്തെ കാൽ ചവിട്ടിക്കൊട്ടിക്കയറുകയും വേണം. നാലുകെട്ടിലേക്കു കടക്കുമ്പോൾ വലത്തെ കാൽ തന്നെയാണ് മുമ്പെ വെക്കേണ്ടത്. ആ തറവാടിനു ഗുണം വരേണമെന്നിച്ഛിക്കുന്നവൻ നിശ്ചയമായും ഈ വിധം പാദന്യാസം ചെയ്തുകൊള്ളണം.

അഥ കന്യാർത്ഥിനേ തസ്മൈ യഥാവദനുമോദിതഃ
പിതാ ച കന്യകാം സ്നാതാമലങ്കൃത്യാവഗുണ്ഠിതാം 19

സുമുഹൂർത്ത ഉപാനീയ ദദ്യാദുദകപൂർവ്വകം
സ ചൈനാം പ്രതിഗൃഹ്ണീയാൽ സ്വഗൃഹ്യോക്തേന വർത്മനാ 20

അനന്തരം കന്യാപിതാവു കന്യാർത്ഥിയായ അവന്ന് അവരവരുടെ ഗൃഹ്യത്തിൽ പറയുന്ന മാതിരി ക്രിയകളെ ചെയ്തു് ഉദകപൂർവ്വം ചെയ്തു കന്യകയെ ദാനം ചെയ്കയും, വരൻ അവളെ വിധിപോലെ സ്വീകരിക്കുകയും വേണം.

ഗ്രാഹ്യോ വിപ്രസ്ത്രീയാഃ പാണിർവ്വരേണോദ്വാഹകർമ്മണി
പുത്രാ ഏവ പ്രജായേരന്നിത്യംഗുഷ്ഠം വിനാഗ്രതഃ 21

ബ്രാഹ്മണൻ ബ്രാഹ്മണകന്യകയുടെ പാണിഗ്രഹണം ചെയ്യുമ്പോൾ ഉണ്ണികളുണ്ടാവേണമെന്നുള്ള ആഗ്രഹത്തോടുകൂടി പെരുവിരലൊഴിച്ചു ബാക്കി നാലു വിരൽ കൂട്ടിപ്പിടിക്കണം. പെൺകുട്ടികൂടി ഉണ്ടാവേണമെന്നിച്ഛയുണ്ടെങ്കിൽ എല്ലാം കൂട്ടിപ്പിടിക്കാം. ('അഗ്രതഃ' എന്നു പറഞ്ഞതുകൊണ്ടു രണ്ടാം പാണിഗ്രഹണത്തിൽ ഈ വിധി ബാധകമല്ലെന്നു വരുന്നുണ്ട്. ആചാരവും ആ വിധം തന്നെ കാണ്മാനുമുണ്ട്).

ദൌഹിത്രം ന സ്പൃശേദന്യം തദ്വയം ചോഭയാഗ്രഹീ
യാത്രായാമുപസന്നായാം യാനം വാ നാവമേവ വാ 22

ആരോപ്യാഗ്നിം പുരസ്കൃത്യ താന്നയേന്നിജവേശ്മനേ
കല്യാണേഷു ച ദേശേഷു തദ്വദേവ ചതുഷ്പഥേ 23

വിവാഹക്രിയകളെല്ലാം കഴിഞ്ഞ് അഗ്നിയെ ചമതമേൽ കാച്ചി എടുത്താൽ അന്തോളമോ തോണിയോ കയറി തന്റെ ഗൃഹത്തിലേക്കു പുറപ്പെടണം. പുണ്യസ്ഥലങ്ങൾ, നാൽക്കൂട്ടപ്പെരുവഴി മുതലായ ദിക്കിൽ ചെല്ലുമ്പോൾ മന്ത്രം ജപിക്കണം. ഇടയ്ക്കു താമസിക്കേണ്ടി വരുന്ന ദിക്കുകളിൽ തന്നെ കാണ്മാൻ വരുന്നവരെ ബഹുമാനിക്കണം.

മന്ത്രജാപീ തഥേക്ഷേത വാസേ വാസേ സമീക്ഷകാൻ
ദ്വാവേതാനുഗന്തവ്യൌ സുഹൽബന്ധുജനൈസ്തദാ 24

പുരസ്താച്ച പ്രതിഷ്ഠേരൻ പദികാഃ ഖൾഗപാണയഃ
ദാസീരുഭയതഃ കൃത്വാ വഹേയുസ്താഞ്ച വാഹകാഃ 25

യഥാ ന ജായേതാശുദ്ധിസ്തഥാ ശൂദ്രാദയശ്ചതൌ
ഭജേയുരഗ്നേരാസത്തിം വർജ്ജയേയുർവ്വിശേഷതഃ 26

സ്നേഹിതന്മാരും ചാർച്ചക്കാരും ഇവരുടെ ഒരുമിച്ചു പോകണം. അകമ്പടിക്കാർ വാളും പരിചയുമെടുത്തു മുന്നിൽ നടക്കണം. ദാസിമാർ അന്തോളത്തിന്റെ ഇരുപുറവും നില്ക്കണം. അന്തോളം എടുക്കേണ്ടതു പള്ളിച്ചാന്മാരാകുന്നു. മറ്റുള്ള ശൂദ്രന്മാരെല്ലാവരും ഇവർക്ക് അശുദ്ധി ബാധിക്കാത്തവിധം അടുത്തു നടന്നു കൊള്ളണം. അഗ്നിയുടെ സമീപത്തെ കേവലം വർജ്ജിക്കണം.

വാദ്യൈർമ്മംഗലനിർഹ്രാദൈഃ പൂരയേയുശ്ച ദിങ്മുഖം
സ്വലംകൃതം നയേദ്വേശ്മ ദൂർവ്വാദധ്യർപ്പിതാർഹണം 27

ആഗർഭതോ യഥാചാരം താം നിസർഗ്ഗാനുജീവിഭിഃ
പ്രവേശയേൽ സമന്ത്രഞ്ച സുമുഹൂർത്തേ തതോ നിശി 28

നാഗസ്വരം മേളം മുതലായതും വേണ്ടതാണ്. പടി മുതൽ നടുമിറ്റം വരെ കറുക തൈർ മുതലായതുകളെക്കൊണ്ട് അലങ്കരിക്കണം. (പറനിറപ്പും നിലവിളക്കും വെക്കുകയും, പര്യപ്പെട്ട ദാസിമാർ അഷ്ടമംഗല്യവും താലപ്പൊലിയും എടുത്തെതിരേൽക്കുകയും കൂടി പതിവുണ്ട്). പിന്നെ സുമുഹൂർത്തസമയത്തിൽ വരൻ പതിയെ കൈപിടിച്ചു മന്ത്രപൂർവ്വകം സ്വഗൃഹത്തിലേക്കു കടന്നു കുടി വെക്കണം.

ഹോമം കുര്യാദ്യഥാചാരമാനീതേഗ്നൌ തയാ സഹ
അത ഊർദ്ധ്വമുഭൌ സ്യാതാമക്ഷാരലവണാശിനൌ 29

പിന്നെ രാത്രി അവനവന്റെ ഗൃഹ്യപ്രകാരം, കൊണ്ടുവന്ന ചമത ഹോമിച്ചു തിയ്യുണ്ടാക്കി ഔപാസനം വേൾക്കണം. (അപ്പോഴാകുന്നു ദീക്ഷ വിരിക്കേണ്ടത്). അന്നു മുതൽ മൂന്നു ദിവസം ഇരുവരും വ്രതമനുഷ്ഠിക്കണം. ക്ഷാരലവണങ്ങൾ വർജ്ജിക്കണം. കട്ടിലിന്മേൽ കിടക്കരുത്.

താവധശ്ശായിനൌ തിസ്രോ രാത്രീരസ്ഖലിതവ്രതൌ
ഗന്ധസ്രഗന്നവസ്ത്രാദ്യൈർവ്വിപ്രാൻ പ്രാവേശികേ ദിനേ 30

ഗൃഹപ്രവേശത്തിന്നു വന്നിരിക്കുന്ന ബ്രാഹ്മണരേയും ബ്രാഹ്മണസ്ത്രീകളേയും തന്റെ സ്വത്തിന്നനുസരിച്ച് അന്നവസ്ത്രാദികളെക്കൊണ്ടു സന്തോഷിപ്പിക്കേണ്ടതാകുന്നു.

അന്യാംശ്ച പ്രീണയേത്സർവ്വാൻ വിഭവേ സതി വിസ്തരാൽ
വൃദ്ധാ ജീവത്സുതാ ഭർത്തൃമത്യോ ഭൂദേവയോഷിതഃ 31

നെടുമംഗല്യമുള്ളവരും വൃദ്ധകളുമായ അന്തർജ്ജനങ്ങൾ പറയുന്ന ചടങ്ങുകളെല്ലാം ശ്രദ്ധാപൂർവ്വകം സ്വീകരിച്ചു ചെയ്തുകൊള്ളുക തന്നെ.

യദ്യൽ ബ്രൂയുരവൈരേണ തത്തദീക്ഷേത ചാഖിലം
തിസ്രോ രാത്രീസ്തഥാ നീത്വാ ചതുർത്ഥസ്നാനമാചരേൽ 32

ചതുർത്ഥീം രജനീം പ്രാപ്യ സേകം കുര്യാദ്യഥാഗമം
നിമന്ത്രയേയുസ്തസ്മാൽ പ്രാങ്ന തമന്യേ സ്വകർമ്മസു 33

ഇങ്ങിനെ മൂന്നു രാത്രി കഴിഞ്ഞു നാലാം ദിവസം രാവിലെയാകുന്നു ചതുർത്ഥസ്നാനം ചെയ്യേണ്ടത്. അന്നസ്തമിച്ചു സേകം ചെയ്യാം. (എന്നാൽ ദുർദ്ദിനമാണെങ്കിൽ വിധിപരമായ അഞ്ചാംദിവസം കഴിഞ്ഞുവരുന്ന സുമുഹൂർത്തത്തിലേ ചെയ്യാവൂ). അതു കഴിയുന്നതിന്നു മുമ്പായി അവനെ ഒരു ക്രിയയ്ക്കും കൂട്ടരുത്. ശാന്തി മുതലായതും ചെയ്യിക്കരുത്. തിയ്യിട്ട ദിവസം ആരംഭിച്ച വൈവാഹികവ്രതം സേകദിവസമേ അവസാനിപ്പിക്കുവാൻ പാടുള്ളൂ.

അനർച്ചകസ്സ ചാർച്ചാദൌ നിത്യം വ്രതമലോപയൻ
അഥാരഭേത ച സ്ഥാലീപാകം സമനുവർത്തയൻ 34

മാസമേകം സഹാസീനഃ പത്ന്യാ തസ്യ സമാപനാൽ
പ്രാങ്നാന്യദേശഗാമീ സ്യാൽ മാസാദൂർദ്ധ്വമുഭൌ പുനഃ 35

പക്ഷാന്തൌ സമനുപ്രേക്ഷ്യ കുർവ്വീത ദ്വിശ്ച മാസികം
ദർശശ്ച പൌർണ്ണമാസശ്ച നാമ്നാ തൌ മുനിഭിഃ സ്മൃതൌ 36

ന വിലുമ്പേദമൂ ഇഷ്ടീ ഗൃഹസ്ഥഃ ശ്രദ്ധയേരിതഃ
സർവ്വദാഗ്നിം പ്രതീക്ഷേത പ്രത്യഹം വ്രീഹിഭിർയ്യജേൽ 37

പിന്നെ യഥാസമയം സ്ഥാലീപാകം തുടങ്ങുക തന്നെ. അതവസാനിക്കുന്നതിന്നു മുമ്പായി രണ്ടാളും ദേശം മാറരുത്. ഈ സ്ഥാലീപാകങ്ങൾക്കു ദർശമെന്നും പൌർണ്ണമാസമെന്നുമാകുന്നു പേർ. ഇതു രണ്ടും ഗൃഹസ്ഥന്ന് ഒരിക്കലും ഒഴിച്ചുകൂടാത്തതാകുന്നു. എല്ലായ്പ്പോഴും തീക്കെടാതെ സൂക്ഷിക്കണം. രണ്ടുനേരവും നെല്ലുകൊണ്ട് ഔപാസനഹോമം ചെയ്യണം. (ഇനി പാദാവസാനം വരെ തീക്കെട്ടാൽ പിന്നെ തിയ്യിടേണ്ട ക്രമം പറയുന്നു. അതു വ്യാഖ്യാനവിഷയമല്ലെന്നുവെച്ചുപേക്ഷിക്കുന്നു).

നിർവ്വാണം ദീപയേൽ പൂർവ്വം ദ്വാദശാഹാന്ത ഉച്യതേ
ദീക്ഷാന്തരേഗ്നൌ നിർവ്വാണേ സമന്വാരംഭപൂർവ്വകം 38

പ്രോക്ഷ്യ ഭസ്മന്യപഹതാ അസുരാ ഇതി തൽ പുനഃ
ഉദ്ധൂള്യ തത്ര ധൂളൌ തു തിരോഭൂയാഗ്നിമാസ്ഥിതം 39

നിരായതനമാരോപ്യ സമിധി ത്വയമാദിനാ
ശോധയേൽ ഭസ്മ സന്ത്യജ്യ ഗോമയേന നിരംബുനാ 40

തത്രൈവായതനേ പശ്ചാന്നിധായാഗ്നിമനുക്ഷിപേൽ
തത്രാഗ്നാവഗ്നിനാരൂഢാം സമിധം താം സമന്ത്രകം 41

മന്ത്രസ്തത്രായമാജുഹ്വാന ഇത്യാദിക ഇഷ്യതേ
ഉൽബുദ്ധ്യസ്വാദിരന്യശ്ച സഹപാഠാദഥോദകൈഃ 42

ആലിപ്യാത്രൈവ പൂർണ്ണാഹുത്യാ രീത്യാ വക്ഷ്യമാണയാ
ആജ്യമുൽപാദ്യ കുര്യാദ്വാ വിംശതിം ച സ്രുവാഹുതിം 43

തത്ര മന്ത്രസ്ത്വയാശ്ചാഗ്നേരിത്യയം പ്രഥമോദിതഃ
ദ്വിതീയകോഗ്നിർഹോതേതി തൃതീയാദേരയം ക്രമഃ 44

ബ്രാഹ്മണോഗ്നിഃ പൃഥിവ്യന്തരിക്ഷം വായുശ്ച ചന്ദ്രമാഃ
അന്നം ദ്യൌരപി ചാദിത്യഃ പ്രജാപതിരമൂൻ ദശ 45

ഏകഹോതാ ദ്വിഹോതേതി ക്രമേണോപരി യോജിതാൻ
വിദ്യാത്തൃതീയകാദീനാം മന്ത്രാണാം പ്രമുഖേചരാൻ 46

പ്രസിദ്ധ്യാ ശേഷസംപത്തിരിത്ഥം തേ ദ്വാദശോദിതാഃ
തതഃ പരോ മനോജ്യോതിർജ്ജുഷതാമിത്യയം മനുഃ 47

യന്മ ആത്മന ഇത്യേഷ വിജ്ഞേയോത്ര ചതുർദ്ദശഃ
പുനരഗ്നിരിതി ജ്ഞേയ ഉത്തര പ്രണവാദികാഃ 48

തിസ്രോ വ്യാഹൃതയഃ പശ്ചാൽ ചതസ്രഃ കേവലാശ്ച താഃ
ഇതി ദ്വാവിംശതിർമ്മന്ത്രാസ്തേഷു പ്രണവപൂർവ്വികാഃ 49

തിസ്രോ വിനാ ഹി സന്നേഗ്നൌ ഹോമമദ്ധ്യേ ച പർവ്വണോഃ
ഏകോനാ വിംശതിഗ്രാഹ്യാ സന്നേഗ്നൌ പുനരന്യദാ 50

സംശോധ്യ ഗോമയേനൈവായതനം തത്ര ചാനലേ
നിഹിതേ ഘൃതമുൽപാദ്യ വക്ഷ്യമാണേന വർത്മനാ 51

നിഷ്കൃതിം വിദധീതീഥ സ്രുവാഹുതിമയാദിനാ
ഏവം വൈവാഹികേഗ്നൌ തു നിർവ്വാണേ ദീപനം വിദുഃ
അകൃതേത്രാസ്യ വിച്ഛിത്തിർദ്വാദശാഹാൽ പരം ഭവേൽ 52

ഇതി തൃതീയസ്യാദ്ധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

### സംഭാരംകൂട്ടി തിയ്യിടുന്ന ക്രമം

നഷ്ടേഗ്നൌ നിദധീതാമും സംഭാരൈഃ സംഭൃതേ പുനഃ
സസംഭാരനിധാനസ്യ ക്രമം വക്ഷ്യേ സമാസതഃ 1

അന്വാസ്യാഭ്യർച്ച്യ വിഘ്നേശമഗ്ന്യുച്ഛേദസ്യ നിഷ്കൃതിം
കുർവ്വീത തദനു ബ്രഹ്മാ തൂഷ്ണീമാസനതസ്തൃണം 2

നിരസ്യേദഥ തം ധൌതഹസ്തഃ കൃതകരഗ്രഹഃ
തൂഷ്ണീം നിവേശയേദ്ദദ്യാൽ പവിത്രം ചാഥ മാർജ്ജിതേ 3

സ്ഥണ്ഡിലേ ശകലേന ത്രിഃ കുര്യാൽ പ്രാക്സംസ്ഥമുദ്ധതിം
മധ്യതോ ദക്ഷിണേനാപി വാമേന ച യഥാക്രമം 4

അഥ തത്രാംബുനാ പ്രോക്ഷ്യ സംഭാരാൻ സികതാദികാൻ
പാത്രേ ദക്ഷിണഹസ്തേന യോജയേൽക്രമശാഖിലാൻ 5

സികതാമൂഷരക്ഷ്മാഖുവന്മീകഹ്രദസംഭവാഃ
വരാഹഖാതജാഃ പഞ്ച മൃദശ്ച നളിനീദളം 6

സന്ധാനീയശിലാം ശാഖാഃ പഞ്ചാശ്വത്ഥീ സവാംഗജാഃ
പാലാശീ ശമിജാ വൈകംകതീ ചേതി ചതുർദ്ദശ 7

അശന്യാഹതവൃക്ഷസ്യ ശകലഞ്ച വദന്തി താൻ
അഥ താൻ ബ്രഹ്മണോ ഹസ്തേ പ്രദായായതനാൽ ബഹിഃ 8

ശകലം സന്നിരസ്യാപഃസ്പൃഷ്ട്വാത്ര സികതാഃ കിരേൽ
ഭൂർഭുവസ്സുവരിത്യേവം ജപ്ത്വാ മദ്ധ്യേഥ ദക്ഷിണേ 9

വാമേ ചേത്യത്ര പൂർവ്വാഗ്രാസ്തിസ്രോ മധ്യേ തതസ്ത്വധഃ
ഊർദ്ധ്വഞ്ചേത്യുദഗഗ്രാശ്ച തിസ്ര ഇത്ഥം ഷഡുല്ലിഖേൽ 10

രേഖാക്രമാദഥോൻമൃഷ്ടദോഃപ്രേക്ഷ്യ ശകലം ത്യജേൽ
കോണേ നൈരൃതകേഥാപഃ സ്പൃഷ്ട്വാ ബ്രഹ്മാണമുദ്ദിശൻ 11

ഓമഗ്നിമാഹരിഷ്യാമീത്യാഭാഷേത തതോമുനാ
ഓമഗ്നിമാഹരേത്യുക്തസ്തത ആദായ സംഭൃതീഃ 12

വ്യാഹൃത്യോദക്ഷിപേത്താസ്വഥാഗ്നിഞ്ചായതനേ പുനഃ
ജ്വലയിത്വോപലേപാദി വക്ഷ്യമാണേന വർത്മനാ 13

ആജ്യസ്യ ച സ്രുചശ്ചാപി സംസ്കാരം മന്ത്രസേകവൽ
കുര്യാദഥ ചതുഗ്രാഹീ തിഷ്ഠന്നുൽസൃജ്യ ചാസനം 14

പൂരയിത്വാഥ പര്യുക്ഷ്യ നിക്ഷിപ്യ സമിധം പുനഃ
സ്രുചാ പൂർണ്ണാഹുതിം കുര്യാന്മന്ത്രോച്ചാരണപൂർവ്വകം 15

മന്ത്രോത്ര സപ്ത തേ അഗ്നേ ഇതി വിദ്വത്ഭിരിഷ്യതേ
പൂർണ്ണാഹുതിപരം ദദ്യാത്തതശ്ച ബ്രഹ്മണേ പശും 16

തത ആസീന ആജ്യേന കുര്യാച്ഛേഷൈരപി ഗ്രഹൈഃ
തിസ്രശ്ചതസ്രോ ദ്വേ ചാഥ ചതസ്രശ്ചാഹുതീഃ ക്രമാൽ 17

ആദ്യേ തന്തും തഥോൽബുധ്യസ്വ ത്രയസ്ത്രിംശദിത്യപി
ദ്വിതീയേ മനവസ്ത്വഗ്നേ അഭ്യേത്യാദിസ്തതഃപരഃ 18

അഗ്നേ അംഗിര ഇത്യേഷ പുനരുർജ്ജേതി ചാപരഃ
ചരമസ്സഹ രയ്യേതി തൃതീയേ യന്മ ഇത്യസൌ 19

പുനരഗ്നിരിതി ത്വന്യസ്തുര്യേ വ്യാഹൃതയോ മതാഃ
ചതസ്ര ഇതി തന്മന്ത്രാസ്സമാപ്യാജ്യം തതഃ പരം 20

മന്ത്രേണാസിച്യ ഗാം ദത്വാ ബ്രഹ്മണേ തദനു സ്വയം
ഉത്ഥാപ്യാരാധയേദഗ്നിം ഗണേശഞ്ച വിസർജ്ജയേൽ 21

നിധാനമിതി ഗൃഹ്യാഗ്നേർഭാർഗ്ഗവേണ പ്രപഞ്ചിതം
സംക്ഷിപ്യൈവ മയാ പ്രോക്തം ക്ഷേമകൃൽ ഗൃഹമേധിനാം 22

ഇതി തൃതീയസ്യാദ്ധ്യായസ്യ ദ്വിതീയഃ പാദഃ

അദ്ധ്യായം 3 പാദം 2

(ഈ പാദാവസാനം വരെ സംഭാരം കൂട്ടി തിയ്യിടേണ്ട ക്രമമാകുന്നു. അനേകമന്ത്രജടിലമായ ഈ വിഷയം വിസ്തരിച്ച് വ്യാഖ്യാനിക്കേണ്ട ഭാരവും അധികാരവും ഉള്ളവരുടെ അഭിപ്രായം അറിയാതെ ചെയ്യുന്നേടത്തോളം പ്രവൃത്തിയെല്ലാം സാഹസമായിത്തീർന്നേക്കാമെന്നു ശങ്കിച്ച് വ്യാഖ്യാനവിസ്തരത്തെ മറ്റൊരു സ്ഥലത്തേക്കു നീട്ടിവെക്കുന്നു).

അഥ തൃതീയഃ പാദഃ

## അഗ്നിദോഷപ്രായശ്ചിത്തം

അദ്ധ്യായം 3 പാദം 3

വ്യാഖ്യാസ്യന്തേഗ്നിദോഷാശ്ച സംക്ഷേപാദുപരിക്വചിൽ
ലഘുഗുർവ്വനുരോധേന പ്രായശ്ചിത്തഞ്ച കൃത്സ്നശഃ 1

താനപീക്ഷേത സർവ്വേഷ്വപ്യവിശേഷേണ ഭാർഗ്ഗവഃ
ആശാസ്തേ പവമാനാഖ്യം സ്ഥാലീപാകം സ കത്ഥ്യതേ 2

അഗ്നിദോഷങ്ങൾ സംക്ഷേപമായി മേലിൽ വിവരിക്കപ്പെടുന്നതാകുന്നു. എന്നാൽ ഭാർഗ്ഗവമതത്തിൽ സാമാന്യേന എല്ലാ അഗ്നിദോഷങ്ങൾക്കും പാവമാനസ്ഥാലീപാകമാകുന്നു പ്രായശ്ചിത്തം. അതിനാൽ അതിന്റെ സ്വഭാവം വിവരിക്കുന്നു.

സമിധ്യാരോപ്യ തത്രാഗ്നിം നിരായതനമേവ താം
ഉദഗ്വിന്യസ്യ സന്ത്യജ്യ ഭസിതേന സഹാനലം 3

സംശോധ്യായതനം പശ്ചാൽ ഗോമയേന സമന്തതഃ
അഗ്നാവനുദ്ധൃതേ തത്ര നിഹിതേ സമിധം ക്ഷിപേൽ 4

മന്ത്രപൂർവ്വകമാരോപിതാഗ്നിം പുനരതഃ പരം
അന്വാധാനാദികം സർവ്വം തത്ര നിത്യവദാചരേൽ 5

സ്യാദഗ്നിഃ പവമാനോഗ്നിഃ പാവകോഗ്നിഃശുചിഃക്രമാൽ
ദേവതാ ഇത്യയം ഭേദോ നിർവ്വാപപ്രോക്ഷണേ പുനഃ 6

അഗ്നയേ പവമാനായേത്യാദിരീത്യാ സമുന്നയേൽ
ഹവിർദ്ദ്വേധാ വിഭജ്യാഥ ദക്ഷിണാദിഷു തു ക്രമാൽ 7

തന്നാമാനി ചതുർത്ഥ്യന്താന്യാദിതസ്ത്വിദമാസ ഹ
സ്പൃശേദ്ദച്ചാര്യ തൈരേവ സ്വാഹാന്തൈർഹോമ ഇഷ്യതേ 8

സമാപ്തേസ്മിന്നഥോൽപാദ്യ ഘൃതം കൃത്വാ ചതുർഗ്രഹം
പര്യുക്ഷ്യ സമിധം ക്ഷിപ്ത്വാ മന്ത്രം പ്രോച്യ മനസ്വതീം 9

ആസീനോ ജുഹുയാച്ഛേഷം കർമ്മ പശ്ചാൽ സമാപയേൽ
ഇത്യയം പവമാനാഖ്യഃ സ്ഥാലീപാക ഉദാഹൃതഃ 10

പൂർണ്ണാഹുതിം വാ സർവ്വത്ര തൽസ്ഥാന ഇതി ഭാർഗ്ഗവഃ
തൽക്രമസ്തത്ര കർത്തവ്യഃ സകൃൽ പരിസമൂഹനം 11

മൂന്നു മുതൽ 10 വരെ ശ്ലോകങ്ങളെക്കൊണ്ടു പാവമാനിയുടെ സ്വഭാവം പറഞ്ഞിട്ട് ഇനി പാദാവസാനം വരെ പൂർണ്ണാഹുതിയെ വിവരിക്കുന്നു.

സകൃൽ പര്യുക്ഷ്യ ചാസ്തീര്യ സകൃൽ പര്യുക്ഷ്യ സാദയേൽ
ഉദഗഗ്നേരഥൈതാനി വസ്തൂനി തു യഥാക്രമം 12

പ്രോക്ഷണീപാത്രമാജ്യസ്യ സ്ഥാലീം ചാപി സ്രുവം സ്രുചം
അഭിദ്യോതനദർഭാംശ്ച ചതസ്രസ്സമിധോപി ച 13

അഭിദ്യോതനതോ ദ്വാഭ്യാം ബന്ധം പശ്ചാൽ പവിത്രകം
വിന്യസ്യ പ്രോക്ഷണീപാത്രേ പ്രാഗഗ്രമഥ വാരിണാ 14

ആസിച്യ പ്രാക് തദുൽപൂയ സപവിത്രം തദംബുനാ
ത്രിരഭ്യുക്ഷ്യ ഘൃതസ്ഥാല്യാം വിന്യസ്യാഥ പവിത്രകം 15

ആജ്യമാസിച്യ തച്ചോദഗ്വ്യൂഢേംഗാരേ ഹവിർഭുജഃ
ന്യസ്യാഭിദ്യോത്യ ദർഭാഗ്രസംയുതഞ്ചാവരോപയേൽ 16

കൃതപര്യഗ്നിമംഗാരം സംകലയ്യ തതഃ പരം
സംസ്പൃശ്യാപഃ പവിത്രേണ ത്വഷ്ണീമുൽപവനം ചരേൽ 17

പ്രാക് പ്രത്യക്തദവിച്ഛേദമിതി ഭേദ ഇഹ സ്മൃതഃ
വിസ്രസ്തം തദ്വിധായാഥ പവിത്രമനലേ ക്ഷിപേൽ 18

സ്രുചസ്താപഞ്ച സമ്മാർഗ്ഗം പ്രോക്ഷണഞ്ച പ്രതാപനം
അഗ്നേരലംകൃതിം പശ്ചാൽ സമന്ത്രപരിഷേചനം 19

കൃത്വാ ചതുർഗ്ഗൃഹീതാജ്യം സ്രുച്യുത്ഥായാനുയുജ്യ ച
പര്യുക്ഷ്യ സമിധം ക്ഷിപ്ത്വാ ഘൃതേന ജുഹയാൽ സകൃൽ 20

പുനശ്ചൈവം മനസ്വത്യാ പരഞ്ചുത്ഥാനതോ വിനാ
സന്ധായോച്ചരിതേ ദ്വേ ദ്വേ ഋചൌ മന്ത്രാഃ ക്രമാദിഹ 21

അഗ്ന ആയൂംഷ്യഥാഗ്നേ പവസ്വാഗ്നേ പാവകേതി ച
സ നഃ പാവക ഇത്യേഷാ തഥാന്യാഗ്നിശ്ശുചീത്യപി 22

ശുഭഗ്നേ ശുഭയശ്ചേതി മനോജ്യോതിശ്ച തം ഋചഃ
സമന്ത്രപരിഷേകാദി കൃത്വാഥ ച സമാപയേൽ 23

പാവമാനീ സമാഖ്യാതാ പൂർണ്ണാഹുതിരിയം മതാ
അന്യത്രാപ്യനുസന്ധേയാ രീതിരത്ര പ്രദർശിതാ 24

ഇതി തൃതീയസ്യാധ്യായസ്യ തൃതീയഃപാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 3 പാദം 4

### അഗ്നിരക്ഷാമാഹാത്മ്യം

ദർശശ്ച പൌർണ്ണമാസശ്ച ദ്വാവേതൌ ഗൃഹമേധിനഃ
ഊർദ്ധ്വം ജിഗമിഷോഃ പക്ഷൌ തൌ ന വിച്ഛേദമർഹതഃ 1

ഊർദ്ധ്വലോകത്തെ ഗമിപ്പാനിച്ഛിക്കുന്ന ഗൃഹസ്ഥൻ ദർശവും പൌർണ്ണമാസവും രണ്ടു പക്ഷങ്ങ(ചിറകുക)ളായി വിചാരിക്കണം. അതിനാൽ അവ ഒരിക്കലും മുടക്കരുത്. മുടങ്ങിപ്പോയി എങ്കിൽ താഴെ വിവരിക്കുന്ന പ്രായശ്ചിത്തം ചെയ്യുകൊള്ളണം.

വിച്ഛിന്നയോസ്തു കുർവ്വീത തയോരത്യയനിഷ്കൃതിം
അഗ്നിം പഥികൃതം നാമ തത്ര ദർശാത്യയേ യജേൽ 2

പൌർണ്ണമാസാത്യയേ തദ്വദഗ്നിം വൈശ്വാനരം തഥാ
ഏതദ്ദ്വയാതിപത്തൌ തു പൃഥഗ്യോഗേന വാ യജേൽ 3

അന്വാരംഭണികാമിഷ്ടിം കുര്യാദിഷ്ടിത്രയാത്യയേ
പഞ്ചാഗ്നീൻ പവമാനാദീൻ യജേച്ച ദ്വാദശാത്യയേ 4

സപ്ത താൻ പവമാനാദീൻ യജേൽ സംവത്സരാത്യയേ
തത്തൽപൂർണ്ണാഹുതീഃ കുര്യാദഥവൈതേഷു സർവ്വതഃ 5

പൂർണ്ണാഹുതിഷു സർവ്വത്ര കേചിദാഹുഃ സ്രുവാഹുതീഃ
തസ്മാത്താ ഏവ വാ സമ്യഗന്യത്ര പരിവക്ഷ്യതേ 6

അഹോ ഭാരോ ഗൃഹസ്ഥസ്യ മഹാനേഷ ക്രിയാക്രമഃ
ശേഷോഥവാ മഹാനാസ്തേ സ്വഭാവനിയതോഖിലഃ 7

കിന്ത്വയം ദോഗ്ദ്ധി നോ ദുഃഖം മഹദേവ ന താദൃശം
തതോധികം വാ സൂതേ ച സുഖം കർമ്മസു നിഷ്ഠയാ 8

ഗൃഹസ്ഥന്ന് ഈവക ക്രിയകളിലുള്ള ഭാരം ചില്ലറയല്ല. എങ്കിലും നിഷ്ഠയോട്ടുകൂടി കർമ്മം ചെയ്തുകൊണ്ടിരുന്നാൽ അതിന്നുവേണ്ടി അനുഭവിക്കുന്ന ദുഃഖത്തേക്കാൾ എത്രയോ വലിയ സുഖമനുഭവിപ്പാനിടവരുമെന്നത് ആശ്വാസം തന്നെ.

പന്ഥാനോ ബഹവഃ പ്രേത്യ യിയാസോഗ്ഗൃഹമേധിനഃ
അനഗ്നേരസ്യ കാർത്സ്ന്യേന താനാഹുസ്തമസാവൃതാൻ 9

ഗൃഹസ്ഥൻ മരിച്ചാൽ തത്തൽകർമ്മാനുഗുണമായി അവന്നു പോകുവാനുള്ള മാർഗ്ഗങ്ങൾ അനവധിയാകുന്നു. എന്നാൽ അഗ്നിയില്ലാത്തവന്ന് അവയെല്ലാം ഇരുട്ടുള്ളതായിത്തീരുമെന്നു കേൾക്കുന്നു.

തസ്മാദഗ്നിം സദാ രക്ഷൻ പ്രയതേതാന്യകർമ്മസു
അഗ്നൗ സംരക്ഷിതേ സർവ്വം രക്ഷിതം ഭാർഗ്ഗവോബ്രവീൽ 10

ജാഗർത്തി സതതം യസ്യ ഗൃഹ്യാഗ്നിഃ പ്രയതോ ഗൃഹേ
സ കാമാനിഹ സംഭുജ്യ പ്രേത്യ സ്വർഗ്ഗേഷു മോദതേ 11

ാരുടെ ഗൃഹത്തിലാണോ ഔപാസനാഗ്നി എന്നും കെടാതിരിക്കുന്നത് അവൻ ഇഹലോകത്തിൽ സകലമോഹങ്ങളും സാധിച്ചതിന്നുശേഷം സ്വർഗ്ഗത്തിൽചെന്നു സന്തോഷിക്കുന്നു. (അതിനാൽ ഒന്നാമതായി അഗ്നിയെ രക്ഷിപ്പാനാണ് ശ്രദ്ധിക്കേണ്ടത്. അതിന്നു ശേഷമേ മറ്റു കാര്യങ്ങളിൽ പ്രവർത്തിക്കാവൂ. അഗ്നിയെ രക്ഷിച്ചാൽ മറ്റെല്ലാം രക്ഷിച്ച കൂട്ടത്തിലായി).

യസ്യ ശ്രദ്ധാഗ്നിരക്ഷായാമപദ്യപി ദുരത്യയേ
തൽഗൃഹം പുണ്യതീർത്ഥം സ്യാദിതരൽ കാകപല്വലം 12

എത്രതന്നെ വലിയ ആപത്തുകൾ വന്നാലും അഗ്നിരക്ഷയിലുള്ള ശ്രദ്ധ വിടാതിരിക്കുന്നവന്റെ ഗൃഹം പുണ്യതീർത്ഥമാകുന്നു. അതില്ലാത്തവന്റെ ഗൃഹം കാകതീർത്ഥവുമാണ്.

ഹൂയമാനോ യഥാകാലം ഗൃഹ്യോഗ്നിർയ്യത്ര വർത്തതേ
തൽ ഗൃഹം ന പ്രതീക്ൽന്തേ രക്ഷോയക്ഷാപമൃത്യവഃ 13

കാലം തെറ്റാതെ ഹോമകൃത്യം നടക്കുന്ന ഗൃഹത്തിൽ ഭൂതബാധയാകട്ടേ അപമൃത്യുവാകട്ടേ ഉണ്ടാകുന്നതല്ല.

യദനഗ്നിഷു ദേവേഭ്യഃ പിതൃഭ്യോ വാ ഹുതം ഹവിഃ
യച്ച ദത്തം ഗൃഹസ്ഥേഷു തച്ച നിഷ്ഫലതാം വ്രജേൽ 14

അഗ്നിയില്ലാത്ത ബ്രാഹ്മണന്നു കൊടുക്കുന്ന ദാനാദികളെല്ലാം നിഷ്ഫലമാകുന്നു.

അഗ്നിഹീനേന സന്ധ്യാസു ദീയതേ ഗൃഹമേധിനാ
യദർഘ്യം തൽ ബലാദേത്യ ഹരേയുരസുരാഃ കില 15

നിരഗ്നിയായ ബ്രാഹ്മണൻ സന്ധ്യാവന്ദനസമയത്തിൽ കൊടുക്കുന്ന അർഘ്യത്തെ അസുരന്മാർ അപഹരിക്കും.

തസ്മാദഗ്നിം പ്രയത്നേന രക്ഷേദ്യോ ഗൃഹമേയിവാൻ
അന്യഥാ ശൂദ്രതാം ഗച്ഛേദ്ദ്വിജോപി ശ്രോത്രിയോപ്യസൗ 16

അതിനാൽ എത്രതന്നെ കുഴങ്ങിയാലും അഗ്നിയെ രക്ഷിക്കാതിരിക്കരുത്. അല്ലെങ്കിൽ അവൻ ശൂദ്രതുല്യനാകുന്നു.

സ്നാനാദിഷു യഥാകാലം പ്രത്യഹം പ്രയതേത ച
ഏവംവിധൈസ്സ ധർമ്മൈസ്തു ബ്രാഹ്മേ ലോകേ മഹീയതേ 17

പ്രാതഃസ്നാനാദികൃത്യങ്ങളിലും ഇതുപോലെ തന്നെ ശ്രദ്ധിക്കണം. ഇങ്ങിനെയുള്ള ധർമ്മങ്ങളെക്കൊണ്ടാകുന്നു ബ്രഹ്മലോകത്തിൽ പോയി സുഖിപ്പാൻ ഇടവരുന്നത്. (നോക്കുക! അഗ്നിയുടെ കാര്യത്തിൽ മഹർഷിയുടെ നിർബ്ബന്ധം. ഇക്കാര്യത്തിൽ കേവലം അശ്രദ്ധ കാണിക്കുന്നവർക്ക് എന്താണ് പേരിടേണ്ടതെന്നും മഹർഷി തന്നെ തീർച്ചപ്പെടുത്തീട്ടുണ്ട്. പുതിയ പരിഷ്കാരം വന്നു ബാധിക്കാതെതന്നെ സ്വധർമ്മം വിട്ടിട്ടുള്ളവർ ലോകത്തിൽ മറ്റാരുമുണ്ടെന്നു തോന്നുന്നില്ല. സ്വധർമ്മത്തെ വിടാതെതന്നെ പുതിയ പരിഷ്കാരത്തെ കൊണ്ടാടിക്കൊണ്ട് ഉന്നതപദവിയെ പ്രാപിച്ചവരും ലോകത്തിലുണ്ടല്ലൊ.)

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം
തൃതീയസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ
തൃതീയോധ്യായഃ സമാപ്തഃ
മൂന്നാമദ്ധ്യായത്തിന്റെ വ്യാഖ്യാനം കഴിഞ്ഞു.

ചതുർത്ഥാദ്ധ്യായഃ
പ്രഥമഃ പാദഃ

### നിത്യസ്നാനവിധി

ബ്രാഹ്മേ മുഹൂർത്തേ ഉത്ഥായ വിസൃജേന്മൂത്രവർച്ചസീ
ദക്ഷിണാഭിമുഖോ രാത്രൌ ദിവാചേത്തദുദങ്മുഖഃ 1

സന്ധ്യയോശ്ച ദ്വിജാഃ കുര്യുഃ കർണ്ണസ്ഥബ്രഹ്മസൂത്രിണഃ
യതവാചശ്ച സർവ്വേപി യഥാകാമന്തു ബാലകാഃ 2

ബ്രാഹ്മമായ മുഹൂർത്തത്തിങ്കൽ (സൂര്യോദയത്തിന്ന് അര യാമം മുമ്പെ) എഴുനീല്ക്കണം. പിന്നെ മലമൂത്രവിസർജ്ജനം ചെയ്യണം. രാത്രി തെക്ക നോക്കിയും പകലും സന്ധ്യകളിലും വടക്ക നോക്കിയും ഇരുന്നിട്ടാണ് മലമൂത്രവിസർജ്ജനം ചെയ്യേണ്ടത്. ആ സമയം പൂണനൂൽ വലത്തെ ചെവിമേൽ വെക്കണം. യാതൊന്നും സംസാരിക്കരുത്. കുട്ടികൾക്ക് ഈ വക നിർബ്ബന്ധങ്ങളൊന്നുമില്ല. ഇഷ്ടം പോലെ ചെയ്യാം.

ന ഭൂമൌ ഫാലകൃഷ്ടായാം നാഛന്നായാം ചോഷരേ
ന ശാദ്വലേ ന ഛായായാം ന സസത്വേ ന ഗർത്തകേ 3

ന വന്മീകേ ന രത്ഥ്യായാം നോദ്യാനേ നോദകാന്തികേ
ന ഭസ്മനി ന ചാംഗാരേ നോദകേ ന ച ഗോമയേ 4

തുഷാകപാലഗോഷ്ഠേഷു ന ദേവായതനേഷു ച
ന പ്രത്യനിലമർക്കം വാ നാഗ്നിസ്ത്രീഗുരുബാന്ധവാൻ 5

കന്നുപൂട്ടിയ കണ്ടങ്ങളിലും തൃണാദികളെക്കൊണ്ടു മറയ്ക്കപ്പെടാത്തേടത്തും ഓർപ്രദേശത്തും പച്ചപ്പുല്ലിലും നിഴലിലും ജന്തുക്കളുള്ളേടത്തും മടയിലും പുറ്റിലും പെരുവഴിയിലും പൂങ്കാവിലും കുളം കിണറു മുതലായതിന്റെ സമീപത്തിലും ഭസ്മത്തിലും തീക്കണലിലും വെള്ളത്തിലും ചാണകത്തിലും ഉമിയിലും കലോട്ടിലും തൊഴുത്തിലും അമ്പലത്തിലും, കാറ്റിന്നു നേരെ തിരിഞ്ഞിരുന്നും, ആദിത്യൻ അഗ്നി സ്ത്രീ ഗുരു ബന്ധുക്കൾ ഇവരുടെ നേരിട്ടും മലമൂത്രവിസർജ്ജനം ചെയ്യരുത്.

പരിമൃജ്യ ഗുദം സമ്യഗ്ഗൃഹീത്വാ ശിശ്നമുത്ഥിതഃ
ഹസ്തേനോദ്ധൃത്യ കുർവ്വീത ശൌചമംഭോ ജലാശയാൽ 6

ആഗന്ധലേപയോർന്നാശാന്നിർവ്വിശേഷം തദിഷ്യതേ
സർവ്വേഷാമപി വർണ്ണാനാം വിപ്രാദീനാം പുനസ്ത്വിയം 7

പരിപാടിഷ്യതേ തത്ര ഭാർഗ്ഗവാവനിവാസിനാം
ദ്വാദശാദ്വാദശാവൃത്തീന്യാഹുഃ ശൌചാനി വൈ ഗുദേ 8

മലമൂത്രവിസർജ്ജനം ചെയ്തുകഴിഞ്ഞാൽ വല്ല ഇല കൊണ്ടോ മറ്റൊ ഗുദദ്വാരം തുടച്ച് കൈകൊണ്ടു ശിശ്നം പിടിച്ചെഴുനീൽക്കണം. കുളത്തിൽനിന്നു കൈകൊണ്ടു വെള്ളം മുക്കീട്ടാകുന്നു ശൌചിക്കേണ്ടത്. ദുർഗ്ഗന്ധവും അഴുക്കും തീരുന്നതുവരെ ശൌചിക്കണം. ഇതു സാമാന്യവിധിയാകുന്നു. (ബ്രാഹ്മണാദി ജാതിഭേദത്തെ അപേക്ഷിക്കുന്നില്ലെന്നർത്ഥം. എന്നാൽ മലയാളബ്രാഹ്മണർക്കു ശൌചത്തിങ്കൽ ചില പ്രത്യേക നിയമമുള്ളതു താഴെ വിവരിക്കുന്നു).

സപ്താവൃത്തീനി സപ്താഹുർല്ലിംഗേ മൃത്തികയാസഹ
വിപ്രസ്യ പാദഹീനാന്യത്രാദ്യേ ക്ഷത്രിയവൈശ്യയോഃ 9

മലവിസർജ്ജനത്തിങ്കൽ ഒരിക്കൽ മണ്ണെടുത്തു 12 പ്രാവശ്യം ശൌചിക്കണം. ഇങ്ങിനെ 12 ശൌചം ചെയ്യണം. മൂത്രവിസർജ്ജനത്തിങ്കൽ ഇതിന്റെ സംഖ്യ ഏഴാകുന്നു. ക്ഷത്രിയവൈശ്യന്മാർക്കു മലവിസർജ്ജനത്തിൽ ഒമ്പതും

പഞ്ചാവൃത്തീനി പഞ്ചാഹുർദ്വിതീയേ ചാപരേ പുനഃ
സൂത്രിണസ്ത്വാനി കുര്യുശ്ച പഞ്ചാവൃത്തീനി പഞ്ച വാ 10

സപ്താവൃത്തീനി വാ സപ്ത പ്രഥമേ ത്രീണ്യനന്തരേ
ത്ര്യാവൃത്തീനി ച സർവ്വേപി ക്ഷാളയേയുർമ്മൃദംഭസാ 11

മൂത്രവിസർജ്ജനത്തിൽ അഞ്ചും ശൌചം വിധിക്കപ്പെട്ടിരിക്കുന്നു. ബ്രാഹ്മണേതരന്മാരായ സ്ത്രീകൾക്കും ഇതു തന്നെയാകുന്നു ക്രമം. ഓരോ ശൌചത്തിന്നിടയിലും മണ്ണുകൂട്ടി രണ്ടു കയ്യും കഴുകണം.

ഏകൈകാന്തരുഭൌ ഹസ്താവേഷ ഭാർഗ്ഗവദർശിതഃ
ശൌചക്രമോ ന കുർവ്വീത രാമഭൂമാവനാതുരഃ 12

പാത്രസ്ഥേനാംബുനാ ശൌചം നാവഗാഹ്യ ജലേപി വാ
ഏതച്ഛൌചം ഗൃഹസ്ഥാനാമഥ ച ബ്രഹ്മചാരിണാം 13

മലയാളികളിൽ രോഗമില്ലാത്തവർ ജലപാത്രത്തിലെ വെള്ളം കൊണ്ടാകട്ടെ വെള്ളത്തിൽ ഇറങ്ങി ഇരുന്നിട്ടാകട്ടെ ശൌചിക്കരുത്. ബ്രഹ്മചാരി വാനപ്രസ്ഥൻ ഭിക്ഷു എന്നിവർക്കു, ഗൃഹസ്ഥനു വിധിച്ചതിൽ ഇരട്ടിയാകുന്നു ശൌചം.

വനസ്ഥാനാഞ്ച ഭിക്ഷൂണാം തത്തു ദ്വിഗുണമിഷ്യതേ
മൂത്രേ വിസൃഷ്ടേ ഗണ്ഡൂഷൈഃ സപ്തഭിർമ്മുഖശോധനം 14

കുർവ്വീത ധൃതകൌപീനോ വർച്ചസ്യേതൈർദ്ദശാധികൈഃ
അനിഃസൃതപുരീഷോപി നിത്യസ്നാനേ സമാചരേൽ 15

ശൌചം നിഃസൃതവർച്ചോവൽ ഗണ്ഡൂഷാംശ്ച ദ്വിജോത്തമഃ
നൈഷ്ഠികോ ദീക്ഷിതശ്ചാഗ്നിഹോത്രീ സർവ്വത്ര ചാപ്ലവേ 16

മൂത്രവിസർജ്ജനത്തിൽ ഏഴും മലവിസർജ്ജനത്തിങ്കൽ പതിനേഴും ഗണ്ഡൂഷം (കുലുക്കുഴിയുക) ചെയ്യണം. മലവിസർജ്ജനം ചെയ്തില്ലെങ്കിലും നിത്യസ്നാനത്തിൽ ഗണ്ഡൂഷസംഖ്യയ്ക്കു കുറവില്ല. ശൌചാനന്തരം കൌപീനം ധരിച്ചതിന്നു ശേഷമാണ് ഗണ്ഡൂഷം. നൈഷ്ഠികബ്രഹ്മചാരിയും ദീക്ഷയുള്ളവനും അഗ്നിഹോത്രിയും എപ്പോൾ കുളിക്കുമ്പോഴും 17 ഗണ്ഡൂഷം ചെയ്യണം. പക്ഷെ കൌപീനം ധരിച്ചതിന്നുശേഷം വേണമെന്നുള്ള നിർബ്ബന്ധമില്ല.

ഗണ്ഡൂഷാംസ്തത്ര കുർവ്വീത മുക്തകൌപീന ഏവവാ
കൌപീനധാരണം കൃത്വാ പാദൌ ത്രിശ്ശോധയേന്മൃദാ 17

സജലേന ജലേനൈവ സകൃൽ പശ്ചാദപി ദ്വിജഃ
അഫേനിലൈർജ്ജലൈർദ്വിരാചാമേച്ചന്തരാന്തരാ 18

കൌപീനം ധരിച്ചതിന്നുശേഷം മണ്ണു കൂട്ടി മൂന്നു പ്രാവശ്യം കാൽ കഴുകണം. ദ്വിജന്മാർക്ക് ഇതിന്നിടയിൽ ഈരണ്ട് ആചമനം കൂടി ചെയ്യേണ്ടതുണ്ട്. 21-)മത്തെ ശ്ലോകത്തിന്റെ പൂർവ്വാർദ്ധം വരെ അതിനെ വിവരിക്കുന്നു.

നിമിത്തേ സതി സർവ്വേപി പ്രകൃതിസ്ഥോപപവീതകാഃ
ആചാമേയുഃ പവിത്രേണ മാഷദഘ്നേന വാരിണാ 19

ഹൃൽഗാമിനൈവ ഷൾകർമ്മാ ക്ഷത്രിയഃ കണ്ഠഗാമിനാ
വൈശ്യസ്താല്വസ്പൃശൈവാന്തർഗ്ഗതഹസ്താഃ സ്യുരത്ര തേ 20

സർവ്വേപി ജാനുനോഃ കുര്യുരാസീനാശ്ച ന ചോദകേ
സ്വാചാന്തോ വാഗ്യതോ ദന്താന്മാർജ്ജയേച്ച പ്രഗേതനേ 21

സ്നാനകർമ്മണി നൈവാത്ര ദക്ഷിണാഭിമുഖോ ഭവേൽ
ചൂതപത്രേണ സർവ്വേപി കുര്യുർദ്ദർശനശോധനം 22

അഗൃഹസ്ഥസ്തു തേനൈവ കുര്യാത്തദ്വച്ച ദീക്ഷിതഃ
ഗൃഹസ്ഥാനാന്തു സന്ദഗ്ധതുഷാച്ചൂർണ്ണോപി സമ്മതഃ 23

പ്രാതഃസ്നാനത്തിങ്കൽ ആചമനശേഷം ദന്തശോധനമാണ് ചെയ്യേണ്ടത്. ഇതിന്ന് എല്ലാവർക്കും മുഖ്യം ചൂതപത്രം (മാവില) ആകുന്നു. ഗൃഹസ്ഥന്മാരല്ലാത്തവരും ദീക്ഷയുള്ളവരും മാവിലകൊണ്ട് മാത്രമേ പല്ലുതേക്കാവൂ. ഗൃഹസ്ഥന്മാർക്ക് ഉമിക്കരികൊണ്ടും പല്ലുതേക്കാം.

നൈകാദശ്യാം ന ദർശ്ശേ ന സംക്രാന്തൌ നാർക്കഭൌമയോഃ
വാരേ ഗൃഹസ്ഥഃ സർവ്വേപി സംക്രമാന്തേഷു ന ത്രിഷു 24

ഏകാദശി കറുത്തവാവ് സംക്രാന്തി ഞായറാഴ്ച ചൊവ്വാഴ്ച ഈ ദിവസങ്ങളിൽ ഗൃഹസ്ഥന്നു പല്ല് തേക്കാൻ പാടില്ല. ('അലാഭേ ദന്തകാഷ്ഠസ്യ നിഷിദ്ധേഷു ദിനേഷു ച ! അപാം ദ്വാദശ ഗണ്ഡൂഷൈർവ്വിദദ്ധ്യാദ്ദന്തധാവനം' എന്നുള്ള വ്യാസവചനപ്രകാരം, ദന്തധാവനത്തെ നിഷേധിച്ചിട്ടുള്ള ദിവസങ്ങളിൽ 12 ഗണ്ഡൂഷം ചെയ്താൽ മതി.)

ദന്താനാധാവ്യ കുർവ്വീത ഗണ്ഡൂഷാൻ ഷോഡശഃ ദ്വിജഃ
അധൌതദന്തോ നൈവ സ്യാദനിഷിദ്ധേഹനി ദ്വിജഃ 25

അപാം ദ്വാദശഭിർദ്ദന്താ ഗണ്ഡൂഷൈരിതരത്ര തു
പൂതാഃ സ്യുസ്തദനുസ്നായീ വാസോ വിസ്രസ്യ വർജ്ജയേൽ 26

ദന്തധാവനത്തിന്നുശേഷം 16 ഗണ്ഡൂഷം ചെയ്യണം. നിഷിദ്ധങ്ങളല്ലാത്ത ദിവസങ്ങളിൽ ദന്തധാവനം ചെയ്യാതിരിക്കരുത്. നിഷിദ്ധദിവസങ്ങളിൽ 12 ഗണ്ഡൂഷം കൊണ്ട് മുഖശുദ്ധി വരും. പിന്നെ മുണ്ടഴിച്ച് നനയ്ക്കണം.

കടിസൂത്രഞ്ച കൌപീനമാർദ്രീകൃത്യ ച ധാരയേൽ
പാദൌ മൃദ്വാർഭിരാമൃജ്യാദ്വിരാചാമേദനന്തരം 27

ചരടു തേച്ചും കോണകം തിരുമ്മിയും ഉടുക്കണം. പിന്നെ മൂന്നു പ്രാവശ്യം മണ്ണു കൂട്ടിയും ഒരു പ്രാവശ്യം മണ്ണു കൂട്ടാതേയും കാൽ കഴുകി ആചമിക്കണം.

ഇതി ത്രിരംബുനാപ്യേതൌ കേവലേനാഥ മാർജ്ജയേൽ
അഥാചാന്തോവഗാഹ്യാപ്സു മജ്ജേത്ത്രിരഥ ശോധയേൽ 28

അംഗാനി ചൂഡാം വിസ്രസ്യ ബദ്ധ്വീയാച്ചാർദ്രിതാം ജലൈഃ
സകൃന്മംക്ത്വാ ജലം ത്യക്ത്വാ തത ആചമനം ചരേൽ 29

പിന്നെ മൂന്നുപ്രാവശ്യം മുങ്ങി മേൽ തേച്ച കുടുമ അഴിച്ച് ഒലുമ്പി കെട്ടി പിന്നേയും കരയ്ക്കു കയറിയിരുന്ന് ആചമിക്കണം.

യഥാവദഥ സംപ്രോക്ഷ്യ വാസഃ പ്രാങ്മാർജിതം ജലേ
ഉദ്ധൃത്യ തൂസ്മദുൽകോച്യ വാമഹസ്തപ്രകോഷ്ഠകേ 30

ക്ഷിപ്ത്വാ ഹൃദി നിധായാഥ വാമപാണിതലം സകൃൽ
മംക്ത്വാ തീരമഭിവ്രജ്യ തിഷ്ഠൻ പാർഷ്ണിമിതേ ജലേ 31

പിന്നെ ജപിച്ചു തളിച്ചു മുങ്ങി കയറി വെള്ളത്തിൽനിന്നു തന്നെ തോർത്തണം.

പ്രകോഷ്ഠാദ്വാസ ആദായ തേന കുർവ്വീത മാർജ്ജനം
ശിരസോ മാർജ്ജനം സർവ്വേ കുർവ്വീരൻ പ്രഥമം പുനഃ 32

ഗൃഹസ്ഥഃ പൃഷ്ഠവംശസ്യ ബ്രഹ്മചാരീ യഥാമതി
സ്നാതകഃ കർണ്ണയോഃ കുര്യാദക്ഷ്ണോരേവ തു മസ്കരീ 33

ഹൃദയസ്യാഗ്നിഹോത്രീ തു കണ്ഠകൂപസ്യ ദീക്ഷിതഃ
സ്നാതകാദയ ഇത്യേതേ തത്തദംഗ പ്രമാർജ്ജനേ 34

നിർമൃജ്യൈവ പുനർവ്വാസഃ കുര്യുശ്ശേഷാംഗമാർജ്ജനം
മാർജ്ജനേ പൃഷ്ഠവംശസ്യ മജ്ജയേയുസ്തദംശുകം 35

സാധാരണ എല്ലാവരും ആദ്യം തലയാണ് തുവർത്തേണ്ടത്. ഗൃഹസ്ഥൻ ആദ്യം പുറം തുവർത്തണം. ബ്രഹ്മചാരിക്ക് ഇഷ്ടം പോലെ ചെയ്യാം. സ്നാതകൻ ചെവിയും, സന്യാസി കണ്ണും അഗ്നിഹോത്രി ഹൃദയവും, ദീക്ഷിതൻ കണ്ഠകൂപവും (കഴുത്തിലെ കുഴിയും) ആകുന്നു ആദ്യം തുവർത്തേണ്ടത്. ആദ്യം തുവർത്തേണ്ടതായി വിധിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ തുവർത്തിയാൽ ഉടനെ മുണ്ടു മുക്കിപ്പിഴിഞ്ഞേ പിന്നെ തുവർത്താവൂ. പുറം തുവർത്തിയാൽ ആരായാലും മുണ്ടു മുക്കണം.

സർവ്വേപി സർവ്വേ ചാന്യത്ര നിർദ്ദിഷ്ടാഃ കാമചാരിണഃ
സംവൃത്തമാർജ്ജനോ വസ്ത്രം നിഷ്പീഡ്യോദകമജ്ജിതം 36

സംമൃഷ്ടബദ്ധസൂത്രസ്തൽ കൌപീനം പരിവർത്തയേൽ
ശിഖാബന്ധനതഃ പൂർവ്വം പരം വാ പൂർവ്വപക്ഷിണാം 37

കാര്യഃ പുനശ്ശിഖാബന്ധഃ പാദയോശ്ചാഥ ശോധനം
സാന്തരാചമനം സർവ്വസാധാരണമുദാഹൃതം 38

നിഷ്പീഡ്യ പരിശോഷ്യാഥ കൌപീനം വാസ ആക്ഷിപൻ
പരിദധ്യാച്ച ന സ്രസ്തം പ്രാഗഗ്രേ കാരയേച്ച തൽ 39

പാദൌ യഥാവൽ പ്രക്ഷാള്യ പശ്ചാദാചമനം ചരേൽ
കേചിദാചമനം മന്ത്രൈഃ കേചിത്തൂഷ്ണീഞ്ച കുർവ്വതേ 40

കുടുമ കെട്ടുന്നതു കോണകം പിഴിഞ്ഞുടുക്കുന്നതിന്റെ മുമ്പെ എന്നും പിമ്പെ എന്നും പക്ഷാന്തരമുണ്ട്. രണ്ടിന്നും ശേഷം ആചമനം ചെയ്യണം. ആചമനം സമന്ത്രകമെന്നും പക്ഷാന്തരം.

ബ്രാഹ്മം പ്രോക്ഷണമന്ത്രേണ വായവ്യം രജസാ ഗവാം
ആഗ്നേയം ഭസ്മനാ ശുദ്ധമവഗാഹ്യാംബു വാരുണം 41

ചതുർവ്വിധമിതി സ്നാനം ബ്രാഹ്മശേഷന്തു വാരുണം
ദ്വിജൈരവശ്യം കർത്തവ്യം രാമാവനിനിവാസിഭിഃ 42

ജപിച്ച തളിക്കുന്നതു ബ്രാഹ്മസ്നാനം. പശുക്കളമ്പിലെ പൊടി ഏല്ക്കുന്നതു വായവ്യം. ഭസ്മം കുറിയിടുന്നത് ആഗ്നേയം. വെള്ളത്തിൽ ഇറങ്ങി മുങ്ങുന്നതു വാരുണം. ഇങ്ങിനെ സ്നാനം നാലുവിധമാകുന്നു. എന്നാൽ മലയാളത്തിൽ ബ്രാഹ്മത്തോടുകൂടിയ വാരുണസ്നാനം തന്നെ (ജപിച്ച തളിച്ച മുങ്ങുക തന്നെ) ചെയ്യേണമെന്നാണ് ഭാർഗ്ഗവമതം.

ഇതി ചതുർത്ഥസ്യാദ്ധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃപാദഃ

### സന്ധ്യാവന്ദനവിധി

അഥ സന്ധ്യാമുപാസീനഃ സ്വസ്വസൂത്രാനുരോധതഃ
ദ്വിജഃ പ്രാതശ്ച മധ്യാഹ്നേ ദിനസ്യ വിരതാവപി 1

ആദിമധ്യാവസാനേഷു വാസരസ്യ മഹർഷിഭിഃ
തിസ്രഃ സന്ധ്യാഃ സമാമ്നാതാസ്താശ്ചോപാസ്യാ ദ്വിജന്മഭിഃ 2

ഉപാസ്യേഷു ദ്വിജാതീനാം ശ്രേഷ്ഠം സന്ധ്യാത്രയം വിദുഃ
യസ്യ നാസ്ത്യാദരസ്തത്ര ദ്വിജേഭ്യസ്സ ബഹിഷ്കൃതഃ 3

സന്ധ്യകൾ, പ്രാതഃസന്ധ്യ മദ്ധ്യാഹ്നസന്ധ്യ സായംസന്ധ്യ ഇങ്ങിനെ മൂന്നാകുന്നു. ബ്രാഹ്മണൻ ഈ സന്ധ്യകളെ ഉപാസിക്കണം. സന്ധ്യാവന്ദനത്തിൽ ആദരവില്ലാത്തവൻ ബ്രാഹ്മണജാതിയിൽ നിന്നു ബഹിഷ്കൃതനാകുന്നു.

തസ്മാൽ സന്ധ്യാമുപാസീരൻ സർവ്വേ ചൈവ ദ്വിജാതയഃ
പ്രത്യഹം ശ്രദ്ധയാ യേ തു സന്ധ്യാത്രയമുപാസതേ 4

നിർദ്ധൂതപാപാസ്തേ യാന്തി ബ്രഹ്മലോകം സനാതനം
തസ്മാൽ സന്ധ്യാമുപാസീരൻ സർവ്വേ ചൈവ ദ്വിജാതയഃ 5

പ്രതിദിവസം ശ്രദ്ധയോടുകൂടി മൂന്നു സന്ധ്യയേയും മുടക്കം കൂടാതെ എവൻ ഉപാസിക്കുന്നുവോ അവൻ സകലപാപങ്ങളോടും വേർപെട്ടു ബ്രഹ്മലോകത്തെ പ്രാപിക്കും. അതിനാൽ എല്ലാ ബ്രാഹ്മണരും സന്ധ്യയെ ഉപാസിക്കണം.

അനൃതേന ന ദുഷ്യേയുർദ്ദിവാമൈഥുനതോപി വാ
തേ ദ്വിജാ യേ യഥാകാലം സന്ധ്യാസ്തിസ്ര ഉപാസതേ 6

തസ്മാൽ സന്ധ്യാമുപാസീരൻ സർവ്വേ ചൈവ ദ്വിജാതയഃ
സ്വസ്വസൂത്രാനുരോധേന ഭവേൽ പാതിത്യമന്യഥാ 7

അസത്യം പറകയോ പകൽ മൈഥുനം ചെയ്കയോ ചെയ്താലുള്ള പാപം കൂടി സന്ധ്യാവന്ദനം കൊണ്ടു നശിക്കുന്നു. അതിനാൽ ബ്രാഹ്മണരെല്ലാവരും സന്ധ്യാവന്ദനകാര്യത്തിൽ ശ്രദ്ധയുള്ളവരായിരിക്കണം. അല്ലെങ്കിൽ ബ്രാഹ്മണ്യത്തിങ്കൽ നിന്നു ഭ്രഷ്ടനായിത്തീരും.

സാധാരണം പ്രവക്ഷ്യാമി യത്തത്രാധി സമാസതഃ
അസാധാരണവിജ്ഞാനമാചാരാദഥവാഗമാൽ 8

സന്ധ്യാവന്ദനവിഷയത്തിൽ സാധാരണവിധിയെ ചുരുക്കത്തിൽ ഇവിടെ പറയുന്നു. വിശേഷവിധി എല്ലാം സൂത്രഭേദേനയും പരമ്പരാചാരത്തിങ്കൽ നിന്നും അറിഞ്ഞുകൊള്ളണം.

ദൃശ്യാദൃശ്യർക്ഷസംയുക്താ യാ വേലാ തു നിശാത്യയേ
താമേവ പ്രഥമാം സന്ധ്യാം സർവ്വേ കാലവിദോ വിദുഃ 9

രാത്രിയുടെ അവസാനത്തിങ്കൽ നക്ഷത്രങ്ങൾ കണ്ടു കണ്ടില്ല എന്നായിത്തീരുന്ന സമയമാണ് മുഖ്യമായ പ്രാതഃസന്ധ്യാകാലം.

ജ്ഞാത്വാ വിപ്രാദയോ യത്നാദേനാം വേലാമുപസ്ഥിതാം
പ്രാചീമഭിമുഖീകൃത്യ ദദ്യുരഞ്ജലിനാ ജലം 10

തിഷ്ഠന്തഃ പ്രോച്യ ഗായത്രീം സകൃച്ചാനേകശോപി വാ
യഥാചാരം യഥാസൂത്രം ക്ഷിപേയുർന്ന ജലാൽ സ്ഥലേ 11

ബ്രാഹ്മണർ മുതലായ എല്ലാ സൂത്രികളും പണിപ്പെട്ടെങ്കിലും ഈ സമയത്തെ തെറ്റിക്കാതെ കിഴക്കോട്ടു തിരിഞ്ഞുനിന്നു ഗായത്രി ജപിച്ച് ഒന്നോ മൂന്നോ പ്രാവശ്യം അർഘ്യം കൊടുക്കണം. ഈ അർഘ്യം വെള്ളത്തിൽ നിന്നു കരയിലേക്ക് ഒഴിക്കരുത്.

ത്രിരേവം വിധിവൽകൃത്വാ പരിക്രമ്യ യഥാവിധി
വിദധീരന്നഥാസീനാ ദേവർഷി പിതൃതർപ്പണം 12

ഇങ്ങിനെ (മൂന്നു പ്രാവശ്യം) അർഘ്യം കൊടുത്തതിന്നു ശേഷം വെള്ളം എടുത്തു തിരിഞ്ഞു ദേവർഷിപിതൃതർപ്പണത്തെ ചെയ്യണം.

പ്രകൃതിസ്ഥോപവീതാഃസ്യുർദ്ദേവാനാം തത്ര തർപ്പണേ
പ്രാചീനാവീതിനഃ പിത്ര്യേ സ്യുരന്യത്ര നിവീതിനഃ 13

ദേവതർപ്പണത്തികൽ യജ്ഞോപവീതം സ്വതേയുള്ള സ്ഥിതിയിൽതന്നെ കിടന്നാൽ മതി. പിതൃതർപ്പണത്തിൽ അത് ഇടത്തിടണം. ഋഷിതർപ്പണത്തിലാകട്ടെ അതു നിവീതമായിരിക്കണം.

ഇതി സംക്ഷേപതഃ പ്രോക്തസ്സന്ധ്യാസാധാരണഃ ക്രമഃ
അംബുക്ഷേപാദികം കൃത്വാ തിഷ്ഠന്തഃ ഷൾപദാൽ ബഹിഃ 14

ആസൂര്യസ്യോദയാൽ കുര്യുർഗ്ഗായത്ര്യാ വിധിവജ്ജപം
സഹസ്രതമമാസാദ്യ തതഃ കുര്യുസ്സമാപനം 15

ഇങ്ങിനെ സന്ധ്യാവന്ദനത്തിന്റെ സാധാരണക്രമം ചുരുക്കത്തിൽ വിവരിക്കപ്പെട്ടു. തർപ്പണം കഴിഞ്ഞതിന്നുശേഷം അവിടെനിന്ന് അഞ്ചാറടി ദൂരം ചെന്നുനിന്നു സൂര്യോദയം വരെ ഗായത്രി ജപിക്കണം. ഇത് ആയിരം സംഖ്യയാണ് വേണ്ടത്.

തദർദ്ധപരിമാണേ വാ പൂർണ്ണേ വാഷ്ടോത്തരേ ശതേ
പ്രണവഞ്ചൈവ ഗായത്രീമഷ്ടവർണ്ണമപി വൈഷ്ണവം 16

ശൈവം പഞ്ചാക്ഷരഞ്ചൈവ ജപേന്നിത്യമതന്ദ്രിതഃ
ബ്രഹ്മചാരീ ഗൃഹസ്ഥോ വാ ചതുശ്ശാന്തികമുച്യതേ 17

അതിൽ പകുതിയായാലും അഷ്ടോത്തരശതം (108) ആയാലും മതി എന്നു പക്ഷാന്തരമുണ്ട്. പ്രണവം ഗായത്രി അഷ്ടാക്ഷരം പഞ്ചാക്ഷരം ഇവ നാലും ചതുശ്ശാന്തികമെന്നു പറയപ്പെടുന്നു.

ഏതച്ചതുഷ്കമിത്യാഹ ഭഗവാൻ ഭാർഗ്ഗവോ മുനിഃ
യന്നിത്യമർഘ്യദാനഞ്ച ഗായത്ര്യാശ്ച മനോർജ്ജപഃ 18

അർഘ്യദാനവും ഗായത്രീജപവും കഴിഞ്ഞല്ലാതെ ബ്രാഹ്മണർ ഭസ്മം ധരിക്കുന്നില്ല.

താഭ്യാമന്യദിനാ പുണ്ഡ്രം നൈവ കുര്യുർദ്വിജാതയഃ

### ഭസ്മധാരണവിധി

പ്രത്യഹഞ്ച ത്രിപുണ്ഡ്രസ്യ ധാരണം ഹി ദ്വിജന്മനാം 19

ദക്ഷിണേ ഭാർഗ്ഗവക്ഷേത്രേ നിയതം ഭാർഗ്ഗവോബ്രവീൽ
ഊർദ്ധ്വപുണ്ഡ്രം ത്രിപുണ്ഡ്രഞ്ചസമുച്ചീയ ച കുത്രചിൽ 20

തെക്കേമലയാളത്തിൽ (64 ഗ്രാമത്തിൽ തെക്കെ 32 ഗ്രാമത്തിൽ) പ്രതിദിവസം തീർച്ചയായും ഭസ്മം ധരിക്കേണമെന്നു നിർബ്ബന്ധമുണ്ട്. അതിൽതന്നെ ചിലർ ഗോപി കൊണ്ട് ഊർദ്ധ്വപുണ്ഡ്രവും ഭസ്മം കൊണ്ടു ത്രിപുണ്ഡ്രവും (രണ്ടും കൂടി) ധരിക്കുന്നു. അതെല്ലാം സ്വകുലാചാരം പോലെ നടക്കേണ്ടതാകുന്നു.

വികല്പേന ച തൽ കുര്യുര്യഥാകുലമിഹ ദ്വിജാഃ
നിത്യം യദർഘ്യദാനാദി കാമതഃപുണ്ഡ്രധാരണേ 21

പ്രവൃത്തിർവ്വാ നിവൃത്തിർവ്വാ തത്ര ഭാർഗ്ഗവദർശനാൽ
കേവലം തൂർദ്ധ്വപുണ്ഡ്രം യത്തന്ന കാര്യമിഹ ദ്വിജൈഃ 22

ഇങ്ങിനെ അർഘ്യദാനം മുതലായതെല്ലാം നിത്യങ്ങളാകുന്നു. ത്രിപുണ്ഡ്രം കൂടാതെ ഊർദ്ധ്വപുണ്ഡ്രം മാത്രമായി ധരിപ്പാൻ പാടില്ല.

ഊർദ്ധ്വപുണ്ഡ്രം ദ്വിജാ ഏവ കുർവ്വീരൻ ഗോപികാമൃദാ
ത്രിപുണ്ഡ്രസാധനാന്യാഹുർഭൂതിർഭസിതഭസ്മനീ 23

ഗോപികൊണ്ടുള്ള ഊർദ്ധ്വപുണ്ഡ്രം ത്രൈവർണ്ണികന്മാർക്കു മാത്രമേ ധരിപ്പാൻ പാടുള്ളൂ. ഭൂതി ഭസിതം ഭസ്മം ക്ഷാരം രക്ഷാ ഇവ അഞ്ചും ത്രിപുണ്ഡ്രത്തിന്നുള്ള സാധനങ്ങളാകുന്നു. അവയുടെ വിശേഷം പറയാം.

ക്ഷാരോ രക്ഷാ ച പഞ്ചേതി തദ്വിശേഷാഭിധീയതേ
കപിലായാഃപുരീഷേണ ജാതാ ഭൂതിരിതി സ്മൃതാ 24

കൃഷ്ണായാ ഗോഃ പുരീഷേണ ജാതന്തു ഭസിതം വിദുഃ
ഭസ്മ ലോഹിതവർണ്ണായാഃ ശ്വേതായാഃ ക്ഷാര ഉച്യതേ 25

നാനാരൂപവതീ ഗൌര്യാ തസ്യ രക്ഷേതി കീർത്ത്യതേ
ഐശ്വര്യകാരണം ഭൂതിർഭാസകം ഭസിതം മതം 26

സർവ്വാഘഭക്ഷകം ഭസ്മ യേന ക്ഷരണമാപദാം
വിദധാതി തതഃ പ്രാഹുഃ ക്ഷാരം രക്ഷേതി രക്ഷണാൽ 27

കപിലഗോവിന്റെ ചാണകം കൊണ്ടുണ്ടാക്കീട്ടുള്ള ഭസ്മം ഭൂതി എന്നു പറയപ്പെടുന്നു. കറുത്ത പശുവിന്റേതു ഭസിതം. ചുകന്ന പശുവിന്റേതു ഭസ്മം. വെളുത്ത പശുവിന്റേതു ക്ഷാരം. അനേകനിറമുള്ള പശുവിന്റേതു രക്ഷ. ഭൂതി ഐശ്വര്യത്തേയും അഭീഷ്ടത്തേയും ദാനം ചെയ്യുന്നു. ഭസിതം തേജസ്സിനെ ഉണ്ടാക്കുന്നു. ഭസ്മം എല്ലാ പാപത്തേയും നശിപ്പിക്കും. ക്ഷാരമാകട്ടെ സകലവിധ ആപത്തുകളെയും നശിപ്പിക്കുന്നതാകുന്നു. ഭൂതപ്രേതപിശാചാദി ദുഷ്ടഗ്രഹഭയത്തിങ്കൽ നിന്നു രക്ഷിക്കയാൽ രക്ഷാ എന്ന പേർ സിദ്ധിച്ചു.

ഭൂതപ്രേതപിശാചാദിദുർഗ്രഹേഭ്യോ ഭയാദപി
ലോകേ സാധാരണം ഭസ്മശബ്ദോ നിർദ്ദഗ്ദ്ധവസ്തുഷു 28

വർത്തതേ പ്രഥിതസ്തസ്മാത്ത്രിപുണ്ഡ്രം ഭസ്മനാ ചരേൽ
അവിധാനകൃതം ഭസ്മ നൈവ ധാര്യം ദ്വിജന്മഭിഃ 29

ലോകത്തിൽ സാധാരണയായി ഭസ്മശബ്ദം അഗ്നിയാൽ ദഹിപ്പിക്കപ്പെട്ട വസ്തുവിന്നാണല്ലൊ പറയപ്പെട്ടു വരുമാറുള്ളത്. അതിനാൽ സാധാരണയായി ഭസ്മം ധരിക്കുക എന്നു പറയുന്നേടത്തെല്ലാം ചുകന്ന പശുവിന്റെ ചാണകം കൊണ്ടുണ്ടാക്കീട്ടുള്ള ഭസ്മം വേണമെന്നു നിർബ്ബന്ധമില്ല. എന്നാൽ വിധിപ്രകാരമുണ്ടാക്കീട്ടുള്ള ഭസ്മമല്ലാതെ ബ്രാഹ്മണർക്കു ധരിപ്പാൻ പാടില്ല.

ഉൽപാദ്യ വിധിവൽ ഭസ്മ പ്രത്യഹം ധാരയേൽ ഗൃഹീ
സ്വാധ്യായാദ്യഖിലം കർമ്മ കൃത്വാഘേഭ്യോ വിമുച്യതേ 30

ഗൃഹസ്ഥൻ വിധിപ്രകാരമുണ്ടാക്കീട്ടുള്ള ഭസ്മത്തെ പ്രതിദിവസം ധരിക്കണം. സ്വാദ്ധ്യായം മുതലായ കർമ്മങ്ങളെല്ലാം അതിന്നുശേഷമേ ചെയ്യാവൂ.

തഥൈവ ബ്രഹ്മചാരീ ച വനസ്ഥശ്ചാപ്യസംശയം
വിധിവൽ ഭസ്മ നിഷ്പാദ്യ ഗൃഹസ്ഥസ്സംപ്രതീതധീഃ 31

യാചിതോയാചിതോ വാപി വ്രതസ്ഥേഭ്യോ ദിശേച്ച തൽ
ആഗ്നീഷോമാത്മകം ഭസ്മ വിശ്വമേതച്ച താദൃശം 32

ഗൃഹസ്ഥൻ വിധിപ്രകാരം ഭസ്മമുണ്ടാക്കീട്ട് വ്രതസ്ഥന്മാരായിരിക്കുന്ന ബ്രഹ്മചാരി വാനപ്രസ്ഥൻ മുതലായവർക്കു ദാനം ചെയ്യണം. ഈ വിശ്വം മുഴുവനും അഗ്നീഷോമാത്മകമാകുന്നു (അഗ്നിയാലും സോമനാലും നിലനിർത്തപ്പെടുന്നതാകുന്നു). ഭസ്മമോ അതും അഗ്നീഷോമാത്മകം തന്നെ. അതിനാൽ ഭസ്മദാനഫലത്തെ ആർക്കു തീർച്ചപ്പെടുത്തുവാൻ കഴിയും.

ഭസ്മദാനഫലം തസ്മാൽ കഃ പരിച്ഛേത്തുമർഹതി
ഭിക്ഷുഭ്യശ്ച വനസ്ഥേഭ്യോ ബ്രഹ്മചാരിഭ്യ ഏവ ച 33

ഗൃഹസ്ഥൻ, ബ്രഹ്മചാരി വാനപ്രസ്ഥൻ ഭിക്ഷു ഇവർക്കു ഭസ്മം ദാനം ചെയ്യണം. ഇതു പണ്ടേക്കുപണ്ടേ തന്നെയുള്ള ധർമ്മമാകുന്നു.

ത്രിഭ്യോ ഗൃഹസ്ഥോ ദദ്യാത്തദേഷ ധർമ്മസ്സനാതനഃ
ന ഹസ്തേ നിക്ഷിപേൽ ഭസ്മ ന ഹസ്തേനാദദീത ച 34

പാത്രേണ സഹ ദാതവ്യമാദാതവ്യം തഥൈവ തൽ
യോ ദത്തേ കേവലം ഭസ്മ പാണൌ യഃ സ്വീകരോതി ച 35

ഭസ്മം കയ്യുകൊണ്ടു കൊടുക്കരുത്. കയ്യിൽ വാങ്ങുകയുമരുത്. പാത്രത്തോടുകൂടെ കൊടുക്കുകയും വാങ്ങുകയും ചെയ്യണം. കേവലം ഭസ്മത്തെ ആർ കയ്യിൽ കൊടുക്കുന്നുവോ ആർ കയ്യുകൊണ്ടു വാങ്ങുന്നുവോ അവർ രണ്ടുപേരും സമ്പാദിച്ചിട്ടുള്ള തപസ്സിനെ അഗ്നിയും സോമനും ഹരിക്കുന്നു.

തയോരഗ്നിശ്ച സോമശ്ച തപോ ഹരതി സഞ്ചിതം
ആധായ കദളീപത്രേ ജലകുണ്ഡികയാ സഹ 36

സ്നാതാഗതേഭ്യോ വിപ്രേഭ്യോ നിദധീത പുരോ ഗൃഹീ
തദല്പായാസമപ്രാജ്യവ്യയസാദ്ധ്യം മഹാഫലം 37

കൃത്വാ യശസ്സമാപ്നോതി ഗൃഹ്യഘേഭ്യശ്ച മുച്യതേ

ഗൃഹസ്ഥൻ കുളിച്ചുവന്നിരിക്കുന്ന ബ്രാഹ്മണരുടെ മുമ്പിൽ ഒരുകിണ്ടി വെള്ളവും വാഴയിലയിൽ കുറെ ഭസ്മവുംകൂടി കൊണ്ടുവെക്കണം. ഇതിന്നു യാതൊരദ്ധ്വാനവുമില്ല. വലിയ ചിലവും ഇല്ല. ഫലമോ വളരെ അധികം. ഇങ്ങിനെ ചെയ്താൽ ഇഹലോകത്തിങ്കൽ നിർമ്മലയായ കീർത്തിയെ പ്രാപിക്കുന്നതിന്നു പുറമെ അവൻ സകലപാപങ്ങളിൽ നിന്നും മോചിക്കുന്നു.

ഇതി ചതുർത്ഥസ്യാധ്യായസ്യ ദ്വിതീയഃപാദഃ

അഥ തൃതീയഃ പാദഃ

### ഭസ്മനിർമ്മാണവിധി

ആഖ്യാസ്യേ ഭസ്മനിർമ്മാണവിധിമത്ര സമാസതഃ
യേനൈവ നിർമ്മിതം ഭസ്മ ദ്വിജാനാം ശ്രേയസേ ഭവേൽ 1

അനന്തരം ഭസ്മനിർമ്മാണവിധിയെ സംക്ഷേപമായി പറയുന്നു. യാതൊരു വിധിപ്രകാരമുണ്ടാക്കിയ ഭസ്മം ധരിക്കുന്നതുകൊണ്ടും ദാനംചെയ്യുന്നതുകൊണ്ടും ബ്രാഹ്മണർക്കു പലവിധമായ ശ്രേയസ്സു സിദ്ധിപ്പാനുണ്ട്.

അശിവൈസ്സഹിതാമംകൈർവ്വിടാസ്യാം മഹാഖലാം
ഭ്രമച്ചിത്താം പുനർദ്ധേനും കൃശാംഗാം മലിനാകൃതിം 2

മൃതവത്സാമശസ്താംഗാം രോഗാർത്താം മലിനേന്ദ്രിയാം
അദുഗ്ദ്ധദോഹിനീം നൂതപ്രസവാമപരാശിനീം 3

ദഗ്ദ്ധഗാത്രാഞ്ച വന്ധ്യാഞ്ച കേശചേലാസ്ഥിഭക്ഷിണീം
വിഹായ കപിലാമാദൌ ഗോമയാർത്ഥേ ഗവേഷയേൽ 4

കണ്ടാൽ ഭംഗിയില്ലാത്ത ചിഹ്നങ്ങളുള്ളവൾ, മുഖം വികൃതമായിട്ടുള്ളവൾ, വളരെ ദുഷ്ടു, ഭ്രാന്തുള്ളവൾ, മെലിഞ്ഞവൾ, ചണ്ടി, കുട്ടി ചത്തവൾ, അംഗങ്ങൾക്കു ഭംഗിയില്ലാത്തവൾ, രോഗാർത്ത, ഇന്ദ്രിയങ്ങളിൽ മാലിന്യമുള്ളവൾ, കറക്കാൻ സമ്മതിക്കാത്തവൾ, അടുത്ത കാലത്തു പ്രസവിച്ചവൾ, ചവറുതിന്നുന്നവൾ, ചൂടിട്ടവൾ, മച്ചി, രോമം വസ്ത്രം അസ്ഥി മുതലായ അമേദ്ധ്യസാധനങ്ങളെ ഭക്ഷിക്കുന്നവൾ ഇങ്ങിനെ ദുർല്ലക്ഷണങ്ങളുള്ള പശുവിനെ ഒഴിച്ചു സൽഗുണങ്ങളുള്ള പശുവിനെ ആകുന്നു ഗോമയത്തിന്നായി അന്വേഷിക്കേണ്ടത്.

ശ്വേതാം വാ താദൃശീമന്യാസ്തദലാഭേന്ദ താദൃശീഃ
കസ്യാഞ്ചിത്താസു സിദ്ധായാം താമാനീയ ഗൃഹാന്തികേ 5

കപിലയേയോ ശ്വേതയേയോ കിട്ടാത്ത പക്ഷം അതിന്നനുഗുണമുള്ള മറ്റേതെങ്കിലും പശുവിനെ സമ്പാദിക്കണം. അതിനെ കൊണ്ടുവന്നു തന്റെഗൃഹത്തിന്നു സമീപമുള്ള തൊഴുത്തിലാക്കി തൃപ്തി വരെ തിന്നാൻ കൊടുത്തു രക്ഷിക്കണം.

ഗോഷ്ഠേ നിവേശ്യ സൌഹിത്യം വർത്തയൻ പരിപാലയേൽ
അഥോഷസി ചതുർദ്ദശ്യാം തിഥൌ സ്നാത്വാ സമാഹിതഃ 6

ധൌതവസ്ത്രോഗ്രതഃ പശ്യേദ്ദൂർവ്വാ മരതകോപമാഃ
അജന്തുദഹനോച്ഛിഷ്ടാസ്സഹാഗ്രാ മേധ്യഭൂരുഹഃ 7

സഹസ്രപരമേത്യാദിമന്ത്രേണാദായ താസ്തതഃ
നീത്വാന്തികമപശ്ചാഥ ഗാം സ്പൃശന്നഭിമന്ത്രയേൽ 8

ആഗാവ ഇത്യമും മന്ത്രമഥ ദൂർവ്വാസ്സമാശയേൽ
തൂഷ്ണീം ഗാവോ ഭഗോ ഗാ ന ഇതി മന്ത്രേണ ചോദകം 9

പിന്നെ ചതുർദ്ദശി ദിവസം കുളിച്ചു വെള്ളവസ്ത്രം ധരിച്ചു, പുഴക്കുത്തില്ലാത്തതും തീ ബാധിക്കാത്തതും നാക്കുള്ളതും ശുദ്ധഭൂമിയിൽ മുളച്ചതും മരതകക്കല്ലിന്റെ നിറമുള്ളതുമായ കറുക മന്ത്രം ചൊല്ലി പറിച്ചുകൊണ്ടുവന്നു മന്ത്രം ചൊല്ലി പശുവിനെ തീറ്റണം. പിന്നെ മന്ത്രപൂർവ്വകം കുടിപ്പാൻ വെള്ളവും കൊടുക്കണം.

ഉപോഷ്യ തദഹഃ സ്നാത്വാ പരേഹനി സമാഹിതഃ
ധൌതവസ്ത്രസ്സമാസാദ്യ സഹോപകരണശ്ശുചിഃ 10

ഉത്ഥാപ്യ ഗാമഹിംസ്രസ്സൻ ഗായത്ര്യാ മൂത്രമാഹരേൽ
കലശേ കാഞ്ചനേ രൂപ്യമയേ താമ്രമയേപി വാ 11

അഥവാ മൃണ്മയേ പാത്രേ ഗൃഹ്ണീയാൽ പൌഷ്കരേപിവാ
ഭൂമൌ നിപതനാൽ പൂർവ്വം ഗന്ധദ്വാരമിതീരയൻ 12

ഗൃഹ്ണീയാൽ ഗോമയം ഗേഹീ പതിതം വാ സ്ഥലേ ശുചൌ
ത്രിർമ്മേ ഭജത്വിതി പ്രോച്യ ഗോമയം ശോധയേൽ പുനഃ 13

അത്യക്ഷീരിതി മന്ത്രേണ തസ്മാദ്ധാന്യാദി ചോദ്ധരേൽ
മൂത്രം തത്ര ക്ഷിപേൽ സന്ത്വാ സിഞ്ചാമീത്യമുനാ തതഃ 14

അന്നു താനുപവസിച്ച് പിറ്റേന്നു കാലത്തു കുളിച്ചു ശുഭ്രവസ്ത്രം ധരിച്ച് ഉപകരണങ്ങളോടുകൂടെ പശുവിന്റെ സമീപത്തിൽ ചെല്ലുക. അതിനെ ദ്രോഹിക്കാതെ എഴുനീൽപിച്ചു പൊൻ വെള്ളി ചെമ്പു മണ്ണ് ഇതിലേതെങ്കിലും ഒന്നുകൊണ്ടുള്ള പാത്രത്തിൽ ഗായത്രി ചൊല്ലി മൂത്രം വാങ്ങണം. താമരയിലയിലായാലും വിരോധമില്ല. ഭൂമിയിൽ വീഴുന്നതിന്നു മുമ്പായി ചാണകവും വാങ്ങണം. ശുദ്ധഭൂമിയിലാണെങ്കിൽ വീണതിന്നുശേഷമായാലും വിരോധമില്ല. അതിന്നുശേഷം ഗോമയം പരിശോധിച്ചു കരടുകളെല്ലാം കളഞ്ഞു ഗോമൂത്രംകൂട്ടി കുഴച്ചു മന്ത്രം ചൊല്ലി 14 ഉരുളയാക്കി ഉരുട്ടണം.

പഞ്ചാനാമിത്യനേനാഥ പിണ്ഡാൻ കുര്യാച്ചതുർദ്ദശ
ശുചൌ ദേശേ ശുനാദ്യസ്പൃഷ്യേ ശോഷണായാർക്കരശ്മിഷു 15

താന്നിധായാഥ ഭുഞ്ജീത സുവൃത്തേഷു സ്വകർമ്മസു
പാത്രേഷു കുത്രചിൽ പൂർവ്വമുദിതേഷു നിധായ താൻ 16

അനന്തരം ശ്വാവു വന്നു തൊടാത്ത ശുദ്ധമായ ഭൂമിയിൽ മേൽപറഞ്ഞ ഉരുള ഉണക്കാൻ വെച്ചതിന്നുശേഷം തന്റെ നിത്യകർമ്മങ്ങളെല്ലാം കഴിഞ്ഞു ഭക്ഷണം കഴിക്കണം. ഇങ്ങിനെ ഉണക്കി മുൻപറഞ്ഞ പാത്രങ്ങളിൽതന്നെ വെച്ചു സൂക്ഷിക്കണം. (ഇനി പാദാവസാനം വരെ ഈ ഉരുളകൾ ഹോമിക്കേണ്ടുന്ന ക്രമമാകുന്നു).

ശുഷ്കാൻ രക്ഷേച്ഛുചൌ ദേശേ യാവത്സംശോഷണം ഭവേൽ
അഥൈകാം രജനീം നീത്വാ തഥൈവാന്യേദ്യുരുത്ഥിതഃ 17

സ്നാനാദ്യവശ്യകം കൃത്വാ സ്വഗൃഹ്യോക്തേന വർത്മനാ
പ്രതിഷ്ഠാപ്യാഗ്നിമത്രൈതാൻ ജുഹുയാച്ച യഥാക്രമം 18

ആദൌ തു പ്രണവേനൈകം ജുഹയാദക്ഷരൈഃപുനഃ
ഷഡക്ഷരസ്യ തസ്യൈവ വ്യാവൃത്തസ്യാക്ഷരൈഃപുനഃ 19

പ്രപദേനൈകമേഭിസ്തു സ്വാഹാന്തൈർഹുതിരിഷ്യതേ
സാവർണ്ണദേവായാഘാരാവാജ്യഭാഗൌ തതഃപരം 20

തതോ വ്യാഹൃതിഭിഃ പശ്ചാദ്വിംശതിസ്തു ത്രയാധികാ
നിധാനപതയേ പഞ്ച പഞ്ച ബ്രഹ്മപരാസ്തതഃ 21

മന്ത്രർന്നമോഹിരണ്യേതി ക്രമാദേതാ ഹുതീശ്ചരേൽ
അഥർത്തസത്യമിത്യേകാ കദ്രദായേതി ചാപരം 22

യസ്യ വൈകംകതീത്യന്യാ ഇതി തിസ്രോ ഹുതീശ്ചരേൽ
അനാജ്ഞാതത്രയം പഞ്ച വ്യാഹൃത്യാ ച തതഃപരം 23

ഇതി ക്രമേണ ഹുത്വാതഃപരം സ്വിഷ്ടകൃതം യജേൽ
ഇദ്ധ്മശേഷഞ്ച നിർവ്വർത്ത്യ പൂർണ്ണപാത്രജലം പുനഃ 24

ബ്രുംഹയേൽ പൂർണ്ണമസ്യാദിയജുഷാന്യജലേന തൽ
ക്ഷിപേത്തദന്തു മൂർദ്ധ്നി ബ്രാഹ്മണേഷ്വമൃതമിത്യപി 25

ദിക്ഷു തോയം വിനിക്ഷിപ്യ ബ്രഹ്മണേ ദക്ഷിണാം തതഃ
ദത്വാ പുളകമാനേതുകാമ ഏവമുദീരയേൽ 26

ആഹരിഷ്യാമി ദേവാനാം സർവ്വേഷാം കർമ്മഗുപ്തയേ
ജാതവേദസമേനം ത്വാം പുളകേ ഛാദയാമ്യഹം 27

തതഃപുളകമാനീയ ഛാദയേത്തേന ചാനലം
ബ്രഹ്മാണം സ വിസൃജ്യാഥ സ്വയം ഭുഞ്ജീത വാഗ്യതഃ 28

ചതുർത്ഥസ്യാധ്യായസ്യ തൃതീയഃപാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 4 പാദം 4

## ഭസ്മാഹരണവിധി

അഥാഹനി തൃതീയേ വാ ചതുർത്ഥേ വാ കൃതാപ്ലവഃ
ശുക്ലയജ്ഞോപവീതീ സൻ സിതവാസാസ്ത്രിപുണ്ഡ്രഭൃൽ 1

സമഭ്യുപവിശൻ ഭസ്മകുണ്ഡം കൃത്വാ പുരസ്തതഃ
ഓംതൽബ്രഹ്മേതി സഞ്ജപ്യ സന്ത്യജേൽ ഭസ്മപൌളകം 2

അഥോപചാരാൻ കുർവ്വീത വ്യാഹൃത്യാവാഹനാദികാൻ
ഷോഡശാപി ക്രമേണൈവ തതോഗ്നിമുപസംഹരേൽ 3

അഗ്നേർഭസ്മേത്യനേനാഥ ഗൃഹ്ണീയാൽ ഭസ്മ ചേതരൽ
മൂത്രേണ കപിലായാ വാഥവാ ഗന്ധോദകേന വാ 4

അഗ്നിരിത്യാദിമന്ത്രേണ തച്ഛോധനമഥാചരേൽ
പ്രായോ ജലാംശം സന്ത്യജ്യ ചന്ദനോശീരകുങ്കുമൈഃ 5

അഗരുത്രിതയോപേതാന്മേളയേച്ഛ്ലക്ഷ്ണചൂർണ്ണിതൈഃ
ഘനസാരരജോഭിശ്ച വടകീകരണക്ഷമേ 6

ജാതേ തസ്മിൻ വിദധ്യാച്ച വടകാംസ്തേന വർത്തുളാൻ
ചൂർണ്ണാനാം മേളനേ മന്ത്രം പ്രണവഞ്ചാഭ്യുദീരയേൽ 7

അണോരണീയാനിത്യാദി വടകീകരണേപി ച
സംശോധ്യ കിരണൈർഭാനോസ്സൽപാത്രേ സ്ഥാപയേച്ച താൻ 8

മേൽവിവരിച്ചപ്രകാരം ഭസ്മം സമ്പാദിച്ചതിന്നു ശേഷം കപിലയുടെ മൂത്രം കൊണ്ടോ സുഗന്ധജലം കൊണ്ടോ അരിച്ചു ശുദ്ധി വരുത്തണം. ജലാംശമെല്ലാം കളഞ്ഞതിന്നുശേഷം ചന്ദനം രാമച്ചം കുങ്കുമം കർപ്പൂരം ഇവ പൊടിച്ചു ചേർത്തു വട്ടാക്കി ഉരുട്ടി വെയിലിൽ ഉണക്കി സൂക്ഷിച്ചു വെക്കുക.

ഏവം ഭസ്മ സമുൽപാദ്യ ത്രിപുണ്ഡ്രം തേന ധാരയേൽ
ഗൃഹസ്ഥഃ പ്രത്യഹം പ്രാതഃസ്നാത്വാന്യേ ച യഥാവിധി 9

ഇങ്ങിനെ വിധിപ്രകാരം ഉണ്ടാക്കിയ ഭസ്മം കൊണ്ടാകുന്നു ത്രിപുണ്ഡ്രം ധരിക്കേണ്ടത്.

ഏഷ നിഷ്കാരണോ ധർമ്മോ ബ്രഹ്മക്ഷത്രവിശാം മതഃ
നിഷ്പ്രയാസോ ബഹുഫലസ്സംസാരോന്മൂലനക്ഷമഃ 10

ഇതാകുന്നു നിഷ്കാരണമായ ധർമ്മം. ഇതിന്നു യാതൊരു പ്രയാസവുമില്ല. ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്കു സംസാരത്തെ നശിപ്പിക്കുവാൻ ഇതു തന്നെ മതി.

അഭാവേ സംസ്കൃതസ്യൈവ ശുഷ്കഗോമയമാത്രജം
യഥാവൽ സംസ്കൃതം ഗ്രാഹ്യം ത്രിപുണ്ഡ്രാർത്ഥം ദ്വിജന്മഭിഃ 11

തസ്യാപ്യഭാവേ തൽ ഗ്രാഹ്യം ഗോമയോത്ഥമസംസ്കൃതം
ശിവാലയസ്ഥം യത്തദ്വാ വിപ്രാദീനാമയം വിധിഃ 12

ശൂദ്രാണാം ശ്രോത്രിയാഗാരപചനാഗ്നിസമുത്ഭവം
ത്രിപുണ്ഡ്രധാരണേ ശസ്തമന്യൽ ഭസ്മ തു നേഷ്യതേ 13

ശൂദ്രർക്കാകട്ടെ വേദാധികാരിയായ ബ്രാഹ്മണന്റെ പാകശാലയിൽനിന്നു കിട്ടുന്നതാകുന്നു ഭസ്മം. മറ്റുള്ള ഭസ്മം ആവശ്യമില്ല.

സർവ്വേഷാം ച ത്രിപുണ്ഡ്രേന ധാര്യമാണേന സർവ്വദാ
മഹാപാപാനി നശ്യന്തി സംസാരശ്ച നിവർത്തതേ 14

നിത്യമായി ത്രിപുണ്ഡ്രം ധരിച്ചാൽ സകലമഹാപാപങ്ങളും നശിക്കും. ജനനമരണരൂപമായ സംസാരദുഃഖവും തീരും.

ത്രിപുണ്ഡ്രേന വിനാ ധ്യാനം ത്രിപുണ്ഡ്രേന വിനാ ജപഃ
ത്രിപുണ്ഡ്രേന വിനാ ഹോമസ്ത്രിപുണ്ഡ്രേന വിനാ ബലിഃ 15

ത്രിപുണ്ഡ്രേന വിനാ ദാനം പഞ്ചൈതാനി ഭൃഗൂദ്വഹഃ
ദക്ഷിണേ ഭാർഗ്ഗവക്ഷേത്രേ വർജ്ജയേദിതി ചാബ്രവീൽ 16

ധ്യാനം ജപം ഹോമം ബലി ദാനം ഇവ അഞ്ചും ദക്ഷിണകേരളത്തിൽ ഭസ്മം ധരിക്കാതെ ചെയ്യുവാൻ പാടില്ലെന്നാകുന്നു ഭാർഗ്ഗവമതം.

ശിഖാം ദായമഥാചാരം സൂത്രം പുണ്ഡ്രഞ്ച പഞ്ചകം
പൂർവ്വൈരാചരിതം കുര്യാദന്യഥാ പതിതോ ഭവേൽ 17

കുടുമ ദായസമ്പ്രദായം ആചാരം സൂത്രം ഭസ്മധാരണം ഇതെല്ലാം മുമ്പുള്ളവർ ആചരിച്ചുവന്നപോലെ ആചരിക്കണം. അല്ലെങ്കിൽ ഭ്രഷ്ടനാവും.

### നിത്യകർത്തവ്യകർമ്മങ്ങൾ

സ്നാത്വാചമ്യ പ്രദായാർഘ്യം യഥാവദ്വേദമാതരം
സാവിത്രീം വിധിവജ്ജപ്ത്വാ സ്വാധ്യായമനുവർത്തയേൽ 18

കുളിച്ച് ആചമിച്ച് അർഘ്യംകൊടുത്തു ഗായത്രീജപം ചെയ്തു വേദാദ്ധ്യയനം ചെയ്തുകൊണ്ടിരിക്കണം.

ഹോമഞ്ച പ്രത്യഹം കുര്യാദാതിഥേയോ ഗൃഹാശ്രമീ
അതിഥിം വൈശ്വദേവാന്തേ വിജാനീയാദുപസ്ഥിതം 19

ന പൂർവ്വമാഗതം കഞ്ചിത്തഞ്ച ശക്ത്യാനുപൂജയേൽ
അഥ മാദ്ധ്യാഹ്നികം കർമ്മ കൃത്വാതിഥിപുരസ്സരഃ 20

ഗൃഹസ്ഥൻ പ്രതിദിനം ഔപാസനഹോമം ചെയ്യണം. അതിഥികളിൽ ഭക്തിയുള്ളവനായിരിക്കണം. വൈശ്വദേവത്തിന്റെ അവസാനത്തിങ്കൽ വന്നവനാകുന്നു അതിഥി. അതിന്നു മുമ്പു വന്നവനല്ല. എന്നാൽ അവനേയും യഥാശക്തി പൂജിക്കണം. അനന്തരം മാദ്ധ്യാഹ്നികകർമ്മം ചെയ്ത് അതിഥിയെ ഭക്ഷണം കഴിപ്പിക്കണം.

അശിഷ്ടകൃത്യ ആത്മാനം ഹുതശിഷ്ടേന ധാരയേൽ
അഹസ്സകൃൽ സകൃദ്രാത്രേർദ്വിജസ്യാശനമിഷ്യതേ 21

നാന്തരം ഭോജനം കാര്യം ന തു പക്ഷാന്തയോർന്നിശി
വാഗ്യമേ കാമചാരിത്വമശനേ ഗൃഹമേധിനാം 22

തന്റെ കൃത്യങ്ങളെല്ലാം കഴിഞ്ഞതിന്റെ ശേഷം ഹോമശേഷംകൊണ്ടു താനും ഭക്ഷണം കഴിക്കണം. പകൽ ഒരിക്കലും രാത്രി ഒരിക്കലും മാത്രമേ ബ്രാഹ്മണന്നു ഭക്ഷണം കഴിപ്പാൻ പാടുള്ളു. അതിന്നിടയിൽ പാടില്ല. എന്നാൽ രണ്ടു വാവിന്നും രാത്രിഭക്ഷണവും വർജ്ജിക്കേണ്ടതാകുന്നു. ഗൃഹസ്ഥന്മാർക്കും സ്നാതകന്മാർക്കും ഉണ്ണുന്ന സമയം സംസാരിക്കുന്നതിന്നു വിരോധമില്ല.

സ്നാതകാനാഞ്ച സർവ്വേഷാം ഭാർഗ്ഗവസ്സമമന്യത
ആശൌചേ ലവണം വർജ്ജ്യം പിണ്ഡദാനാം വിശേഷതഃ 23

പ്രത്യക്ഷലവണം വർജ്ജ്യം ബൃഹദ് വ്രതധരൈർദ്വിജൈഃ
അനുച്ഛിഷ്ടേ തു നിക്ഷിപ്തം പത്രേ തൽ ഗൃഹമേധിനഃ 24

പുലയുള്ളപ്പോൾ ലവണം വർജ്ജ്യമാകുന്നു. പിണ്ഡം വെക്കേണ്ടുന്നവനാണെങ്കിൽ വിശേഷിച്ചും വർജ്ജിക്കണം. ബ്രാഹ്മണർക്ക് ഏതെങ്കിലും വ്രതമുള്ളപ്പോൾ പ്രത്യക്ഷലവണം വർജ്ജ്യമാകുന്നു. (മറ്റൊന്നിനോടു ചേർക്കാതെ ഉപ്പുതന്നെ വിളമ്പുന്നതു പ്രത്യക്ഷലവണം). പ്രാണാഹുതിക്കു മുമ്പായി ഉപ്പു വിളമ്പിയാൽ ആ ഇല തന്നെ ഉപേക്ഷിക്കണം.

ന സ്പൃശേയുസ്ത്യജേയുസ്തത്സഹപത്രം മഹാവ്രതാഃ
അദ്യാദഷ്ടൌ യതിഗ്രാസാൻ വാനപ്രസ്ഥസ്തു ഷോഡശ 25

ദ്വാത്രിംശൽ ഗൃഹമേധീ താൻ യഥേഷ്ടം ബ്രഹ്മചാരിണഃ
അന്ത്യാംബുപാനാദൂർദ്ധ്വന്തു പത്രസ്പർശേ ദ്വിജോത്തമഃ 26

സന്യാസി എട്ടും, വാനപ്രസ്ഥൻ 16-ഉം, ഗൃഹസ്ഥൻ 32-ഉം, ഉരുള ഭക്ഷിക്കണം. ബ്രഹ്മചാരിക്ക് ഇഷ്ടംപോലെ ഭക്ഷിക്കാം. ഒടുക്കത്തെ കുടിക്കുനീർ കുടിക്കുന്നതിന്നു മുമ്പെ തന്റെ ഇലയും അന്യന്റെ ഇലയും കൂട്ടിത്തൊട്ടാൽ ബ്രാഹ്മണൻ സചേലസ്നാനം ചെയ്യണം.

സ്നായാത്സചേലമേവായം യസ്യ ത്വഗ്നിത്രയം ഗൃഹേ
അഭക്ഷ്യാണ്യപി വക്ഷ്യന്തേ താനി യത്നേന വർജ്ജയേൽ 27

അബുദ്ധ്യാ പതിതേ തേഷാം ഭക്ഷണേ നിഷ്കൃതിം ചരേൽ
ജപേൽ സഹസ്രം നാമാനി വൈഷ്ണവാന്യേവ ചാന്വഹം 28

മേൽവിവരിക്കുന്ന അഭക്ഷ്യസാധനങ്ങളെ എല്ലാം ഉപേക്ഷിക്കണം. അഭക്ഷ്യസാധനങ്ങൾ അറിയാതെ ഭക്ഷിച്ചുപോയാൽ അതിന്നു പ്രായശ്ചിത്തം ചെയ്യേണ്ടതാകുന്നു. പ്രതിദിനം വിഷ്ണുസഹസ്രനാമം ജപിക്കണം.

ശൃണുയാച്ച പുരാണഞ്ച വൈഷ്ണവം ശൈവമേവ വാ
ശ്രാവയേച്ച യഥാശക്തി നിത്യം പ്രവയസോ ഗുരൂൻ 29

അതിഥീൻ സുഹൃദശ്ചാപി യേ നാമേച്ഛന്തി താനപി
വേദസ്യാധ്യാപനം കുര്യാദ്യഥാകാലഞ്ച സംഭവേ 30

വൈഷ്ണവമോ ശൈവമോ ആയ പുരാണം വായിച്ചു കേൾക്കണം. വൃദ്ധന്മാരായ കാരണവന്മാർ അതിഥികൾ ബന്ധുക്കൾ എന്നു മാത്രമല്ല, ആരെല്ലാം അതു കേൾപ്പാനിച്ഛിക്കുന്നുവോ അവരെ എല്ലാം പുരാണം വായിച്ചു കേൾപ്പിക്കണം. അനദ്ധ്യായത്തിലും ശൂദ്രന്മാർ കേട്ടിരിക്കേയും വേദം ചൊല്ലരുത്. മറ്റുള്ള സമയങ്ങളിൽ ശിഷ്യന്മാരെ വേദം അധ്യയനം ചെയ്യിക്കണം.

നാനധ്യായേ ന ശൂദ്രേഷു ശൃണ്വത്സ്വപി കദാചന
വിരമയ്യാഖിലം കർമ്മ പ്രദോഷാൽ പ്രാഗ്യഥോചിതം 31

സാർക്കാം സായന്തനീം സന്ധ്യാം സമാരാധ്യ യഥാവിധി
ആസീനഃ പ്രജപേച്ഛക്ത്യാ ഗായത്രീം പ്രയതോ ദ്വിജഃ 32

ഇങ്ങിനെ ചെയ്യേണ്ടതെല്ലാം സന്ധ്യയ്ക്കു മുമ്പായി ചെയ്തുകഴിച്ച് സൂര്യാസ്തമനത്തിന്നുമുമ്പു തന്നെ സന്ധ്യാവന്ദനം ചെയ്തു ഗായത്രി ജപിക്കണം.

അഥാന്യച്ച യഥാചാരം കൃതകൃത്യസ്തു ഭോജനം
ശയനഞ്ചേതി സംക്ഷേപാദാചാരോ ഗൃഹമേധിനാം 33

ദർശിതോ യദനുഷ്ഠാനാൽ ഗൃഹീ ന സ്ഖലതി ക്വചിൽ

മറ്റു സമയോചിതങ്ങളായിരിക്കുന്ന ജപാദികളെല്ലാം കഴിഞ്ഞതിന്നുശേഷം കൃതകൃത്യനായിട്ടു ഭക്ഷണം കഴിച്ചു കിടന്നുറങ്ങണം. ഇങ്ങിനെ ഗൃഹസ്ഥന്മാരുടെ ധർമ്മത്തെ ചുരുക്കത്തിൽ ഇവിടെ വിവരിച്ചുകഴിഞ്ഞു. ഗൃഹസ്ഥൻ ഇതു പ്രകാരം ആചരിച്ചുകൊണ്ടിരുന്നാൽ ഒരിക്കലും പിഴയ്ക്കുന്നതല്ല. (ഒരു തകരാറും വരുന്നതല്ലെന്നു താല്പര്യം).

നാലാമദ്ധ്യായത്തിന്റെ ഭാഷാവ്യാഖ്യാനം കഴിഞ്ഞു.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ചതുർത്ഥസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ
ചതുർത്ഥോധ്യായഃ സമാപ്തഃ

പഞ്ചമാദ്ധ്യായഃ
പ്രഥമഃപാദഃ
അദ്ധ്യായം 5 പാദം 1

### ദമ്പതീധർമ്മം

ആത്മാനമനൃണീകർത്തും പിതൃണാമാശ്രയാശനാം
സാക്ഷീകൃത്യ കൃതം കർമ്മ സ്മരൻ ദാരേഷ്വകാമുകഃ 1

വർത്തേതർത്തൌ ന ജന്മർക്ഷേ നൈകാദശ്യയാം ന പർവ്വണി
ന ഷഷ്ട്യാം ന ച സംക്രാന്തൌ ന വാരേർക്കസ്യ നാഹനി 2

പുത്രനുണ്ടാകുന്നതുവരെ മനുഷ്യൻ പിതൃക്കൾക്കു കടക്കാരനാകുന്നു. ആ കടം വീട്ടുവാൻവേണ്ടി അഗ്നിസാക്ഷികമായി ചെയ്ത വിവാഹകർമ്മത്തിന്റെ മാഹാത്മ്യത്തെ മറക്കാതെയും അത്യന്താസക്തി കൂടാതെയും ഋതുകാലങ്ങളിൽ ധർമ്മപത്നിയിൽ പ്രവേശിക്കണം. ജന്മനക്ഷത്രം, ഏകാദശി, വാവു, (വെളുത്തതും കറുത്തതും), ഷഷ്ഠി, സംക്രാന്തി, ഞായറാഴ്ച ഈവക ദിവസങ്ങൾ നിന്ദ്യങ്ങളാകുന്നു. രാത്രിയല്ലാതെ പകൽ തീരെ വർജ്ജ്യമാണ്.

ശ്രാദ്ധം കരിഷ്യൻ പൂർവ്വേദ്യുഃ ശ്രാദ്ധം കൃത്വാ ച തദ്ദിനേ
പുത്രാർത്ഥമപി നോ ഗച്ഛേദ്ദീക്ഷിതശ്ച ന ദീക്ഷിതാം 3

ശ്രാദ്ധത്തിന്റെ തലെ ദിവസവും ശ്രാദ്ധം ഊട്ടിയദിവസവും ഋതുകാലമായിരുന്നാൽ പോലും ഗമിച്ചുകൂട. ഭാര്യാഭർത്താക്കന്മാരിൽ ആർക്കെങ്കിലും ഒരാൾക്കു ദീക്ഷയുണ്ടെങ്കിൽ ആ കാലത്ത് അവരുടെ ക്രീഡ കേവലം നിഷിദ്ധമാകുന്നു. (സ്ത്രീകൾക്കു ത്രിപക്ഷത്തിന്നുശേഷം നിത്യബലി പതിവില്ലാത്തതിനാൽ അക്കാലം മുതൽ അവരെ ഈ നിഷേധത്തിൽനിന്ന് ഒഴിവാക്കാമെന്നു ചിലർ പറയുന്നുണ്ട്. എന്നാൽ ദീക്ഷയിൽ പ്രധാനമായ ഇടമാസം — മാസം തോറും മരിച്ചപക്കത്തുന്നാൾ ചെയ്യുന്ന ഏകോദ്ദിഷ്ടം — ഇവർക്കും ഒഴിച്ചുകൂടാത്തതാകയാൽ അവരെ സംവത്സരപര്യന്തം ദീക്ഷയുള്ളവരായിത്തന്നെ വിചാരിക്കേണ്ടതാകുന്നു. എന്നു മാത്രമല്ല, അച്ഛനമ്മമാരുടെ ദീക്ഷയ്ക്കിടയിൽ ഭർത്താവു മരിച്ചുപോയി എങ്കിൽ അന്നു മുതൽ ഭർത്തൃദീക്ഷയോടുകൂടി ഇതേവകയായ നിത്യബലിയും തുടങ്ങിക്കാണുന്നതുകൊണ്ട്, നെടുമംഗല്യമുള്ളവർക്കു നിത്യബലി ആവശ്യമില്ലെന്നല്ലാതെ ഇവർക്കു ദീക്ഷയില്ലെന്നോ ദീക്ഷാവ്രതങ്ങൾ വേണ്ടെന്നോ അഭിപ്രായമില്ലെന്നും സ്പഷ്ടമാകുന്നു).

നാപ്രീയമാണാം നാകാമാം ന തഥൈവാമയാവിനീം
ന വ്രതസ്ഥാം വധൂം ഗച്ഛേൽ ത്യജേദേവ പരാംഗനാഃ 4

സന്തോഷവും കാമവുമില്ലാത്തവളേയും രോഗിണിയേയും വ്രതമുള്ളവളേയും ഗമിക്കരുത്. പരസ്ത്രീകളെ കേവലം ഉപേക്ഷിക്കണം.

ജ്ഞാത്വാ കാമവതീം ഭാര്യാം ശാസ്ത്രസ്യാപ്യനതിക്രമം
സ്ത്രീണാം സ്മരൻ വരഞ്ചൈന്ദ്രം ചരേൽ കാമം സ്വയോഷതി 5

തന്റെ പതിക്കു ക്രീഡയിൽ ആഗ്രഹമുണ്ടെന്നു കണ്ടാൽ (തനിക്കു തല്ക്കാലം അത്ര ആഗ്രഹമില്ലെങ്കിലും) ശാസ്ത്രാനുസാരേണയും, ഇന്ദ്രൻ സ്ത്രീകൾക്കു കൊടുത്ത വരത്തെ ഓർത്തും അവളുടെ ഇഷ്ടത്തെ അനുവർത്തിക്കണം.

ആശ്ലേഷേ വക്ത്രസംയോഗേ വദനഗ്രഹണേപി ച
വിപരീതരതൌ ചാസ്യാഃ കാമേനായന്ത്രണോ ഭവേൽ 6

ആലിംഗനചുംബനാദികളിലാവട്ടേ വിപരീതരതത്തിൽതന്നെയാവട്ടെ വിരോധം ഭാവിച്ചുകൂട.

യാം യാം കാമകലാം പശ്യേൽ പ്രബുദ്ധാം സമുപക്രമൈഃ
താം താം നിമീലയേദ്വധ്വാഃ സ്വയം നാന്യാഃപ്രബോധയേൽ 7

എന്നാൽ പതിക്കു തന്നെത്താനുണ്ടായിവരുന്നതായ കാമകലകളെ കഴിയുന്നതും കുറയ്ക്കുവാൻ ശ്രമിക്കണം. താൻ പുതുതായി ഒന്നും ഉണ്ടാക്കിത്തീർക്കരുതെന്നു തീർച്ച തന്നെ.

പാവകസ്യ വരാന്മേധ്യാ യോഷിതസ്തദ്രതൌ ഗൃഹീ
കാമേന സ്വേഷു ദാരേഷു പ്രവൃത്തോ നാപരാധ്യതി 8

അഗ്നിയുടെ വരത്താൽ സ്ത്രീകൾ എന്നും ശുദ്ധകളാകുന്നു. അതിനാൽ അവരുടെ ഇഷ്ടങ്ങൾ എന്നും എന്തും അനുവർത്തിക്കുന്നതു തന്നെ ഉത്തമം.

നീചസൌരതസല്ലാപാംസ്തിരശ്ചാഞ്ച വിഡംബനം
വർജ്ജയേതാമുഭൌ തത്ര കാകലീലാവിഡംബനം 9

എങ്കിലും വേശ്യമാരെപ്പോലെയുള്ള അപ്രശസ്തങ്ങളായ മണിതങ്ങൾ, ജന്തുക്കളെ അനുകരിച്ചു പ്രവർത്തിക്കുക ഇവയൊക്കെയും നിന്ദ്യങ്ങൾ തന്നെ. (ഈവകയുടെ വ്യാഖ്യാനം കാമശാസ്ത്രത്തിൽ നിന്നറിയേണ്ടതാകുന്നു)

ശയനാദുത്ഥിതാ നാരീ ശുചിരേവാശുചിഃപുമാൻ
തസ്മാൽ സ്നാത്വൈവ സംവേശം കുര്യാച്ച കൃതസംഗമഃ 10

വിരിപ്പിൽ നിന്നെഴുന്നേറ്റാൽ സ്ത്രീകൾ ശുദ്ധിയുള്ളവരായി. പുരുഷന്മാർക്കു ശുദ്ധിക്കു കുളിക്കുകതന്നെ വേണം. അതിനാൽ പിന്നെ സഹശയനം കുളിച്ചിട്ടുതന്നെ ചെയ്യേണ്ടതാകുന്നു.

അസകൃദ്യഃസ്ത്രിയം ഗച്ഛേദേകസ്യാം നിശി ലോലുപഃ
അസ്വർഗ്ഗ്യം തസ്യ തൽ കർമ്മ ഹരതി ബ്രഹ്മവർച്ചസം 11

ഒരു രാത്രി ഒന്നിലധികം പ്രാവശ്യം സ്ത്രീഗമനം ചെയ്താൽ പരഗതിയും ബ്രാഹ്മണ്യവും നശിക്കും.

ഋതാവഗച്ഛതോ ദാരാനനൃതാവപി ഗച്ഛതഃ
ഉഭയോർന്നരകേ വാസോ ഭവതി ഭ്രൂണഹത്യയാ 12

ഋതുകാലങ്ങളിൽ ഗമിക്കാത്തവനും ഋതുകാലമല്ലാത്തപ്പോൾ ഗമിക്കുന്നവനും ഭ്രൂണഹത്യാദോഷമുണ്ട്. (ഭ്രൂണൻ = ഗർഭസ്ഥനായ ശിശു. അതിനെ ഹിംസിച്ച പാപം ഭ്രൂണഹത്യ)

പുഷ്പോൽഭേദത ആരഭ്യ ദിവസാനി തു ഷോഡശ
ഋതുകാലം വിദുസ്തത്ര ത്രീണി പൂർവ്വാമി വർജ്ജയേൽ 13

തീണ്ടാർന്നദിവസം മുതൽ 16 ദിവസമാകുന്നു ഋതുകാലം. അതിൽ ആദ്യത്തെ മൂന്നു ദിവസം കേവലം വർജ്ജ്യം തന്നെ.

ഋതാവൃതൌ നിഷേകാഖ്യം കർമ്മ മന്ത്രേണ കേചന
ഇച്ഛന്തി ഭാർഗ്ഗവക്ഷേത്രേ നിഷേകോ മന്ത്രതസ്സകൃൽ 14

ചിലരുടെ പക്ഷം സേകം (ഗർഭാധാനക്രിയ) ഋതുതോറും മന്ത്രത്തോടുകൂടെ ചെയ്യേണമെന്നാണ്. മലയാളത്തിൽ സമന്ത്രമായ സേകം വിവാഹാനന്തരം ഒരിക്കൽ മാത്രമാകുന്നു.

പ്രത്യപത്യം സ ആധത്തേ സ്വഗുണോനോപലംഭനം
സകൃൽകരണമാത്രേണ സീമന്തോന്നയനം യഥാ 15

ഇതി ഭാർഗ്ഗവ ആശാസ്തേ സ നിഷേകഃ പുരോദിതഃ

പ്രഥമഗർഭത്തിൽ മാത്രം ചെയ്യപ്പെടുന്ന സീമന്തം എങ്ങിനെ മറ്റു ഗർഭങ്ങളിൽ പ്രത്യേകം ചെയ്യപ്പെടേണ്ടയോ അതുപോലെതന്നെയാകുന്നു സേകവും എന്നാണ് ഭാർഗ്ഗവമതം.

### ഷോഡശക്രിയകൾ

ഉൽപത്ത്യ മാനസ്യാദ്യോയം സംസ്കാരഃകഥിതോ ബുധൈഃ 16

ആഹുർദ്വിതീയം സംസ്കാരം കർമ്മ പുംസവനാഹ്വയം
തൃതീയമഥ സീമന്തം ചതുർത്ഥം ജാതകർമ്മ ച 17

പഞ്ചമം നാമകരണം ഷഷ്ഠം നിഷ്ക്രാമണം വിദുഃ
പ്രാശനം സപ്തമം ചൂഡാകർമ്മ ത്വാചക്ഷതേഷ്ടമം 18

നവമം കർണ്ണയോർവ്വേധം ദശമഞ്ചുപനായനം
ഏകാദശം സമാരംഭമാമ്നായസ്യ പ്രചക്ഷതേ 19

കേശാന്തം ദ്വാദശം പ്രാഹുഃ സ്നാനഞ്ചാപി ത്രയോദശം
ചതുർദ്ദശമഥോദ്വാഹമാഹുഃ പഞ്ചദശം പുനഃ 20

പരിഗ്രഹം വിവാഹാഗ്നേരഥ ത്രേതാഗ്നിസംഗ്രഹം
സംസ്കാരം ഷോഡശം പ്രാഹുസ്തേമീ ഷോഡശ മന്ത്രതഃ 21

ജനിക്കുന്ന കുട്ടിയുടെ ഷോഡശക്രിയകളിൽ ഒന്നാമത്തേതാകുന്നു സേകം, 2-പുംസവനം, 3-സീമന്തം, 4-ജാതകർമ്മം, 5-നാമകരണം, 6-വാതിൽപുറപ്പാട്, 7-ചോറൂണ്, 8-ചൌളം, 9-കർണ്ണവേധം, 10-ഉപനയനം, 11-വേദാരംഭം, 12-ഗോദാനം, 13-സമാവർത്തനം, 14-വിവാഹം, 15-ഔപാസനാഗ്നിസ്വീകാരം, 16-ആധാനം.

വിപ്രക്ഷത്രിയവൈശ്യാനാം ശൂദ്രസ്യാമന്ത്രതോ ന വാ
കർണ്ണവേധാന്തിമാസ്തേഷു വിവാഹശ്ച തഥാവിധഃ 22

ഈവകയെല്ലാം ത്രൈവർണ്ണികന്മാർക്കു മന്ത്രത്തോട്ടുകൂടിയും ശൂദ്രനു മന്ത്രം കൂടാതെയുമാകുന്നു. കർണ്ണവേധത്തിന്നുമേൽ ശൂദ്രന്നു (വിവാഹം ഒഴിച്ചു) കർമ്മങ്ങളൊന്നുമില്ല.

അത്ര ത്തുത്തമവിപ്രാണാമേവ പൂർണ്ണതയാ ഇമേ
ത്രേതാഗ്നിസംഗ്രഹാർഹാണാമന്യേഷാം ഹ്രാസ ഇഷ്യതേ 23

ത്രൈവർണ്ണികന്മാരിൽതന്നെ അഗ്നിഹോത്രമുള്ള ഉത്തമബ്രാഹ്മണർക്കുമാത്രമേ ഈ ഷോഡശക്രിയകൾ തികച്ചും ഉള്ളൂ. മറ്റുള്ളവർക്കു ചില ചില ക്രിയകൾ കുറയും.

ജാതകർമ്മാദയഃ സ്ത്രീണാം കർത്തവ്യാ മന്ത്രതോ വിനാ
കർണ്ണവേധാന്തിമാസ്താസാമുദ്വാഹോ മന്ത്രപൂർവ്വകഃ 24

കന്യകമാർക്കു ജാതകർമ്മം മുതൽ കർണ്ണവേധം വരെയുള്ളതേ ചെയ്യേണ്ടതുള്ളൂ. അതിന്നുതന്നെ മന്ത്രം ആവശ്യമില്ല. അവർക്കു മന്ത്രത്തോട്ടുകൂടിയുള്ള ക്രിയ വിവാഹം ഒന്നു മാത്രമാകുന്നു. (പെണ്ണിന്നോമമൊഴിഞ്ഞെല്ലാം വേണം നാന്ദീമുഖത്തിന് ! മന്ത്രമോം തത്സലെന്നല്ലോ കൊട്ടുക്കുന്നാളൊഴിഞ്ഞത് ! എന്നു ഭാഷ)

ഏക ഏവ ഹി സംസ്കാരോ നാന്യഃ കശ്ചിദിഹേഷ്യതേ
സുമുഹൂർത്തേഷു സംസ്കാരാൻ വിദധീത യഥാക്രമം 25

സർവ്വേ സർവ്വാൻ ലമഗ്രൈസ്ത്രൈര്യഥാകാലമനുഷ്ഠിതൈഃ
സർവ്വേ ക്ഷേമകൃതം യാന്തി പന്ഥാനമകുതോഭയം 26

ബ്രാഹ്മണാദി സകല ജാതിക്കാരും ഈവക ക്രിയകളെ അതാതിന്നുള്ള മുഹൂർത്തസമയം തന്നെ ചെയ്യണം.

അമന്ത്രം വാ സമന്ത്രം വാ സംസ്കാരം സ്വകുലോചിതം
അകുർവ്വൻ മഹദാപ്നോതി കിൽബിഷം ഭാർഗ്ഗവക്ഷിതൌ 27

മന്ത്രത്തോട്ടുകൂടിയോ മന്ത്രം കൂടാതെയോ ഉള്ള അവരവരുടെ ജാതികുലാചാരപ്രകാരമുള്ള കർമ്മങ്ങളെ വിധി പോലെ ചെയ്യാത്തവന്നു വലുതായ പാപമുണ്ടെന്നാകുന്നു മലയാളികളുടെ നിശ്ചയം.

ഇതി പഞ്ചമസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

അദ്ധ്യായം 5 പാദം 2

### ഷോഡശക്രിയാ കാലം

അന്തർവ്വത്നീം വിദിത്വാഥ കുര്യാൽ പുംസവനം വധൂം
ആധാനതസ്തൃതീയേ തു മാസേ നോത്തരയോർദ്വയോഃ 1

പത്നിക്കു ഗർഭമുണ്ടെന്നറിഞ്ഞാൽ ഗർഭാധാനം മുതൽ മൂന്നാം മാസത്തിൽ പുസവനം ചെയ്യണം. 4-ഉം 5-ഉം മാസത്തിൽ പാടില്ല. ('ഗർഭമുണ്ടെന്നറിഞ്ഞുള്ള പൂയം പുംസവനത്തിന്' എന്നു ഭാഷ. 'അഭിനവേ ഗർഭേ ചതുർത്ഥേപി തത്' എന്നുള്ളതുകൊണ്ട് ആദ്യത്തെ ഗർഭത്തിൽ നാലാം മാസത്തിൽ ചെയ്യാമെന്നുണ്ട്. അതാണ് അഞ്ചാം മാസം കൂടി വിധിപരമായിത്തീർന്നത്. അതു രണ്ടാം ശ്ലോകത്തിൽ സ്പഷ്ടമായി പറയുന്നുണ്ട്.)

ആധാനദിവസാജ്ഞാനേ ദിവസൈഃ പഞ്ചമാദിഭിഃ
പുഷ്പോത്ഭേദദിനാന്മാസി തുര്യേ വാ പ്രഥമഗ്രഹേ 2

ഗർഭാധാനദിവസം കൃത്യമായി നിശ്ചയമില്ലെങ്കിൽ ഋതുവായതിന്റെ അഞ്ചാംദിവസം മുതൽക്കു മാസം കണക്കാക്കിക്കൊള്ളണം.

പുംസവാനന്തരം മാസി തുര്യേ സീമന്ത ഇഷ്യതേ
ന പഞ്ചമേ സ കേഷാഞ്ചിൽ സമ്മതസ്സപ്തമാദിഷു 3

പുംസവനത്തിനുശേഷം സീമന്തം ചെയ്യണം. ഇതു നാലാം മാസത്തിലാണ് ചെയ്യേണ്ടത്. ചിലരുടെ പക്ഷം ഏഴാം മാസം മുതൽക്കും ചെയ്യാമെന്നുണ്ട്.

സീമന്തം പ്രഥമേ ഗർഭേ പ്രതിഗർഭം തദത്യയേ
ആദ്യപ്രജായാഃ സൂതേഃ പ്രാങ്മരണേപി തദിഷ്യതേ 4

സീമന്തം ആദ്യഗർഭത്തിൽ മാത്രം ചെയ്താൽ മതി. എന്നാൽ അന്നു (പ്രസവത്തിനു മുമ്പ്) ചെയ്യാതിരുന്നാൽ പിന്നെ എല്ലാ ഗർഭത്തിലും ചെയ്യണം. ആദ്യഗർഭത്തിലെ ശിശു ജീവനില്ലാതെ പിറന്നാലും പിന്നത്തെ ഗർഭങ്ങളിലെല്ലാം ചെയ്യണം. (ഏതെങ്കിലും ഒരു ഗർഭത്തിൽ ജീവനുള്ള കുട്ടി പിറന്നാൽ ആ ഗർഭത്തിൽ ശരിക്കു സീമന്തം ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെത്തെ ഗർഭം മുതൽക്ക് ഈ ക്രിയ ചെയ്യേണമില്ലെന്നാണ് ചിലരുടെ പക്ഷം).

സംസ്കാരോ വിഷ്ണുബല്യാഖ്യഃ കേഷാഞ്ചിന്മാസി ചാഷ്ടമേ
ജാതേ തു ജാതകർമ്മ പ്രാങ്നാഭിനാളസ്യ വർദ്ധനാൽ 5

പ്രാഗേവ സ്തന്യപാനാച്ച കാലോത്ര പരമോ മതഃ
തത്ര ത്വകരണേ കാര്യമാശൌചാപഗമാൽ പരം 6

ചിലർ (ബൌധായനന്മാർ) എട്ടു മാസത്തിൽ വിഷ്ണുബലി ചെയ്യുന്നു. (ഇതു ഗർഭരക്ഷാർത്ഥം മാത്രമാണ്. ഷോഡശകർമ്മത്തിലുൾപ്പെട്ടതല്ല). ശിശു ജനിച്ചാൽ മുലകൊടുക്കുന്നതിന്നുമുമ്പെ ജാതകർമ്മം ചെയ്യണം. (ഇതിന്നുള്ള കാലം തൊണ്ണൂറുനാഴിക കഴിയുന്നതുവരെയാണ്. അതിന്നുമുമ്പു മുല കൊടുത്താലും ഈ നാഴികയ്ക്കുള്ളിൽ ചെയ്യാം. ജനിച്ചാൽ കഴിയുന്നതും വേഗത്തിൽ ചെയ്യേണമെന്നേ 'പ്രാഗേവ സ്തന്യപാനാച്ച' എന്നതിന്നർത്ഥമുള്ളൂ. പൊക്കിൾക്കൊടി മുറിക്കുന്നതിന്നുമുമ്പെ ജാതകർമ്മം ചെയ്യേണമെന്നു വിധിച്ചതിന്റെ അർത്ഥം മനസ്സിലായില്ല). അന്നു ചെയ്യാഞ്ഞാൽ പതിനൊന്നാം ദിവസം (പുണ്യാഹശേഷം) ചെയ്തുകൊള്ളണം.

ഏകാദശേ ദിനേ നാമ കുര്യാദ്ദ്വാദശ ഏവ വാ
അന്ത്യത്ര്യംശേ ദശമ്യാശ്ച നിശായാഃ കൈശ്ചിദിഷ്യതേ 7

നൈരപ്യത്ര തദാ നാമ ന കർത്തവ്യമിതി സ്ഥിതിഃ
ആശൌചാപഗമാന്ന പ്രാഗിതി ഭാർഗ്ഗവശാസനാൽ 8

പതിനൊന്നാം ദിവസമോ പന്ത്രണ്ടാം ദിവസമോ നാമകരണം (പേരിടുക) ചെയ്യാം. പത്താം ദിവസം രാത്രിയുടെ മൂന്നാമത്തെ അംശത്തിലും നാമകരണം ചെയ്യാമെന്നു ചിലർ പറയുന്നുണ്ട്. പക്ഷേ ആ വിധി മലയാളത്തിലേക്കു ബാധകമല്ല. ഇവിടെ പുല പോയല്ലാതെ ചെയ്യുവാൻ പാടില്ലെന്നാണ് നിശ്ചയം. (ഈ പറഞ്ഞ ദിവസങ്ങളിൽ ചെയ്യാഞ്ഞാൽ വാതിൽപുറപ്പാടിന്നും ചോറൂണിന്നും മുമ്പു ചെയ്യേണമെന്നു തീർച്ച തന്നെ).

നാമ്നഃ പ്രാഗേവ പശ്ചാദ്വാ വർത്തയേച്ച ശുഭേ ദിനേ
യഥാകുലം വചാപ്രാശനാഞ്ജനാദീരപി ക്രിയാഃ 9

നാമകരണത്തിന്നു മുമ്പോ പിമ്പോ ഒരു സുമുഹൂർത്തദിവസം കണ്ണെഴുത്തു വയമ്പുകൊടുക്കുക മുതലായതും ചെയ്യണം. വാതിൽപുറപ്പാട് നാലാം മാസത്തിലോ അന്നു ചെയ്യാഞ്ഞാൽ ചോറൂണോടുകൂടിയോ ചെയ്യണം.

നിഷ്ക്രാമണം ചതുർത്ഥേ തു മാസേന്നപ്രാശനേന വാ
അന്നപ്രാശന്തു ഷഷ്ഠേസ്മിൻ സാവനേന തദുത്തമം 10

സൌരേണ മധ്യമം പ്രോക്തം ചാന്ദ്രേണ ത്വാപദീഷ്യതേ
വപനന്തു തൃതീയേബ്ദേ പഞ്ചമേ വാ ദ്വിജന്മനാം 11

ആറാംമാസത്തിലാണ് ചോറൂണ്. ഇവിടെ മാസം കണക്കാക്കേണ്ടത് ഉത്തമപക്ഷം സാവനവും (30 ദിവസം) മധ്യമപക്ഷം സൌരവും (മേടം മുതലായ മാസം) ആപൽപക്ഷം ചാന്ദ്രവും (പിറന്നനാൾ കണക്കിൽ) ആകുന്നു. 'ദേവകിക്കു ചോറുകൊടുക്കാം രജകനു ചോറു കൊടുക്കരുത്.' (148-ആം ദിവസം മുതൽ 182-ആം ദിവസംത്തിന്നുമുമ്പു ചോറൂണിന്റെ കാലമാണെന്നർത്ഥം).

അക്ഷരാരംഭണഞ്ചേഷ്ടമനയോരേവ ചാബ്ദയോഃ
വപനാനന്തരം കുര്യാൽ കർണ്ണവേധം ദ്വിജന്മനാം 12

മൂന്നാം വയസ്സിലോ അഞ്ചാം വയസ്സിലോ ചൌളവും ഈ കാലങ്ങളിൽതന്നെ വിദ്യാരംഭവും ചെയ്ക. ചൌളത്തിന്നുശേഷം കർണ്ണവേധം ചെയ്യണം.

ഓജേബ്ദേ ന തതഃ പൂർവ്വമത്ര ഭാർഗ്ഗവശാസനാൽ
ഉപനീതേഃ പുരൈവോക്തഃ കാലോത്ര തദനന്തരഃ 13

ഉപാകർമ്മണ്യതീതേ തു പുനസ്ത്യക്ത്വാ ദിനത്രയം
കാര്യശ്ച വിഹിതേ കാലേ ജ്യോതിശ്ശാസ്ത്രാനുസാരതഃ 14

ഉപനയനത്തിന്നു മുമ്പ് കർണ്ണവേധം ചെയ്തില്ലെങ്കിൽ പിന്നെ ഉപാകർമ്മം കഴിഞ്ഞു മൂന്നുദിവസം കഴിഞ്ഞുവരുന്ന മുഹൂർത്തത്തിൽ ചെയ്തുകൊള്ളണം.

തഥാ വ്രതഗ്രഹണ്ചൈവ യഥാകാലം സമാചരേൽ
ശുക്രിയവ്രതമധ്യേ തു പർവ്വാഷ്ടമ്യോസ്സമാഗമേ 15

കൃത്വാ ബൌധായനസ്നാനം തദ്ദിനഞ്ചപവാസയേൽ
കേശാന്തസ്നാനയോഃ കാലത്തസ്തത്തൽഗൃഹ്യാനുരോധതഃ 16

സ്നാതവ്യസ്നാനശേഷത്വാദുദ്വാഹേ പുനരൈച്ഛികഃ
സ്ത്രീണാമുപനയനസ്ഥാനേ വിവാഹസ്തു സമന്ത്രകഃ 17

സ്ത്രീകൾക്ക് ഉപനയനമില്ല. ആ സ്ഥാനത്തു വിവാഹമാകുന്നു. ഇതു സമന്ത്രകമാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

ഉത്തമോ ദ്വാദശാബ്ദേയമത ഊർദ്ധ്വം ന നിന്ദ്യതേ
ഋതുമത്യാ വിവാഹസ്തു ശ്രുതിസ്മൃതി നിരാകൃതഃ 18

അതസ്തദ്ദർശനാൽ പൂർവ്വമുദ്വാഹസ്സർവ്വസമ്മതഃ
ബാഹുല്യാൽ കന്യകാനാന്തു ഭാർഗ്ഗവേണ കൃപാലുനാ 19

സ്ത്രീകളുടെ വിവാഹകാലം ഉത്തമപക്ഷം 12-ആം വയസ്സാകുന്നു. ഇതിൽ കവിയുന്നതിന്നും വിരോധമില്ല. തിരണ്ടതിന്നുശേഷമുള്ള വിവാഹത്തെ എല്ലാ ശ്രുതിസ്മൃതികളും നിഷേധിച്ചിരിക്കുന്നു. അതിനാൽ അതിന്നു മുമ്പുതന്നെ വിവാഹം കഴിയേണമെന്നാണ് സർവ്വസമ്മതമായിട്ടുള്ളത്. മലയാളത്തിൽ കന്യകമാന്റ അധികമുണ്ടാക നിമിത്തം (1) ഈ സ്മൃതികർത്താവു കരുണചെയ്ത് ഋതുമതീ വിവാഹം ആപദ്ധർമ്മമായിട്ടു സമ്മതിച്ചിട്ടുണ്ട്. ഇത് ഒരിക്കലും ഉത്തമപക്ഷമല്ല. മധ്യമപക്ഷവുമല്ല.

(1) കന്യകമാർ അധികമുണ്ടായിത്തീരുവാനുള്ള കാരണം, ഒരു പുരുഷൻ ഒന്നിലധികം വിവാഹം ചെയ്കയും ജ്യേഷ്ഠപുത്രൻ ഒഴിച്ചു മറ്റുള്ളവരെല്ലാം വിവാഹം ചെയ്യാതിരിക്കുകയും തന്നെയാകുന്നു.

ഓമിത്യംഗീകൃതഃ സോയമാപദ്ധർമ്മോ ന തൂത്തമഃ
നൈർദ്ധന്യേ തു സ്വയം ഭിക്ഷാമടൻ നിർല്ലജ്ജവച്ചരൻ 20

ദ്വിതീയാം വാ തൃതീയാം വാ സ്വയം വിനിമയം സ്ത്രിയം
അകൃത്യമന്യൽ കൃത്വാ വാ വിക്രീണൻ വാസമന്ദിരം 21

യഥാകഥഞ്ചിത്സമയേ തനയാം വിനിയോജയേൽ
കുലശീലഗുണാഢ്യേന പതിനാ മതിമാൻ പിതാ 22

പെൺകൊടുപ്പാൻ ധനമില്ലാതെ വന്നാൽ കന്യകയുടെ ഉടമസ്ഥൻ യാതൊരു മടിയും കൂടാതെ താൻതന്നെ ഭിക്ഷയെടുത്തിട്ടോ, മാറ്റത്തിന്നു വേണ്ടി രണ്ടാമതോ മൂന്നാമതോ വേളി കഴിച്ചിട്ടോ, തന്റെ ഇല്ലം തന്നെ വിറ്റിട്ടോ, ഇതിലും വലിയ ഏതെങ്കിലും അകൃത്യം തന്നെ ചെയ്തിട്ടോ കുലം ശീലം മുതലായ ഗുണങ്ങൾ തികഞ്ഞിട്ടുള്ള ഭർത്താവിനോടുകൂടി തന്റെ മകളെ ഏതുവിധമെങ്കിലും വേണ്ടസമയത്തു യോജിപ്പിച്ചുകൊള്ളേണ്ടതാകുന്നു. (നോക്കുക! മഹർഷിയുടെ നിർബ്ബന്ധം — ഇക്കാലത്തുള്ളവരുടെ ഔദാസീന്യവും)

ത്രേതാഗ്നിസംഗ്രഹേ കാലമാമ്നായാദവധാര്യതാം
ഇതി കേചന സംസ്കാരാഃ സഹ കാലൈഃ പ്രദർശിതാഃ 23

യദ്യന്നിഷിദ്ധമേതേഷു യദ്യദാവശ്യകം ഭവേൽ
ഉഭയന്തദ്വിജാനീയുസ്സർവ്വേ മൌഹൂർത്തികാഗമാൽ 24

ഈവക കർമ്മങ്ങൾക്കു നിഷിദ്ധമായും വിഹിതമായും ഉള്ള കാലങ്ങളെ മുഹൂർത്തശാസ്ത്രത്തിൽ നിന്നറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ഇതി പഞ്ചമസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃപാദഃ

### സ്നാതകന്മാരുടെ (അഫന്മാരുടെ) സ്ഥിതി

ഏവം നിർദ്ദിഷ്ടകാലേഷു കുര്യാൽ പുംസവനാദികാഃ
ക്രിയാഃ പുത്രസ്യ നിർദ്ദിഷ്ടാ വിനാ സ്നാനം പ്രയത്നതഃ 1

ഇങ്ങിനെ പുസവനം മുതലായ ക്രിയകളെ അതാതിന്നു വിധിച്ച കാലങ്ങളിൽത്തന്നെ യഥാവിധി ചെയ്യണം. (ഇവയിൽ സ്നാനത്തിന്റെ കാര്യം താഴെ വിസ്തരിക്കുന്നു. സ്നാനമെന്നാൽ - സമാവർത്തനത്തിന്നു ശേഷം ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കാതെ മരണപര്യന്തം ബ്രഹ്മചര്യത്തോടെ — സ്ത്രീസംസർഗ്ഗം കൂടാതെ — ഈശ്വരഭജനം ചെയ്യുവാനൊരുങ്ങുക എന്നർത്ഥമാകുന്നു.)

സ്നാനഞ്ച സ്നാതുകാമസ്യ നാത്ര നിർബ്ബന്ധമാചരേൽ
നൈഷ്ഠികോ യാവദായുഃസ്യാമിതി ചേത്തസ്യ തു സ്പൃഹം 2

ആയുഷ്കാലം മുഴുവനും നൈഷ്ഠികബ്രഹ്മചാരിയായിരിക്കേണമെന്ന് ഏതൊരു പുത്രൻ ഇച്ഛിക്കുന്നുവോ അവന്റെ സ്നാനത്തെ അനുവദിക്കണം. (അല്ലാതെ ഇക്കാര്യത്തിൽ ആരെയും നിർബ്ബന്ധിക്കരുതെന്നർത്ഥം).

തഥാ സതി യഥാകാലം സ്നാനം നിർവ്വർത്തയേത ച
വോഢുകാമസ്യ ചോദ്വാഹം കാരയേച്ച ബഹുപ്രജഃ 3

അധികം പുത്രന്മാരുള്ളവരിൽ സ്നാതകവൃത്തി സ്വീകരിപ്പാൻ മനസ്സുള്ളവരുടെ സ്നാനത്തെയും അല്ലാത്തവരുടെ വിവാഹത്തേയും ചെയ്യിക്കണം.

സഹോദരാണാം സർവ്വേഷാം വിവാഹോനുമതോ മുനേഃ
തഥാപി തത്ര നിർബ്ബന്ധം യഥാന്യേ ന തഥാകരോൽ 4

ജ്യേഷ്ഠാനുജന്മാർക്കെല്ലാവർക്കും വിവാഹം ചെയ്യാമെന്നുതന്നെയാണ് ഭാർഗ്ഗവന്റേയും അഭിപ്രായം. പക്ഷേ മറ്റുള്ള സ്മൃതികാരന്മാരെപ്പോലെ നിർബ്ബന്ധിക്കുന്നില്ലതാനും.

സ്യുരേവൈകസ്യ പുത്രേണ പുത്രവന്തസ്സഹോദരാഃ
അവിഭക്താ വിഭാഗസ്തു നേഷ്യതേ ഭാർഗ്ഗവക്ഷിതൌ 5

മലയാളത്തിൽ കുടുംബസ്വത്തു ഭാഗിപ്പാൻ പാടില്ല. ഭാഗിക്കാത്ത തറവാട്ടിൽ ഒരാൾക്കു പുത്രനുണ്ടായാൽ ആയാളുടെ സഹോദരന്മാരെ എല്ലാം പുത്രനുള്ളവരായിത്തന്നെ വിചാരിക്കണം. (ഈ പുത്രൻ ചെയ്യുന്ന പിതൃകർമ്മം കൊണ്ട് ആയാളുടെ അച്ഛനും വലിയച്ഛന്മാർക്കും അഫന്മാർക്കും ഒരുപോലെ ഗതിവരുമെന്നു താല്പര്യം).

യദി സൌഭ്രാത്രമേതേഷാം യദിവാ കാമകാമനാ
കുലസന്താനവൃദ്ധ്യർത്ഥം വിവാഹസ്സമനുത്തമഃ 6

സഹോദരന്മാർക്ക് അന്യോന്യം സ്നേഹമുണ്ടെങ്കിലും വിവാഹം ചെയ്താൽ കൊള്ളാമെന്നു മോഹമുണ്ടെങ്കിലും തറവാട്ടിൽ സന്തതി വർദ്ധിപ്പാൻവേണ്ടി എല്ലാവരും വേൾക്കുന്നതു തന്നെയാണ് ഉത്തമം. (വിവാഹംനിമിത്തം മുതൽഭാഗത്തിന്നിട വന്നുകൂടാ എന്നു മാത്രമേ ഉള്ളൂ).

കാലേന്വൂഢഃ സ്വയം കാമവിജിതഃ സ്വേച്ഛയാ ചരൻ
ഉന്മത്തവൃഷവദ്വേശ്യാലമ്പടോ നഷ്ടചേതനഃ 7

ഹീനസ്സ്നാനജപാചാരഃസതാം ഗർഹിതചേഷ്ടിതഃ
ഭ്രഷ്ടശ്ചോഭയതോനർത്ഥജന്മാ സ്വകുലപാംസനഃ 8

സ്വപിതൄന്നിരയേ ഘോരേ പാതയേന്നാത്ര സംശയഃ
അതോ വിവാഹസ്സർവ്വേഷാമിഷ്ടഃ കല്പോയമുത്തമഃ 9

വിവാഹം ചെയ്യേണ്ട കാലത്തു വിവാഹം ചെയ്യാതെ സ്നാതകവൃത്തി സ്വീകരിച്ചവൻ പിന്നീടു കാമദേവന്നധീനനായിത്തീർന്നു കൂറ്റൻകാളയെപ്പോലെ ഊരു തെണ്ടിയായിത്തീരുകയും, വേശ്യകളിലുള്ള ആസക്തി നിമിത്തം ബ്രാഹ്മണജന്മത്തെത്തന്നെ മറന്നു കുളി തേവാരം മുതലായ സദാചാരങ്ങളെ തീരെ വിട്ടു കളയുകയും ചെയ്തിട്ട് അവൻ സജ്ജനങ്ങൾക്ക് വെറുപ്പുള്ളവനായിത്തീരുന്നു. ഇവൻ ഉഭയലോകഭ്രഷ്ടനാകുന്നു. ഇവന്റെ ജന്മം നിഷ്ഫലമായി. തറവാടുകെടുപ്പാൻ തീർന്ന ഇവൻനിമിത്തം അവന്റെ പിതൃക്കൾ അതിഭയങ്കരമായ നരകത്തിൽ ചെന്നു വീഴും സംശയമില്ല. അതിനാൽ എല്ലാവരും വിവാഹം ചെയ്തു ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതാണ് ഉത്തമമായ നിയമം.

### ഗൃഹസ്ഥന്റെ ധർമ്മങ്ങൾ

അകൃത്വാ സ്വയമാധാനമാഹിതാഗ്നിം ന കാരയേൽ
അവശ്യഞ്ച ഭവേദഗ്ന്യാഹിതോ നിലയമീയിവാൻ 10

ജുഹുയാച്ചാഗ്നിഹോത്രേണ യാവജ്ജീവിതമതന്ദ്രിതഃ
കുർവ്വീത ചാദ്ധ്വരം ശക്ത്യാ മേഷാലംഭീ ദ്വിജോത്തമഃ 11

ഗഹസ്ഥാശ്രമി ആധാനം ചെയ്യണം. ജീവിതകാലം മുഴുവനും അഗ്നിഹോത്രത്തോടുകൂടിയിരിക്കണം. ശക്ത്യനുസാരേണ യാഗവും ചെയ്യണം. ഇവിടെ യാഗാർത്ഥം പശു (ഹിംസിക്കപ്പെടുന്ന ജന്തു) മേഷം (ആട്) മാത്രമാകുന്നു.

ഇഷ്ടിസ്സൌത്രാമണിർമ്മർത്ത്യഗവാശ്വപശുരദ്ധ്വരഃ
നൈഷ്ഠികബ്രഹ്മചര്യഞ്ച പഞ്ച ദ്വേഷ്ടി ഭൃഗ്വദ്വഹഃ 12

സൌത്രാമണിയാഗം, നരബലി, പശുമേധം, അശ്വമേധം, നൈഷ്ഠികബ്രഹ്മചര്യം (ബ്രഹ്മചര്യാശ്രമത്തെ എന്നും വിടാതിരിക്കുക) ഈ അഞ്ചും ഭാർഗ്ഗവൻ നിഷേധിച്ചിരിക്കുന്നു.

ഇഷ്ടാപൂർത്തേ തു യത്നേന കർത്തവ്യേ ഗൃഹമേധിനാ
ഇഷ്ടേന പ്രാപ്നുയാൽ സ്വർഗ്ഗം പൂർത്തം മോക്ഷസ്യ പദ്ധതിഃ 13

ഇഷ്ടം കൊണ്ട് സ്വർഗ്ഗവും പൂർത്തം കൊണ്ട് മോക്ഷവും സിദ്ധിക്കും. അതിനാൽ അവ രണ്ടും ഏതുവിധമെങ്കിലും ചെയ്യേണ്ടതാകുന്നു.

അഗ്നിഹോത്രം തപസ്സത്യമാമ്നായസ്യാനുപാലനം
ആതിത്ഥ്യം വൈശ്വദേവഞ്ചാപീഷ്ടമിത്യഭിധീയതേ 14

അഗ്നിഹോത്രം, തപസ്സ്, സത്യം, വേദത്തെ രക്ഷിക്കുക, അതിഥിപൂജ, വൈശ്വദേവം ഇവയാകുന്നു ഇഷ്ടം.

പൂർത്തം സരസ്തടാകാദിവിധാനം യച്ച ഗോഹിതം
പഥികേഭ്യോഹിതഞ്ചാന്യദ്ദേവതായതനക്രിയാഃ 15

കുളം, കിണറു മുതലായതുണ്ടാക്കിക്കുക, വെള്ളം കുടിപ്പാനുള്ള തൊട്ടി മുതലായതുണ്ടാക്കിച്ചു പശുക്കൾക്ക് ഹിതം ചെയ്ക, തണ്ണീർപ്പന്തൽ, നടക്കാവു മുതലായതുണ്ടാക്കിച്ചു വഴിയാത്രക്കാർക്കു ഗുണം ചെയ്ക, അമ്പലം പണിചെയ്യിക്കുക ഇവയാകുന്നു പൂർത്തം.

ഏകാഹമപി ഭൂമിസ്ഥം കുർവ്വീത തദലം ജലം
താരണേ സപ്തകുല്യാനാം ഗൌസ്തൃപ്താ തസ്യ ചേൽ ഭവേൽ 16

ഒരുവന്റെ ഭൂമിയിലെ വെള്ളം ഒരു ദിവസമെങ്കിലും ഒരു പശു കുടിച്ചാൽ അവന്റെ ഏഴു പുരുഷാന്തരത്തിലുള്ളവരെല്ലാം നരകത്തിൽനിന്നു കയറുന്നതാകുന്നു.

ജേതവ്യാ ഭൂമിദാനേന യേ യേ ലോകാഃ സതാം മതാഃ
യേ യേ ഗവാം പ്രദാനാച്ച താംസ്താൻ ലോകാനവാപ്നുയാൽ 17

എന്നുമാത്രമല്ല ഭൂമിദാനം പശുദാനം ഇവയാൽ സിദ്ധിക്കപ്പെടുന്ന ലോകങ്ങളെ ഇവൻ പ്രാപിക്കും.

കൃത്വാ ഗൃഹസ്ഥഃ പാന്ഥാനാം വിശ്രാന്ത്യൈ ദുർഗ്ഗമാദ്ധ്വനി
ക്രോശമേകം വിശാലാനാം പാദപാനാം പ്രരോപണം 18

ദുർഗ്ഗമമായ പെരുവഴിയിൽ ഒരു വിളിപ്പാടെങ്കിലും മരം വെച്ച് പിടിപ്പിക്കുന്നവനും ഇതുതന്നെയാണ് ഫലം.

വാപീകൂപതടാകാനി ദേവതായതനാനി ച
പതിതാന്യുദ്ധരേദ്യസ്തു സ പ്രേത്യ പരമം പദം 19

ജീർണ്ണമായിക്കിടക്കുന്ന കുളം കിണറ് അമ്പലം ഇവ നന്നാക്കിക്കുന്നവൻ പരമപദത്തെ പ്രാപിക്കും. പിന്നെ ഭൂമിയിൽ ജനിക്കയില്ല. ('നാട്ടൂൽ കൂട്ടു, കൂട്ടൂൽ തോണ്ടു' എന്നു പാക്കനാർ പറഞ്ഞിട്ടുണ്ട്)

പ്രാപ്നുയാന്ന ച ജായേത പുനർഭൂമൌ ന സംശയഃ
പ്രശമയ്യ്യാശനായാഞ്ച പഥികാനാം ദിനേ ദിനേ 20

ക്ഷുധാബാധാ തു സർവ്വേഷാം ദുസ്സഹാ ച സമാ മതാ
ആവിപ്രമാചണ്ഡാലം വാ ന വൈ വൈഷമ്യമിഷ്യതേ 21

തതശ്ശക്ത്യനുരോധേന ദദ്യാദന്നം ഗൃഹസ്ഥാശ്രമീ
ക്ഷുധാതുരാണാം സർവ്വേഷാം ശ്രാന്താണാം പാനീയമേവ വാ 22

വഴിപോക്കർക്കു ഭക്ഷണം കൊടുക്കുന്നതിനും ഇതുതന്നെ ഫലം. വിശപ്പ് എല്ലാവർക്കും തുല്യമാണ്, സഹിപ്പാൻ പ്രയാസവുമാണ്. ഇക്കാര്യത്തിൽ ബ്രാഹ്മണൻ മുതൽ ചണ്ഡാലൻ വരെയുള്ളവരെയെല്ലാം ഒരുപോലെ വിചാരിക്കണം. ഭേദം വിചാരിക്കരുത്. അതിനാൽ ഗൃഹസ്ഥൻ യാതൊരു ജാതിഭേദവും കൂടാതെ വിശപ്പുള്ളവർക്കെല്ലാം ചോറോ കഞ്ഞിയോ ഇല്ലെങ്കിൽ വെള്ളം മാത്രമെങ്കിലുമോ കൊടുക്കണം. ('അന്നസ്യ ക്ഷുധിതം പാത്രം' എന്നുണ്ടല്ലൊ).

ശൂദ്രോപി പൂർത്തധർമ്മേണ വൈദികേപ്യധികാരവാൻ
ദാനൈശ്ച സർവ്വൈർദാതവ്യം ദാനധർമ്മോ നൃണാം വരഃ 23

ദാനധർമ്മം ആർക്കും ചെയ്യാവുന്നതാണ്. മനുഷ്യർക്ക് അതാണ് ശ്രേഷ്ഠം. ദാനങ്ങൾ പൂർത്തധർമ്മം ഇവയെ ചെയ്യുന്ന ശൂദ്രൻ വൈദികകാര്യങ്ങളിൽ പോലും അധികാരിയാകുന്നു.

സഹസ്രീ തു ശതം ദദ്യാച്ഛതീ ദദ്യാന്നരോ ദശ
ദദ്യാച്ച ദശമീ ചൈകം സർവ്വേ തുല്യഫലാഃ സ്മൃതാഃ 24

ആയിരം പണമുള്ളവർ നൂറു പണം ദാനം ചെയ്യണം. നൂറുള്ളവൻ പത്ത്. പത്തുള്ളവൻ ഒന്ന്. സുകൃതം എല്ലാവർക്കും സമമാകുന്നു. (ശക്തിക്കനുസരിച്ച് ചെയ്താൽ മതി എന്നു താല്പര്യം.)

വിഭവേ സതി ദാനാനി വിവിധാന്യാചരേദ്ദ്വിജഃ
അകൃത്വാഫലസങ്കല്പം ഷൾകർമ്മാ ബാഹുജഃ പുനഃ 25

കാമേന കാമാനാപ്നോതി വിഹിതൈരൂരുജോപി തൈഃ
സർവ്വേ മോക്ഷായ നിഷ്കാമം പ്രഭവേയുശ്ച തൈഃ കൃതൈഃ 26

ഷൾകർമ്മാധികാരിയായിരിക്കുന്ന ബ്രാഹ്മണൻ ധനികനാണെങ്കിൽ അനേകവിധദാനങ്ങളെ ചെയ്യണം. എല്ലാം നിഷ്കാമമായി ചെയ്യണം – ഫലത്തെ ഇച്ഛിക്കരുത്. ക്ഷത്രിയനു ഫലേച്ഛയാവാം. വൈശ്യനുമങ്ങിനെതന്നെ. എന്നാൽ മോക്ഷേച്ഛയുള്ള ഏതൊരുവനും നിഷ്കാമകർമ്മത്തെ ചെയ്യേണ്ടതാകുന്നു.

മുനിഃ കാമ്യാനി ന ദ്വേഷ്ടി കർമ്മാണ്യപ്യഗ്രജന്മനാം
കിം ത്വത്ര ഫലസങ്കല്പമതസ്തൽ പരിവർജ്ജയേൽ 27

മഹർഷിയുടെ പക്ഷം ബ്രാഹ്മണർ കാമ്യകർമ്മം ചെയ്തുകൂടെന്നില്ല. പക്ഷേ ഫലേച്ഛ പാടില്ലെന്നുണ്ട്. അതിനാൽ ഫലേച്ഛയോടുകൂടിയ കാമ്യകർമ്മത്തെ വർജ്ജിക്കേണ്ടതാകുന്നു.

ഇതി പഞ്ചമസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 5 പാദം 4

## പ്രതിഗ്രഹപ്രായശ്ചിത്തങ്ങൾ

സർവ്വേഷാമപി ദേയാനാം പ്രതിഗ്രാഹീ ദ്വിജോത്തമഃ
ബ്രഹ്മണാ കല്പിതഃ പൂർവ്വം നാന്യസ്സത്രാധികാരവാൻ 1

ഏതു ദാനവും വാങ്ങുവാൻ ദൈവം ബ്രാഹ്മണനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. മറ്റാർക്കും അധികാരമില്ല.

കേഷാഞ്ചിന്ന നിഷിദ്ധശ്ച വിശേഷജ്ഞൈഃ പ്രതിഗ്രഹഃ
ആത്യന്തികപരത്വേന തന്നിഷേധസ്യ ജായതേ 2

തത്തദ്ദാനകഥോച്ഛിത്തിരർത്ഥാഭാവശ്ച ധർമ്മതഃ
തത്തദ്ദാനവിധേരന്യഥാ പ്രമാണഞ്ച തന്മുനിഃ 3

ഭാർഗ്ഗവോ ഭഗവാൻ വീക്ഷ്യ ദുഷ്പ്രതിഗ്രഹജൈനസാം
പ്രാഹ ദാനാനി ശാന്ത്യർത്ഥം വക്ഷ്യന്തേ താന്യനുക്രമാൽ 4

അറിവുള്ളവർ ചിലർക്കു ദാനം വാങ്ങുന്നതിന്നു വിരോധമില്ലെന്നു പറയുന്നു. ആരും ദാനം വാങ്ങില്ലെന്നു വന്നാൽ ലോകത്തിൽ ദാനകഥ തന്നെ ഇല്ലാതായിത്തീരും. (ധനവാന്മാരുടെ കൈയിൽനിന്നു ദരിദ്രന്മാരുടെ കൈയിൽ ധനം വന്നു ചേരുവാനുള്ള സന്മാർഗ്ഗം ദാനം ഒന്നുമാത്രമാകുന്നു). എന്നാൽ ദുഷ്പ്രതിഗ്രഹം ദോഷമാകുന്നു, അവിടെ മഹർഷിയാൽ വിധിക്കപ്പെട്ട ശാന്തിയെ താഴെ വിവരിക്കുന്നു.

സ്വധർമ്മസ്ഥേന സർവ്വേഷാം ഗൃഹസ്ഥേന പ്രതിഗ്രഹഃ
കാര്യോ നാന്യേന കേനാപി തസ്യൈതദഘമർഷണം 5

സ്വധർമ്മത്തെ വേണ്ടപോലെ അനുഷ്ഠിക്കുന്ന ഗൃഹസ്ഥന്നു മാത്രമേ ദാനം വാങ്ങുവാനുള്ള അധികാരമുള്ളു. അവന്റെ ആ സ്വധർമ്മാചരണം ദാനം നിമിത്തമുള്ള പാപത്തെ നശിപ്പിക്കും.

ചൈത്രേ മാസ്യാതപത്രാണീ ശുക്ലായാം പ്രതിപത്തിഥൌ
ദദ്യാൽ കുടുംബിവിപ്രേഭ്യോ നിഷിദ്ധസ്യ പ്രതിഗ്രഹീ 6

നിഷിദ്ധപ്രതിഗ്രഹം ചെയ്യുന്നവൻ ചൈത്രമാസത്തിലെ ശുക്ലപ്രതിപദത്തുന്നാൾ കുടുംബികളായ ബ്രാഹ്മണർക്കു കുട ദാനം ചെയ്യണം.

ഉപാനഹൌ ച വൈശാഖേ കൌശേയം ക്ഷൌമമേവ വാ
തൃണശയ്യാം തഥാ ശുക്രേ വിതരേദ്വ്യജനാനി വാ 7

വൈശാഖത്തിൽ ചെരിപ്പു പട്ടു മുതലായതും, ജ്യേഷ്ഠമാസത്തിൽ പുല്ലുപായ വിശറി മുതലായതും ദാനം ചെയ്ക.

ശുചാവുദകകുംഭഞ്ച ദധി വാ ക്ഷീരമേവ വാ
സർപ്പിർവ്വാ മുൽഗഗോധൂമഷഷ്ടികാനഥവാ യവാൻ 8

ആഷാഢത്തിൽ ഉദകകുംഭം തൈർ പാൽ നെയ്യു ചെറുപയറു ഗോതമ്പം നവരനെല്ലു യവം ഇവയാണ് ദാനം ചെയ്യേണ്ടത്.

അഹതേ വാസസീ ദദ്യാച്ഛ്രാവണേ തിലസർപ്പിഷീ
അന്നം വാ ബ്രഹ്മചാരിഭ്യോ യഥേഷ്ടം ക്ഷീരസംസ്കൃതം 9

ശ്രാവണമാസത്തിൽ ഇണപ്പുടവയും എള്ളും നെയ്യുമാണ്. ബ്രഹ്മചാരികൾക്കു തൃപ്തിവരെ പാൽപായസം കൊടുക്കുന്നതും നല്ലതാണ്.

മാസി പ്രോഷ്ഠപദേ ദദ്യാന്മകരൌ രൂപ്യനിർമ്മിതൌ
അശ്വമാശ്വിനമാസേ തു സൌവർണ്ണം രൌപ്യമേവ വാ 10

പ്രോഷ്ഠപദമാസത്തിൽ വെള്ളികൊണ്ടുണ്ടാക്കിയ രണ്ടു മകരമത്സ്യത്തെ ദാനം ചെയ്യണം. ആശ്വിനമാസത്തിലാകട്ടെ സ്വർണ്ണം കൊണ്ടോ വെള്ളികൊണ്ടോ ഉണ്ടാക്കിയ കുതിരയെ ദാനം ചെയ്യുക.

കാർത്തികേ കപിലാം ധേനുമജാം വാ വിതരേൽ സീതാം
വത്സേന സഹ തത്രാദ്യാം ദ്വിതീയാമധഃകൃതാം 11

കാർത്തികമാസത്തിൽ കപിലവർണ്ണയായ പശുവിനേയോ വെളുത്ത പെണ്ണാടിനേയോ ദാനം ചെയ്യണം. പശുവിനെ കുട്ടിയോടകൂടെ കൊടുക്കണം. ആട്ട കോലാടായിരിക്കണം.

പഞ്ചഭ്യോ ബ്രഹ്മചാരിഭ്യോ മുനിഭ്യസ്ത്രിഭ്യ ഏവ വാ
അജിനം കൃഷ്ണസാരസ്യ പ്രയച്ഛേന്മാർഗ്ഗശീർഷകേ 12

മാർഗ്ഗശീർഷത്തിൽ അഞ്ചു ബ്രഹ്മചാരികൾക്കോ മൂന്നു മുനികൾക്കോ കൃഷ്ണമൃഗത്തിന്റെ തോൽ കൊടുക്കണം.

പൌഷേ തു തിലപത്മാനി മാഘേ രജതമേഖലാം
വ്രതസ്ഥായ തു പാലാശം ദണ്ഡം വാ രാജതം ദിശേൽ 13

പൌഷമാസത്തിൽ എള്ളു താമരപ്പൂവ്വ് ഇവയും, മാഘമാസത്തിൽ ബ്രഹ്മചാരികൾക്കു വെള്ളികൊണ്ടുണ്ടാക്കിയതോ അകൃത്രിമമായതോ ആയ ചമതക്കോലും ദാനം ചെയ്ക.

ഫാൽഗുനേ ദ്വിമുഖീം ധേനും ദദ്യാൽ ഷൾഭിഃ പദൈര്യുതാം
തദലാഭേ സുവർണ്ണേന രജതേന ച സാധിതാം 14

ഫാൽഗുനമാസത്തിൽ രണ്ടു മുഖവും ആറു കാലും ഉള്ള പശുവിനെയാണ് കൊടുക്കേണ്ടത്. അതു വെള്ളികൊണ്ടോ സ്വർണ്ണം കൊണ്ടോ ഉണ്ടാക്കിയതായാലും മതി.

ഇതി ദ്വാദശ ദാനാനി തത്തന്മാസാദ്യവാസരേ
ഭാർഗ്ഗവേണ ഗൃഹസ്ഥാർത്ഥേ വിഹിതാനി സമീക്ഷയാ 15

ഇങ്ങിനെ വിധിക്കപ്പെട്ട 12 ദാനങ്ങൾ അതാതു മാസത്തിലെ ആദ്യദിവസം തന്നെ ചെയ്യണം.

ദുഷ്പ്രതിഗ്രഹജം പാപം തൈർവ്വിലുമ്പേൽ ഗൃഹാശ്രമീ
നൈകമേകതമേനൈകമനേകം വാ തദംഹസഃ 16

ഗൃഹസ്ഥൻ ദുഷ്പ്രതിഗ്രഹം നിമിത്തമുണ്ടായ പാപത്തെ ഈവക ദാനങ്ങളെക്കൊണ്ടു തീർക്കണം. ഈ ദാനങ്ങൾക്ക് അംഗാംഗീഭാവസംബന്ധമുണ്ടാകയാൽ ഒന്നുകൊണ്ട് ഒന്നു തീരുമെന്നില്ല. അതിനാൽ എല്ലാം ഒന്നുപോലെ ചെയ്യേണ്ടതാകുന്നു.

പ്രശമേ കല്പതേ തേഷാമംഗാംഗിത്വനിബന്ധനാൽ
പ്രാണായാമേന ഗായത്ര്യാസ്സഹസ്രാവർത്തനേന ച 17

അനുവാകം ജപൻ രൌദ്രം പൂയതേ ദിവസൈസ്ത്രിഭിഃ
പ്രതിഗ്രാഹ്യ നിഷിദ്ധാതമമുപോഷ്യ തദഹഃ ശുചിഃ 18

നിഷിദ്ധപ്രതിഗ്രഹം ചെയ്താൽ മൂന്നു ദിവസം പ്രാണായാമം സഹസ്രാവൃത്തി ശ്രീരുദ്രജപം ഇവ ചെയ്കയും ദാനം വാങ്ങിയ ദിവസം ഉപവസിക്കുകയും ചെയ്താൽ ദാനദോഷം തീരും. ഭൃഗുകശ്യപകാശ്യപന്മാരുടെ പക്ഷം ഇതു സ്നാതകന്മാർക്കുള്ള വിധിയാണെന്നാകുന്നു.

സ്നാതകശ്ചേദിതി പ്രാഹുർഭൃഗുകശ്യപകാശ്യപാഃ
ഇദമേവ ഗഹസ്ഥാനാമപി സാധാരണം മുനിഃ 19

മന്യതേ ഭാർഗ്ഗവസ്തത്ര വർത്തേത ച വികല്പതഃ
ഏവം വൈ വർത്തമാനസ്തു ഗൃഹമേധീ ദ്വിജോത്തമഃ 20

ദുഷ്പ്രതിഗ്രഹജം ദോഷം ഹിത്വാഗ്നിരിവ ദീപ്യതേ

പരശുരാമന്റെ പക്ഷം ഇതു ഗൃഹസ്ഥന്മാർക്കും യോജിക്കുമെന്നാണ്. അപ്പോൾ രണ്ടുകൂട്ടർക്കും ചേരുമെന്നു സിദ്ധമായി. ഗൃഹസ്ഥൻ മേൽപറഞ്ഞപ്രകാരമെല്ലാം ആചരിച്ചാൽ ദുഷ്പ്രതിഗ്രഹദോഷം തീർന്ന് അഗ്നിയെപ്പോലെ ശോഭിക്കും.

അഞ്ചാമദ്ധ്യായത്തിന്റെ ഭാഷാവ്യാഖ്യാനം കഴിഞ്ഞു.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായായ പഞ്ചമസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ

**പഞ്ചമോധ്യായഃ സമാപ്തഃ**

## അഥ ഷഷ്ഠാധ്യായഃ

പ്രഥമഃ പാദഃ

അദ്ധ്യായം 6 പാദം 1

### പഞ്ചസൂനകളും പഞ്ചയജ്ഞങ്ങളും

പഞ്ച സൂനാ ഗൃഹസ്ഥസ്യ ചുല്ലീപേഷണികാദയഃ
കുർവ്വീത തദഘോച്ഛിത്യൈ പഞ്ചയജ്ഞാൻ ദിനേ ദിനേ 1

ഗൃഹസ്ഥന്നു ചുല്ലി പേഷണി മുതലായി അഞ്ചു സൂനകൾ[1] (ഹിംസകൾ) ഭവിക്കുന്നു. അതു നിമിത്തമുണ്ടാകുന്ന പാപങ്ങൾ അന്നന്നുതന്നെ തീരാൻ വേണ്ടി പ്രതിദിനം പഞ്ചയജ്ഞങ്ങളെ ചെയ്യണം.

1. 'കട്ടിനീ പോഷണീ ചുല്ലീ ഉദകുംഭീ ച മാർജ്ജനീ
   പഞ്ചസൂനാ ഗൃഹസ്ഥസ്യ പഞ്ചയജ്ഞാൽ പ്രണശ്യതി' = ഉരൽ അമ്മി അടുപ്പ് കൊട്ടത്തളം ചൂല് ഇങ്ങിനെ ഗൃഹസ്ഥന്ന് അഞ്ചു ഹിംസകൾ വന്നു കൂടുവാനിടയുണ്ട്. ഈവക സ്ഥലങ്ങളിലുള്ള ജന്തുക്കളെ അറിയാതെ കൊന്നുപോകുന്നു. പഞ്ചയജ്ഞം ചെയ്താൽ ആ ശാപം നശിക്കും.

ദേവയജ്ഞോ ഭൂതയജ്ഞഃ പിതൃയജ്ഞ ഇതി ത്രയം
ബ്രഹ്മയജ്ഞനൃയജ്ഞാഭ്യാം സഹ പഞ്ച പ്രകീർത്തിതാഃ 2

(പഞ്ചയജ്ഞങ്ങളെ നാമമാത്രംകൊണ്ടു വിവരിക്കുന്നു:)

ദൈവോ യജ്ഞസ്തു ഹോമോത്ര ഭൌതോ യജ്ഞോ ബലിഃ സ്മൃതഃ
യജ്ഞഃ പിണ്ഡക്രിയാ പിത്ര്യാ ബ്രാഹ്മഃ സ്വാധ്യായഃ ഉച്യതേ 3

നൃയജ്ഞോതിഥിസൽകാര ഏതൈരേവ തു പഞ്ചഭിഃ
പഞ്ചസൂനാമയൈനാംസി ക്ഷപയേൽ പ്രത്യഹം ഗൃഹീ 4

ഹോമം ദേവയജ്ഞം; വൈശ്വദേവബലി ഭൂതയജ്ഞം; ശ്രാദ്ധം പിതൃയജ്ഞം; സ്വാധ്യായം ബ്രഹ്മയജ്ഞം; അതിഥിസല്ക്കാരം മനുഷ്യയജ്ഞം; ഇങ്ങിനെയുള്ള പഞ്ചയജ്ഞങ്ങളെക്കൊണ്ട് ഗൃഹസ്ഥൻ പ്രതിദിനം പഞ്ചസൂനാപാപത്തെ കളയണം.

### ഗൃഹസ്ഥന്റെ ദാനവും പ്രതിഗ്രഹവും

ബ്രഹ്മചാരീ വനസ്ഥശ്ച യതിശ്ചേതി ത്രയോപ്യമീ
ഗൃഹസ്ഥസ്യ പ്രസാദേന ജീവന്ത്യചലിതവ്രതാഃ 5

ബ്രഹ്മചാരി വാനപ്രസ്ഥൻ സന്യാസി എന്ന മൂന്നാശ്രമക്കാർക്കും ഗൃഹസ്ഥാശ്രമിയാകുന്നു സഹായം

ദദത്ഭിർബ്രഹ്മചാരിഭ്യഃ ശ്രദ്ധയാ ഗൃഹമേധിഭിഃ
തൽ സഹസ്രഗുണം പ്രേത്യ ഭുജ്യതേ പ്രത്യുപസ്ഥിതം 6

ഗൃഹസ്ഥൻ ശ്രദ്ധയോടുകൂടി ബ്രഹ്മചാരിക്ക് എന്തൊരു വസ്തുവാണോ കൊടുക്കുന്നത്, അതിൽ ആയിരം ഇരട്ടി അവന്നു പരലോകത്തിൽ സിദ്ധിക്കും.

വാനപ്രസ്ഥായ നീവാരകബളാൻ യസ്തു ഷോഡശ
ദദ്യാൽ ഘൃതാക്താൻ പ്രേത്യൈഷ ഭജേച്ചാന്ദ്രമസീഃ കലാഃ 7

അതുപോലെതന്നെ വാനപ്രസ്ഥന്നു പതിനാറു വീതം വരിച്ചോറുരുള നെയ്യിൽ കുഴച്ചു ദാനം ചെയ്താൽ അതിന്നു പകരം പരലോകത്തിൽ അമൃതപാനം ചെയ്യുവാൻ സംഗതി വരും.

യതിഹസ്തേ യദപ്യംഭോ യൽ പുഷ്പഞ്ച കുടുംബിനാ
സകൃദപ്യർപ്പിതം കസ്തദുഭയം പരിമാസ്യതി 8

സന്യാസിക്കു വെറും വെള്ളമോ പൂവോ മാത്രമെങ്കിലും കൊടുപ്പാൻ സാധിച്ചാൽ അതിന്റെ ഫലം ആർക്കു കണക്കാക്കുവാൻ സാധിക്കും

ഗൃഹസ്ഥോ യജതേ നിത്യം സ ഏവ ച തപസ്യതി
സ ഏവ ധാതാ സർവ്വേഷാം തസ്മാച്ഛ്ലാഘ്യോ ഗൃഹാശ്രമീ 9

യഥാ സ്ത്രീണാം പ്രഭുർഭർത്താ യഥാ നൃ ണാം ദ്വിജോത്തമഃ
തഥൈവാതിഥയോ വേദ്യാഃ പ്രഭവോ ഗൃഹമേധിനാം 10

സ്ത്രീകൾക്കു ഭർത്താവും, മനുഷ്യർക്കു ബ്രാഹ്മണനും, ഗൃഹസ്ഥന്മാർക്ക് അതിഥിയും ഈശ്വരതുല്യന്മാരാകുന്നു. സ്ത്രീകൾ അനേകവിധത്തിലുള്ള ധർമ്മംകൊണ്ടോ ഉപവാസം കൊണ്ടോ വ്രതം കൊണ്ടോ അല്ല സൽഗതിയെ പ്രാപിക്കുന്നത്; അതു കേവലം ഭർത്തൃശുശ്രൂഷ കൊണ്ടു മാത്രമാകുന്നു.

യഥാ ന വിവിധൈർദ്ധർമ്മൈർന്നോപവാസൈന്ന ച വ്രതൈഃ
ആരോഹതി ദിവം നാരീ പരന്തു പതിപൂജനാൽ 11

യഥാ ന സ്നാനഹോമാഭ്യാം ന വേദാധ്യയനേന ച
ബ്രഹ്മചാരീ ദിവം യാതി പരന്തു ഗുരുപൂജനാൽ 12

ബ്രഹ്മചാരി സ്നാനം കൊണ്ടോ ഹോമം കൊണ്ടോ വേദാധ്യായനംകൊണ്ടോ അല്ല സൽഗതിയെ പ്രാപിക്കുന്നത്, അതു കേവലം ഗുരുശുശ്രൂഷ കൊണ്ടു മാത്രമാകുന്നു.

യഥാ ന വിവിധൈഃ സ്നാനൈർന്ന ചാഗ്നേഃ പരിചര്യയാ
വനസ്ഥഃ സ്വർഗ്ഗമാപ്നോതി കിന്തു ഭോജനവർജ്ജനാൽ 13

വാനപ്രസ്ഥൻ സ്നാനംകൊണ്ടോ അഗ്നിപരിചര്യ കൊണ്ടോ അല്ല, നിരാഹാരം കൊണ്ടാകുന്നു സൽഗതിയെ പ്രാപിക്കുന്നത്.

യഥാ ന ഭൈക്ഷമൌനാഭ്യാം ന ച ശൂന്യാലയാശ്രയാൽ
യോഗീ സിദ്ധിമവാപ്നോതി കിന്തു മൈഥുനവർജ്ജനാൽ 14

സന്യാസി ഭിക്ഷകൊണ്ടോ മൌനവ്രതം കൊണ്ടോ വിജനവാസം കൊണ്ടോ അല്ല, സ്ത്രീസേവയെ ഉപേക്ഷിക്കുന്നതിനാലത്രെ സിദ്ധിയെ പ്രാപിക്കുന്നത്.

തഥാ ന യജ്ഞൈരശ്രാന്തം ന ചാഗ്നേഃ പരിചര്യയാ
ഗൃഹസ്ഥഃ സ്വർഗ്ഗമാപ്നോതി പരന്ത്വതിഥിപൂജനാൽ 15

അതു പ്രകാരം തന്നെ ഗൃഹസ്ഥൻ അനവരതം ചെയ്യപ്പെടുന്ന യാഗം കൊണ്ടോ അഗ്നിപരിചര്യകൊണ്ടോ അല്ല സ്വർഗ്ഗത്തെ പ്രാപിക്കുന്നത്; അതു കേവലം അതിഥിസല്ക്കാരം കൊണ്ടു മാത്രമാകുന്നു.

തസ്മാദതിഥിസൽകാരേ നിത്യം ജാഗരിതോ ഭവേൽ
യഥാ ന നിന്ദ്യതേ ലോകൈര്യഥാ ന നരകം വ്രജേൽ 16

അതിനാൽ അതിഥിസല്ക്കാരത്തിൽ എപ്പോഴും ശ്രദ്ധ വച്ചുകൊണ്ടിരിക്കണം. നാട്ടുകാരെക്കൊണ്ടു പറയിക്കുവാനും നരകത്തിലേക്കു പോകുവാനും ഇട വരുത്തരുത്.

അതിഥിം പ്രീണിതാത്മാനമാഹാരശയനാദിഭിഃ
ആത്മനസ്താരകം വിദ്യാദന്ധകൂപോപമാൽ ഗൃഹാൽ 17

ഭക്ഷണം കിടപ്പ മുതലായവയിലുള്ള ആദരവുനിമിത്തം അതിഥി സന്തോഷിച്ചാൽ പൊട്ടക്കിണറിനു തുല്യമായ (അത്രയും കഷ്ടാരിഷ്ടമുള്ള) ഗൃഹത്തിൽനിന്നു കയറുവാൻ ഇട വരുന്നതാകുന്നു.

ജുഹുയാച്ചാഗ്നിഹോത്രേണ സായം പ്രാതരതന്ദ്രിതഃ
യഥാവിധി യഥാകാലം പാർവ്വണാദിഭിരിഷ്ടിഭിഃ 18

യജ്ഞൈർവ്വാ പശുബന്ധൈശ്ച ചാതുർമ്മാസ്യേന വാ തഥാ
ത്രൈവാർഷികാധികാന്നേന സോമഞ്ച വിധിവൽ പിബേൽ 19

കാലത്തും വൈകുന്നേരവും ശ്രദ്ധയോടെ ഔപാസനഹോമം ചെയ്യണം. ദർശപൌർണ്ണമാസം സ്ഥാലീപാകം യാഗം മുതലായതും യഥാകാലം വിധിപോലെ ചെയ്യണം.

ശൂദ്രാന്ന കിഞ്ചില്ലിപ്സേത ദദ്യാച്ചേദപ്യഭീപ്സിതം
ഇഷ്ടിം വൈശ്വാനരീം കുര്യാദശക്താവിതരത്ര തു 20

തനിക്കാവശ്യമുള്ള സാധനം തന്നെയായാലും ശൂദ്രനോടു യാതൊരുവക ദാനവും വാങ്ങരുത്. നിവൃത്തിയില്ലെങ്കിൽ ദാനം വാങ്ങുകയും, ആ ദോഷം തീരുവാൻവേണ്ടി വൈശ്വാനരി എന്ന ഇഷ്ടി ചെയ്കയും വേണം.

യാജയേച്ച സജാതീയാൻ ഗ്രാഹ്യസ്തേഭ്യഃ പ്രതിഗ്രഹഃ
രാജന്യവൈശ്യാവന്യത്ര രാമക്ഷേത്രാദിതി സ്ഥിതിഃ 21

സമാനജാതിക്കാരും യാഗാധികാരികളുമായ ബ്രാഹ്മണരുടെ യാഗം കഴിപ്പിച്ചു പ്രതിഗ്രഹം വാങ്ങുന്നതിന്നു വിരോധമില്ല. മലയാളത്തിൽ ബ്രാഹ്മണർക്കല്ലാതെ ക്ഷത്രിയർക്കും വൈശ്യർക്കും യാഗം പതിവില്ല.

ഗൃഹസ്ഥസ്യാപി നീചാനാം സേവാപദ്യപിഗർഹിതാ
താമകുർവ്വൻ ക്രമൈരന്യൈഃ കുർവ്വീത ധനസഞ്ചയം 22

ഗൃഹസ്ഥൻ അത്യാപത്തിൽ പോലും നീചന്മാരെ സേവിക്കരുത്. അതൊഴിച്ചു മറ്റു വല്ല തൊഴിലുകൊണ്ടും ദ്രവ്യം സമ്പാദിക്കണം.

ഓഘവദ്യാതി ചാപ്നോതി ദ്രവിണം ന സ്ഥിരം ക്വചിൽ
ക്വചിൽ ക്ഷീണം ഭവേദ്ദൈവാൽ ക്വചിദ്വൃദ്ധിം തദാപ്നുയാൽ 23

ദ്രവ്യം പുഴവെള്ളം പോലെ ക്ഷണം വന്നും പോയിയുമിരിക്കും. ഒരു ദിക്കിലും സ്ഥിരമായി നിൽക്കുകയില്ല.

വൃത്തിത്യാഗം ന കുർവ്വീത ദ്രവിണാർത്ഥേ വിചക്ഷണഃ
വിന്ദേത ദ്രവിണം കാലാദ്വൃത്തിസ്ത്യക്താ ന ലഭ്യതേ 24

പണത്തിന്നുവേണ്ടി തന്റെ വൃത്തി ഒരിക്കലും ഉപേക്ഷിക്കരുത്. പണം ഒരു കാലത്തുണ്ടാവും. വൃത്തി കെട്ടാൽ അതു പിന്നെ നന്നാക്കുവാൻ കഴിയുന്നതല്ല.

ജനനീം ജനകഞ്ചാപി സ്ഥവിരൗ ഗൃഹിണീം സതീം
ശിശും പുത്രഞ്ച രക്ഷിഷ്യൻ കുര്യാദ്വാ വൃത്തിഹിംസനം 25

മാതരം പിതരം വൃദ്ധൗ ഭാര്യാം സാദ്ധ്വീം സുതം ശിശും
ഗുരും വിപ്രം പ്രപന്നഞ്ച ഭർത്തവ്യാൻ ഭാർഗ്ഗവോബ്രവീൽ 26

വൃദ്ധന്മാരായ അച്ഛനമ്മമാർ, പതിവ്രതയായ ധർമ്മപത്നി, തന്നെത്താൻ കഴിച്ചുകൂട്ടത്തക്ക പ്രായമാകാത്ത മക്കൾ ഇവരെ രക്ഷിപ്പാൻ വേണ്ടി വൃത്തിശൂന്യമായ പ്രവൃത്തിയും വേണ്ടിവന്നാൽ ചെയ്യാം. ഇവരും ഗുരുവും അതിഥിയും ഗൃഹസ്ഥനാൽ തീർച്ചയായും ഭരിക്കപ്പെടേണ്ടവരാണെന്നു ഭാർഗ്ഗവൻ പറഞ്ഞിരിക്കുന്നു. ദരിദ്രനാണെങ്കിലും ഗുരുവിന്നും ബ്രാഹ്മണന്നും വേണ്ടി ചെയ്യേണ്ടുന്ന വൃത്തിയിൽ ചുരുക്കരുത്. മറ്റുള്ള കാര്യങ്ങൾ ശക്തിപോലെ ചെയ്താൽ മതി.

ഗുർവ്വർത്ഥേ ന ച സങ്കോചം വൃത്തേഃ കുര്യാദകിഞ്ചനഃ
വിപ്രാർത്ഥേ ച കൃതേന്യേഷാം കുർവ്വന്നപി ന ദുഷ്യതി 27

യദ്യസ്തി സ്വശരീരാർത്ഥേ യൽകിഞ്ചിൽ കേവലം ഗൃഹേ
ഗുരുവിപ്രാവുഭൗ തസ്യ ഭാഗാഭ്യാം പരിതോഷയേൽ 28

തന്റെ തറവാട്ടിൽ തന്റെ സ്വന്തം ആവശ്യത്തിന്നുവേണ്ടി മാത്രമുള്ളതുകൊണ്ടും ഗുരുവിപ്രന്മാരെ സന്തോഷിപ്പിക്കണം.

കന്യാദാനേ യഥാലാഭം ഗൃഹ്ണീയാൽ സർവ്വതോ ധനം
യാവദ്വ്യയം തതോ ഗൃഹ്ണന്നധികം സ ച ദുഷ്യതി 29

പെൺകൊടയ്ക്ക് എന്തു ചിലവുവേണ്ടിവരുമോ അത്രയും ധനം എങ്ങനെ എങ്കിലും സമ്പാദിക്കണം. അതിലധികം ആവശ്യമില്ലതാനും.

അദൃഷ്ടരജസം കന്യാം ദദ്യാദേവ പ്രയത്നതഃ
ഗൃഹസ്ഥോഭ്രൂണഹത്യാഭിരന്യഥാ പരിഭ്രൂയതേ 30

എന്തു പ്രയത്നംചെയ്തിട്ടെങ്കിലും തിരളുന്നതിന്നുമുമ്പെ കന്യകയെ കൊടുക്കണം. അല്ലെങ്കിൽ ഭ്രൂണഹത്യാപാപമുണ്ട്.

സ്ത്രീധനഞ്ച യഥാകാമം ദദ്യാൽ സംപ്രീതിപൂർവ്വകം
തദശക്തൗ യഥാ ശക്തിര്യതമാനസ്യ ജായതേ 31

ധനവാൻ വേൾക്കുന്നവന്റെ ഇഷ്ടം പോലെ കന്യാദാനത്തിൽ ദ്രവ്യം കൊടുക്കണം. അശക്തനാകട്ടെ പെൺകൊടയ്ക്കുവേണ്ടി തെണ്ടിച്ച് എന്തു സമ്പാദിപ്പാൻ കഴിയുമോ അതു മുഴുവൻ കൊടുക്കണം. (മലയാളത്തിൽ കന്യാദാനത്തിന്നുള്ള സംഖ്യ വളരെ അധികമാണെന്നു പലരും നിലവിളി കൂട്ടുന്നുണ്ട്. എന്നാൽ ഇത് ആലോചന കൂടാതെ പറയുന്ന വാക്കാകുന്നു. കന്യകയ്ക്കു, വിവാഹംനിമിത്തം അച്ഛന്റെ മുതലിന്മേലുള്ള അവകാശം തീരെ തടസ്ഥപ്പെട്ടുപോകുന്നതിനാൽ എന്തെങ്കിലും തക്കതായ ഒരു സംഖ്യ കൊടുക്കുന്നത് ഉചിതമാകുന്നു. പെൺകൊടയുടെ

കാര്യത്തിൽ മലയാളികൾ കല്യാണപ്പന്തലിന്നും നാഗസ്വരത്തിന്നും സദിരിന്നും തേവിടിശ്ശിയാട്ടത്തിന്നും പലഹാരത്തിന്നും മറ്റുമായി ഒരു കാശുപോലും ചിലവിടാറില്ലല്ലൊ. അതിനാൽ ഇവരെ ദുർവ്യയക്കാരെന്നു ഒരിക്കലും പറഞ്ഞുകൂട. പക്ഷേ കന്യാഗൃഹത്തിലെ സ്ഥിതി നോക്കാതെ വരന്മാർ എത്രയെങ്കിലും സംഖ്യ കിട്ടേണമെന്നു വാശി പിടിക്കുന്നതു മാത്രം കഷ്ടമാകുന്നു. തെങ്ങിന്നും കഴുങ്ങിന്നും ഒരേമാതിരി തളപ്പു കെട്ടാതിരുന്നാൽ ഭംഗിയായിരുന്നു).

സംരക്ഷൻ പ്രാക് തതോ ദദ്യാൽ കന്യാം സ്ത്രീധനപൂർവ്വകം
ശക്തൌ സത്യാം തു നൈവർത്തുമതീം താം സ്ഥാപയേൽ ഗൃഹേ 32

കഴിവുള്ളവരെല്ലാം തിരളുന്നതിന്നു മുമ്പെ പെണ്ണിനെ കൊടുക്കേണമെന്നു തന്നെ വീണ്ടും പറയുന്നു.

കന്യാദാനേന്നദാനേ ച വിദ്യാദാനേപ്യനിച്ഛതഃ
പ്രത്യക്ഷം വാ പരോക്ഷം വാ ശാസനം ന വിധീയതേ 33

കന്യാദാനം അന്നദാനം വിദ്യാദാനം ഇവയിൽ നിർബ്ബന്ധം വിധിക്കപ്പെട്ടിട്ടില്ല.

തസ്മാദദൂരതസ്സിദ്ധിമഭിലഷ്യാനപേക്ഷയാ
യതമാനഃ പിതാ തസ്യാഃ കൃതേ ന ക്ലേശമർഹതി 34

അതിനാൽ താമസിയാതെ കാര്യം സാധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി യത്നിക്കുന്ന കന്യാപിതാവ് ഒരിക്കലും ബുദ്ധിമുട്ടുന്നതല്ല.

നീചേഭ്യഃ പദവീം ദദ്യാന്നീചാ ദദ്യുർയ്യഥാത്മനേ
ദൂരീകൃത്യ വശീ കുര്യാദേവ നീചാൻ വിചക്ഷണഃ 35

നീചന്മാരെ (അധമന്മാരെ) വലുതാക്കിവെക്കണം. അല്ലെങ്കിലവർ ഇങ്ങോട്ടു മാനിക്കുന്നതല്ല. എന്നാൽ കഴിയുന്നതും അവരെ അടുപ്പിക്കാതിരിക്കാനാണ് നോക്കേണ്ടത്.

ദൃഷ്ടമാത്രേ സമാഹൂയ മധ്യമാനന്തികം നയേൽ
യഥാ നാന്തർവ്വിഷാദഃ സ്യാൽ സ്നിഹ്യേയുസ്തേപി ചേയതാ 36

മധ്യമന്മാരെ കണ്ടെത്തിയാൽ അവരെ വിളിച്ചുവരുത്തി സല്ക്കരിക്കണം. അവർക്ക് മുഷിച്ചിലിന്ന് ഇടകൊടുക്കരുത്. അവർ ഇത്രമാത്രം കൊണ്ടു സന്തോഷിക്കുകയും ചെയ്യുമല്ലൊ.

ഉത്തമേഷ്വനവദ്യേഷു സമ്യഗാത്മാനമർപ്പയേൽ
പ്രാമാനപി ദയാലുത്വാദ്യൈതേ ദദ്യുരഞ്ജസാ 37

നിർദ്ദോഷന്മാരായ ഉത്തമന്മാരിൽ തന്നെത്തന്നെ സമർപ്പിക്കണം. അവർ വളരെ കാരുണ്യമുള്ളവരാകയാൽ തങ്ങടെ ജീവൻകൊണ്ടുകൂടി ഇങ്ങോട്ട് ഉപകാരം ചെയ്യുമല്ലൊ.

നീചാംശ്ച മധ്യമാനിത്ഥമുത്തമാനപി ച ക്രമാൽ
നീചൈശ്ച മധ്യമൈര്യോഗൈരുത്തമൈശ്ച വശം നയേൽ 38

ഇയാനേവ ഹ്യശക്തസ്യ വിധിസ്സർവ്വാർത്ഥസാധകഃ
തസ്മിൻ സിദ്ധേ യഥാകാലം സിദ്ധ്യേൽ സർവ്വം യഥാവിധി 39

ശക്തിയില്ലാത്തവൻ ചെയ്യേണ്ടത് ഇങ്ങിനെയാണ്. ഇതുകൊണ്ട് അവന്റെ സകലകാര്യങ്ങളും പൂർണ്ണമായി സാധിക്കുകയും ചെയ്യും.

ഇതി ഷഷ്ഠസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ
അധ്യായം 6 പാദം 2

### പുത്രമാഹാത്മ്യം

ന്യായ്യേനാസാദ്യ വിത്തർദ്ധിം തൈസ്തൈർയ്യോഗൈരധിഷ്ഠിതൈഃ
ഉക്താനുക്താനി കൃത്യാനി ഗൃഹീ നാല്പമപി ത്യജേൽ 1

ഗൃഹസ്ഥൻ ന്യായമായി ധനം സമ്പാദിച്ചതിന്നുശേഷം, ഇതിൽ പറഞ്ഞതും പറയാത്തതുമായ (ഒരു ഗൃഹസ്ഥൻ അവശ്യം അനുഷ്ഠിക്കേണ്ടതായ) കർമ്മങ്ങളെ ലോപം കൂടാതെ ചെയ്യേണ്ടതാകുന്നു.

ശ്രൌതസ്മാർത്താനി കർമ്മാണി സർവ്വാണി വിധിവച്ചരേൽ
യേന കാമഭുഗത്ര സ്യാൽ പ്രേത്യ ച സ്വർഗ്ഗമാപ്നുയാൽ 2

ശ്രൌതമായും സ്മാർത്തമായും ഉള്ള കർമ്മങ്ങളെ എല്ലാം വേണ്ടപോലെ ചെയ്യുന്നതിനാൽ ഇഹലോകത്തിൽ സുഖസമൃദ്ധിയും പരലോകത്തിൽ സൽഗതിയും സിദ്ധിക്കുന്നതാകുന്നു.

ത്രിവർഗ്ഗേപ്യവിരോധേന ദമ്പതിഭ്യാമഹർന്നിശം
സമചിത്തതയാ ഭാവ്യമഭിന്നവ്രതവൃത്തിഭിഃ 3

ഭാര്യാഭർത്താക്കന്മാരുടെ വ്രതങ്ങളും വൃത്തിയും തുല്യമായിരിക്കണം. മനസ്സൊന്നായിരിക്കണം. അവർ ധർമ്മാർത്ഥകാമങ്ങളെ അന്യോന്യവിരോധം കൂടാതെ ചെയ്യണം.

ന വിദ്യതേ പൃഥക് സ്ത്രീണാം ത്രിവർഗ്ഗാവാപ്തിസാധനം
ഭാവാദ്യുതാതിദേശാദ്വാ പത്യുരുക്തു തദേവ തൽ 4

ഭർത്താവിന്റെ വ്രതം എന്തോ അതുതന്നെ ഭാര്യയുടെയും വ്രതം. അവൾക്കു വേറെ വ്രതത്തിന്നധികാരമില്ല.

സർവ്വഥാപ്യനുകൂലാ സ്യാൽ ഭർത്തുസ്തൽ ഗൃഹമേധിനീ
പതിരേവേശ്വരഃ സ്ത്രീണാമിതി ധർമ്മ്യം വചോനിശം 5

സ്ത്രീകൾക്കു ഭർത്താവാകുന്നു ദൈവം എന്നുള്ള ധർമ്മശാസനത്തെ നല്ലവണ്ണം ഓർത്തുകൊണ്ട് അവൾ എപ്പോഴും ഭർത്താവിന്നനുകൂലയായിരിക്കണം. ഒരിക്കലും പ്രതികൂലയായിത്തീരരുത്.

സ്മരന്തീ പ്രാതികൂല്യഞ്ച യത്നേന പരിവർജ്ജയേൽ
ആകാംക്ഷേതാമുഭാവേതൌ പുത്രഞ്ച ഗുണവത്തമം 6

അപുത്രയോസ്തു ദമ്പത്യോർന്ന ലോകോസ്ത്യപകിൽബിഷഃ
പിതൃഭിഃ പതിതൌ സ്യാതാം ലുപ്തപിണ്ഡോദകൌ ച തൌ 7

അവർ രണ്ടുപേരും ഗുണവാനായ പുത്രനുണ്ടാവാൻ പ്രാർത്ഥിക്കണം. പുത്രനില്ലാത്തവർക്കു ദുഃഖരഹിതമായ യാതൊരു ലോകവും സിദ്ധിക്കുന്നതല്ല; എന്നുമാത്രമല്ല പിണ്ഡവിച്ഛേദംനിമിത്തം പൂർവ്വപിതൃക്കളോടുകൂടി ഇവരും (പുത്രനില്ലാത്ത ദമ്പതിമാരും) നരകത്തിൽ വീണു പോകും.

പഞ്ചഭിർദ്ദശഭിഃ പുംഭിഃ സ്ത്രിയാഃ കാമോ ന പൂര്യതേ
തസ്മാദ്ദ്വയോർബ്ബഹൂനാം വാ സാപത്ന്യം പാപസാധനം 8

ഒരു സ്ത്രീക്കു കാമനിവർത്തി വരേണമെങ്കിൽ അഞ്ചുപത്തു പുരുഷന്മാരുണ്ടായാൽകൂടി സാധിക്കുന്നതല്ല. അപ്പോൾ രണ്ടും മൂന്നും വിവാഹം ചെയ്യുന്നതു പാപമാണെന്നു പറയേണമോ.

തഥാപ്യധിവഹേൽ ഭാര്യാമൂഢാം പ്രാഗ്ഗൃഹാശ്രമീ
സംഭാവ്യമാനേ പുത്രസ്യ തസ്യാമുൽപത്ത്യസംഭവേ 9

എങ്കിലും ആദ്യപതിയിൽ പുത്രനുണ്ടാവില്ലെന്ന് ഏകദേശം തീർച്ചപ്പെട്ടാൽ രണ്ടാം വേളി കഴിക്കുന്നതിന്നു വിരോധമില്ല.

താമപ്യധിവഹേദേവമധിവിന്നാ യയാദിമാ
അന്യയാ താം ന ജീവന്ത്യോർജ്ജ്യേഷ്ഠയോരുഭയോരപി 10

അവളിലും പുത്രനുണ്ടാവാഞ്ഞാൽ മൂന്നാമതും വേൾക്കാം. ഈ മൂന്നു ഭാര്യമാരും ജീവിച്ചിരിക്കുമ്പോൾ പിന്നെ വിവാഹം ചെയ്തുകൂടാ. (സന്തതിക്കും പെൺകൊടയ്ക്കും വേണ്ടിമാത്രം രണ്ടാമതോ മൂന്നാമതോ വിവാഹം ചെയ്യാമെന്നു കഷ്ടപക്ഷത്തിൽ മഹർഷി അനുവദിച്ചിട്ടുണ്ട്. അല്ലാതെ രത്യർത്ഥമായോ ധനാർത്ഥമായോ ഒന്നിലധികം വിവാഹം ചെയ്യുവാൻ അനുവദിച്ചിട്ടില്ല).

സർവ്വാസ്വേതാസ്വപത്യസ്യ സന്ദിഗ്ദ്ധേ സതി ജന്മനി
ഗതയൌവനമാത്മാനം ഗൃഹസ്ഥസ്സമവേക്ഷ്യ ച 11

ഗൃഹസ്ഥൻ ഇങ്ങിനെ വിധിച്ചേടത്തോളം വിവാഹം ചെയ്തിട്ടും സന്തതിയുണ്ടാവാതിരിക്കയും തന്റെ യൌവനം ക്ഷയിക്കുകയും ചെയ്തു കാണുമ്പോൾ അനുജന്മാരിൽ മൂപ്പിലെക്കൊണ്ടു വേൾപ്പിക്കണം.

അനുജേഷ്വഗ്രജം ദാരക്രിയയാ ചോപപാദയേൽ
സർവ്വോപായസ്യ വൈഫല്യേ സ്വീകര്യാദ്ദത്തപുത്രകം 12

പിണ്ഡകർത്തുർമ്മുഖം ദൃഷ്ട്വാ സ പ്രേയാദിതി ഹി ശ്രുതിഃ
പുത്ര ഏവ ഹി പിണ്ഡസ്യ കർത്താ മുഖ്യോഗ്രജന്മനാം 13

ഇങ്ങിനെ എല്ലാവരും വിവാഹം ചെയ്തിട്ടും സന്തതിയുണ്ടാകാതിരുന്നാൽ അപ്പോൾ ദത്തെടുക്കണം. പിണ്ഡകർത്താവിന്റെ മുഖം കണ്ടു മരിക്കേണമെന്നാണ് ശ്രുതി. ബ്രാഹ്മണന്നു മുഖ്യനായ പിണ്ഡകർത്താവ് പുത്രൻ തന്നെയാകുന്നു. (അതിനാൽ പുത്രനില്ലാതെ മരിക്കുന്നവർക്കു ഗതിയില്ല എന്നു താല്പര്യം.)

പുത്രസ്യ മുഖമാലോക്യ ഗൃഹീ മുഞ്ചേൽ കളേബരം
മ്രിയമാണസ്യ വിപ്രസ്യ ഗൃഹസ്ഥസ്യ വിഷീദതഃ 14

സപുത്രഗൃഹമുൽസൃജ്യ വപുസ്ത്യക്ത്വാഭ്യുപസ്ഥിതേ
രൌരവേ ഘോരഘോരേ കഃ പുത്രാദന്യഃ പ്രിയങ്കരഃ 15

സകല സുഖസാധനമായ ശരീരത്തെ ഉപേക്ഷിച്ചു കഷ്ടപ്പെട്ടു മരിക്കുന്ന ഗൃഹസ്ഥബ്രാഹ്മണനെ, അതിഭയങ്കരമായ രൌരവനരകത്തിൽനിന്നു, പുത്രനല്ലാതെ ആരാകുന്നു കയറ്റുക.

സശ്രദ്ധം ശ്രാദ്ധദാനേന പിതൃസന്തർപ്പണേന ച
പാരലൊകികഗൃഹ്യോക്തൈർവ്വിധാനൈരഷ്ടകാദിഭിഃ 16

ക്ഷേത്രപിണ്ഡേന തീർത്ഥാനാം സേവയാ ദാനതർപ്പണൈഃ
ഏഭിർവ്വിഹായ പ്രേതത്വം മൃതോ യാതി പരാം ഗതിം 17

ശ്രദ്ധയോടുകൂടി ചെയ്യുന്ന ശ്രാദ്ധംകൊണ്ടും, പിതൃതർപ്പണം കൊണ്ടും, പൈതൃകമായ ചടങ്ങിൽ വിവരിക്കപ്പെട്ടിരിക്കുന്ന അഷ്ടകാപാർവ്വണാദികളെക്കൊണ്ടും, തിരുനെല്ലി മുതലായ മഹാക്ഷേത്രങ്ങളിൽ പോയി ചെയ്യുന്ന ക്ഷേത്രപിണ്ഡം കൊണ്ടും, നിളാദിപുണ്യതീർത്ഥങ്ങളിലുള്ള പുണ്യകാലസ്നാനം കൊണ്ടും, ദാനതർപ്പണങ്ങളെക്കൊണ്ടും പുത്രൻ മരിച്ചവന്റെ പ്രേതഭാവത്തെ കളഞ്ഞു ഗതി വരുത്തുന്നു.

അതോത്ര ലോകേമുത്രാപി ലാളനീയഃ സുതോ മതഃ
ഗമനേ പുത്രകാ യൂയം ചിരം ജീവത ജീവത 18

ഏവം രഹഃ പ്രകാശം വാ സാനുകമ്പം വചോമൃതം
ആസ്വാദ്യ പരിതൃപ്യന്തി പിതരഃ കർണ്ണപായിനഃ 19

അതിനാൽ, ജീവിച്ചിരിക്കുമ്പോഴും മരിച്ചാലും പുത്രൻ ഹിതകാരിയാകുന്നു.(അതിനാൽ അവനെ എപ്പോഴും ലാളിക്കേണമെന്നു താല്പര്യം). ഗൃഹസ്ഥൻ വല്ലേടവും യാത്രപുറപ്പെടുമ്പോൾ കുട്ടികളെ വിളിച്ചുവരുത്തി 'നിങ്ങൾ ദീർഘായുസ്സോടെ സുഖമായിരിപ്പിൻ' എന്നു വളരെ ദയയോടെ ആശീർവാദം ചെയ്കം മനസ്സുകൊണ്ടു പ്രാർത്ഥിക്കുകയും വേണം. പിതൃക്കൾ ഇങ്ങിനെയുള്ള ആശീർവ്വാദത്തെ അമൃതെന്നപോലെ കേട്ടു സുഖിക്കുന്നു.

നിവാപാംബുപ്രദാതാരം പുത്രം ദൃഷ്ട്വാ പ്രയാസ്യതഃ
ആശ്വാസോ ജായതേ യസ്മാത്തസ്മാൽ പുത്രോ മഹത്തരഃ 20

തനിക്ക് ഉദകക്രിയ ചെയ്തു ഗതിവരുത്തുന്ന പുത്രനെ കണ്ടു പുറപ്പെടുന്നവന്നുണ്ടാകുന്ന ആശ്വാസം എത്ര വലിയത്. അതിനാൽ പുത്രൻ എല്ലാറ്റിലും ശ്രേഷ്ഠനാകുന്നു.

തസ്മാദപുത്രോ ദത്തേന പുത്രവന്തം യഥാവിധി
സാധയേൽ ത്വരയാത്മാനം പ്രാപ്തം കാലമലംഘയൻ 21

അതിനാൽ പുത്രനില്ലാത്തവൻ കഴിയുന്ന വേഗത്തിൽ വിധിക്കുതക്കവണ്ണം ദത്തപുത്രനെ സ്വീകരിക്കണം. സമയം വെറുതെ കളയരുത്. മരണസമയം അനിശ്ചിതമാകുന്നു.

പുന്നാമനരകാദ്യസ്മാൽ ത്രായതേതോഭിധീയതേ
പുത്ര ഇത്യൌരസോ ജാത്യാ ദത്തോ മന്ത്രപ്രഭാവതഃ 22

പുന്നാമനരകത്തിൽനിന്നു പിതാവിനെ (ത്രായതേ=) രക്ഷിക്കുന്നതിനാൽ പുത്രൻ എന്നു പറയുന്നു. ഔരസൻ (തനിക്കു പിറന്നവൻ) ജാത്യാ പുത്രനാകുന്നു. ദത്തനാകട്ടെ മന്ത്രപ്രഭാവം കൊണ്ടാകുന്നു പുത്രനാകുന്നത്. (അതിനാൽ വിധിപ്രകാരമല്ലാത്ത ദത്തപുത്രസ്വീകരണം നിരുപയോഗമാകുന്നുവെന്നു താല്പര്യം).

### മരുമക്കത്തായക്കാരുടെ ദത്ത്

യേഷാന്തു ഭാഗിനേയാഃ സ്യുഃ പിണ്ഡദാസ്തൈരപി സ്വയം
അവ്രമത്തൈർയ്യഥാകാലം ഭാവ്യമത്രാർത്ഥഗൌരവാൽ 23

മരുമക്കൾക്കു പിണ്ഡകർത്തൃത്വമുള്ളവരെവരോ അവരും (മരുമക്കത്തായക്കാരും) സന്തതിവിച്ഛേദം വരാതെ സൂക്ഷിക്കേണ്ടതാകുന്നു.

സ്വീകാര്യോ ഭാഗിനേയസ്തൈർദ്ദത്തഃ പുത്ര ഇവാന്യതഃ
അതന്തുകർത്താപ്യാത്മാനമുദ്ധരേദിതി ഹേതുനാ 24

തറവാട്ടിൽ പുരുഷന്മാരില്ലെങ്കിൽ മറ്റൊരു തറവാട്ടിൽനിന്ന് ഒരു പുരുഷനെ ദത്തെടുക്കണം. ഇതു സന്തത്യർത്ഥം ഉപയോഗമില്ലെങ്കിലും പിതൃകർമ്മത്തിന്നു വേണ്ടിയാകുന്നു. (മക്കത്തായക്കാരിലും മരുമക്കത്തായക്കാരിലും പിണ്ഡകർത്തൃത്വം പ്രധാനമായി പുരുഷന്നുതന്നെയാകുന്നു)

കിഞ്ച സ്ത്രീണാം വിവാഹസ്തു സമന്ത്രം കർമ്മ നേതരൽ
ദത്തസ്വീകരണം തേഷു കേഷാഞ്ചിച്ച സമന്ത്രകം 25

മരുമക്കത്തായക്കാരിൽ ചില വർഗ്ഗക്കാരുടെ വിവാഹം (സ്ത്രീകളുടെ) മന്ത്രത്തോടുകൂടിയാകുന്നു. ചിലർക്കുമാത്രം ദത്തിന്നു മന്ത്രമുണ്ട്.

ഭാഗിനേയാത്മദായാദൈരപി ദത്തവിധാനതഃ
തസ്മാന്ന കേവലാ ഗ്രാഹ്യാ ഭഗിനീത്യാഹ ഭാർഗ്ഗവഃ 26

മരുമക്കത്തായക്കാർക്കു സന്തത്യർത്ഥം ഒരു പെൺകുട്ടിയെ ദത്തെടുക്കേണ്ടതായി വന്നാൽ കേവലം അവളെ മാത്രമായി ദത്തെടുപ്പാൻ പാടില്ല. അവളുടെ സഹോദരനെക്കൂടി സ്വീകരിക്കണം. (ദായാദികളിൽനിന്ന് ഒരുവളെ മാത്രം സ്വീകരിക്കുന്നതു ദത്തായി വിചാരിക്കപ്പെടുന്നില്ല)

കസ്മിംശ്ചിൽ ഭാഗിനേയേ തു വർത്തമാനേ തദാപരാം
കുലതന്തുവിധാനാർത്ഥം ദത്താമന്നമതാം വിദുഃ 27

എന്നാൽ ഒരാൾക്കു പിണ്ഡകർത്താവായി ഒരു മരുമഹൻ ജീവിച്ചിരിക്കുമ്പോൾ സന്തത്യർത്ഥമായി ഒരു കന്യകയെ മാത്രം ദത്തെടുക്കാമെന്നു മഹർഷി സമ്മതിച്ചിട്ടുണ്ട്.

നിഷാദസ്ഥപതിന്യായോ നേഷ്യതേ സ്മൃതിഗൌരവാൽ
ഭഗിനീ ഭാഗിനേയശ്ച നിഷ്പത്തിസ്തത്ര കർമ്മണാ 28

അപ്പോൾ സ്വന്തം മരുമഹനും ദത്തെടുത്തവളും തമ്മിൽ കർമ്മബലത്താൽ സഹോദരീസഹോദരന്മാരായിത്തീരുന്നു. ജന്മനാ അവർ സഹോദരീസഹോദരന്മാരല്ലെങ്കിലും ദത്തെടുത്തതിന്നു ശേഷം അവർ ആ നിലയിലിരിക്കണം.

ന തയോർജ്ജന്മനാ തേന യത്തയോസ്തദപേക്ഷി തൽ
അതഃ പുമാംസമാദദ്യുരേതയാ നാന്യയാ സഹ 29

സഹോദരം സഹോദര്യാ യസ്മാദ്ഭ്രാതൃഷുമുഖ്യതാ
മാതുരേവ ദ്വയോസ്തസ്മാദേഷ ശ്ലാഘ്യതമോ വിധിഃ 30

ഒരു സ്ത്രീയേയും പുരുഷനേയും കൂടി ദത്തെടുക്കുന്നേടത്ത് അവർ സ്വതേതന്നെ ഒരമ്മയ്ക്കുള്ള മക്കളായിരിക്കണം.

ഏകേ പുനർദ്ദ്വയോഃ കാമാൽ ബഹ്വീനാം നൃഷു മുഖ്യകം
ദാനമിച്ഛന്തി നാരീണാം സ്വീകാരഞ്ച യഥാമതം 31

ചിലരുടെ പക്ഷം, ദത്തിന്റെ കാര്യത്തിൽ പ്രധാനം പുരുഷന്നു മാത്രമാകയാൽ രണ്ടമ്മയ്ക്കുള്ള മക്കളേയും ദത്തെടുക്കാമെന്നാണ്. ഇതല്ല ഉത്തമമായ വിധി. അതു മുൻപറഞ്ഞതാകുന്നു.

അയഞ്ച ഖലു പൂർവ്വസ്മാദന്യൂനോസ്ത്യപരോ വിധിഃ
ഊഢാമജാതപ്രസവാം ദത്താം ഗൃഹ്ണാതി യത്തഥാ 32

അയന്തു പൂർവ്വതോ ന്യൂനഃ കിഞ്ചിദിത്യവഗമ്യതാം
പ്രസൂതായാഃ പരിഗ്രാഹം സർവ്വേഷാമധമം വിദുഃ 33

വിവാഹക്രിയ കഴിഞ്ഞവളും പ്രസവിക്കാത്തവളുമായ സ്ത്രീയെ ദത്തെടുക്കുന്നതു മധ്യമപക്ഷമാകുന്നു. പ്രസവിച്ചവളെ ദത്തെടുക്കുന്നത് ആർക്കും അധമമാകുന്നു.

ഉക്തേഷു തേഷു സർവ്വേഷു സമന്ത്രം കർമ്മ യൽ ഭവേൽ
ദ്വാരീകൃത്യ പുമാംസം തൽ സ്ത്രീസംസ്കാരകൃതാം വ്രജേൽ 34

ഈ പറഞ്ഞ ദത്തിൽ സമന്ത്രമായിട്ടുള്ള കർമ്മമെല്ലാം പുരുഷന്റെ ദത്തിൽ മാത്രം ചെയ്താൽ മതി. അതുകൊണ്ടു തന്നെ സ്ത്രീക്കും കർമ്മപരിപൂർത്തി വരുന്നതാകുന്നു.

രഥ്യാസു വാതവർഷാഭ്യാം ദുഷ്പ്രവേശാസു തസ്കരൈഃ
സന്നിധാനേപി ദീപസ്യ പ്രകാശസ്തു ന യുജ്യതേ 35

രഥ്യാപ്രകാശനേപ്യർത്ഥേ ദീപഃ പ്രാസാദമൂർദ്ധനി
നിധേയസൂത്രയോഗ്യത്വദന്യത്രോപകരിഷ്യതി 36

കള്ളന്മാരുടെ ശല്യം നിമിത്തവും കാറ്റുകൊണ്ടും മഴകൊണ്ടും നിരത്തുവഴികളിൽ വിളക്കു വച്ചിരുന്നാലും അത് അത്യന്തം ഉപകരിക്കയില്ല. എന്നാൽ നിരത്തുവഴിവക്കിനുള്ള മാളികയിൽ വിളക്കു വെച്ചാൽ അതു നിരത്തിലേക്കു നിർബ്ബാധമായി ഉപകരിക്കുന്നതാകുന്നു.

ഭാഗിനേയാത്മദായാദദത്തസ്വീകരണേ തഥാ
സമന്ത്രകർമ്മ നാമ്നേതി സ്ത്രീണാമുപയമോ ന യൽ 37

തദേവ പുംസി യോഗ്യത്വാദന്യത്രോപകരിഷ്യതി
തസ്മാൽ പുമാംസമാദദ്യഃ സ്ത്രിയഞ്ച കുലവൃദ്ധയേ 38

ഇതുപോലെ തന്നെയാകുന്നു മരുമക്കത്തായക്കാരുടെ ദത്തസ്വീകരണവും. പുരുഷനെ സമന്ത്രമായി സ്വീകരിച്ചാൽ അതു സ്ത്രീക്കും ഉപകരിക്കുന്നതാകുന്നു.

യഥാലാഭം യഥാകാമമിതി ഭാർഗ്ഗവശാസനം
സതി സ്വഭാഗിനേയേ തു തമേവാത്ര നിയോജയേൽ 39

ഇതു തരംപോലേയും ഇഷ്ടംപോലേയും ചെയ്തുകൊള്ളുവാനും ഭാർഗ്ഗവൻ സമ്മതിച്ചിട്ടുണ്ട്. എന്നാൽ തനിക്കൊരു മരുമഹനുണ്ടെങ്കിൽ അവനെത്തന്നെ പുരുഷസ്ഥാനത്തു നിർത്തുകയും മരുമഹളില്ലാത്ത പക്ഷം ഒരു സ്ത്രീയെ മാത്രം സ്വീകരിക്കുന്നതുമാകുന്നു നല്ലത്. എന്തുകൊണ്ടെന്നാൽ, സ്ത്രീയെ ദത്തെടുക്കാഞ്ഞാൽ, സഹോദരിയില്ലാത്ത ഇവനു കുലം വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലല്ലൊ.

സഹോദരീവിഹീനോയം യതോ ന കുലതന്തവേ
പ്രസൂതാം സഹസന്താനാം ദദ്യാൽ ഗൃഹ്ണീത ചേദൃശീം 40

തത്സന്താനേഷു പുരുഷോ നാസ്തി ചേദിതരഃ പുമാൻ
ദാതവ്യശ്ച പ്രതിഗ്രാഹ്യസ്തയാ സാകമിതിസ്ഥിതിഃ 41

പ്രസവിച്ച സ്ത്രീയെ ദത്തെടുക്കുമ്പോൾ അവളുടെ മുൻസന്താനങ്ങളെക്കൂടെ സ്വീകരിക്കണം.

സ്വത്രിണാമവിശേഷേണ ഭ്രാതൈവോദകപൂർവ്വകേ
ഭാർഗ്ഗവേണ സമാമ്നാതോ ന പിത്രാദിക്രമോ മതഃ 42

മരുമക്കത്തായക്കാരിൽ സ്ത്രീകൾക്ക് ഉദകപൂർവ്വം ചെയ്യുവാനുള്ള അധികാരം ഉടൽപിറന്നവനു മാത്രമാകുന്നു. ഇവിടെ പിത്രാദിക്രമമില്ല. (പിതാ തഥാ സോദരഭിന്നാഭിജൌ ദത്തശ്ച തേഷാം തനയാഃ പിതാമഹഃ പിതൃവ്യതത് പുത്രസപിണ്ഡസോദകാ മാതാ ച മാതാമഹമാതുലൌ ക്രമാൽ = അച്ഛൻ, ഉടൽപിറന്നവൻ, ഭിന്നോദരൻ, ദത്തൻ, ഇവരുടെ മക്കൾ, സപിണ്ഡൻ (പത്തുംപുലക്കാർ), സോദകൻ (തറവാട്ടു മൂന്നു പുലക്കാർ), അമ്മ, അമ്മാത്തുമുത്തച്ഛൻ, അമ്മാമൻ ഇവരിൽ മുമ്പുമുമ്പുള്ളവരില്ലെങ്കിൽ ക്രമേണ മറ്റുള്ളവരാകുന്നു ഉദകപൂർവ്വത്തിന്നധികാരികൾ. ഇങ്ങിനെയാണ് മക്കത്തായക്കാരുടെ ഉദകപൂർവ്വക്രമം).

വിവാഹേ ഹി തയോർമന്ത്രൈർവിദ്യതേ ച കരഗ്രഹഃ
അഗ്നേഃ പരിണയോ ലാജഹോമശ്ചാശ്മാധിരോപണം 43

സപ്തപദ്യുഭയോഃ ശീർഷസംയോഗശ്ചാഭിവീക്ഷണം
ധ്രുവർക്ഷദർശനം പശ്ചാദ്വാഗ്വിസർഗ ഇതി ക്രമാൽ 44

ഇവരിൽ (മരുമക്കത്തായക്കാരായ സൂത്രികളിൽ) വധൂവരന്മാരുടെ പാണിഗ്രഹണത്തിന്നു മന്ത്രമുണ്ട്. വിവാഹഹോമം, ലാജഹോമം അമ്മി ചവിട്ടിക്കുക സപ്തപദം ശീർഷസംയോഗം (വധൂവരന്മാരുടെ തല തമ്മിൽ കൂട്ടി തൊടീക്കുക) മുഖദർശനം, ധ്രുവദർശനം ഇതെല്ലാം കഴിഞ്ഞാൽ (ചതുർത്ഥസ്നാനം സേകം പഞ്ചമേഹനി ഇവ കൂടി കഴിഞ്ഞാൽ എന്നു പക്ഷാന്തരം) വാഗ്വിസർഗ്ഗം — ഈ പെണ്ണിനെ ഞങ്ങൾ (പെണ്ണിന്റെ തറവാട്ടുകാർ) തന്നെ സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞു മുറിയുക — ഇങ്ങിനെയാകുന്നു ക്രമം. മേൽപറഞ്ഞതൊഴിച്ചു മറ്റൊന്നിന്നും മന്ത്രം വേണ്ട.

അവശിഷ്ടക്രിയാകാണ്ഡോ മന്ത്രപൂർവ്വ ഇതി സ്ഥിതിഃ
തദന്വയോദ്ഭവാം കന്യാം സഹ ഭ്രാത്രാ സമർപ്പയേൽ 45

ഇങ്ങിനെയാകയാൽ ഭാഗിനേയസൂത്രികളിൽ കന്യകയെ ദത്തെടുക്കുമ്പോൾ സഹോദരനെക്കൂടി സ്വീകരിപ്പാതിരിപ്പാൻ പാടില്ല. അല്ലാത്തപക്ഷം ആ ദത്തു നിഷ്ഫലമാകുന്നു. അതിന്നുള്ള പ്രായശ്ചിത്തവും (വൈദികമുഖത്തിൽ നിന്ന്) അറിയേണ്ടതാകുന്നു.

സഹ തേന ച ഗൃഹ്ണീയാദന്യഥാ കർമ്മ നിഷ്ഫലം
വേദിതവ്യം യഥാവച്ച പ്രായശ്ചിത്തം ദ്വയോരപി 46

യത്രജാതാ തു തത്രത്യാം താമാഹ ജമദഗ്നിഭൃഃ
യസ്യാ വിവാഹേ ലാജാനാം ഹവനം മന്ത്രതോ ഭവേൽ 47

തസ്യാ ദാനേപ്യുപാദാനേ ഭ്രാതൃസാഹിത്യമാശ്രയേൽ
അന്യഥാ നിഷ്ഫലം കർമ്മ തദാവർത്തനമർഹതി 48

ഭാഗിനേയപാരമ്പര്യത്തിലുള്ള കന്യകമാർ ഏതു തറവാട്ടിൽ ജനിച്ചുവോ, എന്നും അവിടുത്തെ തന്നെയാകുന്നു. സൂത്രികളാണെങ്കിൽ ലാജഹോമം സമന്ത്രകമായിട്ടുതന്നെയാകയാൽ ലാജം വാരിയിടുവാൻ ഉടൽപിറന്നവൻ കൂടാതെ കഴികയില്ല. അപ്പോൾ അയാളെക്കൂടി ദത്തു സ്വീകരിക്കേണമെന്നു സിദ്ധമായി. ഇപ്രകാരമല്ലാഞ്ഞാൽ ആ ദത്തു നിഷ്ഫലമാകുന്നു. അത് അനുവർത്തിക്കതന്നെ വേണം. സഹോദരനെക്കൂടിസ്വീകരിക്കാഞ്ഞാൽ അവനുമായി കർമ്മജമായ സംബന്ധമുണ്ടാവാൻ തരമില്ല.

ജായതേ തേന സംബന്ധഃ കർമ്മജോ ന കദാചന
അയഥാവിധിദത്തായാം സ്വീകൃതായാഞ്ച യോഷിതി 49

ജാതോ ന ഭാഗിനേയത്വം ലഭതേ ന ച പിണ്ഡദഃ
സ്ത്രീണാം സംബന്ധവൈശേഷ്യം പുംസാഹിത്യനിബന്ധനം 50

പുംസഃ സംബന്ധവൈശേഷ്യം മന്ത്രമാത്രമപേക്ഷതേ
തഥാപി താം സ്ത്രിയം ഹിത്വാ പുമാംസം നൈവ ദാപയേൽ 51

ദത്തഞ്ച നൈവ ഗൃഹ്ണീയാത് കുലവൃദ്ധിസ്തതോ ന യൽ
യദി വംശേ സുതാ കാചിത്തദാ തസ്യാം കദാചന 52

ജായേത പിണ്ഡദഃ കോപീത്യതോ നാപേക്ഷ്യതേ പുമാൻ
യേഷാം സമന്ത്രാനൈവാസ്തി കിഞ്ചിത് കർമ്മ വിധാനതഃ 53

ദത്തസ്വീകരണം തേഷാം മന്ത്രഹീനം വിദുർബുധാഃ
തത്രാപി ദാനസ്വീകാരൌ കന്യായാ ഏവ ചോത്തമൌ 54

ഊഢായാ മധ്യമൌ തൌ തു സൂതവത്യാസ്തഥാധമൌ
തത്രാപി സൂതവത്യാസ്തു സ്വീകാരേ സപ്രജോ വിധിഃ 55

ന കേവലം സമന്ത്രേസ്മിന്നുച്യതേ തസ്യ കാരണം
നാന്യഃ സംബന്ധവിച്ഛേദീ പുത്രസ്യ സ്വസ്യ ചോഭയോഃ 56

മാതാ പ്രദീയമാനാ തു സംബന്ധാന്തരസംഗമേ
സംസ്കാരം കാരണീകൃത്യ സംപ്രസ്ഥാപയിതും ക്ഷമാ 57

ഭ്രാത്രാ ജ്യേഷ്ഠേന മാത്രാ വാ മാതുലേനാപി വാ ഭവേൽ
നൈതേ വിച്ഛേത്തുമർഹന്തി തസ്യാഃ പുത്രേ തദീയതാം 58

യഥാ ജന്മഗൃഹസ്ഥായാസ്തസ്യാ ദായാദിനാം നൃണാം
പുത്രസ്യൈവ തു മുഖ്യത്വം തഥാ ദാനാൽ പരഞ്ച തൽ 59

ഭവേദേവ തയാ പൂർവ്വം സംബന്ധോ യാദൃശോസ്യ തു
തസ്യ ദാനാൽ പരം കിം വാ താദൃശത്വേ വിഘാതുകം 60

ഹീനേപി മാതൃസംബന്ധേ വൈഭവാദ്ദാനകർമ്മണഃ
യഥാവൽ പുത്രസംബന്ധഃ സ്ഥാസ്യത്യേവേത്യസംശയഃ 61

ഹീനതാപ്രാപണേ പുത്രസംബന്ധസ്യ തു സൈകികാ
ക്ഷമതേ സാധു സങ്കല്പസമയാദ്യൈർന്ന ചേതരാ 62

അസിദ്ധം സാധയിത്വൈവ സിദ്ധമൂനയിതും ക്ഷമാ
തസ്മാദ്ദാനമേവാത്ര തയാപേക്ഷ്യം ന ചേതരൽ 63

യദ്ദ്യോ ജന്മഗൃഹസ്ഥേഭ്യോ മാനസ്സംഭാവ്യതേ തയാ
പുത്രസ്യ സിദ്ധസ്സംബന്ധസ്സ്യൈതരസ്യ സ്വയമേവ ച 64

അതോ ന തേഭ്യോ ദാതവ്യഃ കാരണാഘടനാദിതി
സന്താനാസ്തു സസന്താനാമന്വയാന്ത്യേവ ധർമ്മതഃ 65

കൃതാകൃതപ്രസംഗിത്വമതസ്തൽകാരണം മതം
തസ്മാൽ പ്രസൂതാസ്വീകാരേ തൽസന്താനാംശ്ചദാപയേൽ 66

മന്ത്രകർമ്മവിഹീനാനാം പുംദാനാദാനയോരിഹ
കാമചാരഃ പരേഷാം തു പൂർവ്വോക്തം വർത്മ വിസ്തരാൽ 67

മന്ത്രവും കർമ്മവും കൂടാതെ ദത്തെടുക്കുന്നവർക്ക് ഈവക നിർബ്ബന്ധങ്ങളൊന്നുമില്ല. അല്ലാത്തവർക്കാകുന്നു ഇതുവരെ പറഞ്ഞ വിസ്താരമെല്ലാം. (49 മുതൽ 66 വരെ ശ്ലോകങ്ങൾ അതിന്നു മുമ്പുള്ളതിന്റെ തന്നെ വിസ്താരമാകുന്നു. അതിനാൽ വ്യാഖ്യാനം ആവശ്യമല്ലെന്നു വെച്ച് ചുരുക്കിയതാണ്.)

ഇതി ഷഷ്ഠസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ
അദ്ധ്യായം 6 പാദം 3

### മക്കത്തായക്കാരുടെ ദത്തസ്വീകാരം

ന ദദ്യാദഗ്രജം പുത്രമന്യസ്മൈ ധരണീസുരഃ
ന ലോഭാൽ പരിഗൃഹ്ണീയാദ്ദാസ്യമാനമപി സ്വയം 1

മൂത്ത പുത്രനെ ആർക്കും ദത്തുകൊടുക്കരുത്. ലോഭം നിമിത്തം അങ്ങിനെ ഒരാൾ കൊടുക്കാമെന്നുറച്ചാലും ആരും സ്വീകരിക്കരുത്.

യസ്മിൻ ജാതേ തു തദ്വംശ്യാഃ പിതരോ മുദിതാശയാഃ
കുലതന്തുകരോസ്മാകം നിവാപാംബുപ്രദായകഃ 2

അസ്യ പുത്രൈശ്ച പൌത്രൈശ്ച മോദയിഷ്യാമഹേ വയം
ഇത്യേവാഭ്യുദയശ്രാദ്ധം സ്വീകര്യസ്സ കഥം സുതഃ 3

യാതൊരുവൻ (മൂത്തപുത്രൻ) ജനിച്ച സമയം ആ വംശത്തിലുള്ള പിതൃക്കൾ, 'നമ്മുടെ വംശത്തെ വർദ്ധിപ്പിക്കുന്നവനാണല്ലൊ ഇവൻ, ഇവനാണല്ലൊ നമുക്കു പിതൃക്രിയ ചെയ്യുവാൻ, ഇവന്റെ മക്കളേയും മക്കളുടെ മക്കളേയും കണ്ടു സുഖിക്കാമല്ലൊ' എന്നിങ്ങിനെയുള്ള സന്തോഷത്തോടുകൂടി ജാതകർമ്മത്തിലുള്ള അഭ്യുദയശ്രാദ്ധത്തെ സ്വീകരിക്കുന്നു. പിതൃശാപം സമ്പാദിപ്പാൻ വേണ്ടിത്തന്നെ ആ പുത്രനെ എങ്ങിനെ അന്യനു ദത്തുകൊടുക്കും; എങ്ങിനെ സ്വീകരിക്കും.

അന്യസ്മൈ പിതൃശാപായ ദദ്യാൽ കഃ സ്വീകരോതു ച
പിതൃകർമ്മവിഹീനാനാം തൽപ്രസാദാനപേക്ഷിണാം 4

പിതൃകർമ്മങ്ങളെ വേണ്ടവിധം ചെയ്യാത്തവരും പിതൃക്കൾ പ്രസാദിക്കേണമെന്നാഗ്രഹമില്ലാത്തവരുമായ ജനങ്ങൾക്ക് ഇഹലോകപരലോകങ്ങളിൽ സുഖം എങ്ങിനെ സിദ്ധിക്കും.

ഐഹികാമുഷ്മികസുഖസമൃദ്ധിഃ സേത്സ്യതേ കഥം
ഏകപുത്രോ നിജം പുത്രമന്യസ്മൈ നോപപാദയേൽ 5

ഉപപാദിതമപ്യേനം ത്യജേദ്വിദ്വാനനാകുലഃ
പരഹൃന്മാംസമുദ്ധൃത്യ സ്വദേഹം പോഷയേൽ കഥം 6

ഒരു പുത്രൻ മാത്രമുള്ളവൻ ആ പുത്രനെ അന്യന്ന ദത്തു കൊടുക്കരുത്. കൊടുത്താലും ആരും വാങ്ങിപ്പോകരുത്. മറ്റൊരാളുടെ ഹൃദയത്തിൽനിന്നു കുറെ മാംസം പറിച്ച് അതുകൊണ്ടു തന്റെ ശരീരത്തെ പുഷ്ടിവരുത്തുവാൻ ആരെങ്കിലും ഇച്ഛിക്കുമോ.

ഉദ്വാഹേ യാവദാഖ്യാതസ്സംബന്ധ ഉചിതഃ പുരാ
താദൃക്‌സംബന്ധിനം പുത്രം സ്വീകുര്യാൽ ഭൂസുരോ ഗൃഹീ 7

വിവാഹകാര്യത്തിൽ ഏതെല്ലാം വിധത്തിലുള്ള സംബന്ധത്തെ നോക്കേണമെന്നാണോ മുമ്പു (അ2 പാ 1-2) പറയപ്പെട്ടിട്ടുള്ളത് അതെല്ലാം ദത്തിനും നോക്കേണ്ടതാകുന്നു.

അയമേവോത്തമഃ പന്ഥാ ഇതരസ്ത്വാപദീഷ്യതേ
ദൌഹിത്രോ ഭാഗിനേയശ്ച നിന്ദിതൌ സുതകർമ്മണി 8

ഇതാണ് ഉത്തമമായ മാർഗ്ഗം. മറ്റെല്ലാം ആപത്തിൽ. മരുമഹനേയും മഹളുടെ മഹനേയും ദത്തെടുക്കാറില്ല.

അത്യാപദ്യപി പുത്രത്വേ ഭാഗിനേയം വിവർജ്ജയേൽ
ഇതി ബ്രാഹ്മമമര്യാദാ സംക്ഷേപേണ നിരൂപിതാ 9

അത്യാപത്തിലും മരുമഹനെ ദത്തെടുത്തുകൂടെന്നു തീർച്ചതന്നെ. (ദൌഹിത്രന്ന് ഏതായാലും പിണ്ഡകർത്തൃത്വമുള്ളതുകൊണ്ട് കഷ്ടപക്ഷത്തിൽ ആയാളെ ദത്തെടുക്കാമെന്നു സിദ്ധമായി). ദൌഹിത്രനെ ദത്തെടുക്കുന്നതിനുള്ള വിധി മേൽ വിവരിക്കുന്നതാകുന്നു.

ദാന സ്വീകരണേ പൌത്രേ വിധിസ്ത്വുപരി വക്ഷ്യതേ
ക്ഷേത്രജഃ കൃത്രിമഃ പുത്രഃ സ്വയംദത്ത ഇതി ത്രയഃ 10

ക്ഷേത്രജൻ കൃത്രിമൻ സ്വയംദത്തൻ ഈ മൂന്നു പേരും പുത്രനെന്നുള്ള നിലയിൽനിന്നു മഹർഷിയാൽ നീക്കപ്പെട്ടിരിക്കുന്നു.

പുത്രധർമ്മേഷു വിപ്രാണാം നിഷിദ്ധാ ഭാർഗ്ഗവർഷിണാ
സഹോഢസ്തു സഹോഢശ്ചേദ്വിധിനാ പുത്രതാം വ്രജേൽ 11

ഊഢായാമൌരസോ യാദൃഗ്വിധാതാ താദൃഗേവ സഃ
ഔരസേ വാ സഹോഢേ വാ പുത്രേ ജീവതി നാപരം 12

സ്വീകുര്യാദവിധാനാന്നപുത്രഃ സ്യാൽ സ്വീകൃതോപ്യസൌ
സ്വീകർത്താ തസ്യ ദാതാ ച സ ചേതി പുരുഷാസ്ത്രയഃ 13

ഔരസപുത്രനോ സഹോഢപുത്രനോ[1] ജീവിച്ചിരിക്കുമ്പോൾ മറ്റൊരുത്തനെ ദത്തെടുക്കരുത്. അങ്ങിനെ ദത്തെടുത്താലും, ശാസ്ത്രവിധിക്കു വിരോധമാകയാൽ ആ ദത്തു സാധുവാകുന്നതല്ല. ദത്തു കൊടുത്തവനും വാങ്ങിയവനും ദത്തെടുക്കപ്പെട്ട ബാലനും ഇങ്ങിനെ മൂന്നുപേർ പ്രായശ്ചിത്തം ചെയ്യാതെ പന്തിയിൽ ഇരിക്കുവാൻ യോഗ്യന്മാരല്ല എന്നാകുന്നു സ്മൃതി സിദ്ധാന്തം.

(1) മനുവിന്റെ പക്ഷം പുത്രന്മാർ 12 വിധമാകുന്നു. ഔരസൻ, ക്ഷേത്രജൻ, ദത്തൻ, കൃത്രിമൻ, ഗൂഢോൽപന്നൻ, അപവിദ്ധൻ ഇവർ ആറുപേരും ദായാദപുത്രന്മാരാകുന്നു. കാനീനൻ, സഹോഢൻ, ക്രീതൻ, പൌനർഭവൻ, സ്വയംദത്തൻ, ശൌദ്രൻ ഇവർ ആറും അദായാദപുത്രന്മാരാകുന്നു. യാജ്ഞവല്ക്യൻ പറയുന്നത്:- 'ഔരസഃ പുത്രികാപുത്രഃ ക്ഷേത്രജോ ഗൂഢജസ്തഥാ കാനീനഃ പഞ്ചമഃ പ്രോക്തഃ ഷഷ്ഠഃ പൌനർഭവഃ സ്മൃതഃ ദത്തഃ ക്രീതഃ കൃത്രിമശ്ച സ്വയംദത്ത ഇതീരിതഃ സഹോഢജോപവിദ്ധശ്ച പുത്രാ ദ്വാദശ കീർത്തിതാഃ' എന്നുള്ള ക്രമത്തിലാകുന്നു.വിധിക്കുതക്കവണ്ണം വിവാഹം ചെയ്ത പത്നിയിൽ തന്നാൽ ഉല്പാദിപ്പിക്കപ്പെട്ടവനാകുന്നു ഔരസൻ. ഭർത്താവ് നപുംസകനോ വ്യാധിപീഡിതനോ ആകയാൽ പുത്രോല്പാദനത്തിന്ന് അശക്തനായതിനാൽ അവന്റെ സമ്മതപ്രകാരം ധർമ്മപത്നിയിൽ അന്യനാൽ ജനിപ്പിക്കപ്പെട്ടവനാകുന്നു ക്ഷേത്രജൻ. ഭർത്താവു മരിച്ചതിന്നു ശേഷം വിധവയിൽ അന്യന്നുണ്ടാകുന്നവനും ആ മരിച്ചവന്റെ ക്ഷേത്രജപുത്രനാകുന്നു. വിധിപ്രകാരം പത്തുകയ്യാൽ ദത്തെടുത്തതു ദത്തപുത്രൻ. ഒരു പുത്രന്നു വേണ്ടുന്ന സകലഗുണങ്ങളും തികഞ്ഞ ഒരു ശിശുവിനെ വാത്സല്യത്താൽ പുത്രനാക്കി എടുക്കുന്നതു കൃത്രിമൻ. ഗർഭം

ആരാൽ ഉല്പാദിപ്പിക്കപ്പെട്ടതെന്നു നല്ല നിശ്ചയമില്ലെങ്കിലും തന്റെ ഗൃഹത്തിൽ ഉണ്ടാകുന്ന പുത്രൻ ഗൂഢോല്പന്നൻ. അച്ഛനമ്മമാർ തന്റെ പുത്രനെ വെറുതെ ഉപേക്ഷിക്കുകയും, ആ ശിശുവിനെ മറ്റൊരാൾ എടുത്തു വളർത്തുകയും ചെയ്താൽ ആ കുട്ടി വളർത്തിയവന്റെ അപവിദ്ധപുത്രനാകുന്നു. വിവാഹം ചെയ്യുന്നതിന്നുമുമ്പെ പുത്രനുണ്ടായി എന്നാൽ ആ ശിശു പിന്നെ ആ കന്യകയെ ആർ വിവാഹം ചെയ്യുന്നുവോ അവന്റെ കാനീനപുത്രനാകുന്നു. 'കാനീനഃ കന്യകാജാതോ മാതാമഹസുതോ യതഃ' എന്നുള്ള സ്മൃതിവചനപ്രകാരം കാനീനപുത്രൻ മാതാമഹന്നുള്ളതാകുന്നു എന്നും പക്ഷാന്തരമുണ്ട്.ഗർഭം തന്നാൽ ഉല്പാദിപ്പിക്കപ്പെട്ടതോ അന്യനാൽ ഉല്പാദിപ്പിക്കപ്പെട്ടതോ എന്നു നിശ്ചയമില്ലെങ്കിലും പുംസവനാദിഗർഭസംസ്കാരങ്ങളെക്കൊണ്ടു സംസ്കൃതയായ സ്വപത്നിയിൽ സന്ദിഗ്ദ്ധനായി ഉണ്ടാകുന്ന പുത്രൻ സഹോഢൻ. തനിക്കു സദൃശനോ അസദൃശനോ എന്നു നോക്കാതെ ശിശുവിന്റെ അച്ഛനമ്മമാർക്കു വിലകൊടുത്തുവാങ്ങിയ പുത്രൻ ക്രീതൻ. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളോ അല്ലെങ്കിൽ വിധവയോ ആയ ഒരു സ്ത്രീ തന്നിഷ്ടം പോലെ ആരിൽനിന്നെങ്കിലും ഒരുപുത്രനെ സമ്പാദിച്ചാൽ ആ ശിശു അവളെ വിവാഹം ചെയ്തവന്റെ പൌനർഭവപുത്രനാകുന്നു. ബ്രാഹ്മണന്നു ശൂദ്രസ്ത്രീയിലുണ്ടാകുന്ന പുത്രൻ ശൌദ്രൻ. 'പിണ്ഡദോംശഹരശ്ചൈഷാം പൂർവ്വാഭാവേ പരഃ പരഃ' എന്നു പ്രമാണമുള്ളതിനാൽ ഇവരിൽ മുമ്പു മുമ്പുള്ളവരില്ലാത്തപക്ഷം പിന്നെപ്പിന്നെ ഉള്ളവർക്കു പിണ്ഡകർത്തൃത്വവും മുതലിന്നവകാശവുമുള്ളതാകുന്നു. ശൂദ്രസ്ത്രീയിൽ ബ്രാഹ്മണന്നുണ്ടായ പുത്രന്മാർക്ക് അച്ഛൻ ജീവനാംശം കൊടുക്കേണ്ടിവന്നതായ ചില കേസ്സുകൾ അടുത്തകാലത്തുണ്ടായതു കേവലം അടിസ്ഥാനമില്ലാത്തതല്ലെന്നു കാണുന്നു.

പ്രായശ്ചിത്തം വിനാ പംക്തിം ന ലഭന്ത ഇതി സ്മൃതിഃ
പുത്രസ്യ സ്വേഷു ദാരേഷു സന്ദിഹാനേന സംഭവം 14

സ്വീകൃതേ ദത്തപുത്രേ ജാതശ്ചേദൌരസസ്സ്തഃ
കനീയാനപി വിപ്രേണ ജ്യേഷ്ഠതാപരികല്പനം 15

തന്റെ പത്നിയിൽ ഗർഭമുണ്ടാവില്ലെന്നു സംശയിച്ചു ദത്തപുത്രനെ സ്വീകരിക്കുകയും, അതിന്നുശേഷം സ്വന്തപത്നിയിൽതന്നെ പുത്രനുണ്ടാവുകയും ചെയ്താൽ വയസ്സുകൊണ്ടു താണവനാണെങ്കിലും ആ ഔരസപുത്രനെയാണ് ജ്യേഷ്ഠപുത്രനായി വിചാരിക്കേണ്ടത്. (ദത്തനേക്കാൾ ഔരസന്നു പ്രാധാന്യം കൂടുമെന്നു താല്പര്യം)

തസ്മിന്നേവൌരസേ കാര്യമേഷാ ധർമ്മസ്യ പദ്ധതിഃ
മ്രിയമാണപ്രജാം ദൃഷ്ട്വാ ബഹുകൃത്വോ മൃതപ്രജാം 16

പ്രഥമപത്നിയിൽ ഉണ്ടാവുന്ന പുത്രന്മാരെല്ലാം മരിച്ചുപോകുന്നപക്ഷം രണ്ടാമതു വിവാഹം ചെയ്യണം. അതിലും സന്താനം അനുഭവിപ്പാൻ കിട്ടാത്തപക്ഷം മൂന്നാമതും വിവാഹം ചെയ്യണം. (മൂന്നിൽ അധികം ഭാര്യമാർ ഒരുവന്നു വിധിക്കപ്പെട്ടിട്ടില്ല. എന്നാൽ അതിൽ ഒരുവൾ മരിച്ചുപോയാൽ പിന്നെ ഒന്നുകൂടി വിവാഹം ചെയ്യാം. എന്നും മൂന്നിലധികം ഭാര്യമാർ പാടില്ലെന്നു മാത്രമേ ഉള്ളു)

പ്രഥമാമധിവിന്ദേതദ്വിർദ്വിതീയാം സകൃൽപരാം
കാരണാനി ച വർജ്ജ്യാനി പ്രജാനാശസ്യ യത്നതഃ 17

കർമ്മാണി യാനി യാനി സ്യുഃ സ്മൃതിസിദ്ധാനി ജാനതാ
തേഷാമലോപഃപ്രഥമം പ്രായശ്ചിത്തഞ്ച ലോപിതേ 18

സന്തതിനാശത്തിന്നുള്ള കാരണങ്ങളെയാണ് ഒന്നാമതായി വർജ്ജിക്കേണ്ടത്. (അവയിൽ ചിലതു താഴെ വിവരിക്കുന്നു:-) ഏതെല്ലാം കർമ്മങ്ങളാണോ സ്മൃതിയിൽ കർത്തവ്യങ്ങളായി വിധിക്കപ്പെട്ടിട്ടുള്ളത് അവയിൽ ഒന്നുപോലും വിടാതെ യഥാവിധിചെയ്കയും, വല്ല കർമ്മത്തിന്നും ലോപമോ വീഴ്ചയോ വന്നാൽ അതിന്നുള്ള പ്രായശ്ചിത്തം ചെയ്കയും വേണം.

സദാരപുത്രപാത്രാണാം സ്വദത്തക്ഷേത്രവാസിനാം
ഉച്ചൈസ്തരാം പ്രരുദതാം വിവാസഃ പുത്രഘാതകഃ 19

താൻ കൊടുത്ത പറമ്പിൽ താമസിക്കുന്നവരെ ചട്ടി കലം മുതലായതു പുറത്തെടുത്തുവെപ്പിച്ചു കുട്ടികളോടും ഭാര്യയോടും കൂടി കുടിയിറക്കി നിലവിളിപ്പിച്ചയയ്ക്കുന്നതു സന്തതി നാശത്തിന്നുള്ള കാരണമാകുന്നു. (കഷ്ടം! ഇപ്പോഴത്തെ ജന്മികൾ ഈ സംഗതി അല്പമെങ്കിലും ആലോചിക്കുന്നുണ്ടോ. എത്ര സാധുക്കളെയാണ് നിർദ്ദയമായി കുടിയിറക്കി അയയ്ക്കുന്നത്. അവരുടെ അനുഭവവും അതിന്നനുരൂപമെന്നും വെക്കുക)

സാമുദ്രസലിലസ്നാനം ക്ഷൌരഞ്ച പ്രേതധാരണം
പത്ന്യാമാപന്നസത്വായാം വർജ്ജ്യം വിപ്രേണ ജാനതാ 20

സമുദ്രസ്നാനം ക്ഷൌരം സംസ്കാരം ചെയ്യുക ഇവയൊന്നും ഗർഭിണീഭർത്താവു ചെയ്യരുത്. ('ഉദന്വദംഭസി സ്നാനം വപനം പ്രേതധാരണം ! അന്തർവ്വത്ന്യാഃ പതിഃ കുർവ്വന്നപ്രജോ ഭവതി ധ്രുവം' എന്നു സ്മൃത്യന്തരവുമുണ്ട്. ആശൌചദീപകത്തിൽ, 'ഗർഭിണീഭർത്തൃകാസ്തു ദാഹം പിണ്ഡപ്രദാശ്ചേദ്വിദധതി ഹി പരേ നൈവ' = മരിച്ചവന്റെ പിണ്ഡം വെക്കേണ്ടവൻ ഗർഭിണീഭർത്താവായാലും, സംസ്കാരത്തിന്നു കൂടാം. ചിലരുടെ പക്ഷത്തിൽ അതും വയ്യ എന്നു പറഞ്ഞിരിക്കുന്നു.)

ആധാനർക്ഷേ തു വിജ്ഞാതേ തത്ര നാഭ്യംഗമാചരേൽ
ഗുരുവാരേ തു തൈലസ്യ ന ഭാജനമപി സ്പൃശേൽ 21

ഗർഭാധാനം ചെയ്ത നക്ഷത്രം നിശ്ചയമുണ്ടെങ്കിൽ ആ ദിവസം തേച്ചുകുളിക്കരുത്. (സ്വപുത്രന്മാരുടെ ജന്മനക്ഷത്രദിവസം തേച്ചുകുളിക്കരുതെന്നുള്ള പൂർവ്വാചാരത്തിന്നും അടിസ്ഥാനം ഇതുതന്നെയാകുന്നു). വ്യാഴാഴ്ച എണ്ണ ഇരിക്കുന്ന പാത്രം തന്നെ തൊടരുത്. (കൈമുത്യന്യായേന തേച്ചുകുളി വർജ്ജ്യമെന്നു നിസ്സന്ദേഹം തന്നെ)

പിത്ര്യമന്നം ന ഭുഞ്ജീത പരകീയം നിമന്ത്രിതഃ
വാസസാനാഹതേനാംഗമാച്ഛാദ്യ ശയനം ത്യജേൽ 22

ഗർഭിണീഭർത്താവു ശ്രാദ്ധം ഉണ്ണുകയും ഇണപ്പുടവകൊണ്ടു പുതച്ചുകിടക്കുകയും അരുത്.

ഗർഭിണ്യാം ന രതിം കുര്യാന്നാഗ്നേർന്നിർവ്വാപയേച്ഛിഖാം
പവിത്രമുപവീതഞ്ച ന ബദ്ധ്നീയാന്ന മേഖലാം 23

ഗർഭിണിയിൽ ക്രീഡചെയ്യുവാൻ ഉത്സാഹിക്കരുത്. കത്തുന്ന വിളക്കു താൻ ഊതിക്കെടുക്കരുത്. പൂണുനൂൽ പവിത്രം മേഖല ഇവയൊന്നും ഗർഭിണീഭർത്താവു കെട്ടരുത്.

ഗൃഹിണീ ച സസത്വാ ന കർമ്മ കുര്യാത്തഥാവിധം
ന ഘൃതശ്രപണം കുര്യാൽ കൂശ്മാണ്ഡം ന ച ഖണ്ഡയേൽ 24

(അതുപോലെതന്നെ) ഗർഭമുള്ള സ്ത്രീയും മേൽവിവരിച്ചപ്രകാരമുള്ള നിഷിദ്ധകർമ്മങ്ങളെ ഒന്നിനേയും ചെയ്യരുത്. നെയ്യ് ഉരുക്കരുത്. കുമ്പളങ്ങ മുറിക്കരുത്. (വേണ്ടിവന്നാൽ നീളത്തിൽ കീറാമെന്നു ചിലർ പറയുന്നു).

കൂപോദകം ന പ്രേക്ഷേത സന്ധ്യായാം ശയനം ത്യജേൽ
മുക്തകേശാ ന സേവേത നിദ്രാം നോത്താനശായിനീ 25

കിണറ്റിലേക്കു നോക്കുകയും സന്ധ്യാസമയങ്ങളിൽ കിടക്കുകയുമരുത്. തലമുടി കെട്ടഴിച്ചിട്ടും മലർന്നുകിടന്നും ഉറങ്ങരുത്.

ഉച്ഛിഷ്ടഹസ്താ നേക്ഷേത ഭാസ്കരം ന വിനാ പതിം
പശ്യേൽ സോമം വസിഷ്ഠഞ്ച സർവ്വഥാ ന ത്വരുന്ധതീം 26

ഊണു കഴിഞ്ഞു കൈകഴുകുന്നതിന്നു മുമ്പായി ആദിത്യനെ നോക്കരുത്. ഭർത്താവിനോടുകൂടിയല്ലാതെ ചന്ദ്രനേയും വസിഷ്ഠനക്ഷത്രത്തേയും കാണരുത്. എന്നാൽ അരുന്ധതിയെ ഒരു പ്രകാരത്തിലും കാണുവാൻ പാടില്ല.

ഏവമാപന്നസത്വായാം പത്ന്യാം യേ ഗൃഹമേധിനഃ
അതന്ദ്രിതാ അസ്ഖലന്തഃ സ്വധർമ്മാൽ സ്യുരനാപദഃ 27

ഇങ്ങിനെ, പത്നി ഗർഭിണിയായിരിക്കുമ്പോൾ ഗൃഹസ്ഥനും അതുപോലെതന്നെ ആ ഗർഭിണിയും മനസ്സിരുത്തി സ്വധർമ്മത്തിൽനിന്നിളകാതിരിക്കുന്നതായാൽ അവർക്ക് ഒരുവിധത്തിലും ആപത്തുകൾ സംഭവിക്കുന്നതല്ല.

ധർമ്മാശ്ച തേഷാമധുനാ സംക്ഷേപേണ പ്രദർശ്ശിതാഃ
വിസ്തരോ വിസ്തരാദേവ വേദ്യോ ഭാർഗ്ഗവശാസനാൽ 28

എന്നാൽ അവർക്കുള്ള ധർമ്മങ്ങളെല്ലാം ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ടു. ഇവയുടെ വിസ്താരമാകട്ടെ വിസ്താരമായ ഭാർഗ്ഗവസ്മൃതിയിൽനിന്നുതന്നെ അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ആസ്ഥായ ധർമ്മാനിത്യുക്താൻ സാകല്യേനാനുവാസരം
താവദ്യാവൽ പ്രസൂതിഃ സ്യാദ്ദമ്പതീ നാപരാധ്യതഃ 29

മേൽപറയപ്പെട്ട ധർമ്മങ്ങളെ (ഗർഭാരംഭം മുതൽ) പ്രസവം വരെ ആചരിക്കുന്ന ദമ്പതിമാർ ഒരിക്കലും ജനങ്ങളാൽ കുറ്റം പറയപ്പെട്ടവരായി വരുന്നതല്ല. (ധർമ്മം തെറ്റി നടക്കുന്നവർക്ക് ആപത്തു വരുമ്പോൾ ജനങ്ങൾ അവരെ കുറ്റം

പറയുന്നതു സാധാരണയാണ്. യഥാവിധി ധർമ്മങ്ങളെ അനുഷ്ഠിക്കുന്നവർക്ക് പൂർവ്വാദൃഷ്ടത്താലൊ വീണ്ടും ആപത്തുവരികയാണെങ്കിൽ ആർക്കും ഒന്നും പറവാൻ നിവൃത്തിയില്ലെന്നു താല്പര്യം).

യയോരേതേഷു ന ശ്രദ്ധാ ശ്രദ്ധാഭംഗോപി വാ ക്വചിൽ
അപ്രജാവിഹതൌ സ്യാതാം പ്രേത്യ വാ കൃതനിഷ്കൃതീ 30

ഏവചിലർക്കാണോ മേൽപറഞ്ഞവയിൽ ശ്രദ്ധയില്ലാത്തത്, അല്ലെങ്കിൽ ചിലചില കാര്യത്തിൽ ശ്രദ്ധ കുറഞ്ഞിരിക്കുന്നത് അവർക്ക് അതു നിമിത്തം ബാലമരണം മുതലായ ആപത്തുകളൊന്നും ഉണ്ടായില്ലെന്നു വരുന്നപക്ഷം മരണാനന്തരം അവർ തീർച്ചയായും ആ പാപഫലത്തെ അനുഭവിക്കേണ്ടി വരും. (സുകൃതം ചെയ്യുന്നവർക്ക് ആപത്തുകളും ദുഷ്ടന്മാർക്കു സമൃദ്ധിയും ചിലപ്പോഴെല്ലാം നാം കണ്ടുവരുന്നുണ്ടായിരിക്കാം. അതുനിമിത്തം, സുകൃതദുഷ്കൃതങ്ങളുടെ ഫലം വിപരീതമാണെന്നോ, അല്ലെങ്കിൽ അവയ്ക്കൊരു ഗുണദോഷവും ചെയ്യാൻ കഴികയില്ലെന്നോ വിചാരിപ്പാൻ പാടില്ല. പുനർജ്ജന്മമുണ്ടെന്നു വിശ്വസിക്കുന്ന മതക്കാർക്കെല്ലാം പൂർവ്വജന്മങ്ങളിലെ സുകൃതദുഷ്കൃതങ്ങളുടെ ഫലം ഇജ്ജന്മത്തിലും, ഇജ്ജന്മത്തിലെ സുകൃതദുഷ്കൃതങ്ങളുടെ ഫലം വരുന്ന ജന്മങ്ങളിലും അനുഭവിക്കേണ്ടി വരുമെന്നു സമ്മതമാണ്. അതുനിമിത്തം അവർ ദുഷ്കൃതത്തിൽ നിന്നു ഭയപ്പെട്ടു പിന്മാറുകയും, സുകൃതത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. പുനർജ്ജന്മമില്ലെന്നു വാദിക്കുന്നവരിൽ പലർക്കും ഈ അവസ്ഥ നാസ്തിയായിവരുവാനാണ് എളുപ്പം. അതിനാൽ അവരുടെ ഇടയിൽ സുകൃതദുഷ്കൃതങ്ങളിൽ ശ്രദ്ധാവൈമുഖ്യങ്ങൾ ദുർല്ലഭമായിപ്പോകുന്നു. അതുതന്നെ സൂക്ഷ്മത്തിൽ പ്രപഞ്ചത്തിൽ അതിയായ അനർത്ഥത്തിന്നു കാരണമായും വരുന്നു).

ഇതി ഷഷ്ഠസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അധ്യായം 6 പാദം 4

### ഒരു കുട്ടിയെ വളർത്തേണ്ടുന്ന ക്രമം

ഗ്രഹാവേശാദിവിപദഃ സംരക്ഷേത്തനയം സദാ
ബധാശ്ചാസ്യ യഥാകാലമാമൂലം മാന്ത്രികൈർന്നുദേൽ 1

ദേവതാബാധ മുതലായ ആപത്തുകളിൽനിന്നു ബാലനെ എല്ലാ സമയവും രക്ഷിക്കണം. അങ്ങിനെ വല്ല ബാധകളും വന്നു പിടിപെട്ടുപോയാൽ മന്ത്രവാദികളെക്കൊണ്ട് അവ നിശ്ശേഷം ഭേദപ്പെടുത്തണം.

ഊർമ്മികാഞ്ച സരുദ്രാക്ഷാം കണ്ഠേ സന്ധാരയേത്സദാ
കടിസൂത്രേ ച ശാർദ്ദൂലദന്താൻ കണ്ഠേ ച തന്നഖാൻ 2

കഴുത്തിൽ ഒരു വട്ടമോതിരവും രുദ്രാക്ഷവും കെട്ടിക്കണം. അരയിൽ പുലിപ്പല്ലു കെട്ടിച്ചതും കഴുത്തിൽ പുലിനഖമോതിരവും കെട്ടിക്കണം.

രംഭാപാത്രേണ കൌപീനമഥവാന്യൈശ്ച തദ്വിധൈഃ
നിഷിദ്ധം പ്രാഗുപനയാച്ചേലകൌപീനധാരണം 3

വാഴയിലകൊണ്ടോ അതുപോലെയുള്ള (കുമ്പാള മുതലായ) മറ്റു വല്ലതുകൊണ്ടോ കോണകം ഉടുപ്പിക്കണം. ഉപനയനത്തിന്നു മുമ്പെ ശീലക്കോണകം ഉടുപ്പിക്കരുത്. (ഉപനയനത്തിന്നു മുമ്പായാലും ചൌളം പിതൃകർമ്മം മുതലായവയ്ക്കു കൂടേണമെങ്കിൽ ശീലക്കോണകമുടുക്കണം).

പ്രതിമാസഞ്ച ജന്മർക്ഷേ ശിവേ രുദ്രാഭിഷേചനം
വില്വമാലാനിവേദ്യാദീൻ ദൂർവ്വാഹവനമേവ ച 4

മാസംതോറും പിറന്നാൾ ദിവസം ശിവങ്കൽ രുദ്രാഭിഷേകം കൂവളമാല നിവേദ്യം മുതലായതും, കറുകഹോമവും, ആദിത്യനമസ്കാരവും, മറ്റ് ആയുഷ്കരങ്ങളായതും ചെയ്യിക്കണം.

ആദിത്യസേവാമായുഷ്യമന്യത്സർവ്വഞ്ച കാരയേൽ
രക്ഷേദാഗന്തുകാപത്ഭ്യസ്സ യതോ നാക്ഷമസ്തദാ 5

ബാലൻ തന്നെത്താൻ രക്ഷിപ്പാൻ ശക്തനല്ലാത്തതുകൊണ്ടു വീഴ്ച മുതലായ ആഗന്തുകാപത്തുകളിൽ നിന്ന് എല്ലാ സമയവും അവനെ രക്ഷിക്കണം. ആളില്ലാത്തേടത്തോ ഇരുട്ടത്തോ കിടത്തി ഉറക്കരുത്.

സ്വാപയേന്നാന്ധകാരേ വാ വിജനേ വാ കദാചന
മിതം സ്വാദു ഹിതം മേധ്യമനുച്ഛിഷ്ടമവീക്ഷിതം 6

ബുഭുക്ഷിതൈർജ്ജനൈസ്ത്വാദ്വഗ് ഭക്ഷ്യഞ്ച വിനിയോജയേൽ
ക്രീഡാപരിച്ഛദൈസ്തൈസ്തൈർമ്മനോമുഷ്യ വിനോദയേൽ 7

മിതവും (അജീർണ്ണം വന്നുപോകാതിരിപ്പാൻ) സ്വാദുള്ളതും ഹിതവും ബുദ്ധിക്കു നല്ലതും ഉച്ഛിഷ്ടമല്ലാത്തതും ബുഭുക്ഷയുള്ളവരാൽ കാണപ്പെടാത്തതും (കൊതി കൂടിപ്പോകാതിരിപ്പാൻവേണ്ടി) ആയ ഭക്ഷണം കൊടുക്കണം. പല തരത്തിലുള്ള കളിസ്സാമാനങ്ങളെക്കൊണ്ട് ഇവന്റെ മനസ്സിനെ വിനോദിപ്പിക്കണം.

ബിഭീഷികാഭൂതജന്തുവ്യാഖ്യാനൈസ്ത്രാസയേന്ന തം
രമ്യാഃ കഥാസ്സുമധുരാഃ ശ്രാവയേച്ച ദിനേ ദിനേ 8

ഭയപ്പെടത്തക്ക ഭൂതങ്ങളേയും ജന്തുക്കളേയും പറ്റി വർണ്ണിച്ചുപറഞ്ഞ് ഇവനെ ഭയപ്പെടുത്തരുത്. പ്രതിദിവസം മനോഹരകളായ കഥകളെ പറഞ്ഞുകേൾപ്പിക്കണം.

അവ്യക്തവർണ്ണമധുരൈർവ്വചനൈർദ്ധൂളിധൂസരൈഃ
അംഗൈരങ്കാധിരൂഢസ്യ തനയസ്യ മൃദുസ്മിതൈഃ 9

അക്ഷരവ്യക്തതയില്ലെങ്കിലും അതിമനോഹരങ്ങളായ വാക്കുകളോടും പൊടി ധൂളിച്ച ശരീരത്തോടും കൂടി മടിയിൽ കയറി ഇരിക്കുന്ന ബാലന്റെ മന്ദസ്മിതം കൊണ്ടു ഗൃഹസ്ഥന്മാരുടെ ദിവസങ്ങൾ ഉത്സവമായി കഴിഞ്ഞു കൂടുന്നു.

ദിനാന്യുത്സവകല്പാനി പ്രയാന്തി ഗൃഹമേധിനാം
രാജവൽ പഞ്ചവർഷാണി ദശവർഷാണി ദാസവൽ 10

അഞ്ചുവയസ്സുവരെ രാജാവിനെപ്പോലെയും (ഇഷ്ടം അനുവർത്തിച്ചും) പത്തുവയസ്സുവരെ ദാസനെപ്പോലെയും (തന്റെ ആജ്ഞയ്ക്കു കീഴടക്കിയും) വളർത്തണം. പതിനാറാംവയസ്സായാൽ പുത്രനെ ബന്ധുവെപ്പോലെ (ഹിതോപദേശം ചെയ്തു) കൊണ്ടുനടത്തണം.

പ്രാപ്തേ തു ഷോഡശേ വർഷേ പുത്രം മിത്രവദാചരേൽ
ഉദ്ധർത്തവ്യോ യഥാ സ്വാത്മാ വിദ്വത്ഭിഃ പ്രതിഷിദ്ധത- 11

അറിവുള്ളവർ നിഷിദ്ധകാര്യങ്ങളിൽനിന്നു തന്നെത്താൻ ആലോചിച്ച് ഏതുവിധം പിന്മടങ്ങുമോ അതുപോലെ തന്റെ പുത്രന്മാരേയും നിഷിദ്ധങ്ങളിൽ പ്രവേശിക്കാതെ സൂക്ഷിക്കണം.

തതസ്തഥാത്മനഃ പുത്രാനുദ്ധരേച്ച പ്രയതതഃ
വേണുസ്തംബസ്യ ദാവാഗ്നിര്യഥാ നാശായ കല്പതേ 12

തീ വന്നു പിടിപെട്ടാൽ മുളങ്കൂട്ടം എങ്ങിനെയോ അതുപോലെ ദുഷ്പുത്രൻ നിമിത്തം കുലം നശിച്ചുപോകുന്നതാകുന്നു.

ദുഷ്പുത്രഃ കുലനാശായ കല്പതേ നിയതം തഥാ
ബാലസ്സദ്വംശജാതോപി ബാല്യേ കുപഥഗോ യദി 13

നല്ല തറവാട്ടിൽ ജനിച്ചവനാണെങ്കിലും ബാലൻ ബാല്യത്തിൽ ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ചുപോയാൽ പിന്നെ ആർതന്നെ വിചാരിച്ചാലും നേരെയാക്കുവാൻ കഴിയുന്നതല്ല. പല്ലക്കിന്റെ തണ്ടു നീർത്തുവാൻ ആർക്കും സാധിക്കുന്നതല്ലല്ലോ അതുപോലെ.

കേനാപി നാർജ്ജവം ഗച്ഛേച്ഛിബികാദണ്ഡവൽ പുനഃ
അപഥേ വാസനാം ദൃഷ്ട്വാ നോപേക്ഷേത തദാത്മജാൻ 14

ദുർമ്മാർഗ്ഗത്തിൽ വാസന കണ്ടുതുടങ്ങുമ്പോൾതന്നെ കുട്ടികളെ അതിൽനിന്നു നിവർത്തിപ്പിക്കണം. ആ വാസനതന്നെ മൂത്തു മൂത്തു പിന്നീടു തീർത്താൽ തീരാത്തതായിത്തീരും.

സൈവ പ്രാബല്യമാസാദ്യ യദ്ദുരുച്ഛേദതാം വ്രജേൽ
ശുഭാശുഭാഭ്യാം മാർഗ്ഗാഭ്യാം സരിൽ സരതി വാസനാ 15

താം വിജാനൻ പ്രയതേന യോജയേച്ഛുഭവർത്മനാ
സൽപുത്രേണ യഥാ ശുദ്ധിരുഭയോർവ്വംശയോർഭവേൽ 16

വാസനയാകുന്ന നദി ശുഭമാർഗ്ഗത്തിൽകൂടിയും അശുഭമാർഗ്ഗത്തിൽകൂടിയും ഒഴുകും. അതിനെ അറിഞ്ഞ് ഏതുവിധമെങ്കിലും നല്ലവഴിക്കു തിരിക്കണം. (കുട്ടികളെ നല്ലമാർഗ്ഗത്തിൽ കൊണ്ടുനടത്തണം. ദുഷ്ടസംസർഗ്ഗത്താലോ മറ്റോ അവരുടെ മനസ്സ് ചീത്ത കാര്യങ്ങളിലേക്കു തിരിയുന്നുണ്ടോ എന്ന് എല്ലായ്പ്പോഴും മനസ്സിരുത്തണമെന്നു താല്പര്യം). നല്ല പുത്രനുണ്ടായാൽ അവൻനിമിത്തം ആ കുട്ടിയുടെ അച്ഛനമ്മമാരുടെ തറവാട് ഏതുവിധം പരിശുദ്ധമായിത്തീരുമോ

അതുപോലെതന്നെ ദുഷ്പുത്രനെക്കൊണ്ടു രണ്ടുതറവാട്ടും കെട്ടുപോകുന്നതുമാകുന്നു.

അസൽപുത്രേണ ചാശുദ്ധിസ്തഥൈവാവ്യഭിചാരതഃ
ദ്വിജത്വഞ്ചാസ്യ സംസ്കാരൈർജ്ജായതേ നാത്ര സംശയഃ 17

ബൈജികം ഗാർഭികഞ്ചൈനോ യത്തൈരേവാപനുദ്യതേ
സംസ്കൃതോ മുകുരഃ പാംസുതൈലസംഗാന്മലീമസഃ 18

ജായതേഗ്നിശിഖായോഗാദ്രൂപഹാനിം ഭജേത ച
അസത്സംഗാൽ പ്രയത്നേന തസ്മാൽ പുത്രാൻ നിവാരയേൽ 19

ഒരു ബ്രാഹ്മണശിശു ബ്രാഹ്മണനായിത്തീരുന്നതു ഷോഡശസംസ്കാരം കൊണ്ടാകുന്നു. ('ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ'). ബീജദോഷവും ഗർഭദോഷവും (പാത്രദോഷവും) തീരുന്നതും സംസ്കാരംകൊണ്ടാകുന്നു. കണ്ണാടിച്ചില്ലിന്നു സ്വതേ രൂപത്തെ കാണിപ്പാനുള്ള ശക്തിയില്ല. അതിന്മേൽ ചില പരിഷ്കാരങ്ങൾ ചെയ്താൽ അതു രൂപഗ്രഹണസമർത്ഥമായിത്തീരുന്നു. എങ്കിലും പിന്നീടു പൊടിയും മെഴുക്കും ബാധിച്ചാൽ അതു മലിനമായിത്തീരുന്നു. തിയ്യിന്റെ ചൂടു തട്ടിയാൽ അത് ഒന്നിന്നും കൊള്ളരുതാതായിത്തീരുകയും ചെയ്യുന്നു. അതുപോലെ തന്നെയാകുന്നു പുത്രന്റേയും സ്ഥിതി. അവൻ ജനിക്കുമ്പോൾ ശൂദ്രതുല്യനാണ്. പിന്നെ ഉപനയനാദിസംസ്കാരങ്ങളെ യഥാവിധി ചെയ്യുന്നതിനാൽ അവൻ ബ്രാഹ്മണനായിത്തീരുന്നു. (സകലശ്രേയസ്സുകളും നിഷ്പ്രയാസേന സാധിക്കാവുന്നതു ബ്രാഹ്മണന്നു മാത്രമാകുന്നു. ആ ജന്മംതന്നെ ദുഷ്ടസംസർഗ്ഗം നിമിത്തം മലിനമായിത്തീരുന്നു എന്നു മാത്രമല്ല അതു തന്നെ മുഴുത്താൽ വലിയ അധോഗതിക്കു പാത്രമായി ഭവിക്കുന്നു). അതിനാൽ അച്ഛനമ്മമാർ കുട്ടികളെ ദുഷ്ടസംസർഗ്ഗത്തിൽനിന്നു തീർച്ചയായും നിവർത്തിപ്പിക്കണം.

അപ്രമത്തഃ പ്രയത്നേന ഗേഹിനീ ച തദാ തദാ
പ്രാഗഷ്ടമാബ്ദാൽ ബാലേന യദ്യദാചരിതം ഭവേൽ 20

തസ്യ തസ്യ ഫലം കൃത്സ്നം പിതരൌ സമനുവ്രജേൽ
ധർമ്മ്യേ വർത്മനി തസ്മാൽ സ താഭ്യാമേവ പ്രതിഷ്ഠിതഃ 21

ഒരു കുട്ടിക്ക് എട്ടുവയസ്സാകുന്നതുവരെ ആയാൾ ചെയ്യുന്ന സകലകർമ്മങ്ങളുടേയും ഫലം (ദോഷഫലം) അച്ഛനമ്മമാർക്കാകുന്നു. അതിനാൽ (കുട്ടികളെ നല്ല വഴിക്കു നടത്താതിരുന്നാൽ വരാവുന്ന പാപങ്ങളെ അനുഭവിക്കേണ്ടി വരുന്നതിനാൽ) അവരെ സന്മാർഗ്ഗത്തിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കണം.

നേതവ്യോ ദൃഢയത്നേന തദ്വദേവ ച ബാലികാ
ഗൃഹമഗ്നിം ധനം പത്നീം പുത്രാൻ പുത്രീംശ്ച സർവ്വദാ
സ്വം ച രക്ഷൻ യ ആതിഷ്ഠേൽ സ ഗൃഹീ നേതരോ ഗൃഹീ 22

ഗൃഹം, അഗ്നി, ധനം, ഭാര്യ, പുത്രന്മാർ, പുത്രികൾ ഇവരേയും തന്നേയും രക്ഷിച്ചുകൊണ്ടു സകല കാര്യത്തിലും ഏർപ്പെടുന്നവനാകുന്നു ഗൃഹസ്ഥൻ. അതല്ലാതെ ആത്മാദിരക്ഷയെ നോക്കാതെ സാഹസമായി ഓരോന്നിൽ ചെന്നു ചാടുന്ന അസമീക്ഷ്യകാരിയെ ഗൃഹസ്ഥനെന്നു പറവാൻ പാടില്ല.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ഷഷ്ടസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ
ഷഷ്ഠോദ്ധ്യായഃ സമാപ്തഃ

സപ്തമോധ്യായഃ

പ്രഥമഃ പാദഃ

അദ്ധ്യായം 7 പാദം 1

## ഗൃഹകർത്തവ്യവിധി

ഗൃഹവാസ്തുനി കുട്യർത്ഥം ന ദദ്യാൽ ക്വചന സ്ഥലീം
കസ്യചിദ്വിപ്രകൃഷ്ടസ്യ ജാത്വനന്യഗതേരപി 1

ബ്രാഹ്മണൻ തന്റെ ഗൃഹവാസ്തുവിന്നുള്ളിൽ, യാതൊരു ഗതിയില്ലാത്തവരാണെങ്കിലും, താണ ജാതിക്കാർക്കു കുടിയുണ്ടാക്കുവാനായി സ്ഥലം കൊടുക്കരുത്.

ഗോഘ്നാദിനം ബ്രഹ്മഹണം പുൽകസം ച വനേചരം
വിപ്രസ്ത്രീയം ച കുലടാം വാസ്തൌ നാക്രാമയേൽ ഗൃഹീ 2

പശുഹത്യ ബ്രഹ്മഹത്യ മുതലായ മഹാപാപങ്ങൾ ചെയ്തവൻ, പറയൻ, മലയൻ, വ്യഭിചാരം നിമിത്തം ഭ്രഷ്ടയായ ബ്രാഹ്മണസ്ത്രീ ഇവരെ വാസ്തുവിന്നുള്ളിൽ പ്രവേശിപ്പിക്കരുത്.

വേശ്മഭൃസീമരക്ഷാർത്ഥേ ഗോഘ്നന്തു ന നിയോജയേൽ
പ്രാന്തേ വൃതിക്രിയായാം ച പുൽകസഞ്ചാപ്യനാപദി 3

ബ്രാഹ്മണഗൃഹത്തിൽ വളപ്പകാവലിന്നായി പറയനെ ഏല്പിക്കരുത്. നിവൃത്തിയുണ്ടെങ്കിൽ വേലികെട്ടു മുതലായ പ്രവൃത്തികൾക്കും പറയനെ കൂടാതെ കഴിച്ചാൽ നന്ന്.

ന ബീജം മധുസല്ലക്യാ വപേൽ സദനവാസ്തുനി
സ്വയം ജാതാം തു താമാശു ഛേദയേന്ന തു പാലയേൽ 4

ആനപ്പനയുടെ കുരു വാസ്തുവിന്നുള്ളിൽ വിതയ്ക്കരുത്. തന്നേ മുളച്ചുണ്ടായിട്ടുണ്ടെങ്കിൽ മുറിച്ചു കളയണം. വളർത്തരുത്.

മദ്യാർത്ഥേ മഞ്ജരീഛേദം കാരയേന്ന ഗൃഹീ ക്ഷിതൌ
വിദിത്വാ തൽപ്രതീഘാതം കുർവ്വീത ച വിചക്ഷണഃ 5

തന്റെ സ്വന്തം പറമ്പിൽ മദ്യത്തിന്നുവേണ്ടി പനക്കുല ചെത്തുവാൻ സമ്മതിക്കരുത്. അഥവാ വല്ല സംഗതിവശാലും അതു ചെത്തിത്തുടങ്ങിയതായി അറിഞ്ഞാൽ നിർത്തൽ ചെയ്ത് പ്രായശ്ചിത്തം ചെയ്യണം.

യജ്ഞാംഗാശ്ച ലതാവൃക്ഷാംസ്തസ്യാമുൽപാദയേൽ സ്വയം
ജലാശയാന്യമേധ്യാനി സർവ്വദാ തത്ര വർജ്ജയേൽ 6

യാഗഹോമാദികൾക്കുപയുക്തങ്ങളായ വള്ളികളും മരങ്ങളും നട്ടുണ്ടാക്കണം. പൊട്ടക്കിണറുകൾ പൊട്ടക്കുളങ്ങൾ മുതലായവ തൂർത്തുകളയണം.

ജലമത്രിദിനഛേദ്യമസ്പൃശ്യം യസ്യ വാസ്തുനി
വർത്തതേ തൽഗൃഹേ ദേവാ ന ഗൃഹ്ണന്തി വഷൾകൃതിം 7

ഏതൊരുവന്റെ വാസ്തുവിന്നുള്ളിൽ അശുദ്ധമായ ജലം മൂന്നു ദിവസത്തിന്നുള്ളിൽ തേവി വറ്റിക്കാതിരിക്കുന്നുവോ ആ ഗൃഹത്തിങ്കൽ ചെയ്യുന്ന ഹോമാദികളെ ദേവന്മാർ സ്വീകരിക്കുന്നതല്ല.

കാലേനാശുദ്ധിമാപന്നേ യാപനീയാം ജലാശയേ
ഗൃഹഭീമൌ തമാച്ഛാദ്യ കേനാപി ദിവസം നയേൽ 8

എന്നാൽ നാല്പതോ തൊണ്ണൂറോ ദിവസം കഴിഞ്ഞല്ലാതെ ശുദ്ധമാക്കുവാൻ നിവൃത്തിയില്ലാത്തവിധം അശുദ്ധമായ കിണറു മുതലായത് ഓല പരമ്പു മുതലായതുകൊണ്ടു മൂടി മറച്ച് ആ ദിവസംവരെ കഴിച്ചുകൂട്ടണം.

ഗൃഹഭൃദീർഘികാപ്രാന്തേ ശൂദ്രവേശ്മ ന കാരയേൽ
അന്തരം ന ദിശേത്തസ്മാജ്ജലാവതരണസ്യ വാ 9

ഇല്ലത്തുള്ള കുളത്തിന്റെ വക്കത്തു ശൂദ്രനു വീട്ടു പണിചെയ്യുവാൻ സ്ഥലം കൊടുക്കരുത്. അഥവാ അങ്ങിനെ ഒരു വീടുണ്ടായിത്തീർന്നാൽ തന്നെ അതിൽ നിന്നു കുളത്തിലേക്കു വഴി വെച്ചുകൊടുക്കരുത്.

കാസാരോ ദീർഘികാ ചാംഘ്രിജന്മനോ ഗൃഹവാസ്തുനഃ
അവതാരപഥം പ്രാപ്യ പ്രാപ്നുയാദപവിത്രതാം 10

കൊക്കറണി കുളം മുതലായതിന്നു ശൂദ്രവാസ്തുവിൽ നിന്നു കടവു കെട്ടിയാൽ അത് അശുദ്ധമായിത്തീരും.

ഋതുമത്യാ വൃഷല്യാസ്തു പാദന്യാസം ഗൃഹാങ്കണേ
ദാഹകസ്യ ച ശൂദ്രസ്യ വാരയേൽ ഗൃഹരക്ഷകഃ 11

ഗൃഹസ്ഥൻ തീണ്ടായിരിക്കുന്ന ശൂദ്രസ്ത്രീയേയും പ്രേതസംസ്കാരംചെയ്ത ശൂദ്രനേയും മിറ്റത്തു ചവിട്ടാൻ സമ്മതിക്കരുത്.

ഏതേന ശൌണ്ഡികാദ്യാശ്ച വ്യാഖ്യാതാ രജകസ്യ തു
സ്നാനാംബരനിധാനാർത്ഥേ വിപുലഞ്ചേൽ ഗൃഹാങ്കണം 12

ശൌണ്ഡികന്മാർമുതലായവരേയും ഇതുപോലെതന്നെ ആകുന്നു. എന്നാൽ മിറ്റം കുറെവീതിയുള്ളതാണെങ്കിൽ മാറ്റുകൊണ്ടുവന്നുവെപ്പാൻവെണ്ടി മാത്രം മണ്ണാനു (മണ്ണാത്തിക്കു) മിറ്റത്തിന്റെ അറ്റത്തു വരുന്നതിന്നു വിരോധമില്ല.

ദൂരതഃ ക്വചന പ്രാപ്തിരിഷ്യതേ നാന്യദാ തു സാ
വിപ്രകൃഷ്യാഃ സ്പൃശേയുർന്ന വിനാ വൃഷലമാലയം 13

പ്രവേശം വിപ്രകൃഷ്യാണാമഗ്ര്യഗാരേ ന കാരയേൽ
അന്യത്രാപി വിനാ ശൂദ്രം ദണ്ഡഹസ്തം ച വാർദ്ധകിം 14

ലോഹകാരഞ്ച തസ്യാനുയായിനം സഹസാധനം
സന്ധാനികാമഹാസൂത്രസഹിതഞ്ച ശിലാചിതം 15

സർവ്വത്ര വിപ്രകൃഷ്യാണാം സന്നികർഷമുപേയുഷാം
പ്രവേശം വാരയേദന്തർന്നൈവ തക്ഷ്ണാ സഹാഗതാൻ 16

ശൂദ്രരിൽ താണവർക്കു ബ്രാഹ്മണന്റെ പുര തൊട്ടുകൂട. ഔപാസനാഗ്നിയുള്ളേടത്തു പര്യപ്പെട്ട ശൂദ്രനൊഴികെ മറ്റാർക്കും കടപ്പാൻ പാടില്ല. മുഴക്കോൽ കയ്യിലുണ്ടെങ്കിൽ ആശാരിക്കു കടക്കാം. ആശാരി ഒന്നിച്ചു കരുവാനും തന്റെ പണിയായുധങ്ങളോടുകൂടെ കടക്കാം. കല്ലാശാരിക്കും ഇതുപോലെതന്നെ.

വിജാതീയാംശ്ച ശൂദ്രാംശ്ച സത്യർത്ഥേ തു പ്രവേശയേൽ
യഥാ ന ച സ്പൃശേയുസ്തേ ശയ്യാവസ്ത്രാദികം തഥാ 17

പര്യപ്പെട്ടവരൊഴിച്ചു മറ്റു ജാതിക്കാരായ ശൂദ്രരേയും ആവശ്യമുണ്ടെങ്കിൽ അകത്തു കടപ്പാനനുവദിക്കാം. എന്നാൽ ഗൃഹസ്ഥൻ അവർ വന്നു പുറത്തു പോകുന്നതുവരെ ഒരുമിച്ചു നില്ക്കണം. കിടപ്പുസാധനങ്ങൾ വസ്ത്രങ്ങൾ മുതലായതൊന്നും അവർ തൊടാതെ സൂക്ഷിക്കണം.

സ്വയം സഞ്ചാരയേൽ ഗേഹീ നയേച്ച ബഹിരേവ താൻ
ഉദ്ധാരയേയുഃ പത്രാണി ഭുക്തവത്ഭിരബാന്ധവൈഃ 18

ചതുശ്ശാലാന്തരാളേ ചേദുച്ഛിഷ്ടാന്നകണാദിഭിഃ
തൽസ്ഥാനേ ഗോമയാംഭോഭിർല്ലേപനം കാരയേച്ച തൈഃ 19

തന്റെ സ്വജനങ്ങളൊഴിച്ചു മറ്റാരെങ്കിലും നാലുകെട്ടിന്നുള്ളിൽ ഉണ്ടാൽ അവരെക്കൊണ്ടുതന്നെ ഇല എടുപ്പിച്ചു ചാണകംകൂട്ടി തളിപ്പിക്കണം.

ദാസീഭിരഥവാ സ്വാഭിർന്നാന്യഃ പത്രോദ്ധൃതൌ മതഃ
അഥവാ ശുദ്ധഹസ്തേന കേനചിൽ കാരയേച്ച താം 20

അല്ലെങ്കിൽ ഇല്ലത്തു ദാസിയെക്കൊണ്ടും എടുപ്പിക്കാം. അല്ലെങ്കിൽ കൈ ശുദ്ധമായിട്ടുള്ള വേറെ ഒരു ആൾക്കും അതു ചെയ്യുന്നതിന്നു വിരോധമില്ല.

തേഷാമുത്ഥാനതഃ പൂർവ്വം തദീയേന സ്വകേന വാ
ഹസ്തപ്രക്ഷാളനാംബൂനി ഗണ്ഡൂഷിതജലാനി ച 21

പാദാവനേജനം ചാംബു വിപ്രാദന്യസ്യ കസ്യചിൽ
നാലമേതത്ത്രികം സോഢും വിപ്രഗർത്താങ്കണസ്ഥലീ 22

അവർ എഴുനീൽക്കുന്നതിന്നു മുമ്പെ അവരുടെ സ്വന്തം ഭൃത്യനെക്കൊണ്ട് എടുപ്പിക്കുന്നതിന്നു വിരോധമില്ല. ഇല്ലത്തു വാലിയക്കാരനും എടുക്കാം. ബ്രാഹ്മണരൊഴിച്ചു മറ്റാരുടെ എങ്കിലും കൈ കഴുകിയ വെള്ളം കുലുക്കുഴിഞ്ഞ വെള്ളം കാൽ കഴുകിയ വെള്ളം ഇതു മൂന്നും ബ്രാഹ്മണന്റെ നടുമിറ്റം സഹിക്കുന്നതല്ല. (ബ്രാഹ്മണരൊഴികെ മറ്റാർക്കും നടുമിറ്റത്തു കൈ കഴുകുവാനോ കുലുക്കുഴിഞ്ഞു തുപ്പാനോ പാടില്ലെന്നർത്ഥം). ആരുതന്നെ ആയാലും മലമൂത്രവിസർജ്ജനം ചെയ്കയും തുപ്പുകയും ചെയ്യുവാൻ പാടില്ല.

മൂത്രം പുരീഷം നിഷ്ഠ്യൂതമിതി സർവ്വസ്യ ച ത്രികം
അപ്രക്ഷാള്യ തു നോച്ഛിഷ്ടം ഭാജനം സ്ഥാപയേൽ ഗൃഹേ 23

സന്ധ്യയോരുഭയോർന്നാപി രാത്രാവശനതഃ പരം
പ്രാതസ്സായഞ്ച സമ്മാർജ്ജ്യ പ്രോക്ഷയേൽ ഗോമയാംഭസാ 24

ഇച്ചിൽക്കിണ്ണം മുതലായതു രണ്ടു സന്ധ്യയ്ക്കും രാത്രിയും മോറാതെ വെച്ചേക്കരുത്. അകായയെല്ലാം രാവിലേയും വൈകുന്നേരവും അടിച്ചുതളിക്കണം. എന്നാൽ മിറ്റം അടിക്കുന്നത് രാവിലെ മാത്രം മതി.

ഗൃഹാന്തരാളേ സർവ്വത്ര പ്രാതരേവ ഗൃഹാങ്കണേ
തിസൃഭിസ്തിസൃഭിർദ്ദിക്ഷു വിദിക്ഷു ച ദിനാത്യയേ 25

വർത്തിഭിർഘൃതസിക്താഭിർജ്ജ്വലിതാഭിശ്ച മധ്യതഃ
ഗർത്താങ്കണസ്യ ന്യസ്താഭിഃ പ്രീണയേൽ ഗൃഹിണീ ശുചിഃ 26

സുമംഗലിയായ സ്ത്രീ വൈകുന്നേരം സന്ധ്യയ്ക്ക് മുമ്പായി മുമ്മൂന്നു കൂട്ടിയതും നെയ്യിൽ നനച്ചതുമായ തിരി കൊളുത്തി നടുമിറ്റത്തിന്റെ വക്കത്തും നടുക്കും നാലുപുറവും വെച്ച് സന്താനദേവതകളെ സന്തോഷിപ്പിക്കണം. ആ സമയം അവൾ മൌനമായിരിക്കണം.

സന്താനദേവതാ നിത്യം യതവാഗ്ഗൃഹപാലിനീ
ജലമഗ്നിശ്ച ശാലിശ്ച വ്രീഹിർവ്വാ ശുക്ലതണ്ഡുലാഃ 27

ദധി പഞ്ചകമിത്യേതന്നിശി നോച്ഛേദമർഹതി
ജന്മർക്ഷേ ഭൌമഭൃഗ്വോശ്ച വാരയോർന്ന ഗൃഹേ ഗൃഹീ 28

വെള്ളം തിയ്യ് നെല്ല് അരി തൈര് ഇത് അഞ്ചും രാത്രി കടം വാങ്ങിക്കൊണ്ടുവരുവാൻ ഇട വരുത്തരുത് (പകൽ തന്നെ എല്ലാം സമ്പാദിച്ചു വെക്കേണമെന്നർത്ഥം). ഗൃഹസ്ഥൻ തന്റെ പിറന്നാൾദിവസവും ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും താൻ പതിവായികിടക്കുന്നസ്ഥലം വിട്ടു മറ്റൊരേടത്തു കിടക്കരുത്.

അതീതശയനസ്ഥാനം ഹിത്വാന്യത്ര ശയീത ച
രേതസഃ ക്ഷത്രിയാദീനാം ന സേകസ്യാന്തരം ദിശേൽ 29

ചതുശ്ശാലാന്തരേ ശൂദ്രാം വാസയേത്തു പൃഥഗ്ഗൃഹേ
തസ്കരാദിപ്രവേശേ തു പ്രായശ്ചിത്തം ച വക്ഷ്യതേ 30
തച്ച കുര്യാദ്യഥാചാരമന്യച്ചേതി ദിഗീരിതാ

ബ്രാഹ്മണഗൃഹത്തിൽ നാലുകെട്ടിന്നുള്ളിൽ ക്ഷത്രിയർ മുതലായവരുടെ രേതസ്സേകത്തിന്ന് (സ്ത്രീസംസർഗ്ഗത്തിന്ന്) ഇടവരുത്തരുത്. ശൂദ്രസ്ത്രീയെ കൊണ്ടുവന്നു താമസിപ്പിക്കുകയാണെങ്കിൽ വേറെ പ്രത്യേകഗൃഹത്തിൽ താമസിപ്പിക്കണം. (ഒരു ശൂദ്രസ്ത്രീക്കു രത്യർത്ഥമായി ബ്രാഹ്മണഗൃഹത്തിൽ താമസിപ്പാൻ പാടില്ലെന്നു താല്പര്യം). കള്ളന്മാർ അകത്തു കടന്നാൽ ചെയ്യേണ്ടുന്നതായ പ്രായശ്ചിത്തം മേൽ വിവരിക്കും. അതെല്ലാം സ്വകുലാചാരം പോലെ ചെയ്തുകൊള്ളേണ്ടതാകുന്നു.

ഇതി സപ്തമസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ
അധ്യായം 7 പാദം 2

### ഗൃഹ്യാഗ്നിരക്ഷ

വൈതാനികാഗ്നേസ്സംരക്ഷാ വേദ്യാ വാക്യാച്ച വൈദികാൽ
ഗൃഹ്യാഗ്നിരക്ഷണം കിഞ്ചിദുക്തമന്യദിഹോച്യതേ 1

യഥാ സാദാച്ച വിച്ഛേദാദ്രക്ഷ്യോ വൈവാഹികോനലഃ
തഥേതരാഗ്നിസംയോഗാദ്രക്ഷ്യ ഏഷ പ്രയത്നതഃ 2

തഥാത്യല്പാല്പമധ്യേഭ്യോ മഹത്ഭ്യശ്ചാപ്യനാരതം
രക്ഷ്യോ മഹത്തമേഭ്യശ്ച ദോഷേഭ്യസ്സ വിപശ്ചിതാ 3

മയൂരാന്യഖഗോച്ഛിഷ്ടമാഘ്രാതം ചാഖുഭോജിനാ
ചതുഷ്പാത്ഭിരപി സ്പൃഷ്ടമജാം ചാശ്വം വിനേതരൈഃ 4

ഹവിരന്യബലൌ കീർണ്ണം ശിഗ്രുഗൃഞ്ജനയുക് ച വാ
സ്പൃഷ്ടം നകുല്യാ ഭ്രസ്പൃഷ്ടം വ്രണസ്പൃഷ്ടമഥാപി വാ 5

ക്ഷതബിന്ദുകൃതസ്പർശം സ്പൃഷ്ടം പാദേന ബുദ്ധിതഃ
കുനഖസ്പൃഷ്ടമസ്പൃശ്യഭ്രമൌ പതിതശേഷിതം 6

ഹവിഃപര്യുഷിതം ചാന്നമചതുർത്ഥൈശ്ച ജന്തുഭിഃ
സഹപക്വം ഹവിർല്ലിക്ഷാമക്ഷികാമശകാദിഭിഃ 7

ഊഹഃ പിപീലികാവ്യാപ്തതണ്ഡുലേന കൃതം ഹവിഃ
ഉഷ്ട്രികാബഡവാർവ്വാണീമേഷാദീനാം പയസ്തഥാ 8

നാര്യാശ്ച ഗോഃപുനർദ്ദുഃഖദുശ്ധം ചാവത്സശേഷിതം
അന്യവത്സസ്യ ചോച്ഛിഷ്ടമാശൌചിന്യാശ്ച ഗോഃപയഃ 9

ഘൃതം വാ ദധിവാനഗ്നിപക്വം വാ കാകശേഷിതം
സിളിന്ധ്രം ഹിംഗു നിർമ്മാല്യമിതി ദോഷാസ്സമീഹിതാഃ 10

ഏഭ്യോല്പകേഭ്യോ ഗൃഹ്യാഗ്നിദൂഷകേഭ്യോ ഗൃഹാശ്രമീ
രക്ഷേൽ പ്രയത്നാദ്ദൈവേന തദ്യോഗേ നിഷ്കൃതിം ചരേൽ 11

തഥാ ഘൃതാചികാ വമ്രീ മക്ഷികാ നീലമക്ഷികാ
തല്പകോത്ഥാഃ കചോത്ഥാശ്ച യൂകാശ്ചാപി ഘൃണാഹ്വയാഃ 12

പ്രാണിനശ്ച പതംഗാദ്യാഃ പിണ്ഡസംവർത്തകോന്മുകാഃ
ക്ഷുദ്രകണ്ടകവാത്സലമക്കുണാഹ്വതന്തുരുഹഃ 13

സ്വേദാംബു ചോപയുക്താർദ്രവസനാംബു മുഖാംബു ച
അനദ്ധ്യയനവേലോത്ഥവാദഃ പാദേന ലംഘനം 14

ആഖോർവ്വിൾ ച തദേതേഷാം സംസ്പർശാദേശ്ച യോഗതഃ
രക്ഷേദ്യഥായഥം പ്രാപ്തേ നിഷ്കൃതിഞ്ച സമാചരേൽ 15

അശ്രുണികർണ്ണനാസാക്ഷിമലാനി നഖരം തഥാ
ആഖുഭക്ഷകവിണ്മൂത്രയോഗോണപ്രാണിനാം ശവഃ 16

തഥോച്ഛിഷ്ടഞ്ച വിപ്രാണാമേതേ വേദ്യാ ഹവിർഭുജഃ
സാക്ഷാൽ സ്പർശേ ന ദോഷായ കല്പന്തേ ഗേഹിനാമിതി 17

തത്രാപി ജാതേ ദൈവേന വിസ്മൃതേർവ്വാ പ്രമാദതഃ
നിഷ്കൃതിം നിഷ്കൃതേഃ കാണ്ഡേ വക്ഷ്യമാണാം സമാചരേൽ 18

ശൂദ്രേണ പക്വമഗ്നൌ യദനാർദ്രമഥവാർദ്രകം
സാംഭഃസ്നേഹപ്രയോഗേണ ശൂദ്രോച്ഛിഷ്ടമപീദൃശം 19

സാംഭഃപക്വമദുർഗ്ഗന്ധി ചിരപര്യുഷിതം തഥാ
പതിതാനാമമീഷാഞ്ച ദാഹാദ്രക്ഷ്യോ ഹുതാശനഃ 20

തത്രാപി നിഷ്കൃതിം കുര്യാദ്ദൈവാദാപതിതേ പുനഃ
സൃഗാലേ ഡുണ്ഡുഭേ ഗ്രാമസൂകരേ ചരണായുധേ 21

വാനരേ ചാനലം സാക്ഷാൽ സ്പൃഷ്ടവത്യപി ചാചരേൽ
ഏഭിരായതനേ ദോഷം നീതേപി ച യഥാവിധി 22

തഥാ മൃതസ്യ ശൂദ്രസ്യ ചണ്ഡാലായതനസ്യ ച
ജാതിതഃ പതിതസ്യാപി യേനകേനാപി കർമ്മണാ 23

സൂതികാദാഹകോദക്യാഖരാണാം ചാസൃജസ്തഥാ
മാംസസ്യസ്ഥ്നശ്ച വിണ്മൂത്രരേതോമജ്ജാരസസ്യ ച 24

പൂതിഘ്രാണാംബുനശ്ചോപസ്പർശേനാഗ്നിം വിനാശതഃ
സംരക്ഷേൽ സ ചതുർത്ഥശ്ചേൽ സ്ഥാലീപാകോസ്യ നിഷ്കൃതിഃ 25

കർത്തവ്യഃ പവമാനാഖ്യസ്തത്ര ജാതേ യഥോദിതം
ശാവാശുചേരുപസ്പർശാൽ സൂതകാശൌ ചിനാപി വാ 26

ഗൃഹസ്ഥഃ പാലയേദഗ്നിം വിപ്രകൃഷ്യേഭ്യ ഏവ ച

ഇതി സപ്തമസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

രണ്ടാം പാദത്തിന്റെ അവസാനം വരെ ഗൃഹ്യാഗ്നിക്കു സംഭവിക്കാവുന്ന അശുദ്ധികളെ വിവരിക്കുന്നു.

അഥ തൃതീയഃ പാദഃ
അധ്യായം 7 പാദം 2

## അഗ്ന്യശുദ്ധി

പാദഷൾകാൽ ബഹിസ്തിഷ്ഠേൽ ശൂദ്രാഗ്നേഃ പതിതസ്തഥാ
പദത്രയാദ്വാ സച്ഛൂദ്രോ രജകഃ പദഷൾകതഃ 1

ശൂദ്രനും പതിതനും രജകനും അഗ്നിയുടെ ആറടി ദൂരേ നില്ക്കാവൂ. എന്നാൽ പര്യപ്പെട്ട ശൂദ്രനാണെങ്കിൽ മൂന്നടിയോളം അടുത്തു ചെല്ലാമെന്നുണ്ട്.

പദദ്വാദശകാന്നാരീ ബഹിസ്തിഷ്ഠേദ്രജസ്വലാ
അഷ്ടാദശകൃതേ ബാഹ്യേ പദാനാം സൂതികാ ചരേൽ 2

ചതുർവ്വിംശതികാത്തേഷാം ദാഹകഃ പ്രചരേൽ ബഹിഃ
തക്ഷാ ച ലോഹകാരശ്ച സ്വർണ്ണകാരശ്ച കാംസ്യകൃൽ 3

രജസ്വല 12ഉം സൂതിക 18ഉം ശവദാഹം ചെയ്യുവൻ 24ഉം ആശാരി കരുവാൻ തട്ടാൻ മൂശാരി കല്ലാശാരി തിയ്യൻ ഇവർ അതിലിരട്ടിയും (48ഉം) പറയൻ മലയൻ മുതലായവർ 64ഉം അടി ദൂരെ നിൽക്കണം. അഗ്നിക്കു പറഞ്ഞതു പോലെ തന്നെയാണ് ബ്രാഹ്മണനും.

ശിലാചിച്ഛൌണ്ഡികശ്ചാഥ തതോ ദ്വിഗുണതോ ബഹിഃ
ശ്വപചഃ പുല്കസോ വ്യാധശ്ചൈതേ ഷൾത്രിംശതാ പദൈഃ 4

മിതാൽ ബഹിരനുക്താസ്തു ചതുഷ്ഷഷ്ട്യാ തു കേചന
ഇച്ഛന്തി ശ്വപചാദീനാം വിപ്രകർഷം പദൈർബ്ബുധാഃ 5

സാധാരണോപവർണ്ണാനാം സർവ്വേഷാം ന തു കേവലം
ഗൃഹ്യാഗ്നേരേവ ബോദ്ധവ്യസ്സമുദാചാര ഈരിതഃ 6

യഥാപ്രമാണബാഹ്യസ്ഥാസ്തേമീ വൈവാഹികാനലം
നോപസ്പൃശേയുസ്തത്രാപി ജാതേ നിഷ്കൃതിരിഷ്യതേ 7

മേൽപ്പറഞ്ഞവർ മേൽപ്പറഞ്ഞതിൽ അധികമായി അഗ്നിയുടെ അടുത്തു വന്നാൽ പ്രായശ്ചിത്തം ചെയ്യണം.

ഉപസ്പർശ്ശേന വിപ്രസ്യ സ്നാനയോഗ്യസ്യ നശ്യതി
തം വർജ്ജയേൽ പ്രയത്നേന തം രക്ഷേദപ്രമാദതഃ 8

ശുദ്ധം മാറിയ ബ്രാഹ്മണൻ അഗ്നി തൊട്ടാലും അഗ്നിക്കു ദോഷം സംഭവിക്കുന്നു. അതിനാൽ ഇതൊന്നും വന്നുകൂടാതെ ഇരിപ്പാൻ എല്ലായ്പ്പോഴും മനസ്സിരുത്തേണ്ടതാകുന്നു.

പരിഹാരാൽ ബഹിഷ്ഠസ്യ നാശുദ്ധ്യുപഹതസ്യ ച
ഉപസ്പർശ്ശേന ശൂദ്രസ്യ ചതുർത്ഥേ നിഷ്കൃതിം ചരേൽ 9

ജാതിതോ വേദബാഹ്യാനാമാഭാസോത്തമജന്മനാം
മാഭൂദഗ്നേരുപസ്പർശ്ശോ ഭൂതേ നിഷ്കൃതിം ചരേൽ 10

വേദത്തിന്നധികാരമില്ലാത്ത ബ്രാഹ്മണാഭാസൻ തൊട്ടാലും അഗ്നി അശുദ്ധമാകും.

വിപ്രസ്യാനുപനീതസ്യ സാക്ഷാൽ സ്പർശ്ശേപി സാ മതാ
നരസ്യ തൈരുപസ്പർശ്ശേ വഹ്നിമുദ്ധരതോപി വാ 11

നൌകായാനേ തു ഗൃഹ്യാഗ്നിമുത്തരോത്തരമാഹിതേ
തൃതീയേ ഭാജനേ ന്യസ്യ നൌകാം ശൂദ്രേണ വാഹയേൽ 12

അവിഭക്തോ യ ആശൌചീ തസ്യ സ്പർശ്ശോഗ്നിനാശകൃൽ
ഉപസ്പർശ്ശേ വിഭക്തസ്യ യഥാവന്നിഷ്കൃതീം ചരേൽ 13

വക്ഷ്യതേ സൂതകാശൌചിനോപസ്പർശ്ശേപി നിഷ്കൃതിഃ
അകൃത്വാ ശൌചമുൽസൃഷ്ടമലസ്യ സ്പർശ്ശനേനലഃ 14

നശ്യത്യേവ തതോ രക്ഷേൽ ബാലശ്ചേദസ്തി നിഷ്കൃതിഃ
ത്രൈവാർഷികസ്യ ബാലസ്യ ധാത്രീം സ്പൃഷ്ട്വാ രജസ്വലാം 15

അഗ്നേഃ സ്പർശ്ശേ തഥാ പഞ്ചഹായനസ്യാപി ചേഷ്യതേ
സ്പർശ്ശേ പഞ്ചാധികാബ്ദസ്യ തദാനീമേവ ചേതരാം 16

തദൈവാപി ച ശൂദ്രാഞ്ച നശ്യത്യേവ ഹുതാശനഃ
നിഷ്കൃതിസ്തു ശിശോഃസ്പർശ്ശേ കർത്തവ്യോച്ഛിഷ്ടതാജുഷഃ 17

ഉപനയിക്കാത്ത ഉണ്ണി അഗ്നി തൊട്ടാലും അഗ്നിയെ എടുത്തവൻ ആ ഉണ്ണിയെ തൊട്ടാലും പ്രായശ്ചിത്തം വേണം. തോണിയാത്രയിൽ തോണിയോടു സ്പർശമുള്ള ശരാവം മുതൽ മൂന്നാമത്തെ ശരാവത്തിൽ അഗ്നി വച്ചാൽ ആ തോണി ശൂദ്രന്നു തുഴയുന്നതിന്നു വിരോധമില്ല. ഭാഗം ചെയ്യാത്ത പുലക്കാരൻ തൊട്ടാൽ അഗ്നി നശിക്കും. ഭാഗം ചെയ്തവനാണെങ്കിൽ പ്രായശ്ചിത്തം മതി. പെറ്റ പുലക്കാരൻ തൊട്ടാലും പ്രായശ്ചിത്തം തന്നെ. മലവിസർജ്ജനം ചെയ്തു ശൌചിക്കുന്നതിന്നു മുമ്പെ തൊട്ടാൽ അഗ്നി നശിക്കും. അതു തന്നെ ബാലനാണെങ്കിൽ പ്രായശ്ചിത്തം മതി. മൂന്നു വയസ്സുവരെയുള്ള കുട്ടി രജസ്വലയായ തന്റെ അമ്മയെ തൊട്ട ശുദ്ധത്തോടുകൂടി അഗ്നിയെ തൊട്ടാലും പ്രായശ്ചിത്തം മതി. അഞ്ചു വയസ്സുവരെ എന്നും പക്ഷാന്തരമുണ്ട്. എന്നാൽ കന്യകയ്ക്ക് ഇത്രയും ദോഷം പറയപ്പെട്ടിട്ടില്ല താനും. ഇതിന്നെല്ലാമുള്ള പ്രായശ്ചിത്തങ്ങൾ പ്രായശ്ചിത്തകാണ്ഡത്തിൽ വിധിക്കപ്പെടുന്നതാകുന്നു.

കുമാരീ ധ്യാനഹോമേ തു യോഗ്യേതി ന നിഷിധ്യതേ
ദോഷാണാമിതി ദിങ്മാത്രമഗ്നേരത്ര പ്രദർശ്ശിതം 18

കാണ്ഡേ തു നിഷ്കൃതേസ്തേമീ വക്ഷ്യന്തേ താരതമ്യതഃ
ശാമ്യന്തി സമിദാഹുത്യാ കേചിദന്യേസ്രു വാഹവൈഃ 19

ഉഭയസ്ത്വൈഃ പരേ കേചിൽ പൂർണ്ണാഹുത്യൈവ കേചന
പവമാനാദികസ്ഥാലീപാകൈരപി തഥേതരേ 20

വിച്ഛേദകാരിണഃ കേചിദിതി സാമാന്യസംഗ്രഹ
ദോഷാണാഞ്ച ലഘ്വത്വാദി ധർമ്മശാസ്ത്രാനുരോധതഃ 21

ലൌകികവ്യവഹാരാച്ച ബുദ്ധ്വാ നിഷ്കൃതിമാചരേൽ
പ്രാഗേവ നിഷ്കൃത്യർഹേഭ്യോ ദോഷേഭ്യഃ പാലയേത ചേൽ 22

സ ഏവ പ്രഥമഃ കല്പോ യേഗ്ന്യുച്ഛേദകരാഃ പുനഃ
ദോഷാസ്തേഭ്യഃ പ്രയത്നേന ഗോപായേച്ചാനലം സദാ 23

ഇതി സംഗ്രഹതഃ പ്രോക്തം ഗൃഹ്യാഗ്നേഃ പരിരക്ഷണം
ശൃംഗഗ്രാഹികയാ നൈതേ സർവ്വേ ബോധയിതും ക്ഷമാഃ 24

തഥാപ്യുപരി ഭൂയിഷ്ഠാ വക്ഷ്യന്തേ സ്വയമൂഹനേ
സാമാന്യജ്ഞാപനായൈവ പ്രായോ മന്ദധിയാം ഹി തൽ 25

എന്നാൽ പ്രായശ്ചിത്തത്തിന്നു വിഷയങ്ങളായ ദോഷങ്ങൾ വന്നുബാധിക്കാതിരിപ്പാനാണ് ഒന്നാമതായി യതിക്കേണ്ടത്. ഗൃഹ്യാഗ്നിയുടെ ദോഷങ്ങൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ടു. ശൃംഗഗ്രാഹികയാ എല്ലാം വിസ്തരിച്ചു പറയുന്നതു പ്രയാസം തന്നെ. അതെല്ലാം ബുദ്ധിയുള്ളവർക്ക് ഊഹാപോഹങ്ങളെക്കൊണ്ടു തന്നെത്താൻ അറിയാവുന്നതാകുന്നു. മന്ദബുദ്ധികൾക്കു സാമാന്യജ്ഞാനത്തിന്നാകുന്നു ഇത്രയും പറഞ്ഞത്.

ഇതി സപ്തമസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അധ്യായം 7 പാദം 4

### ഭാര്യാഭരണം

ഇതിഹാസൈഃ പുരാണോക്തൈരസകൃച്ചോപവർണ്ണിതൈഃ
വ്യഭിചാരം സദാ പത്യാ മനസോപി നിവർത്തയേൽ 1

ഗൃഹസ്ഥൻ പുരാണ പ്രസിദ്ധങ്ങളായ സൽക്കഥകളെ പല പ്രാവശ്യവും പത്നിയെ വർണ്ണിച്ചു കേൾപ്പിക്കണം. വ്യഭിചാരത്തിന്നുള്ള അല്പാകാംക്ഷപോലും അവളുടെ മനസ്സിലേക്കു കടക്കുവാൻ സമ്മതിക്കരുത്.

യാപയേത്സഹദാസീഭിഃ സച്ഛത്രാവരണാം ബഹിഃ
ദൂരം ദാസൈശ്ച വിശ്വസ്തൈഃ പ്രവയോഭിഃ കൃതാത്മഭിഃ 2

പത്നിക്കു പുറത്തിറങ്ങി സഞ്ചരിക്കേണ്ടതായി വന്നാൽ ദാസികളെ മുൻനടത്തി മറക്കുടയും പുതപ്പും ധരിച്ചേ പുറപ്പെടാവൂ. ദൂരദേശയാത്രയാണെങ്കിൽ വൃദ്ധന്മാരും ജിതേന്ദ്രിയന്മാരും വിശ്വസ്തന്മാരുമായ ഭൃത്യന്മാരെക്കൂടി ഒന്നിച്ചയയ്ക്കണം.

ആനീയമാനം വാസോ ന ശുക്ലാദന്യത്തു ധാരയേൽ
കരയോഃ കങ്കണാൻ കാംസ്യനിർമ്മിതാൻ നവനിസ്വനാൽ 3

ധാരയേദഥവാ രൂപ്യമയാൻ നൈവ ഹിരണ്മയാൻ
നാസികാഭരണം കേശോന്നഹനം തിലകക്രിയാം 4

ബ്രാഹ്മണസ്ത്രീ വെളുത്ത വസ്ത്രമേ ഉടുക്കാവൂ. കൈ രണ്ടിന്മേലും ഓട്ടുകൊണ്ടുള്ള വളകൾ ധരിക്കണം. വെള്ളിവളയായാലും വിരോധമില്ല. സ്വർണ്ണം കൊണ്ടുള്ള വള പാടില്ല. മൂക്കുത്തി ധരിക്കരുത്. തലമുടി മെടഞ്ഞു കെട്ടരുത്. ശൃംഗാരപ്പൊട്ട് തൊടരുത്. വസ്ത്രത്തെ അരഞ്ഞാൾ കൊണ്ട് കെട്ടരുത്.

വാസഃ പ്രവേണികാബന്ധം വർജ്ജയേത കുലാംഗനാ
സൌവർണ്ണേ സപ്തകേ ധാര്യേ കർണ്ണപാള്യോരനാദരം 5

സപ്തമാസഹിതം സൂത്രം കണ്ഠേ കാർപ്പാസതന്തുജം
സംഗ്രാമേ ദേവയാത്രായാം നാടകീയാർത്ഥദർശ്ശനേ 6

ഉദ്യാനഭൂവിഹാരേ ച ഗാനകന്ദുകകേളിഷു
ജലക്രീഡാപണപ്രാപ്തിരാജദ്വാരപ്രവേശനേ 7

മ്ലേച്ഛഭൂയിഷ്ഠ മാർഗ്ഗേണ ഗമനേ ച പ്രവർത്തനം
കാരയേന്ന വശീ ഭാവമധിഗച്ഛേൽ ഗൃഹീ സ്ത്രിയഃ 8

കാതിൽ സ്വർണ്ണം കൊണ്ടുള്ള ചിറ്റും കഴുത്തിൽ പരുത്തിനൂൽകൊണ്ടുള്ള ചരടിന്മേൽ കോർത്ത താലിയും ധരിക്കണം. യുദ്ധം ഉത്സവം കഥകളി പൂങ്കാവിലുള്ള കളി സദിര് പന്തുകളി ജലക്രീഡ ഇവ കാണുക, അങ്ങാടിയിൽ ചെല്ലുക, കോടതി കയറുക, മ്ലേച്ഛന്മാർ അധികമുള്ള വഴിയിൽകൂടി നടക്കുക, ഇതിനൊന്നും അനുവദിക്കരുത്. ജിതേന്ദ്രിയനായ ഭർത്താവ് എല്ലാ സമയവും പത്നിയുടെ അഭിപ്രായം അറിഞ്ഞുകൊണ്ടു തന്നെ ഇരിക്കണം.

പാദാംഗുലീയകം ഗുൽഫകിങ്കിണീമപി നൂപുരം
ചൂഡാരത്നം ച സീമന്തഗർഭികാഞ്ച ലലാടികാം 9

നാഭിവേഷ്ടനമന്യച്ച താദൃക് സർവ്വം ന ധാരയേൽ
അന്തർഗ്ഗർഭിതകേശാഗ്രാം വർത്തയേച്ഛുചികർമ്മസു 10

കാലിന്റെ വിരലിന്മേൽ മോതിരമിടുക, കാൽചിലമ്പു തള ചൂഡാരത്നം മുതലായതു ധരിക്കുക ഇവയൊന്നും പാടില്ല. ഔപാസനാദികർമ്മങ്ങൾക്കിരിക്കുമ്പോൾ തലമുടി അകത്തേക്കു തിരുകീട്ടാകുന്നു ഇരിക്കേണ്ടത്.

ദ്വിജാംഗനാനാമാചാരസ്സമ്യഗ്യോയമുദീരിതഃ
അവാന്തരകുലസ്ത്രീണാം സമ ഏവ മതോ ഹി സഃ 11

ഇങ്ങിനെ ഉത്തമ ബ്രാഹ്മണസ്ത്രീകൾക്കുള്ള ഏതൊരാചാരം ഇവിടെ പറയപ്പെട്ടുവോ അതുതന്നെയാകുന്നു അവാന്തരകുലസ്ത്രീകളുടേയും ആചാരം. (അവാന്തര [1] കുലസ്ത്രീകൾക്കും ഉത്തമബ്രാഹ്മണസ്ത്രീകൾക്കും മറക്കുട തുണ മുതലായ ആചാരങ്ങളിൽ യാതൊരു വ്യത്യാസവുമില്ലെന്നു താല്പര്യം)

(1) അവാന്തരാവുഭൌ ന്യൂനാവാചാരൈഃ കർമ്മണാ ദ്വിജൌ
തയോശ്ശൈവദ്വിജോ വൃത്തേരഗ്രീമസ്ത്വപരോധമഃ (ജാതിനിർണ്ണയം)

നാതിതീക്ഷ്ണോ ന ചാതീവ മൃദുഃ സർവ്വത്ര സർവ്വദാ
അരന്ധ്രദായീ പാപസ്യ ഗൃഹസ്ഥോ ഗൃഹിണീം നയേൽ 12

ഭർത്താവു പത്നിയുടെ നേരെ ഒരിക്കലും അതിതീക്ഷ്ണനാവരുത്. എന്നാൽ മൃദുവുമാവരുത്. (അവളെ ദ്വേഷിക്കുകയും അതിയായി ലാളിക്കുകയും ചെയ്യരുത് എന്നർത്ഥം.) അവൾക്കു യാതൊരു പാപത്തിന്നും പഴുതുകൊടുക്കാതെ അവളെ കൊണ്ടു നടത്തണം.

കാമാനസ്യാ യഥാശക്തി സാധയേദനസൂയയാ
ബീജസംഗ്രഹണേ തൈലഘൃതക്ഷീരാദികർമ്മസു 13

ദാസീഷു ചാന്നപാനേ ച പരിഭുക്തേ ച വാസസി
വാചാപി മനസാ ചാസ്യാഃ പ്രഭുതാമുപപാദയേൽ 14

അവളുടെ ആഗ്രഹങ്ങളെ അസൂയകൂടാതെ യഥാശക്തി സാധിപ്പിച്ചുകൊടുക്കണം. നെല്ലുവിത്തു സൂക്ഷിക്കുക, എണ്ണ നെയ്യ് പാല് മുതലായതുകളെ സംബന്ധിച്ചുള്ള പ്രവൃത്തി, ദാസികളുടെ മേൽവിചാരം, അടുക്കളയിലെ കാര്യം, മുണ്ട് അലക്കുവാൻ കൊടുക്കുക ഈ വക കാര്യങ്ങളിൽ സർവ്വാത്മനാ അവൾക്കു തന്നെ അധികാരം കൊടുക്കണം.

യഥാചാരം വ്രതാദീനി സർവ്വാണ്യസ്യാശ്ച വർത്തയേൽ
ഏവം കുടുംബീ സംരക്ഷൻ ദാരാൻ ശർമ്മ സമാപ്നുയാൽ 15

കുലാചാരപ്രകാരമുള്ള സോമവാരം മുതലായ അവളുടെ എല്ലാ വ്രതങ്ങളേയും വേണ്ടതുപോലെ നിർവ്വഹിച്ചുകൊടുക്കണം. കുടുംബിയായിട്ടുള്ളവൻ മേൽപറഞ്ഞപ്രകാരം ഭാര്യയെ കൊണ്ടുനടന്നാൽ അവൻ തീർച്ചയായും ശ്രേയസ്സിനെ പ്രാപിക്കും.

അസ്വർഗ്ഗ്യമയശസ്യഞ്ച കൌലടാത്വം കുലസ്ത്രിയഃ
കുലനാശകരം തസ്യ നാവകാശം കദാചന 16

കുലടയായിത്തീരുന്നതു സ്വർഗ്ഗത്തിന്നും യശസ്സിന്നും ഹാനികരമായിത്തീരുന്നു. എന്നുമാത്രമല്ല അതുനിമിത്തം അനേകം കുലങ്ങൾ നശിക്കുവാൻ കൂടി കാരണമായിത്തീരും. അതിനാൽ അതിന്ന് (വ്യഭിചാരത്തിന്ന്) ഒരിക്കലും ഇടവരുത്തരുത്. അവൾ അന്യപുരുഷനോടുകൂടി സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നും മറ്റും എല്ലാ സമയവും മനസ്സിരുത്തി നോക്കണം.

ദദ്യാൽ പ്രതീക്ഷേദത്യർത്ഥം പരപുംഭാഷണാദികം
പരനാരീരതിർഭർത്തുരന്യപുംസ്കാമതാം നയേൽ 17

അപി സ്വധർമ്മചാരിണ്യാഃ കന്ദർപ്പോ ഹി ബലീ മതഃ
തസ്മാൽ സ്വദാരൈകരതോ ലാളയൻ സ്വകുടുംബിനീം 18

ഭർത്താവിന്ന് അന്യസ്ത്രീയിൽ അനുരാഗമുണ്ടാകുന്നതു, ഭാര്യയ്ക്ക് അന്യപുരുഷനിൽ അനുരാഗമുണ്ടാവാൻ കാരണമായിത്തീരുന്നു. അവൾ എത്രതന്നെ സ്വധർമ്മചാരിണിയായാലും ഫലമില്ല. എന്താണെന്നല്ലെ, കാമദേവൻ മഹാബലവാനാകുന്നു. (തന്റെ ഭർത്താവ് അനന്യശരണയായ തന്നെ മറന്ന് അന്യസ്ത്രീയിൽ അനുരക്തനായിത്തീരുന്ന പക്ഷം അവൾക്കു ഭർത്താവിനെക്കുറിച്ചുള്ള അനുരാഗം കുറയുന്നു. കാമം അപ്പോഴും അടങ്ങിനില്ക്കുകയില്ല. അപ്പോഴാണ് ആ കാമം അന്യന്റെ നേരെ തിരിയുന്നത്. മലയാളികളുടെ ഇടയിൽ കേൾക്കുന്ന മിക്ക വ്യഭിചാരക്കേസ്സുകളിലും ഇതു ദൃഷ്ടാന്തവുമാകുന്നു. രണ്ടോ മൂന്നോ വിവാഹം ചെയ്തിട്ടുള്ളവർകൂടി അന്യസ്ത്രീസക്തന്മാരായിത്തീരുന്നത് ഇവിടെ ഒട്ടും ദുർല്ലഭമല്ല. അതിനാൽ ഈ ദുരാചാരമാകുന്നു ഇവിടെ ഒന്നാമതായി ഉന്മൂലനം ചെയ്യേണ്ടത്. ഏകപത്നീവ്രതമുള്ള അന്യജാതിക്കാരുടെ ഇടയിൽ വ്യഭിചാരം എത്രയോ ദുർല്ലഭമായിട്ടേ കണ്ടുവരുന്നുള്ളു എന്നുള്ളതും ഇതിലേക്ക് ഒരു ദൃഷ്ടാന്തമാകുന്നു). അതിനാൽ എല്ലാ സമയവും തന്റെ ഭാര്യയിൽത്തന്നെ അനുരാഗത്തോടുകൂടെ അവളെ ലാളിക്കുകയും അവളുടെ ആഗ്രഹങ്ങളെ എല്ലാം സാധിപ്പിക്കുകയും വേണം. ഈ വിധം നടക്കുന്നതായാൽ ഒരിക്കലും അപവാദത്തിന്നിടവരുന്നതല്ല.

സാധയൻ കാമിതാനസ്യാ ന ലോകേ വാച്യതാം വ്രജേൽ
യസ്യ രാഷ്ട്രേ ചാരിത്രചലിതാ ഭൂസുരാംഗനാഃ 19

കിം തേന രക്ഷിതം രാഷ്ട്രം തമോന്ധം പ്രവിശേന്നൃപഃ
സ്ത്രീണാം ചാരിത്രശുദ്ധ്യൈവ തു ലോകോയം സംപ്രതിഷ്ഠിതഃ 20

ഏതൊരു രാജാവിന്റെ രാജ്യത്തിലാണോ ബ്രാഹ്മണസ്ത്രീകൾ പാതിവ്രത്യമില്ലാത്തവരായിത്തീരുന്നത് ആ രാജാവു രാജ്യത്തെ രക്ഷിക്കുന്നു എന്ന് എങ്ങിനെ പറയും. അവൻ നിശ്ചയമായും നരകത്തിൽ പോകും. ഈ ലോകത്തിന്റെ സ്ഥിതി മുഴുവനും സ്ത്രീകളുടെ പാതിവ്രത്യനിഷ്ഠയിലാകുന്നു. സൂക്ഷ്മബുദ്ധികളല്ലാത്തവർ പണ്ടേക്കുപണ്ടേയുള്ള ഈ ധർമ്മത്തിന്റെ മാഹാത്മ്യത്തെ അറിയുന്നില്ല. (ധർമ്മരക്ഷയാകുന്നു രാജാവിന്റെ പ്രധാനകൃത്യം. അതിൽ രാജാവ് എപ്പോൾ അശ്രദ്ധനായിത്തീരുന്നുവോ അപ്പോഴാണ് രാജ്യത്തിൽ ഈവക അനർത്ഥങ്ങൾ വന്നു സംഭവിക്കുന്നത്. സ്ത്രീകളുടെ പാതിവ്രത്യത്തെ തടസ്ഥപ്പെടുത്തുന്നതായ യാതൊരു സംഭവവും രാജ്യത്തിൽ ഉണ്ടാവാതിരിക്കത്തക്ക സകല ഏർപ്പാടുകളും മുൻകൂട്ടിത്തന്നെ ചെയ്തു വെക്കണം. അഥവാ അങ്ങിനെ ഒരു കേസ്സുണ്ടായാൽ കഴിയുന്ന വേഗത്തിൽ

അതിന്റെ സത്യാവസ്ഥ മുഴുവനും വെളിപ്പെടുന്നതു വരെ വിചാരണ ചെയ്തു ദുഷ്ടന്മാരെ ഉന്മൂലനം ചെയ്യണം. അതുനിമിത്തം മറ്റുള്ളവർക്കും അതൊരു മനഃപാഠമായിത്തീരുവാൻ സംഗതി വരും. പണ്ടൊരു രാജാവു വ്യഭിചാരിണിയായ ഒരു ബ്രാഹ്മണസ്ത്രീയെ മേലാസകലം നെയ്യു തേപ്പിച്ചു മറ്റുള്ള ബ്രാഹ്മണസ്ത്രീകൾക്കു കാണുവാൻ തക്ക ഒരു സ്ഥലത്ത് ഒരു മരത്തോടു കൂട്ടിക്കെട്ടി എന്നും, നെയ്യെറുമ്പു തിന്നുതിന്നുതന്നെ അവളുടെ ദേഹം മുഴുവനും നശിച്ചുപോയി എന്നും, പിന്നെ ആ രാജാവ് ഉള്ള കാലത്ത് ആ രാജ്യത്തു വ്യഭിചാരക്കേസ്സുണ്ടായിട്ടില്ലെന്നും ഒരു കഥ കേട്ടിട്ടുണ്ട്. ഇത് ഒരു തീക്ഷ്ണദണ്ഡമാണെങ്കിലും അതു നിമിത്തം ധർമ്മത്തിന്നു രക്ഷ കിട്ടി എങ്കിൽ ഒരിക്കലും അതു നിന്ദ്യമായി വരുവാൻ പാടുള്ളതല്ലല്ലൊ.)

അസൂക്ഷ്മധിഷണാ നേമം വിദുർദ്ധർമ്മം സനാതനം
രാമക്ഷേത്രേ വിശേഷേണ ചാരിത്രപരിപാലനേ 21

ആചാരഭേദാ ബഹവോ വിഹിതാ ഭൃഗു സൂനുനാ
സ്ഥാതവ്യമപ്രമാദേന സർവ്വൈസ്തൽപരിപാലനേഃ 22

മലയാളത്തിൽ പ്രത്യേകിച്ചും പാതിവ്രത്യത്തെ രക്ഷിപ്പാൻവേണ്ടിത്തന്നെ അനേകം ആചാരഭേദങ്ങൾ മഹർഷിയാൽ നിയമിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ എല്ലാവരും ആ വക ആചാരങ്ങളിൽ മനസ്സിരുത്തി അവയെ രക്ഷിക്കേണ്ടതാകുന്നു.

സ്മരണം കീർത്തനം കേളിഃ പ്രേക്ഷണം ഗുഹ്യഭാഷണം!
സങ്കല്പോദ്ധ്യവസായശ്ച ക്രിയാനിർവൃത്തിരേവ ച!
ഏതന്മൈഥുനമഷ്ടാംഗം പ്രവദന്തി മനീഷിണഃ!.

വ്യഭിചാരത്തിന്റെ സ്വഭാവക്രമങ്ങൾ ഈ സ്മൃതിശ്ലോകത്തിൽ സ്പഷ്ടമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമതായി ഒരു സ്ത്രീ ഒരു പുരുഷനേയോ, ഒരു പുരുഷൻ ഒരു സ്ത്രീയേയോ മനസ്സുകൊണ്ടു വിചാരിക്കുന്നു. പിന്നെ അവരെപ്പറ്റി ഓരോ വർത്തമാനങ്ങൾ പറയുന്നു. അതിന്നുശേഷം ക്രീഡാരസങ്ങളെ മനസ്സുകൊണ്ടു വിചാരിച്ചു രസിക്കുന്നു. പിന്നെയാണ് അന്യോന്യദർശനം. അതു പ്രത്യക്ഷദർശനമല്ല. സ്വകാര്യദർശനമാണ്. അതിന്നുശേഷം സ്വകാര്യസംഭാഷണങ്ങൾ തുടങ്ങും. പിന്നെ കാര്യം ഉറയ്ക്കും. ഉത്സാഹിക്കും. കാര്യം നടക്കും. ഇതിൽ ആദ്യത്തെ മൂന്നുമാത്രം (സ്മരണം കീർത്തനം കേളിഃ) ഇവിടെ ഒരുവിധം സാധിക്കുമായിരിക്കാം. ബ്രാഹ്മണസ്ത്രീകളെ മറ്റൊരു പുരുഷന്നും കാണുവാൻ പാടില്ല എന്നുള്ള നിയമം പ്രബലമായിരിക്കകൊണ്ടു പ്രേക്ഷണവും ഗുഹ്യഭാഷണവും അസാദ്ധ്യം തന്നെ. അതു സാധിക്കാത്ത പക്ഷം അതിന്നുമേലുള്ള കാര്യം അസാദ്ധ്യമാണല്ലൊ. മാനസികമായ ആദ്യത്തെ മൂന്നിന്നും നിവാരണമാർഗ്ഗം അസാദ്ധ്യമാണെന്നു കരുതി നാലാമത്തേതായ പ്രേക്ഷണം മുതല്ക്കുള്ള ദോഷങ്ങളെ തടുക്കത്തക്ക വിധമുള്ള ആചാരങ്ങളെ മഹർഷി കാലേക്കൂട്ടിത്തന്നെ ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നു. അതിനാൽ പൂർവ്വാചാരപ്രകാരം നടക്കുന്നതായാൽ മലയാളത്തിൽ യാതൊരു ദോഷവും വന്നു സംഭവിക്കുന്നതല്ലെന്നു തീർച്ച തന്നെ)

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം സപ്തമസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ സപ്തമോധ്യായഃ സമാപ്തഃ

ഏഴാമദ്ധ്യായത്തിന്റെ ഭാഷാവ്യാഖ്യാനം കഴിഞ്ഞു

## അഥ അഷ്ടമാധ്യായഃ

പ്രഥമഃ പാദഃ
അദ്ധ്യായം 8 പാദം 1

### സ്മാർത്തവിചാരം

സംപ്രാപ്തേ വ്യഭിചാരസ്യ സംശയേ ഗേഹേഭൃൽ സ്വയം
സമാനാഭിജനാൻ പ്രാപ്യ പുരസ്കുർവ്വൻ പുരോധസം 1

സവീയസംശയമാവേദ്യ താനാനീയ തു പഞ്ചഷാൻ
വാഗ്മിനഃ കുശലാൻ സത്യരതാംശ്ച സപുരോഹിതാൻ 2

സാദ്ധീർദ്ദാസീഃ പൃഥങ് നീത്വാ തിസ്രസ്സൈതരനുയോജയേൽ
സ്വീയസംശയനിർദ്ദേശപൂർവ്വകം രഹസി ക്വചിൽ 3

ഗൃഹസ്ഥൻ, തന്റെ പത്നിക്കു വ്യഭിചാരദോഷമുണ്ടെന്നു തക്കതായ ഒന്നിലധികം കാരണങ്ങളെക്കൊണ്ടു സംശയിക്കുന്നു എങ്കിൽ വാദ്ധ്യാനോടുംകൂടി സ്വജനങ്ങളുടെ അടുക്കൽ ചെന്നു തനിക്കുണ്ടായ സംശയത്തെ അവരോടു പറയണം. പിന്നെ സത്യനിഷ്ഠന്മാരും കാര്യത്തിന്റെ യഥാർത്ഥസ്വഭാവം തിരിച്ചെടുക്കുവാൻ സാമർത്ഥ്യമുള്ളവരും വാക്പാടവമുള്ളവരുമായ അഞ്ചാറ് ഇണങ്ങരേയും വാദ്ധ്യാനേയും തന്റെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുവരണം. അവിടെ

നിതൃത പെരുമാറുന്ന ദാസിമാരിൽ പച്ചപ്പരമാർത്ഥികളായ മൂന്നുപേരെ സ്വകാര്യമായി വിളിച്ചുവരുത്തി തനിക്കുള്ള സംശയത്തെ അടിസ്ഥാനമാക്കി അവരെക്കൊണ്ട് (ഇണങ്ങരെക്കൊണ്ട്) ചോദ്യങ്ങൾ ചോദിപ്പിക്കണം. (ഇതാണ് ദാസിവിചാരമെന്നു പറയുന്നത്)

താഭിഃ പ്രബലതാം നീതേ സന്ദേഹേസ്മിൻ കുടുംബിനഃ
ഗൃഹിണീം പഞ്ചമേ വേശ്മനയനുവേശ്യ നിവാസയേൽ 4

അതിനു ദാസിമാർ പറയുന്ന ഉത്തരം നിമിത്തം ഗൃഹസ്ഥന്റെ സംശയം പ്രബലപ്പെടുന്ന പക്ഷം ആ അന്തർജ്ജനത്തെ[1] അഞ്ചാം പുരയിലാക്കിപ്പാർപ്പിക്കണം.

(1) ഇനിമേൽ ഈ അന്തർജ്ജനത്തിനു 'സാധനം' എന്നാണ് സാധാരണ പേർ പറഞ്ഞുവരുമാറുള്ളത്.

അഥ തൈസ്സഹ നിർഗ്ഗമ്യ രാജാനം സദസി സ്ഥിതം
ആവേദയേൽ ഗൃഹീ സ്വീയം സംശയഞ്ചു തഥാവിധം 5

അതിനുശേഷം ഗൃഹസ്ഥൻ ഇണങ്ങരോടും മറ്റും കൂടി രാജാവിന്റെ സമീപത്തിൽ ചെന്നു തനിക്കു തോന്നീട്ടുള്ള സംശയത്തെ പ്രത്യക്ഷമായി രാജാവിനോടു പറയണം.

യഥാ മുച്യേത സന്ദേഹാദസ്മാദേഷ ജനസ്തഥാ
കൃത്വാ ധർമ്മസ്യ രക്ഷാ ച കാര്യേത്യഭ്യർത്ഥയേത ച 6

'അല്ലയോ മഹാരാജാവേ! ഈ തകരാറിൽനിന്നു ഞാൻ വീണ്ടുപോരുന്നത് ഏതുപ്രകാരമോ അതുപ്രകാരമെല്ലാം ചെയ്തു ധർമ്മം രക്ഷിച്ചുതരണേ' എന്നു രാജാവിനോടപേക്ഷിക്കുകയും വേണം.

നൃപോഥ ചതുരോ ദൂതൈരാനായ്യ പരിനിഷ്ഠിതാൻ
മീമാംസകാംശ്ച സ്മാർത്തഞ്ച പ്രേഷയേത്തൽ ഗൃഹം പ്രതി 7

അനന്തരം താജാവ് സ്മാർത്തവിചാരത്തിനു നല്ല സാമർത്ഥ്യമുള്ള നാലു മീമാംസകന്മാരേയും സ്മാർത്തനേയും വരുത്തി ആ ഗൃഹത്തിലേക്കു പറഞ്ഞയയ്ക്കണം. തന്റെ (രാജാവിന്റെ) പ്രതിനിധിയായിട്ട് ഒരു ബ്രാഹ്മണനെക്കൂടി അയയ്ക്കണം. ആയാൾക്കു തല മൂടുവാൻ ഒരു വസ്ത്രംകൂടി രാജാവുതന്നെ കൊടുക്കണം.

വിപ്രഞ്ച സ്വപ്രതിനിധിം വസ്ത്രം ദത്വാവഗുണ്ഠകം
തേഷു മീമാംസകാഃ പ്രശ്നാൻ കല്പയേയുഃ സ്വയാ ധിയാ 8

രാജപ്രതിനിധിം വിപ്രം സ്മാർത്തഞ്ച രഹസി ക്വചിൽ
ഗ്രാഹയേയുശ്ച തിഷ്ഠന്തസ്തൽ ബഹിർവ്വേശ്മനി ക്വചിൽ 9

അവരിൽ മീമാംസകന്മാരാണ് ചോദ്യങ്ങൾ ബുദ്ധികൊണ്ട് ആലോചിച്ചുണ്ടാക്കേണ്ടത്. അതെല്ലാം അവർ രാജപ്രതിനിധിയോടും സ്മാർത്തനോടും സ്വകാര്യമായി പറയണം. ഈ പറയുന്നതു സാധനം താമസിക്കുന്ന ഗൃഹത്തിൽനിന്നു പുറത്തുവച്ചായിരിക്കണം. അമ്പലത്തിൽവെച്ചും ആവാം. സത്യം എന്താണോ അതു തെളിയണമെന്നു മാത്രമേ അവർ വിചാരിക്കാവൂ.

ദേവാലയേ വാ യൽ സത്യം തൽപ്രകാശനതൽപരാഃ
സാക്ഷിണഃ സൂര്യചന്ദ്രാദീൻ പ്രാർത്ഥയന്തോ ധൃതവ്രതാഃ 10

ആധായ മനസി പ്രശ്നാൻ സ്മാർത്തോ രാജ്ഞശ്ച പൂരുഷഃ
ഉഭാവേതൌ ഗൃഹസ്ഥശ്ച പ്രവിശേയുർഗ്ഗൃഹഞ്ച തൽ 11

സ്മാർത്തൻ, ആലോചിച്ചുറച്ച ചോദ്യങ്ങളെ മനസ്സിൽ നല്ലവണ്ണം ധരിച്ചു വെച്ചുംകൊണ്ടു, രാജപ്രതിനിധിയോടും ഗൃഹസ്ഥനോടും കൂടെ സാധനം ഇരിക്കുന്ന ഗൃഹത്തിലേക്കു ചെല്ലണം. മനുഷ്യന്റെ സകലസുകൃതദുഷ്കൃതങ്ങളേയും, മനോവാക്കായങ്ങളെക്കൊണ്ട് അവ എപ്പോൾ പ്രവൃത്തിപ്പാനിച്ഛിക്കുന്നുവോ അപ്പോൾതന്നെ ഒരു തടസ്ഥവും കൂടാതെ മുഴുവനും കണ്ടറിയുന്നവരായ സൂര്യചന്ദ്രാദികളെത്തന്നെ[1] ഇതിന്റെ സത്യാവസ്ഥ വെളിപ്പെടുത്തിത്തരേണ്ടതിനു പ്രാർത്ഥിക്കുകയും വേണം.

(1) 'ആദിത്യചന്ദ്രാവനിലാനലൌ ച ദ്യൌർഭൂമിരാപോ ഹൃദയം യമശ്ച
അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ ധർമ്മശ്ച ജാനാതി നരസ്യ വൃത്തം'

കുഡ്യേനാന്തരിതഃ സ്മാർത്തോ ദ്വാരോപാന്തേ നിവേശിതാം
പരോക്ഷമുപവിശ്യാഥ പൃച്ഛേദർത്ഥാൻ ഹൃദി സ്ഥിതാൻ 12

സാധനം ഇരിക്കുന്ന അകത്തോട്ടു തൊട്ട അകത്താകുന്നു സ്മാർത്തൻ ഇരിക്കേണ്ടത്. പ്രത്യക്ഷമായി അന്യോന്യം കാണരുത്. അവളെ വാതിലിന്നരികെ ഇരുത്തി സ്മാർത്തൻ ആലോചിച്ചു വന്ന ചോദ്യങ്ങൾ ചോദിക്കണം.

രാജപ്രതിനിധിസ്തസ്യ സന്നിധൌ മൌനമാശ്രിതഃ
വസ്ത്രാവഗുണ്ഠിതശിരാ നിവിശേതാവധാനതഃ 13

രാജപ്രതിനിധി മുണ്ടുകൊണ്ടു തല മറച്ച് ഒന്നും മിണ്ടാതെ സ്മാർത്തന്റെ സമീപത്തിൽ ഇരുന്ന് ഇവരുടെ ചോദ്യോത്തരങ്ങളിലെല്ലാം നല്ലവണ്ണം മനസ്സിരുത്തിക്കൊണ്ടിരിക്കണം.

അസമീചീനതാപ്രാപ്തൌ പ്രശ്നസ്യൈഷ ക്വചിൽ ക്വചിൽ
അപനീയ ശിരോവസ്ത്രം ഭൂതലേ നിക്ഷിപേൽ സുധീഃ 14

ചോദ്യം ശരിയാവുന്നില്ലെന്നു തോന്നുന്ന സമയം രാജപുരുഷൻ തലയിലിട്ട വസ്ത്രം നിലത്തിട്ടേക്കണം.

തം ദൃഷ്ട്വാ സമനുധ്യായ യഥാ മീമാംസകോദിതം
തഥൈവ പൃച്ഛേൽ സ്മാർത്തശ്ച ജായമാനേസ്യ സൌഷ്ഠവേ 15

ആയാളുടെ ഈ പ്രവൃത്തി കണ്ടാൽ സ്മാർത്തൻ തന്റെ ചോദ്യത്തിൽ വന്ന വ്യത്യാസം എന്താണെന്നാലോചിച്ചറിയണം. പിന്നെ മീമാംസകന്മാർ ആലോചിച്ചു പറഞ്ഞമാതിരിയിൽതന്നെ ചോദ്യം വീണ്ടും തുടങ്ങണം. ചോദ്യം ശരിയായി എന്നു കണ്ടാൽ പ്രതിനിധി വസ്ത്രം എടുത്തു ശിരസ്സിലിടുകയും വേണം.

സ തു തദ്വസ്ത്രമുദ്ധൃത്യ ഭൂയശ്ച ശിരസി ക്ഷിപേൽ
സന്ദിഗ്ധദോഷയാദ്ദത്താന്യുത്തരാണി ച താവുഭൌ 16

ധാരയേതാം പ്രയത്നേന സ്മാർത്തോ മീമാംസകാൻ പ്രതി
നിവേദയേച്ച തത്രാപി തസ്യ ധർമ്മഃ പുരോദിതഃ 17

തന്റെ ചോദ്യങ്ങൾക്കു സാധനം പറയുന്ന ഉത്തരങ്ങൾ സ്മാർത്തൻ നല്ലവണ്ണം കേട്ടു ധരിച്ചു മീമാംസകന്മാരോടു പറയണം. ആ സമയവും രാജപ്രതിനിധി ചെയ്യേണ്ടതു മുൻപറഞ്ഞ പ്രകാരം തന്നെയാകുന്നു.

ഏവം യാവൽ പ്രയത്നേന ദോഷസമ്മതിരേവ വാ
ഛേദോ വാ സംശയസ്യ സ്യാത്താവൽപര്യന്തമാചരേൽ 18

ഒന്നെങ്കിലോ ദോഷം സമ്മതിക്കുക, അല്ലെങ്കിൽ സംശയം തീരുക, ഇതിലേതെങ്കിലും ഒന്നുതീർച്ചപ്പെടുന്നതുവരെ ഇങ്ങിനെതന്നെ വിചാരം ചെയ്യണം.

സ്വീക്രിയേത യദൈവാഗഃ പൃഷ്ടാ ധർമ്മ്യേണ വർത്മനാ
തദാ താം സമ്മുഖീഭൂയ പൃച്ഛേൽ പ്രഥമപൂരുഷം 19

മര്യാദയ്ക്കു ചോദിച്ചു സമ്മതിക്കുന്ന പക്ഷം പിന്നെ മറ ആവശ്യമില്ല. സ്മാർത്തൻ അവളുടെ മുമ്പിൽ കാണേ ഇരുന്നു പ്രഥമപുരുഷൻ (ആദ്യത്തെ ജാരൻ) ആരാണെന്നു ചോദിക്കണം.

തസ്മിന്നുക്തേ തദന്യശ്ചേദസ്തി തം ചാപി വാചയേൽ
ഏവമാഗസ്കൃതസ്സർവ്വാംസ്തന്മുഖാച്ഛ്രണയാൽ ക്രമാൽ 20

അവന്റെ പേർ പറഞ്ഞാൽ പിന്നെ വേറെ ആരെല്ലാമുണ്ടെന്നു തിരക്കി ചോദിച്ചറിയണം. ഇങ്ങിനെ എത്ര പേരുണ്ടോ അവരെ എല്ലാം അവളുടെ മുഖത്തിൽനിന്നുതന്നെ കേട്ടറിയണം.

കാലമന്യച്ച സാപേക്ഷം സർവ്വം ചാപ്യവധാനതഃ
ശ്രുത്വാ ഹൃദി നിധായാഥ സ്ഥാനേ സംശയമാഗതം 21

മീമാംസകാംശ്ച വിജ്ഞാപ്യ പാർശ്വസ്ഥേ രാജപൂരുഷേ
പ്രഥമോയം ദ്വിതീയോയമിതി രീത്യാ തു തന്മുഖാൽ 22

ശ്രുതം യഥാ തഥാ സർവ്വമഥ തൈരഖിലൈരപി
രാജാപി ചോപസർത്തവ്യ ആവേദ്യം തത്ര ചാഖിലം 23

അതാതു പുരുഷന്മാരുമായി ഒന്നാമതായി സംസർഗ്ഗം ചെയ്ത കാലവും മറ്റു സകല വിവരവും ചോദിച്ചറിയണം. അതിൽ ഒന്നുപോലും വിടാതെ മീമാംസകന്മാർക്കു മനസ്സിലാക്കിക്കൊടുക്കണം. ഒന്നാമൻ ഇന്ന ആൾ, രണ്ടാമൻ ഇന്ന ആൾ, എന്നിങ്ങിനെ ക്രമത്തിലെല്ലാ വിവരവും ധരിച്ചതിന്നു ശേഷം എല്ലാവരുംകൂടി രാജാവിന്റെ സമീപത്തിൽ ചെന്നു വിവരങ്ങളെല്ലാം പറഞ്ഞു കേൾപ്പിക്കണം.

ആവേദനസ്യ സമ്യക്ത്വേ വൈപരീത്യേ ച പൂരുഷഃ
രാജ്ഞസ്തത്ര ന സാക്ഷീ സ്യാത്തേ തു മീമാംസകാസ്തഥാ 24

അനാവൃതശിരാ ഏവ തസ്മാത്തത്ര പ്രവിശ്യ സഃ
സ്മാർത്തേനാവേദ്യമാനേഷു ദത്തകർണ്ണോ വസേൽ ക്വചിൽ 25

സ്മാർത്തൻ രാജാവിനോടു വിവരങ്ങൾ പറയുമ്പോൾ രാജപ്രതിനിധി ഒരു സാക്ഷിയായി നില്ക്കേണ്ട ആവശ്യമില്ല. അതിനാൽ അവൻ തലയിൽ മുണ്ടിടേണ്ട. എന്നാൽ ആ പ്രതിനിധിയും മീമാംസകന്മാരും, സ്മാർത്തൻ പറയുന്നതെന്തെല്ലാമാണെന്നു ചെവി കൊടുത്തു കേട്ടുംകൊണ്ട് അവിടെ എങ്ങാനും നില്ക്കയും വേണം.

ആവേദനസ്യാസമ്യക്ത്വേ സ്മാർത്തം മീമാംസകാഃ സ്വയം
സ്മാരയേയുഃ ശ്രുതം സമ്യഗ് ബ്രൂയുർവ്വാ സ്വയമേവ തൽ 26

സ്മാർത്തൻ പറയുന്നതു ശരിയാവുന്നില്ലെന്നു കണ്ടാൽ മീമാംസകന്മാർ സ്മാർത്തനെ യഥാർത്ഥം ഓർമ്മപ്പെടുത്തണം. അവർക്കുതന്നെ നേരിട്ടു പറയുന്നതിന്നും വിരോധമില്ല. ഇതെല്ലാം കഴിഞ്ഞാൽ രാജപ്രതിനിധി അവിടെനിന്നു യഥേഷ്ടം പൊയ്ക്കൊൾകയേ വേണ്ടു. (ആ സദസ്സിൽവെച്ചു രാജാവിനോടു പറയേണ്ടതായി ആയാൾക്കു യാതൊന്നുമില്ലെന്നു താല്പര്യം. എന്നാൽ സ്മാർത്തന്റേയും മീമാംസകന്മാരുടേയും പ്രവൃത്തിയിലുള്ള ന്യൂനാതിരേകങ്ങളെ വേറെ സ്വകാര്യമായി രാജാവിനെ ധരിപ്പിക്കേണ്ട ഭാരം പ്രതിനിധിക്കുള്ളതു തന്നെയാകുന്നു)

അഥാവസിത ഏതസ്മിൻ ബഹിർഗ്ഗച്ഛേൽ സ പൂരുഷഃ
അഥ താം നിജദേശ്യേന വിധിനാ ഖ്യാപിതാഗസം 27

ബഹിർവ്വിധായ കുത്രാപി വാസയേന്നിജമണ്ഡലേ
പശ്ചാത്താപവതീം പശ്ചാദപ്രമാദപരായണാം 28

ഇങ്ങിനെ താൻ ചെയ്ത അപരാധം ഒന്നുപോലും മറച്ചുവക്കാതെ എല്ലാം വെളിവായി സമ്മതിച്ചു പറഞ്ഞ സാധനത്തെ കൈകൊട്ടി പുറത്താക്കി ആ രാജ്യത്തുതന്നെ എവിടെ എങ്കിലും ഒരു ദിക്കിൽ പാർപ്പിക്കണം. കഷ്ടമേ ഞാനിങ്ങിനെ ചെയ്തുപോയല്ലോ എന്നു പശ്ചാത്താപമുള്ളവളും, മേലിൽ യാതൊരു തെറ്റുംകൂടാതെ നടന്നുകൊള്ളാമെന്നുറയ്ക്കുന്നവളു മാണെങ്കിൽ, ഭ്രഷ്ടയായാലും അവൾക്കു ഭക്ഷണത്തിന്നു കൊടുക്കാതെ ഇട്ടു വലയ്ക്കരുത്. (രാജാവ് അവളുടെ ജീവിതാവസാനം വരെ, അല്ലെങ്കിൽ വീണ്ടും ദുരാചാരം ഉടങ്ങുന്നതു വരെ, അവൾക്ക് അത്യാവശ്യം നിത്യവൃത്തിക്കൊന്നിന്നും ബുദ്ധിമുട്ടുകൂടാതെ കഴിക്കണമെന്നു താല്പര്യം)

അവൃത്യാ നൈവ യുജ്ജീത താം ഭ്രഷ്ടാമപി പാർത്ഥിവഃ
പൂരുഷാശ്ച ബഹിഷ്കാര്യാസ്സർവ്വേ തന്മുഖതഃ ശ്രുതാഃ 29

കാലജാംസ്തു യഥാകാലമധഃ കുര്യാദ്യഥാശ്രുതം
ദുഷ്ടായമവിദുഷ്ടാംശ്ച സംശയേപി ച നിശ്ചയേ 30

ദുഷ്ടായാം ജാരജാൻ സർവ്വാൻ ബഹിഷ്കർവ്വീത നിശ്ചയേ
ഏവം കുലേഭ്യ ഉദ്ധൃത്യ സർവ്വേഭ്യഃ കുലദൂഷകാൻ 31

അവളുടെ മുഖത്തുനിന്നു കേട്ടിട്ടുള്ള ജാരന്മാരായ സകല പുരുഷന്മാരേയും ജാതിയിൽനിന്നു പുറത്താക്കണം.

(ഇക്കാര്യത്തിൽ വലിയൊരാക്ഷേപം ചിലർ പറഞ്ഞുവരുന്നു — ഭ്രഷ്ടയാക്കി പുറത്തു തള്ളിയതിന്നുശേഷം അവളിൽ ഒരുവൻ ഗമിച്ചാൽ അവനെ ഒരു വേശ്യാഗമനദോഷത്തിന്നുള്ള പ്രായശ്ചിത്തം ചെയ്യിച്ചെടുക്കുന്നതല്ലാതെ ജാതിയിൽനിന്നു തള്ളാറില്ലല്ലോ. ആ സ്ഥിതിക്ക്, ആദ്യം പരപുരുഷനായിട്ടു സംസർഗ്ഗം ഉണ്ടായിക്കൂടുമ്പോൾതന്നെ അവൾ ഭ്രഷ്ടയായില്ലേ? പിന്നെ അവളിൽ പ്രവേശിക്കുന്ന ദ്വിതീയാദിപുരുഷന്മാർക്കു വേശ്യാഗമനദോഷത്തിലധികമായിട്ടൊരു തെറ്റു കല്പിക്കുന്നത് ഉചിതമോ? പ്രഥമപുരുഷനെമാത്രം ഭ്രഷ്ടനാക്കിത്തള്ളുകയും മറ്റുള്ളവരെ എല്ലാം വേശ്യാഗമന പ്രായശ്ചിത്തംചെയ്തു ജാതിയിലേക്കു എടുക്കുകയും ചെയ്യുന്നതല്ലേ ന്യായം? ഈ ആക്ഷേപം സൂക്ഷ്മത്തിൽ നിസ്സാരമാകുന്നു. ഈ സാധനത്തിന്റെ കുലസ്ത്രീത്വം പോകുന്നത് എപ്പോഴാകുന്നു? അതു കൈകൊട്ടി പുറത്താക്കുന്ന ദിവസമല്ലെ? അന്നു മുതല്ക്കാകുന്നു ജനങ്ങൾ അവളെ ഒരു വേശ്യയായി സങ്കല്പിക്കുക. അതുവരെ ജനങ്ങളുടെ ധാരണ ഇത് ഒരു അന്തർജ്ജനമെന്നു തന്നെയാകുന്നു. അപ്പോൾ ആ വക പുരുഷന്മാർക്ക് അന്തർജ്ജനത്തിൽ പ്രവേശിച്ചാലുള്ള ദോഷവുമുണ്ടല്ലൊ. പരമാർത്ഥമായി ആ കാലങ്ങളിൽ അവരുടെ വിചാരം എന്തായിരിക്കും? ഇതൊരന്തർജ്ജനമെന്നോ വേശ്യയെന്നോ? പിന്നെ ഏതൊരു പ്രമാണംകൊണ്ടാണ് ഇങ്ങിനെ വിചാരംചെയ്തു തള്ളേണമെന്നു പറയുന്നത്, അതോടുകൂടിത്തന്നെ സകലജാരപുരുഷന്മാരേയും തള്ളേണമെന്നുള്ള പ്രമാണവും കാണ്മാനുമുണ്ട്. പ്രമാണത്തിന്റെ ഒരു ഭാഗം സ്വീകാര്യമാണെന്നും മറ്റെ ഭാഗം ത്യാജ്യമാണെന്നും പറയുന്നതു യുക്തിക്കു ചേരുമോ? അതിന്നെല്ലാം പുറമെ

ഇങ്ങിനെ ഒരാചാരം എന്നൊരു കാലത്തു തുടങ്ങിയതാണെന്നു നിശ്ചയവുമില്ലല്ലൊ. പരമ്പരാചാരത്തെ വിട്ടുനടപ്പാനല്ല മഹാന്മാർ ശ്രമിക്കേണ്ടത്. 'ജാതി' എന്നൊരു സമ്പ്രദായം വേണമെന്നുണ്ടെങ്കിൽ അതാതു ജാതിയിലുള്ള പരമ്പരാചാരത്തെ നവീകരിക്കാതിരിക്കുന്നതാണ് ഉത്തമപക്ഷം. പിന്നെ സതീരത്നങ്ങളെ ദോഷപ്പെടുത്തുവാൻ കരളുറപ്പുള്ള ദുഷ്ടബുദ്ധികളെ വേരോടെ നീക്കം ചെയ്യാതെ വീണ്ടും മറ്റോരോ സന്ദർഭങ്ങളിൽ 'ദ്വിതീയനാണ്, തൃതീയനാണെ'ന്നു മെച്ചം നടിപ്പാൻ വെച്ചേക്കുന്നതും ഒരിക്കലും സമുദായക്ഷേമത്തിന്നുതകുന്നതല്ലെന്നു തീർച്ചതന്നെ. അതിനാൽ നവീനന്മാരുടെ ഈ ജാതിസങ്കരോപായം ഒരിക്കലും ഗ്രാഹ്യമല്ലെന്നു തീർച്ചതന്നെ). ജാരസംസർഗ്ഗം തുടങ്ങിയ കാലത്തിന്നുശേഷം ആ സ്ത്രീയിലുണ്ടായ പുത്രന്മാരെ 'കാലത്തിൽ പെട്ടവ'രെന്നു പറയും. അവരിൽ ആ സ്ത്രീയെ വിവാഹംചെയ്ത സ്വന്തം ഭർത്താവിനാൽ ഉല്പാദിപ്പിക്കപ്പെട്ടവരാണെന്നു സംശയിക്കപ്പെടുന്നവരേയും നിശ്ചയിക്കപ്പെട്ടവരേയും ജാതി താഴ്ത്തി വെക്കണം. (ഇവരിൽ ഉപനയനം കഴിഞ്ഞവർക്കു ചാക്യാന്മാർ ചോറുകൊടുത്ത് ആ വർഗ്ഗത്തിലെക്കും, ഉപനയനം കഴിയാത്തവർക്കു നമ്പ്യാന്മാർ ചോറുകൊടുത്ത് അവരുടെ വർഗ്ഗത്തിലേക്കും ചേർത്തുവരുമാറുണ്ട്. ഇതിൽതന്നെ ഭർത്താവിന്റെ അറിവോടുകൂടിയാണ് വ്യഭിചാരം നടന്നതെന്നു തെളിയുന്നപക്ഷം ഭർത്താവിന്നും ഭ്രഷ്ടുണ്ടാകയാൽ ആയാളിൽനിന്നുണ്ടായവരാണെന്നു നിശ്ചയമുണ്ടെങ്കിൽകൂടി ആവക പുത്രന്മാരെ സൂതകുലത്തിലേക്കു ചേർക്കാവുന്നതല്ല. പാത്രത്തിന്ന് അശുദ്ധിയുണ്ടെങ്കിലും ബീജത്തിന്നു ശുദ്ധിയുണ്ടായിരിക്കണം. എന്നാൽ മാത്രമേ സൂതന്മാർക്കു സ്വീകാര്യമായി വരുകയുള്ളു എന്നു താല്പര്യം). ഈ സ്ത്രീയിൽ ജാരന്മാർക്കുണ്ടായവരാണെന്നു തീർച്ചപ്പെട്ട പുത്രന്മാരെ ജാതിയിൽനിന്നു നീക്കണം. (സൂതന്മാർക്കുകൂടി സ്വീകരിപ്പാൻ പാടില്ലെന്നർത്ഥം).

വർണ്ണാശ്രമോദിതാൻ ധർമ്മാൻ സംരക്ഷേൽ കൃതധീഃ സദാ
സന്ദിഗ്ദ്ധാർത്ഥസ്യ ശുന്യത്വേ ദാസീപ്രശ്നേന നിശ്ചിതേ 32

ഇങ്ങിനെ ഇതിൽപെട്ട സകലതറവാടുകളിൽനിന്നും ദുഷ്ടന്മാരെ തിരഞ്ഞെടുത്തു നീക്കം ചെയ്തു രാജാവ് വർണ്ണാശ്രമധർമ്മങ്ങളെ നിലനിർത്തേണ്ടതാകുന്നു. ദോഷവതിയാണു തന്റെ ഭാര്യ എന്നു ഗൃഹസ്ഥന്നു വൃഥാ ദോഷശങ്ക ഉത്ഭവിക്കുകയും, അതു കേവലം ഇല്ലാത്തതാണെന്നു ദാസിവിചാരത്താൽ തീർച്ചപ്പെടുകയും ചെയ്യുന്നപക്ഷം, ഈ ശുഷ്കസംശയമുണ്ടായിത്തീർന്നതിന്ന് ആയാളെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

സമാനാഭിജനാഃ ബ്രൂയുഃ ശുഷ്കസംശയനിഷ്കൃതിം
അശുന്യത്വേ വിധായാംബുവിച്ഛേദം താൻ ഗൃഹാൽ ബഹിഃ 33

നിസ്സാര്യ രാജ്ഞാ നിർദ്ദിഷ്ടേ കാലേ ശുദ്ധൈർജ്ജനൈസ്സഹ
വിധായ ചൈനസഃ ശാന്തിം ഗൃഹസ്ഥോ ഭോക്തുമർഹതി 34

ഏവമേവ ബഹിഷ്കൃത്യ പുരുഷാംസ്തൽകുലോത്ഭവാഃ
തത്സംസർഗ്ഗഭവാൻ ദോഷാൻ പ്രായശ്ചിത്തൈർവ്യപോഹ്യ ച 35

അതല്ല ദോഷം ഉണ്ടെന്നാണ് തീർച്ചപ്പെട്ടതെങ്കിൽ ആവകക്കാരെ എല്ലാം പുറത്താക്കി പടി അടച്ച് ഉദകവിച്ഛേദം ചെയ്തു പിണ്ഡം വെച്ചു പ്രായശ്ചിത്തം ചെയ്തു ശുദ്ധഭോജനം കഴിക്കണം.

സഭ്യൈസ്സമാനാഭിജനൈസ്സഹ ഭുഞ്ജീയുരേവ തേ
സംസർഗ്ഗാദ്ദുഷ്ടതാം നിത്യനൈമിത്തികമശേഷതഃ 36

ദൂഷിതം തദ്വിശുദ്ധ്യർത്ഥം പ്രായശ്ചിത്തം വിധീയതേ

ദുഷ്ടന്മാരെ ദുഷ്ടന്മാരാണെന്നറിയാതെ അവരോടുകൂടിക്കഴിവാൻ ഇടവന്നുപോയതു നിമിത്തം ശുദ്ധന്മാരുടെ അനേകം നിത്യനൈമിത്തിക കർമ്മങ്ങൾക്കു ദോഷം സംഭവിച്ചിട്ടുണ്ടായിരിക്കും. ആവക ദോഷം തീരാൻ വേണ്ടിയാകുന്നു ശുദ്ധന്മാർക്കു പ്രായശ്ചിത്തം വിധിക്കപ്പെട്ടിട്ടുള്ളത്.

ഇത്യഷ്ടമസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

അധ്യായം 8 പാദം 2

### ബാലകാശുദ്ധിവിചാരം

സംസ്കാരൈസ്സ്കൃതൈഃ പ്രാപ്തേ കാലേ പുംസവനാദിഭിഃ
ഗാർഭികാൽ ബൈജികാച്ചാഘാൽ പുത്രോ രക്ഷ്യഃ കുടുംബിനാ 1

ജനിക്കുന്ന ശിശുവിന്നു ബീജദോഷത്താലും ന്യൂനത സംഭവിപ്പാനിടയുണ്ട്. അതാതുകാലത്തിൽ വിധിച്ചിരിക്കുന്ന പുംസവനാദിസംസ്കാരങ്ങളെ വേണ്ടവിധം ചെയ്ത്, കുടുംബി തന്റെ പുത്രനെ മേൽപറഞ്ഞ ദോഷങ്ങളിൽ നിന്നു രക്ഷിക്കണം.

തേഷാം കാലാനനുഷ്ഠാനേ വക്ഷ്യമാണം വിധിം ചരേൽ
ഉൽകർഷാപാദകം കർമ്മ സംസ്കാരോ ഹി ദ്വിജന്മനാം 2

പുംസവനാദികർമ്മങ്ങൾ അതാതിന്നു വിധിച്ചിട്ടുള്ള കാലത്തു ചെയ്യുവാൻ സാധിക്കാതെ പോയാൽ പിന്നീട്ടു ചെയ്യുമ്പോൾ, പ്രായശ്ചിത്തകാണ്ഡത്തിൽ വിവരിക്കുന്നതായ പ്രായശ്ചിത്തം കൂടി ചെയ്യണം. മേൽപറഞ്ഞ സംസ്കാരങ്ങളാകുന്നു ബ്രാഹ്മണന്ന് ഉൽകർഷത്തെ ഉണ്ടാക്കുന്നത്.

ജന്മമാത്രേണ ശൂദ്രാസ്തേ ദ്വിജത്വം കർമ്മനിർമ്മിതം
ഏവമപ്യവനീദേവശിശവേ സ്തന്യപായിനേ 3

ബ്രാഹ്മണകുമാരന്മാർ ജനിക്കുമ്പോൾ ശൂദ്രതുല്യന്മാരാകുന്നു. പിന്നെ ബ്രാഹ്മണ്യമുണ്ടായിത്തീരുന്നതു കർമ്മങ്ങളെക്കൊണ്ടാകുന്നു. ('ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ' എന്നു വജ്രസൂചിയിലും കാണുന്നു). എങ്കിലും ബ്രാഹ്മണശിശുവിന്നു ശൂദ്രസ്ത്രീയെക്കൊണ്ടു മുല കൊടുപ്പിക്കരുത്. അതു സുകൃതത്തെ നശിപ്പിച്ചുകളയും.

സ്തന്യം ന ദാപയേൽ പാതും ശൂദ്രയാ സുകൃതാഗ്രഹീ
വൃഷലീസ്പൃഷ്ടയാ മാത്രാ ദീയമാനൌ സ്തനൌ പിബൻ 4

ശൂദ്രസ്ത്രീയെ തൊട്ടാൽ കുളിക്കുന്നതിന്നു മുമ്പെ ബ്രാഹ്മണസ്ത്രീ മുല കൊടുത്താൽ ആ ശിശുവിന്റെ ബ്രഹ്മതേജസ്സു നശിക്കും.

സ്നാനാൽ പ്രാക് ശിശുരബ്രഹ്മവർച്ചസീ സ്യാദസംശയം
സൂതവത്യാ ശുചിർദ്ദാസീ ത്വാശൌചാപഗമാൽ പുരാ 5

സ്പർശേ രജകനിർണ്ണിക്തം വാസഃ സർവ്വം ച നാന്യദാ
അശുദ്രയാ ന ച സ്തന്യം ദാപയേദപവിത്രയാ 6

പെറ്റാൽ പുല പോകുന്നതുവരെ ഈറ്റില്ലത്തു തൊട്ടിരിക്കുന്ന പര്യപ്പെട്ടവൾ ശുചിയാകുന്നു. (അവളെ തൊട്ടാൽ പെറ്റു കിടക്കുന്ന അന്തർജ്ജനത്തിന്നു കുളിക്കേണ്ട എന്നർത്ഥം.) ആവക അശുദ്ധികൾ തീരാൻവേണ്ടിയാകുന്നു മാറ്റുടുത്തു കുളിക്കുന്നത്. പുല പോയാൽ പിന്നെ അവളെ തൊട്ടാൽ കുളിക്കണം. അമ്പലവാസിസ്ത്രീകൾക്കു ബ്രാഹ്മണശിശുവിന്നു മുല കൊടുക്കാം. പക്ഷേ അവരും ശുദ്ധം മാറീട്ടുള്ള സമയത്തു കൊടുക്കരുത്. അമ്മയുടെ മുലയിൽ പാലുള്ളപക്ഷം മറ്റൊരാളെക്കൊണ്ടു മുല കൊടുപ്പിക്കരുത്.

സ്തന്യേ മാതുർവ്വിദ്യമാനേ നേതരസ്യാഃ പ്രശസ്യതേ
അസ്പൃശ്യസ്പൃഷ്ടമസ്നാനം വാരയേൽ പാനഭോജനാൽ 7

മാസാദാദ്വാദശാൽ ബാലഃ പ്രോക്ഷണേന ഭവേച്ഛുചിഃ
ബാലസ്യ ശൂദ്രസ്പർശേ തു നാശുദ്ധിഃ ക്വചിദിഷ്യതേ 8

ബ്രാഹ്മണശിശു തൊട്ടാൽകുളിക്കേണ്ടവരെ തൊട്ടു കുളിക്കുന്നതിന്നു മുമ്പായി വെള്ളം കുടിക്കുകയോ ഉണ്ണുകയോ ചെയ്യരുത്. എന്നാൽ ഒരു വയസ്സു തികയുന്നതു വരെ കുളിപ്പിക്കുന്നതിന്നു പകരം ചെമ്പിലെ വെള്ളം തളിച്ചാൽ മതി. (ചൌളം കഴിയുന്നതു വരെ) ശൂദ്രനെ തൊട്ടാൽ അശുദ്ധിയില്ല. (കുട്ടികളെ കുളിപ്പിക്കേണ്ടി വരുന്നതായ സന്ദർഭങ്ങളിൽ മറ്റൊരാൾ കുട്ടിയെ എടുത്തു മുങ്ങുകയായിരുന്നു പതിവ്. ഇതിൽ രക്ഷിതാക്കന്മാരുടെ നോട്ടക്കുറവുകൊണ്ടു ചിലപ്പോൾ കുട്ടികൾ ഭയപ്പെട്ടു പോകയും രോഗങ്ങൾക്കും കാരണമുണ്ടായിത്തീരുകയും ചെയ്യുന്നു.

കടിവൽ കടിസൂത്രം തു കണ്ഠസൂത്രം ച കണ്ഠവൽ
ബാലകസ്യ ലലാടസ്ഥാ സേപനം തു ലലാടവൽ 9

അരഞ്ഞാച്ചരടും കഴുത്തിലെ ചരടും മുക്കിയതാണെങ്കിലും അതു ധരിച്ചിരിക്കുന്നസമയം ശൂദ്രാദികൾ തൊട്ടാലും അശുദ്ധിയില്ല. അതുപോലെതന്നെ നിർമ്മാല്യചന്ദനം കുറിയിട്ടസമയത്തും തൊടുന്നതിന്നു വിരോധമില്ല.

സ്തന്യപസ്യ ശുചിർമ്മാതാ സ്തന്യപാനേ രജസ്വലാ
വയസസ്തു ചതുർത്ഥാൽ പ്രാഗ്വിധിരേഷ പ്രദർശിതഃ 10

മുലകുടിയുള്ള ബാലന്നു മൂന്നുവയസ്സു കഴിയുന്നുവരെ തീണ്ടാർന്നിരിക്കുന്ന തന്റെ അമ്മയെ തൊട്ടാൽ കുളിക്കേണമെന്നില്ല. ('സ്തന്യപസ്യ' എന്നു പറഞ്ഞതുകൊണ്ടു രണ്ടാമതു ഗർഭമുണ്ടായി എങ്കിൽ തൊട്ടുകൂടെന്നും, 'മാതാ' എന്നതുകൊണ്ട് അന്യസ്ത്രീകളെ സ്പർശിച്ചുകൂടെന്നും സിദ്ധമായി. രജസ്വലയെ തൊടുന്ന സമയം നൂൽചരട്ട

ധരിച്ചിട്ടുണ്ടെങ്കിൽ അതു മുക്കാതെ ശുദ്ധമായി മറ്റുള്ളവർ തൊട്ടുവരുമാറില്ല. 'സ്തന്യപസ്യ' എന്ന വിശേഷണത്താൽ മുലകുടിപ്പാൻ മാത്രമേ തൊടാവൂ എന്നു സിദ്ധിക്കുന്നു. ഭക്ഷണാദികൾ ശുദ്ധമായിട്ടുള്ളവർ തന്നെ കൊടുക്കണം.)

ഉച്ഛിഷ്ടം പിതൃശേഷം ച സ്ത്രീശേഷം ഗതവാസരം
ഹിംഗമച്ചാശയേന്നൈവ കിഞ്ചിൽ ദ്രവ്യം ഗൃഹീ സുതം 11

എച്ചിൽചോറ്,കവ്യം, സ്ത്രീകൾ ഉണ്ടതിന്റെ ബാക്കി, പഴഞ്ചോറ്, കായംകൂട്ടിയ കറി ഇതൊന്നും കുട്ടികൾക്കു കൊടുക്കരുത്.

ആരഭ്യ വപനാൽ പുത്രം വൃഷലസ്പൃഷ്ടമംബുനി
സ്നപയേന്ന ച ശൂദ്രാന്നം കാമചാരോപി സോർഹതി 12

ചൌളത്തിന്നുശേഷം ശൂദ്രനെ തൊട്ടാൽ കുളിപ്പിക്കണം. (ഇവിടെ ചൌളത്തിന്റെ കർമ്മകാലങ്ങളിൽ കർമ്മത്തെ മാത്രമാണ് ഗ്രഹിക്കുന്നത്, കാലത്തെ അല്ല). ശൂദ്രനെ തൊടാവുന്ന കാലങ്ങളിലും ശൂദ്രനെ തൊട്ടുകൊണ്ടു വല്ലതും ഭക്ഷിക്കരുത്.

അക്ഷരാരംഭണാദീനി യഥാകാലം സമാചരേൽ
യഥാ സ തു വിനീതസ്സ്യാത്തഥാ വർത്തേത യത്നവാൻ 13

ദുഹിതൃഷ്വപി തുല്യോയമുക്തസ്സംക്ഷേപതോ വിധിഃ
ദ്രഷ്ടവ്യോ വിസ്തരസ്തസ്യ ഭാർഗ്ഗവോക്തമഹാഗമേ 14

വിദ്യാഭ്യാസം മുതലായതെല്ലാം അതാതു കാലങ്ങളിൽ വേണ്ടവിധം ചെയ്യിക്കണം. ഏതുവിധമായാലാണോ ബാലൻ വിനീതനായിത്തീരുന്നത് അതേ മാതിരിയെല്ലാം പ്രവൃത്തിക്കേണ്ട ഭാരം രക്ഷിതാവിന്നുള്ളതാകുന്നു. ഈ പറഞ്ഞതെല്ലാം കന്യകമാർക്കും തുല്യമാകുന്നു. വിസ്തരം ഭാർഗ്ഗവസ്മൃതിയിൽ നിന്നറിഞ്ഞുകൊള്ളണം. (പെൺകിടാങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ട കാര്യത്തിൽ മലയാളബ്രാഹ്മണർ അതിയായ വൈരസ്യം കാണിച്ചുവരുന്നുണ്ട്. അവരെ ഒരു മനുഷ്യശിശു ക്കളാണെന്നു തന്നെ ബ്രാഹ്മണർ വിചാരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. പ്രമാണപ്രകാരം നോക്കുന്നതായാൽ ഒരു ഭേദവും കാണ്മാനില്ല. അക്ഷരപരിജ്ഞാനമുണ്ടായാൽ അതു വ്യഭിചാരാദിദോഷങ്ങൾക്കു കാരണമാണെന്നു കൂടി ചിലർ പറയാറുണ്ടെന്നു തോന്നുന്നു. സമുദായക്ഷേമത്തെ ആശംസിക്കുന്നവരായ പരിഷ്കൃതജനങ്ങൾ സ്ത്രീവിദ്യാഭ്യാസത്തെ കൊണ്ടാടുകയും അതുനിമിത്തം അവർ അതിയായ ശ്രേയസ്സനുഭവിക്കുകയും ചെയ്തുവരുന്ന സ്ഥിതിക്ക് ഇക്കാര്യ ത്തിൽ മലയാളബ്രാഹ്മണർ ഒരു പുനരാലോചന ചെയ്യേണ്ടതാണെന്നാണ് എന്റെ പക്ഷം. പക്ഷേ ഉണ്ണികളുടെ വിദ്യാഭ്യാ സത്തിൽത്തന്നെ നിഷ്കർഷയില്ലാത്തവരോട് ഇക്കാര്യത്തെപ്പറ്റി പിറുപിറുക്കേണ്ട കാലമായിട്ടില്ലെന്നും പറയാതെ നിവൃത്തിയില്ല).

ഏകം ത്യജേൽ കുലസ്യാർത്ഥേ ബഹ്വർത്ഥേ ദ്വൌ പരിത്യജേൽ
ഗൃഹാർത്ഥേ തു ത്യജേൽ സർവ്വമാത്മനോർത്ഥേ ഗൃഹാനപി 15

ഒരു തറവാട്ടു രക്ഷിപ്പാൻവേണ്ടി ഒരാളെ ഉപേക്ഷിക്കാം. രണ്ടിൽ അധികം ആളുകളെ രക്ഷിക്കാമെങ്കിൽ രണ്ടാളെ ത്യജിക്കാം. തന്റെ ഗൃഹരക്ഷയ്ക്കുവേണ്ടി മറ്റു സകലവും കൈവിടാം. തന്നെ രക്ഷിപ്പാൻവേണ്ടി ഗൃഹത്തെത്തന്നെ ഉപേക്ഷിക്കാം. (തന്നെത്താൻ രക്ഷിപ്പാനാണ് മനുഷ്യൻ ഒന്നാമതായി നോക്കേണ്ടതെന്നു താല്പര്യം).

ഉപാദ്ധ്യായമവക്താരം ത്യജേച്ഛിഷ്യമപാഠകം
അദുഗ്ദ്ധദോഹിനീം ഗാം ച രാജാനം ചാപ്യരക്ഷകം 16

ദാസാനാത്മനിയതംശ്ച ഭാര്യാമപ്രിയവാദിനീം
ബിഭൃയാന്ന ഗൃഹീ വിദ്വാനാത്മരക്ഷണതല്പരഃ 17

വേണ്ടവിധം വിദ്യ ഉപദേശിച്ചുതരാത്ത ഉപാധ്യായനേയും, പറഞ്ഞുകൊടുത്താൽ പഠിക്കാത്ത ശിഷ്യനേയും, പാലില്ലാത്ത പശുവിനേയും, രാജ്യം രക്ഷിക്കാത്ത രാജാവിനേയും, തന്നെ ഇങ്ങോട്ടു ശാസിക്കുന്ന ഭൃത്യന്മാരേയും ഉപേക്ഷിക്കണം.

യൽ സ്വഗൃഹ്യോദിതം കർമ്മ കാര്യത്വേന ദിനേ ദിനേ
പ്രത്യഹം തദനുഷ്ഠായീ കാമ്യകർമ്മാണി വർജ്ജയേൽ 18

അവനവന്റെ ഗൃഹ്യവിധിപ്രകാരം ചെയ്യേണ്ടതായ നിത്യകർമ്മങ്ങളെ ചെയ്യണം.എന്നാൽ കാമാർത്ഥമായ യാതൊരു കർമ്മവും ചെയ്യരുത്.

പ്രതിപക്ഷം ച യൽ കൃത്യം പ്രതിമാസമഥാപി വാ
പ്രത്യബ്ദമപി ഗൃഹ്യോക്തം തൽ സർവ്വമനുവർത്തയേൽ 19

പക്ഷംതോറും ചെയ്യേണ്ടതായ സ്ഥാലീപാകാദികളേയും, മാസംതോറും ചെയ്യേണ്ടതായ സംക്രമസ്നാനാദിയേയും,

കൊല്ലംതോറും ചെയ്യേണ്ടതായ സ്ഥാലീപാകാദികളേയും, മാസംതോറും ചെയ്യേണ്ടതായ സംക്രമസ്നാനാദിയേയും, കൊല്ലംതോറും ചെയ്യേണ്ടതായ ശ്രാദ്ധാദികളേയും യഥാകാലം ചെയ്യണം.

പ്രതിഷിദ്ധാന്നിവർത്തേത സർവ്വസ്മാദപി യത്നവാൻ
പ്രാരബ്ധഭോഗൈസ്തൃപ്യേത ന കുര്യാൽ കാമനാം ക്വചിൽ 20

പ്രതിഷിദ്ധമായ സകലകർമ്മങ്ങളിൽ നിന്നും പിന്മാറണം. അന്നന്നു ദൈവോപനതമായ സുഖം കൊണ്ടു തൃപ്തിപ്പെടുന്നതല്ലാതെ ഒന്നിനേയും ആഗ്രഹിച്ചു കാമ്യകർമ്മങ്ങളെ ചെയ്യരുത്.

ഏതാവത്യാത്മരക്ഷേയം വിപ്രസ്യ ഗൃഹിണഃ സ്മൃതാ
ഏവം ക്രമാൽ ഗൃഹാദീനാം രക്ഷയാ വിന്ദതേ സുഖം 21

ആത്യന്തികമിഹാന്യത്ര യൽകാമസ്തൽ സമാപ്നുയാൽ
തദപ്യേതാദൃശം ജ്ഞാത്വാ തത്ര സക്തശ്ച മാ സ്മ ഭൂൽ 22

ഇതെല്ലാമാകുന്നു ഗൃഹസ്ഥാശ്രമിയായ ബ്രാഹ്മണന്നു് ആത്മരക്ഷ. ആത്മരക്ഷയ്ക്കു ദോഷം നേരിടാത്തവിധം ഗൃഹപുത്രാദികളെ രക്ഷിക്കുന്നവൻ ഇഹലോകപരലോകങ്ങളിൽ സിദ്ധിക്കേണ്ടതായ സകലസുഖങ്ങളേയും പ്രാപിക്കുന്നതാകുന്നു. (സുഖദുഃഖങ്ങൾ ദൈവായത്തങ്ങളാണെന്നറിയണം. എന്നാൽ വിധിക്കപ്പെട്ട കർമ്മങ്ങളെ സശ്രദ്ധം ചെയ്യാതിരിക്കരുത്. അതു കർത്തവ്യമാണെന്നല്ലാതെ). ആ വക കർമ്മങ്ങളെ ചെയ്യുന്നതുകൊണ്ടു സിദ്ധിക്കുന്നതായ ഫലത്തിൽ ഇച്ഛിച്ചുപോകരുതെന്നു വീണ്ടും ഉപദേശിക്കുന്നു. (കാമ്യകർമ്മപരിത്യാഗമാകുന്നു ഹിന്ദുമതതത്ത്വവേദികൾ എല്ലാടവും ഉൽഘോഷിക്കുന്നത്. എങ്കിലും അന്യദേശീയന്മാർ വീണ്ടും കാമ്യകർമ്മങ്ങളെ ചെയ്തു വരുന്നു. എന്നാൽ മലയാളികൾ ഉപദേശിക്കുന്നതും പ്രവൃത്തിക്കുന്നതും ഒരേ നിലയിലാണെന്നുള്ള കാര്യം നമുക്കു വലിയ മെച്ചംതന്നെയാണ്).

ഇത്യഷ്ടമസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ

അധ്യായം 8 പാദം 3

### ഗൃഹസ്ഥന്റെ സാമാന്യധർമ്മങ്ങൾ 1

കർമ്മാരംഭേഷു സർവ്വേഷു ദേവഃ പൂജ്യോ ഗണാധിപഃ
മാതരശ്ച ഗൃഹസ്ഥേന ബ്രാഹ്മണേന വിജാനതാ 1

ഗൌരീ പത്മാ ശചീ മേധാ സാവിത്രീ വിജയാ ജയാ
ദേവസേനാ സ്വധാ സ്വാഹാ മാതരോ ലോകമാതരഃ 2

ഏതു കർമ്മം ആരംഭിക്കുമ്പോഴും ഗൃഹസ്ഥൻ ഗണപതിയേയും മാതൃക്കളേയും പൂജിക്കണം. (2ആം ശ്ലോകം കൊണ്ടു മാതൃക്കളുടെ പേർ വിവരിക്കുന്നു).

സാളഗ്രാമശിലാപൂജാം ഗീതാപാരായണം തഥാ
സഹസ്രനാമ വിഷ്ണോശ്ച ന ത്യജേൽ പ്രതിവാസരം 3

സാളഗ്രാമപൂജ,ഗീതാപാരായണം,സഹസ്രനാമജപം ഇവ മൂന്നും ഗൃഹസ്ഥന്നു് ഒരുദിവസമെങ്കിലും ഒഴിച്ചുകൂടാത്തതാകുന്നു.

ഏകാദശ്യവസാനേന യുക്തം തൂപവസേദഹഃ
ആദിത്യോദയതഃ കേചിദഹ്ന ആരംഭമൂചിരേ 4

ഏതൊരു ദിവസമാണോ ഏകാദശിയുടെ അവസാനത്തോടുകൂടിയിരിക്കുന്നത് ആ ദിവസം മുഴുവൻ ഉപവസിക്കണം. എന്നാൽ ചിലർ ദിവസത്തിന്റെ ആരംഭം ആദിത്യോദയം മുതല്ക്കാണെന്നും, മറ്റു ചിലർ അരുണോദയം മുതല്ക്കാണെന്നും പറയുന്നു. അതിൽ ദശമീസമ്പർക്കമുള്ള ദിവസം ഏതായാലും ഉപേക്ഷിക്കണം.

അരുണോദയതോന്യേ തു ത്യാജ്യാ സാ ദശമീയുതാ
തഥൈവോപവസേദ്വിദ്വാൻ സിംഹേ മാസ്യസിതാഷ്ടമീം 5

ചതുർദ്ദശീം തഥാ മാഘേപ്യസിതാമിതരേപി ച
തിസൃഷ്വേതാസു സർവ്വേഷാമുപവാസം പ്രചക്ഷതേ 6

ചിങ്ങമാസത്തിൽ കറുത്ത അഷ്ടമിയും (അഷ്ടമിരോഹിണി), മാഘമാസത്തിൽ കറുത്ത പതിന്നാലും (ശിവരാത്രിയും) ഉപവസിക്കണം. ഈ മൂന്നു വ്രതങ്ങളും ഫലേച്ഛകൂടാതെ ചെയ്യപ്പെടേണ്ടവയാകയാൽ (കാമ്യവ്രതങ്ങളല്ലായ്കയാൽ) മലയാളികൾക്കു പ്രത്യേകം പ്രധാനങ്ങളാകുന്നു.

ധർമ്മം നിഷ്കാരണം തസ്മാന്ന തൽ കാലം പരിത്യജേൽ
പിത്ര്യേ കർമ്മണി തു പ്രാപ്തേ ത്യജതേ ശിഷ്ടഭോക്തൃഭിഃ 7

നിമന്ത്രിതൈശ്ച തൽകർത്ത്രാ ഭോക്തൃഭിർവ്വൈഷ്ണവീ തിഥിഃ
ശൈവീ ച നാന്യദാ തേഷാമപി തത്ത്യാഗ ഇഷ്യതേ 8

ശേഷംകൊള്ളേണമെന്നു നിർബ്ബന്ധമുള്ളവർക്കു ശ്രാദ്ധദിവസം ഈവക വ്രതങ്ങൾ വന്നാൽ ഉപേക്ഷിക്കതന്നേ നിവൃത്തിയുള്ളൂ. ശ്രാദ്ധത്തിന്നു ക്ഷണം ഏറ്റവർക്ക് ഏതായാലും ഉപേക്ഷിക്കാതെ നിവൃത്തിയില്ല.

യേഷാം ശിഷ്ടഭുക്തൌ ന നിർബ്ബന്ധഃ പിത്ര്യകർമ്മണി
സംപ്രാപ്തേപി ന സാ ത്യാജ്യാ നിത്യത്വാദിതി മന്മഹേ 9

എന്നാൽ ശേഷം കൊള്ളുന്ന കാര്യത്തിൽ നിർബ്ബന്ധമില്ലാത്തവർ ഈ വ്രതങ്ങളെ ഉപേക്ഷിക്കരുത്.

യേഷാം തു വിദ്യതേ ശിഷ്ടഭുക്തൌ ചാവർജ്ജനീയതാ
യാവതാ ശിഷ്ടഭുക്തിഃസ്യാൽ താവത്തേദ്യൂർന്ന ചാധികം 10

ശേഷംകൊള്ളേണമെന്നു നിർബ്ബന്ധമുള്ളവർതന്നെ അത്രമാത്രം കവ്യം പ്രാശിക്കുന്നതല്ലാതെ അതിലധികം ഭക്ഷിക്കരുത്. അതിന്നുശേഷം ഉപവസിക്കുകയും വേണം.

പശ്ചാദുപവസേയുശ്ച ധർമ്മലോപമനിച്ഛവഃ
യഥാകാമം തു ഭുഞ്ജീരൻ ഭോക്താരോത്ര നിമന്ത്രിതാഃ 11

പശ്ചാദഭോജനേ സ്ഥിത്വാ പ്രാതരന്യേദ്യുരാപ്ലുതാഃ
നിഷ്കൃതിവ്രതലോപേ യാ വക്ഷ്യതേ ധർമ്മകാരണാൽ 12

ശ്രാദ്ധത്തിന്നു ക്ഷണിക്കപ്പെട്ടവർ ഇഷ്ടം പോലെ ഭക്ഷണം കഴിക്കുകയും പിന്നീട്ടു ജലപാനംപോലും ചെയ്യാതെ ഉപവസിക്കുകയും വേണം. അവർ പിറ്റെന്നു കാലത്തു കുളിച്ചു വ്രതലോപത്തിന്നു വിധിച്ച പ്രായശ്ചിത്തം ചെയ്യണം. ഇക്കാര്യത്തിൽ അവർ പ്രത്യേകം മനസ്സിരുത്തണം.

താം ച കുര്യുസ്തദായത്തൈർഭാവ്യം തൈഃ പൂർണ്ണഭോജിഭിഃ
ഏകാദശ്യാം ന ഹോതവ്യാഃ ശാലയോഗ്നൌവജാനതാ 13

ഇതി കേചിന്ന തൽഗ്രാഹ്യം രാമക്ഷേത്രേ ത്വിഹ ക്വചിൽ
നാഗ്നിർദ്ദേവാശ്ച പിതരഃ പിത്രർത്ഥേ യേ ച ഭുഞ്ജതേ 14

നാധിക്രിയന്തേ യസ്മാത്ത ഏകാദശ്യാമിതി സ്ഥിതിഃ

ഏകാദശിദിവസം (ശാല്യന്നം വർജ്ജിക്കേണ്ടതാകയാൽ) നിത്യമായ ഔപാസനഹോമത്തിന്നു നെല്ലുപയോഗിച്ചുകൂടെന്നു ചിലർ പറയുന്നതു മലയാളത്തിലേക്കു ബാധകമല്ല. അഗ്നിയും ദേവന്മാരും പിതൃക്കളും ശ്രാദ്ധം ഉണ്ണുന്നവരും ഏകാദശീവ്രതത്തിന്നു ബാധ്യസ്ഥരല്ലെന്നാകുന്നു ഇവിടുത്തെ നിശ്ചയം.

ഇത്യഷ്ടമസ്യാദ്ധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ

അധ്യായം 8 പാദം 4

## ഗൃഹസ്ഥന്റെ സാമാന്യധർമ്മങ്ങൾ 2

നിവർത്തേത ച കാമ്യേഭ്യോ വ്രതേഭ്യോ ബുദ്ധിപൂർവ്വകം
ശിഷ്ടാചാരാനുരോധേന നിത്യവദ്വാ സമാചരേൽ 1

കാമ്യങ്ങളായ വ്രതങ്ങളിൽനിന്നു മനഃപൂർവ്വമായി നിവർത്തിക്കണം. അഥവാ നിത്യകർമ്മങ്ങളെപ്പോലെ (ഫലേച്ഛകൂടാതെ) ചെയ്യുന്നതിന്നും വിരോധമില്ല.

യദ്യദ് വ്രതമനുഷ്ഠാതുമീഹതേ ഗൃഹമേധിനീ
തത്ര തത്ര ച താം വിദ്വാൻ കുർവ്വീത സഹചാരിണീം 2

പതി ഏതെല്ലാം വ്രതങ്ങൾ അനുഷ്ഠിക്കേണമെന്നു വിചാരിക്കുന്നുവോ ആവകയെല്ലാം ഗൃഹസ്ഥൻ കൂടെ അനുഷ്ഠിക്കണം.

പത്യൌജീവതി യാ യോഷിൽ സ്വയമേവ വ്രതം ചരേൽ
പത്യുരായുഃ ക്ഷയം നീത്വാ സാ ഘോരം നരകം വ്രജേൽ 3

ഭർത്താവു ജീവിച്ചിരിക്കുമ്പോൾ ഏതൊരു പത്നിയാണോ താൻ തനിച്ചു വ്രതങ്ങൾ അനുഷ്ഠിക്കുന്നത്, അവൾ ഭർത്താവിന്റെ ആയുസ്സിനെ ക്ഷയിപ്പിക്കുകയും ഒടുവിൽ താൻ ഭയങ്കരമായ നരകത്തെ പ്രാപിക്കുകയും ചെയ്യും.

വിനാ ന തസ്മാൽ ഭർത്താരം ഭാര്യാ ഉുപവസേൽ സതീ
അശ്നന്ത്യാ ഭർതൃശിഷ്ടാന്നം വ്രതലോപോ ന വിദ്യതേ 4

അതിനാൽ ധർമ്മപത്നിയായവൾ ഭർത്താവുകൂടി അനുഷ്ഠിക്കുന്നുണ്ടെങ്കിൽമാത്രമല്ലാതെ ഒരു വ്രതവും സ്വീകരിക്കരുത്. ഭർത്താവിന്റെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നവൾക്കു വ്രതലോപം കൊണ്ടുള്ള ദോഷം സംഭവിക്കുന്നതല്ല.

കാമ്യേഷു ന ച ഭർത്താരം ചോദയേദ് വ്രതകർമ്മസു
ചോദിതശ്ചാനുവർത്തേത നേച്ഛേൽ സ ച ഫലം തഥാ 5

അവൾ കാമ്യവ്രതങ്ങളിൽ ഭർത്താവിനെ ഉത്സാഹിപ്പിക്കരുത്. അഥവാ അങ്ങിനെ പ്രേരിപ്പിക്കുന്നതായാൽതന്നെ ഭർത്താവ് ആവക വ്രതങ്ങളെ അനുഷ്ഠിക്കുകയും ഫലത്തെ ഇച്ഛിക്കാതിരിക്കുകയും വേണം.

ഏവം വൈ വർത്തമാനസ്സ യാവൽ പശ്യൻ നിജം വയഃ
ഗതപ്രായം വനം യായാത്തയാ സമ്പന്നപുത്രകഃ 6

ഇങ്ങിനെ മുൻപാദങ്ങളിൽ വിവരിച്ചപ്രകാരം തന്റെ യൌവനം ക്ഷയിക്കുന്നതുവരെ ഗൃഹസ്ഥാശ്രമത്തെ അനുഷ്ഠിക്കുകയും, പുത്രന്മാരെ സമ്പാദിച്ചു പിതൃഋണം തീർന്നതിന്നുശേഷം പത്നിയോടുകൂടി വനത്തിലേക്കു പോവുകയും വേണം.

പത്നീം വിന്യസ്യ പുത്രേഷു പുത്രയോർവ്വാഥ പുത്രകേ
ദത്തേപി വാഥവാ ശിഷ്യേ ഗച്ഛേദ്വാ വനമാദ്യതഃ 7

പത്നിയെ രക്ഷിക്കേണ്ടതിന്നു പുത്രന്മാരെയോ, പുത്രനെയോ, അഥവാ ദത്തപുത്രനെയോ, അല്ലെങ്കിൽ ശിഷ്യനെയോ ഏല്പിച്ചു താൻ ഏകാകിയായി വനത്തിലേക്കു പോകുന്നതിന്നും വിരോധമില്ല.

പത്ന്യാ സഹ വനപ്രാപ്തിം വർജ്ജയേത കലൌ യുഗേ
രാമക്ഷേത്രേ വിശേഷേണ ഭാർഗ്ഗവസ്യ വചോ യഥാ 8

പത്നിയോടുകൂടി വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്ന നടപ്പു കലിയുഗത്തിൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യം ഭാർഗ്ഗവസ്മൃതിയിൽ പ്രത്യേകം നിഷേധിക്കപ്പെട്ടിട്ടുണ്ട്.

സ്നാതകസ്തു വനം ഗച്ഛേൽ പ്രായേണ ഗതയൌവനഃ
അനാപദ്യാശ്രമാന്നാപിഗൃഹസ്ഥോ ഭാർഗ്ഗവക്ഷിതൌ 9

(മലയാളത്തിലെ വിശേഷനിയമത്തെ പറയുന്നു:- ) സ്നാതകവ്രതമനുഷ്ഠിച്ചിരിക്കുന്നവർ യൌവനം ക്ഷയിച്ചാൽ താമസിയാതെ വാനപ്രസ്ഥാശ്രമം സ്വീകരിക്കണം. ഗൃഹസ്ഥൻ നിവൃത്തിയുണ്ടെങ്കിൽ ഗൃഹസ്ഥാശ്രമത്തിൽതന്നെ ഇരിക്കണം. (ഗൃഹസ്ഥാശ്രമത്തിൽ വിധിക്കപ്പെട്ട നിത്യനൈമിത്തിക കർമ്മങ്ങൾ അനുഷ്ഠിപ്പാൻ ശരീരശക്തിയില്ലാത്തപക്ഷം അവയ്ക്കു ലോപം വരുത്തുന്നത് ഉചിതമല്ല. ആവക സന്ദർഭങ്ങളിൽ ഗൃഹസ്ഥൻ വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നതാണ് ഉത്തമം).

നിത്യനൈമിത്തികൈരേവമുദയച്ഛേൽ സ്വകർമ്മഭിഃ
കർമ്മഭിർവ്വാ വിശിഷ്യോക്തൈഃ ക്ഷീണപാപഃ പ്രശാന്തധീഃ 10

ഗൃഹസ്ഥൻ തനിക്കു കർത്തവ്യമായി വിധിച്ചിട്ടുള്ള നിത്യനൈമിത്തിക കർമ്മങ്ങളെ യഥാകാലം ചെയ്തു പാപത്തെ നശിപ്പിച്ചതിന്നു ശേഷം സംസാരസുഖങ്ങളിൽ നിന്നു വിരക്തനായി എങ്കിൽ സന്യാസാശ്രമത്തെ സ്വീകരിക്കുകയോ, നിന്ദ്യങ്ങളായ ദുഷ്പ്രതിഗ്രഹാദികളൊന്നും ചെയ്യാതെ ഗൃഹസ്ഥാശ്രമത്തിൽ തന്നെ ഇരിക്കുകയും, ഒരു വാനപ്രസ്ഥൻ ആചരിക്കുന്നതുപോലെ ഫലേച്ഛകൂടാതെ കർമ്മം ചെയ്തുകൊണ്ടിരിക്കുകയും വേണം.

വീതരാഗോ മുമുക്ഷുശ്ച പ്രവ്രജേൽ സ ഗൃഹാശ്രമാൽ
തത്രൈവ വാ വസന്നായുശ്ശേഷം ചാനിന്ദിതോ നയേൽ 11

രാഗീ ചേൽ സ തു തത്രൈവ സ്ഥാതും കർമ്മ ച കാമദം
സാംഗം ച വിധിവൽ കർത്തുമർഹത്യേവ യഥാ വനേ 12

ഗൃഹസ്ഥസ്യ തു ധർമ്മാണി വ്യാഖ്യാതാനി സമാസതഃ
ആശ്രമത്രയനിഷ്ഠാ ച യഥാദേശം നിരൂപിതാ 13

ഇങ്ങിനെ ഗൃഹസ്ഥന്റെ ധർമ്മങ്ങൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ടു. മൂന്നാശ്രമത്തിന്നുള്ള നിഷ്ഠകളും അതാതിന്റെ അവസ്ഥയ്ക്കനുസരിച്ച് വർണ്ണിക്കപ്പെട്ടു. (ക്രമപ്രാപ്തമായ വാനപ്രസ്ഥാശ്രമത്തെ മേൽപാദത്തിലാകുന്നു വിവരിപ്പാൻ പോകുന്നത്. ഈ ശ്ലോകത്തിൽ ആശ്രമത്രയം എന്നു പറഞ്ഞതുകൊണ്ടു ബ്രഹ്മചര്യാശ്രമം, ഗൃഹസ്ഥാശ്രമം, ഗൃഹസ്ഥാശ്രമത്തിലെ അവാന്തരവിഭാഗമായ സ്നാതകാശ്രമം ഇവയെയാകുന്നു ഗ്രഹിക്കേണ്ടത്. മറ്റുള്ള രാജ്യങ്ങളിൽ ഈ അവാന്തരവിഭാഗം നടപ്പുണ്ടെന്നു തോന്നുന്നില്ല. ഇവിടെ ജ്യേഷ്ഠഭ്രാതാവു മാത്രം ഗൃഹസ്ഥാശ്രമം സ്വീകരിച്ചാൽ മതി എന്നു വച്ച സ്ഥിതിക്ക് അധികംപേർക്ക് അവലംബമായ സ്നാതകവൃത്തിയെക്കൂടി ആശ്രമത്വേന വ്യവഹരിച്ചതാകുന്നു. വാസ്തവത്തിൽ അതു ഗൃഹസ്ഥാശ്രമത്തിന്റെ അവാന്തരമാണ്. ജ്യേഷ്ഠഭ്രാതാവിന്നു സന്തതിയില്ലാതെ പോയാൽ സ്നാതകവ്രതത്തിലിരിക്കുന്ന അനുജൻ തീർച്ചയായും ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കേണ്ടി വരുന്നതുതന്നെ ഇതിന്നു ദൃഷ്ടാന്തമാകുന്നു).

വനസ്ഥാനാം തു യേ ധർമ്മാ യേ ച ധർമ്മാശ്ച ഭൈക്ഷവാഃ
ഉഭയേ തേഭിധാസ്യന്തേ സമാസാന്ന തു വിസ്തരാൽ 14

വാനപ്രസ്ഥാശ്രമികൾക്കും സന്യാസികൾക്കുമുള്ള ധർമ്മങ്ങളെ ചുരുക്കത്തിൽ മേൽ അദ്ധ്യായത്തിൽ വിവരിക്കുന്നതാകുന്നു.

എട്ടാം അദ്ധ്യായത്തിന്റെ ഭാഷാവ്യാഖ്യാനം കഴിഞ്ഞു.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം അഷ്ടമസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ
അഷ്ടമോദ്ധ്യായഃ സമാപ്തഃ

## അഥ നവമോദ്ധ്യായഃ

പ്രഥമഃ പാദഃ
അദ്ധ്യായം 9 പാദം 1

### വാനപ്രസ്ഥാശ്രമവിധി

കാലേഷു ത്രിഷു കർത്തവ്യം സ്നാനമപ്സു വനസ്ഥിതൈഃ
ധാര്യാണി നഖരോമാണി ഭക്ഷ്യമന്നമരണ്യജം 1

തേനൈവ ഹോമസ്തേനൈവ ശ്രാദ്ധം ചാതിഥിപൂജനം
ശാകമൂലഫലാഹാരൈശ്ശാകമൂലഫലൈരപി 2

ശ്രദ്ധാനൈരനുഷ്ഠാനം സ്വൈരേവാന്നൈരിതി സ്മൃതിഃ
വന്യാന്നേഷു ച ഗൃഹ്യന്താം നീവാരാദീനി ധർമ്മതഃ 3

വാനപ്രസ്ഥാശ്രമത്തെ സ്വീകരിച്ചിരിക്കുന്നവർ ഇലക്കറികളും ഫലമൂലങ്ങളുമാണ് ഭക്ഷിക്കേണ്ടത്. മൂന്നു നേരവും വെള്ളത്തിൽ മുങ്ങി കുളിക്കണം. ക്ഷൌരം ചെയ്യിക്കുകയോ നഖം മുറിക്കുകയോ ചെയ്യരുത്. കാട്ടിലുണ്ടാകുന്ന വരിനെല്ലു മുതലായതും ഭക്ഷണത്തിന്നെടുക്കാം. ഹോമം പിതൃതർപ്പണം അതിഥിസൽക്കാരം ഇവയെല്ലാം തങ്ങൾക്കു ഭക്ഷണത്തിന്നു വിധിച്ചിട്ടുള്ള സാധനങ്ങളെക്കൊണ്ടുതന്നെ ചെയ്യണം. ('യദന്നഃ പുരുഷോ ഭവതി തദന്നാസ്തസ്യ ദേവതാഃ' എന്നു പ്രമാണവുമുണ്ട്). താൻ ചെയ്യുന്ന ഏതു കാര്യത്തിലും പ്രത്യേകം ശ്രദ്ധയോടുകൂടിയിരിക്കണം.

തുര്യേ തുര്യേഥവാ ഷഷ്ഠേ ഷഷ്ഠേ യദ്വാഷ്ടമേഷ്ടമേ
വനസ്ഥോ വന്യമശ്നീയാദന്നം കാലേ ദ്വിജോത്തമഃ 4

തപോനിഷ്ഠനായ വാനപ്രസ്ഥൻ തന്റെ ഭക്ഷണകാലത്തെ ക്രമത്തിൽ കുറച്ചുകൊണ്ടുവരണം. ആദ്യം നന്നാലു നേരവും, പിന്നെ ആറാറുനേരവും, പിന്നീട് എട്ടെട്ടു നേരവും ഇങ്ങിനെ നീട്ടി ഒടുവിൽ പതിനഞ്ചീത ദിവസം കൂടുമ്പോഴും ശക്തിയുണ്ടെങ്കിൽ മാസത്തിൽ ഒരിക്കലുമാക്കിത്തീർക്കണം ഭക്ഷണം.

പക്ഷാന്തേ വാ യഥാശക്തി മാസാന്തേ വാ തപശ്ചരൻ
ഗ്രീഷ്മേ പഞ്ചാഗ്നിമധ്യസ്ഥോ വർഷാകാലേ നിരാശ്രയഃ 5

ഗ്രീഷ്മകാലത്തിൽ പഞ്ചാഗ്നിമധ്യസ്ഥനായിട്ടും, വർഷകാലത്തിൽ ഗൃഹത്തെ ഉപേക്ഷിച്ച് വെളിയിലിരുന്നിട്ടും, ഹേമന്തകാലത്തിൽ (ആകണ്ഠം) വെള്ളത്തിലിറങ്ങിനിന്നും തപസ്സുചെയ്തു ദിവസം കഴിക്കണം.

ഹേമന്തേ ച ജലേ തിഷ്ഠംസ്തപസാ ദിവസാന്നയേൽ
സ്വാനുഷ്ഠാനാസമർത്ഥസ്യ ജരയാഭിഹതസ്യ തു 6

വാർദ്ധക്യം നിമിത്തം തന്റെ അനുഷ്ഠാനങ്ങൾക്കു ശക്തിയില്ലാതായാൽ പർവ്വതാഗ്രത്തിൽനിന്നു കീഴ്പ്പട്ടുചാടിയോ, അഗ്നി

വെള്ളം ഇവയിൽ പതിച്ചോ ദേഹത്യാഗംചെയ്യണം. (ശ്ലോകാർത്ഥം എഴുതി എന്നേ ഉള്ളു. ഈ വിധി ആത്മഹത്യയ്ക്കു തുല്യ മാകയാൽ ഇങ്ങിനെ വിധിക്കുന്നതും ഉപദേശിക്കുന്നതും അനുഷ്ഠിക്കുന്നതും രാജാനുകൂലമായി വരികയില്ലെന്നാണ് തോന്നു ന്നത്. അതിനാൽ വേറെ വല്ല നല്ല വഴിക്കും മുക്തിക്കുത്സാഹിക്കുന്നതു തന്നെയായിരിക്കും ഉത്തമമെന്നു തോന്നുന്നു).

ഭൃഗ്വഗ്നിജലസമ്പാതൈർമ്മൃതിരേവ വിധീയതേ
അഥ സമ്പന്നയോഗശ്ചേൽ സ്വയമേവ കളേബരം 7

ഉൽസൃജ്യ കുത്രചിൽ ഗച്ഛേദ്ദ്ധ്വാ വാ യോഗജാഗ്നിനാ
ഉത്തരാം വാ വ്രജേദാശാം കർമ്മ സന്യസ്യ ചാഖിലം 8

അതല്ല യോഗസിദ്ധി വന്നിട്ടുള്ളവനാണെങ്കിൽ യോഗാഗ്നി കൊണ്ട് തന്റെ ശരീരത്തെ ദഹിപ്പിച്ചു കൈവല്യം പ്രാപിക്കണം. സകല കർമ്മങ്ങളേയും സന്യസിച്ചു നേരെ വടക്കോട്ടു നടകൊണ്ടാലും തരക്കേടില്ല.

കല്യസ്തത്ര വസന്നേവ സ്വാർത്ഥം യോഗേന സാധയേൽ
യോഗമാർഗ്ഗൈർദൃഢീകൃത്യ ദൃഢേഷ്വംഗേഷതന്ദ്രിതഃ 9

കഴിച്ചുകൂട്ടുവാൻ തക്കവണ്ണം ശരീരത്തിന്നു ബലമുണ്ടെങ്കിൽ അവിടെത്തന്നെ താമസിച്ചു യോഗം ശീലിച്ചു സ്വാർത്ഥത്തെ (ഉത്തമപുരുഷാർത്ഥമായ മോക്ഷത്തെ) സാധിക്കണം. യമനിയമാദികളായ യോഗത്തിന്റെ എട്ടംഗങ്ങൾക്കു ദാർഢ്യം സമ്പാദിക്കുന്നവന്നു പരലോകത്തിൽ യഥേഷ്ടമായ സുഖം സിദ്ധിക്കുന്നതാകുന്നു.

സ്വാധ്യായബന്ധുഃ കാമേന വനസ്ഥഃ പ്രേത്യ മോദതേ
ന യോഗാൽ പരമഃ പന്ഥാഃ പ്രേത്യ ലോകാൻ യിയാസതഃ 10

ന യോഗാൽ പരമം കിഞ്ചിൽ പാപാനാഞ്ച വിശോധനം
യഥാഗ്നിർദ്ദഹതി സ്വിദ്ധഃ ശുഷ്കാർദ്രാണ്യവിശേഷതഃ 11

മരണാനന്തരം പരലോകത്തിലേക്കു പോകേണ്ടതിന്നു യോഗപരിശീലനത്തേക്കാൾ നല്ലതായ വേറെ മാർഗ്ഗമില്ല. അതുപോലെതന്നെ പാപനാശനത്തിന്നും യോഗത്തെക്കാൾ പ്രധാനമായി മറ്റൊന്നില്ല. തീ വേണ്ടതുപോലെ കത്തിയാൽ അത് ഉണങ്ങിതെന്നും പച്ചയെന്നുമുള്ള വ്യത്യാസം കൂടാതെ എല്ലാ ദഹ്യവസ്തുക്കളേയും ദഹിപ്പിക്കുന്നത് ഏതുപ്രകാരമോ അതുപ്രകാരം, ക്രമേണ പരിശീലിതമായ യോഗം സകലകർമ്മബന്ധങ്ങളേയും അറുത്തുകളയുന്നു.

തഥൈവോപചിതോ യോഗഃ കർമ്മപാശാൻ നികൃന്തതി
യഥാ മഹാഹ്രദം പ്രാപ്യ മൃൽപിണ്ഡസ്സംപ്രണശ്യതി 12

മൺകട്ട വെള്ളത്തിൽ ഏതു പ്രകാരം അലിഞ്ഞു ചേരുന്നുവോ അതു പ്രകാരം സകല കർമ്മപിണ്ഡവും യോഗമാകുന്ന തീർത്ഥത്തിൽ ലയിച്ചുപോകുന്നതാകുന്നു.

തഥാ യൊഗോദകം പ്രാപ്യ കർമ്മപിണ്ഡഃ പ്രണശ്യതി
യദേതൽ പരമേഷ്ഠിത്വം പരമേഷ്ഠിനി യച്ച വാ 13

വിഷ്ണോർവിഷ്ണുത്വമാമ്നാതും രുദ്രേ രുദ്രത്വമേവ വാ
സർവ്വം തദ്യോഗജം പ്രാഹുർന്നാസ്തി യോഗേന ദുർല്ലഭം 14

പരമേഷ്ഠിക്ക് (ബ്രഹ്മാവിന്) ഉള്ള പരമേഷ്ഠിത്വവും, വിഷ്ണുവിന്നുള്ള വിഷ്ണുത്വവും, രുദ്രന്നുള്ള രുദ്രത്വവും യോഗബലം കൊണ്ടു സിദ്ധിച്ചതാകുന്നു. (പരമേഷ്ഠീ = പരമത്തിൽ - ചിദാകാശത്തിൽ - സ്ഥിതിചെയ്യുന്നവൻ. വിഷ്ണുഃ = സർവ്വത്രവ്യാപിച്ചവൻ. രുദ്രഃ = ദുഷ്ടന്മാരെ രോദിപ്പിക്കുന്നവൻ. ബ്രഹ്മാവിന്നു ചിദാകാശത്തിൽ സ്ഥിതി ചെയ്യുവാനും, വിഷ്ണുവിന്നു ലോകം മുഴുവനും വ്യാപിക്കാനും, രുദ്രന്നു ദുഷ്ടസംഹാരം ചെയ്യുവാനുമുള്ള സാമർത്ഥ്യം യോഗബലംകൊണ്ടു സിദ്ധിച്ചതാകുന്നു എന്നു താല്പര്യം). യോഗത്താൽ സാധിപ്പാൻ വയ്യാതെ യാതൊന്നുമില്ല.

അന്യേന ലഭ്യതേ തന്ന യത്തു യോഗേന ലഭ്യതേ
സ്വാധ്യായാദ്യോഗമാതിഷ്ഠേദ്യോഗാൽ സ്വാധ്യായമാവ്രജേൽ 15

യോഗംകൊണ്ടു സാധിക്കുന്നകാര്യങ്ങൾ മറ്റുപായത്താൽ സാദ്ധ്യമാകുന്നതല്ല. യോഗവും സ്വാധ്യായവും (വേദപാഠവും) അന്യോന്യം സഹായികളാകുന്നു. അതിനാൽ യോഗിയായവൻ യോഗപരിശീലനവും സ്വാധ്യായവും ഒരു ദിവസംപോലും തെറ്റാതെ അനുഷ്ഠിക്കണം.

ഏവം സ്വാധ്യായയോഗാഭ്യാം യോഗീ കാലം നയേന്മുനിഃ
ചിത്തവൃത്തിനിരോധോയം യോഗ ഇത്യുദിതോ മയാ 16

യഥാ യോഗശിഖേത്യാദൌ യോഗശബ്ദേന നേതരഃ

മനസ്സിനെ വിഷയങ്ങളിൽനിന്നു നിവർത്തിപ്പിക്കുന്നതാകുന്നു ഇവിടെ യോഗം എന്നു പറയപ്പെട്ടത്. 'യോഗശിഖ' ഇത്യാദി സ്ഥലങ്ങളിലെ 'യോഗ' ശബ്ദത്തിന്നും ഇതുതന്നെയാകുന്നു അർത്ഥം. (മനസ്സ് വിഷയങ്ങളിൽ പ്രവേശിച്ചു ലയിക്കുന്നതിനാലാകുന്നു ജീവികൾക്കു സംസാരബന്ധമുണ്ടായിത്തീരുന്നത്. അതിനാൽ മോക്ഷത്തെ അപേക്ഷിക്കുന്നവൻ ഒന്നാമതായി ചിത്തവൃത്തിനിരോധത്തെ പരിശീലിക്കുകയാകുന്നു ചെയ്യേണ്ടത്. അതു സാധിച്ചാൽ അവന്നു പിന്നെ സകലവും സാദ്ധ്യമായി വരുമെന്നു തീർച്ചതന്നെ).

ഇതി നവമസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

അധ്യായം 9 പാദം 2

## യോഗഭ്യാസവിധി

യമാംശ്ച നിയമാംസ്തദ്വദാസനം പ്രാണസംയമം
പ്രത്യാഹാരം ധാരണാഞ്ച ധ്യാനം ചാംഗം പ്രചക്ഷതേ 1

(വനസ്ഥൻ അനുഷ്ഠിക്കേണ്ടതായ യോഗത്തെ വിവരിക്കുന്നു:-) യോഗത്തിന്റെ അംഗങ്ങൾ എട്ടാകുന്നു. 1 –യമം, 2 – നിയമം, 3 – ആസനം, 4 – പ്രാണായാമം, 5 – പ്രത്യാഹാരം, 6 – ധാരണ, 7 – ധ്യാനം, 8 – സമാധി. യോഗത്തിന്റെ ഈ അഷ്ടാംഗങ്ങളെ പരിശീലിക്കണം.

സമാധിഞ്ചാസ്യ യോഗസ്യ താന്യഷ്ടൌ തേന ധാരയേൽ
അന്യേ ഷഡാസനാദീനി യോഗാംഗാനി പ്രചക്ഷതേ 2

യമശ്ച നിയമശ്ച ദ്വൌ യേന ചാന്യത്ര ചോദിതൌ
അഹിംസാദയ ഏവാത്ര യമാഃ സ്നാനാദയോപരേ 3

ചിലരുടെ പക്ഷത്തിൽ, ആസനം മുതല്ക്കുള്ള ആറു മാത്രമാകുന്നു യോഗാംഗം; യമവും നിയമവും, യോഗപരിശീലനത്തിങ്കൽ മാത്രമല്ല, മറ്റു പല സന്ദർഭങ്ങളിലും പറയപ്പെട്ടിട്ടുണ്ട്, എന്നാകുന്നു. (അഹിംസാ = പരപീഡ ചെയ്യായ്ക; സത്യം = നിഹിതമായും പ്രിയമായും നിർവ്യാജമായുമുള്ള വചനവും പ്രവൃത്തിയും; അസ്തേയം = മറ്റൊരുവന്റെ സ്വല്പമായ ദ്രവ്യത്തേപ്പോലും അപഹരിക്കേണമെന്നു മനസ്സുകൊണ്ടു സങ്കല്പിക്കുകൂടി ചെയ്യായ്ക; അസംഗഃ = ഒന്നിലും ആസക്തിയില്ലായ്ക; ഹ്രീഃ = നിഷിദ്ധങ്ങളായ കർമ്മങ്ങളെക്കുറിച്ചുള്ള വെറുപ്പ്; 'ന തു തൽ കൃത്വാ ലജ്ജാമാത്രം = നിഷിദ്ധകർമ്മങ്ങൾ ചെയ്തതിന്നുശേഷം അതിനെക്കുറിച്ചു വെറുക്കുന്നതു ഹ്രീയാകയില്ല – 'ഹ്രീ'യുടെ പരിപൂർണ്ണലക്ഷണമായില്ലാ' എന്നാണ് ഗിരിധരാചാര്യൻ പറയുന്നത്; അസഞ്ചയഃ = ആവശ്യമില്ലാതെ ധനം സമ്പാദിച്ചുവെക്കുന്നതു സഞ്ചയം, അതു ചെയ്യായ്ക; ആസ്തിക്യം = ശാസ്ത്രവിധിയിലുള്ള വിശ്വാസം; ബ്രഹ്മചര്യം = സ്ത്രീകളുടെ ദർശ്ശനം സംഭാഷണം മുതലായതുകൂടി വർജ്ജിക്കുക; മൌനം = അനാവശ്യമായി ഓരോന്നു പറഞ്ഞുകൊണ്ടു കാലം കഴിക്കാതിരിക്കുക; സ്ഥൈര്യം = സ്വധർമ്മത്തിലുള്ള ഉറപ്പ്; ക്ഷമാ = വാസ്തവമായിത്തന്നെ മറ്റൊരുത്തൻ വല്ല അപരാധവും ചെയ്താൽ അതുകൂടി പൊറുക്കുകയും ക്രോധിക്കാതിരിക്കുകയും ചെയ്ക; അഭയം = ഒന്നിലും ഉദ്വേഗമില്ലായ്മ; ഇങ്ങിനെ യമങ്ങൾ 12 വിധമാകുന്നു. ഇനി 12 വിധത്തിലുള്ള നിയമങ്ങളെ വിവരിക്കാം:- 1 – ബാഹ്യശൌചം (മണ്ണു വെള്ളം മുതലായതുകൊണ്ടു ദേഹമാലിന്യത്തെ കളഞ്ഞു ഭസ്മധാരണാദികൊണ്ടു ശുദ്ധി വരുത്തുക), 2 – ആഭ്യന്തരശൌചം (കർമ്മങ്ങളിലുള്ള പ്രവർത്തിയെ ഉപേക്ഷിച്ചു ഭഗവച്ചിന്ത മുതലായതുകൊണ്ട് അന്തഃകരണപരിശുദ്ധി വരുത്തുക), 3 – ഗായത്രി പഞ്ചാക്ഷരം മുതലായതു ജപിക്കുക, 4 – തപസ്സ്, 5 – ഹോമം, 6 - തത്ത്വശാസ്ത്രങ്ങളിൽ ആദരം, 7 – അതിഥിസല്ക്കാരം, 8 - ഭഗവൽപൂജനം, 9 - ഗംഗാദിതീർത്ഥങ്ങളിൽ സ്നാനം ചെയ്യുവാനായി സഞ്ചരിക്കുക, 10 – തന്റെ പ്രവൃത്തികളെല്ലാം അന്യന്നുപകാരമാക്കിച്ചെയ്യുക, 11 – ദൈവോപനതമായ വസ്തുവിൽ സന്തോഷം (കിട്ടിയതു പോരല്ലോ എന്നു വിചാരിച്ചു വ്യസനിക്കാതിരിക്കുക), 12 – ഗുരുശുശ്രൂഷ ഇവയാകുന്നു നിയമങ്ങൾ)

ഉപവേശനമേവാഹുരാസനം വിവിധഞ്ച തൽ
തൽ സിദ്ധാസനമിത്യാദിനാനാശബ്ദൈർന്നിഗദ്യതേ 4

സ്ഥിരമായി ഒരു ദിക്കിൽ അധികനേരം ഒരേ നിലയിലിരിക്കുന്നതാകുന്നു ആസനം. ഇതു സിദ്ധാസനം മുതലായി അനേകപ്രകാരത്തിലുണ്ട്. (അവയിൽ പ്രധാനങ്ങളായ മൂന്നെണ്ണം താഴെ വിവരിക്കുന്നു. 1 – വീരാസനം - ഉടൽ

വളയാതെ നില്ക്കത്തക്കവിധം ഇരുന്ന് ഇടത്തെ കാലടി വലത്തെ തുടയിലോ, വലത്തെ കാലടി ഇടത്തെ തുടയിലോ ഏറ്റിവെക്കുന്നതാകുന്ന വീരാസനം. 2 – പത്മാസനം – ഋജുകായസ്ഥിതി എല്ലാറ്റിനും സമംതന്നെ. ഇടത്തെ കാലടി വലത്തെ തുടമേലും, വലത്തെ കാലടി ഇടത്തെ തുടമേലും ഒപ്പം കയറ്റിവെച്ചിരുന്നു കൈ രണ്ടും പിന്നിൽകൂടി കവച്ചുകൊണ്ടുവന്നു വലത്തെ കൈകൊണ്ടു ഇടത്തെ കാലിന്റെ പെരുവിരലും, ഇടത്തെ കൈകൊണ്ടു വലത്തെ കാലിന്റെ പെരുവിരലും പിടിച്ചിരിക്കുന്നതാകുന്നു പത്മാസനം. 3 – സ്വസ്തികാസനം - രണ്ട് കാലിന്റേയും മടമ്പുകൾ കവച്ച് ഇടത്തേതു വലത്തുഭാഗത്തും, വലത്തേത് ഇടത്തുഭാഗത്തും വരുമാറു കൊണ്ടുചെന്നു സീവനി എന്ന ഞരമ്പിന്മേൽ(1) തട്ടിച്ച് ഇരിക്കുന്നതാകുന്നു സ്വസ്തികാസനം. (മറ്റുള്ള വിസ്താരമെല്ലാം യോഗശാസ്ത്രത്തിൽ നിന്നറിഞ്ഞുകൊള്ളണം).

(1) വൃഷണത്തിന്റെ കീഴ്പോട്ടു നേരെ കാണുന്ന ഞരമ്പിന്മേൽ ഗുദദ്വാരത്തിന്റെ മേലെയായി.

താവദേവാസനം പ്രാഹുര്യാവദ്ദേഹോഹ്യചഞ്ചലഃ
യത്ര സ്ഥിതവതഃ പുംസശ്ചേതഃ സ്യാദ്ധ്യാനവർത്മനി 5

ആസനങ്ങളുടെ ഉദ്ദേശ്യം ശരീരം നേരെ നില്ക്കുവാൻ ശീലിക്കുകതന്നെയാകുന്നു. ഏതുപ്രകാരം ഇരുന്നാലാണോ മനസ്സ് ധ്യാനാത്മകമായിത്തീരുന്നത് അതുതന്നെ ആസനം. (ശരീരം ഉറച്ചുനില്ക്കാതെ ഇളകിക്കൊണ്ടിരുന്നാൽ മനസ്സിന്ന് ഒരിക്കലും സ്ഥൈര്യം സിദ്ധിക്കുന്നതല്ല. അതിനാൽ യോഗപരിശീലനത്തിൽ ഒന്നാമതായി ചെയ്യേണ്ടത് ആസനജയം കൊണ്ടു ശരീരദാർഢ്യം വരുത്തുകതന്നെയാകുന്നു.

സുപ്രചാരം തദേവാഹുരാസനം നാന്യദിഷ്യതേ
പ്രാണസംയമനം നാമ പ്രാണസ്യ ഗതിരോധനം 6

6-ആം ശ്ലോകം: ഉത്തരാർദ്ധം – പ്രാണവായുവിന്റെ ഗതിയെ തടുക്കുന്നതാകുന്നു പ്രാണായാമം. (അഗ്നിബീജത്തെ സ്മരിച്ചുകൊണ്ടു മൂലാധാരത്തിൽ അഗ്നിയെ ധ്യാനിക്കണം. അപ്പോൾ 16 മാത്ര കൊണ്ട് ഇടത്തെ മൂക്കിൽകൂടി ശ്വാസത്തെ മേൽപ്പട്ടു വലിച്ചു കയറ്റണം. ആ ശ്വാസത്തെ പിന്നെ 64 മാത്രാകാലം അകത്തു നിർത്തണം. ഇതാണ് കുംഭകം. അതിനുശേഷം 32 മാത്രകൊണ്ട് ആ വായുവിനെ വലത്തെ മൂക്കിൽകൂടി സാവധാനത്തിൽ പുറത്തേക്കു വിടണം. ഇതിന്നു രേചകം എന്നു പറയുന്നു. ഇങ്ങിനെ ചെയ്യുന്നതാകുന്നു അനുലോമക്രമത്തിലുള്ള കുംഭകരേചകം. ഇനി പ്രതിലോമത്തെ പറയാം:- മുൻപറഞ്ഞപ്രകാരമുള്ള മാത്രകൊണ്ടു വലത്തെ മൂക്കിൽകൂടി വായുവിനെ അകത്തേക്കു വലിച്ചുനിർത്തി ഇടത്തെ മൂക്കിൽകൂടി വിടുന്നതാകുന്നു പ്രതിലോമവിധി. മേൽപറഞ്ഞപ്രകാരം അനുലോമപ്രതിലോമക്രമത്തിൽ ത്രിസന്ധ്യകളിലും മുമ്മൂന്നു പ്രാവശ്യം പ്രാണായാമം ചെയ്തു കോഷ്ഠശുദ്ധി വരുത്തണം. ഇനി ഭ്രമണകം മുതലായ മറ്റു പ്രവൃത്തികളെല്ലാം വിസ്തരിക്കേണ്ടതുണ്ട്. ഗ്രന്ഥവിസ്തരത്തെ ഭയപ്പെട്ട് അവയെല്ലാം തല്ക്കാലം ചുരുക്കുന്നു).

ഇന്ദ്രിയാണാം നിജാർത്ഥേഭ്യഃ പ്രത്യാഹാരോ നിവർത്തനം
ധ്യേയൈകതാനതാവൃത്തിസ്സമാധിരിതി കഥ്യതേ 7

ഇന്ദ്രിയങ്ങളെ സ്വസ്വവിഷയങ്ങളിൽ പ്രവേശിക്കുവാൻ സമ്മതിക്കാതെ അവയിൽനിന്നു പിന്മടക്കി ബുദ്ധിയുടെ അധീനത്തിൽ തന്നെ നിർത്തുന്നതാകുന്നു പ്രത്യാഹാരം. (ക്രമപ്രാപ്തമായ ധാരണ ധ്യാനം എന്നീ രണ്ടിനെക്കുറിച്ചു മൂലത്തിൽ ഒന്നും വിവരിച്ചു കാണുന്നില്ല. മറ്റു യോഗാംഗങ്ങളെ എല്ലാം വിവരിച്ചു കാണുന്ന സ്ഥിതിക്ക്, ലേഖകന്മാരുടെ വീഴ്ചയാൽ ഗ്രന്ഥത്തിൽ വിട്ടു പോയതായി വിചാരിപ്പാനാണ് ന്യായമുള്ളത്. ഏതായാലും അവയെക്കൂടി ഇവിടെ വിവരിക്കാം:- മനസ്സിനെ ഹൃദയകമലത്തിൽ ഉറപ്പിച്ചു നിർത്തുന്നതാകുന്നു ധാരണ. തൈലധാരപോലെ ലവലേശം ഇടമുറിയാതെ ധ്യേയവസ്തുവിനെത്തന്നെ വിചാരിക്കുന്നതു ധ്യാനം). മറ്റു സകലചിത്തവൃത്തികളുമടങ്ങി ധ്യേയവസ്തു മാത്രം മനസ്സിന്നു വിഷയമായിത്തീരുകയും അതേനിലയിൽതന്നെ അധികസമയം ഇരിക്കുകയും ചെയ്യുന്നതു സമാധി. (12 നിമിഷം ഒരേ വസ്തുവിനെത്തന്നെ വിചാരിപ്പാൻ കഴിവുണ്ടായാൽ അതു ധാരണയായി.ഈവിധം 12 ധാരണ ഇടമുറിയാതെ ചെയ്യുവാൻ ശീലിച്ചാൽ അതു ധ്യാനം. ഈ ധ്യാനം 12 വീതം ഇടമുറിയാതെ ചെയ്യുവാൻ ശീലിക്കുന്നതു സമാധി. സമാധിയുടെ മേലെ നില്ക്കുന്നതു കൈവല്യാവസ്ഥ ഒന്നുമാത്രമാകുന്നു).

യമാനഭീക്ഷ്ണം സേവേത നിയമാംശ്ച മുനിർദ്ധ്യദി
യോഗാധ്വനാ സമീഹേത ഗന്തുമപ്രഹതക്രമഃ 8

ആദ്യമായി പറഞ്ഞ യമനിയമങ്ങളെ വേണ്ടപോലെ പരിശീലിച്ചു എങ്കിൽ യാതൊരു തടസ്ഥവും കൂടാതെ യോഗമാർഗ്ഗത്തിൽകൂടി സഞ്ചരിക്കാമെന്നു തീർച്ച തന്നെ.

ഋജുകായശിരോഗ്രീവ ആസീനഃ സ്തിമിതാംഗകഃ
ഏകധൈവ മുഹൂർത്താർദ്ധം മുഹൂർത്തം വാ തതോധികം 9

കാലമഭ്യാസയോഗാദ്വാ യാമാർദ്ധം യാമമേവ വാ
വർദ്ധയന്നനുരുധ്യൈവ ക്രമം ദൈർഘ്യമനേഹസഃ 10

ശരീരവും ശിരസ്സും കഴുത്തും വളയാതെ ശരിക്കു നിർത്തി നിശ്ചഞ്ചലനായി സ്ഥിതിചെയ്തിട്ട് അരമുഹൂർത്തമോ ഒരു മുഹൂർത്തമോ അര യാമമോ ഒരു യാമമോ ഇങ്ങിനെ സമയത്തെ ക്രമത്തിൽ ക്രമത്തിൽ കയറ്റി ആസനം ശീലിക്കണം.

ഏകാസനസ്ഥമാത്മാനം യാമമാത്രമചഞ്ചലം
യദാ പശ്യേത്തദാ വിദ്യാത്തത്രാത്മാനം പ്രതിഷ്ഠിതം 11

ഒരു യാമം മുഴുവൻ ഒരേ ആസനത്തിൽതന്നെ ഇളക്കം കൂടാതെ ഇരിപ്പാൻ ശീലിച്ചാൽ അപ്പോൾ ആസനജയം സിദ്ധിച്ചു എന്നു നിശ്ചയിക്കാം.

ഏവം ജിതാസനോ ഭൂത്വാ പ്രാണായാമം സമാചരേൽ
സ്യന്ദേത ചാന്യഥാ വായുരായത്തോപി ക്വചിൽ ക്വചിൽ 12

ഇങ്ങിനെ ആസനജയം സിദ്ധിച്ചതിന്നു ശേഷം പ്രാണായാമം ശീലിക്കണം. പ്രാണായാമം പരിശീലിക്കാതിരുന്നാൽ എത്രതന്നെ നിർത്തിയാലും വായു അവിടവിടെ ചോർന്നുപോകുന്നതാകുന്നു.

പ്രാണസ്പന്ദാന്മനഃസ്പന്ദം വിദ്യാദ്യോഗവിഘാതുകം
പ്രാണായാമം തതഃകുര്യാന്മനോരോധനതൽപരഃ 13

പ്രാണൻ സ്ഥിരമായി നില്ക്കാതെ മനസ്സു നേരെനില്ക്കുന്നതല്ല. മനസ്സിന്നു ചാഞ്ചല്യം വരുന്നതുനിമിത്തം യോഗത്തിന്നു ഭ്രംശം വന്നുപോകും. അതുകൊണ്ടു മനസ്സിനെ നിലയ്ക്കു നിർത്തേണമെന്നു വിചാരിക്കുന്നവൻ പ്രാണായാമത്തെ നിശ്ചയമായും പരിശീലിക്കണം.

മന്ത്രസാധനമാലസ്യം ധൂർത്തഗോഷ്ഠീപരിഗ്രഹം
ധാതുസ്ത്രീലോലതാഞ്ചാത്ര പ്രത്യവായം പ്രചക്ഷതേ 14

താഴെ പറയുന്നവയും യോഗവിഘ്നത്തെ ചെയ്യുന്നതാകുന്നു. ദുർമ്മന്ത്രസിദ്ധി വരുത്തുവാൻ ചെയ്യുന്ന യത്നം, മടി, ചൂതുകളി മുതലായി ധൂർത്തന്മാരൊന്നിച്ചുള്ള നേരമ്പോക്ക്, ധനങ്ങളിലും സ്ത്രീകളിലുമുള്ള കാമം (ഇവയും ഇതോടു തുല്യങ്ങളായവയും യോഗപരിശീലനം ചെയ്യുന്നവർ ഉപേക്ഷിക്കേണ്ടതാകുന്നു).

കുംഭകേ കേവലേ സിദ്ധേ ന കിഞ്ചിദപി ദുർല്ലഭം
ഭുവി വാ ദിവി വാന്യത്ര ലോകേ വാ തസ്യ യോഗിനഃ 15

പ്രാണായാമവിഷയത്തിൽ കുംഭകം വേണ്ടവിധം സിദ്ധമായാൽ ആ യോഗിക്ക്, ഭൂമിയിലോ സ്വർഗ്ഗത്തിലോ (ദിവി വാ = ആകാശത്തിലോ) മറ്റു ലോകങ്ങളിലോ അസാധ്യമായിട്ടു യാതൊന്നുമില്ല. അതു ഹേതുവായിട്ടു യോഗി കേവലകുംഭകത്തെ നല്ലവണ്ണം പരിശീലിക്കുകയാകുന്നു ഒന്നാമതായി ചെയ്യേണ്ടത്.

തൽ സാധയേൽ പ്രയത്നേന യോഗീ കേവലകുംഭകം
കുംഭയിത്വാനിലം ദീർഘകാലം തസ്യ തു തിഷ്ഠതഃ 16

ഇങ്ങിനെ കുംഭകത്തിന്റെ പരിശീലനംകൊണ്ട് അധികനേരം വായുവിനെ നിർത്തുവാൻ കഴിയുന്നവന്ന് ആദ്യകാലങ്ങളിൽ ദേഹത്തിൽ വിയർപ്പുണ്ടാകും. അതിനാൽ ശരീരത്തെ മർദ്ദിക്കുന്നതു നല്ലതാകുന്നു.

പ്രസ്വേദഃസ്യാത്തനൌ പൂർവ്വം തേന മർദ്ദനമാചരേൽ
ദ്രാഘീയസ്യാ തതോപ്യസ്യ വായോർദ്ധാരണയാ പുനഃ 17

ആസനസ്ഥസ്യ ജായേത ദേഹകമ്പോ രുജാം വിനാ
തതോപ്യധികയാ തു സ്യാദ്ദർദ്ദുരസ്യേവ ചോൽപ്ലുതിഃ 18

ഇങ്ങിനെ ഒന്നായി അധികനേരം വായുവിനെ നിർത്തുവാൻ പരിശീലിച്ചാൽ അവന്ന് ഏതെങ്കിലും ആസനത്തിൽ ഉറച്ചിരിക്കുമ്പോൾ ശരീരത്തിന്നൊരു വിറയൽ തുടങ്ങും, അതുകൊണ്ടു വേദനയും മറ്റുപദ്രവങ്ങളൊന്നുമുണ്ടാവില്ല. ആ വിറയൽ തന്നെ അധികരിച്ചധികരിച്ചു തവള ചാടുന്നതുപോലെ ഇരുന്ന ഇരിപ്പിൽ (ആസനത്തിന്ന് അയവു വരാതെ) ചാടുവാൻ ശീലം വരും.

ഭൂയോപ്യധികമഭ്യസ്യ കാലം പവനധാരണാം
ഭൂമിം ത്യക്ത്വാ വസേദ്യോഗീ വ്യോമന്യപി കൃതാസനഃ 19

പിന്നേയും പ്രാണായാമത്തെ ക്രമേണ കാലം കൂട്ടിക്കൂട്ടി ശീലിച്ചാൽ നിലം വിട്ട് ആകാശത്തിൽ സ്ഥിതി ചെയ്യാറാവും. അവിടേയും ആസനത്തിന്ന് അയവു വരുന്നതല്ല.

അതിമാനുഷചേഷ്ടാസു സാമർത്ഥ്യം ചോത്ഭവേത്തദാ
ബഹുധാപേക്ഷ്യമാണോപി സ്വസാമർത്ഥ്യം ന ദർശ്ശയേൽ 20

അതുമുതൽക്ക് അവന്ന് അതിമാനുഷങ്ങളായ (മനുഷ്യരാൽ അശക്യങ്ങളായ) അനേകം ചേഷ്ടകളിൽ താനേതന്നെ സിദ്ധിവന്നു ഉടങ്ങും. അപ്പോൾ ഈവക അത്യത്ഭുതങ്ങളെ കാണ്മാൻ ആഗ്രഹപ്പെട്ടു പലരും അതിന്നായി വന്നപേക്ഷിച്ചാലും തന്റെ സാമർത്ഥ്യം അന്നു കാണിച്ചുകൊടുക്കരുത്. ഇങ്ങിനെ ധാരണയെ ശീലിക്കുന്നതുകൊണ്ട് യോഗിക്ക് മലമൂത്രങ്ങളും ഉറക്കവും നന്നെ കുറഞ്ഞുതുടങ്ങും.

സ്വല്പമൂത്രോല്പവർച്ചാശ്ച സ്വല്പനിദ്രോപി ച ക്രമാൽ
ജായേത ച ജയേ വായോർയ്യോഗീ തദ്ദാരണാശ്രയാൽ 21

പിന്നെ സിദ്ധിക്കുന്നതു പർവ്വതസിദ്ധിയാകുന്നു. അതുനിമിത്തം, മുമ്പവന്നുണ്ടായിരുന്നതിൽ എത്രയോ അധികം ബലമുണ്ടായിത്തീരും.

അഥ പർവ്വതസംസിദ്ധിർവ്വായോർദ്ധാരണയാ ഭവേൽ
പൂർവ്വാഭ്യധികയാ തസ്യ ബലബാഹുല്യലക്ഷണം 22

അവൻതന്റെകയ്യുകൊണ്ട് ഒരൊറ്റഅടിഅടിച്ചാൽ സിംഹം വ്യാഘ്രം ഗജം ഗവയം മുതലായ ജന്തുക്കൾകൂടി ചത്തുപോകും.

മ്രിയേത പ്രഹൃതസ്തേന ർ ഗജോ വാ ർ ഗവയോപി വാ
ഹസ്തീ ഹസ്തതലേനൈവ വ്യാഘ്രോ വാ സിംഹ ഏവ വാ 23

സ്യാച്ച കന്ദർപ്പവദ്രൂപം തസ്യ ത്രൈലോക്യമോഹനം
ഉർവ്വശ്യാദ്യാ അപി പ്രേക്ഷ്യ കാംക്ഷേയുസ്തസ്യ സംഗമം 24

ഉർവ്വശി മുതലായവർ കൂടി കണ്ടാൽ കാമിക്കത്തക്കതും ത്രൈലോക്യത്തിൽവെച്ചു മോഹനവുമായ സൌന്ദര്യവും അവന്നുണ്ടാകും.

സ്ത്രിയം സ യദി സേവേത തസ്യ വീര്യക്ഷയോ ഭവേൽ
തതഃ സ വർജ്ജയേദേവ സ്ത്രീസേവാം സ്വാർത്ഥതല്പരഃ 25

യോഗി സ്ത്രീസേവചെയ്തുപോയി എങ്കിൽ അവന്റെ വീര്യം നശിച്ചുപോകും. അതിനാൽ തന്റെ കാര്യം നോക്കുവാൻ കഴിയുന്നവൻ സ്ത്രീസേവയെ തീർച്ചയായും വർജ്ജിക്കണം.

പ്രാപ്യ വായുജയോദ്രേകം സംരുദ്ധഃ പവനഃ ക്വചിൽ
സ്ഖലതേ യദിചേത്തത്ര പ്രണവം ദീർഘ്ലിതം ജപേൽ 26

വായു ജയം സിദ്ധിച്ചവന്നു വല്ല സംഗതിവശാലും വായു സ്ഖലിച്ചുപോയി എങ്കിൽ തന്നിവൃത്തിക്കായി ദീർഘകാലം പ്രണവം ജപിക്കണം.

ഏനസാമപനോദാർത്ഥമേതാവാനേവയോഗിനഃ
പര്യാപ്തോ വിധിരാഖ്യാതസ്തത്തദാഗാമവേദിഭിഃ 27

യോഗിക്കു വരുന്ന ഈവക തെറ്റിന്നു പ്രതിവിധിയായി പ്രണവം ജപിച്ചാൽമതി എന്നാണ് ആ ശാസ്ത്രം അറിയുന്നവർ പറയുന്നത്.

ഏതസ്യൈവാക്ഷരം ബ്രഹ്മ ഏതദേവാക്ഷരം പരം
ഏതദേവാക്ഷരം ജ്ഞാത്വാ യോ യദിച്ഛതി തസ്യ തൽ 28

പ്രണവാക്ഷരം തന്നെയാകുന്നു ബ്രഹ്മം. ഉൽകൃഷ്ടമായ അക്ഷരവും ഇതുതന്നെയാകുന്നു. ഇത് ആരറിയുന്നുവോ അവന്നു സാധിക്കാതെ ഒന്നുമില്ല.

ഏതദാലംബനം ശ്രേഷ്ഠമേതദാലംബനം പരം
ഏതദാലംബനം ജ്ഞാത്വാ ബ്രഹ്മലോകേ മഹീയതേ 29

പ്രണവമാകുന്നു സകലർക്കും ആശ്രമായിട്ടുള്ളതെന്നറിയുന്നവൻ ബ്രഹ്മലോകത്തിൽ പൂജിക്കപ്പെടുന്നു.

ഇതി യോഹ്യഞ്ജസാ വിദ്വാൻ പ്രണവം പ്രയതോ ജപേൽ
പാപാനി തസ്യ നശ്യേയുസ്സുകൃതഞ്ചർദ്ധിമാപ്നുയാൽ 30

ഇങ്ങിനെ പ്രണവത്തിന്റെ മാഹാത്മ്യം അറിഞ്ഞു ശുദ്ധിയോടും ശ്രദ്ധയോടും കൂടി ആർ പ്രണവം ജപിക്കുന്നുവോ അവന്റെ സകലപാപങ്ങളും നശിക്കുകയും സുകൃതം വർദ്ധിക്കുകയും ചെയ്യും.

ഇതി നവമസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ
അധ്യായം 9 പാദം 3

## യോഗസിദ്ധി

പ്രണവസ്യ ജപേനൈവ വിഘ്നാനുത്സാര്യ ദൂരതഃ
വായുധാരണയാ ശശ്വൽ ഘടാവസ്ഥാം ഭജേന്മുനിഃ 1

യോഗി പ്രണവജപംകൊണ്ടുതന്നെ യോഗത്തിന്റെ സകലവിഘ്നങ്ങളേയും ദൂരെ തള്ളിക്കളഞ്ഞതിന്നുശേഷം താഴെപ്പറയുന്ന ഘടാവസ്ഥയെ ഭജിക്കണം.

പ്രാണാപാനമനോബുദ്ധിജീവാത്മപരമാത്മനാം
യദൈക്യഘടനാ സേയം ഘടാവസ്ഥേതി കഥ്യതേ 2

പ്രാണാപാനന്മാർ, മനസ്സ്, ബുദ്ധി, ജീവാത്മപരമാത്മാക്കൾ ഇവയെല്ലാം ഒന്നാണെന്നുറയ്ക്കുന്നതാകുന്നു ഘടാവസ്ഥ.

ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യ ആഹൃത്യാത്മനി ധാരയേൽ
കല്പയേദാത്മനാ തേഷാമർത്ഥവത്താമഥാർത്ഥിനാം 3

ഇന്ദ്രിയങ്ങളെ അതാതിന്റെ വിഷയങ്ങളിൽനിന്നു പിൻവലിച്ച് ആത്മാവിൽ ഉറപ്പിക്കണം.ഇന്ദ്രിയങ്ങളെക്കൊണ്ടു വിഷയങ്ങളെ ഗ്രഹിക്കേണമെന്നാഗ്രഹിക്കുമ്പോൾ മാത്രമേ അവയ്ക്ക് വിഷയഗ്രഹണോന്മുഖത (=അർത്ഥവത്ത) ഉള്ളു എന്നു തീർച്ചപ്പെടുത്തണം. (ഒരുവൻ തന്റെ കണ്ണുകൊണ്ട് ഏതെങ്കിലും ഒരു പദാർത്ഥത്തെ നോക്കിക്കാണേണമെന്നു വിചാരിച്ചു കണ്ണിനെ ആ വിഷയത്തിലേക്കു പ്രേരിപ്പിക്കുമ്പോൾ മാത്രമേ അവന്റെ കണ്ണ് വിഷയഗ്രഹണസമർത്ഥമായിത്തീരുന്നുള്ളു. കാണ്മാനുള്ള ആഗ്രഹത്തെ പിൻവലിക്കുന്നപക്ഷം കണ്ണ് ഒരിക്കലും ആ വിഷയത്തെ തന്റേതായി കരുതി പ്രവർത്തിക്കുന്നതല്ലെന്നു താല്പര്യം)

യദ്യൽ പശ്യേത്തദാ ദൃഗ്ഭ്യാം തത്തദാത്മേതി ഭാവയേൽ
കർണ്ണാഭ്യാം ശൃണുയാദ്യദ്യദ്വിന്ദേദ്യദ്യച്ച നാസയാ 4

കണ്ണുകൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം ആത്മാവാണെന്നുറയ്ക്കണം. ചെവി കൊണ്ടു കേൾക്കുന്നതും, മൂക്കുകൊണ്ടു നാറ്റുന്നതും, രസനേന്ദ്രിയംകൊണ്ടു രസിക്കുന്നതും, ത്വഗിന്ദ്രിയം കൊണ്ട് സ്പർശിക്കുന്നതും എല്ലാം ബ്രഹ്മമാണെന്നു സങ്കല്പിക്കണം. (ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിൻവലിക്കേണമെന്നു പറഞ്ഞത് ഇപ്രകാരമാകുന്നു. അല്ലാതെ ദൃശ്യത്തിൽനിന്നു ദൃക്കിനെ നിവർത്തിപ്പാൻവേണ്ടി കണ്ണു മുറുകെ ചിമ്മേണമെന്നല്ല അർത്ഥം. 'വിഷയാ അനുവർത്തന്താം വിഷയിണി ഹൃദയേ നിവേശ്യതാം യത്നഃ' = വിഷയങ്ങൾ ഇന്ദ്രിയങ്ങളെ അനുവർത്തിച്ചുനിന്നുകൊള്ളട്ടെ. വിഷയങ്ങളെ ഗ്രഹിക്കുന്നതിന്നു ശക്തി കേവലം ഇന്ദ്രിയത്തിന്നല്ല. ഇന്ദ്രിയങ്ങളെ വിഷയങ്ങളിലേക്കു പ്രേരിപ്പിക്കുന്നതു മനസ്സാകുന്നു. അതിനാൽ മനോജയം സിദ്ധിപ്പാനാണ് ഒന്നാമതായി യത്നിക്കേണ്ടതെന്നു താല്പര്യം).

ഗൃഹ്ണീയാജ്ജിഹ്വയാ യദ്യൽത്വചാ യദ്യൽ സ്പൃശേദപി
ഏവം ഭാവനയോപേതോ യാമമാത്രം ദിനേ ദിനേ 5

കേവലേന നയേദ്യോഗീ വായോഃ കുംഭനകർമ്മണാ
ഏതേന ചിത്തസാമർത്ഥ്യമത്യച്ചൈരയമാപ്നുയാൽ 6

യോഗി പ്രതിദിവസം ഒരു യാമമെങ്കിലും ഇങ്ങിനെ മനോജയത്തോടുകൂടി കുംഭകത്തെ ശീലിച്ചുവന്നാൽ ക്രമത്തിൽ അവന്നു പിന്നെ മനസ്സുകൊണ്ടു സാധിപ്പാൻ വയ്യാതെ ഒന്നുമില്ലെന്നുള്ള നിലയായിത്തീരും.

ദൂരം ഗച്ഛേൽ ക്ഷണേനൈവ സ്യാദ്ദൂരശ്രവണേ പടുഃ
ദൂരദർശീ ച വാക്സിദ്ധഃ കാമരൂപോ ഭവേച്ച സഃ 7

ക്ഷണംകൊണ്ടു ദൂരത്തെത്തുവാൻ കഴിയും. ദൂരദിക്കിൽനിന്നു പുറപ്പെടുന്ന ശബ്ദം ആ യോഗിക്കു കേൾക്കാറാവും. അവന്നു ദൂരദർശനവും സിദ്ധിക്കും. ഇഷ്ടംപോലെ വേഷം മാറുവാനും അവന്നു കഴിയും.

അദൃശ്യകരണീം ലബ്ധ്വാ സർവ്വാദൃശ്യശ്ച സഞ്ചരേൽ
തസ്യ വിണ്മൂത്രലേപേന ഹിരണ്യത്വമയോ വ്രജേൽ 8

യോഗി അദൃശ്യകരണി എന്ന സിദ്ധിയെ പ്രാപിച്ച് ആർക്കും കാണ്മാൻ പാടില്ലാത്തവിധം സഞ്ചരിക്കും. അവന്റെ മലമൂത്രങ്ങൾ തേച്ചാൽ ഇരിമ്പു സ്വർണ്ണമായിത്തീരും.

സന്തതാഭ്യാസയോഗേന ജായേത ച വിഹംഗമഃ
തദാ ബുദ്ധിമതാ ഭാവ്യം യോഗിനാ യോഗസിദ്ധയേ 9

ഇങ്ങിനെ യോഗത്തെ ഇടവിടാതെ ശീലിച്ചുകൊണ്ടിരുന്നാൽ ആകാശഗമനം ചെയ്യാറാവും. ആവക സമയം ബുദ്ധിമാനായ യോഗി ഉത്തരോത്തരം യോഗസിദ്ധിക്കായിക്കൊണ്ടു യത്നിക്കണം. (അത്യാശ്ചര്യകരമായ സിദ്ധികൾ കയ്ക്കലായതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കരുതെന്നു താല്പര്യം). എന്നുമാത്രമല്ല, ആവക സിദ്ധികളിൽ അധികമായ കൌതുകം ജനിച്ചാൽ അതുനിമിത്തം യോഗത്തിന്നു വിഘ്നം വന്നുപോകും.

സിദ്ധയോ യോഗവിഘ്നാസ്തന്ന രമേതാസു യോഗവിൽ
ക്ഷുൽദ്രാസു പ്രീയമാണസ്യ ൽയോഗഭാജോത്ര സിദ്ധിഷു 10

ദൂരാദേവ മഹാസിദ്ധിസ്തസ്മാത്താ നാദ്രിയേത ച
അദർശയൻ സ്വസാമർത്ഥ്യമപ്രമത്തോ ദിവാനിശം 11

നിസ്സാരങ്ങളായ ഈവക സിദ്ധികളെക്കൊണ്ടു തൃപ്തിപ്പെട്ടിരുന്നാൽ അവന്നു മഹാസിദ്ധി (മോക്ഷം) ദുർല്ലഭമായിപ്പോകും. അതിനാൽ അവയെ ആദരിക്കരുത്. തനിക്കീവക സിദ്ധികൾ സിദ്ധിച്ചിരിക്കുന്നു എന്നു തന്റെ സാമർത്ഥ്യത്തെ അന്യന്നു കാണിച്ചു കൊടുക്കരുത്. പ്രതിദിനം തന്റെ അനുഷ്ഠാനങ്ങളെല്ലാം വിജനസ്ഥലത്തുവച്ചനുഷ്ഠിക്കണം. ഇതിൽ പ്രത്യേകം മനസ്സിരുത്തിക്കൊണ്ടേ ഇരിക്കണം.

സ്വാനുഷ്ഠാനം വിവിക്തസ്ഥോ വർത്തയേത ദിനേ ദിനേ
യഥാ മൂഢതമഃ കശ്ചിദ്യഥാ മൂർഖതമോപി വാ 12

കാണുന്നവർക്കു താൻ ഒരു മൂഢനോ അല്ലെങ്കിൽ ഒരു മൂർഖനോ അഥവാ ചെകിടുപൊട്ടനോ ആണെന്നു തോന്നത്തക്ക വിധത്തിലിരിക്കണം. (യോഗ്യനാണെന്നു ജനങ്ങൾ അറിഞ്ഞാൽ അവർ തൻകാര്യങ്ങൾക്കുവേണ്ടി യോഗിയെ അലട്ടിത്തുടങ്ങും. അതുനിമിത്തം അനുഷ്ഠാനങ്ങൾക്കു വിഘ്നം സംഭവിപ്പാനിടയുള്ളതാകുന്നു).

യഥാ ഹി ബധിരഃകശ്ചിത്തഥാ വർത്തേത പശ്യതാം
സ്വസ്വകാര്യേഷു ശിഷ്യാസ്തം പ്രാർത്ഥയേയുരനാരതം 13

ഉച്ചൈസ്സൽകൃത്യ സൽകൃത്യ തത്ര ചാവഹിതോ ഭവേൽ
പ്രണയാത്തേഷ്വനുക്രോശാദഥവാ തദഭീപ്സിതം 14

ശിഷ്യന്മാർ അവരുടെ കാര്യസാദ്ധ്യത്തിന്നുവേണ്ടി (വിദ്യകൾ ഉപദേശിച്ചുകിട്ടുവാൻവേണ്ടി) എല്ലായ്പ്പോഴും അപേക്ഷിച്ചു കൊണ്ടിരിക്കും. അവരോ ശുശ്രൂഷചെയ്കയും സൽകരിക്കുകയും ചെയ്യും. ആ സമയം യോഗി ശിഷ്യന്മാരിലുള്ള വാത്സല്യം കൊണ്ടോ ദയകൊണ്ടോ അവരുടെ ആഗ്രഹം സാധിപ്പിക്കുവാൻ തുടങ്ങുന്നതായാൽ തന്റെ കാര്യം മറക്കുകയും അതു നിമിത്തം യോഗഭ്രംശംതന്നെ വരികയും ചെയ്യും.

സിസാധയിഷുരത്ഥായ സ്വസ്വാർത്ഥമപി വിസ്മരേൽ
അപി സ്മരൻ ഗുരോർവ്വാക്യമഭ്യസേതേദനാരതം 15

ഏവം സന്തതമഭ്യസ്യ ഘടാവസ്ഥാഞ്ച സാധയേൽ
വിനാ സാ സന്തതാഭ്യാസാദ്വൃഥാഗോഷ്ഠ്യാ ന സിദ്ധ്യതി 16

തന്റെ ഗുരു തനിക്കുപദേശിച്ചുതന്ന മാർഗ്ഗത്തെ മേൽപറഞ്ഞപ്രകാരം വിടാതെ പരിശീലിച്ചു ഘടാവസ്ഥയെ പ്രാപിക്കണം. ഘടാവസ്ഥയാകട്ടെ ഇടവിടാതുള്ള യോഗപരിശീലനം കൊണ്ടുമാത്രമേ സിദ്ധിക്കുകയുള്ളൂ. വെറുതെ ഗോഷ്ഠി കാട്ടിയതുകൊണ്ടൊന്നും ഫലമില്ല.

തസ്മാദനാരതം കുര്യാദഭ്യാസം യോഗസാധകഃ
തസ്യൈവം വർത്തമാനസ്യ യോഗാധ്വനി മനസ്വിനഃ 17

ലഭ്യാ പരിചയാവസ്ഥാ ദുർല്ലഭാ ക്ഷുദ്രയോഗിനാം
യസ്യാം പരിചിതോ വായുർദ്ധാരണായോഗസംശ്രയാൽ 18

സുഷുമ്നാമഗ്നിനാ സാകം പ്രവിശേദനുരോധതഃ
തേനൈവ സഹ ചിത്തഞ്ച തൽപ്രാപ്തൌ തത്ര യസ്യ തു 19

അതിനാൽ യോഗത്തെ സാധിപ്പാൻ വിചാരിക്കുന്നവൻ പ്രതിദിനം ഇങ്ങിനെ അഭ്യാസം ചെയ്തുകൊണ്ടിരിക്കണം. ഇങ്ങിനെ പരിശീലിച്ചുകൊണ്ടിരിക്കുന്ന ധൈര്യവാനായ യോഗിക്കു പിന്നെ സിദ്ധിക്കുന്നതു പരിചയാവസ്ഥയാകുന്നു. അതു ക്ഷുദ്രയോഗിക്ക് ഒരിക്കലും സാധ്യമല്ല. അപ്പോൾ വായു അഗ്നിയോടുകൂടി സുഷുമ്നാനാഡിയിലും പിന്നീടു ചിത്തത്തിലും പ്രവേശിക്കും. അപ്പോഴാണ് പഞ്ചധാരണ ചെയ്യേണ്ടത്.

ധാരണാപഞ്ചകം കുര്യാച്ചിത്തേന വശവർത്തിനാ
ആപത്ഭ്യാമാചജാനുഭ്യാം സ്ഥാനമാഹുർഭുവോ ബുധാഃ 20

ചതുരശ്രം ഭുവോ രൂപം ലാക്ഷരം പീതമുച്യതേ
ഭുവഃ സ്ഥാനേനിലം നീത്വാ ലകാരേണാന്വിതം സുധീഃ 21

ധ്യായൻ ഹിരണ്മയാകാരം ചതുർവ്വക്ത്രം ചതുർഭുജം
തത്രൈവ ധാരയംശ്ചിത്തം നീത്വാ പഞ്ച തു നാഡികാഃ 22

കാലടിമുതൽ മുട്ടുവരെ ഭൂമിയുടെ സ്ഥാനമാകുന്നു. അതു ചതുരശ്രവും മഞ്ഞനിറമുള്ളതുമാകുന്നു. 'ല' എന്നതു ബീജാക്ഷരമാണ്. ഭൂമിയുടെ സ്ഥാനത്തിൽ ലകാരസഹിതമായിട്ടു വായുവിനെ കൊണ്ടുചെന്ന്, ഹിരണ്മയസ്വരൂപനായും നാലുതൃക്കൈയ്യുമുള്ളവനായുമിരിക്കുന്ന ഈശ്വരനെ ധ്യാനിച്ചുകൊണ്ട് അഞ്ചുനാഴിക കഴിച്ചുകൂട്ടണം.അതുകൊണ്ട് ഭൂജയം സിദ്ധിക്കും.പിന്നെ ഭൂമിയുടെ സമ്പർക്കമുള്ളപ്പോൾ അവനു മരണമുണ്ടാകുന്നതല്ല.

ഭൂജയം പ്രാപ്നുയാത്തസ്യ ഭൂയോഗാന്ന മൃതിർഭവേൽ
ആജാനുഭ്യാമാ ച പായോരപാം സ്ഥാനം പ്രചക്ഷതേ 23

അർദ്ധേന്ദുസന്നിഭം രൂപമപാം പാ ബീജമുച്യതേ
ശുക്ലഞ്ച താസാം സ്ഥാനേ തു വായും നീത്വാ സബീജകം 24

ദേവം നാരായണം ധ്യായംശ്ചതുർബ്ബാഹും കിരീടിനം
ശംഖേന്ദുധവളച്ഛായം വിശദാംബരമച്യുതം 25

തത്രൈവ ധാരയംശ്ചിത്തം ഗമയേൽ പഞ്ചനാഡികാഃ
മോചനം സർവ്വപാപേഭ്യോ ജയഞ്ചാപാം തദാപ്നുയാൽ 26

മുട്ടുമുതൽ ഗുദംവരെ അപ്പിന്റെ സ്ഥാനമാകുന്നു. അതിന്റെ സ്വരൂപം അർദ്ധേന്ദുതുല്യവും ബീജം 'പാ' എന്നതും വർണ്ണം ശുക്ലവുമാകുന്നു. അപ്പിന്റെ സ്ഥാനത്തിൽ ബീജാക്ഷരത്തോടുകൂടി വായുവിനെ കൊണ്ടുചെന്ന്, നാലുതൃക്കൈകളും കിരീടവും നിർമ്മലവസ്ത്രവും ശംഖചന്ദ്രന്മാരോടു തുല്യമായ വർണ്ണവുമുള്ള നാരായണദേവനെ അഞ്ചുനാഴികനേരം ധ്യാനിക്കണം. അതുനിമിത്തം അവന്റെ സകലപാപങ്ങളും നശിക്കും. പിന്നെ അവനു ജലസമ്പർക്കംകൊണ്ടു മരണം സംഭവിക്കുന്നതല്ല. (ഗണേശസ്വാമികൾ ആറുമാസവും മറ്റും ഗംഗയിൽ കിടന്നിട്ടുള്ളതായി കേൾക്കുന്നത് ഈ സിദ്ധികൊണ്ടായിരിക്കാം).

ജലയോഗേന മൃത്യുന്ന വിന്ദേത ച തതഃ പരം
ആപായോരം ച ഹൃദയാദ്വഹ്നിസ്ഥാനം പ്രചക്ഷതേ 27

വഹ്നേസ്ത്രികോണം രൂപഞ്ചു രക്തം രം ബീജമുച്യതേ
വഹ്നിസ്ഥാനേനിലം നീത്വാ വഹ്നിബീജസമന്വിതം 28

വരദം ത്രീക്ഷണം രുദ്രം ഭസ്മോദ്ധൂളിതവിഗ്രഹം
തരുണാർക്കനിഭം ധ്യായൻ സുപ്രസന്നമതന്ദ്രിതഃ 29

തത്രൈവ ധാരയംശ്ചിത്തം ഗമയേൽ പഞ്ച നാഡികാഃ
ആപ്നുയാച്ച ജയം വഹ്നേർന്ന ഗച്ഛേദ്വഹ്നിനാ മൃതിം 30

ഗുദംമുതൽ ഹൃദയംവരെ അഗ്നിയുടെ സ്ഥാനമാകുന്നു. അതു രക്തവർണ്ണവും ത്രികോണസ്വരൂപവും അതിന്റെ ബീജം 'രം' എന്നതുമാകുന്നു. അഗ്നിസ്ഥാനത്തിൽ അഗ്നിബീജ (രം) ത്തോടുകൂടി വായുവിനെ പ്രവേശിപ്പിച്ച്, വരദനും മൂന്നു തൃക്കണ്ണുകളുള്ളവനും മേലാസകലം ഭസ്മം ധരിച്ചവനും ബാലാദിത്യതുല്യനും സുപ്രസന്നനുമായ രുദ്രഭഗവാനെ ധ്യാനിച്ചുകൊണ്ട് അഞ്ചുനാഴിക കഴിക്കണം. അതുകൊണ്ട് അവനു വഹ്നിജയം സിദ്ധിക്കും. പിന്നെ അഗ്നിനിമിത്തം

മരണമുണ്ടാകുന്നതല്ല. അഗ്നികുണ്ഡത്തിൽ വീണാൽപോലും പൊള്ളുന്നതല്ല.

പതിതേ വഹ്നികുണ്ഡേപി ന ദഹ്യേത ച വഹ്നിനാ മൃതിം
ആഹ്രരാ ഹൃദ ആകൂർച്ചാൽ സ്ഥാനം വായോർമ്മനീഷിണഃ 31

ഷൾകോണം വായുരൂപഞ്ച കൃഷ്ണം യം ബീജമുച്യതേ
വായുസ്ഥാനേനിലം നീത്വാ സ്വബീജേന സമന്വിതം 32

ഈശ്വരം തത്ര സർവ്വജ്ഞം സംസ്മരൻ വിശ്വതോമുഖം
തത്രൈവ ധാരയംശ്ചിത്തം ഗമയേൽ പഞ്ചനാഡികാഃ 33

ഹൃദയം മുതൽ കൂർച്ചം വരെ വായുവിന്റെ സ്ഥാനമാകുന്നു. ('കൂർച്ചമസ്ത്രീ ഭ്രുവോർമദ്ധ്യം' എന്നമരം. കൂർച്ചം = പുരികങ്ങളുടെ മദ്ധ്യം). അതു ഷൾക്കോണാകൃതിയും കൃഷ്ണവർണ്ണവും, അതിന്റെ ബീജം 'യം' എന്നതുമാകുന്നു. അവിടെ ബീജാക്ഷരത്തോട്ടുകൂടി വായുവിനെകൊണ്ടുചെന്ന്, സർവ്വജ്ഞനും സർവ്വതോമുഖനുമായ ഈശ്വരനെ അഞ്ചുനാഴിക ധ്യാനിക്കണം. അപ്പോൾ അവന്നു വായുജയം സിദ്ധിക്കും. വായുനിമിത്തം അവന്നു മരണമുണ്ടാകുന്നതല്ല.

ആപ്ലയാദ്വിജയം വായോസ്തതോസ്യ ന മൃതിർഭവേൽ
ആകൂർച്ചാദാ ച ഫാലാന്താദാകാശസ്ഥാനമുച്യതേ 34

വർത്തുളാകാരമാകാശം ധൂമ്രം ഹം ബീജകം മതം
വ്യോമ്നഃസ്ഥാനേനിലം നീത്വാ വ്യോമബീജസമന്വിതം 35

തത്ര യോഗീ സ്മരന്നേവ വ്യോമാകാരം സദാശിവം
ബിന്ദുരൂപം പരം ബ്രഹ്മ ശുദ്ധസ്ഫടികഭാസുരം 36

സൌമ്യം പഞ്ചമുഖോപേതം സ്മരൽബാലേന്ദുശേഖരം
സർവ്വഭൂഷണദീപ്താംഗം ദശഹസ്തം ത്രിലോചനം 37

സർവ്വായുധാഢ്യം വരദം സർവ്വകാരണകാരണം
ഉമാർദ്ധദേഹം തത്രൈവ കുർവ്വംശ്ചിത്തസ്യ ധാരണാം 38

ഗമയേന്നാഡികാഃ പഞ്ച തതോ വ്യോമജയീ ഭവേൽ
വ്യോമധാരണയാ തസ്യ മൃതിർന്ന സ്യാത്തതഃ പുനഃ 39

ആപ്ലയാൽ ഖേചരത്വഞ്ച താ ഇത്ഥം പഞ്ച ധാരണാഃ
താഭിർദൃത്തശരീരസ്യ ന മൃത്യുസ്തസ്യ യോഗിനഃ 40

കൂർച്ചംമുതൽ നെറ്റിത്തടത്തിന്റെ മേൽഭാഗം വരെ ആകാശത്തിന്റെ സ്ഥാനമാകുന്നു. അതു വർത്തുളസ്വരൂപവും ധൂമ്രവർണ്ണവും അതിന്റെ ബീജാക്ഷരം 'ഹം' എന്നതുമാകുന്നു. അവിടെ ആകാശബീജത്തോട്ടുകൂടി വായുവിനെ കൊണ്ടുചെന്ന്, ആകാശമയനും ബിന്ദുസ്വരൂപിയും ശുദ്ധസ്ഫടികം പോലെ ശോഭിക്കുന്നവനും സൌമ്യനും അഞ്ചു മുഖങ്ങളുള്ളവനും ചന്ദ്രക്കല ധരിച്ചവനും മൂന്നു തൃക്കണ്ണുകളോട്ടുകൂടിയവനും അനേകവിധ ആയുധങ്ങൾ ധരിച്ചവനും സകല കാരണവസ്തുക്കൾക്കും കാരണഭൂതനും ഭക്തന്മാർക്കു വരദാനം ചെയ്യുന്നവനും അർദ്ധനാരീശ്വരനുമായ സദാശിവപരബ്രഹ്മത്തെ അഞ്ചുനാഴികവരെ ധ്യാനിക്കണം. അതു നിമിത്തം അവന്നു വ്യോമജയം സിദ്ധിക്കും. അന്നു മുതൽക്ക് അവന്നു മരണഭയംതന്നെ വേണ്ട. ആകാശത്തിൽ യഥേഷ്ടം സഞ്ചരിക്കുമാറാകും. ഇങ്ങിനെ മേൽപറഞ്ഞ അഞ്ചു ധാരണകളുടെ പരിശീലനം ചെയ്യുന്ന യോഗിക്ക് (സ്വച്ഛന്ദമരണമല്ലാതെ) മൃത്യുതന്നെ ഉണ്ടാവുന്നതല്ല.

ന സീദേൽ പ്രളയേപ്യേഷ മഹാത്മാ പരമേഷ്ഠിനഃ
ഇയമേവ വനസ്ഥാനാം സിദ്ധാവസ്ഥാ തപസ്വിനാം 41

ഏനാമാസാദ്യ വർത്തന്തേ മുനയഃ പുണ്യകാനനേ
തസ്മാദ്വനസ്ഥോ യോഗാർത്ഥമുത്തിഷ്ഠേൽ പ്രയതോ ദ്വിജഃ 42

ദേവഖാതം ബിലം പ്രാപ്യ പുണ്യശൈലസ്യ സാനുനി

യോഗി ബ്രഹ്മപ്രളയത്തിൽ കൂടി കഷ്ടപ്പെടുന്നതല്ല. ഇതാകുന്നു വാനപ്രസ്ഥാശ്രമക്കാരുടെ സിദ്ധാവസ്ഥ. സിദ്ധാവസ്ഥയെ പ്രാപിച്ച മഹർഷിമാർ പുണ്യമായ തപോവനത്തിലാണ് പാർക്കുന്നത്. അതിനാൽ വാനപ്രസ്ഥാശ്രമത്തെ സ്വീകരിച്ചവൻ ദേവഖാതമായ (മനുഷ്യനിർമ്മിതമല്ലാത്ത) ഗുഹകളിൽ പോയി ബാഹ്യാഭ്യന്തരശുദ്ധിയോടെ യോഗപരിശീലനം ചെയ്യണം. ആവക ഗുഹകൾ പുണ്യപർവ്വതങ്ങളുടെ മുകളിൽ

കാണാവുന്നതാകുന്നു.

ഇതി നവമസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 9 പാദം 4

### യോഗപരിശിഷ്ടം

അഥാഭ്യസേന്മുനിർദ്ധ്യാനം വ്യോമരു ർദ്ധാനിലസ്സദാ
ദേവതായാ അഭീഷ്ടാംഗധ്യായീ സ്യാൽ പ്രാഗ്യഥോദിതം 1

ആകാശപര്യന്തമുള്ള ധാരണകൊണ്ടു സിദ്ധി വന്നിരിക്കുന്ന യോഗി അനന്തരം ധ്യാനത്തെ ശീലിക്കണം. മുൻവിവരിച്ചപ്രകാരമുള്ള സർവ്വേശ്വരന്റെ മൂർത്തികളിൽ അവനവന്ന് അത്യന്തം രുചിയുള്ളതായ മൂർത്തിയെയാകുന്നു ധ്യാനിക്കേണ്ടത്.

ഇദന്തു സഗുണധ്യാനമണിമാദിഫലപ്രദം
യുക്തസ്യ നിർഗ്ഗുണധ്യാനേ സമാധിശ്ച തതോ ഭവേൽ 2

ഇതു സഗുണധ്യാനമാകുന്നു. ഇതുകൊണ്ടാണ് അണിമാദ്യഷ്ടൈശ്വര്യസിദ്ധിയുണ്ടാകുന്നത്. നിർഗ്ഗുണധ്യാനം ചെയ്യുന്നവന്നു സമാധി സിദ്ധിക്കും.

സംപ്രാപ്യ സമതാവസ്ഥാം ജീവാത്മപരമാത്മനോഃ
സമാധിസ്ഥശ്ചരേദേഷ മുനിർല്ലോകേ നിജേച്ഛയാ 3

സമാധി ശീലിക്കുന്ന മുനി ജീവാത്മപരമാത്മാക്കളുടെ സാമ്യാവസ്ഥയെ പ്രാപിച്ചിട്ട് ലോകത്തിൽ തന്നിഷ്ടം പോലെ എവിടെ എങ്കിലും സഞ്ചരിപ്പാൻ ശക്തനായിത്തീരും.

അഥവാ ദേഹമുൽസൃജ്യ ലീയേത പരമേ പദേ
ഗത്വാ തേനൈവ ദേഹേന വിഹരേദ്ദേവഭൂമിഷു 4

അഥവാ ശരീരം ഉപേക്ഷിച്ചു പരമപദത്തിൽ ലയിക്കും. അല്ലെങ്കിൽ ഈ ദേഹത്തോടുകൂടെത്തന്നെ ദേവകളുടെ ലോകങ്ങളിൽ ചെന്നു ക്രീഡിക്കും.

യദ്യദിച്ഛേന്മുനിസ്സിദ്ധസ്തത്തദ്യോഗേന സാധയേൽ
ഏഷ മുഖ്യതമഃ പന്ഥാ വനസ്ഥസ്യ സമീരിതഃ 5

അത്രാശക്തോ യഥാശാസ്ത്രം വന്യാം വൃത്തിം സമാശ്രയേൽ
തസ്യാമപ്യപടോസ്തസ്യ ഭൃഗ്വാദേർമൃതിരീരിതാ 6

മുനി എന്തെല്ലാം ആഗ്രഹിക്കുന്നുവോ അതെല്ലാം യോഗം കൊണ്ടു സാധിക്കാവുന്നതാകുന്നു. ഇതാകുന്നു വാനപ്രസ്ഥന്മാർക്കുള്ള മുഖ്യമായ സന്മാർഗ്ഗം. ഇതിന്നു ശക്തിയില്ലാത്തവൻ ശാസ്ത്രപ്രകാരം കാട്ടിലുള്ള ഫലമൂലാദികളും ഭക്ഷിച്ചു ഭഗവൽഭജനം ചെയ്തു കൊണ്ടിരിക്കണം. അതിന്നും കഴിവില്ലാത്തവന്നാണ് പർവ്വതാഗ്രത്തിൽനിന്നു ചാടി മരിക്കുവാൻ വിധിച്ചിരിക്കുന്നത്.

ശക്തസ്യാപി മുമുക്ഷുത്വേ സന്യാസാശ്രമ ഇഷ്യതേ
സന്യസ്യ ശ്രവണാദീനി കൃത്വാ നിശിതയാ ധിയാ 7

ശക്തനായിട്ടുള്ളവൻ മോക്ഷം സാധിക്കേണമെന്നിച്ഛയുണ്ടെങ്കിൽ സന്യാസാശ്രമം സ്വീകരിക്കുകയാകുന്നു ചെയ്യേണ്ടത്. സന്യസിച്ചതിന്നുശേഷം മനസ്സിരുത്തി ശ്രവണമനനാദികൾ ചെയ്തു പരബ്രഹ്മത്തെ പ്രത്യക്ഷമായി കണ്ടറിഞ്ഞു മോക്ഷം സാധിക്കണം.

സാക്ഷാൽകൃത്യ പരം ബ്രഹ്മ വിപ്രോ നിർവ്വാണമാപ്നുയാൽ
വിപ്രാണാമേവ സന്യാസോ ന തു രാജ്ഞാം ന വാ വിശാം 8

ബ്രാഹ്മണർക്കു മാത്രമേ സന്യാസം പാടുള്ളൂ. ക്ഷത്രിയന്നും വൈശ്യന്നും സന്യാസത്തിന്നർഹതയില്ല. അതുതന്നെ (സന്യാസം തന്നെ) കലിയുഗത്തിൽ വർജ്ജ്യമാണെന്നു പറയുന്നു. എന്നാൽ കലിയുഗത്തിൽ ബ്രാഹ്മണന്നു സന്യാസമാവാമെന്നാണ് മലയാളത്തിലെ നിശ്ചയം.

തഞ്ച വർജ്ജ്യം കലാവാഹരിഷ്യതേ ഭാർഗ്ഗവക്ഷിതൌ
വിപ്രേതരസ്തു സന്യാസിപൂജയാ താൻ പ്രസാദയേൽ 9

ചാതുർമ്മാസ്യാദ്യനുഷ്ഠാനേ ശക്ത്യാ സാഹായ്യമാചരേൽ
നാമസങ്കീർത്തനൈർവ്വിപ്രസേവയാ തീർത്ഥസേവനൈഃ 10

ബ്രാഹ്മണേതരന്മാർ സന്യാസികളെ പൂജിച്ച് അവരെ പ്രസാദിപ്പിക്കണം. അവരുടെ ചാതുർമ്മാസ്യം മുതലായ അനുഷ്ഠാനങ്ങൾക്കു വേണ്ട സഹായം ചെയ്യണം. ഭഗവന്നാമസങ്കീർത്തനംകൊണ്ടും ബ്രാഹ്മണസേവകൊണ്ടും തീർത്ഥസ്നാനംകൊണ്ടും മഹാക്ഷേത്രങ്ങളിൽ ഭജിക്കുന്നതുകൊണ്ടും, ബ്രാഹ്മണവംശത്തിൽ ജനിച്ചില്ലെങ്കിലും ബുദ്ധിയുള്ളവൻ, സംസാരത്തിൽനിന്നു നിവൃത്തിക്കണം.

മഹാക്ഷേത്രേഷു ഭജനൈസ്സംസാരം നിസ്തരേത്സുധീഃ
ദുർല്ലഭഃ ഖലു ദേഹോയം മാനുഷഃ ക്ഷണഭംഗുരഃ 11

ലോകോത്തരസദാചാര വിശേഷാത്യന്തശോഭിതേ
രാമാവനീതലേ ജന്മസിദ്ധിശ്ചാത്യന്തദുർല്ലഭാ 12

മനുഷ്യജന്മം കിട്ടുവാൻ തന്നെ വളരെ പ്രയാസമാകുന്നു. അതു ക്ഷണത്തിൽ നശിച്ചുപോകുന്നതുമാണ്. ലോകത്തിൽവെച്ച് അത്യുത്തമങ്ങളായ സദാചാരങ്ങളെക്കൊണ്ട് ഏറ്റവും ശോഭിച്ചിരിക്കുന്ന മലയാളത്തിൽ ജന്മം സിദ്ധിക്കുന്നതു വിശേഷിച്ചും ദുർല്ലഭമാകുന്നു.

കഃ സുധീസ്താദൃശം ജന്മ സുകൃതൈശ്ചിരസംഭൃതൈഃ
സംപ്രാപ്യ സർവ്വം വിസ്മൃത്യ കാമാരാധനലമ്പടഃ 13

പ്രതിഗ്രഹൈകനിരതോ വാരനാരീവശംവദഃ
തദീയഹാവബിംബോകൈർവ്വിസ്മരൻ സന്ധ്യയോർദ്വയോഃ 14

മോക്ഷമാർഗ്ഗപഥീനം സ്വമാത്മാനം പാതയേദധഃ
അതോപ്രമത്തൈസ്സതതം ഭാവ്യമിത്യേഷ വിസ്തരഃ 15

ഇത്രയും മാഹാത്മ്യമുള്ള ജന്മത്തെ അനേകസുകൃതങ്ങളാൽ സമ്പാദിച്ചിട്ട്, ബുദ്ധിയുള്ള ഏതൊരുവനാണോ അതെല്ലാം മറന്നു കാമനെ ആരാധിപ്പാൻ (കാമം പൂരിപ്പിക്കുവാൻ) താല്പര്യമുള്ളവനായി കിട്ടുന്നേടത്തോളം പ്രതിഗ്രഹം വാങ്ങുകയും വേശ്യാസ്ത്രീകൾക്കടിമപ്പെടുകയും ചെയ്തിട്ട്, അവരുടെ കളി കണ്ടിരുന്ന് സന്ധ്യാവന്ദനാദികളെ മറക്കുന്നു അവൻ മോക്ഷമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന തന്റെ ആത്മാവിനെ അധഃപതനം ചെയ്യിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ പ്രമാദം കൂടാതെ എല്ലാവരും മനസ്സിരുത്തണം.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം നവമസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ
നവമോദ്ധ്യായഃ സമാപ്തഃ

## അഥ ദശമോദ്ധ്യായഃ

പ്രഥമഃ പാദഃ
അദ്ധ്യായം 10 പാദം 1

### സന്യാസാശ്രമവിധി

ബ്രാഹ്മണസ്തപസാ ക്ഷീണപാപശ്ശമദമാന്വിതഃ
വീതരാഗോ മുമുക്ഷുശ്ചേ സന്യാസാശ്രമമാശ്രയേൽ 1

തപസ്സു ചെയ്തു പാപങ്ങൾ നശിച്ചവനും ശമം ദമം മുതലായ ഗുണങ്ങൾ തികഞ്ഞവനുമായ ബ്രാഹ്മണൻ ഐഹികസുഖങ്ങളിൽനിന്നു വിരക്തനായിട്ടു മോക്ഷത്തെ ആഗ്രഹിക്കുന്നു എങ്കിൽ സന്യാസാശ്രമത്തെ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്.

മാതരം പിതരം ഭാര്യാം പുത്രാംശ്ച സ്വജനാനപി
അനുമോദ്യർത്ത്വിജശ്ചാത്ര വൃണീതേഷ്ടിമിതീഷയാ 2

അച്ഛനമ്മമാർ ഭാര്യ പുത്രന്മാർ സ്വജനങ്ങൾ മുതലായവരെ എല്ലാം പറഞ്ഞു സമ്മതിപ്പിക്കണം......................?

കൃത്വാ വൈശ്വാനരീമിഷ്ടിം സർവ്വം ദത്വാ ച ദക്ഷിണാം
ആരോപ്യാഹവനീയാദൌ പ്രാണാദീൻ പഞ്ച മാരുതാൻ 3

വിസൃജ്യ സശിഖാൻ കേശാൻ ഛിത്വാ യജ്ഞോപവീതകം
പുത്രം വിലോക്യ ത്വം ബ്രഹ്മത്വം യജ്ഞസ്ത്വമിദം സമം 4

അനുമന്ത്ര്യേത്ഥമാത്മാനമേവ തഞ്ചാനുചിന്തയൻ
നാവേക്ഷമാണസ്സൻ പ്രാചീമുദീചീം വാ പരിവ്രജേൽ 5

സന്യാസവിധിപ്രകാരം വൈശ്വാനരേഷ്ടീ മുതലായതു ചെയ്തു യജ്ഞോപവീതവും കുടുമയും കളഞ്ഞ് അങ്ങുമിങ്ങും നോക്കാതെ കിഴക്കോട്ടോ വടക്കോട്ടോ ഇറങ്ങി നടക്കണം.

സർവ്വവർണ്ണേഷു ഭിക്ഷാർത്ഥം വിചരേൽ പാണിഭാജനഃ
പ്രാണസന്ധാരണായാന്നമശ്നീയാദൌഷധം യഥാ 6

ഏതു ജാതിക്കാരോടും ഭിക്ഷ വാങ്ങാം. ഔഷധം സേവിക്കുന്നതു രോഗം മാറുവാൻ മാത്രമായിട്ടാകുന്നു. അതുപോലെ ഭക്ഷണം പ്രാണധാരണത്തിന്നുവേണ്ടി മാത്രമാകുന്നു എന്നുറയ്ക്കണം. അന്നന്നു കിട്ടുന്നതിന്റെ അവസ്ഥപോലെ വല്ലതും ഭക്ഷിക്കുക. എന്നാൽ അധികം കിട്ടി എന്നു വെച്ചു മേദസ്സു വർദ്ധിക്കത്തക്കവണ്ണം ഭക്ഷിക്കയുമരുത്.

യഥാലാഭം യഥാ ന സ്യാന്മേദോവൃദ്ധിസ്തഥൈവ ച
ഏകാഹം നിവസേൽ ഗ്രാമേ പഞ്ചാഹം നഗരേ വസേൽ 7

ചതുരോ വാർഷികാന്മാസാൻ ഗ്രാമേ വാ നഗരേപി വാ
കന്യാഗാരേ വസേൽ ഭിക്ഷുർവൃക്ഷമൂലേഥവാ വസേൽ 8

തീരേ വാ സരിതോ ദണ്ഡം ബിഭൃയാൽ ക്ഷുബരാങ്കിതം
കാഷായം കടിസൂത്രഞ്ച വാസോ നാന്യദനാപദി 9

ഗ്രാമത്തിൽ ഒരു ദിവസവും നഗരത്തിൽ അഞ്ചു ദിവസവും താമസിക്കാം. (അതിലധികം താമസിക്കുന്നതു ബന്ധനത്തിന്നു കാരണമായിത്തീരും). എന്നാൽ ചാതുർമ്മാസ്യത്തിന്നുവേണ്ടി ഗ്രാമത്തിലോ നഗരത്തിലോ കന്യാഗൃഹത്തിലോ വൃക്ഷത്തിന്റെ ചുവട്ടിലോ നദീതീരത്തിങ്കലോ താമസിക്കാം. ദണ്ഡു ധരിക്കണം. കാഷായവസ്ത്രം കൊണ്ടുള്ള കോണകമേ ധരിക്കാവൂ. നിവൃത്തിയുണ്ടെങ്കിൽ മറ്റു വസ്ത്രങ്ങൾ കൂടാതെ കഴിയണം.

ദൃഷ്ടിപൂതാൻ ന്യസേൽ പാദാൻ വസ്ത്രപൂതാഃ പിബേദപഃ
സത്യപൂതാം വദേദ്വാചം ഭിക്ഷാപൂതഞ്ച ഭക്ഷയേൽ 10

കണ്ണു കൊണ്ടു നോക്കിയല്ലാതെ കാലെടുത്തുവെക്കരുത്. (വല്ല ക്ഷുദ്രപ്രാണികളും ചവിട്ടുകൊണ്ടു ചത്തുപോകരുതെന്നു വിചാരിച്ചിട്ടാണ് ഈ വിധി. ഹിന്ദുക്കളുടെ പരമമായ ധർമ്മം അഹിംസയാകുന്നു. പക്ഷ ഈ തത്ത്വം അറിയാതെ മതകാര്യങ്ങളാണെന്നു നടിച്ചു വിപരീതം പ്രവൃത്തിക്കുന്നവരും ഇല്ലെന്നില്ല). അരിച്ച വെള്ളമേ കുടിക്കാവൂ. സത്യമല്ലാതെ പറയരുത്. ഭിക്ഷ പുക്കു ഭക്ഷിക്കണം.

ദണ്ഡപൂതമുഷഃസ്നായീ മനഃപൂതം സമാചരേൽ
മരണം നാഭിനന്ദേത ജീവിതം വാ നിരാഗ്രഹഃ 11

ഭവേച്ച നിരഹങ്കാരോ നാവമന്യേത കഞ്ചന
അതിവാദാംസ്തിതിക്ഷേത സ്ഥലം കുര്യാന്ന തു സ്ഥിരം 12

പ്രാതഃസ്നാനം ചെയ്യണം. മനസ്സുകൊണ്ടാലോചന കഴിച്ചല്ലാതെ ഒന്നും പ്രവൃത്തിക്കരുത്. ഉടനെ മരിക്കണമെന്നോ അധികകാലം ജീവിച്ചിരിക്കേണമെന്നോ രണ്ടും വിചാരിക്കരുത്. ഞാനെന്നും എന്റേതെന്നുമുള്ള വിചാരമരുത്. ഒരാളിനേയും (ഒന്നിനേയും) അവമാനിക്കരുത്. അധികമായി സംസാരിക്കുകയും ഒരു സ്ഥലത്തു സ്ഥിരമായി താമസിക്കുകയും ചെയ്യരുത്.

യതവാക് സർവ്വദൈവ സ്യാദാപദർത്ഥം വദേച്ച വാ
അസിനാ ഛിന്ദതോ ബാഹും ലിമ്പതശ്ചന്ദനേന വാ 13

എല്ലായ്പ്പോഴും വാക്കിനെ അടക്കണം. (മൌനവ്രതത്തെ സ്വീകരിക്കണം). നിവൃത്തിയില്ലെങ്കിൽ ആവശ്യമുള്ളതു മാത്രം പറയണം. തന്റെ കയ്യിനെ ചന്ദനംകൊണ്ടു പൂശുന്നവനിലും വാളെടുത്തു വെട്ടുന്നവനിലും സമവൃത്തിയായിരിക്കണം. (സൽകരിക്കുന്നവരുടെ നേരെ സന്തോഷിക്കുകയും തിരസ്കരിക്കുന്നവരുടെ നേരെ വെറുക്കുകയുമരുതെന്നു താല്പര്യം). തന്നെ ദ്രോഹിക്കുന്നവൻ നശിക്കേണമെന്നോ തനിക്കുപകാരം ചെയ്യുന്നവന്നു ഗുണം വരേണമെന്നോ വിചാരിക്കരുത്.

ഉഭയോരപ്യകല്യാണം കല്യാണഞ്ച ന ചിന്തയേൽ
പ്രാണായാമപരോ നിത്യം ധാരണാധ്യാനസംശ്രയഃ 14

സ്യാച്ച പശ്യേദനിത്യത്വമാകീടാദാ ചതുർമ്മുഖാൽ
അമേധ്യതാം ശരീരസ്യ ജരയാ ചാപ്യഹൃദ്യതാം 15

നിത്യവും പ്രാണായാമം മുതലായതു ചെയ്യണം. ബ്രഹ്മാവു മുതൽ പുഴു വരെ ഉള്ളവർക്കെല്ലാം നാശമുണ്ടെന്നു കാണണം. നമ്മുടെ ശരീരം അസ്ഥിമാംസാദ്യശുദ്ധവസ്തുക്കളെക്കൊണ്ടു കൊള്ളരുതാതാകുമെന്നും ധരിക്കണം.

ശാരീരമാനസാഗന്തുവ്യാധിഭിശ്ച നിപീഡനം
നിത്യാന്ധകാരേ സ്ത്രീഗർഭേ മധ്യേ മൂത്രപുരീഷയോഃ 16

വാസം തത്ര ച ശീതോഷ്ണദുഃഖാനുസഹനം സദാ
ബഹുദുഃഖാനുഭൂതിഞ്ച യോനിനിർഗ്ഗമസങ്കടാൻ 17

ജായമാനസ്യ സർവ്വസ്യ ജന്തോർമ്മോഹഞ്ച ശൈശവേ
പാരതന്ത്ര്യഞ്ച സർവ്വത്ര രാഗാന്ധത്വഞ്ച യൌവനേ 18

യോഗം ദുർവ്വിഷയൈസ്തേന നരകേഷു ച പാതനം
നരകേഷു മഹാദുഃഖം തിര്യഗ്യോനിഷു ജന്മ ച 19

ശാരീരമായും (ജ്വരം മുതലായവ) മാനസികമായും (രാഗദ്വേഷാദികൾ) ആഗന്തുക്കളായും (വീഴ്ച തീപ്പൊള്ളുക മുതലായവ) ഉള്ള വ്യാധികളെക്കൊണ്ടു ശരീരത്തിന്നു പലവിധ പീഡകൾ വരുവാനുണ്ടെന്നു വിചാരിക്കണം. ജനനത്തിന്നു മുമ്പു നിത്യാന്ധകാരമായ ഗർഭത്തിൽ മലമൂത്രങ്ങളുടെ നടുവിൽ ഉള്ള സ്ഥിതിയും, യാതൊരു പ്രതിവിധിയുമില്ലാതെ ശീതോഷ്ണാദിദുഃഖങ്ങളെ സഹിച്ചുകൊണ്ടിരുന്ന് ഒടുവിൽ (10-ആം മാസത്തിൽ) അനുഭവിക്കുന്ന പ്രസവസങ്കടത്തേയും ഓർക്കണം. ജനിച്ചാൽ തന്നെയോ ബാല്യത്തിൽ യാതൊരു ജ്ഞാനവുമില്ലാതെ കുഴങ്ങും. സകലത്തിന്നും അന്യന്റെ സഹായം വേണം. യൌവനത്തിൽ രാഗാന്ധനായിത്തീരും. അതുനിമിത്തം അനേകം പാപങ്ങൾ ചെയ്യുവാനിടവരും. ഒടുവിൽ നരകത്തിൽ വീണ് അവിടേയും പലവിധത്തിൽ ദുഃഖങ്ങൾ അനുഭവിക്കേണ്ടിവരും. ദുഷ്കർമ്മശേഷത്താൽ പിന്നെ ജനിക്കുന്നതു വല്ല തിര്യഗ്യോനികളിലായി എന്നുംവരും. ഇങ്ങിനെ ഈ സംസാരത്തിൽഎന്തെല്ലാം ദുഃഖങ്ങൾ അനുഭവിക്കേണ്ടതായി വരുമോ അതെല്ലാം മനസ്സുകൊണ്ടാലോചിച്ചു കാണണം. (വൈരാഗ്യത്തിന്ന് ഇത്ര നന്നായിട്ടുള്ള ഉപായം മറ്റൊന്നില്ല).

ഈദൃശം യദ്യദന്യച്ച തത്തൽ സമവലോകയേൽ
നാധ്യസ്യേൽ കഞ്ചിദപ്യർത്ഥമനുകൂലം ത്രിവിഷ്ടപേ 20

തദ്വദന്യത്ര ലോകേ വാ മസ്കരീ സൂക്ഷ്മദർശ്ശനഃ
യാനി സ്യുസ്സുഖസംജ്ഞാനി സ്വാപേക്ഷാമാത്രകാരണാൽ 21

തേഷാമനിത്യതാം ദൃഷ്ട്വാ കാചന്തു ന ദൃശോർവ്വഹേൽ
തത്രാപ്യലബ്ധേ സന്താപം ഭൂയിഷ്ഠം സുഖമന്യഥാ 22

ത്രൈലോക്യത്തിലുള്ള യാതൊരു സംഭവവും തനിക്കനുകൂലമായിട്ടില്ലെന്നു തീർച്ചയാക്കണം. ധനപുത്രാദികളായി സുഖോപകരണങ്ങളാണെന്നു പറഞ്ഞുവരുന്നതെല്ലാം നശിച്ചുപോകുന്നതാണെന്നു കണ്ടറിഞ്ഞ് ഒരു കാൽപൈസ്സപോലും കണ്ണുകൊണ്ട് നോക്കി കാണരുത്. ധനത്തിന്മേൽ ആഗ്രഹമുണ്ടായാൽ അതു കിട്ടാഞ്ഞാൽ ദുഃഖമായി. ആഗ്രഹമില്ലെങ്കിൽ ദുഃഖത്തിന്നു കാരണമില്ല. അപ്പോൾ സുഖം തന്നെയായി നിശ്ചയം എന്നിങ്ങിനെ അറിയുന്നവൻ അതിലൊന്നും സക്തനായിത്തീരില്ല. വിഷങ്ങളിൽ ആസക്തിയില്ലായ്മ തന്നെയാകുന്നു സുഖം.

വിദിത്വാ നൈവ സക്തഃ സ്യാദനാസക്തിഃ പരം സുഖം
സ്ത്രിയഃകാമേന നശ്യന്തി ബ്രാഹ്മണാ നൃപസേവയാ 23

നൃപാസ്തു ബ്രഹ്മദണ്ഡേന യതയഃ കാമസംഗമാൽ
അതോ നിരസ്യ തൽ സൂക്ഷ്മം സത്യം സദസതഃപരം 24

അതികാമം കൊണ്ടു സ്ത്രീകളും, രാജസേവകൊണ്ടു ബ്രാഹ്മണരും, ബ്രാഹ്മണദണ്ഡംകൊണ്ടു രാജാക്കന്മാരും, കാമസേവകൊണ്ട് സന്യാസിമാരും നശിക്കും. അതിനാൽ സന്യാസവിഘ്നകരങ്ങളായ കാമാദികളെ ഉപേക്ഷിച്ച്, സൂക്ഷ്മമായും സത്യമായും കാര്യകാരണവ്യതിരിക്തമായുമിരിക്കുന്ന അത് (തൽ = ബ്രഹ്മ) ഞാനാണെന്നുറച്ചു സ്വാർത്ഥത്തെ (മോക്ഷത്തെ) മറക്കാതെ സാധിക്കണം.

ജ്ഞാത്വാ തദഹമസ്മീതി സ്വാർത്ഥം ന ഖലു വിസ്മരേൽ
ഇതി സംക്ഷേപതഃ പ്രോക്തോ ഭിക്ഷുധർമ്മോ ന വിസ്തരാൽ 25

രാമക്ഷേത്രേ വിശേഷോത്ര ന സർവ്വാന്നീനതാം ഭജേൽ
അന്യനാഭിജനൈർവ്വിപ്രൈർഗൃഹസ്ഥൈഃ പ്രാർത്ഥിതോ യദി 26

ഇങ്ങിനെ സന്യാസിധർമ്മങ്ങൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ടു. എന്നാൽ മലയാളത്തിൽ ഇതിൽ ചില ഭേദഗതികൾ ഉണ്ട് – ആരുടെ ഗൃഹത്തിൽചെന്നും ഭിക്ഷ വാങ്ങി ഭക്ഷിക്കാമെന്നു പറഞ്ഞത് ഇവിടെ പാടില്ല. ആഭിജാത്യം തികച്ചുള്ള ഗൃഹസ്ഥബ്രാഹ്മണർ വന്നപേക്ഷിച്ചാൽ അവരുടെ ഗൃഹത്തിൽ മാത്രം പോയി ഭക്ഷിക്കാം. മറ്റൊരു ഗൃഹത്തിൽ പാടില്ല.

തൽഗൃഹേഷു യതിഃ കുര്യാദശനം നേതരാലയേ
അസ്പൃശ്യസ്പർശ്ശനേ സ്നായാദ്വിപ്രകൃഷ്യോപസർപ്പണേ 27

വമനേ ച ദിവാസ്വപ്നേ സ്നായാൽ സ്കന്നേ ച രേതസി
പ്രാതശ്ച പ്രത്യഹം സായമപി വാ ശക്ത്യപേക്ഷയാ 28

ബ്രാഹ്മണർക്കു തൊട്ടാൽ കുളിക്കേണ്ടവരായ ജാതിക്കാരെ തൊട്ടാലും തീണ്ടലുള്ളവരടുത്താലും സന്യാസിക്കും കുളിക്കണം. ഛർദ്ദിച്ചാലും പകലുറങ്ങിയാലും ഇന്ദ്രിയസ്ഖലനം വന്നാലും കുളിക്കണം. പതിവായി കാലത്തും വൈകുന്നേരവും സ്നാനം ചെയ്യണം.

ശംഖവാദാൻ പുരസ്കൃത്യ സാനുഗോ ഗന്തുമർഹതി
സർവ്വത്ര പാദചാരീ സ്യാൽ ഭാർഗ്ഗവസ്യ വചോ യഥാ 29

മുമ്പിൽ ഭൃത്യന്മാരെ നടത്തി ശംഖു വിളിപ്പിച്ചുകൊണ്ടുവേണം എങ്ങോട്ടെങ്കിലും പോകുവാൻ. കാൽനടയായി നടക്കണം. വാഹനം കയറരുത്. ('വാഹനസ്ഥം യതിം ദൃഷ്ട്വാ സചേലസ്നാനമാചരേൽ = സന്യാസി വാഹനത്തിൽ കയറികണ്ടാൽ സചേലസ്നാനം ചെയ്യണം')

സർവ്വസംസ്കാരസമ്പന്നസ്സർവ്വതോ വിഗതസ്പൃഹഃ
ആശാസൂയാദിരഹിതസ്സാധനാനാം ചതുഷ്ടയേ 30

സമ്പന്നേർഹതി സന്യാസം കർത്തും വിപ്രകുലാഗ്രണിഃ
നൈവോനാഭിജനോ വിപ്രോ ന രാജാ നോരുജോപി വാ 31

ബ്രാഹ്മണന്നു പറഞ്ഞിരിക്കുന്ന എല്ലാ സംസ്കാരങ്ങളും തികച്ചു ചെയ്തവനും, ഒന്നിലും താല്പര്യമില്ലാത്തവനും, ആശ അസൂയ മുതലായ ദോഷങ്ങളോടു വേർപെട്ടവനുമായ ബ്രാഹ്മണശ്രേഷ്ഠൻ സാധനസമ്പത്തി [(1)] ഉണ്ടെങ്കിൽ സന്യസിക്കുകയാണ് വേണ്ടത്. ആഭിജാത്യം കുറഞ്ഞ ബ്രാഹ്മണന്നും ക്ഷത്രിയവൈശ്യന്മാർക്കും ഇവിടെ സന്യാസമില്ല. (പരദേശങ്ങളിൽ ശൂദ്രന്നുകൂടി സന്യാസമുണ്ട്).

(1) 1 - നിത്യാനിത്യ വസ്തുവിവേകം 2 – വിരാഗം 3 - ശമാദിഷൾകസമ്പത്തി 4 – മുമുക്ഷുത്വം ഇവയാകുന്നു സാധനചതുഷ്ടയം.

അസമാനശിഖോ വിപ്രോ ഹീനൊ നാഭിജനേന യഃ
തേന പക്വഞ്ച സർവ്വാന്നമശ്നീയാദേവ വേശ്മനി 32

അന്യൽ സമാനമിത്യേതദ്ദിങ്മാത്രമുപദർശിതം
ധർമ്മസ്യ സമനുഗ്രാഹ്യം തദ്ധി യച്ചാഥ വീക്ഷ്യതേ 33

ആഭിജാത്യത്തിന്നു കുറവില്ലാത്ത പിൻകുടുമക്കാരൻ (പരദേശബ്രാഹ്മണൻ) വെച്ചത് ഉണ്ണാം. മറ്റെല്ലാം മുൻവിവരിച്ചതു പോലെതന്നെ. ഇങ്ങിനെ സന്യാസധർമ്മത്തിന്റെ ഒരംശം ഇവിടെ പറയപ്പെട്ടു. ഇനി പറയുവാൻപോകുന്ന ധർമ്മങ്ങളിലും ജനങ്ങൾ മനസ്സിരുത്തിക്കൊള്ളണം.

ഇതി ദശമസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ
അദ്ധ്യായം 10 പാദം 2

### രാജധർമ്മങ്ങൾ

രാജധർമ്മാനഥാഖ്യാസ്യേ പൂർവ്വസ്മാദപി വിസ്തരാൽ
രാജാ രാജ്യേഭഷിക്തസ്തു പാലയേൽ പുത്രവൽ പ്രജാഃ 1

അനന്തരം മുൻവിവരിച്ചതിനേക്കാൾ വിസ്തരിച്ചു രാജധർമ്മങ്ങളെ പറയുന്നു:- രാജാവായി അഭിഷേകം ചെയ്തവൻ പ്രജകളെ തന്റെ പുത്രന്മാരെ എന്നപോലെ രക്ഷിക്കണം.

തത്തദ്ധർമ്മേ വ്യവസ്ഥാപ്യ സ ഹി ധർമ്മസ്യ രക്ഷിതാ
ആശ്രയേജ്ജാംഗലം ദേശം സസ്യോപേതഞ്ച ഗോഹിതം 2

വിപ്രത്രിപാദം വിൾശൂദ്രപാദം ശീതോഷ്ണയോസ്സമം
ധനദുർഗ്ഗം നൃദുർഗ്ഗം വാ മഹീദുർഗ്ഗമഥാപി വാ 3

അതാതു ജാതിമതപ്രകാരം അവരവരെ നിർത്തണം. രാജാവു രക്ഷിക്കാതെ ധർമ്മം നിലനില്ക്കുന്നതല്ല. പശുക്കൾക്കു മേയുവാൻതക്കതും ധാരാളം സസ്യങ്ങളുള്ളതുമായ ജാംഗലദേശത്താണ് രാജധാനി പണിചെയ്യേണ്ടത്. അവിടെ ഉള്ള ജനങ്ങളിൽ നാലിൽ മൂന്നു ഭാഗം ബ്രാഹ്മണരും ഒരുഭാഗം വൈശ്യന്മാർ ശൂദ്രന്മാർ മുതലായവരുമായിരിക്കണം. കോട്ട ധനദുർഗ്ഗാദികളിൽ ഏതെങ്കിലുമൊന്നായിരിക്കണം. ധനദുർഗ്ഗം = ധാരാളം പണം ചെലവുചെയ്തു യന്ത്രശസ്ത്രാദികളാൽ അഭേദ്യമായുണ്ടാക്കിയത്. നൃദുർഗ്ഗം = പട്ടാളക്കാരാൽ രക്ഷിക്കപ്പെടുന്നത്. മഹീദുർഗ്ഗം = മതിൽ കിടങ്ങു മുതലായുള്ളത്. വനദുർഗ്ഗം = ശത്രുക്കൾക്കു കടന്നുചെല്ലുവാൻ നിവൃത്തിയില്ലാത്തവിധം കാട്ടുള്ളത്. വൃക്ഷദുർഗ്ഗം = മുള്ളുകൂട്ടം മുതലായതുകൊണ്ടഭേദ്യം. ശൈലദുർഗ്ഗം = നാലുഭാഗവും മലയുള്ളത്.

വനദുർഗ്ഗം വൃക്ഷദുർഗ്ഗം ശൈലദുർഗ്ഗമുതാവസേൽ
ഗ്രാമാധ്യക്ഷാൻ നൃപഃ കുര്യാദ്ദശാധ്യക്ഷാംശ്ച കാംശ്ചന 4

ധർമ്മത്തെ രക്ഷിപ്പാൻവേണ്ടി ഗ്രാമാധ്യക്ഷന്മാർ, ദശാദ്ധ്യക്ഷന്മാർ, ശതാധ്യക്ഷന്മാർ, ദേശാധ്യക്ഷന്മാർ ഇവരെ എല്ലാം നിയമിക്കണം. അവരും ധർമ്മശീലന്മാരായിരിക്കണം.

ശതാധ്യക്ഷാൽ ധർമ്മഗുപ്ത്യൈ ദേശാധ്യക്ഷാംശ്ച ധാർമ്മികാൻ
ഗ്രാമാധ്യക്ഷൈരപനയേൽ ഗ്രാമദോഷാന്മഹീപതിഃ 5

അശക്യപരിഹാരാംസ്താൻ ദശാധ്യക്ഷേഭ്യ ഈരയേൽ
തേഷാമപി തഥാഭൂതാഞ്ഛതാധ്യക്ഷേഭ്യ ഈരയേൽ 6

തേഷാമപി തഥാഭൂതാൻ ദേശാധ്യക്ഷേഭ്യ ഈരയേൽ
ദേശാധ്യക്ഷാഃ പ്രയത്നേന തദ്ദോഷോദ്ധരണം യഥാ 7

അതാതു ഗ്രാമത്തിലുണ്ടാകുന്ന ദോഷങ്ങളെ (കളവുമുതലായതിനെ) തീർക്കേണ്ടതിന്നുള്ള ഭാരം ഗ്രാമാധ്യക്ഷന്മാരെ ഏല്പിക്കണം. അവരാൽ നിവൃത്തിപ്പാൻ കഴിയാത്ത കേസ്സുകൾ ദശാധ്യക്ഷന്മാർക്കും, അവർക്കാവാത്തതു ശതാധ്യക്ഷന്മാർക്കും, അവരാലും അശക്യമായിട്ടുള്ളതു ദേശാധ്യക്ഷന്മാർക്കും ഏല്പിച്ചുകൊടുക്കണം. രാജ്യത്തിൽ ക്ഷേമമുണ്ടായിരിക്കേണമെന്നാഗ്രഹിക്കുന്ന രാജാവ് അതിന്നുള്ള അധികാരങ്ങൾ അവസ്ഥാനുസരണം അതാതുദ്യോഗസ്ഥന്മാർക്കു കൊടുക്കണം.

കുര്യുസ്തഥാ തേ കർത്തവ്യാ രാജ്ഞാ നിഃശ്രേയസാർത്ഥിനാ
ആപ്താൻ രഹസ്യകാര്യേഷു ധർമ്മകാര്യേഷു ധാർമ്മികാൻ 8

നിപുണാനർത്ഥകാര്യേഷു ശൂരാൻ സംഗ്രാമകർമ്മസു
ഉഗ്രാനുഗ്രേഷു കൗടില്യഭാജഃ കുടിലവൃത്തിഷു 9

ക്ലീബാൻ സ്ത്രീഷു നിയുഞ്ജീത നീചാൻ നീചേഷു കർമ്മസു
ദാതൄൻ ദാനാധികാരേണ യോജയേന്ന തു ലോഭിനഃ 10

സ്വകാര്യമായ കാര്യങ്ങളിൽ വിശ്വസ്തന്മാരേയും, ധർമ്മകാര്യങ്ങളിൽ ധർമ്മശീലന്മാരേയും, ദ്രവ്യസമ്പാദനത്തിൽ സാമർത്ഥ്യമുള്ളവരേയും, യുദ്ധത്തിൽ ശൂരന്മാരേയും, കടുങ്കയ്യു പ്രവൃത്തിപ്പാൻ ഉഗ്രന്മാരേയും, കപടപ്രവൃത്തികളിൽ കുടിലന്മാരേയും, സ്ത്രീകളിൽ (അന്തഃപുരരക്ഷ മുതലായതിൽ) നപുംസകന്മാരേയും, നീചകർമ്മങ്ങളിൽ നീചന്മാരേയും, ദാനാധികാരങ്ങളിൽ ലോഭമില്ലാത്ത ദാനശീലന്മാരേയും, വിദ്യാഭ്യാസ ഡിപ്പാർട്ടുമേണ്ടിൽ വിദ്വാന്മാരേയും പരീക്ഷിച്ചറിഞ്ഞു നിയമിക്കണം.

വിദ്വാൻ വിദ്യാധികാരേണ വിദുഷഃ പ്രേക്ഷ്യ യോജയേൽ
പ്രജാഭ്യഃ ഫലഷഷ്ഠാംശമാദദ്യാൽ പ്രതിവത്സരം 11

ഘൃതമാക്ഷികയോരംശം ഗൃഹ്ണീയാൽ പഞ്ചമം നൃപഃ
ചതുർത്ഥം ഗന്ധസാരാണാം ത്രികമാകരജന്മനാം 12

(നികുതി വസൂലാക്കുവാനുള്ള ക്രമം പറയുന്നു) ആകെയുള്ള വിളവിൽനിന്ന് ആറിലൊന്നു നികുതി വസൂൽ ചെയ്യണം. നെയ്യും തേനും അഞ്ചിലൊന്നും, ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങൾ നാലിലൊന്നും, രത്നഖനികളിൽനിന്നു കുഴിച്ചെടുക്കുന്ന രത്നം മുതലായതു മൂന്നിലൊന്നും, മദ്യത്തിന്റേയും മാംസത്തിന്റേയും പകുതിയും, നിധിയുടെ നാലിൽ മൂന്നു ഭാഗവും രാജാവിന്നുള്ളതാകുന്നു.

അർദ്ധം മദ്യസ്യ മാംസസ്യ പാദാംസ്ത്രീംശ്ച നിധേരപി
ഹസ്തിനോ ദക്ഷിണം ദന്തം വൈയാഘ്രേ നഖചർമ്മണീ 13

ബാലം ചമര്യാഃശൃംഗേ ദ്വേ കൃഷ്ണസാരസ്യ ചർമ്മ ച
വൃഷണൌ പൌഷ്കലൌ രാജാ ഗൃഹ്ണീയാൽ സകലം ഫലം 14

മരിചാദിലതാജാതം രുദ്രാക്ഷതരുജന്മ ച
ശാകഞ്ച ശിതിശാകഞ്ച ശുഷ്കപത്രാദൃതേ ഉഭൌ 15

ഷോഡശാംശഞ്ച ഗൃഹ്ണീയാദ്രാജാ സാരവസ്തരോഃ
നാദദ്യാല്ലവണസ്യാംശമല്പമപ്യവനീപതിഃ 16

ആന പടിഞ്ഞാൽ വലത്തെ കൊമ്പും, വ്യാഘ്രത്തിന്റെ നഖവും തോലും, ചമരീമൃഗത്തിന്റെ വാലും, കലമാനിന്റെ കൊമ്പു രണ്ടും തോലും, പുഷ്കലത്തിന്റെ (?) വൃഷണങ്ങളും രാജാവിന്നുള്ളതാകുന്നു. മുളകുവള്ളി മുതലായതിന്റെ ഫലവും (കുരുമുളക്, ഏലക്കായ മുതലായത്), രുദ്രാക്ഷവും മുഴുവനും രാജാവിന്നുള്ളതു തന്നെ. 15-ആം ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിന്ന് 'തേക്കുമരം രാജാവിന്നുള്ളതാണ്' എന്നർത്ഥമാണെന്നു തോന്നുന്നു. മറ്റു മരങ്ങളുടെ 16-ൽ ഒരംശം രാജാവിന്നുള്ളതാണ്. ഉപ്പിന്നു യാതൊരു നികുതിയും ചുമത്തിക്കൂട. സമുദ്രത്തിൽനിന്നു കിട്ടുന്നവയിൽ വലമ്പിരിശംഖു രാജഭോഗമാകുന്നു.

ഋതേ ച ദക്ഷിണാവർത്താഞ്ഛംഖാൻ സാഗരജന്മനാം
ബ്രാഹ്മണേഭ്യഃ കരാദാനമകൃത്വാ യോവനീപതിഃ 17

രക്ഷേൽ പ്രജാഃ സ തു പ്രേത്യ ബ്രഹ്മലോകമവാപ്നുയാൽ
ആപന്നോപി ന കുർവ്വീത രാജാ തേഭ്യഃ കരഗ്രഹം 18

ഏതൊരു രാജാവാണോ ബ്രാഹ്മണരോടുകരം വാങ്ങാതെ രാജ്യരക്ഷ ചെയ്യുന്നത് അവൻ മരിച്ചതിന്നുശേഷം ബ്രഹ്മലോകത്തിൽചെന്നു സുഖിച്ചിൽരിക്കും. അതിനാൽ രാജാവ് എത്രതന്നെ കുഴങ്ങിയാലും ബ്രാഹ്മണരോടു നികുതി വാങ്ങരുത്.

ആരണ്യകേഭ്യോ ഭുഞ്ജീത തപഃഷൾഭാഗമക്ഷയം
ധർമ്മസ്ഥാസു പ്രജാസ്വാസാം ധർമ്മഷൾഭാഗമർഹതി 19

തഥാ പാപരതാസ്വാസു രാജാ തൽഭാഗമർഹതി
വൃത്താഢ്യേ രാജ്ഞി വൃത്തസ്ഥാ ദുർവ്വൃത്തേ ദുഷ്ടവൃത്തയഃ 20

തപസ്സുചെയ്യുന്നവരുടെ തപഃഫലത്തിന്റെ ആറിലൊന്നു രാജാവിന്നു സിദ്ധിക്കും. നാട്ടുകാർ ധർമ്മവൃത്തികളായാൽ അവരുടെ ധർമ്മഫലത്തിന്റെ ആറിലൊന്നും, പാപാചാരന്മാരായാൽ അവരുടെ പാപഫലത്തിൽ പകുതിയും അനുഭവിപ്പാൻ രാജാവു ബാദ്ധ്യസ്ഥനാകുന്നു. രാജാവു സദ്വൃത്തനായാൽ പ്രജകൾ സദ്വൃത്തന്മാരാകും. അവൻ ദുർവ്വൃത്തനായാൽ മറ്റുള്ളവരും ദുഷ്ടന്മാരായിത്തീരും. നാട്ടുകാർ രാജാവു കാണിക്കുമ്പോലെ കാണിക്കും. അതാണ് 'യഥാ രാജാ തഥാ പ്രജാഃ' എന്നു പറഞ്ഞത്.

അനുകുർവ്വന്തി രാജാനം യഥാ രാജാ തഥാ പ്രജാഃ
സ്വദേശപണ്യദ്രവ്യസ്യ രാജാ ദശമമർഹതി 21

ഭാഗമന്യത്രപണ്യസ്യ തസ്യാർദ്ധം പാദമേവ വാ
തദിദം ശുല്കമിത്യാഹുഃ ശുല്കസ്ഥാനമതിവ്രജേൽ 22

അതാതു നാട്ടിലുണ്ടാവുന്ന കയറ്റമതി ചെയ്യുന്ന സാധനങ്ങൾക്കു പത്തിലൊന്നും, അന്യരാജ്യങ്ങളിൽനിന്ന് ഇറക്കമതി ചെയ്യുന്നതിന്റെ പകുതിയോ നാലിലൊന്നോ വിലയും ചുങ്കം വസൂലാക്കണം. ചുങ്കം കൊടുക്കേണ്ട ദിക്കിൽ അതു കൊടുക്കാതെ കടന്നുപോകുന്ന കച്ചവടക്കാരുടെ (ചതിയന്മാരുടെ) സർവ്വസ്വവും (ആ സാധനം മുഴുവനും) പിഴയായി വസൂൽ ചെയ്യാം.

ദംഭാദ്യസ്തസ്യ കുർവ്വീത സർവ്വാപഹരണം നൃപഃ
സർവ്വഥാ പ്രകൃതിദ്വിഷ്ടം സമാരംഭം പരിത്യജേൽ 23

രാജാ ബലവദാലോച്യ ഹന്യാൽ പ്രകൃതിദൂഷകാൻ
ചാരചക്ഷുർന്നിരീക്ഷേത സ്വരാഷ്ട്രപരരാഷ്ട്രയോഃ 24

നാട്ടുകാർക്കു വിരോധമായ യാതൊരു കാര്യത്തിലും രാജാവ് ഏർപ്പെടരുത്. പ്രജകളെ ദ്രോഹിക്കുന്നവരെ തിരഞ്ഞറിഞ്ഞു മരണശിക്ഷയ്ക്കു വിധിക്കണം. തന്റെ രാജ്യത്തും അന്യ (ശത്രു) രാജ്യത്തും നടക്കുന്ന വിശേഷത്തെ ചാര (ഗൂഢപുരുഷ)മുഖേന അറിയണം. ചാരന്മാർ രാജാവിന്റെ കണ്ണാകുന്നു.

ഏതദ്വിശിഷ്യതേ രാജ്ഞശ്ചക്ഷുശ്ചാരാത്മകന്തു യൽ
വിപ്രാഃ പശ്യന്തി വേദേന ഗാവോ ഗന്ധേന പാർത്ഥിവാഃ 25

ബ്രാഹ്മണർ വേദം കൊണ്ടും, പശുക്കൾ ഗന്ധം കൊണ്ടും അപ്രത്യക്ഷവസ്തുവിനെ കണ്ടറിയുന്നു.രാജാക്കന്മാർ അതെല്ലാം ചാരചക്ഷുസ്സുകൊണ്ടാണറിയുന്നത്. അവർ സ്വന്തം കണ്ണുകൊണ്ടു നോക്കിക്കണ്ടിട്ടല്ല അതൊന്നും അറിയുമാറുള്ളത്.

ചാരേണ ചാഖിലാനർത്ഥാൻ നേമേ പശ്യന്തി ചക്ഷുഷാ
സാധൂനാം പൂജനം കുര്യാദ്ദുഷ്ടാൻ ദണ്ഡേന യോജയേൽ 26

ഉപായാംശ്ചൈവ സാമാദീൻ യഥാപാത്രം പ്രയോജയേൽ
സന്ധ്യാദീംശ്ച ഗുണാംസ്തദ്വൽ സ്വധർമ്മം ന പരിത്യജേൽ 27

സജ്ജനങ്ങളെ രക്ഷിക്കണം. ദുഷ്ടന്മാരെ ശിക്ഷിക്കണം. അതാതാളുകളുടെ തരംപോലെ അവരിൽ സാമദാനഭേദദണ്ഡോപായങ്ങളെ പ്രയോഗിക്കണം. അതുപോലെതന്നെ സന്ധിവിഗ്രഹാദികളേയും കാലം അറിഞ്ഞു പ്രവൃത്തിക്കണം. എന്തായാലും സ്വധർമ്മത്തെ വിട്ടു നടക്കരുത്.

പ്രാപ്തോപ്യന്യത്ര കുത്രാപി വിഷയേ വിഷയാൽ സ്വതഃ
സർവ്വാൻ രക്ഷേദ്വിശേഷേണ ഗോവിപ്രശരണാഗതാൻ 28

നോപേക്ഷേതാക്ഷമോപ്യേതാനേഷതസ്യ മഹാമഖഃ

തന്റെ രാജ്യത്തിൽ നിന്ന് ഒരാൾ വല്ല കാര്യാർത്ഥമായും അന്യരാജ്യത്തിൽ പോയി താമസിക്കുന്നുണ്ടെങ്കിൽ അവന്റെ യോഗക്ഷേമം അന്വേഷിക്കണം. പശുക്കളേയും, ബ്രാഹ്മണരേയും, തന്നെ ശരണം പ്രാപിച്ചവരേയും രക്ഷിക്കാതിരിക്കരുത്. മേൽപറഞ്ഞവരെ രക്ഷിപ്പാൻ വേണ്ടി എത്രയെങ്കിലും യത്നിക്കണം. ഇതാകുന്നു രാജാവിന്റെ മുഖ്യമായ യജ്ഞം.

ഇതി ദശമസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ
അദ്ധ്യായം 10 പാദം 3

### രാജനീതികൾ

ന കുര്യാന്മൃഗയാസക്തിം മൃഗയാമപി ന ത്യജേൽ
ബ്രാഹ്മണാനാം വനസ്ഥാനാം രക്ഷാർത്ഥം മൃഗയേഷ്യതേ 1

രാജാവ് നായാട്ടിൽ അധികമായി ലയിക്കരുത്. എന്നാൽ നായാട്ടു കേവലം ഉപേക്ഷിക്കുകയുമരുത്. വാനപ്രസ്ഥാശ്രമത്തെ സ്വീകരിച്ചു കാട്ടിൽ പാർത്തു തപസ്സുചെയ്യുന്ന ബ്രാഹ്മണരെ രക്ഷിപ്പാൻ വേണ്ടി നായാട്ടു ചെയ്യുന്നത് ആവശ്യമാകുന്നു. (ദുഷ്ടമൃഗങ്ങൾ വർദ്ധിച്ചാൽ കാട്ടിൽ താമസിച്ചു തപസ്സു ചെയ്യുന്നവർക്കു ദ്രോഹമായിത്തീരും. അതിനാൽ രാജാവു കൂടക്കൂടെ നായാട്ടു കഴിച്ചു ദുഷ്ടമൃഗങ്ങളെ നശിപ്പിക്കുന്നതു ധർമ്മരക്ഷയാകുന്നു. എന്നാൽ നായാട്ടിൽ അത്യാസക്തനായിത്തീർന്നാൽ രാജാവ് അതുകൊണ്ടു വിനോദിച്ചു കാലം കഴിക്കുകയും മറ്റുകാര്യങ്ങളിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യും. അതാണ് അത്യാസക്തി അരുതെന്നു പറഞ്ഞത്).

തേഭ്യോപരാധ്യതോപ്യത്ര രാജാ വന്യസ്യ ദന്തിനഃ
വധം ന കുര്യാദുത്സാര്യ വനാന്തരമമും നയേൽ 2

തപസ്സു ചെയ്യുന്നവരെ ദ്രോഹിക്കുന്നുണ്ടെങ്കിലും രാജാവിന്നു കാട്ടാനയെ കൊല്ലുവാൻ പാടില്ല. അതിനെ ആട്ടിപ്പായിച്ചു മറ്റൊരു കാട്ടിലേക്കാക്കുകമാത്രം ചെയ്യണം. ('നൃപതേരവധ്യോ വന്യഃ കരീ' എന്നു കാളിദാസനും ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ട്).

മൃഗയായാം പരിശ്രാന്തോ രാജാ ക്ഷുത്തൃൾസമന്വിതഃ
ഉപസ്പൃശ്യാത്ഭിരശ്നീയാൽ പിബേച്ച നകൃതാപ്ലവഃ 3

ശ്വഭിഃസ്പൃഷ്ടോപി പൌളിന്ദം സാമീപ്യമപി ലംഭിതഃ
ബാണോദ്ധരണകൃദ്ദേഹാൽ പരാസോരപി പാർത്ഥിവഃ 4

മൃഗയായാം പരിശ്രാന്ത ആചമ്യാപോ വിശുദ്ധ്യതി
ഇതി ഭാർഗ്ഗവ ആശാസ്തേ രാജാ മേധ്യോ വനേചരഃ 5

നായാട്ടിന്നിടയിൽ ക്ഷുത്തും ദാഹവും കലശലായി ക്ഷീണിച്ചു എങ്കിൽ രാജാവിന്നു മുങ്ങിക്കുളിച്ചേ ഭക്ഷിക്കാവൂ എന്നില്ല. ആചമനം ചെയ്താൽ ശുദ്ധിയായി. നായ്ക്കളെ തൊട്ടകയും മലയർ അടുത്തു തീണ്ടുകയും ചെയ്താലും, ചത്തതിന്റെ ശരീരത്തിൽ നിന്ന് അമ്പു പറിച്ചെടുത്താലും ആചമനംകൊണ്ടു ശുദ്ധിവരും. ഭാർഗ്ഗവന്റെ പക്ഷം രാജാവിന്നു കാട്ടിൽ സഞ്ചരിക്കുമ്പോൾ അശുദ്ധിയില്ലെന്നാകുന്നു.

നാക്ഷേഷു സജ്ജേന്ന സ്ത്രീഷു മദ്യന്തു പരിവർജ്ജയേൽ
വാക്പാരുഷ്യം ത്യജേദ്ദൂരം ദണ്ഡപാരുഷ്യവന്നൃപഃ 6

നൈവാർത്ഥദൂഷണം കുര്യാൽ സപ്തൈതാനി മനീഷിണഃ
ഭൂഭുജോ മൃഗയാദീനി വ്യസനാനി പ്രചക്ഷതേ 7

സപ്തഭ്യോ വ്യസനേഭ്യോ യോ ബുദ്ധിപൂർവ്വം നിവർത്തതേ
സ യശഃ ശ്ലാഘ്യമാപ്നോതി രാജാ പ്രേത്യ ച മോദതേ 8

ചൂതുകളി, സ്ത്രീകളിൽ അത്യാസക്തി, മദ്യപാനം, ചീത്തവാക്കു പറയുക, അദണ്ഡ്യന്മാരെ ദണ്ഡിപ്പിക്കുക, മുതൽ നശിപ്പിക്കുക, നായാട്ട് ഇവയാകുന്നു രാജാവിന്റെ സപ്തവ്യസനങ്ങൾ. ഏതൊരു രാജാവാണോ ഈ സപ്തവ്യസനങ്ങളിൽ നിന്ന് ആലോചനാപൂർവ്വകമായി നിവർത്തിക്കുന്നത് അവൻ ഇഹലോകത്തിൽ ശ്ലാഘ്യമായ യശസ്സിനേയും പരലോകത്തിൽ പരമപദത്തേയും പ്രാപിക്കും.

ശിക്ഷേജ്ജാലമൃചം വൃത്തം രാജൌദാര്യം പ്രകാശയൻ
പരഞ്ച പ്രാപ്തവർഷീ സ്യാത്തഥാ ന ജലമന്യഥാ 9

നിധൌ ലബ്ധേ തദർദ്ധന്തു വിപ്രേഭ്യഃ പ്രതിപാദയേൽ
കോശേ പ്രവേശയേദർദ്ധമവശിഷ്ടാ മഹീപതിഃ 10

നിധി കിട്ടിയാൽ അതിൽനിന്നു പകുതി ബ്രാഹ്മണർക്കു ദാനം ചെയ്കയും ബാക്കി പകുതി ഭണ്ഡാരത്തിൽ മുതൽ കൂട്ടുകയും വേണം.

അനിർവേദിതവിജ്ഞാതം സർവ്വഞ്ചാപഹരേന്നിധിം
രക്ഷേൽ ബാലധനം രാജാ സ്ത്രീധനഞ്ചാവധാനതഃ 11

നിധി കിട്ടിയ വിവരം രാജാവിനോടു പറയാതെ ഒളിച്ചു വെക്കുകയും പിന്നീടു വേറെ അറിവു കിട്ടുകയും ചെയ്താൽ അതു മുഴുവനും രാജാവുതന്നെ എടുക്കണം. രക്ഷിതാക്കന്മാരില്ലാത്ത കുട്ടികളുടേയും സ്ത്രീകളുടേയും സ്വത്തു രാജാവുതന്നെ നല്ലവണ്ണം രക്ഷിച്ചുകൊടുക്കണം. ഒരുവൻ തന്റെ സ്വത്തു രക്ഷിപ്പാൻ അശക്തനായിട്ട് അതിനെ രക്ഷിച്ചുതരേണമെന്നപേക്ഷിക്കുന്ന പക്ഷം അതും നോക്കി രക്ഷിച്ചുകൊടുക്കണം.

അശക്തസ്യ ച രക്ഷായാം രക്ഷേദഭ്യർത്ഥിതോ ധനം
വിനഷ്ടസ്വാമികം വിത്തമവിപ്രസ്യ ഹരേന്നൃപഃ 12

വിനഷ്ടസ്വാമികം ജ്ഞാത്വാ ബ്രഹ്മസ്വം തസ്യ പാർത്ഥിവഃ
സ്വാമിനം സ്വേച്ഛയാ കുര്യാന്ന ഹരേത്തൽ പ്രമത്തധീഃ 13

ഏതെങ്കിലും ഒരു തറവാട്ടു കുറ്റി മുടിഞ്ഞാൽ അതിലെ സ്വത്തു മുഴുവനും സർക്കാരിലേക്കു ചേർക്കണം. എന്നാൽ അതു ബ്രാഹ്മണന്റേതാണെങ്കിൽ അപഹരിക്കരുത്. ആ സ്ഥാനത്തേക്കു തന്റെ ബോധ്യം പോലെ മറ്റൊരു ബ്രാഹ്മണനെ അവകാശിയാക്കി നിശ്ചയിക്കണം. പ്രമാദംനിമിത്തം ആ മുതൽ ഒരിക്കലും അപഹരിക്കരുത്.

വിജ്ഞാതസ്വാമികം വിത്തം ചോരേഭ്യോവാപ്യ തസ്യ തു
അർദ്ധം ദദ്യാന്നൃപസ്തസ്യ സ്വാമിനേർദ്ധേന ദണ്ഡയേൽ 14

കള്ളന്മാരെ പിടി കിട്ടിയ സമയം അവരുടെ കൈവശത്തിൽ നിന്ന് ഏതെങ്കിലും വേറെ മുതൽ കിട്ടിയാൽ അന്വേഷണത്തിൽ അതിന്റെ ഉടമസ്ഥനെ ന്ത്വണ്ടായി എങ്കിൽ ആ മുതലിൽ പകുതി ഉടമസ്ഥന്ന കൊടുക്കുകയും ബാക്കി പകുതി കള്ളനെ ശിക്ഷിച്ച വകയ്ക്ക സർക്കാരിൽ ചേർക്കുകയും വേണം.

ആവേദിതശ്ചേൽ പ്രാഗേവ സർവ്വം ദദ്യാച്ച തദ്ധനം
ദദ്യാച്ച സർവ്വഥാ വിപ്രോ യദി സ്വാമീ തു തദ്ധനം 15

എന്നാൽ ഇങ്ങിനെ മുതൽ കളവുപോയതായി അതിന്റെ ഉടമസ്ഥൻ മുൻകൂട്ടി രാജാവിനെ അറിയിച്ചിട്ടുണ്ടെങ്കിൽ ആ മുതൽ മുഴുവനും അവന്നതന്നെ കൊടുക്കണം. മുതലിന്റെ ഉടമസ്ഥൻ ബ്രാഹ്മണനാണെങ്കിൽ ഏതായാലും മുഴുവൻതന്നെ കൊടുക്കണം.

അജ്ഞാതസ്വാമികം ചോരാൽ പ്രാപ്യ തൽ സ്വയമേവ തു
നിസ്വേഭ്യോ വിതരേൽ കാമാൽ ക്ഷിപേദ്വാ ഹ്രദവാരിണി 16

കള്ളന്മാരിൽനിന്നു കിട്ടിയ ധനത്തിന്ന് ഉടമസ്ഥനെ കണ്ടു കിട്ടിയില്ല എങ്കിൽ അതുമുഴുവനും തന്നിഷ്ടംപോലെ ദരിദ്രന്മാർക്കു കൊടുക്കുകയോ കയത്തിൽ കെട്ടിത്താഴ്ത്തുകയോ വേണം.

ശാന്തിസ്വസ്ത്യയനൈർദ്ദേവാനുപഘാതാഞ്ചരമം നയേൽ
പരചക്രോപഘാതാംശ്ച ശസ്ത്രനിത്യതയാ ജയേൽ 17

ശ്രുതിസ്മൃതീതിഹാസാർത്ഥകുശലം കുലസമ്മതം
തപസ്വിനം ശമോപേതം വിദധീത പുരോഹിതം 18

രാജാവ്, ശ്രുതി സ്മൃതി ഇതിഹാസങ്ങൾ ഇവയുടെ അർത്ഥഗ്രഹണം ചെയ്തവനും നല്ല തറവാട്ടിൽ ജനിച്ചവനും ശമാദിഗുണസമ്പന്നനും തപസ്വിയുമായ പുരോഹിതനെ സമ്പാദിക്കണം.

ശുചീനവഹിതാഞ്ചരക്തിസമ്പന്നാൽ കൃതചേതസഃ
സർവ്വേഷു ച ന യേദ്രാജാ സ്വസ്യൈ്യ സമ്യക് സഹായതാം 19

ശുദ്ധചിത്തന്മാരും മനസ്സിരുത്തുന്നവരും ആലോചനാശക്തിയുള്ളവരും നിർവ്വഹണശക്തിയുള്ളവരുമായവരെ സഹായത്തിന്നു കൂട്ടണം.

വ്യവഹാരാൻ സ്വയം പശ്യേദ്വിദ്വത്ഭിർബ്രാഹ്മണൈസ്സഹ
ബ്രാഹ്മണം വാ നിയുഞ്ജീത വ്യവഹാരസ്യ ദർശ്ശനേ 20

രാജാവു താൻതന്നെ ബ്രാഹ്മണരോടു കൂടെ കക്ഷികളുടെ സങ്കടം കേൾക്കണം. അല്ലെങ്കിൽ ആ അധികാരം ഒരു ബ്രാഹ്മണന്നു കൊടുക്കണം.

ജന്മകർമ്മവ്രതോപേതാ രാജ്ഞാ കാര്യാസ്സഭാസദഃ
രിപൌ മിത്രേ സമാഃ കേനാപ്യഹാര്യാഃ ക്രോധവർജ്ജിതാഃ 21

വലിയ തറവാട്ടിൽ ജനിച്ചവരും, സ്വജാതിക്കനുരൂപമായ കർമ്മങ്ങളെ ചെയ്യുന്നവരും, വ്രതങ്ങളെ അനുഷ്ഠിക്കുന്നവരും, ശത്രുവിലും ബന്ധുവിലും സമഭാവനയുള്ളവരും, കൈക്കൂലി മുതലായതുകൊണ്ട് ആർക്കും വശീകരിപ്പാൻ കഴിയാത്തവരും, ക്രോധമില്ലാത്തവരുമായവരെ കാര്യാലോചനസഭയിൽ സാമാജികന്മാരാക്കി വെക്കണം. രാജാവ് എല്ലാ കാര്യങ്ങളിലും അവർക്കധീനനായിരിക്കണം. (സാമാജികന്മാരിൽ അധികം പേർ അഭിപ്രായപ്പെടുന്നതോടുകൂടി രാജാവ് യോജിച്ചു പ്രവർത്തിക്കേണമെന്നു താല്പര്യം).

സർവ്വകാര്യേഷു ചാധീനോ രാജാ ഭവിതുമർഹതി
ദേവാംശ്ച ബ്രാഹ്മണാംസ്തദ്വത്സാധൂൻ സംപൂജയേത്തഥാ 22

ഭജേത വൃദ്ധാൻ രാജന്യോ ബ്രാഹ്മണം നാവസാദയേൽ
സല്കർമ്മരതമന്യം വാ ദദ്യാദ്വിപ്രായ മേദിനീം 23

രാജാവ് ദേവകളേയും ബ്രാഹ്മണരേയും സദ്വൃത്തന്മാരായ മറ്റുള്ളവരേയും പൂജിക്കണം. വൃദ്ധന്മാരെ ഭജിക്കണം. ബ്രാഹ്മണനെ ഒരു വിധവും കഷ്ടത്തിലാക്കരുത്. സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ താല്പര്യമുള്ളവരാരോ അവരേയും ബുദ്ധിമുട്ടിക്കരുത്. ബ്രാഹ്മണന്നു ഭൂമി ദാനം ചെയ്യണം.

പ്രായച്ഛത്സർവ്വതോ ഭാഗാൻ ബ്രാഹ്മണേഭ്യഃ പ്രജാപതിഃ
താനേവ ച പുരസ്കൃത്യാത്സർവ്വകാര്യേഷ്വമായയാ 24

ബ്രഹ്മാവ് ബ്രാഹ്മണർക്കു സകലകാര്യങ്ങളിലും ഭാഗം കല്പിച്ചിരിക്കുന്നു. അതിനാൽ രാജാവ് ഏതു കാര്യത്തിലും ബ്രാഹ്മണരെ മുൻനടത്തി പ്രവർത്തിക്കണം. ഇതിൽ യാതൊരു കളങ്കവുമരുത്.

സ്വദത്തം പരദത്തം വാ ദൈവദത്തമഥാപി വാ
സ്വതഃ പ്രാപ്തം കുലാദ്വാ ന തേഷാം സ്വം നൃപരിർഹരേൽ 25

ബ്രാഹ്മണർക്കു താൻതന്നെ കൊടുത്തതോ അന്യൻ ദാനം ചെയ്തതോ ഈശ്വരാധീനം കൊണ്ടു സിദ്ധിച്ചതോ ബ്രാഹ്മണർ തന്നെത്താൻ പ്രയത്നം ചെയ്തു സമ്പാദിച്ചതോ അല്ലെങ്കിൽ അവരുടെ തറവാട്ടിൽ സ്വതേ ഉള്ളതോ ആയ ധനത്തെ രാജാവ് ഒരിക്കലും അപഹരിക്കരുത്.

അമുഖ്യം യോജയേത്തത്ര പ്രണഷ്ടേ മുഖ്യഭാഗിനി
സർവ്വസംബന്ധവിച്ഛേദേ രാജാ തദ്ധർത്തുമർഹതി 26

മുഖ്യനായ അവകാശി നശിച്ചാൽ ഏതെങ്കിലും ഒരു സംബന്ധിയെ അതിന്നവകാശിയാക്കി വെക്കണം. സകല സംബന്ധികളും നശിച്ച് ആ സ്വത്തിന്നാരും തന്നെ ഉടമയായിട്ടില്ലാതായാൽ ആ ബ്രഹ്മസ്വം രാജാവുതന്നെ എടുത്തു സൂക്ഷിക്കണം.

പുത്രാദ്യാസ്തസ്യ ദായാദാ ദാസാന്താ ബാന്ധവാ മതാഃ
ഭാഗിഷ്വവിദ്യമാനേഷു സർവ്വഥാ തസ്യ തദ്ധനം 27

ത്രീണി വർഷാണി ഗോപായേൽ സ്വാമിനം പ്രതിപാലയൻ
അലബ്ധ്വാ ഭാഗിനം പശ്ചാന്നിക്ഷിപേൽ സിന്ധുസംഗമേ 28

പുത്രൻ മുതൽക്കുള്ളവർ ബ്രാഹ്മണന്റെ ദായാദന്മാരാകുന്നു. ദാസൻ വരേയുള്ളതു ബാന്ധവന്മാരാകുന്നു. ഇങ്ങിനെയുള്ള അവകാശികളാരുമില്ലെങ്കിൽ ആരെങ്കിലും അവകാശപ്പെട്ടുവരുമോ എന്നു മൂന്നു കൊല്ലം സൂക്ഷിക്കണം. എന്നിട്ടും അവകാശിയെ കിട്ടാത്തപക്ഷം അത് അഴിമുഖത്തു കൊണ്ടിട്ടേക്കണം. (അത്രയും ബ്രഹ്മസ്വത്തെ അപഹരിക്കരുതെന്നു താല്പര്യം).

ഏവം ബ്രഹ്മഹിതേ ജാഗ്രൽ സർവ്വാഃ പാലയതി പ്രജാഃ
സ വൈ പ്രജാപതിഃ സാക്ഷാൽ പ്രാജാപത്യം പദം വ്രജേൽ 29

ഇങ്ങിനെ ബ്രാഹ്മണരുടെ ഹിതം നോക്കി നടന്നു രാജ്യം രക്ഷിക്കുന്ന രാജാവാകുന്നു (യഥാർത്ഥമായ) പ്രജാപതി. അവൻ മരണാനന്തരം ബ്രഹ്മലോകത്തെ പ്രാപിക്കുന്നതാകുന്നു.

ഇതി ദശമസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 10 പാദം 4

### രാജാവിന്റെ ആത്മരക്ഷ

ആത്മാനം സർവ്വതോ രാജാ ഗോപായേദപ്രമത്തധീഃ
ബഹവോ രിപവസ്തസ്യ സ്വരാഷ്ട്രപരരാഷ്ട്രയോഃ 1

രാജാവ് സകലദിക്കിലും മനസ്സിരുത്തി തന്നെത്താൻ സൂക്ഷിച്ചു രക്ഷിച്ചുകൊണ്ടിരിക്കണം. രാജാവിന്നു തന്റെ രാജ്യത്തും അന്യരാജ്യത്തും അനേകം ശത്രുക്കളുണ്ടായിരിക്കും.

വിശേഷതോന്നപാനേഷു വിശ്വസ്താൻ വിനിയോജയേൽ
വിശ്വസ്താനപ്യവിശ്വസ്താൻ ചിത്തേ സമവധാരയേൽ 2

വിശേഷിച്ചും അന്നപാനങ്ങളിൽ (ഭക്ഷണസാധനങ്ങൾ പാകംചെയ്യുക വിളമ്പുക മുതലായതിൽ) വിശ്വസ്തന്മാരെ നിയമിക്കണം. എന്നാൽ എത്രതന്നെ വിശ്വസ്തന്മാരായിരുന്നാലും, മനസ്സിൽ അവരെ അവിശ്വസ്തരെന്നേ വിചാരിക്കാവൂ.

അമിത്രം മിത്രതാം യാതി കാര്യേ മിത്രമമിത്രതാം
മിത്രാമിത്രവിഭാഗോയം ദിവ്യാനാമപി ദുർല്ലഭഃ 3

കാര്യസംബന്ധമായി ചിലപ്പോൾ ശത്രു ബന്ധുവായിത്തീരും. ബന്ധു ശത്രുവുമാവും. അതിനാൽ ബന്ധുശത്രുക്കൾ ഇന്നിന്നവരാണെന്നു തിരിച്ചറിവാൻ ദേവന്മാർക്കുകൂടി സാധിക്കുന്നതല്ല.

ഭാര്യാ ദദാതി ഗരളം ഭർത്രേ പിത്രേ തഥാത്മജഃ
നനു സ്വാർത്ഥപരോ ലോകോ പരസ്വഹരണോത്സുകഃ 4

ജനങ്ങൾ സ്വാർത്ഥപ്രാധാനികളാകയാൽ മറ്റൊരുത്തന്റെ ധനം കയ്യിലാക്കുവാൻ എല്ലാ സമയവും പഴുതുനോക്കി കൊണ്ടിരിക്കും. ഭാര്യ ഭർത്താവിന്നും, മഹൻ അച്ഛന്നും വിഷം കൊടുക്കും. (അങ്ങിനെയല്ലാതെ സ്വാർത്ഥം സാധിക്കില്ലെന്നു കണ്ടാൽ അതും ചെയ്യുമെന്നർത്ഥം. മനുഷ്യർക്കു പ്രിയപ്പെട്ട കൂട്ടത്തിൽ സ്ത്രീകളിൽ ഭാര്യയേയും, പുരുഷന്മാരിൽ പുത്രനേയുമാകുന്നു പ്രധാനമായി ഗണിച്ചു വരുമാറുള്ളത്. അവർകൂടി സ്വാർത്ഥപ്രതിപത്തി നിമിത്തം ഈവിധം കഠിനം പ്രവൃത്തിക്കുമെന്നു വന്നാൽ മറ്റുള്ളവരുടെ കഥ പറയേണ്ടതുണ്ടോ?) അതിനാൽ ജീവിച്ചിരിക്കേണമെന്നു ശ്രദ്ധയുണ്ടെങ്കിൽ ആരേയും (ഉള്ളുകൊണ്ടു) വിശ്വസിക്കരുത്.

യദ്യസ്തി ജീവിതേ ശ്രദ്ധാ തർഹി കഞ്ചിന്ന വിശ്വസേൽ
പ്രായേണ വിജനേ രാജാ ഗഹനേ ച ഗൃഹേ വസേൽ 5

ആവശ്യകേ തു സൌകര്യം ദർശ്ശനേ ചോപപാദയേൽ
വിഷഘ്നമഗദം മന്ത്രം മണിഞ്ച ബിഭൃയാത്സദാ 6

സ്മിത പൂർവ്വാഭിഭാഷീ സ്യാദ്വാചാ സന്തർപ്പയേജ്ജനാൻ
വദ്ധ്യേഷ്വപി ന കുർവ്വീത ഭ്രുകുടീഭീഷണം മുഖം 7

രാജാവ് അധികനേരവും വിജനവും ഗഹനവും (ഉറപ്പുള്ളതും) ആയ ഗൃഹത്തിലിരിക്കണം. ഒരാൾക്ക് തന്നെ കാണേണ്ട ആവശ്യമുണ്ടായി വന്നാൽ കാണ്മാൻ അനുവദിക്കണം. വിഷഘ്നമായ ദിവ്യൌഷധങ്ങളും രത്നങ്ങളും എല്ലാ സമയവും കൈവശമുണ്ടായിരിക്കണം. ആ വക മന്ത്രങ്ങൾ ഉപാസിച്ചു സിദ്ധി വരുത്തണം. മന്ദസ്മിതപൂർവ്വകമായിട്ടേ ആരോടും സംസാരിക്കാവൂ. ജനങ്ങളെ വാക്കുകൊണ്ടു തൃപ്തിപ്പെടുത്തണം. കൊലക്കുറ്റത്തിന്നു വിധിക്കത്തക്ക കുറ്റം ചെയ്തവരെ നോക്കുമ്പോഴും പിരികം വളച്ചു (ശ്രുണ്ഠിയെടുത്തു) നോക്കരുത്.

അപരാധാനുരൂപഞ്ച ദണ്ഡം ദണ്ഡ്യേഷു യോജയേൽ
ദ്വിതീയന്ന ക്ഷമേതാഗഃ പൂർവ്വഞ്ച ബലവത്തരം 8

കുറ്റക്കാരെ കുറ്റത്തിന്റെ താരതമ്യംപോലെ ശിക്ഷിക്കണം. രണ്ടാമത്തെ തെറ്റു ക്ഷമിക്കരുത്. ആദ്യം ചെയ്യുന്ന കുറ്റംതന്നെ മാപ്പു കൊടുക്കത്തക്കതല്ലെങ്കിൽ ക്ഷമിക്കരുത്.

സ്വധർമ്മസ്യ പരിത്യാഗേ നാദണ്ഡോസ്തി മഹീപതേഃ
ന്യായ്യദണ്ഡഃ സ്വരാഷ്ട്രേ സ്യാൽ ഭൃശദണ്ഡശ്ച ശത്രുഷു 9

ആർ തന്നെയായാലും സ്വധർമ്മം വിട്ടുനടന്നാൽ തീർച്ചയായും ശിക്ഷിക്കണം. തന്റെ നാട്ടുകാരിൽ ന്യായമായദണ്ഡമേ വിധിക്കാവൂ. ശത്രുക്കളുടെ നേരെ തീക്ഷ്ണദണ്ഡം തന്നെ പ്രവൃത്തിക്കണം.

അജിഹ്മഃ സുഹൃദി സ്നിഗ്ദ്ധേ വിപ്രേഷു സ്യാൽ ക്ഷമാപരഃ
മഹാപാതകിനോ ഹന്യാദ്വിനാ വിപ്രാന്മഹീപതിഃ 10

തന്നെക്കുറിച്ചു സ്നേഹിക്കുന്ന ബന്ധുവിന്റെ നേരെ ഒരിക്കലും കൌടില്യം (ചതി) പ്രവൃത്തിക്കരുത്. ബ്രാഹ്മണരുടെ അപരാധങ്ങളെ സഹിക്കണം. ബ്രാഹ്മണരൊഴിച്ചു മറ്റാരെങ്കിലും മഹാപാപങ്ങൾ ചെയ്താൽ അവരെ കൊല്ലുക തന്നെ വേണം.

അത്യന്താഗസ്കൃതം വിപ്രം കൃതചിഹ്നം സ്വരാഷ്ട്രതഃ
രാജാ നിർവ്വാസയേദേഷ ദണ്ഡസ്തസ്യ ന ചേതരഃ 11

ബ്രാഹ്മണൻ ക്ഷമിക്കത്തക്കതല്ലാത്ത വലിയ അപരാധങ്ങൾ ചെയ്താൽ അവനെ അടയാളപ്പെടുത്തി തന്റെ രാജ്യത്തുനിന്നു പുറത്താക്കണം. ഇതാണ് ബ്രാഹ്മണനുള്ള ശിക്ഷ. മറ്റു ദണ്ഡവിധികളൊന്നും ചെയ്യുവാൻ പാടില്ല.

വിപ്രസ്യ ബ്രഹ്മഹത്യായാമശിരസ്കം മഹീപതിഃ
ഫാലേ തു പുരുഷം കൃത്വാ ദേശാത്തം ച്യാവയേന്നിജാൽ 12

ബ്രാഹ്മണൻ ബ്രഹ്മഹത്യ ചെയ്താൽ ഇരിമ്പു കൊണ്ടു ശിരസ്സില്ലാത്ത ഒരു പ്രതിമയുണ്ടാക്കി അതു ചുട്ടു പഴുപ്പിച്ചു കുറ്റക്കാരന്റെ നെറ്റിയിൽ വെച്ചു പൊള്ളിച്ചു നാട്ടു കടത്തണം.

സുരാകുംഭം സുരാപാനേ സ്തേയേപി ച ശുനഃപദം
ഗുരുതല്പഗതൌ യോനിമന്യത്രാപി ച താദൃശീം 13

മദ്യം സേവിച്ചതിന്നു മദ്യകുംഭപ്രതിമയും, കട്ടാൽ ശ്വാവിന്റെ കാൽപ്രതിമയും, ഗുരുപത്നീപ്രവേശത്തിൽ യോനിപ്രതിമയും ഇങ്ങിനെ അതാതിന്നനുരൂപമായ പ്രതിമകൊണ്ടടയാളപ്പെടുത്തണം.

വ്യവഹാരവിധൌ യദ്യദുത്തരത്രോപദേക്ഷ്യതേ
സാധു തത്തദപീക്ഷേത പ്രായശ്ചിത്തേപി യച്ച തൽ 14

മേൽ അധ്യായങ്ങളിൽ വ്യവഹാരകാണ്ഡത്തിലും പ്രായശ്ചിത്തകാണ്ഡത്തിലും വിധിക്കുന്ന വിധികളും ഇക്കാര്യത്തിൽ നോക്കി പ്രവൃത്തിക്കണം.

ഉക്താഃ പ്രായേണ സംക്ഷേപാദ്രാജധർമ്മാ യഥാക്രമം
യാനാതിഷ്ഠൻ നൃപഃ കീർത്തിം പ്രേത്യ സ്വർഗ്ഗഞ്ച വിന്ദതേ 15

ഇങ്ങിനെ രാജധർമ്മങ്ങളെ ചുരുക്കത്തിൽ യഥാക്രമം ഇവിടെ വിവരിച്ചു. ഈ വക വിധികളെ ഓർത്തു നടക്കുന്ന രാജാവ് ഇഹലോകത്തിൽ കീർത്തിയേയും പരലോകത്തിൽ സ്വർഗ്ഗത്തേയും പ്രാപിക്കും.

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ദശമസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ
ദശമോദ്ധ്യായഃ സമാപ്തഃ

പത്താമദ്ധ്യായത്തിന്റെ ഭാഷാവ്യഖ്യാനം കഴിഞ്ഞു.

## അഥ ഏകാദശോദ്ധ്യായഃ

പ്രഥമഃ പാദഃ

അദ്ധ്യായം 11 പാദം 1

### വൈശ്യധർമ്മം

രാജധർമ്മാ യഥാ പ്രോക്താസ്തഥാ ധർമ്മാൻ വിശാമപി
അഭിധാസ്യേ വിശാം ധർമ്മോ വാണിജ്യം ഗോശ്ച പാലനം 1

രാജധർമ്മങ്ങളെ പറഞ്ഞതുപോലെതന്നെ വൈശ്യധർമ്മത്തേയും പറയാം. കച്ചവടം, പശുരക്ഷ, കൃഷി, വേദാധ്യയനം, ദാനം, യാഗം ഇവയാകുന്നു. വൈശ്യധർമ്മങ്ങളെന്നു മുമ്പു തന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

കൃഷിശ്ചാധ്യയനം ദാനം യാഗശ്ചേതി പുരോദിതം
സത്യാനൃതേന യോ വൈശ്യോ വൃത്തിമിച്ഛേൽ സ സർവ്വദാ 2

കച്ചവടംകൊണ്ടുപജീവനം കഴിപ്പാൻ വിചാരിക്കുന്നവൻ നിഷിദ്ധങ്ങളായ വിക്രയദ്രവ്യങ്ങളെ കച്ചവടത്തിൽ ഉൾപ്പെടുത്തരുത് (വിൽക്കരുത്).

വർജ്ജയേൽ സതതം ജാഗ്രദവിക്രേയസ്യ വിക്രയം
ലവണം ചർമ്മ ലാക്ഷാ ച യജ്ഞസൂത്രഞ്ച മേഖലാ 3

സാളഗ്രാമശിലാ മാംസം മധു തൈലം മനശ്ശിലാ
അവിക്രേയാണി സംക്ഷേപാദ്ദശൈതാനി വിദുർബ്ബുധാഃ 4

ഉപ്പ്, തോൽ, അരക്ക്, പൂണുനൂൽ, മേഖല, സാളഗ്രാമം, മാംസം, മധു (തേൻ - മദ്യം), എണ്ണ, മനയോല ഇവ പത്തും അവിക്രേയങ്ങളാകുന്നു.

അന്യേ ഗോവിക്രയം കന്യാവിക്രയം വേദവിക്രയം
അന്നസ്യ വിക്രയഞ്ചാഹുസ്സോമവിക്രയപഞ്ചകം 5

മറ്റുചിലരുടെ പക്ഷത്തിൽ - പശുവിക്രയം, കന്യാവിക്രയം, വേദവിക്രയം, അന്നവിക്രയം, സോമവിക്രയം ഇവ അഞ്ചുമാകുന്നു അവിക്രേയമെന്നാണ്. എന്നാൽ ഇതിന്നും പുറമേയും ചിലതുവില്ക്കരുതാത്തതായിട്ടുണ്ട്. അതെല്ലാം ആലോചിച്ചറിഞ്ഞുകൊള്ളേണ്ടതാകുന്നു.

വർജ്ജനീയാൻ സമാസേന തച്ച വീക്ഷേത ചേതരൽ
സഹസ്രമഷ്ടൌ ചാചഖ്യാവവിക്രേയാണി ഭാർഗ്ഗവഃ 6

ഭാർഗ്ഗവസ്മൃതിയിൽ അവിക്രേയമായിട്ട് ആയിരത്തെട്ടു സാധനം പറയപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട 15 മാത്രം ഇവിടെ പറഞ്ഞു.

തത്ര പഞ്ചദശാദ്യാനി സംഖ്യാതാന്യതിഗൌരവാൽ
പ്രതിവർഷം യഥാ വൃദ്ധിർദ്ദശമാംശേന ജായതേ 7

ആകെ ഇറക്കിയ സംഖ്യയ്ക്കു കൊല്ലത്തിൽ പത്തിന്നൊന്നഭിവൃദ്ധിയുണ്ടാകുന്നത് ഏതുപ്രകാരമോ അതുപ്രകാരം ചെയ്യുന്ന കച്ചവടം സാത്വികമാകുന്നു.

മൂലസ്യ സാത്വികം പ്രാഹുസ്തഥാ സത്യാനൃതം ബുധാഃ
രാജസം പഞ്ചമാംശേന തദാധിക്യേന താമസം 8

തത്ര താമസമുജ്ഝിത്വാ ദ്വേ ചൈതേ സമുപാശ്രയേൽ
ഏകമേവാഭിസന്ധിശ്ചേത്തദാ സാത്വികമാശ്രയേൽ 9

അഞ്ചിലൊന്നഭിവൃദ്ധിയുണ്ടാകുന്നതു രാജസം. (ഇതു പത്തിന്നു രണ്ടാകുന്നു). ഇതിലും കവിഞ്ഞു വൃദ്ധിയുണ്ടാക്കുന്ന കച്ചവടം താമസമാകുന്നു. ഇവയിൽ താമസം ഒഴിച്ചു മറ്റു രണ്ടും വൈശ്യന്നു ചെയ്യുന്നതിന്നു വിരോധമില്ല. അതല്ല അവയിൽ ഒന്നിനെ മാത്രം ആശ്രയിക്കുന്നതാണെങ്കിൽ സാത്വികത്തെയാണ് ആശ്രയിക്കേണ്ടത്.

വിപ്രാന്ന വൃദ്ധിമന്വിച്ഛേദന്വിച്ഛേദവനീപതെഃ
സാത്വികീം രാജസീഞ്ചൈകാമഥവാ ക്രമതസ്തയോഃ 10

വൈശ്യോ വൈശ്യാദ്യഥാകാമം യഥാലാഭഞ്ച ശൂദ്രതഃ
ദാസായ ദദ്യാദാദായ യൽകിഞ്ചിൽ പാരിതോഷികം 11

ബ്രാഹ്മണരോടു ലാഭം വാങ്ങരുത്. രാജാവിനോടു വാങ്ങാം. അഥവാ ബ്രാഹ്മണനോടു സാത്വികിയും രാജാവിനോടു രാജസിയും വാങ്ങാം. വൈശ്യൻ മറ്റൊരു വൈശ്യനിൽനിന്ന് ഇതിലേതെങ്കിലും ഒരു വക പലിശ വാങ്ങാം. ശൂദ്രനോടു കിട്ടുന്നവിധം വാങ്ങാം. അധികം വൃദ്ധി വാങ്ങിയാൽ അതിൽ നിന്നെന്തെങ്കിലും കുറച്ചു തന്റെ ഭൃത്യന്നു സമ്മാനം കൊടുക്കണം.

ഗാം പ്രഭാതേ പയോ ദുഗ്ദ്ധ്വാ വത്സോച്ഛിഷ്ടം പ്രചാരയേൽ
പശവ്യേഷു പ്രദേശേഷു പ്രച്ഛായതരുശാലിഷു 12

ഹിംസ്രസത്വവിഹീനേഷു ശഷ്പനിർജ്ഝരശോഭിഷു
ആവർജ്ജയേച്ച സൌഹിത്യേ പ്രത്യാകർഷേണ ഭക്ഷണാൽ 13

പാനാദ്വാ സർവ്വഥാ നൈവ പ്രഹരേദീർഷ്യയാ ഏതഃ
ശൃംഗേ രജ്ജും ന കുർവ്വീത ശൃംഗിണീഭിർന്ന വാഹയേൽ 14

കാലത്തു കുട്ടി കുടിച്ചതിന്നുശേഷം പാൽ കറന്നു പശുവിനെ മേയുവാൻ വിട്ടയയ്ക്കണം. മേച്ചിൽപ്പറമ്പു, പശുക്കൾക്കു സഞ്ചരിപ്പാൻ സൌകര്യമുള്ളതും തണൽമരം കൊണ്ടു ശോഭിച്ചതും വ്യാഘ്രം മുതലായ ദുഷ്ടജന്തുക്കളുടെ ഭയമില്ലാത്തതും നല്ല പുല്ലും വെള്ളവുമുള്ളതുമായിരിക്കണം. പുല്ലു തിന്നു വെള്ളം കുടിച്ചു തൃപ്തിവന്നു എന്നു കണ്ടാൽ അതിനെ തിരിച്ചു കൊണ്ടുപോരണം. എന്തെങ്കിലും സംഗതിക്കു പശുവിന്റെ നേരെ കയർത്ത് അതിനെ തല്ലരുത്. കൊമ്പിന്മേൽ കയറിട്ടു വലിക്കരുത്. പശുക്കളെക്കൊണ്ടു സാമാനം ചുമപ്പിക്കരുത്. (വണ്ടി വലിക്കുകയും കന്നു പൂട്ടുകയുമരുത്).

ഗോഭ്യോ ഗ്രീഷ്മേ തു മധ്യാഹ്നേ വിശ്രമം പ്രതിപാദയേൽ
അന്യത്രാപി ച വിജ്ഞായ ശ്രാന്തിം തൈസ്തൈസ്തദിംഗിതൈഃ 15

വേനൽക്കാലങ്ങളിൽ ഉച്ചസമയത്തു പശുക്കൾക്കു ക്ഷീണമുണ്ടായിരിക്കും. അപ്പോഴും ഇതേമാതിരി ക്ഷീണമുള്ള മറ്റു സമയങ്ങളിലും അവരുടെ ക്ഷീണം കണ്ടറിഞ്ഞു തീർക്കണം. (ഈ പറഞ്ഞതു കാളകളെപ്പറ്റിയാണെന്നും ഊഹിക്കാം. അവരെക്കൊണ്ട് ഉഴുതുകയോ വണ്ടി വലിപ്പിക്കുകയോ ചെയ്യുമ്പോൾ ഉച്ചസമയത്തും മറ്റും അവർക്കു ക്ഷീണമുള്ളതായി കണ്ടാൽ അതു തീർത്തല്ലാതെ അവരെക്കൊണ്ടു പ്രവൃത്തിയെടുപ്പിക്കരുതെന്നു താല്പര്യം).

യ ഇച്ഛേൽ ഗോധനസ്യർദ്ധിം സുകൃതസ്യ ച വർദ്ധനം
ദധിനിർമ്മഥനം ദർശ്ശേ വർജ്ജയേച്ച പ്രയതവാൻ 16

പശുക്കൾ വർദ്ധിക്കേണമെന്നാഗ്രഹിക്കുന്നവനും സുകൃതത്തെ ഇച്ഛിക്കുന്നവനും കറുത്തവാവുന്നാൾ തൈരു കലക്കുവാൻ സമ്മതിക്കരുത്.

വൃഷാനക്ലേശയൻ കുര്യാദാമധ്യാഹ്നാച്ച കർഷണം
യഥാകാലം യഥാദേശം കുർവ്വാണോ നാപരാധ്യതി 17

ന പർവ്വണി ന സംക്രാന്തൌ ന സന്ധ്യായാം ന വാ നിശി
ന ച കൃഷ്ണചതുർദ്ദശ്യാം ന ജന്മർക്ഷേ ന ശാർക്കരേ 18

നോപരാഗേ ന ഭൂകമ്പേ ന രിക്താസു തിഥിഷ്വപി
കുർവ്വീത കർഷണം യത്രാപ്യാചാരോ ന ച ദൃശ്യതേ 19

ദേശകാലങ്ങളെ അനുസരിച്ച് ഉച്ചവരെ കന്നുപൂട്ടാം. കാളകളെ അധികമായി ക്ലേശിപ്പിക്കരുത്. കറുത്തവാവ്, സംക്രാന്തി, സന്ധ്യ, രാത്രി, കറുത്തചതുർദ്ദശി, കൃഷിഉടമസ്ഥന്റെ പിറന്നാൾ ഇങ്ങിനെ ഉള്ള ദിവസങ്ങളിലൊന്നും കന്നുപൂട്ടരുത്. അതുപോലെതന്നെ ഗ്രഹണം ഭൂകമ്പം ഇവയുണ്ടായ ദിവസങ്ങളിലും (അടുത്തദിവസവും) രിക്താതിഥികളിലും ഇതുപോലെ ആചരിച്ചുവരുന്ന മറ്റു വിശേഷദിവസങ്ങളിലും ചരൽപ്രദേശത്തും കന്നുപൂട്ടുന്നതു നിഷിദ്ധമാകുന്നു.

നിർല്ലിഖ്യ മൃത്തികാസ്ഥാജ്യാഃ ഖനിത്രേണേതരേണ വാ
ഹലയജ്ഞാദിനാന്യത്ര തതോത്ഭിഃക്ഷാളയേച്ച താൻ 20

കന്നുപൂട്ടുന്നതിന്നുമുമ്പായി ആ സ്ഥലം കൈക്കോട്ടുകൊണ്ടോ മറ്റോ കിളച്ചു നിരത്തണം. ചാലിടുന്നദിവസം മാത്രം ആദ്യമേ കരികൊണ്ടു പൂട്ടണം. ഇങ്ങിനെ പൂട്ടി കന്നു വിട്ടാൽ കാളകളെ തേച്ചുകഴുകണം.

ആശ്വാസയേൽ ഗോഷ്ഠഗതാൻ തൃണസൗഹിത്യതർപ്പണൈഃ
ഗോഷ്ഠാന്നിഷ്കാസയേന്മൂത്രഗോമയാദീൻ ദിനേ ദിനേ 21

പിന്നെ തൊഴുത്തിലാക്കി തിന്മാൻ പുല്ലു ധാരാളം കൊടുത്ത് ആശ്വസിപ്പിക്കണം. ദിവസേന ചാണകവും നീരും വടിച്ചുകളഞ്ഞു തൊഴുത്തു വൃത്തിയാക്കിവെക്കണം.

വസ്ത്രാഭ്യംഗാദിദാനേന ലാളയേച്ച സ്വകിങ്കരാൻ
തേഷാം കൌടുംബികം ക്ഷേമം പ്രത്യഹം പ്രാർത്ഥയേത ച 22

തന്റെ വല്യാളുകൾക്ക് (ചെറുമക്കക്ക്) ഉടുപ്പാനും തേപ്പാനും കൊടുത്ത് അവരെ ലാളിക്കണം. അവരുടെ കുടുംബത്തിന്നു ക്ഷേമം വരേണമെന്നു നിത്യവും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ('തേഷാം കൌടുംബികം ക്ഷേമമനുയുഞ്ജ്യാദ്ദിനേ ദിനേ' എന്നൊരു പാഠം കാണ്മാനുണ്ട്. അവരുടെ കുടുംബക്ഷേമത്തെ പ്രതിദിനം അന്വേഷിച്ചുകൊണ്ടിരിക്കേണമെന്നാകുന്നു അവിടെ അർത്ഥം).

വ്യസനേഷു ച സർവ്വേഷു വിശ്രാന്തിം പ്രതിപാദയേൽ
സ്നിഹ്യേയുസ്തേ യഥാ സ്വസ്മിംസ്തഥാ സർവ്വഞ്ച കാരയേൽ 23

അവർക്കു വല്ല ആപത്തുകളും വന്നാൽ അന്നൊക്കെ കല്പന കൊടുക്കണം. അവർക്കു (ഭൃത്യന്മാർക്കു) തന്റെ മേൽ കൂറുണ്ടാവുന്നത് ഏതുപ്രകാരമോ അതുപ്രകാരമെല്ലാം പ്രവൃത്തിക്കണം.

അന്നം ബഹുഗുണം വിദ്യാത്സർവ്വപ്രാണ്യവലംബനം
കൃഷ്യായത്തഞ്ച തത്തസ്മാൽ കൃഷികർമ്മവിവൃദ്ധയേ 24

അന്നം ബഹുഗുണമാകുന്നു. ഏതു പ്രാണികൾക്കും അന്നമല്ലാതെ വേറെ അവലംബമില്ല. അതോ കൃഷിക്കധീനമാകുന്നു. അതിനാൽ കൃഷിയ്ക്കു പുഷ്ടിവരുവാനായി സകലജനങ്ങളും എല്ലാ സമയവും യത്നിക്കണം. ഇക്കാര്യത്തിൽ ബ്രാഹ്മണാദി ജാതിഭേദമോ ബ്രഹ്മചര്യാദ്യാശ്രമഭേദമോ ഇല്ല. (ഇതുകൊണ്ടു നോക്കുമ്പോൾ കൃഷി എല്ലാവർക്കും ചെയ്യാമെന്നു കാണുന്നു. ഇവിടെ ചിലർ കൃഷി ഒരു നികൃഷ്ടകർമ്മമാണെന്നും അതു കീഴ്ജാതിക്കാർക്കുള്ള ഒരു തൊഴിൽ മാത്രമാണെന്നും അതിലേക്കു വല്ല സഹായവും ചെയ്യേണ്ടതിന്നു ധനവാന്മാരോ ഉൽകൃഷ്ടജാതിക്കാരോ ബാധ്യസ്ഥന്മാരല്ലെന്നും നടിച്ചു കാണുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ മലയാളികൾക്ക് ഉപജീവനത്തിന്നു കൃഷിയല്ലാതെ മറ്റു യാതൊരവലംബവുമില്ല. കച്ചവടം അന്യദേശക്കാർക്കും അന്യജാതിക്കാർക്കും കാരായ്മയായി തള്ളിയിരിക്കുന്നു. കൈവേലയുടെ കാര്യത്തിൽ ഇന്ത്യ ഒട്ടാകെ ഇടിഞ്ഞുപോയ സ്ഥിതിക്ക് അക്കാര്യത്തിൽ മലയാളികളെ തിരഞ്ഞെടുത്തു കുറ്റം പറവാനാവശ്യമില്ല. കഴിച്ചു ബാക്കിയുള്ളതു കൃഷി മാത്രമാകുന്നു. അതിന്റെ ഭാരം ദരിദ്രന്മാർക്കുമാത്രമായിപ്പോയതിനാൽ ഭൂമീദേവിയുടെ അനുഗ്രഹം കൊണ്ടുണ്ടാവുന്നതു കൊണ്ടു ജന്മികളും കുടിയാന്മാരും കൂടി മാർജ്ജാരയുദ്ധം ചെയ്തു കഴിച്ചുകൂട്ടുകയാണ് ഇപ്പോഴത്തെ ശട്ടം. അതിനാൽ ഇക്കാര്യത്തിൽ ഇറങ്ങി ഉത്സാഹിക്കുന്നതിന്നു വിരോധം കാണുന്നില്ലെന്നു മാത്രമേ ഉൽകൃഷ്ടജാതിക്കാരോടെനിക്കു പറയേണ്ടതായിട്ടുള്ളൂ).

വർണ്ണാശ്രമാദ്യഭേദേന യതിതവ്യമതസ്സദാ
ബ്രാഹ്മണസ്തപസാ ഭൂപസ്സുകരാദിനിരാകൃതേഃ 25

വൈശ്യഃ സ്വയം പ്രവൃത്യാ ച ശൂദ്രസ്തൽസാഹ്യദാനതഃ
സ്വധർമ്മ ഇതി വൈശ്യസ്യ വിശേഷോത്ര പ്രദർശിതഃ 26

ബ്രാഹ്മണൻ തപസ്സുചെയ്തു സുവൃഷ്ടി സമ്പാദിച്ചും മറ്റും കൃഷിക്കു സഹായിക്കണം. ക്ഷത്രിയൻ നായാട്ടു ചെയ്തു സൂകരാദിദുഷ്ടമൃഗങ്ങളെ ഒടുക്കിയും മറ്റും കൃഷിയെ രക്ഷിക്കണം. ഇങ്ങിനെ സകല ജാതിക്കാരും കൃഷിക്കു സഹായിക്കേണ്ടതാകുന്നു. വൈശ്യന്നു സ്വധർമ്മമാണെന്നു വെച്ചിട്ടുള്ളതുകൊണ്ടുമാത്രമാകുന്നു കൃഷി വൈശ്യധർമ്മത്തിന്റെ കൂട്ടത്തിൽ വിവരിക്കപ്പെട്ടത്.

ഏവം സത്യാനൃതാദൌ യേ വർത്തന്തേ സതതം വിശഃ
അന്യത്രാധ്യയനാദൌ ച തേഷാം ക്ഷേമമനർഗ്ഗളം 27

ഏതൊരു വൈശ്യന്മാരാണോ ഈവിധം കച്ചവടം കൃഷി മുതലായതിൽ ഏർപ്പെടുകയും സ്വധർമ്മമായ അധ്യയനദാനയാഗങ്ങളെ ചെയ്കയും ചെയ്യുന്നത് അവർക്ക് ഇഹലോകപരലോകങ്ങളിലുള്ള സുഖത്തിന്നു തടവില്ലാത്തതാകുന്നു.

ഇതി ഏകാദശസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ
അദ്ധ്യായം 11 പാദം 2

### ശൂദ്രധർമ്മം

അഥ ധർമ്മാൻ പ്രവക്ഷ്യാമി ശൂദ്രസ്യാപി സമാസതഃ
സ്വധർമ്മനിരതഃ ശൂദ്രശ്ശമവാനനസൂയകഃ 1

കുര്യാദ്വിജാനാം ശുശ്രൂഷാം തേഭ്യോ ലബ്ധേന ധാരയേൽ
പ്രാണാൻ ഗൃഹാൻ ഗുരൂൻ പുത്രാംസ്തേനൈവ ബിഭൃയാത്സദാ 2

അനന്തരം ശൂദ്രധർമ്മങ്ങളേയും ചുരുക്കത്തിൽ വിവരിക്കുന്നു:- സ്വധർമ്മത്തിൽ സശ്രദ്ധനും ശമദമാദികളോടുകൂടിയവനും അസൂയയില്ലാത്തവനുമായ ശൂദ്രൻ ബ്രാഹ്മണരെ ശുശ്രൂഷിക്കുകയും, അവർ സന്തോഷിച്ചുകൊടുക്കുന്ന അന്നപാനാദികളെക്കൊണ്ടുപജീവിക്കുകയും വേണം. അവന്നു തറവാട്ടു പുലർത്തുവാനും ഇതുതന്നെയാകുന്നു ധനം.

കർശിതഃ കർഷണാജ്ജീവേത്തൽക്ഷേത്രേ തദനുജ്ഞയാ
ആഹൂതസ്സർവ്വദാ വിപ്രൈഃ പ്രവിശേദവിലംഘയൻ 3

അതുകൊണ്ടും കുടുംബഭരണം നിർവ്വഹിക്കില്ലെന്നുകണ്ടാൽ ബ്രാഹ്മണരുടെ സമ്മതപ്രകാരം അവരുടെ നിലങ്ങളിൽ കൃഷിചെയ്തുപജീവിക്കണം. ബ്രാഹ്മണർ എപ്പോൾ വിളിച്ചാലും തടസ്ഥം പറയാതെ ചെല്ലണം.

അദ്യേദമന്യൽ കർത്തവ്യമിതി തേഷു ന ചിന്തയേൽ
സ്വേനാരബ്ധം ത്യജേൽ കർമ്മ ദ്വിജാർത്ഥേത്യയവദ്വിനാ 4

ഇന്നിതാണോ ചെയ്യേണ്ടത്, ഇന്നതല്ലേ ചെയ്യേണ്ടത് എന്നു തർക്കിക്കരുത്. തന്റെ പ്രവൃത്തി ഉപേക്ഷിച്ചും ബ്രാഹ്മണന്റെ പ്രവൃത്തി ചെയ്യണം. എന്നാൽ തന്റെ കാര്യം അന്നു ചെയ്യാതിരിപ്പാൻ നിവൃത്തിയില്ലാത്തതാണെങ്കിൽ അതു തന്നെയാണ് ചെയ്യേണ്ടത്.

രാജ്ഞഃ കാര്യം പ്രതിജ്ഞാതം ബ്രാഹ്മണാർത്ഥേപി ന ത്യജേൽ
വിശഃ കാര്യം ത്യജേദേവ സ്വകാര്യമിവ സർവ്വദാ 5

രാജാവിനോട് ഒരു കാര്യം ഏറ്റിട്ടുണ്ടെങ്കിൽ അതുപേക്ഷിച്ചു ബ്രാഹ്മണകാര്യത്തിന്നു പോവരുത്. വൈശ്യന്റെ കാര്യം തന്റെ കാര്യം പോലെതന്നെ ഉപേക്ഷിക്കാം.

ബ്രാഹ്മണാർത്ഥേ സദായത്തോ ബ്രാഹ്മണാൻ പരിതോഷയേൽ
അധിക്ഷിപ്തോപി ന ബ്രൂയാദബ്രഹ്മണ്യം ജഘന്യജഃ 6

ശൂദ്രൻ എല്ലാ സമയവും ബ്രാഹ്മണരുടെ കാര്യങ്ങൾക്കായി തയ്യാറായി നിന്നുകൊണ്ട് ബ്രാഹ്മണരെ സന്തോഷിപ്പിക്കണം. അവർ ശകാരിച്ചാൽപോലും മറുത്തു പറയരുത്.

ആഗഃക്ഷന്തവ്യതാം തേഭ്യോ ബ്രൂയാച്ചൈവ പദേ പദേ
ന വദേൽ സംസ്കൃതാം വാണീം നാശ്രയേല്ലിപിമൂകതാം 7

നൈവ ശാസ്ത്രം പഠേന്നൈവ ശൃണുയാദ്വൈദികാക്ഷരം
ന സ്നായാദുദയാൽ പൂർവ്വം തപോ മന്ത്രഞ്ച വർജ്ജയേൽ 8

തന്റെ അപരാധങ്ങൾ പൊറുക്കേണമെന്നു കൂടക്കൂടെ അവരോടപേക്ഷിക്കണം. സംസ്കൃതവാക്കു സംസാരിക്കരുത്. അക്ഷരപരിജ്ഞാനമില്ലാതിരിക്കരുത്. ശാസ്ത്രം പഠിക്കരുത്. (അടുത്തു പറഞ്ഞ മൂന്നു വിധികൾ കൂട്ടി നോക്കിയാൽ കിട്ടുന്ന അർത്ഥം താഴെ വിവരിക്കുംപ്രകാരമാകുന്നു:- ശൂദ്രൻ ഒരിക്കലും നിരക്ഷരകുക്ഷിയായിത്തീരരുത്. സംസ്കൃതഭാഷയിൽ നൈപുണ്യം സമ്പാദിക്കുന്നതിന്നു വിരോധമില്ല. പക്ഷേ ആ ഭാഷയിൽ സംസാരിച്ചുംകൊണ്ടു നടക്കുകയോ വ്യാകരണാദിശാസ്ത്രങ്ങൾ അഭ്യസിക്കുകയോ ചെയ്യുവാനവശ്യമില്ല. 'പഠൻ ദ്വിജോ വാഗൃഷഭത്വമീയാൽ സ ക്ഷത്രിയോ ഭൂമിപതിത്വമീയാൽ ! വണിഗ്ജനഃ പണ്യഫലത്വമീയാജ്ജനശ്ച ശൂദ്രോപി മഹത്വമീയാൽ' എന്ന ശ്ലോകത്തിൽ വാല്മീകി 'ദ്വിജഃ, ക്ഷത്രിയഃ, വണിഗ്ജനഃ, ശൂദ്രഃ' എന്ന നാലു പദങ്ങൾക്കും ഒരുപോലെ 'പഠൻ' എന്ന വിശേഷണം കൊടുത്തു കാണുന്നു. തിരഞ്ഞു നോക്കുന്നതായാൽ ഇനിയും ഇക്കാര്യത്തിൽ മറ്റു പ്രമാണങ്ങളും കിട്ടില്ലെന്നു വിശ്വസിപ്പാൻ പാടില്ല). ശൂദ്രന്നു വേദാക്ഷരം കേൾപ്പാൻ പാടില്ല. (ഈ വിധി പ്രായികമാകുന്നു. ശൂദ്രന്റെ മുഖത്തുനോക്കി വേദം ചൊല്ലാതെ നിവൃത്തിയില്ലാത്ത ചില ക്രിയകളെ വിധിച്ചു കാണുന്നു. അതു പ്രകാരം ഇന്നും നടന്നു വരുന്നതുമുള്ള സ്ഥിതിക്ക് ഈ വിധിയുടെ പ്രായികത്വം സ്പഷ്ടമാണല്ലൊ). ശൂദ്രൻ ഉദയത്തിന്നു മുമ്പെ കുളിക്കരുത്. (മലയാളത്തിൽ ശൂദ്രസഹായത്തോടു കൂടി ബ്രാഹ്മണന്നു പല ക്രിയകളും നടത്തേണ്ടതുണ്ടാകയാൽ ഇതും പ്രായോവാദമാകുന്നു). ശൂദ്രൻ തപസ്സുചെയ്യുകയും മന്ത്രം ജപിക്കയുമരുത്.

കുര്യാൽ പൂർത്തഞ്ച കുർവ്വീത മൌനേന പിതൃകർമ്മ ച
സുരാനിത്യോപി നൈവ സ്യാന്മാംസനിത്യോപി വാ തഥാ 9

പൂർത്തം ചെയ്യണം. പിതൃകർമ്മങ്ങൾക്കു മന്ത്രമില്ല. മദ്യമാംസങ്ങൾ വിട്ടുകളയുവാൻ വയ്യാത്തവിധം ശീലിക്കരുത്.

ന പിബേൽ കപിലാക്ഷീരം പഞ്ചഗവ്യഞ്ച പാദജഃ
വിഷയേഷു പ്രസക്താത്മാ സ്വേച്ഛാചാരം ന ദർശയേൽ 10

കപിലനിറമുള്ള പശുവിന്റെ പാലും പഞ്ചഗവ്യവും കഴിക്കരുത്. വിഷയസുഖങ്ങളിൽ അത്യാസക്തനായിട്ടു താന്തോന്നിവാസം കാട്ടരുത്.

യസ്മാദ്യസ്മാന്നിവാര്യേത യത്ര യത്രാഗ്രജന്മഭിഃ
തസ്മാത്തസ്മാന്നിവർത്തേത തത്ര തത്രാവിചാരയൻ 11

ബ്രാഹ്മണർ ഏതെല്ലാം കാര്യങ്ങൾ ചെയ്യരുതെന്നു നിഷേധിക്കുന്നുവോ അതെല്ലാം വർജ്ജിക്കണം. അതിനെക്കുറിച്ചു യാതൊരാലോചനയും ചെയ്യുവാനാവശ്യമില്ല.

യത്രസ്യാച്ചോദനാ കൃത്യേ വിപ്രാണാമനസൂയയാ
തത്ര ചാശു പ്രവർത്തേത സർവ്വകാലമതന്ദ്രിതഃ 12

ഏതെല്ലാം കർത്തവ്യമാണെന്നു ബ്രാഹ്മണർ വിധിക്കുന്നുവോ അതെല്ലാം ചെയ്യണം.

ഏവം യോ വർത്തതേ ശൂദ്രോ വർത്തന്തേ യേ ദ്വിജാസ്തഥാ
സ്വധർമ്മപരിപൂതാസ്തേ സർവ്വേ യാന്തി പരം പദം 13

ഇങ്ങിനെ സ്വധർമ്മം വിടാതെ നടക്കുന്ന ശൂദ്രനും, അവരെ സ്വധർമ്മത്തിൽ നടത്തുന്ന ബ്രാഹ്മണനും സൽഗതിയെ പ്രാപിക്കുന്നതാകുന്നു.

അത്യാപന്നസ്യ ശൂദ്രസ്യ വൃത്തിഃ കാരുകടക്രിയാ
വേദദൂഷകനീചാനാം സേവനം സ തു വർജ്ജയേൽ 14

ശൂദ്രൻ ഉപജീവനത്തിന്നില്ലാതെ ബുദ്ധിമുട്ടുന്ന പക്ഷം ആശാരിപ്പണി പായനെയ്ത്തു മുതലായതു ചെയ്യുന്നതിന്നു വിരോധമില്ല. എന്നാൽ വേദത്തെ ദുഷിക്കുന്ന നീചന്മാരെ സേവിച്ചുപജീവനം കഴിപ്പാൻ പാടില്ല.

വിക്രയം ലവണാദീനാം കുര്യാദ്വാ വൃത്തികർശിതഃ
സർവ്വം വാ വിക്രയേ ദ്രവ്യം തസ്യേഷ്ടം മാംസവർജ്ജിതം 15

ശൂദ്രന്നു മാംസം ഒഴിച്ചു മറ്റെല്ലാ സാധനങ്ങളും വിറ്റുപജീവനം കഴിക്കാം.

ഗണരാത്രവ്രതം ശൂദ്രോ നാതിഷ്ഠേത്തസ്യ കാരണാൽ
വ്രതപ്രതിനിധിം ദാനം കൃത്വാ മുച്യേത പാതകാൽ 16

അനേകദിവസങ്ങളിൽ ഒന്നായി ആചരിക്കേണ്ടുന്ന (മാസോപവാസം മുതലായ) വ്രതങ്ങൾ ചെയ്യുവാൻ പാടില്ല. അതിന്നു പകരം പ്രായശ്ചിത്തദാനം ചെയ്താൽ മതി.

നോർദ്ധ്വപുണ്ഡ്രീ ഭവേന്നൈവ പുണ്ഡ്രം ഗോമയഭസ്മനാ
ധാരയേദ്ദ്വിപ്രചുല്ലീസ്ഥഭസ്മനാ ധാരയേച്ഛുചിഃ 17

ഊർദ്ധ്വപുണ്ഡ്രം ധരിക്കരുത്. ത്രിപുണ്ഡ്രംതന്നെ ഗോമയഭസ്മംകൊണ്ടു പാടില്ല. അതിന്നു പകരം ബ്രാഹ്മണഗൃഹത്തിലെ പാകശാലയിൽനിന്നു കിട്ടുന്ന ഭസ്മം സ്വീകരിച്ചാൽ മതി.

ഇതിഹാസപുരാണാനി ന പഠേച്ഛ്രോതുമർഹതി
ഏതേന സർവ്വേ വ്യാഖ്യാതാഃ പ്രബന്ധാ ഋഷിഭിഃ കൃതാഃ 18

ഇതിഹാസപുരാണങ്ങളെ കേൾക്കാം. വായിക്കരുത്. ഇത് ആർഷങ്ങളായ സ്മൃത്യാദികളുടേയും ഉപലക്ഷണമാകുന്നു.

ശൈവാൽ ഷഡക്ഷരാത്ത്യക്ത്വാ പ്രണവം ശിഷ്ടപഞ്ചകം
ജപന്നപി വിനൈവാംഗം നൈവ ശൂദ്രോപരാധ്യതി 19

ശൈവമായ ഷഡക്ഷരത്തിൽനിന്നു പ്രണവം ഉപേക്ഷിച്ചു ബാക്കി പഞ്ചാക്ഷരം മാത്രം ന്യാസാദികൾ കൂടാതെ ജപിക്കുന്നതിന്നു വിരോധമില്ല.

വർണ്ണസാധാരണത്വേന പ്രോക്താ യത്തൽ സമാചരേൽ
സദ്വിദ്വേഷസ്തു തത്രാപി പ്രാരബ്ധമപി തത്ത്യജേൽ 20

ഇതു കൂടാതെ ജാത്യാചാരപ്രകാരം ആചരിക്കേണ്ടതായി വിധിച്ചിട്ടുള്ളതെല്ലാം ചെയ്യണം. അതിൽതന്നെ ചിലതിനെ സജ്ജനങ്ങൾ നിഷേധിക്കുന്നു എങ്കിൽ അതുമാത്രം ഉപേക്ഷിക്കണം.

ന കിഞ്ചിദപി ജാനാതി ധർമ്മം വാധർമ്മമേവ വാ
ശൂദ്രസ്തസ്യ സദാചാരേ പ്രമാണം വിപ്രഭാഷിതം 21

ശൂദ്രന്നു ധർമ്മാധർമ്മങ്ങൾ അറിഞ്ഞുകൂട. അവിടെയെല്ലാം ബ്രാഹ്മണവാക്യം തന്നെ പ്രമാണം.

പ്രതികാലം പ്രമാണാനി ഭിദ്യന്തേ കാലവൈഭവാൽ
പ്രതിദേശഞ്ച ഭിദ്യന്തേ തൽ പശ്യേൽ ബഹുസമ്മതിം 22

ദേശകാലങ്ങളെ അനുസരിച്ചു പ്രമാണങ്ങളും ഭേദപ്പെടുന്നതാകുന്നു. അവിടെ ബഹുജനസമ്മതത്തെ പ്രമാണമാക്കിക്കൊള്ളണം.

കാലേ സർവ്വത്ര ദേശേ ച വീക്ഷ്യ വൈദേശികം ത്യജേൽ
ഏവം ദ്വിജാൻ പുരസ്കൃത്യ വർത്തമാനഃ പദേ പദേ 23
നാവസീദതി ശൂദ്രോത്ര പ്രേത്യ സ്വർഗ്ഗഞ്ച വിന്ദതേ

കാലദേശങ്ങളിൽ വ്യത്യാസപ്പെട്ടുവരുന്ന ആചാരങ്ങളിൽ തന്നെ അന്യദേശക്കാർ ആചരിച്ചുവരുന്നതല്ല സ്വീകരിക്കേണ്ടത്. ഇങ്ങിനെ ബ്രാഹ്മണരെ മുൻനടത്തി പ്രവൃത്തിക്കുന്ന ശൂദ്രൻ ഇഹലോകത്തിൽ വേണ്ടത്തക്ക ശ്രേയസ്സിനെ പ്രാപിച്ചതിന്നുശേഷം പരമപദത്തെ പ്രാപിച്ചു സുഖിക്കുന്നതാകുന്നു.

ഇതി ഏകാദശസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ

അദ്ധ്യായം 11 പാദം 3

### അഹിംസാദിധർമ്മങ്ങൾ

അസംസ്കൃതാൻ പശൂന്മന്ത്രൈർന്ന ഖാദേയുർദ്ദ്വിജാതയഃ
ഖാദേയുസ്സംസ്കൃതാന്മന്ത്രൈർവ്വൈദികം വിധിമാസ്ഥിതാഃ 1

മന്ത്രസംസ്കാരം ചെയ്യാതെ പശുക്കളെ[1] ഹിംസിക്കുകയും ഭക്ഷിക്കുകയുമരുത്. വേദവിധിപ്രകാരം മന്ത്രം കൊണ്ടു സംസ്കരിച്ചാൽ ഭക്ഷിക്കാം.

(1) യജ്ഞാർത്ഥം ഹിംസിക്കുന്ന ആട്ട് കുതിര മുതലായതിനാണ് പശു എന്നു പറയുന്നത്. അല്ലാതെ ഗോവിനെ (പയ്യിനെ)ക്കുറിച്ചല്ല.

യാവന്തി പശുരോമാണി താവന്ത്യേനാംസി തദ്വധാൽ
വൃഥാപശുഘ്നഃ പ്രാപ്നോതി ന ഹന്യുസ്തദ്വൃഥാ പശൂൻ 2

വൃഥാ പശുഹിംസ ചെയ്താൽ അവയ്ക്ക് എത്ര രോമമുണ്ടോ അത്രയും പാപമുണ്ടാകും. അതിനാൽ വെറുതെ ഹിംസിക്കരുത്.

ക്രതാർത്ഥാഃ പശവഃ പൂർവ്വം വിസൃഷ്ടഃ പരമേഷ്ഠിനാ
ക്രതുഭൂത്യൈ ഹി നിർദ്ദിഷ്ടാഃ ക്രതൌ തസ്മാദ്വധോവധഃ 3

ബ്രഹ്മാവ് പശുക്കളെ യാഗത്തിന്നായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ അതിന്നു വേണ്ടി ഹിംസിക്കുന്നതിന്നു വിരോധമില്ല.

താദൃശം ന ഭവേദേനോ മൃഗഹന്തുർദ്ധനേഹയാ
യാദൃശന്തു ഭവേദേനോ വൃഥാമാംസാനി ഖാദതഃ 4

ദ്രവ്യത്തെ ആഗ്രഹിച്ചു ജന്തുക്കളെ ഹിംസിക്കുന്നതിന്നു അത്രതന്നെ പാപമില്ല; യജ്ഞാർത്ഥമല്ലാതെ വെറുതെ മാംസം തിന്നുന്നതിന്നു അതിലധികം പാപമുണ്ട്.

അതിപന്നാഃ ക്രതോരർത്ഥേ സംസ്കാരൈർവ്വിധിവത്ത്രയഃ
പ്രാപ്നുവന്ത്യുത്ഥിതിം പശ്ചാദോഷധ്യഃ പശവോ ദ്രുമാഃ 5

വേദവിധിപ്രകാരം സംസ്കരിച്ചു യാഗാർത്ഥം ഹിംസിക്കപ്പെടുന്ന പശുക്കളും, യജ്ഞാർത്ഥം ഉപയോഗപ്പെടുത്തുന്ന ഓഷധികളും വൃക്ഷങ്ങളും (സ്വർഗ്ഗലോകത്തിൽ) വീണ്ടും ഉത്ഥാനം ചെയ്യപ്പെടുമെന്നാണ് പ്രമാണം.

യജ്ഞ ഏവ പശോർഹിംസാ കാര്യാ ന പിതൃകർമ്മണി
ദൈവികേന്യത്ര ചാപ്യേഷാ മധുപർക്കേപി നേഷ്യതേ 6

യജ്ഞത്തിന്നു മാതരമേ പശുക്കളെ ഹിംസിക്കാവൂ. അല്ലാതെ പിതൃകർമ്മത്തിന്നും ദേവകാര്യത്തിന്നും അതിഥിസൽക്കാരത്തിന്നുവേണ്ടിയുള്ള മധുപർക്കത്തിന്നും മാംസം ഉപയോഗിപ്പാൻ പാടില്ല.

ക്രത്വർത്ഥേ പശുഹന്താരോ വേദതത്ത്വാർത്ഥവേദിനഃ
ആത്മനഃ പശുഭിസ്സാർദ്ധം നയേയുർഗ്ഗതിമുത്തമാം 7

വേദത്തിന്റെ തത്വാർത്ഥത്തെ അറിയുന്നവൻ യജ്ഞത്തിന്നുവേണ്ടി വിധിപ്രകാരം പശുഹിംസ ചെയ്താൽ, തന്നേയും ഹിംസിക്കപ്പെട്ട പശുക്കളേയും ഉത്തമഗതിയെ പ്രാപിപ്പിക്കും.

ഗുരോർഗൃഹേപ്യരണ്യേ വാ വിപ്രോ രാജോരുജോപി വാ
ആപദ്യപി ന കുർവ്വീത വധം വിധിവിവർജ്ജിതം 8

ത്രൈവർണ്ണികന്മാരിലാരും തന്നെ ഗുരുഗൃഹത്തിൽ വച്ചോ കാട്ടിൽ വച്ചോ വിധിക്കു വിപരീതമായി ഹിംസ ചെയ്യരുത്.

വേദേന വിഹിതാ ഹിംസാ യജ്ഞകർമ്മണ്യനുഗ്രഹാൽ
ജ്ഞാതവ്യാ സാ ത്വഹിംസേതി വേദോ ധർമ്മപ്രവർത്തകഃ 9

വേദമാകുന്നു ധർമ്മത്തെ പ്രവർത്തിപ്പിക്കുന്നത്. യാഗത്തിന്നു പശുഹിംസ ചെയ്യാമെന്നു വേദം വിധിച്ചിരിക്കുന്നു. അതിനാൽ അതൊരു ഹിംസയായി വിചാരിപ്പാൻ പാടില്ല.

അഹിംസകാനി യോ ഭൂതാന്യാഹിനസ്തി സുഖേച്ഛയാ
ജീവന്നപി മൃതഃ പശ്ചാദ്ദുഃഖാദ്ദുഃഖമവാപ്നുയാൽ 10

ഹിംസിപ്പാൻ പാടില്ലാത്ത ജന്തുക്കളെ അവനവന്റെ സുഖത്തിന്നുവേണ്ടി ആരാണോ ഹിംസിക്കുന്നത് അവൻ ജീവിച്ചിരിക്കുമ്പോഴും മരിച്ചതിന്നു തുല്യമാകുന്നു. അവൻ അതിദുഃഖത്തെ പ്രാപിക്കുന്നതാകുന്നു.

പ്രാണിനാം ബന്ധനം ഹിംസാ സംക്ലേശനമിതി ത്രയം
ദൂരാദ്വിഹായ ലോകേത്ര ക്ഷേമം പ്രേത്യ ച വിന്ദതേ 11

പ്രാണികളെ ബന്ധിക്കുകയും ഹിംസിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യാതിരിക്കുന്നവൻ ഇഹലോകപരലോകങ്ങളിൽ സുഖത്തെ പ്രാപിക്കുന്നതാകുന്നു.

യദർത്ഥം യതതേ യത്ര രമതേ യദ്ദതേച്ഛതി
തസ്യ സിദ്ധം ഹി തത്സർവ്വം നിവൃത്തോ യഃ പരാദനാൽ 12

ജന്തുഹിംസചെയ്തു ഭക്ഷിക്കേണമെന്നു താല്പര്യമില്ലാത്തവൻ ഏതെല്ലാം കാര്യങ്ങൾക്കുത്സാഹിക്കുന്നുവോ, ഏതു വിഷയത്തിൽ രമിക്കുന്നുവോ, അതെല്ലാം സുലഭമായി സാധിക്കുന്നതാകുന്നു.

നാഹിംസയാ ക്വചിജ്ജന്തോർമ്മാംസമുൽപത്തുമർഹതി
ജന്തുഹിംസാ ന ച സ്വർഗ്ഗ്യാ തസ്മാന്മാംസം വിവർജ്ജയേൽ 13

ജന്തുക്കളെ ഹിംസിക്കാതെ മാംസം കിട്ടുന്നതല്ല. ഹിംസ സ്വർഗ്ഗപ്രാപ്തിയെ തടസ്ഥപ്പെടുത്തുകയും ചെയ്യും. അതിനാൽ ആദ്യമായിത്തന്നെ മാംസഭക്ഷണം വർജ്ജിക്കേണ്ടതാകുന്നു.

ബന്ധനാച്ച വധാജ്ജന്തോഃ പ്രേക്ഷ്യ മാംസസ്യ സംഭവം
ദയയാ വാ നിവർത്തേത സർവ്വമാംസസ്യ ഭക്ഷണാൽ 14

ജന്തുക്കളെ ബന്ധിക്കുകയും ഹിംസിക്കുകയും ചെയ്തിട്ടാകുന്നു മാംസം കിട്ടുന്നത്. അതിനാൽ ജീവകാരുണ്യമുള്ളവൻ മാംസഭക്ഷണത്തിൽനിന്നു നിവൃത്തിക്കണം.

ശ്രൂയതേ മഹിഷാദിഭ്യോ ദുഃഖധാരാ മരുത്വതഃ
തസ്മാദ്യജ്ഞവധോപി സ്യാദ്ദുഃഖലേശാപ്തയേ ക്വചിൽ 15

അബുധ്യാ ഭക്ഷിതേ മാംസേ പ്രായശ്ചിത്തം ചരേദ്ദ്വിജഃ
ബുദ്ധിപൂർവ്വം പ്രവൃത്തോത്ര പതിതത്വമവാപ്നുയാൽ 16

അറിയാതെ മാംസം ഭക്ഷിച്ചുപോയാൽ ബ്രാഹ്മണന്നു പ്രായശ്ചിത്തം മതി. മനഃപൂർവ്വമായി ഭക്ഷിക്കുന്നവനെ ജാതിയിൽനിന്നു പുറത്തു തള്ളുക തന്നെ വേണം.

ന ഖാദതി വിധിംഹിത്വാ പിശാച ഇവ യഃ പശൂൻ
സ വൈ ലോകസ്യ ചക്ഷുഷ്യോ ന ച രോഗൈസ്സ പീഡ്യതേ 17

പിശാചിന്നു മാംസം ഭക്ഷിക്കുന്നതിന്നു യാതൊരു വിധിയും വേണ്ട. മനുഷ്യൻ അതുപോലെയാവരുത്.

പാശദഃ കണ്ഠകർഷീ ച പൃഷ്ഠഘാതീ വധേ ഗുരുഃ
അനുമന്താ നിഹന്താ ച ക്രേതാ വിക്രയകൃത്തഥാ 18

സംസ്കർത്താ ചോപഹർത്താ ച യോ വൈ മാംസസ്യ ഖാദകഃ
ഏകാദശാമീ സംപ്രോക്താഃ സർവ്വേപി പശുഘാതകാഃ 19

കഴുത്തിൽ കയറിട്ടവൻ, വലിച്ചവൻ, തൊളിച്ചവൻ, കൊല്ലുവാനുള്ള ചടങ്ങു പറഞ്ഞവൻ, സമ്മതിച്ചവൻ, കൊന്നവൻ, വിറ്റവൻ, വാങ്ങിയവൻ, പാകം ചെയ്തവൻ, വിളമ്പിയവൻ, ഭക്ഷിച്ചവൻ ഇവർ പതിനൊന്നു പേരും പശുഘാതകന്മാർ തന്നെയാകുന്നു. (ഹിംസാനിമിത്തമായ പാപം ഇവർക്കെല്ലാവർക്കും സമമെന്നു താല്പര്യം)

യത്ര സ്വമാംസം പുഷ്ണീയാൽ പരമാംസൈരചോദിതഃ
നാതഃ പാപീയസീം കാംഞ്ചിദവസ്ഥാം ഭാർഗ്ഗവോബ്രവീൽ 20

അന്യന്റെ മാംസം കൊണ്ടു തന്റെ മാംസത്തിന്നു പുഷ്ടി വരുത്തേണമെന്നു വിചാരിക്കുന്നതിൽ പരമായിട്ടൊരു പാപവുമില്ലെന്നാണ് ഭാർഗ്ഗവമതം.

തസ്മാന്മാംസം ന ഖാദേയുഃ കേരളസ്ഥാ വിശേഷതഃ
ഹുതശേഷം വിനാ വിപ്രാ വേദോക്തേനൈവ വർത്മനാ 21

വേദം അനുവദിച്ചിട്ടില്ലെങ്കിൽ ഹിംസതന്നെ വേണ്ടെന്നു വെക്കാമായിരുന്നു. വേദവിധിയെ അനുസരിച്ചു യജ്ഞാർത്ഥം ഹിംസ ചെയ്യാമെന്നിരിക്കട്ടെ. അതല്ലാതെ മലയാളബ്രാഹ്മണർ ഒരിക്കലും മാംസം തിന്നരുത്.

ഹിംസാപി തദ്വത്ത്യാജ്യൈവ വേദാഭ്യുപഗമോ ന ചേൽ
പ്രതിവർഷം പശും ഹത്വാ യോ യജേത സമാം സമാം 22

കൊല്ലം തോറും യാഗം ചെയ്യുന്നവന്നും ഒരിക്കലും മാംസം ഭക്ഷിക്കാത്തവന്നും സുകൃതം സമമാകുന്നു.

യശ്ച മാംസം ന ചാശ്നീയാത്താവുഭൌ സുകൃതേ സമൌ
സ്തേയം ന കുര്യാത്സർവ്വോപി സ്വർണ്ണസ്തേയാൽ പതേദധഃ 23

ന ഗച്ഛേൽ പരകീയാം സ്ത്രീഗമ്യാഗമനേ പതേൽ
ഗോഗാമി ന ന ദുഷ്ടാം സ്ത്രീം ഗച്ഛേൽ ബുധ്വാ ഗതഃ പതേൽ 24

കക്കരുത്; സ്വർണ്ണം കട്ടാൽ ഭ്രഷ്ടനാവും. അന്യസ്ത്രീയിൽ ഗമിക്കരുത്; അഗമ്യയെ ഗമിച്ചാൽ അധഃപതനം സംഭവിക്കും. അതുപോലെ പശു മുതലായവയിലും ഗമിക്കരുത്. ദോഷപ്പെട്ടവളിൽ അറിഞ്ഞുകൊണ്ടു ഗമിച്ചാൽ പാതിത്യമുണ്ട്.

ശൂദ്രാം ന ഗച്ഛേദ്വിപ്രോ വാ രാജാ വാ വൈശ്യ ഏവ വാ
വൃഷല്യാം രമമാണോ യദേകരാത്രേണ സാധയേൽ 25

ത്രൈവർണ്ണികന്മാരാരും ശൂദ്രസ്ത്രീഗമനം ചെയ്യരുത്. ഒരു രാത്രി ശൂദ്രസ്ത്രീയിൽ പ്രവേശിച്ചാലുണ്ടാകുന്ന പാപം, മൂന്നു കൊല്ലം ഭിക്ഷയെടുത്തു ഭക്ഷിച്ചു പുണ്യങ്ങളായ മന്ത്രങ്ങൾ ജപിച്ചാലേ തീരുകയുള്ളൂ.

തൽ ഭൈക്ഷഭുഗ് ജപന്നിത്യം ത്രിഭിരബ്ദൈഃ പരാനുദേൽ
കേരളേഷ്വഭിമന്യന്തേ വൃഷലീഗമനം പ്രതി 26

ഭാർഗ്ഗവസ്യാഭ്യനുജ്ഞാനം സ്നാതകാ അപി ഭൂസുരാഃ
ദൃശ്യതേ ന ച തൽ ക്വാപി യുജ്യതേ ന ച സർവ്വഥാ 27

നാരീഗമനസാമാന്യം സ്നാതകഃ പരിവർജ്ജയേൽ
വിശേഷാദ്വൃഷലീസേവാമിതി രാമദർശനം 28

മലയാളത്തിലെ സ്നാതകവൃത്തിക്കാർക്കു ശൂദ്രസ്ത്രീഗമനം ചെയ്യാമെന്നു ഭാർഗ്ഗവൻ സമ്മതിച്ചിട്ടുണ്ടെന്നു ചിലർ അഭിമാനിക്കുന്നുണ്ട്. എന്നാൽ ഭാർഗ്ഗവൻ അങ്ങിനെ സമ്മതിച്ചിട്ടുള്ളതായി ഒരു പ്രമാണവും കാണ്മാനില്ല. എന്നു മാത്രമല്ല അതിന്നു യുക്തിയുമില്ല. സ്നാതകന്മാർക്കു സ്ത്രീഗമനം തന്നെ ചെയ്യുവാൻ പാടില്ല. പിന്നെ വൃഷലീഗമനത്തെപ്പറ്റി പറയേണ്ടതുണ്ടൊ. ഇങ്ങിനെയാകുന്നു പരശുരാമൻ പറഞ്ഞിരിക്കുന്നത്. (ആചാര്യസ്വാമികളുടെ കാലത്ത് - ലഘുധർമ്മപ്രകാശികയുടെ ആവിർഭാവ കാലത്ത് - സ്നാതകന്മാർ ശൂദ്രസ്ത്രീഗമനം ചെയ്തിരുന്നു എന്നും അന്നു പ്രമാണഭൂതരുടെ ഇടയിൽ അതിനെക്കുറിച്ചു വെറുപ്പുണ്ടായിരുന്നു എന്നും മേൽപറഞ്ഞ ശ്ലോകങ്ങളിൽ നിന്നു സിദ്ധിക്കുന്നുണ്ട്. ഈ നടപ്പ് ഇത്രയും പണ്ടേയ്ക്കു പണ്ടേതന്നെ ഉള്ളതാണെന്നു വരുന്നപക്ഷം പരമ്പരാചാര പ്രാമാണ്യത്താൽ ആർക്കും അത് അഭേദ്യമാണെന്നു തീർച്ചതന്നെ).

ജാതിതസ്തൂത്തമാം നാരീമഗമ്യാമധമാമപി
സമാനാമപി ചാന്യസ്യ സഗോത്രാഞ്ച വിദുർബ്ബുധാഃ 29

തന്നേക്കാൾ ഉയർന്ന ജാതിയിലും കിഴിഞ്ഞ ജാതിയിലും ഉള്ള സ്ത്രീകളേയും തുല്യജാതിയിൽതന്നെ സമാനഗോത്രസ്ത്രീയേയും ഉപേക്ഷിക്കേണ്ടതാകുന്നു.

സുരാപാനാദ്ദ്വിജസ്സദ്യോ ബുദ്ധിപൂർവ്വാൽ പതത്യധഃ
അബുദ്ധ്യാപതിതേ തത്ര പ്രായശ്ചിത്തഞ്ചു വക്ഷ്യതേ 30

ബ്രാഹ്മണൻ മനഃപൂർവ്വമായി മദ്യം സേവിച്ചാൽ ജാതിഭ്രഷ്ടനാവും. അതുതന്നെ അറിയാതെ പറ്റിപ്പോയതാണെങ്കിൽ പ്രായശ്ചിത്തം മതി. അതു പ്രായശ്ചിത്തകാണ്ഡത്തിൽ വിധിക്കുന്നതാകുന്നു.

പാപാത്മനാ യേന സാകം സംസജ്യേത സ വത്സരാൽ
പ്രാപ്നുയാത്തത്സമാനത്വം തത്സംസർഗ്ഗമതസ്ത്യജേൽ 31

ദുഷ്ടരോടു കൂടി സംസർഗ്ഗം ചെയ്താൽ ഒരു കൊല്ലം കൊണ്ട് ആ സംസർഗ്ഗം ചെയ്യുന്നവനും ദുഷ്ടനെപ്പോലെയാകുന്നതാണ്. അതിനാൽ എല്ലാവരും ദുഷ്ടസംസർഗ്ഗത്തെ തീരെ വർജ്ജിക്കുക തന്നെ വേണം.

ഇതി ഏകാദശസ്യാധ്യായസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ
അദ്ധ്യായം 11 പാദം 4

### ഭോജനവിധി

യഥേഷ്ടാന്നം ചരേദ്വിപ്രേ വസൻ ഗുരുകുലേന്വഹം
തദേവ മേധ്യം വൈ തസ്യ ദേവാമൃതമുച്യതേ 1

ഗുരുകുലത്തിൽ താമസിക്കുന്ന ബ്രഹ്മചാരിക്ക് ഇഷ്ടം പോലെയുള്ള ഭക്ഷണം കഴിക്കാം, (ചര = ഭക്ഷണേ). ബ്രഹ്മചാരിക്കു മേധ്യവും അമൃതവും അതുതന്നെയാകുന്നു.

ദേവാൻ പിതൃൻ മനുഷ്യാംശ്ച ഭൃത്യാംശ്ച ഗൃഹദേവതാഃ
പ്രീണയിത്വാത ഊർദ്ധ്വന്തു ഗൃഹസ്ഥഃ ശേഷഭുഗ് ഭവേൽ 2

ഗൃഹസ്ഥൻ ദേവന്മാരേയും പിതൃക്കളേയും മനുഷ്യരേയും (അതിഥികളേയും) ഭൃത്യന്മാരേയും ഗൃഹദേവതമാരേയും തൃപ്തിവരുത്തിയതിന്നു ശേഷം അവരുടെ ഉച്ഛിഷ്ടം കൊണ്ടു ഭക്ഷിക്കണം.

വന്യാന്നഭുഗ്വനസ്ഥഃസ്യാദുലൂഖലവിധിം വിനാ
ഭിക്ഷാ ഏവ സ്യാദഥവാ വായുഭോജനഃ 3

വാനപ്രസ്ഥാശ്രമത്തിലിരിക്കുന്നവൻ കാട്ടിലുണ്ടാകുന്ന ഫലമൂലാദികളെക്കൊണ്ടുപജീവിക്കണം. പല്ലുകൊണ്ടു കടിച്ചുതിന്നുന്നതല്ലാതെ ഉരലിൽ കുത്തിയതൊന്നും ഭക്ഷിക്കരുത്. കഴിയുമെങ്കിൽ വായുഭക്ഷണക്കാരനായിരിക്കുന്നതാണ് ഉത്തമപക്ഷം.

തദേ യതിരശ്നീയാദംഭസാ പൂടിതം സകൃൽ
തദേവ ബ്രഹ്മ തന്മേധ്യം മേധ്യം സ ബ്രഹ്മ ചാർഹതി 4

സന്യാസി ഭിക്ഷയെടുത്തു കിട്ടുന്ന അന്നവും വെള്ളവും മാത്രം ഒരു നേരം മാത്രം ഭക്ഷിക്കണം. അവന്നു മേധ്യവും ബ്രഹ്മപ്രാപകവും അതുതന്നെയാകുന്നു. അവൻ പരിശുദ്ധമായ ബ്രഹ്മത്തോടു ചേരുവാൻ യോഗ്യനാകുന്നു.

അന്നം നാമേതി യൽ കിഞ്ചിദശുചിസ്തൽ പരിത്യജേൽ
പരാഗാൽ പുരാ യാമൌ ദ്വാവന്നേ വർജ്ജയേൽ സദാ 5

അശുചിയായിട്ടുള്ള ഏതന്നവും ആരും ഭക്ഷിക്കരുത്. സൂര്യചന്ദ്രന്മാരുടെ ഗ്രഹണത്തിന്നു രണ്ടു യാമം മുമ്പു തുടങ്ങി ഭക്ഷണം വർജ്ജിക്കണം.

തതഃപരഞ്ച നിർമ്മുക്തേഃ സ്നാതോ ഭോജനമർഹതി
ഗോബ്രാഹ്മണോപരാഗേ തു ന ജ്ഞാതോജനം ചരേൽ 6

മോചനം കഴിഞ്ഞു ശുദ്ധമണ്ഡലം കണ്ടതിന്നു ശേഷം കുളിച്ചാൽ ഊണു കഴിക്കാം. ഗോബ്രാഹ്മണോപരാഗം അറിഞ്ഞില്ലെങ്കിൽ ഊണു കഴിക്കാം. (പശുക്കൾക്കും ബ്രാഹ്മണർക്കും വരുന്ന അത്യാപത്താകുന്നു ഗോബ്രാഹ്മണോപരാഗം. അതറിഞ്ഞാൽ അതിനെക്കുറിച്ചനുശോചിക്കുകയും അവിടെ തന്നാൽ ആവുന്ന സാഹായ്യം ചെയ്യുകയും വേണം. അതിന്നു മുമ്പായി ഭക്ഷണം കഴിക്കുന്നത് ഉചിതമല്ലെന്നു താല്പര്യം)

നൈവാദ്യാദ്യസനസ്ഥേ ച രാജ്ഞി ബന്ധുജനേപി വാ
നാർദ്ധരാത്രേ ന മധ്യാഹ്നേ നാജീർണ്ണേ ന ച സന്ധ്യയോഃ 7

നാർദ്രവാസാ ന നഗ്നോ ന ജാലസ്ഥോ ന നഭസ്ഥിതഃ
ന ഭിന്നാസന ആസീനോ ന ചൈവാൽ കുടികാസനഃ 8

നോത്സംഗേ ന ശയാനശ്ച ന ച ഭിന്നേ തു ഭാജനേ
ന പാണൌ ന ച മേദിന്യാം ന യത്ര ലവണം പുരാ 9

രാജാവിന്നോ ബന്ധുക്കൾക്കോ വ്യസനം വന്നിരിക്കുമ്പോഴും, അർദ്ധരാത്രിക്കും, മധ്യാഹ്നത്തിലും, മുമ്പു ഭക്ഷിച്ചതു ദഹിക്കാതിരിക്കുമ്പോഴും, രണ്ടു സന്ധ്യയ്ക്കും ഭക്ഷണം കഴിക്കരുത്. അതുപോലെതന്നെ ഈറൻ ചുറ്റിയും, നഗ്നനായിട്ടും, കിളിവാതിൽക്കലും നിലം തൊടാത്ത സ്ഥലത്തും പൊളിഞ്ഞ പലകമേലും ഇരുന്നും, കുന്തിച്ചിരുന്നും, ആരുടെയെങ്കിലും മടിയിലിരുന്നും, കിടന്നും പൊട്ടിയ പാത്രത്തിലും, ഇലയിലും മറ്റുമല്ലാതെ കയ്യിൽ വച്ചും, വെറും നിലത്തു വിളമ്പിയും ഭക്ഷിക്കരുത്. കുടിക്കുനീർ സേവിച്ചു പ്രാണാഹുതി കഴിക്കുന്നതിന്നു മുമ്പായി ഉപ്പു വിളമ്പരുത്.

ബാലാർന്നിർഭർത്സയന്നാദ്യാന്നൈകഃ സാകം ന ശത്രുഭിഃ
ന ദാരൈർന്നച പങ്ക്തിസ്ഥഃ പങ്ക്തിപൂതാ ന ചേൽ ബുധഃ 10

ഉണ്ണുന്നസമയം കുട്ടികളെ ശകാരിക്കരുത്. താൻ തനിച്ചു ഭക്ഷണത്തിന്നിരിക്കരുത്. എന്നാൽ ശത്രുക്കളോടു കൂടിയോ, ഭാര്യയൊന്നിച്ചോ, പന്തി ശുദ്ധിവരുത്തത്തക്ക യോഗ്യതയുള്ളവരില്ലാത്ത പന്തിയിലിരുന്നോ ഭക്ഷിക്കരുതുതാനും.

ന രാത്രൌ തിലസമ്മിശ്രം ന ദദ്ധ്യഹനി നോ പയഃ
നാഹത്വാ നൈവ ചാദത്വാ സ്വപിത്രോർന്ന ച കൃത്യവാൻ 11

രാത്രി എൾച്ചോറും തൈരും കഴിക്കരുത്. ('ഇഞ്ചിയിലക്കറി തൈരു തരിപ്പണം കഞ്ചിയൊടഞ്ചും രാവാകാ' എന്നൊരു പഴമൊഴി കേട്ടിട്ടുണ്ട്). പകൽ പാൽ കഴിക്കരുത്. ഹോമം ചെയ്യാതെയോ, തന്റെ അച്ഛനമ്മമാരുണ്ണുന്നതിന്നു മുമ്പായോ, താൻ ചെയ്യേണ്ടതായ വല്ല പ്രവൃത്തിയും ബാക്കിയായിക്കിടക്കുമ്പോഴോ ഭക്ഷണം കഴിക്കരുത്.

നോച്ഛിഷ്ടം നാഘൃതം ചാന്നമനർച്ചിത്വാ ന ഭാര്യയാ
ബഹൂനാം പ്രേക്ഷമാണാനാം നൈവ നാപി ബഹിർഗ്ഗഹേ 12

ഇച്ചിലുണ്ണരുത്. നെയ്യുകൂടാതെ ഭക്ഷിക്കരുത്. ആദരവില്ലാതെ ഭാര്യ കൊണ്ടുവന്നു വിളമ്പുന്ന അന്നം ഉപേക്ഷിക്കണം. അനേകം ആളുകൾ കാണേയും ഗൃഹത്തിന്നു പുറത്തിരുന്നും ഭക്ഷിക്കരുത്.

നൈകസ്മിൻ ബഹവോ നൈവ ശൂന്യഗേഹേ ന ഗർഹിതം
ന പ്രൌഢപാദഃക്ഷേമാർത്ഥീ നാതിസൌഹിത്യമാചരേൽ 13

ഒരേ സ്ഥലത്ത് അധികം ജനങ്ങൾ തിങ്ങിയിരുന്നുണ്ണരുത്. മനുഷ്യവാസമില്ലാത്ത ശൂന്യഗൃഹത്തിലിരുന്നും, കുത്സിതമായ അന്നവും ഭക്ഷിക്കരുത്. എപ്പോൾ എന്തു ഭക്ഷിക്കുമ്പോഴും വയർ വല്ലാതെ വീർക്കത്തക്കവിധം ഭക്ഷിക്കരുത്.

ശുദ്ധാവാചാരമാഹാരം കുർവ്വാണസ്യ മുഹുർമ്മനഃ
ശുദ്ധം സ്യാദതിശുദ്ധേത്ര വിശ്വാത്മാ സംപ്രകാശതേ 14

ആചാരവും ആഹാരവും ശുദ്ധമായിരുന്നാൽ മനസ്സും ശുദ്ധമായിരിക്കും. അതിശുദ്ധമായ മനസ്സിൽ മാത്രമേ ഈശ്വരൻ പ്രകാശിക്കയുള്ളു.

തസ്മാദ്യതേരൻ സർവ്വേപി സ്വാചാരാഹാരശോധനേ
അന്യഥാന്ധം തമഃപ്രാപ്യ ദുഃഖാദ്ദുഃഖമവാപ്നുയാൽ 15

അതിനാൽ എല്ലാവരും അവരവരുടെ ആചാരവും ആഹാരവും ശുദ്ധിയായിക്കൊണ്ടിരിപ്പാനാണ് യത്നിക്കേണ്ടത്. അല്ലെങ്കിൽ അന്ധമായ തമസ്സിനെ (നരകത്തെ) പ്രാപിച്ച് അതിദുഃഖിതന്മാരായിത്തീരും. (സദാചാരങ്ങളെ വിടാതിരിക്കുകയും ശുദ്ധിയുള്ളവ ഭക്ഷിക്കുകയും ചെയ്താൽ അവന്നു സർവ്വത്ര സുഖം സിദ്ധിക്കുന്നതാണെന്നു സാരം).

ഇതി ശാങ്കരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ഏകാദശസ്യാദ്ധ്യായസ്യ ചതുർത്ഥഃ പാദഃ
ഏകാദശോദ്ധ്യായഃ സമാപ്തഃ

പതിനൊന്നാമദ്ധ്യായത്തിന്റെ ഭാഷാവ്യഖ്യാനം കഴിഞ്ഞു.

## അഥ ദ്വാദശോദ്ധ്യായഃ

പ്രഥമഃ പാദഃ
അദ്ധ്യായം 12 പാദം 1

### സദാചാരങ്ങൾ

യശ്ച വ്യാകുരുതേ വാണീം യശ്ച മീമാംസതേ ക്രതും
താവുഭാവപി വൃത്തസ്ഥൌ ജ്ഞാതവ്യൌ പങ്ക്തിപാവനൌ 1

വ്യാകരാണാഭ്യാസം കൊണ്ടു വാക്കിന്നു ശുദ്ധി വന്നവനും, മീമാംസശാസ്ത്രാഭ്യാസംകൊണ്ടു യാഗാദികർമ്മങ്ങൾ ചെയ്യിക്കാവുന്നവനും സദ്വൃത്തത്തിൽ സ്ഥിതി ചെയ്യുന്നവരാകുന്നു. പന്തിക്കുള്ള ദോഷത്തെ തീർത്തു പന്തി ശുദ്ധി വരുത്തുന്നതും അവരാകുന്നു. (മലയാളികൾ കർമ്മകാണ്ഡപ്രധാനന്മാരാകുന്നു. അതാണ് മീമാംസകന്മാർക്ക് ഇത്രയും മാഹാത്മ്യം കല്പിച്ചതെന്നു തോന്നുന്നു).

താഭ്യാമഗ്രാസനം ദത്വാ ഭോക്തവ്യം പങ്ക്തിസംശ്രിതൈഃ
ഏഷ ഭാർഗ്ഗവനിർദ്ദിഷ്ടഃ പന്ഥാഃ കേരളവാസിനാം 2

പന്തിയിലിരിക്കുന്നവർ മേൽപറഞ്ഞ രണ്ടുപേർക്കും അഗ്രാസനം കൊടുത്തിട്ടു വേണം ഉണ്ണുവാൻ. മംഗളകരങ്ങളായ സദാചാരങ്ങളെ ചുരുക്കത്തിൽ താഴെ വിവരിക്കുന്നു.

സദാചാരാൻ പ്രവക്ഷ്യാമി സമാസേന ശുഭാവഹാൻ
അവമാനം കുർവ്വീത കസ്യചിൽ ക്ഷേമകൌതുകീ 3

ഹീനാംഗാനധികാംഗാൻ വാ വികൃതാംഗാനഥാപി വാ
ന ഹീനാംശ്ച ന മൂർഖാംശ്ച പ്രഹസേദ്വ്യാധിതാനപി 4

തനിക്കു നല്ലതു വരേണമെന്നാഗ്രഹിക്കുന്നവൻ ആരേയും അവമാനിക്കരുത്. ഹീനാംഗന്മാർ, അധികാംഗന്മാർ, വികൃതമായ അംഗമുള്ളവർ, ഹീനജാതിക്കാർ, മൂർഖന്മാർ, വ്യാധിപീഡിതന്മാർ എന്നിവരെ ഒരിക്കലും പരിഹസിക്കരുത്.

ന ഹീനസേവനം കുര്യാന്ന സ്വാധ്യായം ദ്വിജസ്ത്യജേൽ
വർണ്ണസ്യ ചാശ്രമസ്യാപി വയസോഭിജനസ്യ വാ 5

ശ്രുതസ്യ ച ധനസ്യാപി ദേശസ്യ സമയസ്യ ച
അനുരൂപേണ വേഷേണ വർത്തേത ന ച ഗർഹിതഃ 6

ബ്രാഹ്മണൻ നീചസേവ ചെയ്കയും സ്വാധ്യായം ഉപേക്ഷിക്കുകയുമരുത്. അവനവന്റെ ജാതിക്കും, ബ്രഹ്മചര്യം മുതലായ ആശ്രമത്തിനും, പ്രായത്തിന്നും,ആഭിജാത്യത്തിന്നും, പ്രസിദ്ധിക്കും, ആസ്ഥയ്ക്കും, ദേശത്തിന്നും, കാലത്തിന്നും അനുരൂപമായ വേഷത്തോടുകൂടിയിരിക്കണം. നിന്ദ്യമായതിനെ ഉപേക്ഷിക്കുകയുംവേണം.

നിത്യം ശാസ്ത്രാർത്ഥവീക്ഷീ സ്യാജ്ജീർണ്ണവാസോ ന ധാരയേൽ
മലിനഞ്ച തഥാ തദ്വൽ സച്ഛിദ്രം വിഭവേ സതി 7

നിത്യവും ശാസ്ത്രാർത്ഥങ്ങളെ ആലോചിച്ചുകൊണ്ടിരിക്കണം. ഒരുവിധം നിവൃത്തിയുണ്ടെങ്കിൽ പഴയതും കീറിയതുമായ വസ്ത്രം ഉടുക്കരുത്. (അതിന്നു വകയില്ലാത്ത പക്ഷം കഴിയുന്നതും മുഷിയാത്ത വസ്ത്രം ഉടുക്കണം).

ന നാസ്തീത്യഭിഭാഷേത മ്ലേച്ഛഭാഷാം ന ചാഭ്യസേൽ
ന പശ്യേദ്വർച്ച ആത്മീയം നാത്മാനം തൈലതോയയോഃ 8

യാചകന്മാരോട് ഇല്ല എന്നു പറയരുത്. ('ദേഹീതി വചനം കഷ്ടം നാസ്തീതി വചനം തഥാ' എന്നു പ്രമാണാന്തരവുമുണ്ട്. 'വിമുഖാന്നാർത്ഥിനഃ കുര്യാന്നാവമന്യേത നാക്ഷിപേൽ' യാചകന്മാരെ വിമുഖന്മാരാക്കരുത് അവമാനിക്കരുത് ആക്ഷേപിക്കയുമരുത് എന്നു വാഹടനും പറഞ്ഞിരിക്കുന്നു. അവനവന്റെ അവസ്ഥയ്ക്കനുസരിച്ച് എന്തെങ്കിലും കൊടുത്തയയ്ക്കണമെന്നു താല്പര്യം). മ്ലേച്ഛഭാഷ അഭ്യസിക്കരുത്. (മലയാളബ്രാഹ്മണർക്ക് ഇംഗ്ലീഷ പഠിപ്പാൻ പാടില്ലെന്നുള്ളതിലേക്കുള്ള പ്രമാണം ഇതാണെന്നാണ് വെച്ചിരിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ചു രണ്ടുവാക്കു പറയേണമെന്നു വിചാരിക്കുന്നു ഭാർഗ്ഗവമഹർഷി മലയാളികളുടെ ആചാരങ്ങളെ തിട്ടപ്പെടുത്തിയ കാലത്ത് ഇംക്ലീഷുകാർ ഇന്ത്യയിൽ വന്നിട്ടില്ലെന്നു തീർച്ചതന്നെ. അപ്പോൾ അക്കാലത്ത് ഇംക്ലീഷുഭാഷ ഇവിടെ പ്രചാരമുണ്ടായിരിപ്പാനും സംഗതിയില്ല. മഹർഷി ഒരു ദീർഘദർശിയായതുകൊണ്ടു ഭാവികാലത്തിൽ ഇംക്ലീഷുഭാഷയ്ക്ക് ഈ രാജ്യത്തിൽ പ്രചാരമുണ്ടായി വരുമെന്നും, അന്നു മലയാളബ്രാഹ്മണർ അതു പഠിച്ചുപോകരുതെന്നും മുൻകൂട്ടി നിയമപ്പെടുത്തിയതാണെന്നു പറയുന്നുണ്ടെങ്കിൽ അതും ശരിയല്ല. അദ്ദേഹം തന്റെ ദീർഘദർശിത്വത്തെ ഉപയോഗപ്പെടുത്തീട്ടാണ് ഭാർഗ്ഗവസ്മൃതി ഉണ്ടാക്കിയിരുന്നതെങ്കിൽ കാലഭേദത്താൽ ആചരിപ്പാൻ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുന്ന പല ആചാരങ്ങളേയും ഇതിൽനിന്നു നീക്കം ചെയ്യുമായിരുന്നു. ഏതു വിധികർത്താക്കന്മാരും മനുഷ്യരുടെ ക്ഷേമത്തിന്നു വിരുദ്ധമായ ഒരു വിധിയെ വിധിച്ചതായി കേട്ടിട്ടില്ല. അങ്ങിനെ വിധിച്ചാൽതന്നെ സാർവ്വത്രികമായി ജനങ്ങൾ ആ വിധിയെ കൈക്കൊള്ളുന്ന കാര്യവും സംശയമാണ്. മ്ലേച്ഛന്മാർ എന്നതിന്നു വിമതന്മാർ എന്നുമാത്രമേ അർത്ഥമുള്ളു എന്നായിരിക്കും ഇനി പൂർവ്വപക്ഷികൾ പറയുന്നത്. അപ്പോൾ അവനവന്റെ മതത്തിന്നു വിരുദ്ധമായ നടപടിയുള്ളവർ മ്ലേച്ഛന്മാരെന്നർത്ഥം കല്പിക്കാമല്ലൊ. പക്ഷേ ഈ വിരോധം ഏതുപ്രകാരമാണാവോ. മലയാളികളുയെ പ്രത്യേകാചാരങ്ങൾക്കു വിരോധമായി പലതും മറ്റു രാജ്യങ്ങളിലെ ഹിന്തുക്കൾ ആചരിച്ചുവരുന്നുണ്ടെന്നു തീർച്ചതന്നെ. അപ്പോൾ നമുക്ക് അവരെ എല്ലാം മ്ലേച്ഛന്മാരെന്നു പറയേണ്ടി വരും. അതു ക്ഷന്തവ്യമായിവരുമോ. ഇനി വൃത്തിയില്ലാത്തവർ മ്ലേച്ഛന്മാർ എന്നർത്ഥം കല്പിക്കുമായിരിക്കാം. എന്നാൽ ശുചീകരണവിഷയത്തിൽ എത്രയോ ഉപരി നില്ക്കുന്ന ഇംക്ലീഷുകാർ നമ്മെ മ്ലേച്ഛന്മാരെന്നു പറയുമല്ലൊ. അതിനാൽ ഈ വ്യാഖ്യാനം അടിസ്ഥാനമില്ലാത്തതാണെന്നു തീർച്ചതന്നെ. പിന്നെ ഇംക്ലീഷ് രാജഭാഷയാണെന്ന് അതിനിപ്പോൾ ഒരു മഹത്വം വേറെതന്നെ ഉണ്ട്. അവനവന്റെ ക്ഷേമത്തെ ആഗ്രഹിക്കുന്ന മഹാന്മാർ പ്രമാണങ്ങൾക്ക് ഈവിധം ദുർവ്യാഖ്യാനങ്ങൾ ഉണ്ടാക്കിത്തീർത്തു പലരുടേയും അഭ്യുദയത്തെ തടസ്ഥപ്പെടുത്തുന്നതിൽപരമായ അക്രമം എന്താകുന്നു. അതിനാൽ മലയാളബ്രാഹ്മണർ ഈവക തെറ്റിദ്ധാരണകളെ കഴിയുന്നതും വേഗത്തിൽ വലിച്ചെറിഞ്ഞു തങ്ങടെ ശ്രേയസ്സിന്നുത്സാഹിക്കാത്തപക്ഷം ഇപ്പോൾതന്നെ അനുഭവിച്ചുതുടങ്ങിയതായ അത്യാപത്തുകൾ മുഴുത്തു നാം ആർക്കെല്ലാം അടിമപ്പെടേണ്ടിവരുമെന്നു കണ്ടറിയാഞ്ഞാൽ കൊണ്ടറിയാറാവുമെന്നു തീർച്ചതന്നെ). അവനവന്റെ മലം നോക്കിക്കാണരുത്. വെള്ളത്തിലോ എണ്ണയിലോ പ്രതിബിംബിച്ചതായ തന്റെ സ്വരൂപത്തെ നോക്കരുത്.

ന ക്രുദ്ധസ്യ ഗുരോർവക്ത്രം ന ഭുഞ്ജാനാഞ്ച ഗേഹിനീം
ന ച നഗ്നാം ന ചോദക്യാം ന സ്ത്രീയം ഭ്രഷ്ടകഞ്ചുകാം 9

നാന്യഗുഹ്യം നിജം ഗുഹ്യമന്യസ്മൈ ന ച ദർശയേൽ
കന്യായോനിം ന വീക്ഷേത തിരശ്ചാഞ്ച ന മൈഥുനം 10

കോപിച്ചിരിക്കുന്ന ഗുരുവിന്റെ മുഖത്തേക്കു നോക്കരുത്. തന്റെ ഭാര്യ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവളെ കാണരുത് നഗ്നയായ സ്ത്രീയേയും രജസ്വലയേയും മുല മറയ്ക്കാത്തവളേയും കാണരുത്. ('സ്ത്രീയം' എന്നു വേറെതന്നെ പറഞ്ഞതുകൊണ്ടു 'നഗ്നാം', 'ഉദക്യാം', 'ഭ്രഷ്ടകഞ്ചുകാം' എന്ന മൂന്നു പദങ്ങളും അതിന്റെ വിശേഷണമാണെന്നും, അതുകൊണ്ടു വിവക്ഷിച്ചിരിക്കുന്ന അർത്ഥം സ്ത്രീസാമാന്യമെന്നാണെന്നും തീർച്ച തന്നെ. ബ്രാഹ്മണസ്ത്രീകളെ

സ്വഭർത്താവൊഴിച്ച മറ്റാർക്കും കാണ്മാൻ പാടില്ലാത്ത സ്ഥിതിക്ക് ഇവിടുത്തെ 'സ്ത്രീയം' എന്നതിന്നു 'ബ്രാഹ്മണേതരജാതിസ്ത്രീകൾ' എന്നർത്ഥമാണല്ലൊ. അപ്പോൾ ഭാർഗ്ഗവസ്മൃതിയുടെ കാലം മുതൽ ആചാര്യസ്വാമികളുടെ കാലംവരെ ശൂദ്രസ്ത്രീകളും മറ്റും മുലക്കച്ച ധരിച്ചിരുന്നു എന്നും, അവർ മുലക്കച്ചയോ റവുക്കയോ ധരിക്കാതെ നടക്കുന്നതു ബ്രാഹ്മണർക്കു വിരോധമായിരുന്നു എന്നും തീർച്ചതന്നെ. ഇപ്പോഴത്തെ കഥ ഇതിന്നെല്ലാം നേരേ വിപരീതമാണ്. ബ്രാഹ്മണരുടെ ആജ്ഞയിൻകീഴുള്ള ഉൾദേശങ്ങളിൽ ഒരു ശൂദ്രസ്ത്രീ മുലമറച്ചു നടന്നാൽ അന്നേദിവസം അവളെ വംശത്തോടെ കുടിയിറക്കിക്കളയുമല്ലൊ. സ്വാർത്ഥപ്രതിപത്തിനിമിത്തം അന്യന്മാരുടെ വർഗ്ഗത്തിൽ ഈവിധം പ്രമാണവിരുദ്ധമായ ദുരാചാരങ്ങളെ ഉണ്ടാക്കിത്തീർത്തതും അതിനെ ഇന്നും കൊണ്ടാടി വരുന്നതും ആശ്ചര്യമായി തോന്നുന്നു). അന്യന്റെ ഗുഹ്യപ്രദേശത്തെ താൻ നോക്കിക്കാണുകയോ തന്റെ ഗുഹ്യപ്രദേശത്തെ അന്യന്നു കാട്ടിക്കൊടുക്കുകയോ അരുത്. (മലമൂത്രവിസർജ്ജനംചെയ്തു ശൌചാർത്ഥം കുളക്കടവിലേക്കു പോകുന്ന സമയം സ്ത്രീപുരുഷവ്യത്യാസം കൂടാതെ സകലർക്കും സ്വഗുഹ്യത്തെ കാണിച്ചുകൊടുക്കാമെന്നുള്ളതിന്നു പ്രമാണം വേറെതന്നെ തിരയേണ്ട കാലമായി). പെൺകുട്ടികളുടെ യോനിയേയും, ശ്വാവു മുതലായ ജന്തുക്കളുടെ മൈഥുനത്തേയും കാണരുത്

നാമേധ്യം പ്രക്ഷിപേദഗ്നൌ നാഗ്നിം പാദേന ലംഘയേൽ
പാദൌ ന താപയേദഗ്നൌ തന്മാർഷ്ടിം ന കുശൈശ്ചരേൽ 11

അഗ്നിയിൽ അശുചിസാധനങ്ങൾ ഇടരുത്. അഗ്നി കവച്ചുവെക്കരുത്. കത്തുന്ന തിയ്യിൽ കാൽ കാണിച്ചു കാച്ചരുത് ദർഭപ്പുല്ലുകൊണ്ടു കാൽ തേച്ചുകഴുകരുത്.

ന കാംസ്യഭാജനേ ന്യസ്യേന്നാക്രാമേദംഘ്രിമംഘ്രിണാ
ന ലോഷ്ടമർദ്ദനം കുര്യാന്ന ചൈവ ഭുവമാലിഖേൽ 12

ഓട്ടുപാത്രത്തിൽ കാൽ വെക്കരുത്. ഒരുകാൽകൊണ്ട് മറ്റേകാൽ ചവിട്ടരുത്. മൺകട്ട (വൃഥാ) ഉടയ്ക്കരുത് ഭൂമിയിൽ വരയ്ക്കരുത്.

ന ദന്തൈർന്നഖലോമാനി ഛിന്ദാദ്ദ്യൂതം വിവർജ്ജയേൽ
വസ്ത്രമന്യധൃതം നൈവ ധാരയേന്ന തു പാദുകേ 13

നഖത്തേയും രോമത്തേയും പല്ലുകൊണ്ടു കടിച്ചുമുറിക്കരുത്. ഏതുവിധത്തിലുള്ള ചൂതുകളിയും വർജ്ജിക്കണം. അന്യൻ ധരിച്ച മുണ്ടും ചെരിപ്പും ധരിക്കരുത്.

ഉപവീതം ന ബിഭൃയാൽ ഭിന്നഞ്ച വിധിവർജ്ജിതം
നോച്ഛിഷ്ടഹവിഷീ ദദ്യാന്ന ശൂദ്രായ ചാക്ഷരം 14

പൊട്ടിയ പൂണുനൂൽ ധരിക്കരുത്. (വേഗം മാറണം). അതുതന്നെ വിധിപ്രകാരമേ ധരിക്കാവൂ. അവനവൻ ഭക്ഷിക്കുന്നതിന്നു മുമ്പേ ശൂദ്രന്നു ഭക്ഷണം കൊടുത്തുകൂടാ. ഹവ്യകവ്യാദികൾ ഒരിക്കലും കൊടുപ്പാൻ പാടില്ല. ശൂദ്രന്ന് അക്ഷരം (വിദ്യ) ഉപദേശിക്കരുത്. (ഈ സ്മൃതിയുടെ പ്രവർത്തികാലത്തു മലയാളത്തിൽ ചാതുർവർണ്യത്തിലുൾപ്പെട്ട വെറും ശൂദ്രരാണുണ്ടായിരുന്നത്. ബ്രാഹ്മണന്നുള്ള ശൂദ്രസ്ത്രീഗമനം പലേടത്തും നിഷേധിച്ചുകാണ്മാനുണ്ട്. പിന്നീടു കാലക്രമം കൊണ്ട്, ഏതുവിധമെങ്കിലുമാവട്ടെ, ബ്രാഹ്മണർക്കു ശൂദ്രസ്ത്രീകളെ ഭാര്യാത്വേന സ്വീകരിക്കാമെന്നു വച്ചതോടുകൂടി മലയാളശൂദ്രരുടെ ജാതിക്ക് ഇതരദേശശൂദ്രരേക്കാൾ അചിന്തനീയമായ ഒരു മാഹാത്മ്യം കൂടിയതായി വിചാരിപ്പാൻ ധാരാളം ന്യായമുണ്ട്. ഉത്തമജാതിക്കാരുടെ സംസർഗ്ഗം ന്യൂനന്മാർക്ക് ഔൽകൃഷ്ട്യമുണ്ടാക്കിത്തീർക്കുമെന്നുള്ളതു സ്മൃത്യന്തരസിദ്ധവുമാണ്. അതിനാൽ ഇപ്പോൾ മലയാളത്തിൽ കാണുന്ന ശൂദ്രരിൽ ഏതെങ്കിലും ഒരു പുരുഷാന്തരത്തിൽ ബ്രാഹ്മണസഹവാസത്തിന്നിടവന്നിട്ടുള്ള വർക്കെല്ലാം പ്രത്യേകമായ ഒരു ഔന്നത്യം സിദ്ധിച്ചിട്ടുണ്ടെന്നും, അവർക്കു വിദ്യാദാനം ചെയ്യരുതെന്ന് ഈ വിധി കൊണ്ടു സിദ്ധിക്കുന്നതല്ലെന്നും വ്യാഖ്യാനിക്കാവുന്നതാണ്).

ന തിലാന്നം ന ശൂദ്രസ്യ പൌരോഹിത്യമുപാശ്രയേൽ
നോദക്യാമഭിഭാഷേത സുപ്തം നൈവ പ്രബോധയേൽ 15

എൾചോറുണ്ണരുത്. ബ്രാഹ്മണൻ ശൂദ്രന്റെ പുരോഹിതനാവരുത്. (ഇവിടെ ശൂദ്രപൌരോഹിത്യത്തിന്നു വേറെതന്നെ ജാതിക്കാരുണ്ട്. പരദേശങ്ങളിൽ അതെല്ലാം അപ്പപ്പോഴത്തെ തരം നോക്കിയായിരിക്കും). തീണ്ടാർന്നിരിക്കുന്നവളോടു സംസാരിക്കരുത്. ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തരുത്.

പരക്ഷേത്രേ ചരന്തീം ഗാം ന ബ്രൂയാന്നാപസാരയേൽ
ന വത്സകം പിബന്തം വാ ശൂദ്രരാജ്യേ സ്ഥിതിം ത്യജേൽ 16

അന്യന്റെ വിളയിൽ ഒരു പശു നില്ക്കുന്നതു കണ്ടാൽ അതിനെ തൊളിക്കുകയോ ഉടമസ്ഥനോടു പറയുകയോ അരുത്. (പശുവിന്റെ ഭക്ഷണം മുടക്കുന്നതുകൊണ്ടുള്ള പാപത്തെ ഓർത്തായിരിക്കണം ഇങ്ങിനെ വിധിച്ചത്). പശുവിന്റെ അകിടിൽ നിന്നു കുടിക്കുന്ന കുട്ടിയെ നീക്കം ചെയ്യരുത്. ശൂദ്രന്ന് ആധിപത്യമുള്ള രാജ്യത്തിൽ താമസിക്കരുത്.

അധാർമ്മികജനാകീർണ്ണേ വൈദ്യഹീനേ ച നിർജ്ജലേ
വൃഥാ ചേഷ്ടാം ന കുർവ്വീതാപ്യശ്ലീലമനൃതം ത്യജേൽ 17

അധർമ്മിഷ്ഠന്മാരായ ജനങ്ങൾ നിറഞ്ഞ ദിക്കിലും നല്ല വൈദ്യനില്ലാത്തേടത്തും വെള്ളം കിട്ടാത്തേടത്തും താമസിക്കരുത്. അനാവശ്യമായ യാതൊരു ചേഷ്ടയും ചെയ്യരുത്. അസഭ്യവാക്കു പറയുകയും വ്യാജം പ്രവൃത്തിക്കുകയും ചെയ്യരുത്.

നാത്മാനമവമന്യേത പരമർമ്മാണി ന സ്പൃശേൽ
സന്ധ്യാം ചിരമുപാസ ത ശസ്ത്രക്രീഡാം പരിത്യജേൽ 18

തന്നെത്താനവമാനിക്കുകയും മറ്റൊരുവന്നു മർമ്മത്തിൽ കൊള്ളത്തക്ക വാക്കു പറയുകയുമരുത്. സന്ധ്യാവന്ദനം സാവധാനത്തിൽ ചെയ്യണം. മൂർച്ചയുള്ള ആയുധം കൊണ്ടു കളിക്കരുത്.

നിമിത്തേന വിനാ ഖാനി ന സ്പൃശേദശുചീനി ച
ന കുര്യാല്ലോകവിദ്വിഷ്ടം ധർമ്മമപ്യുദിതം ക്വചിൽ 19

ആവശ്യമില്ലാതെ കണ്ണു ചെവി മുതലായതു തൊടരുത്. മൂത്രദ്വാരം ഗുദദ്വാരം മുതലായ അശുദ്ധസ്ഥലങ്ങൾ ശൌചാർത്ഥമല്ലാതെ സ്പർശിക്കരുത്. ചില കാര്യങ്ങൾ കർത്തവ്യമായി വിധിക്കപ്പെട്ടിട്ടുള്ളവയാണെങ്കിലും നാട്ടുകാർ അതിനെ വെറുക്കുന്നു എങ്കിൽ ചെയ്യുവാൻ പാടില്ല.

കുര്യാൽ പർവ്വസു ശാന്ത്യർത്ഥം ജപഹോമാദികാഃ ക്രിയാഃ
ഇതി പ്രോക്തസ്സദാചാരസ്സമാസേന ന വിസ്തരാൽ 20

ശിഷ്ടേഷ്വർത്ഥേഷു സാധൂനാം വൃത്തസ്യൈവ പ്രമാണതാ

സംക്രാന്തി വാവു മുതലായ പുണ്യദിവസങ്ങളിൽ മഹാപാപനിവൃത്തിക്കായിക്കൊണ്ടു ജപഹോമാദിസൽക്കർമ്മങ്ങൾ ചെയ്യണം. ഇങ്ങിനെ ചില സദാചാരങ്ങൾ ഇവിടെ ചുരുക്കത്തിൽ പറയപ്പെട്ടു. മറ്റുള്ള വിസ്തരത്തിൽ സജ്ജനാചാരം തന്നെ പ്രമാണം.

ഇതി ദ്വാദശസ്യാധ്യായസ്യ പ്രഥമഃ പാദഃ

അഥ ദ്വിതീയഃ പാദഃ

അദ്ധ്യായം 12 പാദം 2

### സ്ത്രീധർമ്മങ്ങൾ

ബഹുസ്മൃത്യുദിതം സമ്യക് സാധുഭിശ്ച നിഷേവിതം
ആചാരമാശ്രയേന്നിത്യം ധർമ്മകാമോ ജിതേന്ദ്രിയഃ 1

ധർമ്മത്തെ ആഗ്രഹിക്കുന്നവനും ജിതേന്ദ്രിയനുമായവൻ അനേകം സ്മൃതികളിൽ വിധിക്കപ്പെട്ടതും സജ്ജനങ്ങൾ ആചരിച്ചുവരുന്നതുമായ ആചാരത്തെ ആശ്രയിക്കണം.

ആചാരാദാപ്നുയാദായുരാചാരാദീപ്സിതാം ഗതിം
ആചാരാച്ഛ്രിയമക്ഷയ്യാമാചാരാച്ച കലേർജ്ജയം 2

ആചാരംകൊണ്ട് ആയുസ്സും, സൽഗതിയും, നശിക്കാത്ത സമ്പത്തും സിദ്ധിക്കും. ആചാരമുള്ളവന്നു കലിദോഷം ജയിപ്പാൻ കഴിയും.

സർവ്വലക്ഷണഹീനോപി സദാചാരം സമാശ്രിതഃ
ശ്രദ്ധാവാനനസൂയുശ്ച ജീവേദേവ ശതം സമാഃ 3

മറ്റുള്ള ഗുണങ്ങളൊന്നുമില്ലെങ്കിലും സദാചാരത്തിൽ ശ്രദ്ധയും അസൂയയില്ലായ്മയുമുണ്ടെങ്കിൽ അവൻ അനേകകാലം സുഖമായി ജീവിച്ചിരിക്കും.

സ്ത്രീധർമ്മാനഭിധാസ്യാമഃ പൃഥഗേവാഥ കാംശ്ചന
ശയനാദുത്ഥിതാ ധൌതപഞ്ചകാ ധൃതമംശുകം 4

പരിവർത്ത്യ പുനർദ്ധൌതപഞ്ചകാ ഗൃഹകർമ്മസു
പ്രവർത്തേതോദയാൽ പൂർവ്വം ഗൃഹസമ്മാർ തഥാഞ്ജന 5

അനന്തരം സ്ത്രീധർമ്മങ്ങളിൽ ചിലതു വേറെതന്നെ പറയാം:- സ്ത്രീകൾ പുലർച്ചയ്ക്കെഴുനീറ്റ കയ്യും കാലും മുഖവും കഴുകി സൂര്യോദയത്തിന്നു മുമ്പായി അടിച്ചുതളിയെല്ലാം കഴിക്കണം.

ദധിനിർമ്മന്ഥനഞ്ചാപി കുർവ്വീത ഗൃഹമേധിനീ
അമാവാസ്യാ ച സംക്രാന്തിഃ പിത്ര്യം കർമ്മ പുരോഗതം 6

പിന്നെ തൈരു കലക്കണം. അമാവാസി സംക്രാന്തി ശ്രാദ്ധമുള്ള ദിവസം അന്നൊന്നും തൈരു കലക്കരുത്.

ത്രയമേതദതിത്യൈവ ദദ്ധ്നോ മഥനമാചരേൽ
മന്ഥമാവർജ്ജയേദ്ദദ്ധ്നി യൽഗൃഹേ ദർശ ആഗതേ 7

തസ്യ ഗാവഃ പ്രണശ്യേയുശ്ശപേയുഃ പിതരശ്ച തം
സംക്രാന്തൌ പിതരഃ ശ്രുത്വാ ദധിനിർമ്മഥനധ്വനിം 8

അരുന്തുദമിവാവാപ്യ പ്രതിഷ്ഠേരൻ പരാങ്മുഖാഃ
പിത്ര്യേ കർമ്മണി നേദിഷ്ഠേ മഥനം യത്ര ജായതേ 9

കറുത്തവാവുന്നാൾ തൈരു കലക്കിയാൽ പശുക്കൾ നശിക്കും; പിതൃക്കൾ ആ തറവാടിനെ ശപിക്കുകയും ചെയ്യും. സംക്രാന്തിദിവസം തൈരു കലക്കുന്ന ശബ്ദം കേൾക്കുന്നതു പിതൃക്കൾക്കു വലിയ വേദനയാകുന്നു. അവർ ആ തറവാട്ടിലേക്കു കടക്കാതെ മടങ്ങിപ്പോകും. ശ്രാദ്ധമുള്ള ദിവസം തൈരു കലക്കിയാൽ അന്നവിടെ ദാനംചെയ്യുന്ന ഹവ്യകവ്യങ്ങളെ പിതൃക്കൾ കൈക്കൊള്ളുന്നതല്ല.

ന തത്ര കവ്യം പിതരോ ഹവ്യം നാദ്യശ്ച ദേവതാഃ
ആദ്യോ നിഷേധഃ സർവ്വേഷാം സമാനോത്ര തതോ ദ്വയം 10

ആദ്യം പറഞ്ഞതു (കറുത്ത വാവു ദിവസത്തേതു) മലയാളികൾക്കെല്ലാവർക്കും ഒരുപോലെ ബാധകമാണ്. പിന്നെത്തെ രണ്ടും (സംക്രാന്തിയും ശ്രാദ്ധവും) മലയാളബ്രാഹ്മണർക്കു മാത്രമാണെന്നാണ് ഭാർഗ്ഗവമതം.

ആശാസ്തേ ബ്രാഹ്മണസ്യൈവ മുനിഃ കേരളവാസിഷു
തതഃ പ്രക്ഷാള്യ പാത്രാണി ഗാം ദുഗ്ദ്ധ്വാഥ വിസൃജ്യ താഃ 11

സ്നായാദാവശ്യകഞ്ചാന്യൽ കുർവ്വീത തദനു സ്വയം
സമിൽകുസുമദർഭാദി സർവ്വം സമ്പാദ്യ സാധനം 12

ഹവ്യം കവ്യം തഥാന്നഞ്ച പചേദമലിനാംബരാ
നാർദ്രാംബരാ ന വിസ്രസ്തകേശാ സമ്യക്പ്രബുദ്ധധീഃ 13

അനന്തരം (തൈരുകലക്കിയതിന്നുശേഷം) പാത്രങ്ങൾ തേച്ചുമുക്കണം. പിന്നെയാണ് പശുക്കളെ കറക്കേണ്ടത്. അതിൽപിന്നെ ശൌചാദികളായ അവശ്യകാര്യങ്ങളെല്ലാം ചെയ്തു കുളിച്ചു ഭർത്താവിന്നു ഹോമപൂജാദികൾക്കുള്ള ദർഭ ചമത പുവ്വു മുതലായതെല്ലാം സമ്പാദിച്ചു ഹവ്യകവ്യങ്ങളെല്ലാം വെച്ചുണ്ടാക്കണം. മുഷിഞ്ഞതും ഈറനുമായ വസ്ത്രം ഉടുക്കുകയും തല കെട്ടഴിച്ചിടുകയുമരുത്. എല്ലാ കാര്യങ്ങളും ശ്രദ്ധയോടുകൂടി ചെയ്യണം. പരിശുദ്ധമനസ്സായിട്ടു ഭർത്താവിനേയും അഗ്നിയേയും പരിചരിക്കണം.

പ്രയതോപചരേദഗ്നിം ഭർത്താരഞ്ച സദോത്സുകാ
അഭുക്തവതി നൈവാദ്യാൽ ഭുഞ്ജാനേ വാ സ്വഭർത്തരി 14

ഏകസ്മിന്നേവ ഭുഞ്ജീത ഭാജനേ സതി സംഭവേ
പതിപ്രവണതാം ഹിത്വാ ന ക്ഷണം സ്ഥാതുമർഹതി 15

ഭർത്താവ് ഉണ്ണുന്നതിന്നു മുമ്പോ ഭർത്താവിന്നൊരുമിച്ചോ ഉണ്ണരുത്. പതി ഭർത്താവുണ്ട ഇലയിൽതന്നെ ഉണ്ണണം. ഭർത്താവിന്നനുകൂലയല്ലാതെ ഒരു മിനുട്ടുപോലും ഒരു കാര്യവും ചെയ്യരുത്.

പത്യുഃ പ്രതീപാൻ ന വദേദ്വാചാ വാചംയമം പതിം
വിലോക്യ തം ഭാഷേത ക്രുദ്ധേ സ്മേരമുഖീ ഭവേൽ 16

ശക്ത്യാ സർവ്വത്ര ദാക്ഷിണ്യമാതിഷ്ഠേദനസൂയയാ
സപത്നീഷു സഖീവൃത്തിമനുതിഷ്ഠേദനാരതം 17

ഭർത്താവിന്നു വിരോധമായി ഒരു വാക്കുപോലും പറയരുത്. വ്രതാർത്ഥമായി ഭർത്താവു മൌനമായിരിക്കുമ്പോൾ ഓരോന്നു ചെന്നു പറയരുത്. അവൻ ശുണ്ഠിയെടുത്താൽ പത്നി മന്ദസ്മിതത്തോടെ നില്ക്കണം. ഒരു കാര്യത്തിലും അസൂയ കൂടാതെ അവനവന്റെ ശക്തിക്കു തക്കവണ്ണം ഏതുകാര്യവും ഭംഗിയായി നടത്തണം. ഭർത്താവിന്നു വേറേയും ഭാര്യമാരു ണ്ടെങ്കിൽ അവരെ തന്റെ സഖികളെപ്പോലെ വിചാരിക്കണം. (പരദേശസ്ത്രീകൾക്കു സപത്നീമത്സരത്തിന്നു വളരെ സംഗതി വരില്ല ഇവിടുത്തെ കാര്യം അങ്ങിനെയല്ല. പെൺകൊടയ്ക്കുവേണ്ടിയും മറ്റും മിക്കതും രണ്ടും മൂന്നും വിവാഹം ചെയ്യുന്നതു സാധാരണയാണ്. സ്ത്രീകളോ പ്രായേണ വിവേകശൂന്യകളാണെന്നു പറയേണ്ടതില്ലല്ലൊ. ഗൃഹസ്ഥൻ എത്രതന്നെ സിദ്ധാന്തം കൂടാതെ പ്രവർത്തിച്ചാലും സ്ത്രീകൾ എപ്പോഴും കലഹത്തിന്നു കോപ്പു കൂട്ടിക്കൊണ്ടിരിക്കും. അതിനാൽ ഇവന്ന് ഏതുസമയവും സൈ്വരമില്ലാതായിത്തീരും. ആകപ്പാടെ അവസാനം ഇവരുടെ അടുക്കലേക്കു ചെല്ലുന്നതു വ്യാഘ്രികളുടെ ഗുഹയിലേക്കു ചെല്ലുന്ന മട്ടായിത്തീരും. അപ്പോഴാണ് ഇവന്റെ തൃതീയപുരുഷാർത്ഥ (കാമ) സിദ്ധിക്കായി അന്യജാതിസ്ത്രീകളിൽ മനസ്സുപോകുന്നത്. മലയാളബ്രാഹ്മണർ അന്യസ്ത്രീസക്തന്മാരായിത്തീരുവാനുള്ള കാരണം മിക്കതും ധർമ്മപത്നികളുടെ സപത്നീമത്സരമാണെന്നു കയ്യേറ്റു പറയാവുന്നതാണ്. നിരക്ഷരകുക്ഷികളായ ഇവർക്കു പുസ്തകദ്വാരേണ ഉപദേശിച്ചിട്ടു ഫലമുണ്ടെന്നും തോന്നുന്നില്ല).

തഥാ ഗുരൂണാം ശുശ്രൂഷാം കുര്യാന്നിത്യമതന്ദ്രിതാ
പുത്രാൻ ന ഭർത്സയേൽ ബാലാൻ പോഷയേച്ച ഹിതാശനൈഃ 18

സ്തന്യാശിനേ യഥാകാലം സ്തന്യം ദദ്യാൽ പ്രസന്നധീഃ
അന്നമന്നാശിനേ ദദ്യാച്ഛിശവേ ന ശപേൽ ക്രുധാ 19

അതുപോലെ തന്നെ യാതൊരു വീഴ്ചയുംകൂടാതെ ഭർത്താവിന്റെ അച്ഛനമ്മമാർ മുതലായവരെ നിത്യവും ശുശ്രൂഷിക്കണം. കുട്ടികളെ ശകാരിക്കരുത്. അവരോടു നല്ലവാക്കു പറയുകയും നല്ല വസ്തുക്കൾ ഭക്ഷിൾപ്പാൻ കൊടുക്കുകയും ചെയ്തു വളർത്തണം. മുലകുടിയുള്ള കുട്ടിക്കു സമയംതെറ്റാതെ മുല കൊടുക്കുകയും അവരുടെ ഭക്ഷണകാലത്തെ തെറ്റിക്കാതെ ഭക്ഷണം കൊടുക്കുകയും വേണം. ശുണ്ഠിയെടുത്ത് ഓരോ ശാപവാക്കുകൾ പറയരുത്. ('കുരുത്തം കെട്ടുപോ, പണ്ടാരടക്കട്ടെ' എന്നു മുതലായി ചില മാതാക്കന്മാർ എന്തെല്ലാം അസഭ്യവാക്കുകളാണ് കുട്ടികളോടു പറയുമാറുള്ളത്. ആ വകക്കാർ ഈ വിധി അറിഞ്ഞിരിക്കേണ്ടത് ആവശ്യമാകുന്നു). കുട്ടി വല്ല സംഗതിവശാലും നിലവിളിക്കുന്നതു കേട്ടാൽ അപ്പോൾ മറ്റൊരു കാര്യത്തിലും ശ്രദ്ധിച്ചു തിരിഞ്ഞുപോകാതെ ആ നിലവിളിക്കുള്ള കാരണമെന്തെന്നറിഞ്ഞു നിവൃത്തി ചെയ്യണം.

രുദന്തം സംപ്രതീക്ഷേത നോപേക്ഷേതാന്യദുത്സുകാ
അർച്ചയേദ്ദേവതാ നിത്യം ഭർത്തൃമുഖ്യാഃ ശുചിവ്രതാ 20

തീർത്ഥയാത്രാം ന കുർവ്വീത പതിവത്നീ കുലാംഗനാ
ഭർത്തുഃപാദോദകം തസ്യാസ്തീർത്ഥം നേതരദിഷ്യതേ 21

പതിവ്രതയായ സ്ത്രീ ഭർത്താവു മുതലായ ഈശ്വരവിഗ്രഹങ്ങളെ നിത്യവും പൂജിക്കണം. കുലസ്ത്രീ തീർത്ഥയാത്ര ചെയ്യരുത്. ഭർത്താവിന്റെ കാൽ കഴുകിയവെള്ളം അവൾക്കു ഗംഗാതീർത്ഥത്തോടു തുല്യമാകുന്നു. മറ്റൊരു തീർത്ഥം അവൾക്കാവശ്യമില്ല.

വിധവാപി ന തീർത്ഥായ സ്വസീമാനമതിവ്രജേൽ
സീമാ തു ദാക്ഷിണാത്യാനാം സിന്ധുഃ കുംഭവതീ മതാ 22

ഔത്തരാണാന്തു താമാഹുഃ സരിതം തു പയസ്വിനീം
സർവ്വേഷാമപി സഹ്യാദ്രിഃസീമേതി ത്രിവിധാ മതാ 23

വിധവയായ സ്ത്രീയും മലയാളത്തിന്റെ അതിരുവിട്ടു മറ്റൊരേടത്തു തീർത്ഥസ്നാനത്തിന്നു പോവരുത്. തെക്കേ മലയാളികൾക്കു കുംഭവതീനദിയും, വടക്കേ മലയാളികൾക്കു പയസ്വിനീനദിയും അതിരാകുന്നു. (ഈ നദികൾക്ക് ഇപ്പോൾ പേരെന്താണെന്നു വിവരമായിട്ടു പറവാൻ സാധിച്ചിട്ടില്ല). മലയാളികൾക്കെല്ലാം കിഴക്കേ അതിരു സഹ്യാദ്രിയാകുന്നു. (പശ്ചിമഘട്ടം, അല്ലെങ്കിൽ കല്ലടിക്കോടൻ എന്നു പറയുന്നതാകുന്നു സഹ്യാദ്രി). ഇങ്ങിനെ അതിരു മൂന്നായി പറയപ്പെട്ടിരിക്കുന്നു.

കേരളേഷു ന ചാന്യത്ര സീമ്നാ കാപി നിബന്ധനാ
തീർത്ഥശ്രാദ്ധം ന കുർവ്വീത ദ്വിജാനാമിഹ യോഷിതഃ 24

സ്നായാദംബുനി ഗംഗായാഃ കേരളേഷു നിളൈവ സാ
നദ്യാ രോധസി വാസ്തവ്യാ നദ്യാം സ്നായാത്തദിച്ഛയാ 25

മലയാളം ഒഴിച്ച മറ്റു രാജ്യങ്ങളിൽ ഇങ്ങിനെ അതിർത്തിനിയമമുണ്ടെന്നു തോന്നുന്നില്ല. മലയാളബ്രാഹ്മണസ്ത്രീകൾക്കു തീർത്ഥശ്രാദ്ധം ചെയ്യുവാൻ പാടില്ല. ബ്രാഹ്മണസ്ത്രീകൾക്കു ഗംഗയുടെ സ്ഥാനത്തു നിളാനദിയാകുന്നു. ('നിളായാ ഉത്തരേ തീരേ നാവാക്ഷേത്രം സുദുർല്ലഭം' എന്നു പരക്രോഡമാഹാത്മ്യത്തിൽ കാണുന്നതുകൊണ്ടു 'നിള' എന്നതു ഭാരതപ്പുഴ അല്ലെങ്കിൽ തിരുന്നാവായപ്പുഴ തന്നെയാണെന്നു തീർച്ചതന്നെ). മറ്റു നദികളുടെ വക്കത്തു താമസിക്കുന്നവർ അവരവരുടെ മനസ്സുപോലെ അതാതു നദികളിൽ സ്നാനം ചെയ്യുന്നതിന്നു വിരോധമില്ല.

ന ദൂരസ്ഥാം നദീം ഗച്ഛേന്ന വേദം ശൃണുയാദ്വധൂഃ
നത്യേക്ഷരാണി ഗൃഹ്ണീയാൽ ഗീതം നൃത്തഞ്ച വർജ്ജയേൽ 26

അതിദൂരത്തുള്ള നദിയിൽ സ്നാനത്തിന്നു പോകരുത്. സ്ത്രീകൾക്കു വേദോച്ചാരണം കേൾക്കാൻ പാടില്ല. ('സ്ത്രീശൂദ്രദ്വിജബന്ധൂനാം ത്രയീ ന ശ്രുതിഗോചരാ' എന്നു ഭാഗവതത്തിലും പറഞ്ഞിട്ടുണ്ട്). അധികമായ വിദ്യാഭ്യാസം ആവശ്യമില്ല. (കുറച്ചൊക്കെ ആവാമെന്നു സമ്മതമുള്ളതുതന്നെ ഭാഗ്യം). പാട്ടു പാടുകയും കളിക്കുകയുമരുത്

നാന്യം പുമാംസമീക്ഷേത സാദ്ധ്വീ ഗുപ്തൈവ നിസ്സരേൽ
വിനാ ദാസീം ന നിർഗ്ഗച്ഛേദച്ഛത്രാ ച കദാചന 27

ബ്രാഹ്മണസ്ത്രീകൾക്കു ഭർത്താവൊഴിച്ച മറ്റൊരു പുരുഷനെ കാണ്മാൻ പാടില്ല. അവർ പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ മറക്കുടയും ഉണയും വേണം. തക്ക സഹായികളുമുണ്ടായിരിക്കണം. രാത്രി ഏതായാലും വഴി നടക്കരുത്. ഉത്സവകാലങ്ങളിൽ അമ്പലത്തിൽ പോവരുത്.

ന രാത്രൌ സർവ്വഥാ ഗച്ഛേന്നോത്സവേ ദേവമന്ദിരം
ഇത്ഥം സംക്ഷേപതഃ പ്രോക്താഃ സ്ത്രീണാം ധർമ്മാ ബൃഹത്തമാഃ 28
യാൻ കാർത്സ്ന്യേന സമാസ്ഥായസ്ത്രീയോ യാന്തി പരാം ഗതിം

ഇങ്ങിനെ സ്ത്രീധർമ്മങ്ങൾ ഇവിടെ ചുരുക്കത്തിൽ വിവരിക്കപ്പെട്ടു. ഇതുപ്രകാരം നടക്കുന്ന സ്ത്രീകൾ പരമഗതിയെ പ്രാപിക്കും.

ഇതി ദ്വാദശസ്യാധ്യായസ്യ ദ്വിതീയഃ പാദഃ

അഥ തൃതീയഃ പാദഃ
അദ്ധ്യായം 12 പാദം 3

### രജസ്വലാ ധർമ്മങ്ങൾ

അഹന്യേവ ബഹിർഗ്ഗച്ഛേദൃതവാഗ്രജസി സ്രുതേ
അവർജ്ജ്യസ്പർശനാദന്യദസ്പൃഷ്ട്വൈവ ഗൃഹാദ്വധൂഃ 1

പകൽസമയം രജസ്സു സ്രവിച്ചാൽ (തീണ്ടായിരുന്നാൽ) തൽക്ഷണംതന്നെ ഒന്നും മിണ്ടാതെയും, തനിക്കു തൊടാമെന്നുള്ള വസ്തുക്കളൊഴിച്ച മറ്റൊന്നും തൊടാതെയും അകത്തുനിന്നു പുറത്തുപോയിരിക്കണം. ('അഹന്യേവ' എന്നു പറഞ്ഞതുകൊണ്ടു രാത്രിസമയമാണെങ്കിൽ പുറത്തേക്കുപോകേണ്ടതില്ലെന്നു സിദ്ധിക്കുന്നു. അപ്പോൾ അകത്തുതന്നെ ഒന്നും തൊടാതെ ഒരേടത്തിരുന്നാൽ മതി).

ന സ്പൃശേച്ച ഗൃഹം ക്വാപി പശ്ചാൽ സ്വസ്ഥാനമാശ്രയേൽ
ന ദന്തധാവനം കുര്യാന്നാഭ്യംഗം നാഞ്ജനം ദൃശോഃ 2

പുര തൊടരുത്. പിന്നെ അകത്തു രജസ്വലയ്ക്കിരിപ്പാനുള്ള സ്ഥലത്തു ചെന്നിരിക്കണം. പല്ലുതേക്കുകയും എണ്ണതേച്ചു കുളിക്കുകയും കണ്ണെഴുതുകയും ചെയ്യുവാൻ പാടില്ല.

ന കുര്യാൽ കസ്യചിൽ സ്പർശമാത്മോപകരണാദ്വിനാ
സ്വസന്താനാദ്വിനാപ്യേഷാ സ്തന്യപാനോപജീവനാൽ 3

തനിക്കുപയോഗിക്കേണ്ടതായ ജലപാത്രവും മറ്റുമൊഴിച്ച മറ്റൊന്നും തൊട്ടുകൂട. മുലകുടിയുള്ള തന്റെ കുട്ടിയെ ഒഴിച്ച മറ്റാരേയും തൊടരുത്.

തൃതീയേഹനി ന സ്നാനമുദക്യായാ വിധീയതേ
പ്രാപ്തൌ ഉപവസേത്തത്ര സ്നാത്വാകാര്യസ്യ കർമ്മണഃ 4

രജസ്വലയ്ക്ക മൂന്നാം ദിവസം ഏതായാലും കുളിപ്പാൻ പാടില്ല. കുളിച്ചു ചെയ്യേണ്ടതായ ഏതെങ്കിലും നൈമിത്തികകർമ്മങ്ങൾ ആ ദിവസം വന്നാൽ അന്നു ഭക്ഷണംതന്നെ ഉപേക്ഷിക്കണം. (താൻ ഊട്ടേണ്ടതായ ഒരു ശ്രാദ്ധം തീണ്ടായിരുന്നു മൂന്നാം ദിവസമാണെന്നു വന്നാൽ അന്നു കുളിപ്പാൻ പാടില്ലാത്തതുകൊണ്ടു ഭക്ഷണവും ഉപേക്ഷിക്കണം. പിറ്റേന്നേ കുളിച്ചു ശ്രാദ്ധം ഊട്ടിയതിന്നുശേഷം ഉണ്ണാം. എന്നാൽ ഈ ആചാരം പ്രായേണ വിധവകൾ ആചരിച്ചുവരുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. സുമംഗലികൾ ഉപവസിക്കാറുണ്ടോ എന്നു സംശയമാണ്)

സന്ധ്യായാം ന ബഹിസ്തിഷ്ഠേദ്ദീർഘം വർത്മ ന ലംഘയേൽ
അനാഹതം ന ബിഭൃയാദ്വാസോ മാല്യം ന ധാരയേൽ 5

സന്ധ്യാസമയങ്ങളിൽ വെളിയിൽ ചെന്നിരിക്കരുത്. ദൂരയാത്ര ചെയ്കയും ഇണപ്പുടവയുടുക്കുകയും പൂച്ചൂടുകയുമരുത്.

ന കാംസ്യഭാജനേശ്നീയാൽ പർണ്ണഭുക് ബ്രഹ്മചാരിണീ
ന്യവസേൽ ഭൂമിശയ്യാം ച ദിവാസ്വാപം പരിത്യജേൽ 6

ഓട്ടുപാത്രത്തിൽ (കിണ്ണത്തിൽ) ഉണ്ണരുത്. ഇലയിലാണ് ഉണ്ണേണ്ടത്. മൂന്നു ദിവസവും ബ്രഹ്മചര്യവ്രതത്തെ അനുഷ്ഠിക്കണം. വെറും നിലത്തു കിടക്കുകയും പകലുറങ്ങുകയുമരുത്.

യദി മാല്യം ബിഭർത്ത്യേഷാ ഖലതിർജ്ജായതേ സുതഃ
സുതാ വാഞ്ജനമക്ഷ്ണോശ്ചേജ്ജാത്യന്ധാവുദിതൌ ച തൌ 7

തീണ്ടായിരിക്കുമ്പോൾ പൂച്ചൂടിയാൽ അവളിലുണ്ടാകുന്ന പുത്രനും പുത്രിയും കഷണ്ടിക്കാരായിത്തീരും. കണ്ണെഴുതിയാൽ പുത്രന്മാർ ജാത്യന്ധന്മാരായിത്തീരും.

തൌ തു ശ്വിത്രയുതൌ ലിംപത്യംഗാനി യദി പുഷ്പിണീ
കരോതി യദി സാഭ്യംഗം തൌ ജായേതാം ഹതപ്രഭൌ 8

ചന്ദനം മുതലായതു കുറിയിട്ടാൽ പുത്രന്മാർ ശ്വിത്രരോഗമുള്ളവരായും, തേച്ചുകുളിച്ചാൽ ശോഭയില്ലാത്തവരായും തീരും.

കരോതി യദി തുദക്യാ ദന്തധാവനമാപ്ലവാൽ
പ്രാഗ് ജായതേ തതഃശ്യാവദന്തൌ തൌ ദന്തരോഗിണൌ 9

യദ്വോച്ചാവചദന്തൌ ച സന്ധ്യായാം ചേൽ ബഹിഃസ്ഥിതിം
ഭജതോപസ്മൃതിഗ്രസ്തൌ ലംഘയത്യയനം യദി 10

ഖഞ്ജാവനാഹതം വാസോ ബിഭർത്തി യദി കുഷ്ഠിനൌ
അശ്നാതി കാംസ്യപാത്രേ ചേൽ ഭിക്ഷാചാര്യോപജീവിനൌ 11

(നാലാം ദിവസം) കുളിക്കുന്നതിന്നു മുമ്പു പല്ലു തേച്ചാൽ പുത്രന്മാർ കരുവാളിച്ച പല്ലുള്ളവരോ ദന്തരോഗികളോ കൊന്തറമ്പല്ലുള്ളവരോ ആയിത്തീരും. സന്ധ്യാസമയം പുറത്തിരുന്നാൽ കുട്ടികൾ അപസ്മാരബാധിതന്മാരും, വഴിനടന്നാൽ മുടന്തന്മാരും, ഇണപ്പുടവയുടുത്താൽ കുഷ്ഠരോഗികളും, ഓട്ടുപാത്രത്തിലുണ്ടാൽ ഭിക്ഷയെടുത്തുപജീവനം കഴിക്കുന്നവരുമായിത്തീരും.

ബ്രഹ്മവർച്ചസസംയുക്തൌ പർണ്ണഭുഗ്യദി പുഷ്പിണീ
അഥ പർണ്ണഭുഗപ്യേഷാ പാലാശം പരിവർജ്ജയേൽ 12

തീണ്ടായിരിക്കുന്നവൾ ഇലയിലുണ്ടാൽ കുട്ടികൾ ബ്രഹ്മതേജസ്സുള്ളവരാകും. എന്നാൽ പ്ലാശ് അരയാൽ പേരാൽ ഇവയുടെ ഇലയിൽ ഉണ്ണുന്നതു നിഷിദ്ധവുമാകുന്നു.

പത്രം പിപ്പലസംഭൂതം നൈയഗ്രോധമഥാപി വാ
ചതുർത്ഥേഹനി തു സ്നായാദാദിത്യോദയതഃ പരം 13

സ്നാനാംബരം വസാനൈവ ദത്തം രജകയോഷിതാ
നിവൃത്തവൃഷലീകർമ്മാ സുസ്നാതാ ച ദ്വിജാംഗനാ 14

നാലാം ദിവസം ആദിത്യൻ ഉദിച്ചതിന്നുശേഷമാണ് കുളിക്കേണ്ടത്. ('പുഷ്പോത്ഭേദദിനാൽ തൃതീയകനിശായാസ്തുന്ത്യവേദാംശകേപ്യാപ്ലാവം വിതനോതു വാ കുസുമിതേത്യാഹുർബ്ബുധാഃ കേചന' എന്നു ദീപകത്തിൽ പറഞ്ഞു കാണുന്നതുകൊണ്ടു ചിലരുടെ പക്ഷത്തിൽ, മൂന്നാം ദിവസത്തെ രാത്രിയുടെ നാലാമത്തെ അംശത്തിൽ - നാലാം ദിവസം ഉദയത്തിന്ന് ഏഴരനാഴിക മുമ്പെ – കുളിക്കാമെന്നുണ്ടെന്നു കാണുന്നു. ഇതു ചില പ്രത്യേകാവശ്യങ്ങളിൽ നടന്നുകാണുന്നതുമുണ്ട്). മണ്ണാത്തിയുടെ മാറ്റുടുത്തതിന്നുശേഷം പര്യപ്പെട്ടവൾ കുളിപ്പിക്കണം. വീണ്ടും മുങ്ങിക്കുളിച്ചാൽ അന്നു ചെയ്യേണ്ടതായ ശ്രാദ്ധാദികർമ്മങ്ങൾക്കെല്ലാം അവൾ അർഹയാകുന്നു.

നിത്യകർമ്മണി സംശുദ്ധിം ലഭതേ നാത്ര സംശയഃ
അഥാദ്വിജമഹേളാ ചേൽ സുസ്നാനേനൈവ ശുദ്ധ്യതി 15

ദ്വിജാഭാസവധൂടീനാം ദ്വിജസ്ത്രീവച്ച ദൃശ്യതേ
സ്നാനേ പ്രായശ ആചാരസ്തമേവാത്ര പ്രമാണയേൽ 16

ബ്രാഹ്മണസ്ത്രീകൾക്കുമാത്രമേ പര്യപ്പെട്ടവർ കുളിപ്പിക്കേണമെന്നുള്ള നിശ്ചയമുള്ളു. മറ്റുള്ള സ്ത്രീകൾ മാറ്റുടുത്തു കുളിച്ചാൽ മതി. ദ്വിജാഭാസന്മാരുടെ (മൂത്തത്, ഇളയതു മുതലായവരുടെ) സ്ത്രീകൾക്കും ഈവക കുളികളിലും മറ്റും പര്യപ്പെട്ടവർ കുളിപ്പിക്കുക മുതലായ ആചാരം കാണ്മാനുണ്ട്. അതിനാൽ അവിടങ്ങളിലൊക്കെ പൂർവ്വാചാരത്തെത്തന്നെ പ്രമാണമാക്കി നടന്നുകൊള്ളണം.

സർവ്വാ സ്നാതാ ചതുർത്ഥേഹനി സ്പർശയോഗ്യാ യഥാവിധി
മാഹാനസികകൃത്യേ ച കുലസ്ത്രീ വിഹിതാപ്ലവാ 17

കുലസ്ത്രീകൾക്കു നാലാം ദിവസം കുളിച്ചാൽ അടുക്കളപ്പണി മുതലായതു ചെയ്യാം.

ഭർത്തുരേവ മുഖം പശ്യേദൃതുസ്നാതാഗതാംഗനാ
അനിച്ഛയാപി വീക്ഷേത നാന്യസ്യ വദനം സതീ 18

ഋതുസ്നാനം ചെയ്തു വന്നാൽ ഒന്നാമതായി ഭർത്താവിന്റെ മുഖത്തു നോക്കണം. പാതിവ്രത്യമുള്ളവൾ മനമല്ലാമനസ്സോടുകൂടിപ്പോലും മറ്റൊരു പുരുഷനെ നോക്കരുത്.

ഏതേ രജസ്വലാധർമ്മാ ഭാർഗ്ഗവേണ നിദർശിതാഃ
പ്രധാനാഃ കഥിതാസ്സർവ്വേ നോക്താ വിസ്തരതോ ഭയാൽ 19

ഇങ്ങനെ ഭാർഗ്ഗവമതപ്രകാരം രജസ്വലാധർമ്മങ്ങൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ടു. ഗ്രന്ഥവിസ്താരത്തെ ഭയപ്പെട്ടു മുഴുവനും വിസ്തരിച്ചു പറയപ്പെട്ടിട്ടില്ല.

ഇതി ദ്വാദശസ്യായദ്ധ്യായയസ്യ തൃതീയഃ പാദഃ

അഥ ചതുർത്ഥഃ പാദഃ

അദ്ധ്യായം 12 പാദം 3

## 64 അനാചാരങ്ങൾ

അഥാതോനുപ്രവക്ഷ്യാമി നൃണാം കേരളവാസിനാം
അനാചാരാൻ സമാസേന ഭാർഗ്ഗവേണ പ്രദർശിതാൻ 1

അനന്തരം ഭാർഗ്ഗവനാൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന മലയാളികളുടെ അനാചാരങ്ങളെ ചുരുക്കത്തിൽ ഇവിടെ വിവരിക്കുന്നു.

അന്യത്രാചരണാഭാവാദനാചാരാൻ ഭൃഗൂദ്വഹഃ
യാനാചഷ്ട ചതുഃഷഷ്ടിമാഖ്യാസ്യേ തത്ര താനപി 2

പരദേശങ്ങളിൽ ആചരിച്ചുവരാത്തതുകൊണ്ടാകുന്നു അവയ്ക്ക് അനാചാരങ്ങൾ എന്നു പേർ വന്നതെന്നാണ് ഭാർഗ്ഗവസ്മൃതിയിൽ പറയുന്നത്. അവ 64 ആകുന്നു.

വർജ്ജയേദ്ദന്തകാഷ്ഠാനിത്യസ്നാനേ സചേലതാം
സ്നാനവസ്ത്രേണാംഗമാർഷ്ടിം സന്ധ്യാപ്രാങ്ങജ്ജനം തഥാ 3

കോലുകൊണ്ടു പല്ലുതേക്കരുത്. നിത്യസ്നാനസമയത്ത് ഉടുത്ത വസ്ത്രത്തോടെ ഇറങ്ങി മുങ്ങരുത്. കുളിക്കുവാൻ വരുമ്പോൾ ഉടുത്തുവന്ന മുണ്ടുകൊണ്ടു മേൽ തോർത്തരുത്. സന്ധ്യയ്ക്കുമുമ്പെ കുളിക്കരുത്. ('യദാ പൂർവ്വദിഗാഭാതി സർവ്വാഭ്യോ ദിഗ്ഭ്യ ആദിതഃ। തദാ പ്രഭൃതി സാ സന്ധ്യാ യാവദഭ്യുദയം രവേഃ' എന്നാണ് സന്ധ്യാനിർണ്ണയത്തിന്നു പ്രമാണം).

പചനാദികമസ്നാത്വാ ചൈകരാത്രോഷിതം ജലം
സ്നാനാദൌ ഫലസങ്കല്പം പാത്രോച്ഛിഷ്ടസ്ഥിതോദകം 4

ചോറു മുതലായ ഭക്ഷണസാധനങ്ങൾ പാകം ചെയ്യുവാൻ കുളിച്ചിട്ടു വേണം. തലേന്നു രാത്രി കോരിവച്ച വെള്ളം പിറ്റേദിവസത്തെ ആവശ്യത്തിന്നെടുക്കരുത്. സ്നാനം ജപം മുതലായതു ചെയ്യുമ്പോൾ ഫലത്തെ ഇച്ഛിച്ചുകൂടാ. ശൌചാചമനാദ്യാവശ്യങ്ങൾക്കുവേണ്ടി ഒരു പാത്രത്തിൽ വെള്ളമെടുത്താൽ ആ ആവശ്യം കഴിഞ്ഞു പാത്രത്തിൽ ശേഷിക്കുന്ന വെള്ളം മറ്റൊരാവശ്യത്തിന്നുപയോഗിച്ചു കൂടാ.

ശൂദ്രാദിസ്പർശനേ സ്നാനം കുര്യുശ്ശുദ്ധിമഭീപ്സവഃ
അന്ത്യജാനാം സന്നികർഷേ ചാപി മജ്ജനമാചരേൽ 5

ശുദ്ധിയെ ആഗ്രഹിക്കുന്ന ബ്രാഹ്മണാദിജാതികൾ തന്നിൽ താണ ശൂദ്രാദികളെ തൊട്ടാൽ കുളിക്കണം. തീണ്ടിയാൽ കുളിയുള്ള ജാതിക്കാരെ അടുത്താലും കുളിക്കണം.

സ്പർശനേ ചാന്ത്യജസ്പൃഷ്ടകൂപവാപീസ്ഥവാരിണഃ
സമ്മാർജ്ജിതക്ഷിതൌ പാദന്യാസേ ച പ്രോക്ഷണാദൃതേ 6

താണ ജാതിക്കാർ തൊട്ട കുളം കിണറു മുതലായതു തൊട്ടാലും, ചൂലുകൊണ്ടടിച്ച ദിക്കിൽ തളിക്കുന്നതിന്നു മുമ്പായി ചവിട്ടിയാലും കുളിക്കണം.

ഊർദ്ധ്വപുണ്ഡ്രേ ത്രിപുണ്ഡ്രം ച കുര്യാച്ഛുദ്ധേന ഭസ്മനാ
സർവ്വേഷാം കർമ്മണാം മന്ത്രം സ്വയമേവോച്ചരേദ്ദ്വിജഃ 7

നെറ്റിയിൽ കുറിയിടുമ്പോൾ ആദ്യം മേൽപട്ടു മൂന്നു രേഖയും പിന്നെ വിലങ്ങത്തിൽ മൂന്നു രേഖയുമായി കുറിയിടണം. ഇതു ഭസ്മം കൊണ്ടാണ് വേണ്ടത്. ബ്രാഹ്മണൻ താൻ ചെയ്യേണ്ടതായ ഏതു കർമ്മങ്ങൾക്കും മന്ത്രം തന്നെത്താൻ ഉച്ചരിക്കണം.

അന്നം പര്യുഷിതം പ്രായോ വ്യഞ്ജനഞ്ച തഥാവിധം
ശിശൂച്ഛിഷ്ടഞ്ച നൈവേദ്യം ശിവസ്യ ച വിവർജ്ജയേൽ 8

തലേദിവസത്തെ ചോറും കറികളും പിറ്റേ ദിവസത്തേക്കെടുക്കരുത്. കുട്ടികളുടെ എച്ചിൽ ഭക്ഷിക്കരുത്. (ഉത്തമബ്രാഹ്മണർക്കു) ശിവനിർമ്മാല്യം ഭക്ഷിപ്പാൻ പാടില്ല.

ഹസ്തദത്തം ഘൃതം ശാകം വിനാ ദർവ്യാ ന ഭക്ഷയേൽ
മഹിഷീഘൃതദുഗ്ധാദി ഹവ്യേ കവ്യേപി ച ത്യജേൽ 9

ചട്ടുകം കയ്യിൽ മുതലായതുകൊണ്ടല്ലാതെ കൈകൊണ്ടു വിളമ്പിയ നെയ്യ് ഇലക്കറി മുതലായതൊന്നും ഭക്ഷിക്കരുത്. ഹവ്യത്തിന്നും കവ്യത്തിന്നും എരുമയുടെ പാൽ നെയ്യു മുതലായവ ഉപയോഗിച്ചു കൂടാ.

ഭുഞ്ജീത കബളീകൃത്യ നോച്ഛിഷ്ടഞ്ച യഥാ ഭവേൽ
അശുചിർന്നൈവ താംബൂലഭക്ഷണാദികമാചരേൽ 10

ചോറ് ഉരുളയാക്കി ഉരുട്ടി ഉണ്ണണം. അതുതന്നെ ഇലയിൽ ബാക്കിയാക്കി ശേഷിച്ചിടരുത്. അശുദ്ധമായ സമയങ്ങളിൽ വെറ്റിലമുറുക്കുക മുതലായതു ചെയ്യുവാൻ പാടില്ല.

ബ്രഹ്മചര്യാശ്രമേ നിഷ്ഠാം വ്രതാനാം കരണം തഥാ
ദക്ഷിണാം ച ഗുരോഃ കുര്യാദ്വീഥ്യാമധ്യയനഞ്ചു ന 11

ബ്രഹ്മചര്യാശ്രമത്തിൽ വിധിച്ചിരിക്കുന്ന നിഷ്ഠയെ അനുസരിക്കുകയും വ്രതങ്ങൾ അനുഷ്ഠിക്കുകയും വേണം. വേദാധ്യയനം കഴിഞ്ഞാൽ ഗുരുവിന്നു ദക്ഷിണ ചെയ്യണം. തെരുവിൽകൂടി വേദം ചൊല്ലി നടക്കരുത്.

ക്രിയാഃ ഷോഡശ കുർവ്വീത യഥാകാലം യഥാവിധി
കന്യാവിക്രയണം നൈവ കുര്യാൽ കാമ്യവ്രതാനി ച 12

അതാതിന്നു വിധിച്ച കാലങ്ങളിൽ വിധിപ്രകാരം ഷോഡശക്രിയകൾ ചെയ്യണം. കന്യയെ വിൽക്കുകയും കാമ്യവ്രതങ്ങൾ അനുഷ്ഠിക്കുകയും ചെയ്യരുത്.

രജസ്വലായാഃ സ്പർശ്ശേ തു സ്ത്രീയഃ സ്നാത്വൈവ ഭോജനം
തന്തുവായസ്യ രജകസ്യാപി കർമ്മ വിവർജ്ജയേൽ 13

രജസ്വലയെ തൊട്ടാൽ മറ്റ സ്ത്രീകൾക്കു കുളിച്ചല്ലാതെ ഭക്ഷണം കഴിപ്പാൻ പാടില്ല. ബ്രാഹ്മണൻ നൂൽ നൂൽക്കുകയും അലക്കുകയുമരുത്.

ക്ഷത്രാദീനാം ന കർത്തവ്യം രുദ്രാക്ഷാദൌ ശിവാർച്ചനം
ബ്രാഹ്മണോ നൈവ കുർവ്വീത ശൂദ്രശ്രാദ്ധപ്രതിഗ്രഹം 14

ക്ഷത്രിയാദികൾക്കു രുദ്രാക്ഷം മുതലായതിൽ ശിവപൂജ ചെയ്യുവാൻ പാടില്ല. ബ്രാഹ്മണന്നു ശൂദ്രന്റെ ശ്രാദ്ധം (ശ്രാദ്ധദക്ഷിണ) സ്വീകരിപ്പാൻ പാടില്ല.

കുര്യാൽ പിതാമഹശ്രാദ്ധം ശ്രാദ്ധം മാതാമഹസ്യ ച
തൽപത്ന്യോരപി ദർശ്ശേ ച ശ്രാദ്ധം വിധിവദാചരേൽ 15

ഇല്ലത്തു മുത്തച്ഛന്റേയും ഇല്ലത്തു മുത്തശ്ശിയുടേയും അമ്മാത്തു മുത്തച്ഛന്റേയും അമ്മാത്തു മുത്തശ്ശിയുടേയും ശ്രാദ്ധം ഊട്ടണം. അമാവാസിദിവസം ബഹുദ്ദിഷ്ടശ്രാദ്ധത്തേയും വിധിപോലെ ചെയ്യണം.

പിത്രോസ്സംവത്സരസ്യാന്തേ സപിണ്ഡീകരണം തഥാ
താവദ്ദീക്ഷാ ച കർത്തവ്യാ ശ്രാദ്ധമൃക്ഷപ്രമാണതഃ 16

അച്ഛനും അമ്മയും മരിച്ചാൽ ഒരു കൊല്ലം ദീക്ഷിച്ചു ദീക്ഷാവസാനത്തിങ്കൽ സപിണ്ഡി ചെയ്യണം. മരിച്ച നാൾ പ്രമാണിച്ചിട്ടാകുന്നു ശ്രാദ്ധം ഊട്ടേണ്ടത്.

അന്യസ്യ പുത്രതാം യാതഃ സ്വപിത്രോഃ ശ്രാദ്ധമാചരേൽ
സ്വഭൂമൌ ശവദാഹസ്തു കർത്തവ്യോ നേതരത്ര തു 17

മറ്റൊരു തറവാട്ടിലേക്കു ദത്തെടുത്തു പോയാലും സ്വന്തം അച്ഛനമ്മമാരുടെ ശ്രാദ്ധം ഊട്ടണം. ശവസംസ്കാരം ചെയ്യുന്നതു സ്വന്തം വളപ്പിൽതന്നെ വേണം. മറ്റൊരേടത്തു പാടില്ല.

സ്ത്രീദർശ്ശനം ന കർത്തവ്യം സന്യാസാശ്രമവർത്തിഭിഃ
മൃതേഷു തേഷു ന ശ്രാദ്ധം കുര്യാദുദ്ദിശ്യ താൻ ക്വചിൽ 18

സന്യാസാശ്രമം സ്വീകരിച്ചവർക്കു സ്ത്രീകളെ കാണ്മാൻ പാടില്ല. സന്യാസിമാർ മരിച്ചാൽ അവരെ ഉദ്ദേശിച്ചു ശ്രാദ്ധം ഊട്ടേണ്ടതില്ല. (ക്വചിൽ എന്നു പറഞ്ഞതുകൊണ്ടു ക്ഷേത്രപിണ്ഡം മുതലായതുംകൂടി വേണ്ടെന്നു സിദ്ധമായി).

വിപ്രസ്ത്രീയോ ന ദ്രഷ്ടവ്യാഃ പുംഭിരന്യൈഃ പതിം വിനാ
ഗൃഹാൽ ബഹിർന്ന ഗന്തവ്യം താഭിർദ്ദാസീം വിനാ ക്വചിൽ 19

ബ്രാഹ്മണസ്ത്രീകളെ ഭർത്താവൊഴിച്ചു മറ്റൊരു പുരുഷനും കാണ്മാൻ പാടില്ല. (ബ്രാഹ്മണസ്ത്രീകൾക്കു ഭർത്താവൊഴിച്ചു മറ്റൊരു പുരുഷനെ കാണ്മാൻ പാടില്ലെന്നും അർത്ഥാൽ സിദ്ധമായി). അന്തർജ്ജനങ്ങൾ പുറത്തിറങ്ങേണമെങ്കിൽ ദാസി ഒന്നിച്ചു വേണം.

വസ്ത്രം ശ്വേതേതരം തസ്യാ നാസാവേധശ്ച നേഷ്യതേ
സുരാപാനാനന്യവിപ്രസ്ത്രീസംഗമാദ്യൈഃ പതേദ്ദ്വിജഃ 20

അവർക്കു വെളുത്ത വസ്ത്രമേ ഉടുക്കാവൂ. മൂക്കു കുത്തരുത്. മദ്യപാനം അന്യബ്രാഹ്മണപത്നീഗമനം ഇവകൊണ്ടു ബ്രാഹ്മണൻ ഭ്രഷ്ടനായിപ്പോകും.

ദേവാലയേഷു പ്രേതാനാം പ്രതിഷ്ഠാം നൈവ കാരയേൽ
ശൂദ്രാദിസ്പർശ്ശനം ദേവപ്രതിമാസു വിവർജ്ജയേൽ 21

അമ്പലങ്ങളിൽ പ്രേതപ്രതിഷ്ഠ ചെയ്യരുത്. വിഗ്രഹങ്ങൾ ശൂദ്രാദികൾക്കു തൊട്ടുകൂട.

നിവേദിതാന്നമന്യസ്മൈ ദേവായ ന നിവേദയേൽ
അഹവിഷ്യഞ്ച ദേവാനാം വിവാഹാദി ന കാരയേൽ 22

ഒരു ദേവന്നു നിവേദിച്ച നിവേദ്യം മറ്റൊരു ദേവന്നു നിവേദിപ്പാൻ പാടില്ല. വിവാഹം മുതലായ ക്രിയകളെല്ലാം ഹോമപൂർവ്വകമാകുന്നു.

ആശീർവ്വാദോ ന കർത്തവ്യോ നമസ്കാരഞ്ച ഭൂസുരൈഃ
വാർഷികീ പശുഹിംസാ തു ന കാര്യാ മോക്ഷകാമിഭിഃ 23

ബ്രാഹ്മണർ അന്യോന്യം ആശീർവ്വാദം ചെയ്കയും നമസ്കരിക്കുകയും ചെയ്യരുത്. കൊല്ലം തോറും പശുമേധം ചെയ്യുന്നതു മോക്ഷത്തിന്നു തടസ്ഥമാകുന്നു.

ശൈവവൈഷ്ണവതന്ത്രോക്തമതാദന്യത്തു വർജ്ജയേൽ
ഏകയജ്ഞോപവീതി സ്യാജ്ജ്യേഷ്ഠഭ്രാതാ ഗൃഹീ ഭവേൽ 24

ശൈവമോ വൈഷ്ണവമോ അല്ലാതെ ശാക്തേയം മുതലായ മതങ്ങൾ സ്വീകരിപ്പാൻ പാടില്ല. ഒരു പൂണുനൂലേ ധരിക്കാവൂ. ജ്യേഷ്ഠഭ്രാതാവു ഗൃഹസ്ഥാശ്രമം സ്വീകരിക്കണം.

കുര്യുഃ ക്ഷത്രാദയഃ ശ്രാദ്ധം മാതുലസ്യ യഥാവിധി
ദായാദാ ഭാഗിനേയാഃ സ്യുസ്തേഷാം നൈവ തു സൂനവഃ 25

ക്ഷത്രിയർ മുതലായവർ അമ്മാമന്റെ ശ്രാദ്ധം വിധിപ്രകാരം ഊട്ടണം. അവരിൽ (മരുമക്കത്തായക്കാരിൽ) മുതലവകാശം മരുമക്കൾക്കാകുന്നു; മക്കൾക്കല്ല.

അബ്രാഹ്മണോ ന സന്യാസം കുര്യാൽ പത്യൗ മൃതേ വധൂഃ
നൈവ കുര്യാത്സഹമൃതിം പാതിവ്രത്യേപി നിശ്ചിതേ 26

ബ്രാഹ്മണേതരന്മാർക്കു സന്യാസാശ്രമം സ്വീകരിപ്പാൻ പാടില്ല. ബ്രാഹ്മണസ്ത്രീകൾക്കു പാതിവ്രത്യം ദൃഢമായി വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭർത്താവു മരിച്ചാൽ ഉടന്തടി ചാടുന്ന പതിവ് ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഏതാവന്തോ ഹ്യനാചാരാഃ പ്രാധാന്യപരിചിന്തയാ
ഭാർഗ്ഗവേണ സമാമ്നാതാ യേ ചാന്യേ കിഞ്ചിദൂനതാം 27

ഭാർഗ്ഗവൻ പ്രധാനമായി പറഞ്ഞിരിക്കുന്ന അനാചാരങ്ങൾ ഇവയാകുന്നു. ഇതിലും പ്രാധാന്യം കുറഞ്ഞതായി അനേകം അനാചാരങ്ങൾ ഭാർഗ്ഗവസ്മൃതിയിൽ പറയപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല. (അനാചാരങ്ങൾ എന്നു പറയുന്നതിന്നു മലയാളത്തിലെ വിശേഷാചാരങ്ങൾ എന്നേ അർത്ഥമുള്ളു. പരദേശങ്ങളിൽ ആചരിച്ചു വരാറില്ലാത്തതിനാൽ അവരായിരിക്കണം ഇതിന്ന് അനാചാരങ്ങൾ എന്നു പേരിട്ടത്. 'കേരളാചാരം' എന്നു പേരായി ഇവിടെ അച്ചടിച്ചിട്ടുള്ള പുസ്തകത്തിൽ ഈവക ആചാരങ്ങളുടെ വിവരണം സ്പഷ്ടമായി പറഞ്ഞിട്ടുള്ളതുകൊണ്ട് ഈ ശ്ലോകങ്ങളുടെ വ്യാഖ്യാനം ചുരുക്കിയതാകുന്നു).

ഭജന്തസ്തേ ന ചാഖ്യാതാശ്ശതഞ്ചൈവ സഹസ്രകം
ഔർദ്ധ്വദൈഹികകർമ്മാണി ശാവാശൌചഞ്ച സൂതകം 28

പ്രകീർണ്ണസംഗ്രഹഞ്ചാത ആഖ്യാസ്യേ ഭാഗ ഉത്തരേ

മരിച്ചവർക്കുവേണ്ടി ചെയ്യേണ്ടുന്ന ശ്രാദ്ധാദികർമ്മങ്ങൾ, മരിച്ച പുല പെറ്റ പുല ഇവയുടെ വിവരണം, മറ്റു പ്രകീർണ്ണങ്ങളായ ആചാരങ്ങളുടെ സംഗ്രഹം ഇവയെല്ലാം ഉത്തരഖണ്ഡത്തിൽ വിവരിക്കുന്നതാകുന്നു.

ഇതി ശാംകരേ ധർമ്മശാസ്ത്രേ ലഘുധർമ്മപ്രകാശികായാം ദ്വാദശസ്യാധ്യായസ്യ ചതുർത്ഥഃ പാദഃ
ദ്വാദശാദ്ധ്യായഃ സമാപ്തഃ
പൂർവ്വഭാഗഃ സംപൂർണ്ണഃ

ഓം തത്സത് ബ്രഹ്മാർപ്പണമസ്തു

**സമർപ്പണം**

സമർപ്പ്യതേ സകലചരാചരാനതേ
മഹത്തരേ മുനിജനഹൃൽ സുശോഭിതേ
പദാംബുജേ പരമശിവസ്യ ശൈലജാ-
വിലോചനഭ്രമരകിശോരനന്ദിതേ

---